A DIVINE GUIDE
FOR ALL NATIONS.

AN INTERESTING CONVERSATION

BETWEEN

A CHRISTIAN PANDIT

AND

A HINDU MAGISTRATE

(First Edition 2,000 Copies.)

സൎവ്വജനങ്ങൾക്കായുമുള്ള

ദിവ്യവഴികാട്ടി.

ഒരു ക്രിസ്തീയ പണ്ഡിതനും ഒരു ഹിന്തു മജിസ്ത്രേട്ടും

തമ്മിലുള്ള

പ്രമോദകരമായ ഒരു സംഭാഷണം.

"സത്യത്തെ വാങ്ങുക, അതിനെ വില്ക്കരുതു."

"സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും."

MALAYALAM RELIGIOUS TRACT SOCIETY.

KOTTAYAM.

1906.

Price 4 Annas.] [വില ൪ അണ.

五之下

A DIVINE GUIDE

FOR ALL NATIONS.

AN INTERESTING CONVERSATION

BETWEEN

A CHRISTIAN PANDIT

AND

A HINDU MAGISTRATE

സർവ്വജനങ്ങൾക്കായുമുള്ള

ദി വ്യ വ ഴി കാ ട്ടി.

ഒരു ക്രിസ്തീയ പണ്ഡിതനും ഒരു ഹിന്തു മജിസ്ത്രേട്ടും

തമ്മിലുള്ള

പ്രമോദകരമായ ഒരു സംഭാഷണം.

"സത്യത്തെ വാങ്ങുക, അതിനെ വില്ക്കരുതു."
"സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും."

MALAYALAM RELIGIOUS TRACT SOCIETY.
KOTTAYAM.

1906.

KOTTAYAM:

PRINTED AT THE C. M. S. PRESS.

1906.

മുഖവുര.

പ്രിയ വായനക്കാരാ,

കുറെ വഷം മുമ്പെ, ഇന്ത്യ രാജ്യത്തോട്ട വളരെ ഇഷ്ടനായ ഒരു ദൈവഭൃത്യൻ ഈ മഹാരാജ്യത്തെ സന്ദശിക്കയുണ്ടായി. അവൻ ഒരു സമത്ഥനും വിദ്വാനും ആയിരുന്നതിനാൽ രാജ്യസന്ദശന സഞ്ചാരത്തിൽ താൻ കേൾക്കയും കാണുകയും ചെയ്ത എല്ലാ കായ്യങ്ങളിന്മേലും തന്റെ ദൃഷ്ടിയെ ശ്രദ്ധാപൂവ്വം പതിച്ചിരുന്നു. ഈ മനോഹരമായ രാജ്യത്തിന്റെ പല ഭാഗങ്ങളിലും താൻ സഞ്ചരിച്ചു, അതിലുള്ള സ്വദേശികളുടെ വിദ്യാഭ്യാസ വദ്ധനവിനെയും, ആത്മ കായ്യങ്ങളിൽ വ്യസനകരമായി കണ്ട നിശ്ചിന്താഭാവങ്ങളെയും പറ്റി ആലോചിച്ച ശേഷം, അദ്ദേഹം പറയുന്നതു: "ബുദ്ധമത പുരോഹിതന്മാർ അമേറിക്കയിലെ അവിശ്വാസിയായ ഇങ്കർസോൽ (**Ingersole**) എന്നവന്റെ ട്രാക്കുകളെ താല്പയ്യമായി തജ്ജമചെയ്തു, ക്രിസ്തീയോപദേശങ്ങളോട്ട എതിപ്പാൻ ശ്രമിക്കുന്നു. മദ്രാസ് സവ്വകലാശാലയിലെ വിദ്യാത്ഥികളിൽ ഒരുത്തൻ പോലും, അവിശ്വാസികളാൽ രചിക്കപ്പെട്ടുന്ന ദൂഷ്യകരമായ കൃതികളെ കെട്ടുകളായി വാങ്ങി സമ്പാദിക്കാതെ സവ്വകലാശാല വിട്ടുപോകുന്നില്ല. ഇന്ത്യയുടെ ശക്തിയേറിയ പുരാതന മതം, അതിന്റെ വിദ്യാഭ്യാസം വദ്ധിക്കുന്തോറും അധോഗതിയെ പ്രാപിക്കുന്നു. ഈ ഇരുപതാം ശതാബ്ദത്തിൽ നടത്തുവാനുള്ള മഹാ യുദ്ധം ദൈവികമായ സത്യവിശ്വാസത്തിന്നു കെട്ടമതി ചെയ്യുന്ന ഭയങ്കരമേറിയ വിശ്വാസ ത്യാഗത്തോടല്ലാതെ മറ്റൊന്നിനോടും അല്ല" എന്നത്രെ. അതേ, കത്താവും തന്റെ അപ്പോസ്തലന്മാരും സ്പഷ്ടമായി പ്രവചിച്ചിരിക്കുന്ന "ദുഘ്ഘട സമയങ്ങൾ" എന്നു ഏതിനെ സംബന്ധിച്ചു പറഞ്ഞിരിക്കുന്നുവോ ആ കാലങ്ങളിൽ തന്നേയാണ് നാം ജീവിക്കുന്നതു. വിശു. പൌലൊസു തിമൊഥെയോസിന്നു എഴുതുമ്പോൾ പറയുന്നതു: "അന്ത്യകാലങ്ങളിൽ ചിലർ, തെറ്റിക്കുന്ന ആത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു, അസത്യവാദികളുടെ വ്യാജത്താൽ വിശ്വാസത്തിൽ നിന്നു വീണുപോകും" എന്നത്രെ. (൧ തിമൊ. ൪. ൧). ആകയാൽ നമ്മുടെ കത്താവിന്റെ രണ്ടാമത്തെ വരവു സമീപിക്കുന്തോറും കള്ള ഉപദേഷ്ടാക്കന്മാരും വദ്ധിച്ചുവരുമെന്നു നാം ഓക്കേണ്ടതാണ്. അതുകൊണ്ടു ക്രിസ്തുവിന്റെ പിൻഗാമികളായിരിപ്പാൻ ആഗ്ര

ഹിക്കുന്നവരൊക്കെയും സാത്താന്റെ വഞ്ചനകളിൽ അകപ്പെടാതിരിപ്പാൻ തങ്ങളെ കുറിച്ചു കരുതിക്കൊള്ളേണം. വിലയേറിയ ആത്മാക്കളെ നശിപ്പിക്കുന്നതിന്നായി അവൻ കൊണ്ടുവരുന്ന ഉപായങ്ങളിൽ മുഖ്യമായ ഒന്നു, ദൈവവചന സത്യങ്ങളെ കുറിച്ചു ജനങ്ങളിൽ അവിശ്വാസം ജനിപ്പിക്കുന്നതാകുന്നു. അതുകൊണ്ടു വിശു. യോഹന്നാൻ നമ്മോടു ഇപ്രകാരം ഗുണദോഷിക്കുന്നു: "പിശാചു തനിക്കു അല്പകാലമേയുള്ളു എന്നറിഞ്ഞിട്ടു മഹാ ക്രോധത്തോടെ നിങ്ങളുടെ അടുക്കലേക്കു ഇറങ്ങിയിരിക്കുന്നു" (വെളി. ൧൨. ൧൨). എന്നു മാത്രമല്ല, "ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതെ ഇരിക്കേണ്ടതിന്നു അവിശ്വാസത്തിന്റെ ദുഷ്ട ഹൃദയം നിങ്ങളിൽ ആൎക്കും ഉണ്ടാകാതെയിരിപ്പാൻ നോക്കുവിൻ" എന്നു എബ്രായരുടെ ലേഖനം ൩. ൧൨-ലും പറയുന്നു. എന്നാൽ ഇപ്രകാരമുള്ള പ്രയാസങ്ങളെ ജയിക്കുന്നതിന്നും, അവിശ്വാസമെന്ന ഭയങ്കര നാശത്തിൽ കിടക്കുന്നവരെ ഉദ്ധരിക്കുന്നതിന്നും, സത്യ വിശ്വാസത്തെ സ്ഥിരപ്പെടുത്തുന്നതിന്നും ഇതു ഒരു സത്യ വഴികാട്ടിയായി തീരെണമെന്നാകുന്നു ഈ പുസ്തകത്തെ എഴുതിയതിൽ എനിക്കുള്ള ആഗ്രഹം. അതുകൊണ്ടു ഈ പുസ്തകം അതിനെ വായിക്കുന്ന ഏവൎക്കും ഒരു വലിയ അനുഗ്രഹമായി ഭവിക്കട്ടെ എന്നു എന്റെ താല്പൎയ്യമേറിയ പ്രാൎത്ഥനയാകുന്നു.

F. B.

CONTENTS.

സംഗതിവിവരങ്ങൾ.

Part I. ഒന്നാം ഭാഗം.

പുറം.

അവതാരിക... ... ... ൧—൨

ബൈബിൾ ഭൂമിയിലുള്ള സകല
ജാതികൾക്കുമായിട്ടുള്ളതെന്നു.

അതു ദൈവം പക്ഷഭേദം കൂടാതെ മനുഷ്യജാതിക്കു നല്കിവരുന്ന നന്മകളിൽവെച്ചു ഏററവും വിലയേറിയ ഒരു ദാനമെന്നു ... ൩

അതിനെ കുറിച്ചുള്ള മുഹമ്മദിയ കുറാൻെറ സാക്ഷി... ... ൪

മുസൽമാനർ മിഥ്യാവാദം ചെയ്യുന്നപ്രകാരം അതിന്നു യാതൊരു കേടുപാടും ഭവിച്ചിട്ടില്ലെന്നു... ... ... ൫

അതിൻെറ എഴുത്തുകാർ ആസ്യക്കാരാകയാൽ അതു കിഴക്കേ രാജ്യക്കാരുടെ ഇടയിൽ ഉത്ഭവിച്ച ഗ്രന്ഥമെന്നു... ... ൫

മനുഷ്യരെ ആത്മകാൎയ്യങ്ങളിൽ വഴിനടത്തുവാൻ ഒരു ദിവ്യ വെളിപാടിൻെറ ആവശ്യത്തെ കുറിച്ചു പ്ലെറെറാ പറഞ്ഞിട്ടുള്ള ചില സാരസംഗതികളും അതിനോടു ചേൎച്ചയുള്ള വേദവാക്യവും ൬—൮

തിരുവചനത്തെ ഭക്തിയോടെ വിചാരിച്ചുവരുന്ന ജനങ്ങളുടെ മേലാകുന്നു ദൈവാനുഗ്രഹം ലൌകികമായും ആത്മികമായും അധികമായുണ്ടായിരിക്കുന്നതെന്നു ൯

അതിൻെറ ശ്രേഷ്ഠതയെ കുറിച്ചു വിക്ടോറിയ രാജ്ഞി സാക്ഷിച്ചിരിക്കുന്നതു... ... ... ൯

എഡ്വഡ് ചക്രവൎത്തിയുടെ പട്ടാഭിഷേക സമയം അദ്ദേഹം അതിനോടു കാട്ടിയ ഭക്തിവാത്സല്യം... ... ... ൧൦

ബൈബിളിൻെറ ശ്രേഷ്ഠതയെയും പ്രയോജനത്തെയും കുറിച്ചു ചില വിദ്വാന്മാരുടെ സാക്ഷികൾ.

മദ്രാസിൽ പാൎത്തുവരുന്ന ഇന്ത്യരാജ്യക്കാരനും വലിയ പ്രാപ്തനും വിദ്വാനുമായ ഒരു ലേഖകൻെറ സാക്ഷി:—ഇണ്ട്യയിൽ പല ഭാഗങ്ങളിലും സൎവ്വകലാശാല വിദ്യകളിൽ നിപുണന്മാരായ അനേകം യുവാക്കന്മാർ മതാഭിവൃദ്ധിക്കായി രാവിലേ തോറും തങ്ങളുടെ കുടുംബസഹിതം ബൈബിളിനെ വായിക്കുന്നു എന്നും, തങ്ങളുടെ സ്വന്ത മതഗ്രന്ഥങ്ങളെക്കാൾ അധികമായി അവർ അതിനെ സന്മാൎഗ്ഗമൎയ്യാദകൾക്കും ദൈവത്തെ കുറിച്ചുള്ള അറിവിന്നും ഒരു സംഗ്രഹമായി വിചാരിച്ചുവരുന്നു എന്നും, അവർ

പുറം:

പാരായണം ചെയ്യുന്നതു മുഖ്യമായി സങ്കീൎത്തനങ്ങളെയും സുവിശേഷങ്ങളെയുമാണെന്നും, മതഭക്തനായ ഒരു ഹൈക്കോൎട്ടു ഹിന്തുവക്കീൽ രാവിലേ തോറും തന്റെ മകനോടു കൂടി സങ്കീൎത്തനം വായിച്ചുവരുന്നു എന്നും, അദ്ദേഹം ഒരിക്കൽ ഒരു വിദ്യാശാലയിലുള്ള ഉയൎന്ന പരീക്ഷകളിൽ വിജയികളായി തീൎന്നിട്ടുള്ളവരുടെ ഒരു സമൂഹത്തോടു ബൈബിൾ വായിക്കേണമെന്നു പരസ്യമായി ഗുണദോഷിച്ചു എന്നും, ബൈബിൾ എന്തു തന്നേ ഉപദേശിച്ചാലും മനുഷ്യജാതിയെ എല്ലാ കാലങ്ങളിലും ഭരിച്ചു നടത്തുന്ന പുസ്തകം അതു തന്നേയാണെന്നും മററും... ... ൧൧—൧൫

ഹിന്തുക്കളിൽ മേൽജാതിക്കാരനായ വേറൊരു വിദ്വാന്റെ സാക്ഷി:—ഇണ്ട്യയിലുള്ള എല്ലാ വിദ്യാശാലകളിലും ബൈബിൾ ഒരു സ്കൂൾവിഷയമാക്കേണമെന്നും മററും... ... ൧൫—൧൬

തിരുവിതാംകോട്ടുള്ള യോഗ്യനായ ഒരു നായർവക്കീലിന്റെ സാക്ഷി:—നായന്മാൎക്ക് ആവശ്യമായിരിക്കുന്ന മതഗ്രന്ഥം ബൈബിൾ തന്നേയാകുന്നു എന്നു... ... ... ൧൬

അന്യരാജ്യക്കാരായ ചില വിദ്വാന്മാരുടെ സാക്ഷികൾ:—ബോയൽ (Boyl) എന്നൊരു വിദ്വാന്റെ സാക്ഷി... ... ൧൭

സേർ ഐസക്ക് ന്യൂട്ടൻ എന്ന തത്വജ്ഞാനിയുടെ സാക്ഷി . ... ൧൭—൧൮

മിൽററൻ എന്ന കവിവരന്റെ സാക്ഷി... ... ൧൮

ലോഡ് ബെയ്ക്കൻ (Lord Bacon) എന്ന കീൎത്തിപ്പെട്ട തത്വജ്ഞാനിയുടെ സാക്ഷി... ... ... ൧൯

സേർ വില്യം ജോൺസ് (Sir William Jones) എന്ന കീൎത്തിപ്പെട്ട വിദ്വാന്റെ സാക്ഷി... ... ... ൧൯—൨൦

റിച്ചാഡ് ഹൂക്കർ (Richard Hooker) എന്ന മഹാന്റെ സാക്ഷി... ൨൦—൨൧

ലോഡ് ഷാഫ്ററ്സ്ബറി (Lord Shaftesbury) എന്ന മഹാന്റെ സാക്ഷി... ... ... ൨൧

മഹാ ജ്ഞാനിയും ആസ്യയിൽ ഉണ്ടായിട്ടുള്ള മഹാരാജാക്കന്മാരിൽ വെച്ചു മുഖ്യനും ആയ ശലോമോന്റെ സാക്ഷി... ... ൨൧

തിയൊഡോർ പാക്കർ (Theodore Parker) എന്ന വിദ്വാന്റെ സാക്ഷി... ... ... ൨൨

കാർലൈൽ (Carlyle) എന്ന മഹാന്റെ സാക്ഷി... ... ൨൩

ഇവോൾഡ് (Ewald) എന്ന വിദ്വാന്റെ സാക്ഷി... ... ൨൩

പ്രാപ്തനും ഭക്തനുമായ വേറൊരു ലേഖകന്റെ സാക്ഷി... ... ൨൪

ഫാറഡെയ് (Faraday) എന്ന ഭക്തന്റെ സാക്ഷി... ... ൨൪

സംസ്കൃത വിദ്വാനായ മാക്സ് മ്യുല്ലർ പണ്ഡിതന്റെ (Professor Max Muller) സാക്ഷി... ... ... ൨൫

അവിശ്വാസികളിൽ ഒരുവനായിരുന്ന ഹക്സ്ലി (Huxley) എന്നയാളുടെ സാക്ഷി... ... ... ൨൫

ജൂവൽ ബിഷോപ്പിന്റെ (Bishop Jewell) സാക്ഷി... ... ൨൫

നോർതാംപ്ടനിലേ പ്രഭുവിന്റെ (Marquis of Northampton) സാക്ഷി... ... ... ൨൬

	പുറം.
തെക്കെ ഇന്ത്യയിൽ ഒന്നാമതായി വന്നിട്ടുള്ള മിഷ്യനറിമാരിൽ ഒരുത്തനായ സീഗൻബോൾഗ് (Zegenbalg) എന്നയാളുടെ സാക്ഷി...	൨൭
യോശുവായെ പോലെ യുദ്ധസേവ ചെയ്തുവന്ന ഒരു സത്യ വൈ ദികൻ കുറെ മുമ്പെ ചില ഉദ്യോഗസ്ഥന്മാൎക്കു വേദപുസ്തകം ദാനം ചെയ്യുമ്പോൾ പ്രസ്താവിച്ചതു...	൨൮
നവീനകാലങ്ങളിൽ ഉണ്ടായിട്ടുള്ള വിദ്വാന്മാരിൽ വെച്ചു ബൈ ബിളിനോടു പക്ഷമുള്ള ചില മഹാന്മാരുടെ പേരുവിവരം...	൨൮—൨൯
൧൮൭൪ മാൎച്ച് മാസത്തിൽ ലണ്ടൻ പട്ടണത്തിൽ കൂടിയ ഒരു മഹാ യോഗത്തിൽ വെച്ചു മിസ്റ്റർ ബാൽഫർ എന്ന മന്ത്രിപ്രവരൻ ബൈബിളിനെ കുറിച്ചു പ്രസ്താവിച്ചതു...	൩൦—൩൧
പ്രാപ്തനായ ഇപ്പോഴത്തെ കാൻറർബറി ആൎച്ച്ബിഷോപ്പു തി രുവെഴുത്തുകളെ പററി പറയുന്നതു...	൩൧
ബൈബിളിനെ സംബന്ധിച്ചു ൦ഠ൦ കഴിഞ്ഞ മുപ്പതോ നാല്പതോ സംവത്സരങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള വിലയേറിയ കണ്ടുപി ടുത്തങ്ങളെ പററി അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം	൩൨

ബൈബിളിൻെറ മുഖ്യതയെ പ്രമാണമായി എണ്ണീട്ടുള്ള ചില വിജ്ഞാന ശാസ്ത്രജ്ഞന്മാർ.

കോപ്പർനിക്കസ് (Copernicus) എന്ന കീൎത്തിപ്പെട്ട ഗണിതശാ സ്ത്രജ്ഞനെ കുറിച്ചു...	൩൩
കെപ്ലർ (Kepler) എന്ന ഗണിതശാസ്ത്രജ്ഞനെ കുറിച്ചു ...	൩൩—൩൪
ഫോൺലൈബ്വിററ്സ് (Von Leibwitz) എന്ന കീൎത്തിപ്പെട്ട തത്വജ്ഞാനിയും വൈദികനും ഗണിത ശാസ്ത്രജ്ഞനുമായ ഇട പ്രഭുവിനെ കുറിച്ചു...	൩൪
ജൎമ്മനക്കാരിൽ വിജ്ഞാന ശാസ്ത്രങ്ങളുടെ പ്രഭുവായിരുന്ന ലൈബി ഗ് (Leibig) എന്ന വിദ്വാനെ കുറിച്ചു... ...	൩൪
ലോഡ് കെൽവിൻ (Lord Kelvin) എന്ന വലിയ വിജ്ഞാനശാ സ്ത്രിയായ ബ്രിട്ടിഷ്കാരനെ കുറിച്ചു... ...	൩൫
ഡെസ്കാർട്ട്സ് (Descartes) എന്ന കീൎത്തിപ്പെട്ട ഫ്രെഞ്ച്യ തത്വ ജ്ഞാനിയും ഗണിതശാസ്ത്രജ്ഞനുമായ വിദ്വാനെ കുറിച്ചു ...	൩൫
ഹാലർ (Haller), ബറോനലി (Baronelli), അമ്പിയർ (Ampere) എന്ന വിജ്ഞാന ശ്രേഷ്ഠന്മാരെ കുറിച്ചു	൩൫
ഷെയ്ക്സ്പിയർ (Shakespeare) എന്ന പ്രസിദ്ധ കവിവരനെ കു റിച്ചും അദ്ദേഹത്തിൻെറ രചനകൾ ബൈബിളിൽ അടങ്ങി യിരിക്കുന്ന സത്യങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നുള്ളതും...	൩൬—൩൯
മഹാനായ സേർ വാൽട്ടർ സ്കോട്ട് (Sir Walter Scott), കീൎത്തി പ്പെട്ട സെൽഡൻ (Seldon) എന്നവർ, മരണ സമയത്തു തക്ക തായ പുസ്തകം ബൈബിൾ അല്ലാതെ മറെറാന്നുമല്ല എന്നു സാ ക്ഷിച്ചിരിക്കുന്നതു...	൪൦

പുറം.

വരുവാനുള്ള ജിവനെ കുറിച്ചു പറയുന്നതിൽ ആകുന്നു ഹിന്തു മതത്തിന്നും ക്രിസ്തുമതത്തിന്നും തമ്മിലുള്ള വലിയ വ്യത്യാസമെന്നു വാററിക്കാൻ പുസ്തകശാലയിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ഓൎമ്മസ്തംഭങ്ങളെക്കൊണ്ടും കുറെ ദിവസം മുമ്പെ ഉണ്ടായിട്ടുള്ള ഒരു സത്യ വൃത്താന്തംകൊണ്ടും തെളിയിച്ചിരിക്കുന്നതു... ... ൪൧—൪൪

ബൈബിളിൻെറ ദിവ്യോത്ഭവത്തെ, വെളിപ്പാട പുസ്തകം അഞ്ചാം അദ്ധ്യായത്തിലേ ഏഴ മുദ്രകൾകൊണ്ടും പന്ത്രണ്ടാം സങ്കീൎത്തനത്തിലേ ഏഴ പ്രാവശ്യമുള്ള പരിശോധനകൊണ്ടും തെളിയിച്ചു കാണിച്ചിരിക്കുന്നതു... ... ... ൪൫—൪൮

ബൈബിളും ക്രിസ്തുമതവും സകല ലോകൎക്കുമായി ദൈവത്താൽ നല്കപ്പെട്ടതെന്നു.

ഒന്നാമതായി ബൈബിളിൻെറ വാചകരീതികൊണ്ടും... ൪൯—൫

രണ്ടാമതായി അതിൻെറ തൎജ്ജമകൊണ്ടും... ... ൫൦—൫൨

മൂന്നാമതായി മിഷ്യനറിമാരാൽ മാത്രമല്ല, വേദപുസ്തകവ്യാപാരികളാലും രാജ്യസഞ്ചാരികളാലും മററനേകരാലും... ൫൨—൫൩

നാലാമതായി അതു മൂലം ഹിന്തുക്കളിലും യഹൂദന്മാരിലും നാസ്തികന്മാരിലും അനേകരുടെ മനന്തിരിവിനാലും ... ൫൩—൫൪

അഞ്ചാമതായി ഇപ്പോൾ വേദപുസ്തകം ലഘുവായ വിലകൊടുത്തു വാങ്ങിക്കാവുന്നതുകൊണ്ടും... ... ... ൫൪—൫൫

ആറാമതായി ബൈബിൾ സമൂഹങ്ങളുടെ പ്രയത്നംമൂലം ലോകത്തിൽ അതിന്നുണ്ടായിക്കൊണ്ടിരിക്കുന്ന പ്രചാരത്താലും... ൫൫—൫൬

ഏഴാമതായി അതു എല്ലാ ജാതികൾക്കും ഉപദേശിക്കപ്പെടേണ്ടിയ ആവശ്യകതയാലും തെളിയിക്കപ്പെട്ടിരിക്കുന്നതു. ൫൬—൫൭

ബൈബിൾ ഗ്രന്ഥം ഇണ്ട്യെക്കു അനുഗ്രഹമായി തീരുമെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നതുപോലെ തന്നേ ഇണ്ട്യ ബൈബിളിന്നും അനുഗ്രഹമായി തീരുമെന്നു റവറണ്ട് ഫിണ്ട്ലി (Rev. W. H. Findlay) സാക്ഷിച്ചിരിക്കുന്നതു... ... ൫൭—൫൮

"നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിക്കും സുവിശേഷത്തെ പ്രസംഗിപ്പിൻ" എന്നുള്ള ക്രിസ്തുവിൻെറ കല്പന മിഷ്യൻസമൂഹങ്ങൾ മൂലം എങ്ങനെ നടത്തിവരുന്നു എന്നു... ൫൮—൫൯

ബ്രഹ്മസമാജത്തിന്നു ബൈബിൾ പാരായണത്തിന്മേലുള്ള ശ്ലാഘ്യമായ അഭിപ്രായം... ... ... ൫൯—൬൦

ബൈബിൾവായനകൊണ്ടു ഗുണപ്പെട്ടിട്ടുള്ള ചില അവിശ്വാസികളെ കുറിച്ചു.

ബൈബിളിനെ ദുഷിച്ചും ആക്ഷേപിച്ചും നടന്നിരുന്ന ഹോൺ (Hone) എന്നയാളുടെ മനന്തിരിവു... ... ൬൧—൬൩

പുറം.

മിസ്റ്റർ വാഡ് (Mr. Ward) എന്നയാൾ കഴിഞ്ഞ നൂററാണ്ടാരംഭത്തിൽ കല്ക്കത്തായ്ക്കു സമീപമുള്ള ഒരു ഗ്രാമത്തിൽ കൂടെ കടന്നു പോകയിൽ ഇഷ്ടമുള്ളവൎക്കു വായിച്ചറിവാനായി അവിടെ ഒരാൾവശം ഏല്പിച്ചുപോയ ബങ്കാളിഭാഷയിലുള്ള ഒരു പുതിയനിയമ പുസ്തകം മൂലം ആറുപേരുടെ മനന്തിരിവിന്നിടയായ സംഗതി... ... ... ൫൩—൫൪

റവറണ്ട് ജെ. എൽ. ലയൻസ് (Rev. J. L. Lyons) പറയുന്ന ഒരു അറബി ക്രിസ്ത്യാനിയുടെ കാൎയ്യം... ... ൫൪—൫൫

റവറണ്ട് ജെ. ഹഡ്സൻ ടെയ്ലർ (Rev. J. Hudson Taylor) പറയുന്ന ഒരു ചീനക്കാരനായ മജിസ്ത്രേട്ടിന്റെയും മററും കാൎയ്യം... ... ... ൫൫—൫൬

ചില വങ്കരകളിൽ ബൈബിൾ നടത്തിയിരിക്കുന്ന അത്ഭുത കാൎയ്യങ്ങൾ.

ആഫ്രിക്കയുടെ മദ്ധ്യത്തിലുള്ള ഉഗാണ്ടായിലെ കാൎയ്യം... ... ൫൬—൫൮

പാസിഫിക്ക് സമുദ്രദ്വീപുകളിൽ വെച്ചു കീൎത്തിപ്പെട്ട ഫിജി ദ്വീപുകളിലെ (Fiji Islands) കാൎയ്യം... ... ൫൮—൬൧

കുറെ മുമ്പെ ഇണ്ട്യയിൽ സംഭവിച്ച ഒരു കീൎത്തിപ്പെട്ട മനന്തിരിവു... ൬൧—൬൨

കുറെ മുമ്പെ ഫ്രാൻസിന്റെ തെക്കുഭാഗത്തു നടന്ന ഒരു സംഭവം... ൬൩—൬൪

Part II. രണ്ടാം ഭാഗം.

സകലത്തിന്നും ആദികാരണമായിരിക്കുന്ന ഒരു ദൈവം ഉണ്ടു എന്ന സംഗതിയെ സംബന്ധിച്ചു വിദ്വാന്മാരിൽ ചിലരുടെ അഭിപ്രായങ്ങൾ... ... ... ൬൫—൬൬

ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്ന നാസ്തികന്മാരോടു ചോദിപ്പാനുള്ള സംഗതികൾ... ... ൬൬—൬൭

ദൈവം ഉണ്ടെന്നു ബോധിപ്പാൻ ഡോക്ടർ ചാൾമെഴ്സ് (Dr. Chalmers) പറയുന്ന വഴി... ... ... ൬൭—൬൮

ദൈവത്തെ കുറിച്ചു അറിവാൻ മനസ്സാക്ഷി എന്ന വേറൊരു വഴി... ... ... ൬൮

അഗ്നോസ്തികന്മാർ (Agnostics) ഉദാസീനമായി വിചാരിച്ചുകളയുന്ന രണ്ടു മുഖ്യ സംഗതികൾ... ... ... ൭൦—൭൨

"മതം" എന്നാൽ എന്താണെന്നുള്ള വൎണ്ണന... ... ൭൨

ഭഗവൽഗീതയെ കുറിച്ചുള്ള അഭിപ്രായം... ... ൭൩—൮൦

ഇഹത്തിൽവെച്ചു ഈശ്വര കൃപമൂലം സുബുദ്ധിയും ദൈവഭക്തിയുമുള്ള ജീവനം ചെയ്യേണ്ടതിന്നു ക്രിസ്തുവിനെ തന്നെ അനുഗമിക്കേണമെന്നു... ... ... ൮൧

വിശ്വാസത്തെ പററി... ... ... ൮൨—൮൩

പുറം.

നിരീശ്വാസികൾ ബൈബിളിലുള്ള അതിശയങ്ങളെ ആക്രമിക്കയും അതിനാൽ ക്രിസ്തുവിൻെറ ദൈവത്വത്തെ നിഷേധിക്കയും ചെയ്യുന്നതിനെ പററി... ... ... ൯൩—൧൦൩

സൃഷ്ടിയുടെ ആന്തരം എന്താകുന്നു എന്നുള്ളതിനെ കുറിച്ചു... ൧൦൩—൧൦൯

ക്രിസ്തുമത സത്യതയെ കുറിച്ചു റവറണ്ട് ജി. ററി. മാൻലി (Rev. G. T. Manley) എന്ന മിഷ്യൻ പ്രസ്താവിച്ചിട്ടുള്ള ചില വിദ്വാന്മാരുടെ അഭിപ്രായങ്ങൾ... ... ... ൧൧൧—൧൨൦

ബൈബിൾ എല്ലാ മനുഷ്യൎക്കും തങ്ങളുടെ സുഖദുഃഖകാലങ്ങളിൽ ഒക്കെയും അനുഭവപ്പെടുത്തുവാൻ തക്കതായ ഗ്രന്ഥമെന്നു കാണിക്കുന്നതായി കഴിഞ്ഞ റഷ്യാജപ്പാൻ യുദ്ധത്തിൽ വെച്ചു നടന്ന ഒരു വൃത്താന്തം... ... ... ൧൨൦

ക്രിസ്തുമതത്തിൻെറ മുഖ്യതയെ കുറിച്ചു എഡിൻബറോയിലേ ഡോക്ടർ സ്മിത്ത് പറയുന്നതു... ... ... ൧൨൧—൧൨൨

ക്രിസ്തുമതത്തിൻെറ ഉൽകൃഷ്ടതയെ കുറിച്ചു മാക്സ് മുല്ലർ പണ്ഡിതൻ (Professor Max Muller) പറയുന്നതു... ... ൧൨൨—൧൨൩

ക്രിസ്തുവിനെ കുറിച്ചു ഓക്സ്ഫോഡിലേ മാർഗോല്യൌഥ് പണ്ഡിതൻ (Professor Margoliouth) പറയുന്നതു ... ൧൨൪

ബൈബിൾ മൂലം മനുഷ്യവൎഗ്ഗത്തിന്നുണ്ടാകുന്ന പ്രയോജനത്തെ പററി റോബേട്ട്സൻ സ്മിത്ത് പണ്ഡിതൻ (Professor Robertson Smith) പറയുന്നതു... ... ... ൧൨൫

ബൈബിളിൻെറ ശ്രേഷ്ഠതയെ പററി ആൎച്ച്ഡിക്കൻ വിൽസൻ (Archdeacon Wilson) പറയുന്നതു... ... ൧൨൬

ഡോക്ടർ ഡെനി (Dr. Denny) എന്ന ദൈവശാസ്ത്ര്യൻെറ സാക്ഷി ൧൨൭

ബഹുമാനപ്പെട്ട റവറണ്ട് ആർ. ബ്രൂസ് (Rev. Canon R. Bruce) പറയുന്നതു... ... ... ൧൨൭

യേശുവിനെയും തൻെറ വിശുദ്ധ മതത്തെയും വളരെ ശ്രേഷ്ഠമായും പുകഴ്ച്ചയായും വിചാരിക്കുന്ന ക്രിസ്ത്യാനികളല്ലാത്ത ചിലരുടെ വൃത്താന്തം... ... ... ൧൨൮—൧൨൯

ബൈബിളിൻെറ സത്യതയെ സാക്ഷിക്കുന്നതായുള്ള ചില നൂതന കണ്ടുപിടുത്തങ്ങൾ... ... ... ൧൨൯—൧൩൬

പണ്ടു മതഭക്തരായിരുന്ന പൂൎവ്വികന്മാർ ൧൫൦൦-ൽ പരം വൎഷങ്ങളോളം പാപപരിഹാരാൎത്ഥം നടത്തിവന്ന ബലികൎമ്മങ്ങളെ കുറിച്ചു റവറണ്ട് ഡോക്ടർ മോഹൻ ബനൎജ്ജി (Rev. Dr. Mohan Banerjea) പ്രസ്താവിച്ചിരിക്കുന്നതു... ൧൩൬—൧൪൨

ക്രിസ്തുമതത്തിൻെറ മുഖ്യ അടിസ്ഥാനത്തുണ്ടാകുന്ന യേശുവിൻെറ പുനരുത്ഥാനത്തെ കുറിച്ചു... ... ... ൧൪൨—൧൪൫

യേശുവിൻെറ സ്വൎഗ്ഗാരോഹണത്തെ കുറിച്ചു... ... ൧൪൫—൧൪൬

ക്രിസ്തുവിൻെറ സ്വഭാവ ശൃംഗാരതയെ കുറിച്ചു ഡോക്ടർ പിയൎസ്സൻ (Dr. Pierson) പറയുന്നതു... ... ൧൪൬—൧൪൭

ക്രിസ്തുവിൻെറ സ്വൎഗ്ഗാരോഹണശേഷവും തനിക്കു വിശ്വാസികളുടെ മേലുള്ള ആകൎഷണ ശക്തിയെ കുറിച്ചു... ... ൧൪൭—൧൪൮

കൎത്താവായ യേശുക്രിസ്തുവിൻെറ ഉപദേശഗൌരവത്തെ കുറിച്ചു ൧൪൭—൧൪൮

പുറം.

Part III. മൂന്നാം ഭാഗം.

ക്രിസ്തുമത സ്ഥാപകനും ഇസ്ലാം മതസ്ഥാപകനും തമ്മിലുള്ള ഒരു മുഖ്യ വ്യത്യാസം... ... ... ൧൫൧

വിശുദ്ധ പൌലൊസിന്റെ മനന്തിരവിനെ കുറിച്ചു ഡോക്ടർ ബോയിൽ കാർപ്പെന്റർ (Dr. Boyl Carpenter) പറയുന്നതു... ... ... ൧൫൧—൧൫൩

വിശുദ്ധ പൌലൊസിന്റെ മനന്തിരിവിനെയും ക്രിസ്തുവിന്റെ പുനരുത്ഥാനത്തെയും കുറിച്ചു ഡോക്ടർ റോറി (Dr. Torrey) എന്ന എവൻഗേലിസ്റ്റൻ പറഞ്ഞതായ ഒരു വിശേഷ വൃത്താന്തം... ... ... ൧൫൩—൧൫൪

ബൈബിളിനെയും ക്രിസ്തുമതത്തെയും ഇല്ലായ്മ ചെയ്വാൻ ശ്രമിക്കുന്ന നാസ്തികന്മാരെ കുറിച്ചു ജെമ്മാന്ന്യയിലേ ഹെൻസ്റ്റൻബർഗ്ഗ് (Dr. Henstenburg) എന്ന വൈദികൻ പറയുന്നതു... ... ... ൧൫൫—൧൫൬

ക്രിസ്ത്യാനിമതം എന്നുമുതൽ ഉള്ളതു എന്നതിനെ കുറിച്ചു ... ൧൫൬—൧൫൮

ദിവ്യ വെളിപാടുകളെ സംബന്ധിച്ചു ഡറാമിലേ വെസ്റ്റ് കോട്ട് (Dr. Westcott of Durham) എന്ന വേദശാസ്ത്രി പറയുന്നതു... ൧൫൮

കൎത്താവായ യേശുവിന്റെ അവതാരത്തെ സംബന്ധിച്ചു ഒരു പ്രാപ്തനായ ഗ്രന്ഥകൎത്താവു പറയുന്നതു... ... ൧൫൯

ക്രിസ്തുവിന്റെ അവതാരത്തിന്നു മുമ്പും ക്രിസ്തുഭക്തന്മാർ ലോകത്തിൽ ഉണ്ടായിരുന്നു എന്നതിന്നുള്ള തെളിവു... ... ൧൫൯—൧൬൦

ക്രിസ്തുമതാംഗീകാരത്തിന്നുള്ള ചില ന്യായങ്ങളെ പരിശോധിച്ചതിനാൽ അതിനെ കൈക്കൊണ്ടതായ ചിലരുടെ വൃത്താന്തങ്ങൾ... ... ... ൧൬൦—൧൬൧

ക്രിസ്തീയ വേലക്കാൎക്കു ആത്മാക്കളോടുള്ള സ്നേഹം നിമിത്തം മദ്യപാനിയായ ഒരുവന്റെ മനന്തിരിവു... ... ൧൬൨—൧൬൩

ബൈബിളിനെ കുറിച്ചു പ്രാപ്തനായ ഒരു ഗ്രന്ഥകൎത്താവു പറയുന്നതു... ... ... ൧൬൩—൧൬൫

വേദവാക്യ മാഹാത്മ്യത്തെ കുറിച്ചു ഡറാമിലേ വേദശാസ്ത്രിയായ മൊവുൽ പറയുന്നതു.... ... ... ൧൬൫

ചീനരാജ്യത്തു ബോക്സേഴ്സ് (Boxers) എന്ന ലഹളക്കാരിൽ ഒരുവൻ ക്രിസ്ത്യാനികളുടെ വിശിഷ്ട സ്വഭാവത്തെ കണ്ടു അതിനെ കുറിച്ചു ചെയ്ത തിരക്കം... ... ... ൧൬൫—൧൬൬

ജപ്പാൻകാരനായ ഒരു ക്രിസ്ത്യാനി പടയാളിയെ കുറിച്ചു ... ൧൬൬—൧൬൭

മരണാനന്തരം ഒരു ക്രിസ്ത്യാനിയുടെ അവസ്ഥയെയും അവന്നു ലഭിപ്പാനിരിക്കുന്ന ഭവനത്തെയും കുറിച്ചു... ... ൧൬൭

സ്വൎഗ്ഗീയ കനാനെ കുറിച്ചു പ്രാപ്തനായ ഒരു ദിവ്യൻ പറയുന്നതു... ... ... ൧൬൮

സ്വൎഗ്ഗം ഒരു പറുദീസ ക്രുടെയാകുന്നു എന്നതിനെ കുറിച്ചു... ൧൬൯

കൎത്താവു സ്വൎഗ്ഗത്തെ കുറിച്ചു തന്റെ സ്വൎഗ്ഗാരോഹണത്തിന്നു അല്പം മുമ്പേ ശിഷ്യന്മാരോടു പറഞ്ഞതു ൧൭൦

പുറം.

സ്വൎഗ്ഗ ഭാഗ്യത്തെ കുറിച്ചു... ... ... ൧൭൦—൧൭൨

സത്യക്രിസ്ത്യാനികൾ മരണത്തോടണയുമ്പോൾ മഹാ ശാന്തന്മാരായും ഭാഗ്യവാന്മാരായും ഇരിക്കുന്നതിന്റെ കാരണം ... ൧൭൨—൧൭൪

പ്രാൎത്ഥനയെ സംബന്ധിച്ചു... ... ... ൧൭൫—൧൭൮

ബൈബിളിനെ കുറിച്ചു മിസ്റ്റർ ഡി. എൽ. മൂഡി എന്ന എവൻഗേലിസ്റ്റൻ പ്രസ്താവിച്ചിരിക്കുന്ന ചില സംഗതികൾ ... ൧൭൯—൧൮൦

ഷെൽ എന്ന ഫ്രെഞ്ച് അസ്സിറിയോലോജിസ്റ്റ് കണ്ടുപിടിച്ചിരിക്കുന്ന ഒരു കല്ലുലകാലിഖിതത്തെ കുറിച്ചു... ... ൧൮൦—൧൮൧

കഴിഞ്ഞ ൨൫ സംവത്സരങ്ങൾക്കിടയിൽ ഭൂലോകമെങ്ങും ക്രിസ്തുമതത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധിയെ കുറിച്ചു... ... ൧൮൧—൧൮൨

ക്രിസ്തുമതം അതിശീഘ്രത്തിൽ വൎദ്ധിക്കുന്നതിന്റെ പുറമേയുള്ള കാരണം... ... ... ൧൮൨

മുസൽമാനരുടെ ഇടയിൽ ഇപ്പോൾ ഉള്ള "പുതിയ ഇസ്ലാം" എന്ന വകുപ്പുകാരെയും അവരുടെ ഉപദേശത്തെയും കുറിച്ചു... ... ... ൧൮൩

മേൽജാതികളിൽനിന്നും അടുത്ത കാലത്തിൽ ക്രിസ്തുമാൎഗ്ഗം അനുസരിച്ചവരെ കുറിച്ചു... ... ... ൧൮൪

മുസൽമാനരിൽനിന്നും അടുത്ത കാലത്തു ക്രിസ്ത്യാനികളായി തീൎന്നവരെ കുറിച്ചു... ... ... ൧൮൫—൧൮൭

മിസ്റ്റർ ററി. കതിർവ്വേൽ നായനാരെ കുറിച്ചും അദ്ദേഹം കുറെ മുമ്പു മദ്രാസിൽവെച്ചു ഹിന്തുവിദ്യാൎത്ഥികളുടെ ഒരു സമൂഹമുമ്പാകെ പറഞ്ഞ കീൎത്തിപ്പെട്ട സാക്ഷികരണത്തെ കുറിച്ചും... ... ... ൧൮൭—൧൯൪

ഒരു സത്യ ക്രിസ്ത്യാനിയായി ജീവിക്കുന്നതിനാൽ ഉണ്ടാകുന്ന ഭാഗ്യത്തെ കുറിച്ചു... ... ... ൧൯൪—൧൯൫

നാസ്തികന്മാരുടെ മരണവും സത്യ ക്രിസ്ത്യാനികളുടെ മരണവും തമ്മിലുള്ള വ്യത്യാസം... ... ... ൧൯൬—൨൮൦

Errata.

ശുദ്ധപത്രം.

പുറം.	വരി.	
൩ അടിയിൽനിന്നു	൭, ൮	"തന്നെ വിളങ്ങുന്നു" പകരം "നന്നേവിളങ്ങുന്നു".
൧൮ നോട്ടു (1)		"Nature and all her words" പകരം "Nature and all her works".
൪൧ മുകളിൽനിന്നു	൬	"സാക്ഷികൾ" എന്ന വാക്കിന്റെ പിന്നാലെ അൎദ്ധവിരാമം (;) ആവശ്യമില്ല.
൬൧ ,,	൨൦	"കേൾപ്പിപ്പാൻ" പകരം "കേൾപ്പാൻ".
൧൨൪ ,,	൧൬	"കുറിച്ചു" പകരം "കൊണ്ടു".
൧൫൯ അടിയിൽനിന്നു	൧൩, ൧൪	"ചിലതു" പകരം "ചിലതിൽ".
൧൮൧ മുകളിൽനിന്നു	൧	"എഴുതിയിരിക്കുന്നതാകുന്നു" എന്ന വാക്കിന്റെ പിന്നാലെ പൂൎണ്ണവിരാമം (Full stop) ആവശ്യമില്ല. അതു ഇപ്രകാരം വേണം:—"എഴുതിയിരിക്കുന്നതാകുന്ന ആ ലിഖിതത്തിന്റെ ഒരു പ്രത്യേക വിശേഷത".
൧൯൮ ,,	൪	"സൎവ്വ വിശ്വാസികളുടെയും" പകരം "സൎവ്വാവിശ്വാസികളുടെയും".

A DIVINE GUIDE
FOR ALL NATIONS.

സൎവ്വജനങ്ങൾക്കായുമുള്ള

ദിവ്യ വഴികാട്ടി.

ഒരു ക്രിസ്തീയ പണ്ഡിതനും ഒരു ഹിന്തു മജിസ്ത്രേട്ടും
തമ്മിലുള്ള പ്രമോദകരമായ ഒരു സംഭാഷണം.

Part I. ഒന്നാം ഭാഗം.

മലയാളരാജ്യത്തിന്റെ വടക്കഭാഗത്തു പ്രായത്തിൽ കുറെ മുതിൎന്നവനായ ഒരു ക്രിസ്തീയ പണ്ഡിതൻ ഉണ്ടായിരുന്നു. താൻ മതകാൎയ്യങ്ങളിൽ വളരെ തീക്ഷ്ണതയുള്ളവനും തന്റെ അയൽവാസികളായ ജനങ്ങൾക്കു ആത്മിക ജ്ഞാനത്തെ നല്കുന്നതിൽ വളരെ തല്പരനുമായിരുന്നു. താൻ വസിച്ചിരുന്ന സ്ഥലത്തിന്നു സമീപം നാരായണയ്യർ എന്നു പേരുള്ള ഒരു മജിസ്ത്രേട്ടും പാൎത്തിരുന്നു. അദ്ദേഹം മാന്യനായ ഒരു ബ്രാഹ്മണനും, ഉദ്യോഗം സംബന്ധിച്ച സൎവ്വസമ്മതനും, ഇംഗ്ലീഷ് വിദ്യയിൽ വളരെ നിപുണനും ആയിരുന്നു. എന്നു തന്നേയുമല്ല, ചെറുപ്പംമുതൽ മതവിഷയങ്ങളിൽ തനിക്കു അഭിരുചി ഉണ്ടായിരുന്നതിനാൽ തന്റെ വിദ്യാഭ്യാസ കാലങ്ങളിൽ തന്നേയും വിലയേറിയ തന്റെ സമയത്തിൽ ഒരു ഭാഗം താൻ മതപരിശോധനയിൽ കഴിച്ചുവന്നു. താൻ രണ്ടാം ഗ്രേഡ് വരെയുള്ള ഒരു ക്രിസ്തീയ കോളെജിൽ വിദ്യാഭ്യാസം കഴിച്ചിട്ടുള്ളവനാകയാൽ, ക്രിസ്ത്യാനികളുടെ വേദപുസ്തകം തനിക്കു മിക്കവാറും മനഃപാഠമെന്നു മാത്രമല്ല, താൻ ആ പുസ്തകത്തെയും രക്ഷിതാവിനെ സംബന്ധിച്ചു അതിൽ പറയുന്ന സംഗതികളെയും വളരെ പ്രേമമായി വിചാരിച്ചുവന്നു. വാസ്തവം നോക്കിയാൽ ഹൃദയംകൊണ്ടു

താനൊരു ക്രിസ്ത്യാനിയെന്നു തന്നെ പറയാം. എങ്കിലും ഇക്കാലത്തുള്ള അനേകം ഹിന്തുബാല്യക്കാരെ പോലെ ക്രിസ്തുവിനെ തങ്ങളുടെ രക്ഷിതാവായിട്ടു ഏറ്റുപറഞ്ഞു പ്രസ്താവിപ്പാനുള്ള ധൈൎയ്യം തനിക്കും ഉണ്ടായില്ല.—

ക്രിസ്തീയ പണ്ഡിതനും മജിസ്ത്രേട്ടും തമ്മിൽ അടുത്ത സ്നേഹിതന്മാരായി ഇരുന്നതിനാൽ, മതംകൊണ്ടു അവർ തമ്മിൽ പുറമെ വ്യത്യാസപ്പെട്ടിരുന്നാലും സ്നേഹം നിമിത്തം അവർ മിക്കപ്പോഴും അന്യോന്യം സന്ദൎശിക്കയും ഓരോ മുഖ്യ വിഷയങ്ങളെ കുറിച്ചു ആ സമയങ്ങളിൽ ഇടെക്കിടെ സംഭാഷിക്കയും ചെയ്യുവന്നു. ലൌകിക കാൎയ്യങ്ങളെ കുറിച്ചു മാത്രമല്ല, നിത്യമായ ആത്മഭാഗ്യങ്ങളെ കുറിച്ചു കൂടെ ആലോചിക്കുന്നതു അവൎക്കു ഇഷ്ടമായിരുന്നു.

"ഞാൻ ആരാകുന്നു? ഞാൻ എവിടെനിന്നു വന്നു? ഞാൻ എവിടേക്കു പോകുന്നു?" എന്നീ മൂന്നു മുഖ്യ ചോദ്യങ്ങൾ എല്ലാ മനുഷ്യൎക്കും അത്യാവശ്യമായ അന്വേഷണങ്ങളാകുന്നു എന്നു അവൎക്കു നല്ല ബോദ്ധ്യമുണ്ടായിരുന്നു. ആത്മരക്ഷ എന്ന ഏക കാൎയ്യം മാത്രം മനുഷ്യന്നു എല്ലാററിനേക്കാൾ അത്യാവശ്യമായതു എന്നുള്ളതിൽ അവർ ഏക ചിത്തന്മാരും ആയിരുന്നു. ഈ അല്പായുസ്സു കഴിഞ്ഞാൽ പിന്നീടുള്ള നിത്യ ഭാഗ്യസന്തോഷങ്ങളെ സമ്പാദിക്കുന്നതിൽ ഇരുവരും മനക്കരുത്തുള്ളവരുമായിരുന്നു. ഒരിക്കൽ മജിസ്ത്രേട്ടു ഒരു വൈകുന്നേരം ഏററവും ശോഭിതമായ ചന്ദ്രികയിൽ പണ്ഡിതന്റെ ഭവനത്തിലേക്കു വന്നു, അന്യോന്യം കുശലവാൎത്തകളും മററും കഴിച്ചു ശേഷം, താഴെ പറയുന്ന സാരമേറിയ സംഭാഷണം ആരംഭിച്ചു:—

മജിസ്ത്രേട്ടു. നിങ്ങൾ അറിയുംപ്രകാരം ബൈബിൾ വായനയിൽ ഞാൻ ഇഷ്ടമുള്ള ഒരാളാണ്; എന്നാൽ എന്റെ അനന്തരവർ രാമയ്യന്നു അതിങ്കൽ അത്ര തൃപ്തിയില്ല. താൻ ചില ദുൎബ്ബുദ്ധികളോടും ദൈവവിശ്വാസമില്ലാത്ത ദുൎജ്ജനങ്ങളോടും കലൎന്നു പെരുമാറുന്നതിനാൽ ബൈബിളിനെ പുച്ഛമായി എണ്ണുകയും, അതു ഹിന്തുക്കൾക്കല്ല, ക്രിസ്ത്യാനികൾക്കു മാത്രമുള്ളതാകുന്നു എന്നു ഘോഷിച്ചു നടക്കയും ചെയ്യുന്നു.

പണ്ഡിതൻ. ഞാൻ അതിങ്കൽ വ്യസനിക്കുന്നു; എന്തെന്നാൽ താങ്കളുടെ സഹോദരൻ കാൎയ്യത്തിന്റെ സ്വഭാവം വേണ്ടുംവണ്ണം അറിയുന്നില്ല.

മ. ബൈബിൾ ഭൂമിയിലുള്ള സകല ജാതികൾക്കുമായിട്ടുള്ളതാകുന്നു എന്നുള്ള പ്രസ്താവം സത്യം തന്നേയോ?

പ. അതേ, ആ കാൎയ്യം സത്യം തന്നേ; എന്തെന്നാൽ ബൈബിളിന്നു[1] ലോകരോടുള്ള വിളി, "സകല ഭൂമിയുമായുള്ളോരേ, എങ്കലേക്കു നോക്കി രക്ഷിക്കപ്പെടുവിൻ" എന്നാകുന്നു (ഏശാ. ൪൫. ൨൨). "സകല ഭൂമിയും" എന്ന വാക്കിൽ അടങ്ങീട്ടില്ലാത്തവർ ആരെങ്കിലുമുണ്ടോ? എന്നു മാത്രമല്ല, ബൈബിളിനെ കുറിച്ചുള്ള വേറൊരു ദൈവനിശ്ചയം, അതു "ഭൂലോകത്തിലുള്ള സകല സൃഷ്ടിക്കും പ്രസംഗിക്കപ്പെടേണം" എന്നത്രെ (മൎക്കൊ. ൧൬. ൧൫). "സകല സൃഷ്ടിക്കും" എന്ന വാക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത ജാതികളോ ഭാഷകളോ ഗോത്രങ്ങളോ ഏതുള്ളൂ? അതു വിദ്വാന്മാൎക്കും വിദ്യയില്ലാത്തവൎക്കും, ധനവാന്മാൎക്കും ദരിദ്രന്മാൎക്കും, മഹത്തുക്കൾക്കും സാധുക്കൾക്കും, രാജാക്കന്മാൎക്കും പ്രജകൾക്കും ഒരുപോലെയുള്ളതാകുന്നു. അതു യൂറോപ്യന്മാൎക്കു എന്നപോലെ ആസ്യയിലുള്ള ഹിന്തുക്കൾക്കും മുസല്മാനൎക്കും ബൌദ്ധൎക്കും മറ്റെല്ലാവൎക്കും ദൈവത്താൽ നല്കപ്പെട്ടതാകുന്നു. ബൈബിൾ സകലൎക്കുമുള്ളതാകയാൽ, ഭൂമിയിലുള്ള സകല ജാതികളിൽനിന്നും ഭാഷകളിൽനിന്നും ഗോത്രങ്ങളിൽ നിന്നുമുള്ള ഒരു മഹാ പുരുഷാരം അതിന്റെ കൊടിക്കീഴിലുണ്ടു. ദൈവം നമുക്കെല്ലാവൎക്കും പിതാവും രക്ഷിതാവുമാകയാൽ, ബൈബിൾ എന്നതു തന്റെ മക്കളായ നമുക്കെല്ലാവൎക്കുമായിട്ടു, തന്നിൽനിന്നു പൊതുവിൽ അയക്കപ്പെട്ടിരിക്കുന്ന ഒരു മഹാ കാരുണ്യ ദൂതു് അല്ലെങ്കിൽ ലേഖനം ആകുന്നു.

മ. അതേ, ന്യായവശാൽ നോക്കുമ്പോൾ ഈശ്വരന്നു ആരെയും ഭേദമില്ലെന്നു വേണം പറവാൻ. ബ്രിട്ടിഷ് ചക്രവൎത്തിക്കും ഭൂമിയിലുള്ള സാധുക്കൾക്കും ബൈബിൾ ഒന്നു തന്നേ എന്നുള്ളതിൽ ഈശ്വരന്റെ പക്ഷഭേദമില്ലായ്മ തന്നേ വിളങ്ങുന്നു. ചതുൎവ്വേദം ഞങ്ങൾക്കു മാത്രം അൎഹതയുള്ളതായിരിക്കുന്നു എങ്കിലും, ദൈവ പ്രമാണങ്ങളെല്ലാം ഏവൎക്കും പൊതുവിൽ ഭേദമെന്നിയേ കൊടുക്കപ്പെടുന്നതു ന്യായമെന്നാണ് എന്റെ പക്ഷം. ഈശ്വരന്റെ പക്ഷഭേദമില്ലായ്മയെ കുറിച്ചു ഞാൻ എന്റെ കുട്ടിപ്രായത്തിൽ മിഷ്യൻസ്ക്കൂളിൽ വെച്ചു പഠിച്ചതായ ഒരു നീതിവാക്യം ഇപ്പോഴും ഓൎക്കുന്നുണ്ടു.

1. ബൈബിൾ എന്നാൽ ക്രിസ്തീയ വേദപുസ്തകം.

പ. അതെന്താണ്? കേൾക്കട്ടെ.

മ. പറയാം; അതു ഇങ്ങനെയാണ്:—

"ആരെയും ഭേദമില്ലീശ്വരനോക്കിലൊ
ആരെയും തള്ളിക്കളയുന്നതുമില്ല
വിദ്വാൻ അവിദ്വാൻ, സരസൻ സമൎത്ഥനും,
ബുദ്ധിഹീനൻ, ധനവാൻ ദരിദ്രനും
എല്ലാവനും ഒരുപോലെ താനേവൎക്കും
എല്ലാം കൊടുത്തു രക്ഷിപ്പതവനല്ലൊ"

എന്നിങ്ങനെ ഇനിയുമുണ്ടു.

പ. അതേ, "ദൈവം മുഖപക്ഷക്കാരൻ അല്ല" എന്നു വിശുദ്ധവേദം പറയുന്നു. ദൈവം പക്ഷഭേദം കൂടാതെ മനുഷ്യജാതിക്കു നല്കി വരുന്ന നന്മകളിൽ വെച്ചു തന്റെ തിരുവചനം ഏററവും വിലയേറിയ ഒരു ദാനമാകുന്നു. എന്തെന്നാൽ മനുഷ്യൻ ഈ പാപാന്ധകാര ലോകത്തിൽ കൂടെ ദൈവരാജ്യത്തിലേക്കു യാത്ര ചെയ്യാനുള്ള ഒരു സഞ്ചാരിയത്രെ. അങ്ങനെയുള്ള ഒരുത്തന്നു ഒരു ദിവ്യ വഴികാട്ടി എത്രയും അത്യാവശ്യമല്ലോ. സങ്കീൎത്തനക്കാരനായ ദാവീദും ഇസ്ലാം നബിയായ മുഹമ്മദും മഹാത്മാക്കളായ മററനേകരും തങ്ങളുടെ ഇഹലോക യാത്രയിൽ വെച്ചു ഒരു ദിവ്യ വഴികാട്ടിയുടെ ആവശ്യത്തെ നല്ലവണ്ണം ബോധിച്ചറിഞ്ഞിരുന്നു. ആ വിലയേറിയ വഴികാട്ടി ദൈവത്തിന്റെ തിരുവചനമല്ലാതെ മററൊന്നുമല്ല. തിരുവെഴുത്തുകളായ പഴയനിയമത്തെയും പുതിയനിയമത്തെയും കുറിച്ചു മുഹമ്മദീയ കുറാനും വളരെ പ്രശസ്തമായി പ്രസ്താവിക്കുന്നു. ക്രിസ്തീയ തിരുവെഴുത്തുകൾ "മനുഷ്യൎക്കു ഒരു പ്രകാശവും വഴികാട്ടിയും" എന്നും (൩-ാം സൂറ. ൨൭), അതു, "ഭക്തന്മാൎക്കു ഒരു നടത്തിപ്പും ഉപദേശവും" എന്നും (൨൦-ാം സൂറ. ൫൩), അതു, "പൂൎണ്ണതയും തികവുമുള്ളതുമായ പ്രമാണവും കരുണയും ആകുന്നു" എന്നും മററുമത്രെ (൬-ാം സൂറ. ൧൫൪). എന്നു തന്നേയുമല്ല, ക്രിസ്തീയ തിരുവെഴുത്തുകളെ കുററം കൂടാതെ സൂക്ഷിപ്പാൻ കുറാൻ അതിന്റെ കാവല്ക്കാരനായും കൂടെ ഇരിക്കുന്നു എന്നും കുറാനിൽ കാണുന്നു (൫-ാം സൂറ. ൫൨). ഇങ്ങനെയുള്ള അനേകം കാൎയ്യങ്ങൾ ക്രിസ്തീയ തിരുവെഴുത്തുകളെ കുറിച്ചു കുറാനിൽ പറയുന്നതിനാൽ ഭയഭക്തിയുള്ള മുസല്മാനരിൽ വളരെ പേർ ഇപ്പോൾ ബൈബിളിനെ അതി

ശ്രദ്ധയോടെ വായിച്ചറിയുന്നുണ്ടു എന്നു നിങ്ങൾ അറിയാതിരിക്കരുതു.

മ. ഈ പുതിയ അറിവുകൾക്കായി ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു; ബൈബിളിനെ കുറിച്ചു ഇത്ര വന്ദ്യകരമായി കുറാനിൽ പ്രസ്താവിച്ചിട്ടുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല. ബൈബിൾ "പൂർണ്ണതയും തികവുമുള്ള പ്രമാണം" എന്നു കുറാൻ ഘോഷിക്കുന്നതിൽനിന്നു തന്നേ, അതു മററെല്ലാ പ്രമാണങ്ങളേക്കാളും ശ്രേഷ്ഠമെന്നു വരുന്നുവല്ലോ.

പ. അതിന്നു സന്ദേഹമില്ല. എന്നാൽ മുസല്മാനർ മിഥ്യാവാദം ചെയ്യുന്നപ്രകാരം, മുഹമ്മദിൻെറ മരണശേഷം ക്രിസ്തീയ തിരുവെഴുത്തുകൾക്കു എന്തെങ്കിലും വല്ല വഷളത്വം ഭവിച്ചിട്ടുണ്ടെങ്കിൽ അതിൻെറ ഉത്തരവാദത്വം കുറാൻെറ മേലാണ് ഇരിക്കുന്നതു. എന്തെന്നാൽ കുറാൻ അതിൻെറ കാവല്ക്കാരനാണെന്നു താൻ തന്നേ സമ്മതിച്ചിരിക്കുന്നുവല്ലോ.

മ. അതിന്നു ആക്ഷേപമില്ല. എന്നാൽ അങ്ങനെയൊന്നും ബൈബിളിനെ കുറിച്ചു ശങ്കിപ്പാനില്ലല്ലോ?

പ. അശേഷം പോലുമില്ല; എന്തെന്നാൽ അതിന്നു ഇതുവരെയും യാതൊരു കേടുപാടും ഭവിച്ചിട്ടില്ല.

മ. ബൈബിളിൻെറ എഴുത്തുകാർ ആസ്യക്കാർ അല്ലായിരുന്നുവോ?

പ. അതേ, അതിൻെറ എഴുത്തുകാർ ആസ്യക്കാർ ആയിരുന്നതിനാൽ അതു കിഴക്കേ രാജ്യക്കാരുടെ ഇടയിൽ ഉത്ഭവിച്ച ഒരു ഗ്രന്ഥമത്രെ. അതുകൊണ്ടു പടിഞ്ഞാറേ ഖണ്ഡക്കാരേക്കാൾ കിഴക്കേ വങ്കരയിലുള്ളവൎക്കാണ് അതിനോടു അധികം ഭക്തിവേണ്ടതു.

മ. ശരി തന്നേ. തങ്ങൾ ഏതു മതസ്ഥരായിരുന്നാലും തങ്ങളുടെ സ്വന്ത രാജ്യത്തിൽ ഉത്ഭവിച്ച യാതൊന്നിനോടും സ്വരാജ്യക്കാൎക്കു തന്നേയാണ് ഒരു പ്രത്യേകത കൂടിയിരിക്കേണ്ടതു. "അടുത്തവരോടു അതിവാത്സല്യം" എന്നുണ്ടല്ലോ.

പ. അതു സാരമേറിയ ചൊല്ലു തന്നെ.

മ. ഇക്കാലത്തുള്ള മനുഷ്യരുടെ പ്രകൃതി നോക്കിയാൽ തങ്ങൾക്കൊരു ദേഹമുണ്ടെന്നല്ലാതെ ദേഹിയുണ്ടെന്നുള്ള ഭാവം ലേശംപോലുമില്ല. ശരീരകാൎയ്യം മുഷ്ടമായിരിക്കേണം. പിന്നീടു ആത്മാവിൻെറ ഗതി എന്തോ! ആരറിയുന്നു!

പ. ഹാ, അതിങ്കൽ വ്യസനിക്കാതിരിക്കുന്നതെങ്ങനെ? അതു, സാക്ഷാലുള്ള ആളിനെ വിട്ടുംവെച്ചു അവന്റെ നിഴലിനെ തപ്പി പിടിപ്പാൻ ശ്രമിക്കുമ്പോലെ അല്ലയോ? മണ്ണിനെപ്രതി മാണിക്യത്തെ നഷ്ടപ്പെടുത്തുന്ന ലോകരെ കുറിച്ചു വ്യസനിക്കാതിരിപ്പാൻ കഴിയുമോ?

മ. സത്യം തന്നേ. എന്നാൽ പുറജാതികളായ പ്ലെറ്റൊ മുതലായ പുരാതന തത്വജ്ഞാനികൾ ആത്മാവിന്റെ മരണമില്ലായ്മയെ കുറിച്ചും; മനുഷ്യരെ ആത്മകാൎയ്യങ്ങളിൽ വഴി നടത്തുവാൻ ഒരു ദിവ്യ വെളിപ്പാടിന്റെ ആവശ്യത്തെ കുറിച്ചും ബോധപ്പെട്ടു വിശ്വസിച്ചിരുന്നില്ലയോ?

പ. ഉവ്വ്; നിങ്ങൾ അവരെ കുറിച്ചു അറിഞ്ഞിരിക്കുന്നതിനാൽ നിങ്ങളോടു അവരെ സംബന്ധിച്ചു സംസാരിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു.

മ. മനുഷ്യാത്മാവിനെ സംബന്ധിച്ചു പ്ലെറ്റൊ പറഞ്ഞിട്ടുള്ള ചില സാര സംഗതികൾ ധാരണയിലുണ്ടോ? എന്റെ ഓൎമ്മയിൽനിന്നു അവ മിക്കവാറും വിട്ടുപോയിരിക്കുന്നു.

പ. ഉവ്വ്; താൻ പറഞ്ഞിട്ടുള്ള ചില കാൎയ്യങ്ങളെ തന്റെ സ്വന്ത വചനങ്ങളിൽ തന്നേ പറയാം; അതായ്തു:—"ആത്മാവു മരണമില്ലാത്തതും, എല്ലാ തിന്മയെയും നിൎവ്വഹിപ്പാനും എല്ലാ നന്മയെയും സമ്പാദിപ്പാനും കഴിവുള്ളതുമാകുന്നു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ, നമുക്കു മേലോട്ടുള്ള പാതയിൽനിന്നു അധികം അകലാതെ ജീവിപ്പാനും, എല്ലാററിലും നീതിയോടും ജ്ഞാനത്തോടും കൂടെ പ്രവൎത്തിപ്പാനും കഴിയും" ......"സാക്ഷാൽ ശൌൎയ്യമുള്ള മനുഷ്യൻ സത്യത്തെ കണ്ടെത്തും; അതു അവന്നു അസാദ്ധ്യമെന്നു വന്നാൽ, കുറഞ്ഞപക്ഷം താൻ മാനുഷികമായ ഉത്തമ വാക്യങ്ങളെ എങ്കിലും അഭയമാക്കി പിടിച്ചിട്ടു ഒരു പൊങ്ങുതടിയിൽ കൂടി എന്നപോലെ അതിൽ കരേറി വിപത്തുകളാൽ നിറഞ്ഞ ഈ ജീവനിൽ കൂടെ സഞ്ചാരം ചെയ്യുന്നു. എന്നാൽ 'ചില ദിവ്യമായ പ്രമാണം' ഉള്ളവന്നു, ഒരു കപ്പലിൽ എന്നപോലെ ഉപദ്രവം കുറഞ്ഞും, ക്ഷേമം അധികമധികം വൎദ്ധിച്ചും തന്റെ വഴിയാത്രയെ ശുഭമായി നടത്തുവാൻ കഴിയും".—

മ. പുറജാതിക്കാരനായ ഒരു തത്വജ്ഞാനിയിൽ നിന്നു ഈ വിഷയത്തെ സംബന്ധിച്ചുള്ള പ്രസ്താവന എത്ര വിശേഷമായിരിക്കുന്നു!

പ. സംശയമുണ്ടോ! മനുഷ്യന്റെ ക്ഷേമകരമായ ജീവയാത്രെക്കു ആവശ്യമായതു "ദിവ്യമായ വചനം" എന്നല്ലോ താൻ പറഞ്ഞിരിക്കുന്നതു. സാരമേറിയ മൊഴികളെ ഹിന്തുക്കളോ മുസല്മാനരോ ക്രിസ്ത്യാനികളോ ആരായാലും അത്യന്തം ശ്രദ്ധിക്കേണ്ടതു ആണു്.

മ. ഞാൻ അതിനെ പൂൎണ്ണമായി സമ്മതിക്കുന്നു.

പ. എന്നാൽ ആ "ദിവ്യമായ വചനം" ദൈവം നമുക്കു വാഗ്ദത്തപ്പെട്ട ഒരു പുരുഷനിൽ കൂടി ഒരു വിലയേറിയ ഗ്രന്ഥമായി നല്കീട്ടുണ്ടെന്നു പിന്നാലെ ഞാൻ നിങ്ങളെ കാണിക്കാം.

മ. കൊള്ളാം, ഞാനും അതിന്നായി ആഗ്രഹിക്കുന്നു.

പ. തത്വജ്ഞാനിയായ പ്ലെറ്റൊ[1] മാനുഷ വചനങ്ങളെ ഒരു പൊങ്ങുതടി അല്ലെങ്കിൽ ചങ്ങാടം എന്നതിനോടും ദൈവികമായ വചനങ്ങളെ ഒരു കപ്പലിനോടുമത്രെ ഉപമിച്ചിരിക്കുന്നതു. ചങ്ങാടവും കപ്പലും രണ്ടും നിങ്ങൾ കണ്ടിട്ടുണ്ടല്ലോ.

മ. ഉവ്വു്, അവ രണ്ടും ഞാൻ മദ്രാസിൽവെച്ചു ധാരാളം കണ്ടിട്ടുണ്ടു.

പ. എന്നാൽ ഇവ രണ്ടിന്നും തമ്മിലുള്ള വ്യത്യാസവും നിങ്ങൾ നല്ലവണ്ണം ആലോചിച്ചിരിക്കാം. ചങ്ങാടത്തിൽ യാത്ര ചെയ്യുകൊണ്ടിരിക്കുന്ന ഒരുത്തന്നു പലതരം ആപത്തുകൾ നേരിട്ടേക്കാം. ചിലപ്പോൾ വലിയ തിരമാലകളെ കൊണ്ടും, ചിലപ്പോൾ ഉപദ്രവകരമായ വലിയ മത്സ്യങ്ങളെ കൊണ്ടും, ചിലപ്പോൾ കാററു, മഴ, മഞ്ഞു ഇത്യാദികൾ മൂലവും ബഹുവിധമായ അനൎത്ഥങ്ങൾക്കിടയുണ്ടു. ഒരു വലിയ കപ്പലിൽ ക്ഷേമമായി യാത്ര ചെയ്യുന്നവന്റെ അവസ്ഥയോ അപ്രകാരമല്ല. മാനുഷ മതനിബന്ധനകൾ ഒക്കെയും ഒരു ചങ്ങാടത്തോടും, ദൈവികമായ പ്രമാണങ്ങൾ ഒരു കപ്പലിനോടും സാമ്യങ്ങളത്രെ. ഇവ രണ്ടിൽ, കപ്പലിനെ അഭയമാ

1. പ്ലെറ്റൊ എന്നവൻ ഗ്രേക്കിലെ ഒരു വലിയ തത്വജ്ഞാനിയായിരുന്നു. താൻ ക്രി. മു. ൪൨൯-ൽ അഥേന പട്ടണത്തിൽ ജനിച്ചു. താൻ സോക്രട്ടീസിൽനിന്നു ആത്മാവിന്റെ നാശമില്ലായ്മയെക്കുറിച്ചു കേട്ടു ഗ്രഹിച്ചിരുന്നു. സോക്രട്ടീസ് (Socrates) എന്നവൻ ഗ്രേക്കതത്വജ്ഞാനികളിൽ വെച്ചു മഹാ മുഖ്യൻ. താൻ ക്രി. മു. ൪൬൯-ൽ ജനിച്ചു. അവൻ സത്യേക ദൈവത്തിലും ആത്മാവിന്റെ മരണമില്ലായ്മയിലും പൂൎണ്ണമായി വിശ്വസിച്ചിരുന്നു. താൻ പുറജാതി ദേവന്മാരോടുള്ള സേവയെ ത്യജിച്ചു കളഞ്ഞതിനാൽ കൊല്ലപ്പെട്ടു.

ക്കിയിരിക്കുന്നവൻ ഭാഗ്യവാനാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

മ. ശരി, സാമ്യം വളരെ വിശേഷം തന്നേ, കാൎയ്യാൎത്ഥവും നന്നേ ശോഭിക്കുന്നു.

പ. ഇതിനോടു തുല്യമായി ഋഗ്വേദത്തിൽ ഒരു മഹാവാക്യമുണ്ടു; അതു ഗോപ്യമായി ബ്രാഹ്മണർ സൂക്ഷിക്കുന്നു എങ്കിലും മന്ത്രങ്ങളെല്ലാം ഇക്കാലത്തു പാട്ടായിരിക്കുന്നു എന്നു നിങ്ങൾക്കും അറിയാമല്ലോ.

മ. അതേ, ദൈവപ്രമാണങ്ങളൊന്നും മറെച്ചു വെച്ചിട്ടാവശ്യമില്ല എന്നു തന്നേയാണ് എന്റെ പക്ഷവും. മറെച്ചു വെക്കുന്ന കാൎയ്യങ്ങളിൽ മായമില്ലയോ എന്നു സന്ദേഹിപ്പാൻ ഏവൎക്കും വഴിയുണ്ടല്ലോ; മാത്രമല്ല, അതു പരോപകാര ഭംഗവുമാണ്. ചതുൎവ്വേദോക്തങ്ങളെ ശ്രദ്ധമായി സൂക്ഷിക്കേണം എന്നുള്ള അജ്ഞാനമൊന്നും എനിക്കില്ല. നിങ്ങൾ ഇപ്പോൾ പറഞ്ഞ ഋഗ്വേദവാക്യം എന്താണ്? അങ്ങനെയൊരു വാക്യമുണ്ടെന്നു എനിക്കും തോന്നുന്നു; കേട്ടാൽ നിശ്ചയിക്കാം.

പ. കേൾപ്പിക്കാമല്ലോ; അതു ഇപ്രകാരമെന്നു തോന്നുന്നു.

"വാക്വൈസുതമാം നൌഃ
വാചമേവ തദാരുഹ്യ
തയാ സ്വൎഗ്ഗലോകം അഭിസന്തരതി"(1)

മ. ശരി തന്നേ; ഞാൻ അതിപ്പോൾ ഓൎക്കുന്നു; അതു ഋഗ്വേദം, ഐത്തിയ്യ ബ്രാഹ്മണയിലുള്ള ഒരു വേദോക്തമാണ്. നാം ആലോചിക്കുന്ന വിഷയത്തോടു അൎത്ഥംകൊണ്ടു വളരെ ചേൎച്ചയുമുണ്ടു.

പ. താങ്കൾ അതിന്റെ അൎത്ഥം ഗ്രഹിച്ചിരിക്കയാൽ ഞാൻ പറഞ്ഞു വരുന്ന കാൎയ്യം എളുപ്പം മനസ്സിലാക്കാമല്ലോ.

മ. ഉവ്വ്, ഈശ്വര വചനം നല്ല തോണി; ഒരു ഓടത്തിൽ എന്നപോലെ അതിൽ കരേറീട്ടു, അതു മൂലം സ്വൎഗ്ഗലോകത്തെ പ്രാപിക്കുന്നു എന്നു തന്നേ അതിന്റെ അൎത്ഥം. അതു നമ്മുടെ സംഭാഷണയോടു നന്നാ ചേരുന്നു.

(1) വാക്=വചനം; (വൈ: അവ്യയം); സുതമാം=നല്ല; നൌഃ=തോണി; വാചമേവ (വാചം+ഏവ)= വാക്കിനെ തന്നേ; തദാരുഹ്യ (തദ+ആരുഹ്യ)=അപ്പോൾ കരേറീട്ടു; സ്വൎഗ്ഗലോകം =സ്വൎഗ്ഗലോകത്തെ; അഭിസന്തരതി=കടക്കുന്നു.

പ. അതേ, തിരുവചനമാകുന്ന സുവിശേഷകപ്പൽ അതിനെ അഭയമാക്കീട്ടുള്ള എല്ലാ ജാതികളെയും ഗോത്രങ്ങളെയും അത്യുഗ്രമായ കൊടുങ്കാററിൽ കൂടെയും ഇതുവരെ വഹിച്ചു കൊണ്ടുപോയിരിക്കുന്നു. യാതൊരു കപ്പൽഛേതവും ഇന്നുവരെ അതിന്നു സംഭവിച്ചിട്ടില്ല; ഇനി സംഭവിക്കയുമില്ല.

മ. ഇടെക്കു ഒന്നു കൂടെ ചോദിച്ചുകൊള്ളട്ടെ: മനുഷ്യൻ ഒരു മതത്തെ സ്വീകരിച്ചാൽ അതു അവന്നു ഇഹത്തിന്നും പരത്തിന്നും ഗുണകരമായിരിക്കേണം എന്നു തോന്നുന്നില്ലയോ?

പ. അതു സാരമേറിയ ഒരു സംഗതി തന്നേ; എന്തെന്നാൽ മനുഷ്യൻ തൻെറ ദേഹദേഹികൾ രണ്ടിൻെറയും ക്ഷേമത്തിന്നായി വിചാരപ്പെടേണ്ടിയവൻ ആകുന്നുവല്ലോ.

മ. അതേ; ബൈബിൾ മൂലം ഇവ രണ്ടും സാദ്ധ്യമാകുമോ?

പ. നാസ്തികന്മാരും അവിശ്വാസികളുമായ ആക്ഷേപികൾ ബൈബിളിന്നു എതിരായി വളരെയെല്ലാം എഴുതീട്ടുണ്ടെങ്കിലും, ലോകത്തിൻെറ തല്ക്കാല സ്ഥിതി നോക്കിയാൽ തിരുവെഴുത്തുകളെ അതിഭക്തിയോടെ വിചാരിച്ചു വരുന്ന ജനങ്ങളും ജാതികളും ആരെല്ലാമോ അവരുടെ മേലാകുന്നു ദൈവാനുഗ്രഹം ലൌകികമായും ആത്മികമായും അധികം ഉണ്ടായിരിക്കുന്നതു.

മ. പരമാൎത്ഥമായി ആലോചിക്കുമ്പോൾ കാൎയ്യം അങ്ങനെ തന്നേയാണെന്നു എനിക്കും തോന്നുന്നു.

പ. അതിൽ സംശയപ്പെടുവാനില്ല; എന്തെന്നാൽ ബൈബിളിനെ ബഹുമാനിക്കുന്ന ഏതു ജാതിയും മററുള്ള ജാതികളേക്കാൾ ധനത്തിലും ഫലനത്തിലും വിദ്യയിലും മറെറല്ലാ ശ്രേയസ്സുകളിലും അനുദിനം അഭിവൃദ്ധി പ്രാപിക്കുന്നു, എന്നു പക്ഷഭേദമെന്നിയേ ആലോചിക്കുന്ന പരമാൎത്ഥികളായ ഏവൎക്കും കാണ്മാൻ പ്രയാസമില്ല.

മ. ശരി തന്നേ; കഴിഞ്ഞുപോയ നമ്മുടെ കാരുണ്യമേറിയ വിക്ടോറിയാ രാജ്ഞി, ഒരിക്കൽ ആഫ്രിക്കായിലേ ഒരു രാജാവിനോടു, "ഇംഗ്ലണ്ടിൻെറ ശ്രേഷ്ഠതയുടെ രഹസ്യം ബൈബിളാകുന്നു" എന്നു പറഞ്ഞയച്ചതായി ഞാൻ എവിടെയോ വായിച്ചിട്ടുണ്ടു. അതു വാസ്തവം തന്നേയോ?

പ. അതേ, സത്യം തന്നേ. ഇംഗ്ലണ്ടിന്നു ബൈബി

ളിനോടുള്ള ഭയഭക്തിയെ കുറിച്ചു നിങ്ങളെ ബോധപ്പെടുത്തു വാൻ ഞാൻ വേറൊരു സംഗതി കൂടെ പറയാം:

൧൮൦൨ ജൂൺമാസം ൨൮-ാം ൹, ലണ്ടൻ പട്ടണത്തിൽ വെച്ചു നടന്ന നമ്മുടെ എഡ്വൎഡ് ചക്രവൎത്തിയുടെ പട്ടാഭിഷേക സമയം, രാജാവുതിരുമനസ്സുകൊണ്ടു അവിടെ കൂടിയിരുന്ന രാജകീയ സഭയിൽവെച്ചു ബൈബിളിനോടു കാട്ടിയ ഭക്തിവാത്സല്യത്തെ കുറിച്ചാണ് ഞാൻ പറവാൻ പോകുന്നതു. ടെമ്പിൾ (Temple) എന്ന ആൎച്ചുബിഷോപ്പു ദൈവത്തിന്റെ തിരുവചനമാകുന്ന വിശുദ്ധ ബൈബിളിനെ രാജാവിന്റെ തൃക്കരങ്ങളിലേക്കു സമൎപ്പിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:—"ഞങ്ങളുടെ കാരുണ്യമേറിയ രാജാവേ, ഞങ്ങൾ ഭൂലോകത്തിൽ ഉള്ളതിലേക്കും വിലയേറിയതായ ഈ പുസ്തകത്തെ തൃക്കയ്യിൽ സമൎപ്പണം ചെയ്യുന്നു. ഇതാകുന്നു ജ്ഞാനം; ഇതാകുന്നു രാജകീയ ന്യായപ്രമാണം; ഇതാകുന്നു ദൈവത്തിന്റെ ജീവനുള്ള അരുളപ്പാടു; ഇതിനെ വായിക്കുന്നവനും, ഈ പുസ്തകത്തിലുള്ള വചനങ്ങളെ കേൾക്കുന്നവരും, അതിൽ പറയുന്ന കാൎയ്യങ്ങളെ ചെയ്യുന്നവരും ഭാഗ്യവാന്മാർ. അതു നമ്മെ ഇഹലോകത്തിൽ വെച്ചു ജ്ഞാനവും ഭാഗ്യവുമുള്ളവരാക്കി തീൎക്കുന്ന നിത്യജീവന്റെ മൊഴികളാകുന്നു. അതു ക്രിസ്തുയേശുവിലുള്ള വിശ്വാസം മൂലം നമ്മെ രക്ഷിക്കു ജ്ഞാനികളും എന്നേക്കും ഭാഗ്യവാന്മാരും ആക്കി തീൎക്കുന്നു. അവന്നു എന്നെന്നേക്കും മഹത്വം ഉണ്ടാകട്ടെ."

മ. ഹാ! അതു വളരെ ഫലനമേറിയ വാക്കുകൾ തന്നേ; മരണപൎയ്യന്തം മറന്നുകളവാൻ പാടില്ലാത്തതുമാണ്. തിരുവെഴുത്തുകളുടെ ശ്രേഷ്ഠതയെപ്പററി ഏതാനും ഒക്കെയും അതിൽനിന്നു ഗ്രഹിപ്പാൻ പ്രയാസമില്ല.

പ. അതേ, നിങ്ങൾ പറഞ്ഞപ്രകാരം തിരുവെഴുത്തുകളുടെ ശ്രേഷ്ഠതയെ കുറിച്ചു ഏതാനും ചില സംഗതികൾ മാത്രമേ നാം അതിൽനിന്നു ഗ്രഹിക്കുന്നുള്ളു. എന്തെന്നാൽ അതു ഏററവും വിശേഷമായ തങ്കത്തേക്കാളും, വിലയ്യയന്ന മുത്തുകളേക്കാളും, മതിപ്പില്ലാത്ത വൈരത്തേക്കാളും അധികം വിലയേറിയതത്രെ. എന്തുകൊണ്ടു? മനുഷ്യനെ രക്ഷിക്കു ജ്ഞാനിയാക്കുവാൻ ആ വിശുദ്ധ ഗ്രന്ഥമല്ലാതെ ഭൂലോകം മുഴുവനിലും മറെറാന്നും ഇല്ലായ്കയാൽ തന്നേ.

മ. അതു ഞാൻ മിക്കവാറും സമ്മതിക്കുന്നു. എന്നാൽ

സാധുക്കളെ പോലെ തന്നേ വിദ്വാന്മാരായ ജനങ്ങളും എല്ലാ സ്ഥലങ്ങളിലും ബൈബിളിനോടു വളരെ ഭക്തിയുള്ളവർ ആകുന്നുവോ? ആ സംഗതിയെ കുറിച്ചു ഇവിടങ്ങളിൽ പലൎക്കും വളരെ സംശയവും ആക്ഷേപവുമുണ്ടു. അതുകൊണ്ടു ബൈബിളിന്റെ ശ്രേഷ്ഠതയെ കുറിച്ചും, അതു ഇഹത്തിന്നും പരത്തിന്നും പ്രയോജനകരമാകുന്നു എന്നു വിദ്വാന്മാരുടെ ചില സാക്ഷികളെ കുറിച്ചും കേൾപ്പാൻ എനിക്കു അതിതാല്പൎയ്യമുണ്ടു. അങ്ങനെയുള്ളവരുടെ സാക്ഷി വളരെ വിലയേറിയതാണെല്ലോ; എന്നു തന്നേയുമല്ല, അവിശ്വാസികളെ ബോധപ്പെടുത്തുവാൻ തക്കതുമാണ്. അവർ എവിടെ ജീവിച്ചവരായാലും, എപ്പോൾ ജീവിച്ചവരായാലും, അവരുടെ സാക്ഷി എത്ര ചുരുക്കമായാലും വേണ്ടതില്ല.

പ. കൊള്ളാം, അതു വളരെ സാരമേറിയ കാൎയ്യം; അങ്ങനെയുള്ള ചിലരുടെ സാക്ഷികളെ അവരുടെ സ്വന്ത വചനങ്ങളിൽ തന്നേ ഞാൻ പറയാം.

മ. അതു ഏററവും നന്നു തന്നേ.

പ. മദ്രാസിൽ പാൎത്തുവരുന്ന നമ്മുടെ ഇണ്ട്യരാജ്യക്കാരനായ ഒരു പ്രാപ്തനും വിദ്വാനുമായ ലേഖകൻ, കഴിഞ്ഞ അമ്പതു വൎഷങ്ങൾക്കിടയിൽ ബൈബിളിന്നു എതിരായി എഴുതിക്കിടക്കുന്ന ആക്ഷേപങ്ങളെ സംബന്ധിച്ചു ഇപ്രകാരം പറയുന്നു:—"ഇണ്ട്യയിൽ ബൈബിളിന്നു എതിരായുള്ള ആക്ഷേപികളുടെ എഴുത്തുമൂലം ക്രിസ്ത്യാനികളുടെ ഇടയിലോ ക്രിസ്ത്യാനികൾ അല്ലാത്തവരുടെ ഇടയിലോ ബൈബിളിനെ സംബന്ധിച്ചിടത്തോളം യാതൊരു അഭിപ്രായ മാററവും ഉണ്ടായിട്ടില്ല. ജാതികളുടെ അനുമതിപ്പിൻ പ്രകാരം ബൈബിളിന്നു ദിനംപ്രതി ശക്തിയും മുഖ്യതയും കൂടുന്നതേയുള്ളു. ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലും, മുഖ്യമായി കല്ക്കത്താ, മദ്രാസ്, ബൊംബായി എന്നീ പ്രധാന പട്ടണങ്ങളിലും, ബൈബിൾമൂലമുണ്ടാകുന്ന ഭാഷാവിദ്യയെയും നാഗരീകസംബന്ധമായ അറിവിനെയും പ്രത്യേകമായി ചിന്തിക്കാതെ, മതകാൎയ്യങ്ങളിൽ അതുമൂലം ഉളവാകുന്ന പ്രയോജനത്തെ തന്നേ മുഖ്യമായി ഓൎത്തിട്ടു പല ജാതികളും അതിനെ വായിച്ചുവരുന്നു. സൎവ്വകലാശാല വിദ്യകളിൽ നിപുണന്മാരായ അനേകം യുവാക്കന്മാർ മതാഭിവൃദ്ധിക്കായി രാവിലേ തോറും തങ്ങളുടെ കുഡുംബസഹിതം അതിനെ വായിക്കുന്നു. തങ്ങളുടെ സ്വന്ത മതഗ്രന്ഥങ്ങളേക്കാൾ

അധികമായി അവർ ബൈബിളിനെ സന്മാൎഗ്ഗ മൎയ്യാദകൾക്കും ദൈവത്തെ കുറിച്ചുള്ള അറിവിന്നും ഒരു സംഗ്രഹമായി വിചാരിച്ചുവരികയും ചെയ്യുന്നു"—എന്നത്രെ.

മ. ബൈബിളിന്റെ മാഹാത്മ്യത്തെ കുറിച്ചു അതു ബഹു വിശേഷമായ ഒരു സാക്ഷി തന്നേ; പ്രത്യേകം നമ്മുടെ സ്വരാജ്യക്കാരിൽ ഒരാളുടെയാകയാൽ വളരെ ശ്രദ്ധിക്കേണ്ടിയതുമാണ്.

പ. അതിന്നു സന്ദേഹമില്ല. താൻ പിന്നെയും പറയുന്നതു:—"ബൈബിളിന്റെ ലളിതവും തെളിവും ഊൎജ്ജിതവുമുള്ള ഉപദേശങ്ങൾ വളരെ ആകൎഷണശക്തിയോടു കൂടിയവയാകുന്നു. ഈ ലക്ഷണം ഞങ്ങളുടെ സ്വന്ത മതഗ്രന്ഥങ്ങൾക്കു ഇല്ല താനും; അവർ ഞങ്ങളുടെ ഉറപ്പിന്നും അഭിവൃദ്ധിക്കുമായി അനുദിനം അതിനെ വായിക്കുന്നു. സങ്കീൎത്തനങ്ങളും സുവിശേഷങ്ങളും ഹൃദയത്തെ പ്രകാശിപ്പിക്കയും മനസ്സിനെ ഉത്സാഹിപ്പിക്കയും ചെയ്യുന്നവയാകയാൽ അവർ അവയെ മുഖ്യമായി പാരായണം ചെയ്യുന്നു."

മ. ശരി തന്നേ; എന്തെന്നാൽ ഞാൻ അറിയുംപ്രകാരം എന്റെ സ്നേഹിതന്മാരിൽ ചിലർ അങ്ങനെ ചെയ്യാറുണ്ടു. അനൎത്ഥകാലങ്ങളിൽ സങ്കീൎത്തന വായനയാൽ വളരെ ആശ്വാസം പ്രാപിക്കാമെന്നു അനുഭവംകൊണ്ടു ഞാനും അറിയുന്നു. എന്നുവേണ്ടാ, കുറെ കാലങ്ങളായി ഹിന്തുക്കൾക്കും മുസല്മാനൎക്കും ക്രിസ്തുവിനോടു അഭിമാനം കൂടിക്കൂടി വരുന്നതിനാൽ സുവിശേഷ വായനയിൽ അവൎക്കു ഇഷ്ടം തന്നേയാണ്. വിശു. യോഹന്നാന്റെ സുവിശേഷം പരദേശ ബ്രാഹ്മണരും അറിവിൽ പരിഷ്കാരപ്പെട്ടു വരുന്ന നമ്പൂതിരിമാരും വായിപ്പാൻ വിശേഷാൽ ഇഷ്ടപ്പെടുന്ന ഒരു ഗ്രന്ഥവുമാണ്.

പ. അതിങ്കൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ മേല്പറഞ്ഞ ലേഖകൻ വിശുദ്ധ തിരുവെഴുത്തുകളെ കുറിച്ചും അതിന്റെ വായനക്കാരെ കുറിച്ചും ഇനിയും ചില സംഗതികൾ കൂടെ പറയുന്നുണ്ടു; അതു കൂടെ ഞാൻ പറഞ്ഞുകൊള്ളട്ടെ.

മ. അങ്ങനെയാകട്ടെ; സന്തോഷത്തോടെ കേൾക്കാം.

പ. താൻ വീണ്ടും പറയുന്നതു:—"ഈ രാജ്യക്കാരനായ ഒരു മുഖ്യ ബാറിസ്റ്റർ കുറെ ദിവസം മുമ്പെ ഞങ്ങളോടു പറഞ്ഞതു, ഒരു മതഭക്തനായ ഹൈക്കോൎട്ട് ഹിന്തുവക്കീൽ ദി-

നമ്പ്രതി രാവിലേ തോറം തന്റെ മകനോട കൂടെ സങ്കീൎത്ത ന പുസ്തകം വായിച്ചുവരുന്നു. താൻ കോടതിസംബന്ധമായ വിദ്യാവകുപ്പുകളിൽ അതിസമൎത്ഥനല്ലെങ്കിലും സ്വഭാവഗുണങ്ങളിൽ വളരെ പരമാൎത്ഥിയും നിഷ്കപടനും ആകുന്നു; തന്റെ മകന്റെ വിദ്യാഭ്യാസ വിഷയങ്ങളിൽ വളരെ തല്പരനുമാണ്. താൻ ഒരിക്കൽ വിദ്യാശാലയിലുള്ള ഉയൎന്ന പരീക്ഷകളിൽ വിജയികളായി തീൎന്നിട്ടുള്ളവരുടെ ഒരു സമൂഹത്തോട, അവർ തങ്ങളുടെ ആത്മികാഭിവൃദ്ധിക്കായി ബൈബിൾ വായിക്കേണമെന്നു പരസ്യമായിട്ടു ഗുണദോഷിച്ചു. ഒടുവിൽ ആ ബാറിസ്റ്റർ ഞങ്ങളോട, മുൻകാലങ്ങളിൽ ഈ രാജ്യക്കാരായ പഠിതാക്കാർ തങ്ങളുടെ വിദ്യാപരിഷ്കാരത്തിന്നായി മാത്രം ബൈബിൾ വായിച്ചുവന്നു; ഇപ്പോഴോ, മതസംബന്ധമായ അതിന്റെ വിശേഷ യോഗ്യതകളെ ഉദ്ദേശിച്ചുകൊണ്ടത്രെ അപ്രകാരം ചെയ്യുന്നതു" എന്നു പറഞ്ഞു.

മ. അതു വളരെ സാരമേറിയ പ്രസ്താവം തന്നേ; എന്തു തോന്നുന്നു?

പ. ആക്ഷേപമില്ല. ഹിന്തുക്കൾക്കു ചതുൎവ്വേദങ്ങളും ഇതിഹാസ പുരാണങ്ങളും മററും ഉണ്ടായിരുന്നിട്ടും, തങ്ങളുടെ ആത്മക്ഷേമത്തിന്നായി മതഗ്രന്ഥങ്ങളിൽ വെച്ചു മഹാ ഗ്രന്ഥമായ ബൈബിളിനെ തന്നേ അവർ ആവശ്യപ്പെടുന്നു എന്നുള്ളതു നിങ്ങൾ കാണുന്നുവല്ലോ.

മ. അതു ഞാൻ കാണുന്നു എന്നു മാത്രമല്ല, അനുഭവത്തിൽനിന്നു ഏറെക്കുറെ അറികയും ചെയ്യുന്നു.

പ. മുസല്മാനരുടെ ഇടയിലും അങ്ങനെ തന്നേയാണ്. അവരിൽ വിദ്യയും ഭക്തിയുമുള്ള അനേകർ വളരെ താല്പൎയ്യത്തോടെ ബൈബിൾ വായിക്കുന്നുണ്ടു. അതേ, അവർ അങ്ങനെ ചെയ്യേണ്ടതുമാണ്; എന്തെന്നാൽ അവരുടെ നബി ബൈബിളിനെ കുറിച്ചു, അതു മനുഷ്യൎക്കു ഒരു വഴികാട്ടിയും പ്രകാശവുമാകുന്നു എന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിനെ വായിച്ചറിവാൻ കുറാൻ പ്രത്യേകം കല്പിച്ചിട്ടുണ്ടു.

മ. കുറാനും ബൈബിളിനെ കുറിച്ചു ഇത്ര ഗൌരവമായി പറഞ്ഞിട്ടുള്ളതിൽ ഞാൻ ആശ്ചൎയ്യപ്പെടുന്നു.

പ. ബൈബിൾ ഒരു അതിശയിക്കത്തക്ക പുസ്തകമാകയാൽ അതിങ്കൽ ലോകൎക്കു ആശ്ചൎയ്യപ്പെടാതിരിപ്പാൻ കഴികയില്ല. മേല്പറഞ്ഞ ഹിന്തുലേഖകൻ പിന്നെയും പറയുന്ന

തു:—"ഹിന്തുക്കൾ മതസംബന്ധമായ ഗ്രന്ഥത്തെ മറ്റുള്ള സാധാരണ പുസ്തകങ്ങളുടെ കൂട്ടത്തിൽ ഒന്നുപോലെ വിചാരിക്കുന്നില്ല. മതഗ്രന്ഥങ്ങൾക്കു ശ്രേഷ്ഠത്വം കൂട്ടം; അതുകൊണ്ടു ബൈബിൾ എന്ന ഗ്രന്ഥത്തെയും അവർ സാധാരണ പുസ്തകം പോലെ വിചാരിക്കുന്നില്ല...........യൂറോപ്പിൽ ദൈവഭക്തിയും സന്മാൎഗ്ഗവും ബൈബിൾ മൂലമത്രെ ഉണ്ടായിരിക്കുന്നതു; ആ ശ്രേഷ്ഠ ഗ്രന്ഥത്തോടു ഭയഭക്തിയുള്ള ജാതികളൊക്കെയും ഉന്നതിയും ഉൽകൃഷ്ടതയും ഉള്ളവരായിരിക്കുന്നു...........ബൈബിൾ എന്ന ഗ്രന്ഥം എന്തു തന്നേ ഉപദേശിച്ചാലും, മനുഷ്യജാതിയെ എല്ലാ കാലങ്ങളിലും ഭരിച്ചു നടത്തുന്ന പുസ്തകം അതാകുന്നു."

മ. ബൈബിളിനെ സംബന്ധിച്ചു ഇത്ര ശ്രേഷ്ഠമായ സാക്ഷി ഒരു ഹിന്തുവിൽനിന്നു കേൾപ്പാൻ സംഗതിയായതിൽ ഞാൻ വളരെ അതിശയിക്കുന്നു. ഇനിയും ഇതുപോലെയുള്ള വേറെ സാക്ഷികളുണ്ടോ? കേൾപ്പാൻ വളരെ വാഞ്ഛയുണ്ടു.

പ. കൊള്ളാം; ഹിന്തുക്കളിൽ മേൽജാതിക്കാരനായ വേറൊരു വിദ്വാന്റെ സാക്ഷികൂടെ പറയാം. അദ്ദേഹം വിദ്യാഭ്യാസ വിഷയങ്ങളിൽ നല്ല പരിചയവും ഏൎപ്പാടും ഉള്ളവനാകയാൽ, താൻ പറയുന്ന സംഗതികളെ നല്ലവണ്ണം ഗ്രഹിച്ചുകൊണ്ടത്രെ താൻ പറയുന്നതു.

മ. അതേ, അങ്ങനെയുള്ളവരുടെ സാക്ഷി തന്നേ വേണ്ടതു.

പ. അദ്ദേഹം ജ്ഞാനിയായ ഒരു മനുഷ്യനെ പോലെ, വിദ്യാൎത്ഥികൾക്കു അറിവു മാത്രം പോരാ, ഹൃദയ ഗുണീകരണവും കൂടെ വേണമെന്നു അതിതാല്പൎയ്യമുള്ളവനായിരുന്നു.

മ. ഹാ! അങ്ങനെയുള്ള ഗുണകാംക്ഷികളെ ഈശ്വരൻ വൎദ്ധിപ്പിക്കട്ടെ.

പ. ആ നല്ല ആലോചനക്കാരനായ വിദ്വാൻ ഹിന്തുക്കളുടെയും മറ്റുള്ളവരുടെയും വിദ്യാഭ്യാസ വിഷയങ്ങളെ കുറിച്ചു പ്രസ്താവിക്കുന്നതു:—"വിദ്യാൎത്ഥികളുടെ ഗുണീകരണത്തിന്നായി എനിക്കു സൂചിപ്പിപ്പാനുള്ള ഒന്നാമത്തെ മാൎഗ്ഗം, ഉയൎന്നതും താണതുമായ എല്ലാ വിദ്യാശാലകളിലും ബൈബിൾ ഒരു സ്കൂൾവിഷയമായിട്ടു ഏൎപ്പാടു ചെയ്യുന്നതാകു

ന്നു. മനുസ്മൃതി, ഗീത, പുരാണങ്ങൾ മുതലായ ഗ്രന്ഥവിഷയങ്ങൾ വിദ്യാൎത്ഥികളുടെ മാനസികമായ ദൃഷ്ടിയെ സൽഗ്ഗുന്ന വിഷയങ്ങളിലേക്കു വിസ്തീൎണ്ണപ്പെടുത്തുന്നതിൽ പോരാത്തതായും, തങ്ങളുടെ ആത്മകാൎയ്യങ്ങളിൽ മൂഢഭക്തിയെ വൎദ്ധിപ്പിക്കുന്നതിന്നു ചായ്വ് ഉള്ളതായും കാണുന്നു......പുരാണങ്ങളിലെ വേദസിദ്ധാന്തങ്ങൾക്കു പകരം ബൈബിൾ അഭ്യസനത്തെ ഏൎപ്പെടുത്തിയാൽ, കുറഞ്ഞപക്ഷം നമ്മുടെ വിദ്യാൎത്ഥികൾ തങ്ങളുടെ മത മൌഢ്യങ്ങളിൽനിന്നു വിടുതൽ പ്രാപിച്ചു, ആലോചനയുള്ള മനുഷ്യരെ പോലെ കാൎയ്യാകാൎയ്യങ്ങളെ കുറിച്ചു വ്യവഹരിപ്പാനും പരിശോധിപ്പാനും പ്രാപ്തരായി തീരും. ഞാൻ ഒരു ക്രിസ്ത്യാനി അല്ലല്ലോ; എന്നാൽ ക്രിസ്തുവിന്റെ സാദൃശ്യം അധികമധികം നമ്മിൽ ഉണ്ടാകുന്തോറും നമുക്കും നമ്മുടെ രാജ്യത്തിന്നും അധികം നന്നായിരിക്കും എന്നാണ് ഞാൻ വിചാരിക്കുന്നതു. ഈ ശോഭനകരമായ ലാക്കിങ്കലേക്കു വന്നെത്തുവാൻ ആവശ്യപ്പെട്ടിരിക്കുന്നതു, സുവിശേഷങ്ങളിൽ നാം കാണുന്ന സ്നേഹത്തിന്റെയും സ്വയവഞ്ചനത്തിന്റെയും, മറ്റുള്ളവൎക്കു വേണ്ടിയുള്ള സഹനത്തിന്റെയും ദൃഷ്ടാന്തങ്ങളെ നമ്മുടെ വിദ്യാൎത്ഥികളുടെ മനസ്സിന്നു മുമ്പാകെ ദിനമ്പ്രതി പല പ്രാവശ്യവും പ്രദൎശിപ്പിക്കുന്നതു തന്നേയാകുന്നു''.

മ. അതു വളരെ അതിശയിക്കത്തക്ക സാക്ഷി തന്നേ. ഒരു ക്രിസ്തുഭക്തനു പോലും അതിനേക്കാൾ അധികമായി സാക്ഷിപ്പാൻ കഴിയുമെന്നു തോന്നുന്നില്ല. ക്രിസ്തുവിനെ കുറിച്ചു ആശ്ചൎയ്യപ്പെട്ട നിക്കൊദേമൊസ് എന്നൊരു യഹൂദറബ്ബിയുടെ കാൎയ്യം ഞാൻ ഓൎക്കുന്നു; ആ മനുഷ്യനെ പോലെ ഇ꠹ദ്ദേഹവും ക്രിസ്തുവിനെ കുറിച്ചു വളരെ ആശ്ചൎയ്യപ്പെടുന്ന ഒരാളായിരിക്കേണം; അല്ലയോ?

പ. അതേ, എന്റെ അഭിപ്രായവും അങ്ങനെ തന്നേ.

മ. ഞങ്ങളുടെ ചതുൎവ്വേദങ്ങളെ കുറിച്ചു അദ്ദേഹം വല്ലതും പ്രസ്താവിച്ചുവോ?

പ. ഉവ്വ്; ശ്രദ്ധിച്ചുകേട്ടാലും. താൻ പറഞ്ഞതു:—"സുവിശേഷ വൃത്താന്തങ്ങൾ എത്ര തെളിവുള്ളതും, ചൊവ്വുള്ളതും, പുറമേയുള്ള മോടി ഒന്നും ഇല്ലാത്തതുമാകുന്നു! അതിന്റെ സത്യം അതിന്റെ ഉപരിഭാഗത്തിന്മേൽ തന്നേ പതിഞ്ഞിരിക്കുന്നു! അതിന്റെ സാക്ഷി അതോടു കൂടെ തന്നേ കാണാവുന്നതാണ്. ബാഹ്യസാക്ഷികൾ ഒന്നും അതിന്നു ആവശ്യമില്ല!

പുരാണ ശ്ലോകങ്ങളെയും ഋഗ്വേദ മന്ത്രങ്ങളെയും ദിവസം മുഴുവനും ഉരുവിടുന്നതിനേക്കാൾ അധികമായ നന്മ അര മണിക്കൂറ നേരത്തെ ബൈബിൾവായന മൂലം ഉണ്ടാകുന്നു" എന്നത്രെ.*

മ. താൻ സത്യത്തെ വെളിപ്പെടുത്തുന്നതിൽ ശൌൎയ്യമുള്ള മനുഷ്യൻ തന്നേ, ആക്ഷേപമില്ല. അദ്ദേഹം ക്രിസ്തീയ തിരുവെഴുത്തുകളെയും ഹിന്തുവേദങ്ങളെയും ഒരുപോലെ പാരായണം ചെയ്തു ഗ്രഹിച്ചിട്ടുള്ളവനായിരിക്കേണം എന്നു എന്റെ പക്ഷം.

പ. അങ്ങനെ തന്നേയാണ്; അതുകൊണ്ടു തന്റെ അഭിപ്രായങ്ങൾക്കു വളരെ വിലയുണ്ടെന്നു കൂടെ നാം ഓൎക്കേണ്ടതാകുന്നു.

മ. അതിന്നു തൎക്കമില്ല. ഇക്കാലത്തു ഇണ്ത്യയിൽ ഒരു വലിയ മാററം നടന്നുകൊണ്ടിരിക്കുന്നു എന്നു എന്റെ വിശ്വാസം: എന്തെന്നാൽ ക്രിസ്ത്യാനിമാൎഗ്ഗത്തെ കുറിച്ചുള്ള ഒരു ഉന്നത വിചാരം മുമ്പിലത്തേക്കാൾ അധികമായി ഇപ്പോൾ ആലോചനയുള്ള ഹിന്തുക്കളിലും മുസല്മാനരിലും കാണ്മാനുണ്ടു.

പ. ശരി തന്നേ; കുറെ ദിവസം മുമ്പെ തിരുവിതാങ്കോട്ടു ബി. എ., ബി. എൽ. പാസായിരിക്കുന്ന ഒരു നായരു വക്കീൽ, ഹിന്തുക്കളുടെ ഒരു സഭയോഗം മുമ്പാകെ ഇപ്രകാരം പറകയുണ്ടായി:—"ഞാൻ ഇവിടെ പ്രസ്താവിപ്പാൻ പോകുന്ന സംഗതിയിൽ വെച്ചു നിങ്ങൾ പക്ഷേ മന്ദസ്മിതം പൂണ്ടേക്കാം; എങ്കിലും നായന്മാൎക്കു ആവശ്യമായിരിക്കുന്ന മതഗ്രന്ഥം ബൈബിൾ തന്നേ ആകുന്നു".

മ. അങ്ങനെയോ! താൻ ഊഹിച്ചപ്രകാരം ആ വാക്കിങ്കൽ അവർ ചിരിക്കയെങ്കിലും തന്റെ അഭിപ്രായത്തോടു ചേരാതിരിക്കയെങ്കിലും ഉണ്ടായോ?

പ. അശേഷം പോലുമില്ല; അവർ അതിനെ ഒരു സാരസംഗതിയായിട്ടു വിചാരിച്ചു. സംശയം കൂടാതെ അവർ കാൎയ്യബോധമുള്ളവരും സുശീലന്മാരും തന്നേയായിരുന്നു.

മ. അതേ, "ശീലം പ്രധാനം, നകുലം പ്രധാനം
കുലേന കിം, ശീലവിവൎജ്ജിതേന"(1)

എന്നുണ്ടല്ലോ.

---

(1) സൽഗുണം പ്രധാനം, കുലം പ്രധാനമല്ല; സൽഗുണമില്ലാഞ്ഞാൽ കുലം കൊണ്ടെന്തു ഫലം?

പ. ബഹു സാരാൎത്ഥം അടങ്ങിയ ശ്ലോകം തന്നേ; എന്നാൽ ഹിന്തുക്കൾ, മുസല്മാനർ, ബുദ്ധമതക്കാർ എന്നിവരുടെ മതഗ്രന്ഥങ്ങളിൽ അനേകം സത്യങ്ങളും ശ്രേഷ്ഠമായ ഉപദേശങ്ങളും അടങ്ങിയിരിക്കുന്നു; എങ്കിലും ആത്മാവിന്റെ നിത്യരക്ഷെക്കു വേണ്ടതായ എല്ലാ കാൎയ്യങ്ങളെയും കുറവുകൂടാതെ നമുക്കു കാണിച്ചുതരുന്ന ഒരു മതഗ്രന്ഥമാകുന്നു നമുക്കെല്ലാവൎക്കും അത്യാവശ്യമായിരിക്കുന്നതു.

മ. അതു ഞാൻ സമ്മതിക്കയും അധികമധികം അറിഞ്ഞുവരികയും ചെയ്യുന്നു.

പ. ബൈബിൾ, ഈ അല്പായുസ്സിൽ വെച്ചു നമുക്കു നേരിടുന്ന എല്ലാ പരീക്ഷകളിലും കൂടെ നമ്മെ വഴി നടത്തുക മാത്രമല്ല, ആരെക്കൊണ്ടും സഹായിപ്പാൻ കഴിയാത്ത നമ്മുടെ മരണസമയത്തിൽ കൂടെയും അതു നമുക്കു ആശ്വാസവും താങ്ങലും നല്കുന്നു.

മ. ഹാ, അങ്ങനെയുള്ള ഒരു ഗ്രന്ഥമാകുന്നു മനുഷ്യന്നു അത്യാവശ്യമായിരിക്കുന്നതു.

പ. അതിന്നു സംശയമില്ല.

മ. താങ്കൾ ഇപ്പോൾ തന്നേ ബൈബിളിന്റെ ശ്രേഷ്ഠമായ പ്രയോജനത്തെ പററി ഈ നാട്ടുകാരിൽ രണ്ടാളുകളുടെ സാക്ഷിയെ കുറിച്ചു പറഞ്ഞുവല്ലോ. യോഗ്യന്മാരും വിദ്വാന്മാരുമായി വേറെ സ്ഥലങ്ങളിലുള്ള ചിലരുടെ സാക്ഷിയെ കുറിച്ചു കൂടെ പറയാമോ?

പ. സന്തോഷത്തോടെ പറയാം.

ബോയൽ (**Boyl**) എന്നൊരു വിദ്വാൻ പറയുന്നതു:— "ബൈബിൾ, ഒന്നിനോടും ഉപമിപ്പാൻ കഴിയാത്ത ഒരു ഗ്രന്ഥമാകുന്നു; അതിനെ നാം എത്ര അധികം പഠിച്ചാലും, എത്ര വളരെ വിലമതിച്ചാലും അതു ആവശ്യത്തിൽ അധികമായി പോയി എന്നു ഒരിക്കലും വരുന്നതല്ല" എന്നത്രെ.(1)

സേർ ഐസക്ക് ന്യൂട്ടൻ എന്ന തത്വജ്ഞാനി പറയുന്നതു: "ദൈവ തിരുവെഴുത്തുകളെ ഏററവും മഹത്തായ ത

(1) ബോയൽ എന്ന മഹാൻ കീൎത്തിപ്പെട്ട ഒരു പ്രകൃത തത്വജ്ഞാനി ആയിരുന്നു. താൻ ഐൎല്ലണ്ടിൽ ലിസ്മോർ പട്ടണത്തിൽ ക്രിസ്താബ്ദം ൧൬൨൭-ൽ ജനിച്ചു; ഈററൻ കോളെജിൽ വിദ്യ അഭ്യസിച്ചു; ഇംഗ്ലണ്ടിലെ രാജാക്കന്മാരായ രണ്ടാമനായ ചാറത്സ്, രണ്ടാമനായ ജെയിംസ്, മൂന്നാമനായ വില്യം എന്നിവരുടെ സ്നേഹത്തിന്നു പാത്രവാനുമായിരുന്നു. മഹാ താഴ്മയുള്ള ഒരു മനുഷ്യനായിരുന്നതിനാൽ തനിക്കു നല്കപ്പെട്ട പാർലിയമെന്തു സഭയുടെ പ്രഭുസ്ഥാനം താൻ വേണ്ടായെന്നു വെച്ചുകളഞ്ഞു.

തചജ്ഞാനമായിട്ട ഞങ്ങൾ മതിക്കുന്നു" എന്നത്രെ. ഇദ്ദേഹം തന്റെ ബുദ്ധിവിസ്താരത്തിൽ മഹാ വിക്രമനായിരുന്നു; ആകപ്പാടെ നോക്കുമ്പോൾ, ബ്രിട്ടനിൽ ഉണ്ടായിട്ടുള്ള തത്വജ്ഞാനികളിൽവെച്ചു താൻ പ്രമുഖൻ എന്നു പറയാം. ഈ മഹാനെ കുറിച്ചു നിങ്ങൾ വായിച്ചറിഞ്ഞിരിക്കേണം, അല്ലയോ?

മ. ഉവ്വ്, അദ്ദേഹം നവീനകാലത്തുണ്ടായ കീൎത്തിപ്പെട്ട തത്വജ്ഞാനിയും, ഗണിതശാസ്ത്രിയും, വാനശാസ്ത്രജ്ഞനും അല്ലയോ?

പ. അതേ, ആ മഹാനെ കുറിച്ചു കീൎത്തിപ്പെട്ട കവിവരനായ പൊപ്പ് (**Pope**) പറയുന്നതു:—(1)

"പ്രകൃതിയും തന്റെ എല്ലാ കൃത്യവും
ഇരുളിൽ മറഞ്ഞിരുന്നു ഗോപ്യമായ്
ന്യൂട്ടൻ ഉണ്ടാക, എന്നരുളി ദൈവം
ഉടൻ സകലവും പ്രകാശമായ്."

മ. ന്യൂട്ടന്റെ കണ്ടുപിടുത്തങ്ങളെ കുറിച്ചു ആലോചിക്കുമ്പോൾ കവിവരന്റെ പ്രസ്താവന ശരിതന്നേ, സംശയമില്ല.

പ. അതേ, ന്യൂട്ടനും ഇക്കാലത്തുള്ള അനേകം ബാല്യക്കാരെ പോലെ തന്റെ ചെറുപ്പത്തിൽ അവിശ്വാസത്തിലേക്കു ചാച്ചലുള്ളവനായിരുന്നു. എങ്കിലും താൻ ബൈബിളും ക്രിസ്തീയ വേദസാക്ഷികളും മററും വായിച്ചറിഞ്ഞശേഷം, തനിക്കു തത്വജ്ഞാന വിഷയങ്ങളിൽ ഉണ്ടായിരുന്നതുപോലെ തന്നേ, വേദശാസ്ത്രത്തിലും അഭിരുചി ജനിച്ചു.

മ. അതു വളരെ അതിശയം തന്നേ. ബ്രിട്ടന്റെ മഹാത്മാക്കളായ പൊപ്പ്, ന്യൂട്ടൻ, മില്ടൻ, ബെയ്ക്കൻ മുതലായവരുടെ കൃതികളിൽ ചിലതെല്ലാം ഞാൻ വായിച്ചിട്ടുണ്ടു.

പ. അതു വളരെ നല്ല കാൎയ്യം; എന്തെന്നാൽ ബൈബിളിനെ കുറിച്ചു സാക്ഷികരിച്ചവർ എത്ര വലിയ മഹാന്മാരായിരുന്നു എന്നു എളുപ്പം ഗ്രഹിക്കാമല്ലോ.

മ. അതിന്നു സംശയമില്ല.

പ. നിങ്ങൾ ഇപ്പോൾ തന്നേ പറഞ്ഞ കവിവിരുതനായ മില്ടൻ, ക്രിസ്തീയ തിരുവെഴുത്തുകളെ കുറിച്ചു പറയുന്നതു: "സീയോന്റെ പാട്ടുകൾപോലെ ഒരു പാട്ടും ഇല്ല" എ

(1) "Nature and all her words lay hid in night
God said, Let Newton be, and all was light."

ന്നാകുന്നു. താൻ വിശ്രുതന്മാരായ കവിവരന്മാരിൽ ഒരുത്തനെന്നു നിങ്ങൾ നല്ലവണ്ണം അറിയുന്നുവല്ലോ.

മ. അതേ, തന്നെ കുറിച്ചു അറിയാത്തവർ ആരാണ്! യ്യുറോപ്യന്മാരെ പോലെ തന്നേ ഇണ്ഡ്യക്കാരായ നാമും അവനെ കുറിച്ചു അതിശയിക്കുന്നു.

പ. നിങ്ങൾ വായിച്ചറിഞ്ഞിട്ടുള്ള ലോഡ് ബെയ്ക്കൻ (Lord Bacon) പറയുന്നതു:—

"ക്രിസ്തുമതം എന്നപോലെ ലോകത്തിൽ പൊതുജനക്ഷേമത്തെ ഇത്ര വളരെ ഉയൎത്തിയിരിക്കുന്ന വേറൊരു മതമെങ്കിലും പ്രമാണമെങ്കിലും അഭ്യസനമെങ്കിലും ഒരു കാലത്തും ഉണ്ടായിട്ടില്ല" എന്നാകുന്നു.

മ. അതു വളരെ ഘനമേറിയ വാക്കുകളത്രെ. താൻ കീൎത്തിപ്പെട്ട ഒരു തത്വജ്ഞാനിയായിരുന്നതിനാൽ ഹിന്തുക്കളും മററും അദ്ദേഹത്തെ അത്യന്തം ബഹുമാനിക്കുന്നു.

പ. അതേ, താൻ യോഗ്യനായ ഒരു മഹാത്മാവായിരുന്നതിനാൽ സത്യത്തെ അന്വേഷിക്കുന്നതിലും ഉപദേശിക്കുന്നതിലും അതിധീരനുമായിരുന്നു. തത്വജ്ഞാനവിഷയങ്ങളായിട്ടും മററും അനേകം പുസ്തകങ്ങൾ താൻ എഴുതീട്ടുണ്ടു. അവ ഏററവും വിലയേറിയവയായി വിചാരിച്ചും വരുന്നു.

മ. ഹിന്തുക്കളായ ഞങ്ങൾ സത്യത്തെ അന്വേഷിച്ചറിയുന്നതിൽ ബെയ്ക്കനെ പോലെ ഇരുന്നുവെങ്കിൽ കൊള്ളായിരുന്നു എന്നു എന്റെ താല്പൎയ്യം.

പ. അതു വളരെ ഉൽകൃഷ്ടമായ വിചാരം തന്നേ. കീൎത്തിപ്പെട്ട വിദ്വാൻ, സേർ വില്യം ജോൺസ് (Sir William Jones), പ്രസ്താവിക്കുന്നതു: (1)"ഞാൻ ശ്രദ്ധാപൂൎവ്വം ബൈബിൾ ക്രമമായി വായിച്ചു നോക്കി; എന്റെ അഭിപ്രായത്തിൽ, ഈ പുസ്തകത്തിന്റെ ദിവ്യോത്ഭവത്തെ ആലോചിക്കാതെ തന്നേ അതിനെ കുറിച്ചു ചിന്തിക്കയെന്നു വന്നാലും; എക്കാലത്തിലും അതോടു സമവലിപ്പമുള്ളതായി ചമെക്കപ്പെട്ടിരിക്കുന്ന യാതൊരു ഗ്രന്ഥത്തിലും ഉള്ളതിനേക്കാൾ അധി

(1) സേർ വില്യം ജോൺസ് എന്നയാൾ കീൎത്തിപ്പെട്ട ഒരു ന്യായശാസ്ത്രിയും കിഴക്കൻരാജ്യങ്ങളിൽ വളരെ പരിചയിച്ചിട്ടുള്ള ഒരു വിദ്വാനുമായിരുന്നു. താൻ ക്രിസ്ത്വാബ്ദം ൧൭൪൬-ൽ ജനിച്ചു. ഹാറോസ്കൂളിൽ വിദ്യാഭ്യാസം കഴിച്ചു. ൧൭൮൩-ൽ ഇണ്ഡ്യയിൽ വന്നു, സംസ്കൃതഭാഷ പഠിച്ചു. മനുധൎമ്മത്തെ ഇംഗ്ലീഷിലേക്കു തൎജ്ജമ ചെയ്തു. പിന്നീടു താൻ ഓക്സ്ഫോഡ് സൎവ്വകലാശാലയിലെ ഒരു സ്ഥാനിയായിട്ടും ഇംഗ്ലണ്ടുചക്രവൎത്തിയാൽ ഒരു മാടമ്പിയായിട്ടും ആക്കപ്പെട്ടു, താൻ ൧൭൯൪-ൽ കാലംചെയ്തു.

കം നിഷ്കപടമായ ഉന്നതിയും, അധികം വിശേഷ ഭംഗിയും, അധികം പരമാൎത്ഥമായ ചരിത്രവും, അധികം മനോഹരമായ കവിതയും, അധികം ചാതുൎയ്യ വാചാലതയും ബൈബിളിൽ അടങ്ങിയിരിക്കുന്നു" എന്നാകുന്നു.

മ. ഹാ! ആ മഹാൻ വൎണ്ണിച്ചിട്ടുള്ളതിൽ അധികമായി ബൈബിളിനെ കുറിച്ചു പ്രശസ്യമായി പറവാൻ ആൎക്കു കഴിയും? അദ്ദേഹം സംസ്കൃതവിദ്യയിലും നൈപുണ്യവാനായിരുന്നതിനാൽ ഹിന്തുവേദങ്ങളെയും ഇതിഹാസ പുരാണങ്ങളെയും മററും പരിശോധന കഴിച്ചിട്ടുള്ള ഒരു വിദ്വാനും കൂടെ ആയിരുന്നുവല്ലോ.

പ. അതേ, സംശയമെന്തുള്ളു? താൻ ഒരു സംസ്കൃത വിദ്വാനായിരുന്നതിനാൽ, ബൈബിളിനെ പോലെ തന്നേ നിങ്ങളുടെ മതഗ്രന്ഥങ്ങളെ കുറിച്ചും നല്ലവണ്ണം അറിഞ്ഞിരുന്നു. "ബൈബിളിന്റെ ദിവ്യോത്ഭവത്തെ ഒഴിച്ചു നോക്കുകയെന്നു വന്നാലും" എന്നുള്ള തന്റെ വാക്കുകളെ നിങ്ങൾ നല്ലപോലെ ശ്രദ്ധിച്ചിരിക്കും എന്നാശിക്കുന്നു.

മ. ഉവ്വ്, ഞാൻ ശ്രദ്ധിച്ചു; അതിന്റെ താല്പൎയ്യം: ബൈബിൾ ദൈവത്തിന്റെ തിരുവചനം തന്നേ എന്നു അദ്ദേഹം വിശ്വസിച്ചിരുന്നു എന്നല്ലയോ?

പ. ശരി തന്നേ; നിങ്ങൾ അതിങ്കൽ ശ്രദ്ധവെച്ചതിൽ ഞാൻ സന്തോഷിക്കുന്നു.

മ. ആ മഹിമയേറിയ പുസ്തകത്തെ മേലാൽ ഞാൻ അധികമധികം വിലയേറിയതായി വിചാരിക്കയും, അതു വാങ്ങി വായിച്ചറിവാൻ ഹിന്തുക്കളിലും മുസല്മാനരിലും എന്റെ സ്നേഹിതന്മാരെ ഉദ്യോഗിപ്പിക്കയും ചെയ്യും.

പ. വളരെ നല്ല കാൎയ്യം; അതിന്നായി ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. ഹൂക്കർ (**Hooker**) എന്ന മഹാൻ പറയുന്നതു: "തിരുവെഴുത്തുകളിൽനിന്നല്ലാതെ മനുഷ്യന്റെ മനസ്സിന്നു യോഗ്യമായ ശ്രേഷ്ഠ അറിവു മറെറാന്നിൽനിന്നുമുണ്ടാകുന്നില്ല; അതിൽ, മനുഷ്യന്റെ വഴിനടത്തിപ്പിന്നും ബുദ്ധിയുടെ പ്രകാശത്തിന്നും ഏററതായ എന്തെങ്കിലും എവിടെ നോക്കിയാലും ഉണ്ടാകും."

മ. അതു വളരെ ആലോചനയും ബുദ്ധിസാമൎത്ഥ്യവും ഉള്ള മനുഷ്യന്റെ വചനം പോലെ ഇരിക്കുന്നു. ബൈബിൾ ഇഹത്തിന്നു മാത്രമല്ല, പരത്തിന്നും കൂടെ പ്രയോജ

നകരമെന്നു അതിൽനിന്നു കാണുന്നു. ആ നല്ല മനുഷ്യനെ കുറിച്ചു അല്പം പറയാമോ?

പ. ഉവ്വ്, പറവാൻ ഒരുക്കം തന്നേ. റിച്ചാൎഡ് ഹുക്കർ (Richard Hooker) എന്നയാൾ കീൎത്തിപ്പെട്ട ഒരു ആംഗ്ലീയ ദൈവികനായിരുന്നു. താൻ ൧൫൫൪-ൽ ഡവൻഷയാറിൽ ജനിച്ചു; ഓക്സ്ഫോൎഡ് കലാശാലയിൽ പഠിച്ചു; ൧൫൭൭-ൽ എം. എ. സ്ഥാനം പ്രാപിച്ചു. ഏറെ കഴിയാതെ കോൎപ്പസ് ക്രിസ്റ്റി കോളെജിൽ ഒരു സ്ഥാനിയായി തീൎന്നു. പിന്നീടു മതസംബന്ധമായ ഒരു സംവാദത്തിൽ പ്രവേശിപ്പാൻ സംഗതിയായതിനാൽ, താൻ "സഭാഭരണ പ്രമാണം" എന്നൊരു കീൎത്തിപ്പെട്ട കൃതി ചമെച്ചു. അതിന്റെ അഗാധമായ ബുദ്ധിവിശേഷതയും, അതിൽ അടങ്ങിയ വിസ്തീൎണ്ണമായ ശ്രേഷ്ഠ അറിവുകളും, അതിന്റെ ചാതുൎയ്യമേറിയ വാചകരീതിയും മുഖാന്തരം, അതു ഗദ്യരൂപമായ ഇംഗ്ലീഷ് വിദ്യയിൽവെച്ചു പ്രമാണപ്പെട്ട ഒരു പ്രകരണവുമായി തീൎന്നു.

മ. വിദ്യയിൽ താൻ ഒരു പണ്ഡിതനെന്നു മാത്രമല്ല, ഒരു ക്രിസ്തീയ തത്വജ്ഞാനിയും പ്രാപ്തനായ ഒരു എഴുത്തുകാരനും കൂടെയാകയാൽ തന്റെ അഭിപ്രായങ്ങളെ അധികം വിലമതിക്കേണ്ടിയിരിക്കുന്നു.

പ. അതിന്നു ന്യായമുണ്ടല്ലോ. ഗുണവാനായ ലോൎഡ് ഷാഫ്റ്റ്ബെറി (Lord Shaftesbury) എന്ന മഹാൻ പറയുന്നതു:(1) "ഒരുത്തൻ രാജ്യഭരണ തന്ത്രത്തിൽ സമൎത്ഥനാവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തിരുവെഴുത്തുകളെ സൂക്ഷ്മതയോടെ പാഠം ചെയ്യേണം" എന്നാകുന്നു.

മ. ബൈബിളിനെ കുറിച്ചു എനിക്കു അധികമധികം ആശ്ചൎയ്യം തോന്നുന്നു; അതു രാജാവു മുതൽ പ്രജവരെയും സകലൎക്കും പ്രയോജനകരമായ ഗ്രന്ഥം തന്നേ എന്നു ഞാൻ കാണുന്നു.

പ. മനുഷ്യരിൽ വെച്ചു മഹാ ജ്ഞാനിയും ആസ്യയിൽ ഉണ്ടായിട്ടുള്ള മഹാരാജാക്കന്മാരിൽ വെച്ചു ഒരു മുഖ്യനുമായ ശലോമോൻ പറയുന്നതു: "ദൈവത്തെ കുറിച്ചുള്ള ഭയം ജ്ഞാനത്തിന്റെ ആരംഭം ആകുന്നു" എന്നത്രെ (സുഭാ. ൯. ൧൦).

(1) ലോൎഡ് ഷാഫ്റ്റ്സ്ബെറി എന്ന മഹാൻ ബ്രിട്ടനിൽ ഉണ്ടായിട്ടുള്ള മാനുഷസ്നേഹികളിൽ വെച്ചു ഒരു മുഖ്യനും, ബൈബിളിനോടു വളരെ പ്രേമം നിറഞ്ഞവനുമായ ഒരു ആംഗ്ലീയനത്രെ. താൻ ബ്രിട്ടീഷ് പാൎലിയമെന്റു സഭയുടെ ഒരു അംഗവും, കഴിഞ്ഞ ശതാബ്ദത്തിന്റെ ഒടുവിൽ ജീവിച്ചിരുന്നവനുമായിരുന്നു.

മ. ശരി തന്നേ; ആ രാജാവിന്റെ വചനങ്ങളിൽനിന്നു ഞാൻ വായിച്ചിട്ടുള്ളതായി വേറൊരു സംഗതി കൂടെ ഞാൻ ഓൎക്കുന്നുണ്ടു: "നീതി ജാതിയെ ഉന്നതമാക്കുന്നു; എന്നാൽ പാപം ജനങ്ങൾക്കു അപമാനം" എന്നു തന്നേ (സുഭാ. ൧൪. ൩൪).

പ. നിങ്ങൾ ആ ഫലനമേറിയ വചനത്തെ ഓൎക്കുന്നതിൽവെച്ചു ഞാൻ അത്യന്തം സന്തോഷിക്കുന്നു. അതു പഴയനിയമ വാക്യങ്ങളിൽ വെച്ചു വളരെ സാരാൎത്ഥം അടങ്ങിയ ഒന്നു തന്നേ.

മ. അതു ഞാൻ ഒരിക്കലും മറക്കയില്ല.

പ. വളരെ നല്ലകാൎയ്യം. തിയ്യഡോർ പാക്കർ (**Theodore Parker**) എന്ന വിദ്വാൻ പറയുന്നതു:([1]) "ക്ഷേത്രഭൂമിയായ ഗ്രേക്കിൽനിന്നു ധൂപവൎഗ്ഗം പോലെ മേല്പോട്ടു പൊങ്ങിക്കൊണ്ടിരിക്കുന്ന വിദ്യകൾക്കു, വെറുക്കപ്പെട്ട ആ ജാതിയുടെ മതഗ്രന്ഥത്തിനുള്ള ശക്തിയിൽ പകുതി പോലുമില്ല. മിന്നിപ്രകാശിച്ചുകൊണ്ടിരിക്കുന്ന അതിന്റെ ഏടുകളിന്മേൽ സൂൎയ്യൻ ഒരിക്കലും അസ്തമിക്കുന്നില്ല" എന്നാകുന്നു.

മ. എങ്കിലും ഗ്രേക്കകവികളിൽ ചിലരുടെ കൃതികളെ ഇപ്പോഴും വളരെ ശ്രേഷ്ഠമായി എണ്ണുന്നില്ലയോ?

പ. ആക്ഷേപം കൂടാതെ; എങ്കിലും അവരുടെ കൃതികളൊക്കെയും, തിരുവെഴുത്തുകളോടു ഉപമിച്ചു നോക്കുമ്പോൾ, ചന്ദ്രശോഭയെ സൂൎയ്യപ്രഭയോടു ഉപമിക്കുന്നതുപോലെ മാത്രം. കാരണം, ഒന്നു മനുഷ്യരിൽനിന്നുണ്ടായതും മറേറതു ദൈവത്തിൽനിന്നുണ്ടായതും ആകയാലത്രെ.

മ. മനസ്സിലാകുന്നു; "വെറുക്കപ്പെട്ട ജാതി" എന്നതു യഹൂദന്മാരെ കുറിച്ചല്ലയോ? യൂറോപ്പിൽ ചില ജാതികൾ യൂദന്മാരെ വളരെ വെറുക്കയും, അവരോടു ക്രൂരമായിട്ടു പെരുമാറുകയും ചെയ്യുന്നതായി ഞാൻ കേട്ടിട്ടുണ്ടു.

പ. അതു സത്യം തന്നേ എന്നു വ്യസനത്തോടെ പറയേണ്ടിയിരിക്കുന്നു. കാർലൈൽ (**Carlyle**) എന്നയാൾ തിരുവെഴുത്തുകളെ കുറിച്ചു പറയുന്നതു:—([2])

---

(1) തിയ്യഡോർ പാക്കർ എന്നയാൾ ഒരു അമേറിക്കക്കാരനും, വൈദികശാസ്ത്രം, തത്വജ്ഞാനം, സാമൂഹ്യ നവീകരണം എന്നിവയിൽ ഒരു കീൎത്തിമാനുമായിരുന്നു. താൻ ക്രിസ്ത്വാബ്ദം ൧൮൧൦-ൽ ബോസ്റ്റൻ (Boston) പട്ടണത്തിൽ ജനിച്ചു.

(2) കാൎലൈൽ എന്ന മഹാൻ സ്കോത്തുലണ്ടിൽ ക്രിസ്ത്വാബ്ദം ൧൭൯൫-ൽ ജനിച്ചു. താൻ സമൎത്ഥനായ ഒരു ഗണിതശാസ്ത്രജ്ഞനും, വളരെ വായന ചെന്ന ഒരു എഴുത്തുകാരനും, അനേകം ഭാഷകളെ പഠിച്ചു ഗ്രഹിച്ചിരുന്നവനുമായിരുന്നു. ൧൮൮൧-ൽ

"ഇവിടെ നമ്മുടെ വായനെക്കായി ഗ്രന്ഥങ്ങളിൽവെച്ചു മഹാ ഗ്രന്ഥമായ ബൈബിൾ നമുക്കുണ്ടു; അതു നിത്യനായവൻെറ ആജ്ഞയിൻ കീഴിൽ എഴുതപ്പെട്ടു എന്നുള്ളതു അതിൻെറ എല്ലാ വിശേഷ ഗുണങ്ങളിൽ വെച്ചും അതിന്നുള്ള പ്രത്യേകതയത്രെ. അതു മരണം പോലെ വാസ്തവമത്രെ; മനുഷ്യാത്മാവിൽ കൂടെ ദൈവത്തിൽനിന്നു പുറപ്പെട്ടിട്ടുള്ള മഹാ സത്യ വചനങ്ങൾ തന്നേ. ദൈവത്താൽ തുറക്കപ്പെട്ട ഒരു കിളിവാതിലിൽ കൂടെ എന്നപോലെ അതിൽ കൂടെ എല്ലാ മനുഷ്യൎക്കും ആകാശമണ്ഡലത്തിന്നു അപ്പുറമായ പ്രകാശത്തിലേക്കു നോക്കുവാനും, അതു അവർ ദീൎഘകാലം മറന്നുകളഞ്ഞിട്ടുള്ള തങ്ങളുടെ ഭവനമാകുന്നു എന്നുള്ള മനസ്സോടെ അതിൻെറ ശോഭയെ തിരിച്ചറിവാനും അവൎക്കു കഴിയും" എന്നാകുന്നു.

മ. അതു വളരെ സാരമേറിയ വാക്കുകൾ തന്നേ; അദ്ദേഹം ബൈബിളിൻെറ ദിവ്യോത്ഭവത്തെയും, അതിലുള്ള വചനങ്ങളുടെ ദൈവനിശ്വാസത്തെയും പൂൎണ്ണമായി വിശ്വസിച്ചിരുന്നു എന്നു അതിൽനിന്നു സ്പഷ്ടമായി കാണുന്നു.

പ. എന്നു മാത്രമല്ല, പാപ ദുരിത മരണങ്ങളൊന്നും ഇല്ലാത്തതായി, ഇഹത്തിന്നപ്പുറമുള്ള ആത്മാവിൻെറ സ്വൎഗ്ഗഭവനമാകുന്ന ആ നല്ല രാജ്യത്തേക്കു നമ്മുടെ വിശ്വാസകണ്ണുകളെ ഉയൎത്തുവാൻ ബൈബിൾ നമ്മെ പ്രാപ്തിപ്പെടുത്തുന്നു എന്നും കൂടെ തൻെറ വാക്കുകളിൽനിന്നു കാണുന്നുവല്ലോ.

മ. ശരി തന്നേ; അതെല്ലാം തൻെറ വാക്കുകളിൽ അടങ്ങിയിരിക്കുന്നു. കാർലൈൽ എന്ന നാമം ഞങ്ങളുടെ ഇടയിൽ വളരെ പഴക്കമുള്ള പേരാകുന്നു; എങ്കിലും താൻ ബൈബിൾ ഇത്ര വളരെ വിലമതിച്ചിരുന്നു എന്നു ഞാൻ അറിഞ്ഞിരുന്നില്ല.

പ. അതേ; ഇവോൾഡ് (Ewald) എന്ന വിദ്വാൻ പറയുന്നതു: "ഈ പുസ്തകത്തിൽ ലോകത്തിലുള്ള സകല ജ്ഞാനങ്ങളുമുണ്ടു" എന്നാകുന്നു.

താൻ എഡിൻബറൊ പട്ടണത്തിലുള്ള സൎവ്വകലാശാലയുടെ പ്രധാന അദ്ധ്യക്ഷനായി തീരുകയും, ൧൮൭൭-ൽ, കഴിഞ്ഞുപോയ വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സുമായി ഒരു കൂടിക്കാഴ്ച കഴിക്കയും ചെയ്തു. താൻ അസാധാരണക്കാരനായ ഒരു മഹാത്മാവും, ഒരു സത്യ ക്രിസ്ത്യാനിയും, ബൈബിളിനോടു വളരെ പക്ഷമുള്ളവനും ആയിരുന്നു.

മ. അദ്ദേഹത്തിന്റെ വാക്കുകൾ ചുരുക്കമെങ്കിലും അതിൽ കാൎയ്യം വളരെ അടങ്ങിട്ടുണ്ടു. ഈ നാട്ടുകാരിൽ നല്ല ആലോചനയുള്ള വളരെ ബ്രാഹ്മണർ ശലോമോന്റെ ജ്ഞാനവാക്യങ്ങളായ സുഭാഷിതം വായിച്ചറിവാൻ വളരെ ആഗ്രഹിക്കുന്നുണ്ടു. അതിൽ പറയുന്ന ജ്ഞാനമൊഴികളെയും സന്മാൎഗ്ഗോപദേശങ്ങളെയും കുറിച്ചു അവർ അത്യന്തം ആശ്ചൎയ്യപ്പെടുന്നു.(1)

പ. അതിങ്കൽ ഞാൻ വളരെ സന്തോഷിക്കുന്നു.

മ. ഇവോൾഡിന്റെ പേർ ഞാൻ കേട്ടിട്ടുണ്ടെന്നു മാത്രമെയുള്ളു. താൻ ആരായിരുന്നു?

പ. അദ്ദേഹം ഡെന്മാൎക്കുകാരനായ ഒരു കവിവരനായിരുന്നു; ക്രിസ്ത്വാബ്ദം ൧൭൪൩-ൽ കോപ്പൻഹേയിഗൻ (**Copenhagen**) പട്ടണത്തിൽ ജനിച്ചു; വിദ്യാവിഷയാദികളിൽ ജീവനം ചെയ്കയും, വളരെ വിശേഷമായ കൃതികളെ ചമെക്കയും ചെയ്തു. തന്റെ മുഖ്യമായ കൃതി, താൻ ൧൭൭൩-ൽ പ്രസിദ്ധം ചെയ്ത "ബോൽഡറിന്റെ മരണം" (**Bolder's Death**) എന്നൊരു കഥകളിയായ കവിതയാകുന്നു. പ്രാപ്തനും ഭക്തനുമായ വേറൊരു ലേഖകൻ പറയുന്നതു:—"നാം അറിവില്ലാത്തവരെങ്കിൽ തിരുവെഴുത്തുകൾ നമ്മെ അറിവുള്ളവരാക്കുന്നു; വഴി തെറ്റിയവരെങ്കിൽ അതു നമ്മെ പരമപാഥയിൽ കൂടെ വഴി നടത്തുന്നു; ക്രമക്കേടുള്ളവരെങ്കിൽ അതു നമ്മെ പുതുക്കി ക്രമീകരിക്കുന്നു; ദുഃഖിക്കുന്നവരെങ്കിൽ അതു നമ്മെ ആശ്വസിപ്പിക്കുന്നു; ജീവനില്ലാത്തവരെങ്കിൽ അതു നമ്മെ ജീവിപ്പിക്കുന്നു; തണുത്തവരെങ്കിൽ അതു നമ്മെ ചൂടുള്ളവരാക്കുന്നു" എന്നത്രെ.

പിന്നെയും ഫാറഡെയ് (**Faraday**) എന്ന ഭക്തൻ ഈ സാര സംഗതിയെ സംബന്ധിച്ചു അതിഭക്തിയോടെ ചോദിക്കുന്നതു: "വഴിനടത്തിപ്പിന്നായി ഈ വാഴ്ത്തപ്പെട്ട പുസ്തകമുള്ളപ്പോൾ ജനം വഴിതെറ്റി ഉഴലുന്നതു എന്തിന്നു?" എന്നാകുന്നു.

മ. നാം കണ്ടും കേട്ടും അറിയുംപ്രകാരം വിശുദ്ധ തിരുവെഴുത്തുകൾ മൂലം സാധിച്ചുവരുന്ന മഹത്തായ കാൎയ്യങ്ങളെ ഓൎത്താൽ അദ്ദേഹത്തിന്റെ ചോദ്യം ന്യായമത്രെ. എന്തു തോന്നുന്നു?

---

(1) ബാല്യക്കാരായ ക്രിസ്ത്യാനികളും ഹിന്തുക്കളും മുസല്മാനരും സുഭാഷിതങ്ങളുടെ പുസ്തകം വായിച്ചറിവാൻ താല്പൎയ്യപ്പെട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!

പ. സംശയമില്ല; മനുഷ്യന്നു നിത്യഭാഗ്യത്തിലേക്കു ചെന്നെത്തേണ്ടതിന്നായി മനോഹരമായ സത്യ പാഥയുള്ളപ്പോൾ, അവൻ മനസ്സറികെ, വഴക്കലുള്ള നിത്യാരിഷ്ട പാഥയിൽ കൂടെ സഞ്ചരിക്കേണ്ട ആവശ്യമെന്തു?

മ. അതേ, ദൈവം യഹൂദജനങ്ങളോടു പണ്ടു ചോദിച്ചതായി ബൈബിളിൽ ഞാൻ വായിച്ചിട്ടുള്ള ഒരു വാക്യം എൻെറ ധാരണയിൽ വരുന്നു: "ഇസ്രയേൽ ഭവനക്കാരേ, നിങ്ങൾ എന്തിന്നു മരിക്കുന്നു?" അതു ശരി തന്നേയോ?

പ. ശരി തന്നേ; അതു ഹെസക്കിയേൽ ൧൮. ൩൧-ൽ അത്രെ. നിങ്ങൾ വായിച്ചിട്ടുള്ളതിനെ മറന്നുകളയാതെയിരിക്കുന്നതിൽവെച്ചു ഞാൻ സന്തോഷിക്കുന്നു. സംസ്കൃത വിദ്വാനായ മാക്സ്മുല്ലർ പണ്ഡിതൻ (**Professor Max Muller**):—"ബൈബിൾ എന്നതു മററുള്ള മതഗ്രന്ഥങ്ങളോടു ഉപമിപ്പാൻ പാടില്ലാതവണ്ണം അത്ര ഉൽകൃഷ്ടമായ ഒന്നാകുന്നു" എന്നു പറഞ്ഞിരിക്കുന്നു.

മ. എന്നിട്ടും അദ്ദേഹം മതവിഷയങ്ങളിൽ യാതൊരു നിർബ്ബന്ധവുമില്ലാത്ത മഹാ മനസ്സനായിരുന്നു; അല്ലയോ?

പ. സംശയം കൂടാതെ, താൻ മതകാൎയ്യങ്ങളിൽ വളരെ വിസ്താരമാനസനായിരുന്നു. അവിശ്വാസികളിൽ ഒരുവനായിരുന്ന ഹക്സ്ലി (**Huxley**) എന്നയാൾ, താൻ ദൈവവിശ്വാസമില്ലാത്തവനായിരുന്നിട്ടും ബൈബിളിനെ കുറിച്ചു, അതു പൈതങ്ങളുടെ വിദ്യാഭ്യാസ വിഷയങ്ങളിൽ ഒന്നായിരിക്കേണമെന്നും, അതുകൂടാതെ ചെറുപ്പക്കാരിൽ സന്മാൎഗ്ഗത്തിന്നു വേറൊരു അടിസ്ഥാനവും താൻ കാണുന്നില്ലെന്നും പറഞ്ഞിരിക്കുന്നു.

മ. അതു എപ്പോഴും ഓൎക്കേണ്ട സംഗതി തന്നേയാണ്.

പ. സംശയമില്ല; ജ്യൂവെൽ ബിഷോപ്പു (**Bishop Jewell**) പറയുന്നതു:—"തിരുവെഴുത്തുകൾ, ഈ വനാന്തരമായ ലോകത്തിൽവെച്ചു നമ്മെ പോഷിപ്പിപ്പാനായിട്ടു അയക്കപ്പെട്ടിരിക്കുന്ന സ്വൎഗ്ഗ മന്നാ" എന്നാകുന്നു.

മ. അതു വിലയേറിയ മാധുൎയ്യ വാക്കുകൾ തന്നേ.

പ. അതേ, ഈ പാപലോകത്തിൽ ദൈവവചനമല്ലാതെ, ആത്മപോഷണത്തിന്നായി വേറെ എന്തുള്ളു?

മ. വാസ്തവം നോക്കിയാൽ, എന്റെ അറിവിൽപെട്ടതായി മറെറാന്നും ഞാൻ കാണുന്നില്ല. ജ്രൂവെല്ല് ബിഷോപ്പ ഒരു വിദ്വാനായിരുന്നുവോ?

പ. വിദ്വാനെന്നു മാത്രമല്ല, ഒരു ഉത്തമ പുരുഷനും കൂടെയായിരുന്നു.

മ. താൻ എപ്പോൾ, എവിടെ ജനിച്ചു?

പ. അദ്ദേഹം ക്രിസ്ത്വാബ്ദം ൧൫൨൨-ൽ ഇംഗ്ലണ്ടിലുള്ള ഡവൻഷയാറിലേ ബ്യൂഡൻ (Buden) പട്ടണത്തിൽ ജനിച്ചു. തന്റെ രചനകളിൽവെച്ചു മുഖ്യമായതു "ഇംഗ്ലണ്ടു സഭ റോമാസഭയെ വിട്ടുപിരിഞ്ഞു നില്പാനുള്ള ന്യായങ്ങൾ" എന്നൊരു പ്രകരണമായിരുന്നു. അതു ലത്തീൻ ഭാഷയിൽ ബഹു ചന്തമായി രചിക്കപ്പെട്ടു, എല്ലാ യൂറോപ്യ ഭാഷകളിലും തൎജ്ജമ ചെയ്യപ്പെട്ടുമിരിക്കുന്നു. അതു ശ്രദ്ധാപൂൎവ്വം വായിക്കുന്നവൎക്കു, റോമാ സഭയുടെ ഉപദേശങ്ങളെ നല്ലവണ്ണം മനസ്സിലാക്കുവാൻ കഴിയും. ഇംഗ്ലണ്ടിലുണ്ടായ മത നവീകരണത്തിന്നു മറെറല്ലാ ഗ്രന്ഥങ്ങളേക്കാൾ ആ പുസ്തകമത്രെ മുഖ്യ കാരണമായി തീൎന്നതു. ബൈബിളിനെ വിലമതിക്കുന്ന ഏവരും ആ ഗ്രന്ഥം വായിച്ചുനോക്കേണ്ടതാകുന്നു.

മ. അതൊരു വൈഭവമേറിയ കൃതിയായിരിക്കേണമല്ലോ?

പ. അതിന്നു ആക്ഷേപമില്ല. കുറെ മുമ്പെ, നോൎത്താംപ്ടനിലെ പ്രഭു (Marquis of Northampton),[1] ലണ്ടൻ പട്ടണത്തിൽ കൂടിയ ഒരു മഹാ യോഗത്തിൽ വെച്ചു തിരുവചനമായ ബൈബിളിനെ കുറിച്ചു ഇപ്രകാരം പ്രസ്താവിക്കയുണ്ടായി:—"ബൈബിൾ എന്ന പുസ്തകം ജനങ്ങളിൽ ഓരോരുത്തൎക്കും സുഖം, ആശ്വാസം, പ്രത്യാശ എന്നിവെക്കു കാരണമായിരിക്കുന്നു. അതു ആകപ്പാടെ ഓരോ ജാതിയുടെ ക്ഷേമത്തിന്നും കൂടെ കാരണമായിരിക്കുന്നു. കഴിഞ്ഞ നൂററാണ്ടിലേക്കു ഒന്നു നോക്കിയാൽ ബൈബിൾ മൂലം നമ്മുടെ രാജ്യത്തിന്നുണ്ടായിരിക്കുന്ന ഗുണങ്ങൾ പ്രത്യക്ഷമല്ലോ. ബൈബിളിന്റെ ശക്തിമൂലം അതു ലോകരാജ്യങ്ങളിൽവെച്ചു എത്ര വളരെ ഉന്നതപ്പെട്ടിരിക്കുന്നു എന്നു അതിന്റെ ത

(1) നോൎത്താംപ്ടനിലെ പ്രഭു ബൈബിൾസമൂഹത്തിന്റെ അഗ്രാസനരത്രെ. രാജകുമാരന്മാൎക്കുള്ള ഡ്യൂക്ക് (Duke) എന്ന സ്ഥാനം കഴിഞ്ഞാൽ പിന്നത്തേ വലിയ സ്ഥാനം മാൎക്വിസ് (Marquis) എന്ന പ്രഭുസ്ഥാനമാകുന്നു.

ല്ക്കാല സ്ഥിതിയെ ആലോചിച്ചാൽ അറിവാൻ പ്രയാസമി ല്ല" എന്നാകുന്നു.

മ. ആ മഹാനുഭാവൻ, ബൈബിൾ മൂലം ലൌകിക മായും ആത്മികമായും ഉളവാകുന്ന വലിയ നന്മകളെ കുറി ച്ചു വേണ്ടുംവണ്ണം ആലോചിച്ചറിഞ്ഞിട്ടുള്ള ബോധജ്ഞനാ യിരിക്കേണം. അങ്ങനെയുള്ളൊരു ഗ്രന്ഥമാകുന്നു ഇണ്ട്യ യുടെ തല്ക്കാല സ്ഥിതിക്കു ആവശ്യമായിരിക്കുന്നതു.

പ. നിങ്ങൾ പറഞ്ഞതു വളരെ ശ്ലാഘ്യം തന്നേ. ഇ ണ്ട്യരാജ്യം ബൈബിളിനെ തന്റെ വഴികാട്ടിയായിട്ടും ക്രി സ്തുവിനെ തന്റെ രക്ഷിതാവായിട്ടും എപ്പോൾ സ്വീകരിക്കു മോ അപ്പോൾ അതിന്റെ ശ്രേയസ്സും ക്ഷേമവും അതിശയ മാംവണ്ണം വൎദ്ധിച്ചുവരും, സന്ദേഹമില്ല.

മ. എന്റെ വിശ്വാസവും അങ്ങനെ തന്നേയാണ്.

പ. തെക്കേ ഇണ്ട്യയിൽ ഒന്നാമതായി വന്നു അദ്ധ്വാ നം കഴിച്ചിട്ടുള്ള മിഷ്യനറിമാരിൽ ഒരുത്തനായ സീഗൻ ബോൾഗ് (**Zegenbalg**) എന്നയാൾ ബൈബിളിനെ കുറി ച്ചു പറയുന്നതു:—"പറിച്ചെടുത്ത പുഷ്പങ്ങൾ കൈകളിൽ ഇ രിക്കുമ്പോൾ തന്നേ വാടുവാൻ തുടങ്ങുകയും സൌരഭ്യം കുറ ഞ്ഞുവരികയും ചെയ്യുന്നപ്രകാരം, മാനുഷബുദ്ധിയിൽ നി ന്നു ഉളവായിട്ടുള്ള വിശേഷ കൃതികൾ പോലും കുറഞ്ഞൊരു വായനയുടെ ശേഷം മങ്ങി വാടിപ്പോകുന്നു. എന്നാൽ പ റദീസയിലേ വാട്ടമില്ലാത്ത ഈ പുഷ്പം അപ്രകാരമല്ല; അതു, പെരുമാറുന്തോറും അധികമധികം സൌന്ദൎയ്യമുള്ളതും അനു ദിനം വിടൎച്ചയുള്ളതും പുതിയ സുഗന്ധം പുറപ്പെടുവിക്കുന്ന തും പുതിയ മാധുൎയ്യം നല്കുന്നതുമാകുന്നു. അതിന്റെ ശ്രേ ഷ്ഠതയെ ആസ്വാദിച്ചവർ വീണ്ടും വീണ്ടും അതിൽനിന്നു രു ചിപ്പാൻ ആഗ്രഹിക്കുന്നു; അധികമധികം രുചിക്കുന്നവ രോ, അതിന്റെ സ്വാദ് അധികമധികമായി അറികയും ചെ യ്യുന്നു" എന്നത്രെ.

മ. വിശേഷം! തിരുവെഴുത്തുകളിന്മേൽ എത്ര അല ങ്കാരമായ വൎണ്ണനം! അദ്ദേഹം വിശുദ്ധ വേദവാക്യങ്ങളോടു വളരെ ഇഷ്ടനായിരുന്നു, സംശയമില്ല.

പ. അതിന്നു തൎക്കമില്ലല്ലോ. പണ്ടത്തേ യോശുവാ യെ പോലെ യുദ്ധസേവ ചെയ്തുവന്ന ഒരു സത്യ ദൈവ ഭടൻ, കുറെ മുമ്പെ, ചില ഉദ്യോഗസ്ഥന്മാൎക്കു വേദപു

സ്തകം ദാനം ചെയ്യപ്പോൾ പ്രസ്താവിച്ചതാവിതു:—"ബൈബിൾ ഒരു യോദ്ധാവിന്നുള്ള പുസ്തകമാകുന്നു. ദൈവദാനങ്ങളിൽവെച്ച അതിശ്രേഷ്ഠമായ ദാനത്തെ ഇന്നു ഞാൻ നിങ്ങൾക്കു സമ്മാനിക്കുന്നു. വിശ്വസ്തതയോടു കൂടെ നിങ്ങൾ അതിനെ പെരുമാറുന്നുവെങ്കിൽ, അതു നിങ്ങളുടെ വഴികാട്ടിയും, ഉത്തമ സ്നേഹിതനും, വിലയേറിയ സമ്പത്തും ആയിരിക്കും. ഈ വിലയേറിയ പുസ്തകം അനുദിനം നിങ്ങളുടെ ആലോചനക്കാരനായിരിപ്പാൻ ഞാൻ അത്യന്തം വാഞ്ഛിക്കുന്നു. ജയത്തിന്നും ശക്തിക്കും അതു തന്നേ ആധാരം എന്നു നിങ്ങൾ അറിഞ്ഞുകൊള്ളുകയും ചെയ്യും" എന്നായിരുന്നു.

മ. ഹാ, ബൈബിൾ എന്ന ഗ്രന്ഥത്തെ പട്ടാളക്കാരും ശ്രേഷ്ഠമായെണ്ണുന്നു എന്നു അതു സാക്ഷിക്കുന്നുവല്ലോ.

പ. സംശയമെന്തുള്ളു? അവരും അതിനെ അത്യന്തം വിലമതിക്കുന്നു.

മ. ഈ നവീനകാലങ്ങളിൽ ഉണ്ടായിട്ടുള്ള വിദ്വാന്മാരിൽവെച്ച ബൈബിളിനോടു വളരെ പക്ഷമുള്ള ചില മഹാന്മാരുടെ പേരുകൾ പറയാമോ?

പ. സന്തോഷത്തോടെ പറയാം: ബ്രിട്ടിഷ് മഹാരാജ്യത്തിൻെറ ഉന്നത സ്ഥാനവാഹികളായ ന്യായാധിപ ശ്രേഷ്ഠന്മാരിലും (**Lord Chancellors**) (1) മന്ത്രിപ്രവരന്മാരിലും (**Prime-ministers**) ചിലരുടെ പേരുകൾ തന്നേ ഒന്നാമതായി പറയാമല്ലോ. അവരിൽ ചിലർ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടു.

മ. വളരെ സന്തോഷം! അങ്ങനെയുള്ള മഹത്തുക്കളെ കുറിച്ചാണ് മുഖ്യമായി അറിയേണ്ടതു.

പ. നല്ല കാൎയ്യം. ആദ്യം തന്നേ ലോഡ് ചാൻസെലരന്മാരായ ന്യായാധിപ ശ്രേഷ്ഠന്മാരിൽ ചിലരുടെ പേരുകൾ കേട്ടാലും:—

൧. ലോഡ് ഹതർലി (**Lord Hatherly**);
൨. ലോഡ് കേയർൺസ് (**Lord Cairns**);
൩. ലോഡ് സെൽബോർൺ (**Lord Selbourne**);
൪. ലോഡ് ഹേർഷ്ചൽ (**Lord Herschel**);
൫. ലോഡ് ഹേയിത്സ്ബറി (**Lord Halsbury**),

എന്നിങ്ങനെ ഇനിയും ഉണ്ടു.

(1) Lord High Chancellor of Great Britain എന്ന സ്ഥാനവാഹി ബ്രിട്ടിഷ് ചക്രവർത്തിയുടെ എല്ലാററിലും വലിയ ഉദ്യോഗസ്ഥനാകുന്നു.

മ. ബൈബിളിനോടു സ്നേഹമുള്ളവരിൽ ഇങ്ങനെയുള്ള മഹാത്മാക്കളെ കുറിച്ചു ഞാൻ അത്ര അറിഞ്ഞിരുന്നില്ല.

പ. അങ്ങനെയോ? പ്രധാന മന്ത്രിപ്രവരന്മാരിൽ ചിലരുടെ പേരുകൾ കൂടെ പറയട്ടെ:—

൧. മിസ്റ്റർ ഗ്ലാഡ്സ്റ്റൻ (Mr. Gladstone);

൨. ലോഡ് ഡിസ്രേലി (Lord Disraeli);

൩. ലോഡ് സാലിസ്ബറി (Lord Salisbury);

൪. കീൎത്തിപ്പെട്ട മിസ്റ്റർ ബാൽഫർ (Hon. Mr. Balfour) എന്നിവരെല്ലാം ബൈബിളിനോടു വളരെ പ്രേമമുള്ളവരായിരുന്നു.

മ. ഈ മഹാത്മാക്കളെ കുറിച്ചു ഞാൻ പലപ്പോഴും കേട്ടിട്ടുണ്ടെങ്കിലും അവൎക്കു ബൈബിളിനോടുള്ള പ്രതിപത്തിയെ കുറിച്ചു അറിഞ്ഞിരുന്നില്ല.

പ. അറിവിലും അധികാരത്തിലും സ്ഥാനാചിഹ്നങ്ങളിലും കീൎത്തിപ്പെട്ടവരായി ബൈബിളിനോടു പക്ഷമുള്ള അനേകായിരങ്ങൾ ഇന്നും ഭൂലോകത്തിൽ ഉണ്ടു. അവരെ കുറിച്ചു പ്രസ്താവിപ്പാൻ നമുക്കു അവസരം പോരാ; എങ്കിലും ചിലരുടെ നാമങ്ങൾ കൂടെ ഇവിടെ പറഞ്ഞുകൊള്ളട്ടെ.

മ. കൊള്ളാം, ഇപ്പോഴും ജീവനോടിരിക്കുന്നവരെ കുറിച്ചു കേൾപ്പാൻ എവൎക്കും ഇഷ്ടമുണ്ടല്ലോ.

പ. അതേ, ഇപ്പോഴും ജീവിച്ചിരിക്കുന്നവരിൽ ചിലർ തന്നേ.

൧. സേർ റോബെട്ട് ഹാട്ട്, ജി. സി. എം. ജി. (Sir Robert Hart, G. C. M. G.);

൨. സ്റ്റാംഫോഡ് പ്രഭു (Earl of Stamford);

൩. ഫോട്ടിസിൻ പ്രഭു (Earl of Fortesene);

൪. മിഡിൽട്ടൻ പ്രഭു (Viscount Middleton);

൫. ബ്ലെസ്റ്റൊവിലേ ലോഡ് സെൻറ് ജോൺ (Lord St. John of Blestoe);

൬. കപ്പൽ പടനായകനായ സേർ എഫ്. ലിയോപ്പോൾഡ് മാക്ക്ക്ലിൻറാക്ക്, കെ. സി. ബി. (Admiral Sir F. Leopold McClintack, K. C. B.) ഇത്യാദി.

മ. ആലോചിക്കയെന്നു വന്നാൽ ലോകവിശ്രുതന്മാരിൽ വെച്ചു അനേകം മഹാത്മാക്കൾക്കു ബൈബിളിനോടുള്ള അതിഭക്തി തന്നേ അതിൻെറ മാഹാത്മ്യത്തെ കാട്ടുന്ന

സാക്ഷിയായിരിക്കുന്നു. മിസ്റ്റർ ബാൽഫർ എന്ന മന്ത്രിപ്രവരൻ ഒരു രാജകാൎയ്യജ്ഞൻ മാത്രമല്ല, ഒരു വേദശാസ്ത്രജ്ഞൻ കൂടെയല്ലയോ?

പ. അതേ, ഇദ്ദേഹം ഒരു വലിയ പഠിത്തക്കാരനും തത്വജ്ഞാനിയും കൂടെയാണ്. ഗ്രേറ്റ്ബ്രിട്ടനിൽ ബൈബിളിന്നു വേണ്ടി പ്രയത്നിക്കുന്ന ശൂരന്മാരുടെ കൂട്ടത്തിൽ താനും ഒരു പരാക്രമി ആകുന്നു എന്നു നിങ്ങൾ അറിയാതിരിക്കരുതു.

മ. വിശുദ്ധ തിരുവെഴുത്തുകളെ സംബന്ധിച്ച അദ്ദേഹം ഈയിടെ കഴിച്ചിട്ടുള്ള വല്ല പ്രസ്താവനകളും പറവാനുണ്ടോ?

പ. ഉവ്വ്; ൧൯൨൦ മാൎച്ചുമാസത്തിൽ ലണ്ടൻ പട്ടണത്തിൽ കൂടിയ ഒരു മഹായോഗത്തിൽ വെച്ചു തന്റെ പ്രസ്താവന ഇപ്രകാരമായിരുന്നു:—

"എന്റെ അഭിപ്രായപ്രകാരം, ഇസ്രായേൽ ജാതിയെ കുറിച്ചു നമ്മുടെ ഇടയിൽ നിത്യം വൎദ്ധിച്ചുവരുന്ന അറിവുകൾക്കു ബൈബിളല്ലോ കാരണം; എന്നു മാത്രമല്ല, യഹൂദജാതി അധികാരം ചെയ്കയും, യഹൂദജാതിയുടെ മേൽ അധികാരം ചെയ്കയും ചെയ്തിട്ടുള്ള എല്ലാ ജാതികളെ കുറിച്ചും നമുക്കുള്ള അറിവിന്നു ബൈബിൾ തന്നേ മുഖ്യകാരണം. പിന്നെയും ക്രിസ്താബ്ദത്തിന്റെ ആരംഭശേഷം, ഉടനെ ഉണ്ടായ റോമാ സാമ്രാജ്യത്തിന്റെ ചരിത്രസംബന്ധമായ അറിവുകളും നമുക്കു മുഖ്യമായി ബൈബിളിൽനിന്നത്രെ ലഭിക്കുന്നതു. ഇവയെല്ലാം ബൈബിളിനെ എത്ര വിലയേറിയ ഗ്രന്ഥമാക്കി തീൎക്കുന്നു. വിദ്യയുള്ള ജനസമുദായങ്ങളെ മതസംബന്ധമായി നോക്കുമ്പോൾ, എല്ലാ പ്രകാരേണയും ബൈബിളിന്റെ പ്രാധാന്യത വൎദ്ധിക്കുന്നതേയുള്ളു. അതു മനുഷ്യവൎഗ്ഗത്തിന്നു ജീവാവകാശമായി നല്കപ്പെട്ടിരിക്കുന്ന ദിവ്യ വെളിപാടാകുന്നു എന്നു അതിന്റെ പരിശോധന മൂലം അറിയാം. അതു മുമ്പുള്ളവൎക്കു മാത്രമല്ല പിമ്പു ഉണ്ടാകുവാനുള്ളവൎക്കും, അതു ഏതു ജതിക്കു, ഏതേതു സംഗതികളിൽ വെച്ചു നല്കപ്പെട്ടു എന്നു മതിയായ അറിവില്ലാത്തവൎക്കുംകൂടെ ദൈവത്തിൽനിന്നുള്ള വെളിപാടായിരിക്കുന്നു. അറിവിൽ കുറഞ്ഞവരായി ഇപ്പോഴും ഇതിന്നു മുമ്പും ഉണ്ടായിട്ടുള്ള എല്ലാവൎക്കും ബൈബിൾ ഏതുപ്രകാരം ആശ്വാസത്തിന്നും ആശാബന്ധത്തിന്നും അഭ്യാസനത്തിന്നും കാരണമായിരിക്കുന്നുവോ അതേപ്രകാരം അറിവിൽ മുതിൎന്നവൎക്കും കൂടെ അതു

ആത്മജീവന്റെ മുഖ്യകാരണമായിരിക്കുന്നു. മുൻ കാലങ്ങളിൽ എന്നപോലെ തന്നേ. ബൈബിളിൽ കുററം കണ്ടെത്തുവാൻ പരിശ്രമിക്കുന്ന ഇക്കാലത്തും അതിന്നു മുഖ്യത കൂടുന്നതേയുള്ളൂ” എന്നത്രെ.

മ. അതു വളരെ സത്യമായ സാക്ഷീകരണം തന്നേ; കേട്ടതിങ്കൽ അത്യന്തം സന്തോഷിക്കുന്നു. ക്രിസ്തീയ തിരുവെഴുത്തുകളുടെ പ്രയോജനത്തെപ്പററി എത്ര വിശേഷമായി അദ്ദേഹം സാക്ഷിക്കുന്നു!

പ. അതേ; ഒരു പ്രാപ്തനായ എഴുത്തുകാരൻ ആ മന്ത്രിപ്രവരന്റെ പ്രസ്താവനയെ കുറിച്ചു പറയുന്നതു: “ബൈബിളിന്റെ ശ്രേഷ്ഠതയെ കുറിച്ചു ഇതിനേക്കാൾ കവിഞ്ഞ സാക്ഷി ഇംഗ്ലണ്ടിന്റെ കീർത്തിപ്പെട്ട വിദ്യാപാരഗന്മാരിൽ ആരിൽനിന്നും പുറപ്പെട്ടിട്ടില്ല” എന്നാകുന്നു.

മ. വിദ്വാന്മാരുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ സാക്ഷിയേക്കാൾ കടന്ന സാക്ഷി വേറൊന്നുമില്ല എന്നല്ലയോ അതിന്റെ താല്പര്യം?

പ. അതേ, അങ്ങനെ തന്നേ. പ്രാപ്തനായ ഇപ്പോഴത്തെ കാൻറർബെറി ആർച്ച്ബിഷോപ്പ് തിരുവെഴുത്തുകളെപ്പററി പറയുന്നതു:—

“ബൈബിൾ വെളിപാടിന്നായി നാം ദൈവത്തെ സ്തുതിക്കുന്നു. ബൈബിൾ ദിവ്യോക്തം തന്നേ. ക്രിസ്തുയേശുവിൽ ദൈവത്വത്തിന്റെ നിറവെല്ലാം ദേഹരൂപേണ ആവസിച്ചതു ഏതുപ്രകാരം സത്യവും നിശ്ചയവുമായിരിക്കുന്നുവോ അപ്രകാരം ഈ പുസ്തകം എഴുതി നമുക്കു നല്കിയവരുടെ ഹൃദയത്തിലും ദൈവത്തിന്റെ പവിത്രാത്മാവു അധിവസിച്ചിരുന്നു. ബൈബിൾ മൂലമായി നമ്മോടു സംസാരിക്കുന്ന ദൈവം തന്നേ, ഈ വചനങ്ങളെ നമുക്കു എഴുതി നല്കിയവരുടെ ഹൃദയങ്ങളിലും ഒന്നാമതായി സംസാരിച്ചു” എന്നത്രെ.

മ. ബൈബിളിന്റെ മുഖ്യതയെ കുറിച്ചു അതും വളരെ വിശേഷം തന്നേ.

പ. സംശയമില്ല. ബൈബിളിനെ സംബന്ധിച്ചു ഈ കഴിഞ്ഞ മുപ്പതോ നാല്പതോ സംവത്സരങ്ങൾക്കിടയിൽ, എജിപ്ത്, സുറിയാ മുതലായ രാജ്യങ്ങളിൽനിന്നു കിട്ടിട്ടുള്ള വിലയേറിയ കണ്ടുപിടുത്തങ്ങളെപ്പററി അദ്ദേഹം പറഞ്ഞിട്ടുള്ള അഭിപ്രായം എന്തെന്നു കേൾപ്പാൻ ഇഷ്ടമുണ്ടോ?

മ. ഉവ്വ്, കേൾപ്പാൻ വളരെ സന്തോഷം തന്നേ.

പ. ആകട്ടെ, പറയാം: ആ ദിവ്യൻ ഈ സാരസംഗതിയെ കുറിച്ചു ഇപ്രകാരം പറഞ്ഞു:—

"ദൈവവിചാരണമൂലം പഴയനിയമത്തെ സംബന്ധിച്ചു ഈ അവസാനകാലങ്ങളിൽ നമുക്കു വളരെ പുതിയ സംഗതികൾ ലഭിച്ചിട്ടുണ്ടു. അവ പഴയ കാലത്തെ ജാതികൾക്കു അറിവിന്റെ അരുണോദയം ആയിരുന്നു. എജിപ്തും സുറിയായും നമ്മുടെ വിശുദ്ധ ഗ്രന്ഥത്തിന്റെ സത്യതയെ ലോകത്തിന്നു സാക്ഷിപ്പാനായി, സ്വപ്നത്തിൽ പോലും വിചാരിക്കാത്തവണ്ണം തമ്മിൽ പൊരുതിക്കൊണ്ടിരിക്കുന്നു എന്നു പറയാം. അനേക കാലങ്ങളോളം ഭൂഗർഭത്തിൽ കിടന്നിരുന്ന സാരമേറിയ എഴുത്തുകളോടുകൂടിയ കളിമണ്ണുകൊണ്ടുള്ള കല്പലകകൾ, ഗോളവടിവായ ശിലാസ്തംഭങ്ങൾ, മേലെഴുത്തുകളോടുകൂടിയ വേറെ സാധനങ്ങൾ ഇവയെല്ലാം ഇപ്പോൾ ഭൂമിയിൽനിന്നു കിളച്ചെടുക്കപ്പെടുന്ന പുതിയ കണ്ടുപിടുത്തങ്ങളാകുന്നു. ഇവയൊക്കെയും തിരുവെഴുത്തുകളിൽ നമ്മുടെ വിശ്വാസത്തെ ബലപ്പെടുത്തുന്നു; ബൈബിളിന്റെ സത്യമായ ദൈവനിശ്വാസത്തിൽ നമ്മെ ഉറപ്പിക്കുന്നു; അതിലുള്ള ദിവ്യമായ ദൂതിന്റെ പ്രത്യേക മഹിമയിൽ നമ്മെ സ്ഥിരപ്പെടുത്തുന്നു. അതേ, 'അവർ മോശെയെയും പ്രവാചകന്മാരെയും ചെവിക്കൊള്ളാഞ്ഞാൽ മരിച്ചവരിൽനിന്നു ഒരുത്തൻ ഉയിൎത്തെഴുന്നീററാലും വിശ്വസിക്കയില്ല' എന്നുള്ള സുവിശേഷവാക്യത്തെ ഒരു പുതിയ വിധത്തിൽ പ്രയോഗിപ്പാൻ ഇവമൂലം നമുക്കു കഴിയും" എന്നത്രെ.

മ. ബൈബിളിന്റെ സത്യതയെ ഭൂഗർഭത്തിൽ കിടക്കുന്ന സാധനങ്ങൾ കൂടെയും സാക്ഷിക്കുമ്പോൾ, അതിനെ നിഷേധിപ്പാൻ ആൎക്കു കഴിയും! ഇതൊരു അതിശയ സംഭവം തന്നേ!

പ. അതേ, ആ കണ്ടുപിടുത്തങ്ങൾമൂലം ദൈവം അവിശ്വാസികളുടെ അധരങ്ങളെ അടെച്ചുകളവാൻ തുടങ്ങിയിരിക്കുന്നു.

മ. അതിനെ കുറിച്ചു കേട്ടതിൽ വളരെ സന്തോഷമുണ്ടു. കീൎത്തിപ്പെട്ട വിജ്ഞാനശാസ്ത്രജ്ഞന്മാരിലും ബൈബിളിന്റെ മുഖ്യതയെ പ്രധാനമായി എണ്ണുന്നവരില്ലയോ?

പ. ഉവ്വ്, ഇപ്പോഴും ഇതിന്നു മുമ്പും വളരെപേർ ഉണ്ടായിട്ടുണ്ടു.

മ. ചിലരെ പറയാമോ?

പ. സന്തോഷത്തോടെ പറയാം: ഒന്നാമതു കോപ്പർനിക്കസിനെ (Copernicus) കുറിച്ചു തന്നേ ആകട്ടെ. അദ്ദേഹം ഈ നൂതനകാലത്തേ ഗണിതശാസ്ത്ര ക്രമത്തിന്റെ സ്ഥാപകനും, കീൎത്തിപ്പെട്ട ഗണിതശാസ്ത്രജ്ഞനും, മഹാ ഭക്തനായ ഒരു ക്രിസ്ത്യാനിയും ആയിരുന്നു.

മ. താൻ എപ്പോൾ, എവിടെ ജനിച്ചു?

പ. അദ്ദേഹം ക്രിസ്താബ്ദം ൧൪൭൩-ൽ പ്രഷ്യയിലേ തോർൺ എന്ന പട്ടണത്തിൽ ജനിച്ചു. താൻ ആകാശഗോളങ്ങളുടെ ചുഴൽച്ചയെ സംബന്ധിച്ചു വിശേഷമായ ഒരു കൃതിയുണ്ടാക്കി. അതിൽ, സൂൎയ്യനല്ല, ഭൂമിയും അതോടുചേൎന്ന ഗ്രഹങ്ങളുമത്രെ ചുററിത്തിരിയുന്നതു എന്നും, സൂൎയ്യൻ ഗ്രഹമദ്ധ്യത്തിങ്കൽ ഇളക്കം കൂടാതെ സ്ഥിതിചെയ്യുന്നതേയുള്ളു എന്നും തീൎച്ചപ്പെടുത്തി. എന്നാൽ അക്കാലത്തേ ജനങ്ങൾക്കു അതൊരു വിനോദസംഗതിയായി തോന്നിയതിനാൽ തന്റെ കൃതിയെ പതിമൂന്നു സംവത്സരത്തോളം അച്ചിടുവാൻ അവർ നിരസിച്ചു; എങ്കിലും, ഒടുവിൽ അതു അച്ചിടപ്പെടുകയും തന്റെ മരണത്തിന്നു ഏതാനും ചില മണിക്കൂറുകൾക്കു മുമ്പു മാത്രം അച്ചിട്ട പ്രതികളിൽ ഒന്നിനെ കണ്ടു സന്തോഷത്തോടെ മരിപ്പാൻ തനിക്കു സംഗതിയാകയും ചെയ്തു.

മ. അതൊരു വലിയ കാൎയ്യം തന്നേ.

പ. ആ മഹാന്റെ കല്ലറമേൽ ഇങ്ങനെ എഴുതപ്പെട്ടിരുന്നു: "പൌലൊസിന്നു ലഭിച്ച കൃപയെ അല്ല, പത്രൊസിന്നു ലഭിച്ച ക്ഷമയെയും അല്ല, ക്രൂശിലേ കുററക്കാരന്നു ലഭിച്ച മോചനം തന്നേ നിന്നോടു ഞാൻ കെഞ്ചി യാചിക്കുന്നു".

മ. ഹാ, അതു മനസ്സിന്നു തട്ടത്തക്ക വചനമത്രെ.

പ. അതിന്നു ആക്ഷേപമില്ലല്ലോ. ഇനി ഈ നൂതനകാലത്തിലേ ഗണിതശാസ്ത്രജ്ഞനായ കെപ്ലരിനെ(Kepler) കുറിച്ചു പറയാം. ഈ മഹാനായ മനുഷ്യൻ, സേർ ഐസക്ക് ന്യൂട്ടനെ പോലെയുള്ള ഒരു വിദ്വാനത്രെ. അവർ രണ്ടു പേരും കൂടിയാകുന്നു ഇപ്പോഴത്തേ വാനശാസ്ത്ര പ്രമാണത്തെ പ്രചാരമാക്കിയിരിക്കുന്നതു.

മ. ആ വിജ്ഞാന ശ്രേഷ്ഠൻ എവിടെ ജനിച്ചു?

പ. താൻ ക്രിസ്തുാബ്ദം ൧൭൧൭-ൽ വേർററംബെർഗ്ഗിൽ (**Wirtemburg**) ജനിച്ചു. അദ്ദേഹത്തിന്റെ അവസാന മൊഴികളും മനസ്സിൽ വളരെ തട്ടത്തക്ക താഴ്മയുള്ള വചനങ്ങളായിരുന്നു:—"ഞാൻ നിന്റെ മഹിമയേറിയ പ്രവൃത്തികളെ മനുഷ്യപുത്രന്മാരോടു അറിയിച്ചു; നിന്റെ അന്തമില്ലാത്ത ജ്ഞാനത്തെ അന്തമുള്ള എന്റെ അല്പബുദ്ധിയിൽ അടങ്ങിയിടത്തോളം തന്നേ. ഞാൻ നിനക്കു യോഗ്യമല്ലാത്തവ എന്തെങ്കിലും പറകയോ, അഥവാ, എന്റെ സ്വന്ത ബഹുമാനത്തെ അന്വേഷിക്കയോ ചെയ്തിട്ടുണ്ടെങ്കിൽ നിന്റെ കരുണയിൽ എന്നോടു പൊറുത്തുകൊള്ളേണമേ" എന്നായിരുന്നു.

മ. ഹാ, നല്ലവരും ശ്രേഷ്ഠന്മാരുമായ മനുഷ്യർ എത്ര വളരെ താഴ്മയുള്ളവർ എന്നു ഞാൻ കാണുന്നു!

പ. അതേ, കാര്യത്തിന്റെ സൂക്ഷ്മം അങ്ങനെ തന്നേയാണ്. ഇനി നമുക്കു ഫോൺലൈബ്വിററ്സ് (**Von-Leibwitz**) എന്ന ഇടപ്രഭുവിനെ കുറിച്ചു നോക്കാം. താൻ ജന്മക്കാരനായ ഒരു കീർത്തിപ്പെട്ട തത്വജ്ഞാനിയും, വൈദികനും, ഗണിതശാസ്ത്രജ്ഞനുമായിരുന്നു. അദ്ദേഹത്തെ ബേർലിൻ പട്ടണത്തിലുള്ള വിജ്ഞാന വിദ്യാശാലയുടെ അദ്ധ്യക്ഷനായി നിയമിച്ചു.

"യേശുവിൻ കഷ്ടം മരണവും
നമുക്കു ജീവൻ സന്തോഷവും"

എന്നുള്ള ഇമ്പഗീതം ചമച്ചതും താനായിരുന്നു.

മ. അദ്ദേഹം ആഴമേറിയ ആലോചനക്കാരനായിരുന്നിട്ടും ക്രിസ്തുവിന്റെ പാപപരിഹാര ബലിയിൽ ആശ്രിതനായിരുന്നുവല്ലോ.

പ. അതേ, താൻ ലോകരക്ഷിതാവിന്റെ ഒരു സത്യ അനുഗാമിയായിരുന്നു. അതുകൂടാതെ ജന്മക്കാരിൽ വിജ്ഞാനശാസ്ത്രങ്ങളുടെ പ്രഭുവായിരുന്ന ലൈബിഗ് (**Leibig**) എന്ന വിദ്വാനും ഒരു സത്യദൈവവിശ്വാസിയായിരുന്നു. താൻ പറയുന്നതു:—"പ്രകൃതമായ വിജ്ഞാനശാസ്ത്രം, ക്രിസ്തീയശാസ്ത്രത്തിന്നു ഒരു പടിക്കെട്ടാകുന്നു; അതിലല്ലോ അതിന്റെ ശ്രേഷ്ഠതയും പ്രയോജനവും അടങ്ങിയിരിക്കുന്നതു" എന്നത്രെ.

മ. കൊള്ളാം, അതിങ്കൽ അത്യന്തം സന്തോഷിക്കുന്നു. തത്വജ്ഞാന വിഷയങ്ങളായ സകല വിജ്ഞാനശാസ്ത്രങ്ങ

ളും ക്രിസ്ത്യാനിമതത്തിന്നു അനുകൂലമല്ലാതെ ഒന്നും പ്രതികൂലമല്ല എന്നല്ലയോ അതിന്റെ താല്പര്യം?

പ. സംശയമെന്താണ്? അതു തന്നേ അതിന്റെ താല്പര്യം.

മ. ലോഡ് കെൽവിൻ (**Lord Kelvin**) എന്ന വിദ്വാനെ കുറിച്ചു ഞാൻ കേട്ടിട്ടുണ്ടു. അദ്ദേഹം ഒരു വലിയ വിജ്ഞാനശാസ്ത്രിയായ ബ്രിട്ടീഷ്കാരനല്ലയോ?

പ. അതേ, സൂക്ഷ്മം നോക്കിയാൽ അദ്ദേഹത്തെ വിജ്ഞാനശാസ്ത്രജ്ഞന്മാരുടെ പ്രഭുവെന്നു വേണം പറവാൻ. താൻ ഒരു മഹാ ബുദ്ധിശാലിയും, വിശുദ്ധ തിരുവെഴുത്തുകളിൽ ഉറച്ച വിശ്വാസിയും, അതിനെ വായിച്ചറിയുന്നതിൽ ഏററവും പ്രേമമുള്ളവനും ആയിരുന്നു.

മ. ഞാൻ കേട്ടിരിക്കുന്നതും ഏകദേശം അങ്ങനെ തന്നേയാണ്.

പ. ഡെസ്കാൎട്ട്സ് (**Descartes**) എന്ന വിദ്വാൻ കീൎത്തിപ്പെട്ട ഒരു ഫ്രെഞ്ചു തത്വജ്ഞാനിയും ഗണിതശാസ്ത്രജ്ഞനും വിജ്ഞാനശാസ്ത്രിയുമായിരുന്നു. താനും ബൈബിളിനെ അത്യന്തം വിലമതിക്കയും, കൎത്താവായ യേശുവിനെ പരമാൎത്ഥമായി സ്നേഹിക്കയും ചെയ്തു.

മ. വിജ്ഞാന ശ്രേഷ്ഠന്മാരുടെ ഇടയിൽ ബൈബിളിനോടു ഇത്ര ഭക്തിയുള്ളവർ ഉണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല.

പ. അതേ, ഹാലർ (**Haller**), ബറോനെലി (**Baronelli**), അമ്പിയർ (**Ampere**) എന്നിവരെ നോക്കുക. അവരെല്ലാവരും വലിയ വിജ്ഞാന ശ്രേഷ്ഠന്മാരായിരുന്നിട്ടും, ബൈബിളിലും ലോകരക്ഷിതാവായ ക്രിസ്തുയേശുവിലും സത്യ വിശ്വാസികളായിരുന്നു. സമയമുണ്ടായിരുന്നുവെങ്കിൽ, പ്രകൃത ശാസ്ത്രജ്ഞന്മാരായിരുന്നിട്ടും ദിവ്യ വെളിപാടായ ബൈബിളിൽ വിശ്വാസികളായിരുന്ന അനേകം വിദ്വാന്മാരെ കുറിച്ചു ഇനിയും പറയാമായിരുന്നു.

മ. പ്രകൃതശാസ്ത്രവും വൈദികശാസ്ത്രവും രണ്ടും ഈശ്വരങ്കൽ നിന്നാകയാൽ ഒന്നിനെ വിശ്വസിക്കുന്നവൻ മററതിനെ കൂടെ വിശ്വസിക്കാതെയിരിപ്പാൻ ന്യായമില്ലല്ലോ?

പ. അതേ, രണ്ടിന്റെയും കാരണഭൂതൻ ദൈവം ത

ന്നേയാകയാൽ, അവ അന്യോന്യം അനുകൂലമായിട്ടല്ലാതെ മറിച്ചു വരുവാൻ പാടില്ല.

മ. പ്രകൃതമായ വിജ്ഞാനശാസ്ത്രങ്ങളൊക്കെയും ബൈബിളിന്നു എതിരായി നില്ക്കുന്നില്ല എന്നും, മഹാമതികളായ അനേകം വിജ്ഞാനശ്രേഷ്ഠന്മാർ ബൈബിൾ വിശ്വാസികളുടെ കൂട്ടത്തിൽ ഉള്ളവരായിരുന്നു എന്നും ഞാൻ സ്പഷ്ടമായി കാണുന്നു.

പ. നിങ്ങൾ അതു ബോധിച്ചതിൽ വെച്ചു ഞാൻ അത്യന്തം സന്തുഷ്ടനായിരിക്കുന്നു. ഷെയ്ക്സ്പീയർ (**Shakespeare**) എന്ന കവിവരനെ കുറിച്ചു നിങ്ങൾ ധാരാളം അറിഞ്ഞിരിക്കുന്നുവല്ലോ. അദ്ദേഹം ലോകത്തിലുണ്ടായിട്ടുള്ള കവികളിലേക്കും മഹാ ശ്രേഷ്ഠനും [1] അവിശ്വാസികളുടെ കാലത്തിൽ ജീവിച്ചിരുന്നവനും ആയിരുന്നിട്ടും, ബൈബിൾ എത്രയും വിലയേറിയ ഗ്രന്ഥമെന്നു താൻ കാണുകയും അതിനെ ഏററവും ശ്രദ്ധയോടെ വായിച്ചു ഗ്രഹിക്കയും ചെയ്തു. ബുദ്ധിവിസ്താരമുള്ള ആ മഹാത്മാവിന്റെ കൃതികളിൽനിന്നു, തന്റെ സന്മാൎഗ്ഗത്തിന്നും ബുദ്ധിമാഹാത്മ്യത്തിന്നും തിരുവെഴുത്തുകൾ തന്നേ കാരണമായിരുന്നു എന്നു തെളിവായി കാണ്മാനുണ്ടു. തന്റെ രചനകളിലൊക്കെയും തിരുവെഴുത്തുകളിൽ അടങ്ങിയ സത്യങ്ങൾ ധാരാളം നിറഞ്ഞുമിരിക്കുന്നു.

മ. ഞാൻ വളരെ ഇഷ്ടപ്പെടുന്നതായ "വെനീസ് വൎത്തകൻ" (**Merchant of Venice**) എന്നു പേരുള്ള തന്റെ കവിതയിൽ അദ്ദേഹത്തിന്റെ ക്രിസ്തീയ സ്വഭാവം നന്നാ വിളങ്ങുന്നുണ്ടു, എങ്കിലും നിങ്ങൾ പറയുംവണ്ണം താൻ ബൈബിൾ അത്ര നല്ലവണ്ണം ഗ്രഹിച്ചിരുന്ന ഒരാളായിരുന്നു എന്നു ഞാൻ അറിഞ്ഞിരുന്നില്ല.

പ. അതേ, ബൈബിളിനെ കുറിച്ചു ഷെയ്ക്സ്പീയറിന്റെ സാക്ഷികൾ, അനേകം ഉപദേഷ്ടാക്കന്മാരുടെ സാക്ഷികളെ ഒന്നടക്കം നോക്കിയാലും, അവ എല്ലാററിനേക്കാൾ ശ്ലാഘിതമായിരിക്കുന്നു.

മ. ശരി തന്നേ; തന്റെ കൃതികളിൽ ബൈബിൾ അ

---

(1) ഷെയ്ക്സ്പീയറിന്റെ ആകൃതിയെ കാട്ടുന്ന ഓൎമ്മസ്തംഭങ്ങൾ ഗ്രേയററ് ബ്രിട്ടനിൽ മാത്രമല്ല അമേരിക്കയിലും ഉണ്ടു. തന്നോടുള്ള ഭക്തിസൂചകമായ വേറൊരു പുതിയ സ്തംഭം ബ്രിട്ടനിൽ ഈയിടെ ഒന്നുകൂടെ ഉണ്ടാക്കീട്ടുണ്ടു.

ത്രവളരെ വിളങ്ങി ശോഭിക്കുന്നു എന്നല്ലയോ നിങ്ങളുടെ താ ല്പൎയ്യം?

പ. താല്പൎയ്യം അതു തന്നേ. "ഭൂമിയിലുള്ള വിശുദ്ധ വേദം ആകപ്പാടെ നഷ്ടപ്പെട്ടുപോയാലും, വില്ല്യം ഷെയ്ക്ക്സ്പീയറിന്റെ കൃതികളിൽനിന്നു ബൈബിളിന്റെ സാരോപദേശങ്ങൾ ഒക്കെയും സംഗ്രഹിപ്പാൻ കഴിയും" എന്നത്രെ സാധാരണ പറയപ്പെടുന്നതു.

മ. അതു ബഹു ആശ്ചൎയ്യം തന്നേ. ഈ ദിഗ്വാസികളായ ഹിന്തുക്കൾ, മുസല്മാനർ എന്നിവരൊക്കെയും ബൈബിളിനെ അതിശ്രദ്ധയോടെ പാരായണം ചെയ്വാൻ ഈ ഒരു സംഗതി മാത്രം മതിയല്ലോ എന്നു എന്റെ അഭിപ്രായം.

പ. അതേ, ആ മഹാത്മാവു വേദപുസ്തകത്തെ എത്ര വിലമതിച്ചിരുന്നു എന്നു അവർ സാധാരണ അറിയുന്നില്ല.

മ. ബൈബിളിലുള്ള മുഖ്യസംഗതികളിൽ ഏതെല്ലാം കാൎയ്യങ്ങൾ തന്റെ കൃതികളിൽ വന്നിട്ടുണ്ടെന്നു ചുരുക്കി പറയാമോ?

പ. സംഗതികളുടെ എണ്ണം നോക്കിയാൽ ആയിരത്തിൽ ഒട്ടും കുറവല്ല.

മ. അതിശയം! അതു ഓൎക്കേണ്ട സംഗതി തന്നേയാണ്, സംശയമില്ല. പഴയനിയമത്തെ സംബന്ധിച്ച ചിലതു പറയാമോ?

പ. ആകട്ടെ, പറയാം: ആദാമിനെ കുറിച്ചു തന്റെ കൃതികളിൽ പല സ്ഥലങ്ങളിലും കാണ്മാനുണ്ടു. ആദാം, ഹവ്വാ എന്നിവരെ കുറിച്ചു രണ്ടു സ്ഥലങ്ങളിൽ ചേൎത്തു പറഞ്ഞിരിക്കുന്നു; ഹവ്വായെ കുറിച്ചു തനിച്ചു നാലു സ്ഥലങ്ങളിൽ; കായേനെ കുറിച്ചു ആറു പ്രാവശ്യം; ഹാബേലിനെ കുറിച്ചു രണ്ടു പ്രാവശ്യം; അബ്രഹാമിനെ കുറിച്ചു രണ്ടു പ്രാവശ്യം; യാക്കോബിനെ കുറിച്ചു ആറു പ്രാവശ്യം; യാഫേത്തിനെ കുറിച്ചു ഒരിക്കൽ; നോഹയെ കുറിച്ചു ഒരിക്കൽ; ജലപ്രളയത്തെ കുറിച്ചു ഒരിക്കൽ; പെട്ടകത്തെ കുറിച്ചു ഒരിക്കൽ; ഫറവോവിന്റെ സൈന്യങ്ങളെ കുറിച്ചു ഒരിക്കൽ; പൂൎവ്വപിതാവായ യോബിനെ കുറിച്ചു ഒരിക്കൽ; ദാനിയേൽപ്രവാചകനെ കുറിച്ചു ഒരിക്കൽ; നെബുഖദനേസറിനെ കുറിച്ചു ഒരിക്കൽ; ഗോലിയാഥിനെ കുറിച്ചു രണ്ടുപ്രാവശ്യം; ദാവീദു രാജാവി

നെ കുറിച്ചു ഒരിക്കൽ; ശലോമോൻ രാജാവിനെ കുറിച്ചു രണ്ടു പ്രാവശ്യം; ശേബാരാജ്ഞിയെ കുറിച്ചു ഒരിക്കൽ; ഇത്യാദി.

മ. അതു ബഹു രസം തന്നേ. പുതിയനിയമ സംഭവങ്ങളെ കുറിച്ചും അങ്ങനെ തന്നേയോ കാണുന്നതു?

പ. അതേ, അദ്ദേഹം തന്റെ കൃതികളിൽ ഹേരോദാരാജാവിനെ കുറിച്ചു ഏഴു പ്രാവശ്യവും, പൊന്തിയോസ് പിലാത്തോസിനെ കുറിച്ചു രണ്ടു പ്രാവശ്യവും, യഹൂദാ ഇസ്കറിയോത്തിനെ കുറിച്ചു രണ്ടു പ്രാവശ്യവും, ബറബ്ബാസിനെ കുറിച്ചു ഒരിക്കലും, ഗോൽഗോഥായെ കുറിച്ചു രണ്ടു പ്രാവശ്യവും, മുടിയനായ പുത്രനെ കുറിച്ചു അഞ്ചു പ്രാവശ്യവും, ധനവാനെയും ലാസറിനെയും കുറിച്ചു മൂന്നു പ്രാവശ്യവും, ലെഗ്യോനെ കുറിച്ചു രണ്ടു പ്രാവശ്യവും, ഇനിയും വേറെ അനേകം സംഗതികളെ കുറിച്ചും പറയുന്നുണ്ടു. എല്ലാം വിവരിക്കുന്നതിന്നു നമുക്കു സമയമില്ലല്ലോ.

മ. അതേ, താൻ ബൈബിളിനോടു ഇത്ര വളരെ പക്ഷമുള്ളവനായിരുന്നു എന്നു ഞാൻ അറിഞ്ഞിരുന്നില്ല; ക്രിസ്തുവിനെ കുറിച്ചും താൻ ഭക്തിയോടെ പ്രസ്താവിച്ചിരിക്കേണമല്ലോ?

പ. ഉവ്വ്, നമ്മുടെ രക്ഷെക്കായിട്ടു താൻ ക്രൂശിക്കപ്പെട്ടു എന്നു ആ മഹാത്മാവു സമ്മതിച്ചു പറഞ്ഞിരിക്കുന്നു.(¹) അവൻ ക്രിസ്തുവിനെ തന്റെ വീണ്ടെടുപ്പുകാരനായിട്ടു കൈക്കൊള്ളുകയും, താൻ മൂലമുള്ള രക്ഷയിൽ മാത്രം ആശ്രയിക്കയും ചെയ്തു.

മ. അതിന്നു തെളിവായ വേറെ വല്ല സാക്ഷികളും ഉണ്ടോ?

പ. ഉണ്ടു; ഇപ്പോഴും കാൻറർബെറിയിൽ ഭദ്രമായി സൂക്ഷിച്ചുവരുന്ന തന്റെ മരണപത്രം തന്നേ അതിന്നുള്ള ഒരു സാക്ഷി.

മ. ആ മരണപത്രം എന്തു പറയുന്നു?

പ. അതിൽ താൻ പറയുന്നതു:—"ഞാൻ എന്റെ ആത്മാവിനെ എന്റെ സ്രഷ്ടാവായ ദൈവത്തിന്റെ തൃക്കരങ്ങ

(1) യെശാ. ൫൩ അ.; ൧ പത്രൊ. ൨. ൨൪. ഷെയ്ക്സ്പീയറിന്റെ മാതാവു അവനെ ചെറുപ്പം മുതൽ ഭക്തിയിൽ അഭ്യസിപ്പിച്ചു എന്നും താൻ ചെറുപ്പം മുതൽ തിമൊഥെയൊസിനെ പോലെ വേദവാക്യങ്ങളിൽ പരിചയമുള്ളവനായിരുന്നു എന്നും വിചാരിക്കപ്പെടുന്നു. (൨ തിമൊ. ൩. ൧൫).

ളിലേക്കു ഭരമേല്പിച്ചിരിക്കുന്നു; എന്റെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പുണ്യങ്ങൾ മൂലം മാത്രം ഞാൻ നിത്യജീവന്റെ അവകാശിയായി തീൎന്നിരിക്കുന്നു എന്നുള്ള പ്രത്യാശയിൽ ഉറപ്പായി വിശ്വസിക്കയും ചെയ്യുന്നു" എന്നത്രെ.

മ. ഹാ! അതു മനസ്സിൽ വളരെ തട്ടത്തക്കവണ്ണം സാരമേറിയതും ഉപദേശം അടങ്ങിയതും തന്നേ.

പ. സംശയമില്ല. ആ ബുദ്ധിശാലിയായ മഹാത്മാവു കാൽവറിയിലെ ക്രൂശിങ്കൽ സകല മനുഷ്യൎക്കും വേണ്ടി സമൎപ്പിക്കപ്പെട്ട പാപപരിഹാര ബലിയിൽ മാത്രം ആശ്രയിച്ചു എന്നല്ലയോ അതു കാട്ടുന്നതു?

മ. അതേ, ഞാൻ സ്പഷ്ടമായി കാണുന്നു. അദ്ദേഹത്തെ കുറിച്ചു നിങ്ങൾ ഇപ്പോൾ പ്രസ്താവിച്ച സംഗതികൾ ബൈബിൾ വിശ്വാസമില്ലാത്ത നാസ്തികന്മാൎക്കു വളരെ വേദന തട്ടത്തക്കതാകുന്നുവല്ലോ.

പ. അതിന്നു തൎക്കമില്ല; ആലോചിച്ചു നോക്കിയാൽ അവൎക്കു ഷെയ്ക്സ്പീയറിന്റെ ബുദ്ധിവിശേഷതയിൽ പകുതിപോലും ഇല്ലെന്നു വേണം പറവാൻ. വിദ്യാഭ്യാസ നിലയിൽ തന്റെ നാമം ഏററവും ഉപരിയായിട്ടത്രെ സാധാരണ വിചാരിച്ചുവരുന്നതു എന്നറിയെണം.

മ. ശരി തന്നേ.

പ. മദ്യപാന ദോഷത്തെ കുറിച്ചു താൻ പറയുന്നതു "മനുഷ്യർ തങ്ങളുടെ തലച്ചോർ മോഷണം ചെയ്യുന്ന ശത്രുവിനെ അവരുടെ വായിക്കകത്തു കൊണ്ടുനടക്കുന്നതു എത്ര കഷ്ടമാകുന്നു!" എന്നത്രെ.

മ. മദ്യപാന ദോഷം സകല ദോഷങ്ങൾക്കും കാരണം തന്നേയാണല്ലോ.

പ. അതേ; നിങ്ങൾ ഇപ്പോൾ പലരുടെയും ശ്രേഷ്ഠസാക്ഷികളിൽനിന്നു ബൈബിൾ മനുഷ്യന്റെ ജീവിത ക്രമത്തിന്നു വളരെ ഏററതായ ഗ്രന്ഥമെന്നു കണ്ടുവല്ലോ. ഭാഗ്യജീവിതത്തിന്നു മാത്രമല്ല, ഭാഗ്യമരണത്തിന്നു കൂടെയും അതു പ്രയോജനകരമായതെന്നു പ്രത്യേകം ഓൎത്താൽ കൊള്ളാം. മരണ ഭൂമിയായ യുദ്ധക്കളങ്ങളിലേക്കു അയക്കപ്പെടുന്ന പുസ്തകവും ഇതു തന്നേ ആകുന്നു. അതെന്തുകൊണ്ടു? രോഗം മൂലമോ മുറിവു മൂലമോ മരിപ്പാൻ പോകുന്ന പടയാളികൾക്കു സാക്ഷാൽ ആശ്വാസവും ധൈൎയ്യവും നല്കുവാൻ ദൈവവചനമാകുന്ന വിശുദ്ധ വേദത്തിന്നു മാത്രമേ കഴിക

യുള്ളു. കീൎത്തിപ്പെട്ട ഒരു ദൈവഭടൻ പറയുന്നതു:—"ആയിരം ആയിരങ്ങൾ ദൈവവചനം മൂലം ഉപജീവിക്കുന്നു; ഇഹലോകത്തിൽ വെച്ചു നേരിടുന്ന പ്രയാസങ്ങൾ, ബുദ്ധിമുട്ടുകൾ, അദ്ധ്വാനങ്ങൾ, സമാധാനക്കേടുകൾ, രോഗങ്ങൾ എന്നിവയോടെല്ലാം എതിരിടുവാൻ അതു അവൎക്കു തുണെക്കുന്നു, മരണനദിയുടെ വക്കത്തു എത്തുമ്പോൾ അതിനെ അവൎക്കു സ്വൎഗ്ഗവാതിൽ ആക്കി തീൎക്കയും ചെയ്യുന്നു."

മ. ഹാ, ആ നല്ല മനുഷ്യന്റെ വാക്കുകൾ പരമ സത്യമെന്നു ഞാനും വിശ്വസിക്കുന്നു.

പ. അതേ, അതു പൂൎണ്ണസത്യം തന്നേ. സേർ വോൽട്ടർ സ്കോട്ട് (**Sir Walter Scott**) എന്ന ദിവ്യൻ തന്റെ മരണ സമയത്തു അദ്ദേഹത്തിന്റെ ഒരു മകനോടു പറഞ്ഞതു: "മരണസമയം മനുഷ്യന്നു പററിയതായ പുസ്തകം ഒന്നു മാത്രമേയുള്ളു; അതു ബൈബിൾ തന്നേ." ഇതുപോലെ ഇനിയും നല്ലവരും മഹാന്മാരുമായ അനേകർ പ്രസ്താവിച്ചിട്ടുണ്ടു. കീൎത്തിപ്പെട്ട സെൽടൻ (**Seldon**) പറയുന്നതു:—(1) "മരണസമയം നമ്മുടെ ആത്മാക്കളെ ആശ്വസിപ്പിപ്പാൻ തക്കതായ പുസ്തകം ബൈബിൾ അല്ലാതെ ഭൂതലത്തിൽ മററൊന്നുമില്ല" എന്നാകുന്നു.

മ. അതും കളങ്കമററ സത്യം തന്നേ ആയിരിക്കേണം; എന്തെന്നാൽ അതിനെ സാക്ഷിച്ചിരിക്കുന്നവർ നല്ലവരും പരമാൎത്ഥികളുമായ മഹത്തുക്കളല്ലോ. ഹിന്തുക്കളിൽ താണ ജാതിക്കാരായുള്ളവരൊക്കെയും തങ്ങളുടെ മരണസമയത്തു ആശ്വാസം കണ്ടെത്തുവാൻ വായിച്ചു കേൾക്കുന്ന പുസ്തകം രാമായണമത്രെ.

പ. ശരി തന്നേ; എന്നാൽ ആശ്വാസം ലഭിപ്പാൻ രാമായണത്തിൽ എന്തുള്ളു?

മ. അതേ, ആ ചോദ്യത്തിന്നു അവകാശമുണ്ടെന്നു ഞാനും സമ്മതിക്കുന്നു. ബൈബിളിന്റെ മഹത്തായ പ്രയോജനത്തെ സംബന്ധിച്ചു ഇതുവരെ പ്രസ്താവിച്ചു കേട്ട ഉത്തമ സാക്ഷികളെക്കൊണ്ടു എനിക്കു അത്യന്തം സന്തോഷമു

(1) സെൽടൻ എന്ന കീൎത്തിമാൻ ക്രിസ്താബ്ദം ൧൫൮൪-ൽ ഇംഗ്ലണ്ടിലുള്ള സസ്സെക്സിൽ ജനിച്ചു. അദ്ദേഹം പഴമക്കാരനായ ഒരു ന്യായശാസ്ത്രിയും, വളരെ വായന ചെന്ന ഒരു ചരിത്രമെഴുത്തുകാരനും ആയിരുന്നു. കുറെ കാലത്തേക്കു ഓക്സ്ഫോഡ് അംശത്തിന്റെ പ്രതിനിധിയായിട്ടു, താൻ പാൎലിയമെന്തു സംഘത്തിൽ ഒരു അംഗവുമായിരുന്നു. അവൻ തന്റെ പരമാൎത്ഥതെക്കു ആചാൎയ്യമൎയ്യാദകൾക്കും സുഗുണസ്വഭാവത്തിന്നും എല്ലായിടത്തും ബഹുമാനിക്കപ്പെട്ടും വരുന്നു.

ണ്ടു. ഈ സംഗതിയെ കുറിച്ചു ഇനി അധികം പറയേണ്ട മെന്നില്ല. നല്ലവരും വിദ്വാന്മാരും മഹാന്മാരുമായ വൈദി കന്മാരുടെ സാക്ഷികൾ മാത്രമല്ല, തത്വജ്ഞാനികൾ, വാന ശാസ്ത്രികൾ, വിജ്ഞാനശാസ്ത്രജ്ഞന്മാർ, പാർലിയമെന്റു ക ൎത്താക്കൾ, ന്യായാധിപശ്രേഷ്ഠന്മാർ, മന്ത്രിപ്രവരന്മാർ എ ന്നിങ്ങനെ അനേകം മഹാനുഭാവന്മാരുടെ സാക്ഷികൾ; ഇ ത്ര ധാരാളമായി നിങ്ങൾക്കു ഈ സംഗതിയെ സംബന്ധി ച്ചു പറവാനുണ്ടായിരുന്നു എന്നു അശേഷം പോലും ഞാൻ വിചാരിച്ചിരുന്നില്ല. ബൈബിൾ അവക്കെല്ലാവക്കും വില യേറിയ ശ്രേഷ്ഠ ഗ്രന്ഥമായിരിക്കുന്നുവല്ലോ.

പ. അതേ, അവരിൽ ചിലരൊക്കെയും ഇപ്പോഴുമുണ്ടു; സമയമുണ്ടായിരുന്നുവെങ്കിൽ ഇനിയും ചിലരെ കുറിച്ചു കൂ ടെ പറയാമായിരുന്നു.

മ. ധാരാളം പറഞ്ഞുവല്ലോ; അതിന്നായി ഞാൻ നി ങ്ങളെ പൂൎണ്ണാത്മനാ അഭിനന്ദിക്കുന്നു. ക്രിസ്തീയ മതം പ്ര ത്യാശയെ നല്കുന്ന വാഴ്ത്തപ്പെട്ട മതമായി ഞാൻ കാണുന്നു.

പ. എന്നാൽ ഹിന്തുമതത്തെ കുറിച്ചു നിങ്ങൾക്കു അങ്ങ നെ തോന്നുന്നുവോ?

മ. പറവാൻ വഴികാണുന്നില്ലെന്നു വ്യസനത്തോടെ സമ്മതിക്കേണ്ടിയിരിക്കുന്നു.

പ. അതേ, ഹിന്തുമതത്തെ കുറിച്ചു ഞാനും ധാരാളം അ റിയുന്നു. റോമായിലേ വാററിക്കാൻ പുസ്തകശാലയിൽ, മരി ച്ചുപോയിട്ടുള്ള പുറജാതികളും ക്രിസ്ത്യാനികളുമായ അനേകം മഹാന്മാരുടെ ഓൎമ്മസ്തംഭങ്ങൾ ഇപ്പോഴും സൂക്ഷിച്ചുവരു ന്നുണ്ടു. എന്നാൽ പണ്ടത്തേ പുറജാതി മഹാന്മാരുടെ സ്മാര കങ്ങളിന്മേൽ, അവരുടെ ഭാവിയെ സംബന്ധിച്ചു യാതൊരു ആശയോ സന്തോഷമോ ജനിപ്പിക്കത്തക്ക വാക്കുകൾ ഒ ന്നും തന്നേ കാണ്മാനില്ല. ക്രിസ്തീയ മഹാന്മാരുടെ സ്മാരക ങ്ങളിന്മേലോ, വരുങ്കാലത്തെ സംബന്ധിച്ചു വളരെ പ്രത്യാ ശയുള്ള വാക്കുകൾ എഴുതപ്പെട്ടിരിക്കുന്നു. മരണ നിദ്രയെ പ്രാപിച്ചവരുടെ ആത്മാക്കൾ ജീവിച്ചിരിക്കുന്നതായും പുന രുത്ഥാന നാളായ ഉയിൎപ്പിൻ ദിവസത്തേക്കു കാത്തിരിക്കു ന്നതായും ഓരോ വചനവും സൂചിപ്പിക്കുന്നു. ക്രിസ്തീയ വി ശ്വാസ സംഗ്രഹമായ ബൈബിളിൽനിന്നുള്ള ജീവമൊഴി കളാൽ ഓരോ സ്മാരകവും അലങ്കരിക്കപ്പെട്ടിരിക്കുന്നു. "ക്രി സ്തുവിൽ നിദ്ര പ്രാപിച്ചു", "ക്രിസ്തുവിനോടു കൂടെ ഇരിക്കു

ന്നു", "സ്വസ്ഥതയിലേക്കു പ്രവേശിച്ചു" എന്നിങ്ങനെയുള്ള ആശ്വാസവചനങ്ങളാൽ, മരിച്ചുപോയിട്ടുള്ള ക്രിസ്തീയ മഹാന്മാരുടെ ഭാഗ്യാവസ്ഥയെ, അവ സ്പഷ്ടമായി അറിയിക്കയും ചെയ്യുന്നു.

മ. അതു വളരെ ശ്രദ്ധിക്കേണ്ടിയ സാരസംഗതി തന്നേ.

പ. അതേ, ഭാവികാലഭാഗ്യത്തെ കുറിച്ചു ഒരു ക്രിസ്ത്യാനിയിൽ ആശയെ ജനിപ്പിക്കുന്ന സംഗതി, കൎത്താവായ യേശുവിന്റെ മഹത്തായ പുനരുത്ഥാനമത്രെ. ക്രിസ്തു തന്റെ ഉയിൎപ്പു മൂലം പാപത്തെയും മരണത്തെയും നരകപാതാളത്തെയും ജയിച്ചിരിക്കയാൽ, തന്നിൽ ആശ്രയിക്കുന്ന സത്യക്രിസ്ത്യാനികൾക്കു മേലാൽ യാതൊരു മരണമെങ്കിലും ശിക്ഷാവിധിയെങ്കിലും ഇല്ല. ഇഹലോകത്തിൽനിന്നുള്ള അവരുടെ വേൎപിരിവു യേശുവിന്റെ തൃക്കരങ്ങളിലുള്ള ഒരു നിദ്രയോടു സമമാകുന്നു. (1) ഒരു നല്ല മനുഷ്യൻ പറയുംപ്രകാരം: "നിദ്ര എന്നതു മരണമല്ല! ക്രിസ്തുവിനോടു കൂടെ ശ്രേഷ്ഠ ജീവനിൽ ഇരിക്ക എന്നത്രെ".

മ. ഹാ, അതു എത്ര സന്തോഷവും ഉന്നതപദവിയുമാകുന്നു! വരുവാനുള്ള ജീവനെ കുറിച്ചു പറയുന്നതിൽ ഹിന്തുമതത്തിന്നും ക്രിസ്തുമതത്തിന്നും തമ്മിലുള്ള വലിയ വ്യത്യാസം ഞാൻ ഇപ്പോൾ തെളിവായി കാണുന്നു.

പ. അതിനെ സംബന്ധിച്ചു ഒരു സത്യ വൃത്താന്തം ഞാൻ പറയട്ടെ. കുറെ വൎഷം മുമ്പെ എണ്പതു വയസ്സുള്ള ഒരു കുരുടിയായ ഹിന്തു സ്ത്രീ, തനിക്കു വീണ്ടും കാഴ്ച ലഭിക്കുമോ എന്നു ആലോചിപ്പാനായി ഒരു മിഷ്യനറി ഡോക്ടറിന്റെ അടുക്കൽ വന്നു. ഡോക്ടർ പരിശോധിച്ചാറെ, അവളുടെ വാൎദ്ധക്യം മൂലം വീണ്ടും കാഴ്ചകിട്ടുന്നതു പ്രയാസമായി കണ്ടു. അവളോ, വളരെ ഉരുക്കത്തോടും കണ്ണുനീരോടും കൂടെ പറഞ്ഞതു, "മകനേ കേൾക്ക, വിധവയായ എനിക്കു ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അവനെ ഞാൻ എന്റെ വൈധവ്യത്തിൽ വളരെ കഷ്ടപ്പെട്ടു വളൎത്തിപ്പോന്നു; എന്നാൽ ഇപ്പോൾ അവൻ മരിച്ചുപോയി. അവനെ കുറിച്ചു കരഞ്ഞു കരഞ്ഞാകുന്നു എന്റെ കണ്ണു രണ്ടും കുരുടായതു. അവൻ മരിച്ചശേഷം എന്റെ കുഡുംബത്തിൽ ഒരു പേരക്കുട്ടി ഇപ്പോൾ ജനിച്ചിട്ടുണ്ടു; അവനെ എനിക്കൊന്നു കാണ്മാ

(1) യോഹ. ൧൧. ൨൫, ൨൬. ൧ കൊരി. ൧൫. ൨൦ മുതൽ.

ന്നം. എനിക്കുള്ള സകലവും ചിലവായാലും ഞാൻ മരിക്കും മുമ്പെ അവനെ ഒന്നു കാണ്മാൻ സംഗതി വരുത്തിതരേണമേ".

മ. അയ്യോ, അതു വളരെ കഷ്ടവും പരിതാപകരവും തന്നേ.

പ. അതേ, സന്ദേഹമില്ല. എന്നാൽ ഡോക്ടർ അവളോടു "അമ്മേ, കണ്ണില്ലാതിരിക്കേ ആ കുട്ടിയെ കാണേണമെന്നു ഇത്ര നിർബ്ബന്ധം എന്താണ്?" എന്നു ചോദിച്ചു. അവളുടെ മറുപടിയോ, വളരെ വേദനയും ആശ്ചര്യവും തോന്നത്തക്കതായിരുന്നു. അവൾ പറഞ്ഞതു:—"ഞാൻ ഒരു ഹിന്തുവെന്നു അറിയാമല്ലോ. എന്റെ മരണശേഷം ഞാൻ പക്ഷേ ഒരു നായോ നരിയോ, പൂച്ചയോ തവളയോ ആയിട്ടു പുനൎജ്ജന്മം എടുത്തേക്കാം; എന്റെ വിധി എങ്ങനെയോ ആൎക്കറിയാം! എണ്പത്തുനാലു ലക്ഷം ജനനമരണങ്ങളിൽകൂടെ വീണ്ടും വീണ്ടും പുനൎജ്ജന്മം എടുക്കേണ്ടിയിരിക്കുന്നു! ആ കുട്ടി മരിച്ചുപോയാൽ, അതും അപ്പണ്ണം തന്നേ വല്ല ആടോ മാടോ പന്നിയോ ആയിട്ടു അവന്റെ വിധിപോലെ ജനിച്ചേക്കും. ഇജ്ജന്മം കഴിഞ്ഞുപോയാൽ ഇനിയൊരു ജന്മത്തിൽ വെച്ചു തമ്മിൽ കാണാമെന്നുള്ള ആശ ഒട്ടുമില്ലല്ലോ! എന്നുമെന്നേക്കും ഞങ്ങൾ തമ്മിൽ അന്യന്മാരായി മാത്രമിരിക്കും! ഈ ആയുസ്സിൽ വെച്ചു മാത്രമേ ഞാൻ അവന്നു അമ്മാമ്മയും അവൻ എനിക്കു പേരക്കുട്ടിയും ആയിരിപ്പാൻ സാധിക്കൂ! ഇവിടം കഴിഞ്ഞാൽ തീൎന്നു! അതുകൊണ്ടു, ഞാൻ അവന്റെ അമ്മാമ്മയും, അവൻ എന്റെ പേരക്കുട്ടിയും ആയിരിക്കുന്ന ഈ ആയുസ്സിൽ വെച്ചു തന്നേ, എന്റെ മരണത്തിന്നു മുമ്പായി, അവന്റെ മുഖമൊന്നു കാണ്മാൻ എനിക്കു സംഗതിയാക്കേണമേ" എന്നു നുറുങ്ങിയ ഹൃദയത്തോടെ യാചിച്ചു.

മ. ആ സാധുവായ സ്ത്രീ പറഞ്ഞതു സത്യമത്രെ. ഹിന്തുമതത്തിൽ, വരുവാനുള്ള ജീവനെ കുറിച്ചുള്ള വിചാരം എന്തെന്നു ഏറെക്കുറെ അതിൽനിന്നു ഗ്രഹിക്കാമല്ലോ.

പ. അതേ, അതു തെളിവായി കാണ്മാൻ കഴിയും. ഡോക്ടർ ആ വിധവസ്ത്രീയോടു പറഞ്ഞ മറുപടി കൂടെ കേട്ടാലും.

മ. കൊള്ളാം, കേൾക്കട്ടെ.

പ. താൻ പറഞ്ഞതു, "ബൈബിളിന്റെ ഉപദേശപ്രകാരം ഞങ്ങൾക്കു അതിലുള്ള വിശ്വാസവും ആശയും എന്തെന്നു ഞാൻ പറയാം: ഞങ്ങളുടെ പരമപിതാവിന്റെ ഭവനത്തിൽ ഞങ്ങൾക്കായി ഒരുക്കപ്പെട്ട അനേകം വാസസ്ഥലങ്ങളുണ്ടു. മരണം ഞങ്ങൾക്കു ഒരു നദിപോലെ മാത്രം. ഞങ്ങളിൽ ചിലർ ആ പുഴവക്കോടു അടുത്തിരിക്കുന്നു; ഞങ്ങൾക്കുള്ളവരിൽ ചിലർ അതിനെ കടന്നുപോയുമിരിക്കുന്നു. ഞങ്ങളെല്ലാവരും ഞങ്ങളുടെ പിതാവിന്റെ ഭവനത്തിൽ ക്ഷേമമായി ചെന്നു ചേരും നിശ്ചയം. പിന്നെ ഒരിക്കലും അന്യോന്യം പിരികയുമില്ല. കണ്ണുനീരെല്ലാം ഞങ്ങളുടെ സ്വൎഗ്ഗസ്ഥപിതാവിന്റെ സ്നേഹകാരുണ്യ കരങ്ങളാൽ തുടെച്ചുകളയപ്പെടുകയും ചെയ്യും". ആ സാധുവായ സ്ത്രീ ഇവയെല്ലാം അതിശ്രദ്ധയോടെ കേട്ടു. ഇണ്ട്യനിവാസികളായ അസംഖ്യം ആത്മാക്കൾക്കു വേണ്ടി ക്രിസ്തു മരിച്ചു എങ്കിലും അവർ ഇപ്പോഴും ദൈവത്തെ അറിയാത്തവരും മരണത്തിൽ ആശയില്ലാത്തവരും ആയിരിക്കുന്നുവല്ലോ!

മ. ആ ഡോക്ടർ പറഞ്ഞതൊക്കെയും പൂൎണ്ണസത്യമത്രെ. ഹിന്തുമതം വരുവാനുള്ള ജീവനെ കുറിച്ചു മൂടലുള്ളതും നിശ്ചയമററതുമായിരിക്കെ, ക്രിസ്തുമതം എത്ര വളരെ ശോഭിതവും പ്രത്യാശയും ഉള്ളതാകുന്നു എന്നു ഞാൻ സ്പഷ്ടമായി കാണുന്നു.

പ. അതു വളരെ സന്തോഷം തന്നേ. ലോകരക്ഷിതാവിനെ പരമാൎത്ഥമായി സ്നേഹിക്കുന്നവൎക്കു ഒക്കെയും, തങ്ങളുടെ മരണകാലത്തിൽ തന്നേ, വരുവാനുള്ള ഭാഗ്യജീവനെ കുറിച്ചു ഉറപ്പും നിശ്ചയവുമുള്ള പ്രത്യാശയുണ്ടു (സുഭാ. ൧൪. ൩൨. റോമ. ൮. ൨൪.) പിശാചിന്നോ അവന്റെ ദൂതന്മാൎക്കോ അതു ഇല്ലായ്മ ചെയ്വാൻ കഴികയുമില്ല (റോമ. ൮. ൩൮—൩൯).

മ. അതു എത്ര മനോഹരമായ സദ്വൎത്തമാനം!

പ. സംശയമില്ല; അതിന്നായി നാം ദൈവത്തെ സ്തുതിക്കേണ്ടതത്രെ.

മ. ബൈബിളിനെ കുറിച്ചു കേൾക്കുന്തോറും അധികമധികം കേൾപ്പാൻ ആഗ്രഹം ജനിക്കുന്നു; അതുകൊണ്ടു അതിന്റെ ഉത്ഭവം, അതിന്റെ ദിവ്യപരിപാലനം എന്നിവയെ കുറിച്ചു കഴിവുള്ളിടത്തോളം പറഞ്ഞു കേട്ടാൽ കൊള്ളായിരുന്നു.

പ. അതിനെ കുറിച്ചു പറവാൻ എനിക്കു വളരെ സന്തോഷമുണ്ടു. ആദ്യകാലങ്ങളിൽ തിരുവെഴുത്തുകളുടെ ചില ഭാഗങ്ങൾ മനഃപാഠമായി ചിലർ ഗ്രഹിച്ചിരുന്നു; ചില ഭാഗങ്ങൾ കളിമണ്ണുകൊണ്ടുള്ള കല്പലകകളിന്മേലും, ചില ഭാഗങ്ങൾ തോൽചുരുളുകളിന്മേലും, ചില ഭാഗങ്ങൾ പപ്പൈറസ് എന്നൊരു ചെടിയുടെ നേർത്ത ഇലകളിന്മേലും (1) എഴുതി സൂക്ഷിക്കപ്പെട്ടു. പതിനാറാം നൂററാണ്ടുവരെ തിരുവെഴുത്തുകളുടെ പുതിയ പകൎപ്പുകൾ കയ്യെഴുത്തു മൂലം മാത്രമേ കിട്ടുവാനും കഴിഞ്ഞിട്ടുള്ളു. ആദ്യകാലങ്ങളിൽ ബൈബിൾ സൂക്ഷിക്കപ്പെട്ടുവന്ന വിധം ഓൎത്താൽ വളരെ അതിശയം തോന്നും. നമ്മുടെ പരമപിതാവിന്റെ ആ സ്നേഹദൂതിനെ മനുഷ്യരുടെ ഇടയിൽനിന്നു മായിച്ചുകളവാൻ സാത്താൻ തന്റെ സകല വിധമായ ശത്രുതയെയും പ്രയോഗിച്ചു നോക്കി; എങ്കിലും കഴിഞ്ഞില്ല; ഇനിമേലാലും ഭൂപാതാളങ്ങളിലുള്ള യാതൊന്നിനാലും അതിനെ നിൎമ്മൂലമാക്കുവാൻ കഴിയുന്നതുമല്ല (മക്കോ. ൧൩. ൩൧). ഭൂതലത്തിന്റെ പല ഭാഗങ്ങളിലും, പ്രത്യേകം, ചീനം, മഡഗാസ്കർ മുതലായ രാജ്യങ്ങളിലും തിരുവെഴുത്തുകളെ ഇല്ലായ്മചെയ്വാൻ വളരെ പ്രയത്നങ്ങൾ കഴിച്ചിട്ടുണ്ടു. എന്നാൽ ചീനത്തിൽ, ഈ കഴിഞ്ഞ ബോക്സർ യുദ്ധത്തിന്റെ ശേഷം ബൈബിൾ പ്രചാരം മുമ്പിലത്തേതിലും അധികമത്രെ. "മാൎത്തുമാരുടെ രക്തം സഭയുടെ വിത്താകുന്നു" എന്നതു കളങ്കമററ സത്യമല്ലോ.

മ. അതു ബഹു സാരമേറിയ ഒരു ചരിത്രം തന്നേ.

പ. അതേ, ഇപ്പോൾ ബൈബിളിന്റെ പ്രചാരം പണ്ടത്തേതിലും അധികമായി തൎജ്ജമകളുടെ നവീകരണം മൂലം വൎദ്ധിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ കുറെ മുമ്പെ കേട്ടപ്രകാരം, നാഗരികതചത്തിൽ അഭിവൃദ്ധി പ്രാപിച്ചിരിക്കുന്ന ജാതികളൊക്കെയും ആ മുഖ്യാവസ്ഥയിലേക്കു വന്നെത്തുവാൻ ഈ പുസ്തകമത്രെ കാരണം. മററുള്ള എല്ലാ പുസ്തകങ്ങളേക്കാളും വിദ്യാഭ്യാസത്തെ ഉത്സാഹിപ്പിച്ചു വരുന്നതും ഒരം വാഴ്ത്തപ്പെട്ട ഗ്രന്ഥമത്രെ. സംഗീതം, കവിത, ചിത്രലിഖിതം എന്നിവെക്കുള്ള ഉത്തമ മാതൃകയെല്ലാം ഈ പുസ്തകം മൂലമത്രെ ഉളവായിരിക്കുന്നതു. ഇക്കാലത്തേ ഗുണകരമായ രാജ്യഭരണ തന്ത്രങ്ങളുടെ അടിസ്ഥാനവും, വ്യത്യാസപ്പെട്ട പല

(1) പപ്പൈറസ് എന്നതു എജിപ്റ്റിലുള്ള ഒരുതരം ഞാങ്ങണയാകുന്നു. പൂൎവ്വികന്മാർ അതിന്റെ ഇലകളെ കടലാസിന്നു പകരം ഉപയോഗിച്ചുവന്നു.

ജാതികൾ തമ്മിൽ അന്യോന്യമുള്ള സഹോദരപ്രീതിയും, ത ങ്ങളെല്ലാവരും ഏകകൎത്താവും യജമാനനുമായവന്റെ ഭൃത്യ ന്മാരെന്നുള്ള മനോബോധവും നല്കിവരുന്നതും ലോകഗ്ര ന്ഥങ്ങളിൽ വെച്ചു മഹാ ഗ്രന്ഥമായ ബൈബിൾമൂലമല്ലാതെ മറെറാന്നിനാലുമല്ല.

മ. അതു വിശ്വാസയോഗ്യമായ വചനം തന്നേ.

പ. വിശുദ്ധവേദം, വളരെ കൃത്യമായ പരിശോധന യിൽകൂടെ ഇപ്പോഴും കടന്നുകൊണ്ടിരിക്കുന്നു. ഡോക്ടർ പി യഴ്സന്റെ (Dr. Pierson) എരിവേറിയ വാക്കുകളെ അ ല്പനേരം ശ്രദ്ധിച്ചാൽ കൊള്ളായിരുന്നു. ഇക്കാലത്തുള്ള പ്രാ പ്തന്മാരായ ക്രിസ്തുസ്ഥാനാപതികളിൽവെച്ചു താൻ ഒരു മുഖ്യ നും, ബൈബിൾ വീരന്മാരിൽ ഒരു ശ്രേഷ്ഠനുമത്രെ.

മ. കൊള്ളാം; അദ്ദേഹം പറയുന്നതു എന്താണ്?

പ. കുറെ മുമ്പെ ലണ്ടനിൽ ഒരു മഹായോഗത്തിൽവെ ച്ചു താൻ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "എനിക്കു ഈ യോഗത്തോടു ഒരു ദിവ്യ ദൂതിനെ പററി അറിയിപ്പാനുണ്ടു; അല്ലെങ്കിൽ ഞാൻ ഇവിടെ വരികയില്ലായിരുന്നു......നമ്മു ടെ യജമാനന്റെ മഹിമെക്കായി ബൈബിളിന്റെ ദിവ്യാ വസ്ഥയെ കുറിച്ചു ഞാൻ ഇന്നു ഇവിടെ ഘോഷിപ്പാനാഗ്ര ഹിക്കുന്ന സംഗതികൾ മൂലം നിങ്ങളിൽ ധൈൎയ്യം ജനിക്ക ട്ടെ. ബൈബിളിന്റെ ദിവ്യോത്ഭവം, അതിൽ തന്നേ തെളി വായി പറഞ്ഞിരിക്കുന്നു എന്നുള്ളതിൽ നിങ്ങളുടെ മനസ്സു ഉല്ലസിക്കട്ടെ. വെളിപ്പാടു പുസ്തകം അഞ്ചാം അദ്ധ്യായത്തി ൽ, ഏഴു മുദ്രകളാൽ മുദ്രയിടപ്പെട്ട ഒരു പുസ്തകത്തെ കുറിച്ചു നാം വായിക്കുന്നുവല്ലോ. ആ ഏഴു മുദ്രകൾ, ബൈബിളി ന്റെ ദിവ്യോത്ഭവത്തെ കുറിച്ചു ദൈവഭാഗത്തുള്ള ഏഴു വിധം ലക്ഷ്യങ്ങളാകുന്നു. പന്ത്രണ്ടാം സങ്കീൎത്തനത്തിൽ വിശുദ്ധ വേദത്തിന്റെ ദിവ്യോത്ഭവത്തെ പററി 'അതു മ ൺമൂശയിൽ ഏഴുപ്രാവശ്യം ശുദ്ധിചെയ്യപ്പെട്ട വെള്ളിപോ ലെ' എന്നും കൂടെ പറഞ്ഞിരിക്കുന്നു. അതു മനുഷ്യഭാഗ ത്തുനിന്നുള്ള പരിശോധനയെ ആകുന്നു സൂചിപ്പിക്കു ന്നതു".

മ. ആ സംഗതിയെ പററി ഞാൻ അറിഞ്ഞിട്ടില്ലായിരു ന്നു. ആ ഏഴു മുദ്രകൾ എന്തിനെയാകുന്നു സൂചിപ്പിക്കുന്നതു?

പ. അതിനെ കുറിച്ചു ഡോക്ടർ പറയുന്നതു:—

"ദൈവ വചനത്തെ സംബന്ധിച്ച ആ ഏഴു മുദ്രകൾ

ഇവയാകുന്നു: (൧) പ്രവചന മുദ്ര, അതു ദൈവത്തിന്റെ സൎവ്വജ്ഞതയെ കാണിക്കുന്നു; (൨) ചരിത്ര മുദ്ര, അതു ദൈവ വിചാരണെയെ കാണിക്കുന്നു; (൩) അത്ഭുതങ്ങളുടെ മുദ്ര, അതു ദൈവത്തിന്റെ സൎവ്വശക്തിയെ കാട്ടുന്നു; (൪) ഐക്യതയുടെ മുദ്ര, അതു ദൈവത്തിന്റെ സൎവ്വ വ്യാപകത്വത്തെ കാട്ടുന്നു; (൫) സ്ഥിരതയുടെ മുദ്ര, അതു ദൈവ സത്യങ്ങളെ കുറിക്കുന്നു; (൬) സന്മാൎഗ്ഗ മുദ്ര, അതു ദൈവ നീതിയെ കുറിക്കുന്നു; (൭) ദൈന്യതയുടെ മുദ്ര, അതു ദൈവ സ്നേഹത്തെ കുറിക്കുന്നു. ദൈവവചനത്തെ സംബന്ധിച്ചു മനുഷ്യഭാഗത്തുനിന്നുള്ള ഏഴു പരിശോധനകൾ ഇവയാകുന്നു: (൧) സ്വയപ്രത്യക്ഷത, ദൈവവചനം ഒരു കണ്ണാടി പോലെ തന്നെ തന്നേ മനുഷ്യനു കാണിച്ചുകൊടുക്കുന്നു; (൨) ശുദ്ധീകരണം, ഒരു സ്നാന തൊട്ടിക്കു തുല്യം; (൩) പുനൎജനനം, ദൈവവചനം ഒരു ദിവ്യ വിത്തിനോടു തുല്യം; (൪) ദൈവ സേവ, കൊയിത്തിന്നു കാരണമായ വിതയോടു സമം; (൫) ആരോഗ്യം, ദൈവവചനം ശിശുക്കൾക്കു പാലും, മുതിൎന്നവൎക്കു ബലമുള്ള ആഹാരവും, പാറയിൽനിന്നുള്ള തേനും പോലെ; (൬) വഴികാട്ടി, കാലുകൾക്കു ഒരു വിളക്കും, വഴിക്കു ഒരു പ്രകാശവും; (൭) ജയം, ശത്രുവോടു എതൃപ്പാനുള്ള ആത്മവാളിനെ അതു നല്കുന്നു. ദൈവ വചനത്തിന്നു ഈ മുദ്രകളെല്ലാം ഉണ്ടു. അതു മനുഷ്യൎക്കായി നല്കപ്പെട്ട വചനമാകയാൽ മനുഷ്യന്റെ പരിശോധനെക്കെല്ലാം അതു ജയഘോഷം കൊണ്ടാടി നില്ക്കുന്നു. അതു ദൈവത്തിൽനിന്നു പുറപ്പെട്ട വചനമാകയാൽ തന്റെ ദിവ്യ ലക്ഷണങ്ങളായ മുദ്രകൾ അതിന്മേൽ പതിക്കപ്പെട്ടുമിരിക്കുന്നു".

മ. അതു ഏററവും സാരമേറിയ പ്രബോധനം തന്നേ.

പ. സംശയമില്ല; അദ്ദേഹം പിന്നെയും പറയുന്നതു:—

"ബൈബിൾ ഒരു പ്രകാശം പോലെ ആകുന്നു. അതു അപ്രകാരം തന്നേയോ എന്നു സാക്ഷിപ്പാൻ അതിന്നാവശ്യമില്ല. ഒരു വെളിച്ചത്തിന്നു അതിൽനിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്ന പ്രഭ തന്നേ സാക്ഷിയല്ലോ. പ്രകാശം കടവാതിലുകളെയും മൂങ്ങാകളെയും അതിന്റെ മുമ്പിൽനിന്നു പായിച്ചുകളയുന്നപ്രകാരം, ബൈബിൾ പ്രഭ, പാപദോഷങ്ങളെ തന്റെ മുമ്പിൽനിന്നു പറപ്പിച്ചുകളയുന്നു. മനുഷ്യകുലത്തെ ശാപഗ്രസ്തരാക്കിയിരിക്കുന്ന സാമൂഹ്യ ദോഷങ്ങളായ ബഹുഭാൎയ്യത്വം, വ്യഭിചാരം, ന്യായം പോലെ ഭാവിച്ചു വരു

ന്ന ചാരിത്രഭംഗം അല്ലെങ്കിൽ പാതിവ്രത്യമില്ലായ്മ, ചാപല്യമായ ഭാൎയ്യാവുപേക്ഷണം, ശിശുവധം, ക്രൌൎയ്യവും മൌഢ്യവുമായ വിനോദങ്ങൾ, അപഹരണവും അക്രമവുമേറിയ യുദ്ധങ്ങൾ, ദേഹദണ്ഡനം മൂലമുള്ള ശിക്ഷകൾ, ജാതിഭേദം, അടിമപ്പാട്ട എന്നിവയെല്ലാം സുവിശേഷ വെളിച്ചത്തിൻ മുമ്പാകെ ഓടി ഒളിച്ചുകൊണ്ടിരിക്കുന്നു. ബൈബിൾപ്രകാശം, സൂൎയ്യകാന്തിയെ പോലെ, ആരാലും കെടുത്തുകളുവാൻ കഴിയുന്നതല്ല. പക്ഷെ സൂൎയ്യനെ കെടുത്തുകളുവാൻ ഒരുത്തൻ തൻെറ മേൽ തന്നേ ജലധാരകളെ വൎഷിപ്പിച്ചുകൊണ്ടിരുന്നാൽ അതുമൂലം തന്നെത്താൻ ഈറനാക്കുന്നു എന്നല്ലാതെ സൂൎയ്യതേജസ്സിന്നു ഭംഗം ഏതുമില്ലല്ലോ" എന്നത്രെ.

മ. അതു ബഹു വിശേഷം തന്നേ. ആ സമൎത്ഥനായ ദൈവഭൃത്യൻ തൻെറ മനോഹരമായ പ്രസംഗത്തെ എങ്ങനെ അവസാനിപ്പിക്കുന്നു?

പ. പറയാം. തൻെറ അവസാന വാക്കുകൾ ഇതായിരുന്നു: "ദൈവത്താൽ അയക്കപ്പെട്ടിട്ടുള്ള അപ്പോസ്തലന്മാരിൽ വെച്ചു ബൈബിൾ ഏററവും ഉത്തമനും അതിമഹാനുമായ ഒരുവനെ പോലെയാകുന്നു. തനിക്കു ഒരിക്കലും രോഗമില്ല; സ്വസ്ഥതെക്കായി പ്രവൃത്തിയിൽ നിന്നുള്ള ഒഴിവും ആവശ്യമില്ല. തനിക്കു വയോധിക്യമില്ല, മരണവുമില്ല. അതു തന്നിൽ തന്നേ സൎവ്വലോകോപകാരിയാകുന്നു. അതിൽ പരിപാക സംഘവും, അടിമ നിവാരണ സംഘവും, സാമൂഹ്യമായ വിശുദ്ധ ജീവിത സംഘവും, മനുഷ്യകുലത്തിന്നു ഉപകാരപ്രദമായ സകല നന്മകളും, മിഷ്യൻ പ്രവൃത്തികളുമുണ്ട".

മ. ഹാ, എത്ര വിശേഷമായ പ്രസംഗം! ബൈബിളിൻെറ അമിതമായ പ്രയോജനവും, അതു സൎവ്വശക്തനായ ഈശ്വരനാൽ തന്നേ നല്കപ്പെട്ടു എന്നുള്ളതും ഞാൻ മുമ്പിലത്തേതിലും അധികമായി കാണുകയും അറിയുകയും ചെയ്യുന്നു.

പ. ഞാൻ അതിങ്കൽ അത്യന്തം സന്തോഷിക്കുന്നു.

മ. ബൈബിളും ക്രിസ്തുമതവും സത്യമെങ്കിൽ അതു സകല ലോകൎക്കും അറിയപ്പെട്ടതായിരിക്കേണം എന്നു അവിശ്വാസികൾ സിദ്ധാന്തിക്കുന്നില്ലയോ?

പ. ഉവ്വ്, അവരുടെ ആ പ്രസ്താവനയിൽ അകാൎയ്യമോ ന്യായക്കേടോ ഉള്ളതായി തോന്നുന്നില്ല. ഭൂതലത്തിലുള്ള

എല്ലാ മതഗ്രന്ഥങ്ങളിലും ഉള്ളതിനേക്കാൾ വിശിഷ്ടമായ ഉപദേശ പ്രമാണങ്ങൾ ബൈബിളിൽ അടങ്ങിയിരിക്കുന്നതിനാലും, കൎത്താവായ യേശു മാത്രം സ്വൎഗ്ഗപാതയായി അതിൽ വെളിപ്പെട്ടിരിക്കുന്നതിനാലും; തന്റെ നാമം ഒഴികെ സൂൎയ്യന്നു കീഴിൽ വേറൊരു രക്ഷണ്യ നാമം ഇല്ലായ്കയാലും ബൈബിളിനെ കുറിച്ചു സൎവ്വലോകരും അറിഞ്ഞിരിക്കേണ്ടതു ആവശ്യം തന്നേ.

മ. എനിക്കും അങ്ങനെ തന്നേ തോന്നുന്നു. അതിനെ കുറിച്ചു വിശു. പത്രോസിന്റെ ലേഖനത്തിൽ ഞാൻ വായിച്ചിട്ടുള്ളതായി ഒരു ധാരണയുണ്ടു.

പ. അതേ, ആ അപ്പോസ്തലൻ അതിനെ പററി പറഞ്ഞിരിക്കുന്നു (൧ പത്രൊ. ൧. ൨൫).

മ. ശരി തന്നേ. എന്റെ മൂത്ത ഉടപ്പിറന്നോനും, ഹിന്തുക്കളും മുസല്മാനരുമായ തന്റെ ചില സ്നേഹിതന്മാരും കൂടെ ക്രിസ്തുമതത്തെ കുറിച്ചു, അതു സകല ജാതികൾക്കായിട്ടും ഉള്ളതെന്നു തക്ക തെളിവുകളാൽ സാക്ഷിച്ചല്ലാതെ, അതിനെ ഹിന്തുരാജ്യക്കാരായ അന്യ ജാതികൾക്കു വിശ്വസിപ്പാൻ പ്രയാസമുള്ളതായി പ്രസ്താവിക്കുന്നതിനെ ഞാൻ കേട്ടിട്ടുണ്ടു.

പ. ആകട്ടെ; ബൈബിളും ക്രിസ്തുമതവും സകല ലോകൎക്കുമായിട്ടു ദൈവത്താൽ തരപ്പെട്ടതെന്നു കഴിയുന്നിടത്തോളം ഞാൻ നിങ്ങളെ കാണിക്കാം. അതു ഏററവും രസകരമായ ഒരു സംഗതിയെന്നു മാത്രമല്ല, സാരമേറിയതും കൂടെയാണല്ലോ.

മ. അതേ, സന്ദേഹമില്ല.

പ. **ഒന്നാമതായി** നമുക്കു ബൈബിളിന്റെ വാചകരീതിയെ കുറിച്ചു തന്നേ നോക്കാം. അതിൽ ഒരു പ്രത്യേക ദൈവ വിചാരണയെ നാം കാണുന്നുവല്ലോ. പലതരം അറിവുകളും വിജ്ഞാന വിദ്യകളും അഭിവൃദ്ധിപ്പെടുന്നതിന്നു മുമ്പായിട്ടു, മനുഷ്യകുലത്തിന്റെ ആരംഭകാലങ്ങളിൽ തന്നേ, ബൈബിൾഗ്രന്ഥം എഴുതപ്പെടുവാൻ തുടങ്ങി. അറിവും വിദ്യയും കുറഞ്ഞ ആദ്യകാലങ്ങളിൽ ജീവിച്ചിരുന്ന സാധുജനങ്ങൾക്കു ഗ്രഹിപ്പാൻ തക്ക വിധത്തിൽ ലളിതമായ വാക്കുകളോടും തെളിവായ വചനങ്ങളോടും കൂടെ അതു എഴുതപ്പെട്ടു. ഒരു പ്രാപ്തനായ ദിവ്യൻ ചോദിക്കുംപ്രകാരം, ദൈവം ബൈബിളിലുള്ള കവിതാഭാഗങ്ങളെ സമത്വമായ ഈരണ്ടു വരികളോടെ എഴുതിപ്പിച്ചു തന്നതു എന്തു സാദ്ധ്യത്തിന്നായിരി-

ക്കാം? അതു സാധുജനങ്ങൾക്കു എളുപ്പം മനസ്സിലാകുവാനും, പിന്നീടു ഭൂലോക ഭാഷകളിലേക്കു അതിന്റെ തൎജ്ജമയെ എളുപ്പപ്പെടുത്തുവാനുമുള്ള മുൻകരുതലോടെ അല്ലയോ? ബൈബിളിലുള്ള ഉപമാവാക്യങ്ങളെ കുറിച്ചു ആലോചിക്കുമളവിൽ, അതു പൊതുവിൽ എല്ലാവൎക്കും ഗ്രഹിപ്പാൻ തക്കവണ്ണം എല്ലാവരുടെ പരിചയത്തിന്നും അറിവിന്നും ഏറെക്കുറെ അനുഭവസിദ്ധമായ സംഗതികളിൽനിന്നല്ലോ എടുത്തു ചേൎക്കപ്പെട്ടിരിക്കുന്നതു.

മ. അതു ആലോചിക്കേണ്ടിയ ഒരു സാര സംഗതി തന്നെയാണ്, സംശയമില്ല.

പ. അതെ, ബൈബിൾ എന്നപോലെ എല്ലാ ഭാഷകളിലും അത്ര എളുപ്പമായി തൎജ്ജമ ചെയ്യപ്പെടുന്ന ഗ്രന്ഥം വേറെ ഏതുള്ളൂ? വിശുദ്ധവേദം ഒഴികെ എല്ലാ ഭാഷകളിലും വിദ്യകളിലും കടന്നുകൂടി മുഖ്യത പ്രാപിച്ചിരിക്കുന്ന വേറൊരു പുസ്തകം ഭൂതലത്തിൽ എങ്ങാനും ഉണ്ടോ? ബൈബിൾ ഏതു ഭാഷയിലേക്കു തൎജ്ജമപ്പെടുത്തുകയെന്നു വന്നാലും അതിന്റെ മാധുൎയ്യവും മനോഹരവുമായ വാചകരീതിക്കു സൌന്ദൎയ്യം കുറയാതെയും അതിലുള്ള സംഗതികളുടെ പ്രാധാന്യത്തെക്കു ലാഘവം ഭവിക്കാതെയും ഇരിക്കുന്നതു തന്നെ അതു സകല ഭാഷക്കാൎക്കായിട്ടുമുള്ള ഗ്രന്ഥം എന്നതിന്നു ഒരു തക്ക സാക്ഷിയല്ലയോ? അതിന്റെ വാചകരീതി ഏതു ഭാഷക്കാൎക്കും പററിയതും, എല്ലാ മനസ്സിന്നും ആകൎഷണം നല്കുന്നതുമാകുന്നു. ഈ വിശേഷത ഭൂമിയിൽ വേറെ ഏതു ഗ്രന്ഥത്തിന്നുള്ളൂ?

മ. അതെ, നിങ്ങളുടെ യുക്തി മനസ്സിലാകുന്നു. ഈശ്വര കരം ആ സംഗതിയിലുണ്ടെന്നു ഞാൻ സ്പഷ്ടമായി കാണുന്നു.

പ. രണ്ടാമതായി, ബൈബിളിന്റെ തൎജ്ജമയെ കുറിച്ചു നോക്കാം. വിശുദ്ധവേദം സകല മനുഷ്യൎക്കായിട്ടുള്ള ദിവ്യവെളിപാടാകയാൽ, ക്രിസ്ത്യാനികൾ അതിനെ എല്ലാ ഭാഷകളിലേക്കും തൎജ്ജമ ചെയ്തു പ്രസിദ്ധീകരിപ്പാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. അതു മുഴുവനായും ഭാഗങ്ങളായും ൫൦൦ ഭാഷകളിൽ കുറയാതെ ഭാഷാന്തരം കഴിഞ്ഞുമിരിക്കുന്നു.(1) മനുഷ്യവംശത്തിന്റെ പത്തിൽ ഏഴുഭാഗത്തിന്നും താ

(1) ഈ സംഗതിയെ കുറിച്ചു നാസ്തികന്മാർ കൂടെ അതിശയിക്കയും ഭൂലോക അതിശയങ്ങളിൽ ഒന്നായിട്ടു അതിനെ വിചാരിക്കയും ചെയ്യുന്നു.

ന്താൻെറ ഭാഷയിൽ ബൈബിൾ കിട്ടിയിരിക്കുന്നു എന്നു തന്നേ പറയാം; അതുകൂടാതെ, വൎഷംതോറും ഉദ്ദേശം പന്ത്രണ്ടു പുതിയ ഭാഷകളിലേക്കു ബൈബിളിൻെറ ഭാഷാന്തരം നടത്തിയും വരുന്നു. ഈ അവസ്ഥെക്കു ഇനി ഇരുപത്തഞ്ചു സംവത്സരങ്ങൾക്കകം ഭൂമിയിലുള്ള സകല ജാതികൾക്കും താന്താൻെറ സ്വന്ത ഭാഷയിൽ ഓരോ സുവിശേഷപ്രതി കിട്ടുവാൻ സംഗതിയുണ്ടു. അതുകൊണ്ടു ബൈബിൾ എല്ലാ മനുഷ്യൎക്കും, എല്ലാ കാലത്തേക്കും ഉള്ളതാകുന്നു എന്നു വെളിപ്പെടുന്നുവല്ലോ.

മ. ആ സംഗതി ബഹു അതിശയം തന്നേ; എന്തെന്നാൽ വിശുദ്ധവേദം ഇപ്പോൾ ൪൫൦ ഭാഷകളിലും ഭാഷാഭേദങ്ങളിലും വായിക്കപ്പെടുന്നു എന്നുള്ളതു ആരും സ്വപ്നത്തിൽ പോലും കണ്ടിട്ടില്ലാത്ത കാൎയ്യമല്ലോ.

പ. സംശയം കൂടാതെ അതു വളരെ അതിശയിക്കത്തക്ക സംഗതിയത്രെ. എന്നാൽ ഹിന്തുക്കൾ, മുസല്മാനർ, ബൌദ്ധർ എന്നവരുടെ മതഗ്രന്ഥങ്ങളെ കുറിച്ചു അങ്ങനെ പറയാമോ?

മ. ഒരിക്കലും പാടില്ല!

പ. അതു ദൈവത്താൽ തരപ്പെട്ടവയെങ്കിൽ മററുള്ളവരുടെ പ്രയോജനത്തിന്നായി അവർ അതിനെ ഭൂലോകഭാഷകളിലേക്കു ഭാഷാന്തരം ചെയ്യാത്തതു എന്തുകൊണ്ടു?

മ. അതു സാരമേറിയ ചോദ്യമത്രെ. ആ ഒരു സംഗതിയിൽനിന്നു തന്നേ ഹിന്തുക്കളും മുസല്മാനരും തങ്ങളുടെ വിശുദ്ധഗ്രന്ഥങ്ങളുടെ ഉത്ഭവത്തെ കുറിച്ചു ഉററു ആലോചിക്കേണ്ടതാകുന്നു എന്നു കാണുന്നു.

പ. സംശയമുണ്ടോ! ബൈബിൾ തൎജ്ജമകളിൽ വെച്ചു നേരിടുന്ന അദ്ധ്വാനങ്ങളും ഭാരമേറിയവത്രെ. സംസ്കൃതം, ചീന, അറബി മുതലായ ഭാഷകൾ വെടിപ്പായി ഗ്രഹിപ്പാൻ വളരെ പരാധീനം. വളരെ കാട്ടാളഭാഷകളിലും വിശുദ്ധവേദം ഭാഷാന്തരം ചെയ്തുവരുന്നുണ്ടു. പരിഷ്കാരമില്ലാത്ത കിരാത ഭാഷകളിലേക്കു ബൈബിളിൻെറ ഭാഷാന്തരം അദ്ധ്വാനമേറിയതെന്നു പറയേണ്ടതില്ലല്ലോ. എന്നു മാത്രമല്ല, അക്ഷരവിദ്യയില്ലാത്ത അനേകം സംസാര ഭാഷകൾക്കു അക്ഷരങ്ങളെ നിൎമ്മിച്ചുണ്ടാക്കി, ബൈബിളിനെ അതിലേക്കു ഭാഷാന്തരം ചെയ്തു, യേശുവിൻെറ സ്നേഹ ദൂ

തിനെ കുറിച്ചു ആ കിരാതന്മാരെ ഗ്രഹിപ്പിപ്പാനുള്ള പ്രയത്നം നമുക്കു ഊഹിപ്പാൻ കഴിയുന്നതിലും അധികമാകുന്നു.

മ. ഈ പറഞ്ഞ സംഗതി മുമ്പിലത്തേതിലും അതിശയിക്കത്തക്കതായി തോന്നുന്നു.

പ. മൂന്നാമതു, വിശുദ്ധവേദം സകല മനുഷ്യവൎഗ്ഗത്തിന്റെ ആവശ്യങ്ങൾക്കും പററിയതായിരിക്കുന്നു. ഈ സംഗതി മിഷ്യനറിമാരാൽ മാത്രമല്ല, വേദപുസ്തക വ്യാപാരികളാലും രാജ്യസഞ്ചാരികളാലും മററു അനേകരാലും സാക്ഷീകരിക്കപ്പെടുന്നു. മനുഷ്യർ തങ്ങളുടെ നിറത്തിലും ആകൃതിയിലും വളരെ വ്യത്യാസപ്പെട്ടിരുന്നാലും, തങ്ങളുടെ സ്വാഭാവികമായ പാപഗുണങ്ങളിൽ, അവർ എല്ലാ സ്ഥലങ്ങളിലും ഒരുപോലെയുള്ളവരത്രെ. അതേ, ദൈവം ഒരു രക്തത്തിൽ നിന്നു സകല മനുഷ്യജാതിയെയും ഭൂതലത്തിൽ എല്ലാടവും വസിപ്പാനായിട്ടു സൃഷ്ടിച്ചുവല്ലോ. (അപ്പൊ. പ്ര. ൧൭. ൨൬). വിദ്വാന്മാർ തങ്ങളുടെ പരിശോധന മൂലം എല്ലാമനുഷ്യവൎഗ്ഗത്തിന്റെയും രക്തം ഒന്നു തന്നേ എന്നു കണ്ടുമിരിക്കുന്നു.

മ. ശരി തന്നേ; അതും ആലോചിക്കേണ്ടതായ ഒരു മുഖ്യ സംഗതിയത്രെ.

പ. അതേ, എല്ലാ മനുഷ്യരും പാപത്തിൽ ജനിച്ചിരിക്കയാലും, എല്ലാ ഹൃദയവും വഞ്ചനയും അതിദോഷവും ഉള്ളതാകയാലും (യിറ. ൧൭. ൯) അറിവില്ലാത്തവരിലുള്ള പാപസ്വഭാവം തന്നേ അറിവുള്ളവരിലും കാണായ്വരികയും, പാപഫലമാകുന്ന രോഗമരണ ദുരിതങ്ങൾ വ്യത്യാസം കൂടാതെ എല്ലാവരിലും ഒരുപോലെ അനുഭവമായി വരികയും ചെയ്യുന്നു. എന്നാൽ ബൈബിൾ മാത്രമേ സൎവ്വദോഷത്തിന്നുമുള്ള പരിഹാരമായിട്ടുള്ളു. എല്ലാ രോഗത്തിന്നും പററിയതായ ഒരു ഔഷധിയെ ഒരുത്തൻ കണ്ടെത്തിയാൽ അവൻ ആ അത്ഭുതകരമായ മരുന്നിനെ കുറിച്ചു എല്ലാ വൎത്തമാന പത്രങ്ങളിലും ലോകമെങ്ങും പ്രസിദ്ധീകരിക്കാതെ ഇരിക്കുമോ?

മ. അതിന്നു സംശയമില്ല; ആൎക്കും അതിനെ തടുപ്പാനും കഴികയില്ല.

പ. ബൈബിൾ അപ്രകാരമത്രെ. ക്രിസ്ത്യാനികൾ ദുഃഖാരിഷ്ടതകൾ മൂലം കഷ്ടപ്പെട്ടു വലയുമ്പോഴൊക്കെയും അവർ സങ്കീൎത്തനങ്ങളോ യോബിന്റെ പുസ്തകമോ വായിച്ചു ആശ്വാസപ്പെടുന്നു. ഹിന്തുക്കളിലും അനേകർ അപ്രകാരം

ചെയ്യുന്നതായി എനിക്കു അറിവുണ്ടു. ഇതിൽനിന്നു നാം എന്താണ് ഗ്രഹിക്കേണ്ടതു?

മ. അതു അറിവാൻ പ്രയാസമില്ലല്ലോ. വിശുദ്ധ വേദം ക്രിസ്ത്യാനികൾക്കു എന്ന പോലെ തന്നേ ഹിന്തുക്കൾക്കും പററിയതായിരിക്കുന്നു എന്നല്ലയോ?

പ. ശരി തന്നേ. സൎവ്വശക്തനും കാരുണ്യവാനുമായ യേശുരക്ഷിതാവു, താൻ തന്നേ ഇഹലോകത്തിൽവെച്ചു ദുഃഖങ്ങളുള്ള മനുഷ്യനും ഖേദത്തെ ശീലിച്ചവനും ആയിരുന്നതിനാൽ, മനുഷ്യകുലത്തിൽ പാപഭാരത്തിൻ കീഴെ ഞെരുങ്ങി വ്യാകുലപ്പെടുന്ന ഏവരോടും സഹതപിച്ചുകൊണ്ടു പറയുന്നതു: "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നാകുന്നു. (മത്താ. ൧൧. ൨൮). ഇങ്ങനെയുള്ള ആശ്വാസവചനങ്ങളെ പാപദുഃഖം മൂലം വലയുന്ന ലോകരോടു പറവാൻ ശ്രീകൃഷ്ണനോ, ശ്രീരാമനോ, പരമേശ്വരനോ, മുഹമ്മദിനോ, ബുദ്ധനോ കഴിഞ്ഞിട്ടുണ്ടോ?

മ. ഇല്ല, ഒരിക്കലുമില്ല! ഗുണവാനും ദയാലുവുമായ ഒരു ദിവ്യപുരുഷനു മാത്രമേ സാക്ഷാൽ അങ്ങനെ പറവാൻ സാധിക്കയുള്ളു. ഈ വിധമായ ചില സംഗതികൾ മൂലമത്രെ ആലോചനയുള്ള ഹിന്തുക്കളിലും മുസല്മാനരിലും ചിലർ തങ്ങളുടെ മതത്തോടു തൃപ്തികേടു കാട്ടുവാൻ ആരംഭിച്ചിരിക്കുന്നതു എന്നു നിങ്ങൾ അറിയാതെ ഇരിക്കേണ്ടാ.

പ. നിങ്ങൾ പറയുന്നതു ശരിയെന്നു ഞാനും ഇടെക്കിടെ കണ്ടും കേട്ടും അറിയുന്ന ചില സംഗതികൾ മൂലം ബോധിച്ചിരിക്കുന്നു.

നാലാമതു, ബൈബിൾ വലിയവൎക്കും ചെറിയവൎക്കും ഏതു ജാതിക്കാൎക്കും എളുപ്പം ഗ്രഹിപ്പാൻ കഴിയുന്നതാകുന്നു. മനുഷ്യനു അത്യാവശ്യം അറിയേണ്ടുന്ന എല്ലാ സംഗതികളിലും പ്രത്യേകം രക്ഷെക്കടുത്ത സകല കാൎയ്യങ്ങളും തെളിവായിട്ടു അതിൽ വെളിപ്പെടുത്തിയിരിക്കുന്നു. ഏശായാ അമ്പത്തുമൂന്നാം അദ്ധ്യായത്തിൽ പറയുന്ന പഴയനിയമ സുവിശേഷം നോക്കുക. അതു എത്ര തെളിവായിരിക്കുന്നു; ആ അദ്ധ്യായം മൂലം ഹിന്തുക്കളിലും യഹൂദന്മാരിലും മാത്രമല്ല നാസ്തികന്മാരിലും അനേകർ മനന്തിരിഞ്ഞിട്ടുമുണ്ടു.

മ. കൊള്ളാം, ആ അദ്ധ്യായത്തോടു എനിക്കു വളരെ പ്രേമം തന്നെയാണ്.

പ. വളരെ സന്തോഷം! പിന്നെയും നമ്മുടെ വാഴ്ത്തപ്പെട്ട കൎത്താവിന്റെ മനോഹരമായ ഉപമാവാക്യങ്ങളെ നോക്കിയാലും അവയെല്ലാം മനുഷ്യവൎഗ്ഗം മിക്കവാറും പരിചയിച്ചറിഞ്ഞിട്ടുള്ള വിഷയങ്ങളിൽ നിന്നല്ലൊ എടുത്തിരിക്കുന്നതു. സൎവ്വലോക ഗുരുവായ യേശു തന്റെ ഉപമാവാക്യങ്ങളെല്ലാം പ്രകൃത വിഷയങ്ങളായ പിതാവു, പുത്രൻ,(1) ശരീരം, വസ്ത്രം,(2) പുഷ്പങ്ങൾ, ചെടികൾ, പക്ഷികൾ, വൃക്ഷങ്ങൾ, മേഘം, മഴ മുതലായി എല്ലാടവും കാണപ്പെടുന്ന പൊതു വിഷയങ്ങളെ കൊണ്ടാകുന്നു ഉപദേശിച്ചിരിക്കുന്നതു. അതുകൊണ്ടു അവയിൽനിന്നുള്ള ഉപദേശങ്ങളെ ഏവൎക്കും എളുപ്പം മനസ്സിലാക്കുവാൻ കഴിയും. അല്പം പ്രയാസമുള്ള ഭാഗങ്ങളുണ്ടെങ്കിൽ, തിരുവെഴുത്തുകളെ മറ്റുള്ള ഭാഗങ്ങളോടു ഒത്തുനോക്കുന്നതിനാൽ, ബൈബിളിന്റെ വ്യാഖ്യാനം ബൈബിൾ മൂലം തന്നേ തിരിച്ചറിവാനും പ്രയാസമില്ല.

മ. അങ്ങനെയോ? അതു ഞാൻ അറിഞ്ഞിരുന്നില്ല.

പ. അഞ്ചാമതു, ബൈബിൾ, ലോകഗ്രന്ഥങ്ങളിൽ വെച്ചു ഏറ്റവും ശ്രേഷ്ഠമായതെങ്കിലും, ദൈവവിചാരണ മൂലം, അതു ഏവൎക്കും സമ്പാദിപ്പാൻ കഴിവുള്ള പുസ്തകമായും ഇരിക്കുന്നു. ദൈവം നമ്മുടെ എല്ലാവരുടെയും രക്ഷിതാവും വീണ്ടെടുപ്പുകാരനും, നാമെല്ലാവരും തന്റെ മക്കളുമാകയാൽ താൻ നമ്മെ എല്ലാവരെയും സ്നേഹിക്കയും, തന്റെ വിലയേറിയ വചനത്തെ നാം ഏവരും അറിഞ്ഞിരിക്കേണമെന്നു നമ്മെ കുറിച്ചു ആഗ്രഹിക്കയും ചെയ്യുന്നു. നൂററിൽപരം സംവത്സരം മുമ്പെ ഒരു പുതിയനിയമ പുസ്തകത്തിന്നു എണ്പതു ഉറപ്പികയോളം വിലയുണ്ടായിരുന്നു. എന്നാൽ ഇപ്പോഴോ, അതിന്റെ വിലയെന്തെന്നു നിങ്ങൾക്കു അറിയാമല്ലൊ.(3)

മ. ഉവ്വ്, അതിപ്പോൾ സാക്ഷിയോടു കൂടെ എട്ടണാക്കു കിട്ടുവാൻ പ്രയാസമില്ല. സവിശേഷ പ്രതികളിൽ ചി

(1) ലൂക്കോ. ൧൫. ൧൧മുതൽ. (2) മത്താ. ൬. ൨൫മുതൽ.

(3) ബൈബിളും അതിന്റെ പ്രതികളും കൊച്ചിതിരുവിതാംകോട്ടുള്ള എല്ലാ പ്രൊട്ടെസ്റ്റണ്ട് മിഷ്യൻസ്ഥലങ്ങളിലും വാങ്ങുവാൻ കഴിയുന്നതാകുന്നു. നാലു സുവിശേഷങ്ങളും കൂടിയതിന്നു ൧ അണ ൯ പൈ വില. വി. മൎക്കൊസു സുവിശേഷത്തിന്നു ൩ പൈ മാത്രമെ വിലയുള്ളു.

ലതിന്നു മൂന്നു പൈയും ചിലതിന്നു ആറു പൈയും മാത്രം കൊടുത്താൽ മതിയെന്നു ഞാൻ അറിയുന്നു. നിങ്ങൾ പറയും പ്രകാരം അതു ഇപ്പോൾ ഏവൎക്കും വാങ്ങി വായിപ്പാൻ കഴിവുള്ള പുസ്തകമായിരിക്കുന്നു.

പ. അതിന്നായി ദൈവത്തെ സ്തുതിക്കാം.

ആറാമതു, അവിശ്വാസികളും നാസ്തികന്മാരും മററും ബൈബിളിന്നു എതിരായി എന്തെല്ലാം പ്രസ്താവിച്ചാലും, അതു ഭൂലോകത്തിൽ അധികം സമ്മതവും ജനസ്വാധീനവുമുള്ള പുസ്തകമായിരിക്കുന്നു.

മ. അതു വളരെ ധൈൎയ്യം തോന്നത്തക്ക സംഗതി തന്നേ. അതിനെ ഭൂതലത്തിൽ എല്ലാടവും പരസ്യപ്പെടുത്തി വരുന്ന അതിന്റെ പ്രചാരത്തെ കുറിച്ചു അല്പം പറയാമോ?

പ. സന്തോഷത്തോടെ ആകാം. ബൈബിൾ സമൂഹങ്ങളിൽ വെച്ചു ബ്രിട്ടീഷ് പാരദേശിക ബൈബിൾ സംഘം എല്ലാററിലും വലിയതത്രെ. ആ സമൂഹം തനിച്ചുമാത്രം ആണ്ടിൽ ബൈബിളിന്റെ പ്രതികൾ ഉൾപ്പെടെ അറുപതുലക്ഷത്തിൽപരം വിശുദ്ധവേദപുസ്തകങ്ങളെ ഭൂലോകമെങ്ങും ചിലവാക്കി വരുന്നു. മണിക്കൂറിന്നു ഉദ്ദേശം ൭൨൦ പ്രതികൾ വീതം എന്നു പറയാം.

മ. അറുപതുലക്ഷമോ! അതിശയം, അതിശയം! അതു ഓൎക്കേണ്ട സംഗതി തന്നേ.

പ. അതേ, അതേ; ആ വലിയ സമൂഹം മാത്രം ബൈബിളിന്റെ ആവശ്യത്തിലേക്കായി വൎഷാന്തരം നാല്പതുലക്ഷത്തിൽപരം ഉറുപ്പിക (£ ൨,൭൦൦൦൦) ചിലവു ചെയ്യുന്നുണ്ടു. സമൂഹാരംഭം മുതൽ ഇന്നുവരെയുള്ള അതിന്റെ ചിലവു നോക്കിയാൽ ആകെ ഇരുപത്തൊന്നു കോടി ഉറുപ്പികയിൽ ഒട്ടും കുറവല്ല. (£ ൧,൪൦,൦൦൦൦൦) സൌജന്യ ദാനം മൂലമത്രെ ഈ വലിയ പ്രവൃത്തി സമൂഹം നടത്തിവരുന്നതു എന്നു ഓൎക്കേണ്ടതാണ്.

മ. ബ്രിട്ടീഷ് ഗവമ്മെണ്ട് ഇതിലേക്കായി വല്ല ദാനവും ചെയ്യുന്നുണ്ടോ?

പ. ഒരു കാശുപോലും ഇല്ല. ഈ പണം മുഴുവനും ക്രിസ്ത്യാനികളുടെ സൌജന്യ ദാനംമൂലം മാത്രം ഉണ്ടാകുന്നു. അവർ കണ്ടിട്ടും അറിഞ്ഞിട്ടും ഇല്ലാത്ത അന്യജാതികളും കൂടെ അവരെ പോലെ തന്നേ ദൈവവചനം മൂലം ഇഹപര

ഭാഗ്യങ്ങൾക്കു പാത്രങ്ങളായി തീരേണമെന്നുള്ള ആഗ്രഹം മൂലം അവർ അങ്ങനെ ചെയ്യുന്നു.

മ. ഹാ! ഈ ധാൎമ്മികമായ പ്രവൃത്തി വളരെ സ്തുത്യവും അതിശയിക്കത്തക്കതും തന്നേ.

പ. എന്നാൽ ഹിന്തുക്കൾ, മുസല്മാനർ, ബൌദ്ധർ മുതലായവർ ഇതുപോലെ സൌജന്യമായ ധനശേഖരം എടുത്തു ചേൎത്തു തങ്ങളുടെ മതഗ്രന്ഥങ്ങളെ മററുള്ളവരുടെ പ്രയോജനത്തിന്നായി ഭൂലോകമെങ്ങും പ്രചാരം വരുത്തുന്ന കാലം എപ്പോഴായിരിക്കാം, എന്തു തോന്നുന്നു?

മ. സൂൎയ്യന്റെ ഗതി കിഴക്കുപടിഞ്ഞാറായി ഇരിക്കുന്നിടത്തോളം, ഇല്ലെന്നു നിശ്ചയം. സൂൎയ്യൻ പക്ഷേ തെക്കുവടക്കായി ഉദിച്ചു അസ്തമിക്കയെന്നു വന്നാൽ—എങ്ങനെയോ?

പ. എന്നാൽ അവരുടെ മതഗ്രന്ഥങ്ങൾ ദൈവവെളിപാടുകളാണെങ്കിൽ അവർ എന്തുകൊണ്ടു അങ്ങനെ ചെയ്യുന്നില്ല?

മ. അതു ഏററവും സാരമേറിയ ഒരു ചോദ്യം തന്നേ എന്നു ഞാനും സമ്മതിക്കുന്നു.

പ. ബൈബിൾ എന്ന വിശുദ്ധവേദം ബ്രിട്ടനിൽ മാത്രമല്ല ഭൂമിയുടെ നാനാഭാഗങ്ങളിലും, പ്രത്യേകം ചീനത്തും, ബഹുജനങ്ങളാൽ ധാരാളം വായിക്കപ്പെടുന്ന ഗ്രന്ഥമാകുന്നു. ചീനജാതികളുടെ ഇടയിൽ, ബൈബിൾ വായനക്കാരുടെ എണ്ണം ആണ്ടുതോറും ലക്ഷക്കണക്കായിട്ടത്രെ വൎദ്ധിച്ചുകൊണ്ടിരിക്കുന്നതു.(1)

മ. ബൈബിൾ മറെറല്ലാ മതഗ്രന്ഥങ്ങളേക്കാളും ലോകരാൽ അധികമായി വായിക്കപ്പെടുന്ന പുസ്തകമെന്നു ഞാൻ കാണുന്നു.

പ. **ഏഴാമതു,** വിശുദ്ധവേദം ദൈവത്തിൽനിന്നാകയാൽ അതു എല്ലാ ജാതികൾക്കും ഉപദേശിക്കപ്പെടേണ്ടതു ആവശ്യമാകുന്നു.

മ. അതു നടന്നു കാണ്മാനത്രെ എന്റെ ആഗ്രഹവും.

പ. കൊള്ളാം; മത്തായിയുടെ സുവിശേഷം ൨൮-ാം അദ്ധ്യായം ൧൯-ഉം ൨൦-ഉം വാക്യങ്ങളെ വായിച്ചു നോക്കാം: "ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെ

(1) ചീനത്തുള്ള ബാല്യക്കാരിൽ അനേകൎക്കു നാലു സുവിശേഷങ്ങളും, ചിലൎക്കു അപ്പോസ്തല പ്രവൃത്തി കൂടെയും മനഃപാഠം ചൊല്ലുവാൻ കഴിയും. അവൎക്കു അതിശയമായ ധാരണയുണ്ടു.

യും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിയും ഞാൻ നിങ്ങളോടു കല്പിച്ചവ ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ."(1) എന്നാൽ ക്രിസ്തു തന്റെ അപ്പോസ്തലന്മാരോടു കല്പിച്ച കാൎയ്യങ്ങളെ നാം ഏതിൽ കാണുന്നു?

മ. അതു ബൈബിളിൽ മാത്രമല്ലോ.

പ. ശരി തന്നേ; അതുകൊണ്ടു ആ വിശുദ്ധ ബൈബിൾ സകല ലോകൎക്കും ഉപദേശിക്കേണ്ടതു ആവശ്യമെന്നു കാണുന്നില്ലയോ?

മ. അതേ, വിശുദ്ധവേദം ഹിന്തുക്കൾക്കും മുസല്മാനൎക്കും മററല്ലാ ജാതികൾക്കും ആയിട്ടുള്ളതെന്നു സ്പഷ്ടമാകുന്നുവല്ലോ. അതു ദൈവത്തിൽനിന്നാകയാൽ സകലരാലും സന്തോഷപൂൎവ്വം അംഗീകരിക്കപ്പെടേണ്ടതും ആവശ്യമത്രെ; എന്നു തന്നേയുമല്ല, ക്രിസ്തുമതം മാത്രമേ സൎവ്വലോക മതമായിരിക്കുന്നുള്ളു എന്നും കൂടെ ഞാൻ നല്ലവണ്ണം കാണുന്നു.

പ. ക്രിസ്തുമതം സകലൎക്കും പററിയതെന്നുള്ള ന്യായത്തിന്മേൽ, അതു ക്രിസ്ത്യാനികളുടെ പ്രത്യാശെക്കു ഒരു മുഖ്യനങ്കൂരമായും ഇരിക്കുന്നു. എന്തെന്നാൽ ഭൂലോകത്തിന്നു ഒരു ദൈവവും ഒരു സൂൎയ്യനും ഉള്ളതുപോലെ, സകലൎക്കും പററിയതായ മതം ഒന്നുണ്ടെങ്കിൽ അതു ദൈവത്തിൽനിന്നല്ലാതെ മറിച്ചാവാൻ പാടില്ലല്ലോ.

മ. അതേ, അങ്ങനെ ആലോചിപ്പാൻ ന്യായമുണ്ടു.

പ. ബൈബിൾഗ്രന്ഥം ഇണ്ട്യെക്കു ഒരു അനുഗ്രഹമായി തീരുമെന്നു ഞങ്ങൾ വിശ്വസിക്കുന്നതുപോലെ തന്നേ ഇണ്ട്യ ബൈബിളിന്നും ഒരു അനുഗ്രഹമായി തീരുമെന്നു വിശ്വസിപ്പാൻ വഴിയുണ്ടു.

മ. അതെങ്ങനെ? കേൾക്കാമോ?

പ. പറയാം; റവറണ്ട് ഫിണ്ട്ലി എന്നയാൾ (**Rev. W. H. Findlay**) കുറെ മുമ്പെ ലണ്ടൻ പട്ടണത്തിൽ ഒരു മഹാ യോഗത്തിൽ വെച്ചു പ്രസ്താവിച്ചതു ഇപ്രകാരമത്രെ:

(1) വിശുദ്ധവേദത്തെ ഭൂലോകമെങ്ങും പഠിപ്പിച്ചും ഉപദേശിച്ചും വരുന്ന ഉദ്ദേശം ൧൦൦ സമൂഹങ്ങളിൽ വെച്ചു ചൎച്ച്മിഷ്യൻ സമൂഹം (C. M. S.) പ്രധാനം. ആണ്ടിൽ സുവിശേഷവേലെക്കായി അതിന്നുള്ള ചിലവു അറുപതുലക്ഷം ഉറുപ്പികയാകുന്നു. (£ ൬,൦൦൦൦൦).

"ഇണ്ട്യക്ക ബൈബിൾ ഇപ്പോൾ അത്ര വിലയേറിയതു അല്ലെങ്കിലും, ഇണ്ട്യ അതിനെ നാം വിചാരിക്കുന്നതിനേക്കാൾ അധികം വിലയേറിയതായി നമുക്ക പ്രത്യക്ഷമാക്കുന്ന ഒരു കാലം വരുന്നു. ഇണ്ട്യക്ക മറ്റെല്ലാ രാജ്യങ്ങളേക്കാളും ആത്മവിഷയങ്ങളിലേക്ക ആഴമേറിയ ദൃഷ്ടിവരമുണ്ടു. വിശുദ്ധ വേദവാക്യങ്ങൾ ഇണ്ട്യക്ക തന്റെ സ്വരാജ്യ ഗ്രന്ഥം പോലെ ആയി തീരുമ്പോൾ, അതിലേ വിദ്യാൎത്ഥികൾക്ക സഹജമായിരിക്കുന്ന ബുദ്ധികൂൎമ്മതയോടും വിശ്വാസ ദൃഷ്ടിയോടും കൂടെ അവർ അതിലേക്ക മനസ്സിരുത്തുകയും, നമ്മുടെ വിതയേക്കാൾ ബഹു മടങ്ങായ വിളവിനെ ആ രാജ്യം ഉണ്ടാക്കുകയും ചെയ്യും".

ബിഷോപ്പ് വെസ്റ്റ്കോട്ടും (Bishop Westcott) അപ്രകാരം തന്നേ പ്രസ്താവിച്ചിരിക്കുന്നു.

മ. ഹാ! അതിങ്കൽ ഞാൻ സന്തോഷിക്കുന്നു. ഈശ്വരൻ അങ്ങനെ തന്നേ ഭവിപ്പിക്കട്ടെ.

പ. ഇപ്പോൾ മൎക്കോസ് ൧൬-ാം അ. ൧൫-ാം വാക്യം ഞാൻ വായിക്കട്ടെ: "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിക്കും സുവിശേഷത്തെ പ്രസംഗിപ്പിൻ".

മ. അതു ക്രിസ്തുവിന്റെ ഒരു പ്രയാസമേറിയ കല്പന തന്നേ. തന്റെ പിന്തുടൎച്ചക്കാർ ആ കല്പന കൃത്യമായി നടത്തുന്നുണ്ടോ?

പ. ആക്ഷേപം കൂടാതെ അവർ അതിനെ അനുസരിച്ചു വരുന്നു. അതിൽവെച്ചു നേരിടുന്ന വിഷമങ്ങൾ അധികമോ അല്പമോ ആയാലും, ദേശാവസ്ഥ ഉഷ്ണമോ ശീതമോ ആയാലും, അപകടങ്ങൾ കഠിനമോ ലഘുവോ ആയാലും ദൈവത്തിന്റെ കാരുണ്യ സുവിശേഷം ഇന്നു സകല ജാതികളുടെ ഇടയിലും പ്രസംഗിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ആ അവസാന കല്പനയെ അനുസരിച്ചു പ്രവൎത്തിക്കുന്ന മുന്നൂറ്റിൽപരം മിഷ്യൻ സമൂഹങ്ങൾ ഇന്നു ഭൂതലത്തിൽ ഉണ്ടു.

മ. ഈ ഭാരമേറിയ വേലയെ നടത്തുന്നതിൽ വളരെ ചിലവും ഉണ്ടല്ലോ?

പ. ഉവ്വ്, ചൎച്ച് മിഷ്യൻ സമൂഹം മാത്രം ആണ്ടിൽ അറുപതുലക്ഷം ഉറുപ്പികയോളം (£൪,൦൦൦൦൦) ചിലവുചെയ്യുന്നുണ്ടു. അതു മുഴുവനും സൌജന്യ ദാനമെന്നു ഓൎക്കണം.

മ. ഹാ! എത്ര വലിയ ദാനം! എന്നാൽ അതിൻെറ ഫലത്തെ സംബന്ധിച്ചു എന്താണ്?

പ. അതിൻെറ മറുപടി അത്ര എളുപ്പമല്ല. എങ്കിലും ചൎച്ച് മിഷ്യൻ സംഘത്തിന്നു മാത്രം ഇപ്പോൾ ആണ്ടിൽ ഇരുപത്തോരായിരം (൨൧൦൦൦) സ്നാനാൎത്ഥികൾ സ്ത്രീപുരുഷന്മാരും പൈതങ്ങളും ഉൾപ്പെടെ ഉണ്ടു. നിരന്തരം നോക്കിയാൽ മുതിൎന്നവരിൽനിന്നു തന്നേ ദിനംപ്രതി മുപ്പതു സ്നാനാൎത്ഥികൾ വീതം ഉണ്ടെന്നു പറയാം.

മ. ആഹാ! അതു വളരെ ശ്ലാഘ്യം തന്നേ. ക്രിസ്തുമതം സൎവ്വശക്തനിൽനിന്നു സകലൎക്കായിട്ടുമുള്ളതാകയാൽ അതിനെ ഹിന്തുക്കൾ, മുസല്മാനർ, ബൌദ്ധർ എന്നിങ്ങനെ എല്ലാ ജാതികളും കൈക്കൊള്ളേണ്ടതാകുന്നു എന്നും ക്രിസ്തുവിൻെറ രാജ്യം ഭൂലോകമെങ്ങും ശീഘ്രം വൎദ്ധിക്കുന്നു എന്നും ഞാൻ സ്പഷ്ടമായി കാണുന്നു. ഈ സംഗതികളെ കുറിച്ചു ഞാൻ എൻെറ മൂത്ത ഉടപ്പിറന്നോനോടും തൻെറ സ്നേഹിതന്മാരോടും പറയേണമെന്നു ഉറച്ചിരിക്കുന്നു.

പ. അതേ, അവർ ഈ സാരമേറിയ സംഗതികളെ കുറിച്ചു ചിന്തിപ്പാൻ കൃപാലുവായ ദൈവം കടാക്ഷിക്കട്ടെ. തൻെറ തിരുരക്തംകൊണ്ടു മനുഷ്യകുലത്തെ വീണ്ടെടുത്ത നമ്മുടെ വലിയ രക്ഷകൻ ചോദിക്കുന്നതു: "ഒരു മനുഷ്യൻ സൎവ്വലോകം നേടീട്ടു തൻെറ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനമുള്ളു? അല്ല, തൻെറ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തൊരു മറുവില കൊടുക്കും?" എന്നത്രെ. (മത്താ. ൧൬. ൨൬).

മ. ഹാ, അതു വളരെ ഗൌരവമായി ആലോചിക്കേണ്ടിയ ഒരു ചോദ്യം ആണ്, സംശയമില്ല.

പ. അതേ, അങ്ങനെ തന്നേ. എന്തെന്നാൽ അതു ലക്ഷോപലക്ഷം ലോകങ്ങളെക്കാൾ വിലയേറിയ മരണമില്ലാത്ത ആത്മാവിൻെറ രക്ഷയെ സംബന്ധിച്ച കാൎയ്യമല്ലോ.

മ. ഞങ്ങളുടെ ബ്രഹ്മസമാജത്തിന്നു ബൈബിളിനെ പററിയുള്ള അഭിപ്രായം എന്തെന്നു അറിയുന്നുവെങ്കിൽ അല്പം കേട്ടാൽ കൊള്ളായിരുന്നു.

പ. ആകട്ടെ, പറയാം. ആ സമാജ അംഗങ്ങളിൽ മാന്യനും വിദ്വാനുമായ ഒരാൾ ഈ സംഗതിയെ സംബന്ധിച്ചു പറയുന്നതു: "പ്രൊട്ടെസ്റ്റണ്ട് മതം, സഭായോഗ ആരാധനകളെ ആത്മോപാസനെക്കുള്ള മുഖ്യ അഭ്യസനമായിട്ടു

അനുഷ്ഠിച്ചു വരുന്നതു കൂടാതെ ബൈബിൾ വായന എന്ന ഒരു പ്രവൃത്തി കൂടെ നടത്തി വരുന്നുണ്ടു. അതു അവരുടെ മതാഭിവൃദ്ധിക്കു ഒരു മുഖ്യ കാരണമായി തീൎന്നിരിക്കുന്നു, സംശയമില്ല. കഴിഞ്ഞ നാനൂറു വൎഷങ്ങൾക്കിടയിൽ അതു അപരിമിതമായ ഗുണങ്ങളെ ക്രിസ്തീയ രാജ്യങ്ങളിൽ ഉളവാക്കീട്ടുമുണ്ടു. പ്രോട്ടെസ്റ്റണ്ട് മതസ്ഥരുടെ ഭവനങ്ങളിലും അവരുടെ മതജീവിതത്തിലും ആത്മജീവന്റെ മുഖ്യ കാരണമായി നില്ക്കുന്നതു, അനുദിനം അവൎക്കുള്ള വേദവായനയത്രെ. ബ്രഹ്മസമാജത്തിന്നു അതിൽനിന്നു ഒരു വലിയ പാഠം പഠിപ്പാനുണ്ടല്ലോ" എന്നാകുന്നു.

മ. കൊള്ളാം, ബ്രഹ്മസമാജത്തിന്നു ബൈബിൾ പാരായണത്തിന്മേൽ ഇത്ര ശ്ലാഘ്യമേറിയ അഭിപ്രായമുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല. നമ്മുടെ രാജ്യനിവാസികളിൽ മാന്യന്മാരും വിദ്വാന്മാരുമായ അനേകം ജാതികൾ ക്രിസ്തീയ തിരുവെഴുത്തുകളെ അഭിമാനിപ്പാൻ തുടങ്ങിയിരിക്കുന്നു എന്നു അതിൽനിന്നു സ്പഷ്ടമാകുന്നുവല്ലോ.

പ. ശരി തന്നേ; ഗുണവാന്മാരായ സാധുജനങ്ങൾ എല്ലാ മതസ്ഥരിലും ഉണ്ടെങ്കിലും, സത്യ ക്രിസ്ത്യാനികളെ ആകുന്നു മാനുഷികതത്വത്തിന്റെ ഉത്തമ മാതൃകയായിട്ടു എല്ലായിടവും വിചാരിച്ചു വരുന്നതു.

മ. നിങ്ങൾ പറയുന്നതു വന്ദ്യന്മാരായ ഡോക്ടർ മില്ലർ (**Hon. Rev. Dr. Miller**), ഡോക്ടർ മൎഡോക്ക് (**Dr. Murdock**) എന്നിവരെ പോലെയുള്ള ഗുണശീലന്മാരെ കുറിച്ചായിരിക്കാം, അല്ലയോ?

പ. അതേ, അതേ, ക്രിസ്തീയ സത്യങ്ങളുടെ സാക്ഷികൾ സത്യക്രിസ്ത്യാനികളിൽ തന്നേ കാണാം; അവർ പുരുഷന്മാരോ സ്ത്രീകളോ പൈതങ്ങളോ ആരായാലും വേണ്ടതില്ല. മനുഷ്യഹൃദയത്തിന്നു മാററം വരുത്തുകയും, ദൈവേഷ്ടത്തിന്നു അനുകൂലമായ പ്രവൃത്തികളെ മനുഷ്യനെക്കൊണ്ടു പ്രവൎത്തിപ്പിക്കയും ചെയ്യുന്ന ക്രിസ്തോപദേശം പോലെ മറെറാരു ഉപദേശം ഇഹലോകത്തിൽ ഉണ്ടായിട്ടില്ല. കൎത്താവായ യേശുവിന്നല്ലാതെ, തന്നിലുണ്ടായിരുന്ന മഹാ സ്നേഹം, വിനയം, സ്വയവൎജ്ജനം, എന്നീ സുഗുണങ്ങളുടെ അളവിലേക്കു തന്റെ ശിഷ്യന്മാരെ ഉയൎത്തി കൊണ്ടുവരുവാൻ ലോകഗുരുക്കന്മാരിൽ വേറെ ആരാലും സാധിച്ചിട്ടില്ല. "അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ അറി

യാം" എന്നു മനുഷ്യൻ ഒരുനാളും സംസാരിച്ചിട്ടില്ലാത്തവ ണ്ണം സംസാരിച്ച സ്വൎഗ്ഗീയ ഗുരു പറഞ്ഞിരിക്കുന്നുവല്ലോ (മത്താ. ൭. ൨൯; യോഹ. ൭. ൪൬). എന്നു തന്നേയുമല്ല, മനു ഷ്യരിൽ ഗുണവാന്മാരും ആഴമേറിയ ആലോചനക്കാരുമായ ചിലർ പറയുന്നതു, "ക്രിസ്തീയ മതത്തിന്നു മനുഷ്യന്റെ പാപസ്വഭാവത്തെ മാറ്റുവാനുള്ള അതിന്റെ ശക്തി തന്നേ ബൈബിളിന്റെ ദിവ്യോത്ഭവത്തിന്നു മതിയായ സാക്ഷി യാകുന്നു" എന്നത്രെ.

മ. അതേ, ആ സാര സംഗതിയെ ഞാൻ ഒരിക്കലും മ റക്കയില്ല.

പ. നല്ല കാൎയ്യം; നിങ്ങൾ അറിയുംപ്രകാരം, ദൈവ വചനം ജീവനും ചൈതന്യവുമുള്ളതും ഇരുവായ്ത്തലയുള്ള വാ ളിനേക്കാൾ മൂൎച്ചയേറിയതും ആയിരിക്കുംവണ്ണം തന്നേ (എ ബ്രാ. ൪. ൧൨), അതു ആത്മാവിനെ പരിപൂൎണ്ണമായി ദൈവ ത്തിങ്കലേക്കു തിരിക്കുന്നതും അജ്ഞനെ ജ്ഞാനിയാക്കുന്നതും കൂടെ ആകുന്നു (സങ്കീ. ൧൯. ൭).

മ. അതേ, ആ സാരമേറിയ വേദഭാഗങ്ങളെ ഞാൻ വായിച്ചിട്ടുണ്ടു. ദൈവവചനം പരിപൂൎണ്ണമായി ആത്മാവി നെ തിരിക്കുന്നു എന്നു കാണിക്കുന്ന ചില ദൃഷ്ടാന്തങ്ങളെ കേൾപ്പിപ്പാൻ ആഗ്രഹമുണ്ടു. ബൈബിൾ വായനയാൽ ഗുണപ്പെട്ടിട്ടുള്ള മുഖ്യമായ ചില വൃത്താന്തങ്ങളെ പറയാമോ?

പ. അതിന്നു പ്രയാസമില്ല; ദുഷ്ടമനുഷ്യനെ മുഴുവ നും നല്ലവനാക്കി തീൎക്കുന്ന പുസ്തകം ദൈവത്തിൽനിന്നു ത ന്നേ എന്നു നിങ്ങൾക്കു അപ്പോൾ സമ്മതം വരും, അല്ല യോ?

മ. അതേ, ദുഷ്ടനെ മുറ്റും ശിഷ്ടനാക്കി തീൎക്കയെന്നതു ഒരു അതിശയമല്ലാതെ പിന്നെ എന്താണ്?

പ. ശരി തന്നേ; അതു ദൈവകൃപയുടെ ഒരു അതിശ യ പ്രവൃത്തി ആകുന്നു. അങ്ങനെയുള്ള ചില അതിശയ സംഭവങ്ങളെ പറ്റി ഞാൻ പറയാമല്ലോ. കുറെ മുമ്പെ, ല ണ്ടൻപട്ടണത്തിൽ ഒരു വലിയ യോഗത്തിൽ വെച്ചു, ലോ ഡ് ഷാഫ്റ്റ്സ്ബെറി (**Lord Shaftesbury**) ഇങ്ങനെ പ്രസ്താവിക്കയുണ്ടായി: "മാന്യരേ, നിങ്ങൾ കീൎത്തിപ്പെട്ട എഴു ത്തുകാരനായ ഹോവുൺ (**Hone**) എന്ന സമൎത്ഥനെ കുറി ച്ചു കേട്ടിട്ടുണ്ടല്ലോ. അവൻ തന്റെ ചെറുപ്രായത്തിൽ ബൈബിളിനെ ദൂഷിക്കയും ആക്ഷേപിക്കയും ചെയ്തു നിമി

ത്തം തടവിൽ ഇരിക്കേണ്ടി വന്നിട്ടുണ്ടു. അവൻ ഒരു കടുത്ത അവിശ്വാസി ആയിരുന്നു. ഒരിക്കൽ എന്റെ സ്നേഹിതനായ മിസ്റ്റർ പ്ലംട്രി (**Mr. Plumtre**) എന്നയാൾ മതസംബന്ധമായ ഒരു ട്രാക്ട് സമൂഹ യോഗത്തിലേക്കു ചെന്നപ്പോൾ താൻ ആ അവിശ്വാസിയെ അവിടെ കണ്ടിട്ടു വളരെ അതിശയിച്ചു. ഉടനെ ആ അവിശ്വാസി എന്റെ സ്നേഹിതനോടു 'കാൎയ്യമെല്ലാം പിന്നാലേ പറഞ്ഞുകൊള്ളാം' എന്നു മാത്രം പറഞ്ഞിട്ടു യോഗത്തിൽ ചേൎന്നു. യോഗം പിരിഞ്ഞശേഷം, താൻ മിസ്റ്റർ പ്ലംട്രിയോടു 'നിങ്ങൾ എന്നെ ഇവിടെ കണ്ടതിൽ വെച്ചു വളരെ അതിശയിച്ചുവല്ലോ. എന്നാൽ ഞാൻ ഇപ്പോൾ എന്റെ ചരിത്രം പറഞ്ഞു കേൾപ്പിക്കാം' എന്നു പറഞ്ഞു."

മ. ആ കടുത്ത അവിശ്വാസിയെ അവിടെ കണ്ടതു എനിക്കും ആശ്ചൎയ്യം തന്നേ.

പ. അതേ, താൻ മിസ്റ്റർ പ്ലംട്രിയോടു പറഞ്ഞതു:—

"രണ്ടു വൎഷം മുമ്പെ ഞാൻ കടൽത്തീരത്തോടടുത്ത കിഴനാടുകളിലേക്കു പോയിരുന്നു. യാത്രയിൽ വെച്ചു ഞാൻ വഴി തെറ്റി അലയുവാൻ സംഗതിയായി. ഒടുവിൽ ഞാൻ ഒരു കുടിലിങ്കൽ വന്നെത്തി; അതിന്റെ മുമ്പിൽ ഒരു ചെറിയ പൂന്തോട്ടം ഉണ്ടായിരുന്നു. കുടിലിലേക്കുള്ള വാതിലിന്നരികെ ഒരു പെൺപൈതൽ ഇരുന്നിരുന്നു. എനിക്കു പോകുവാനുള്ള മാൎഗ്ഗം ഏതെന്നു ഞാൻ അതിനോടു ചോദിച്ചറിഞ്ഞു. ആ പൈതൽ ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കയായിരുന്നു. പുസ്തകം എന്താണെന്നു ഞാൻ ചോദിച്ചതിന്നു, അതൊരു പുതിയനിയമം എന്നു ആ കുട്ടി പറഞ്ഞു. ഞാൻ ആ പുസ്തകം വാങ്ങി നോക്കിയ ശേഷം, വെറുപ്പോടെ അതിനെ താഴെ ഇട്ടിട്ടു, 'ബുദ്ധിയില്ലാത്ത പൈതലേ, ഈ വഷളായ പുസ്തകം എന്തിന്നു വായിക്കുന്നു?' എന്നു പറഞ്ഞു. ആ പൈതൽ തന്റെ പരമാൎത്ഥതയിൽ, 'അങ്ങുന്നേ, അങ്ങനെ പറയരുതേ; എനിക്കു അമ്മ മാത്രമേയുള്ളു, ആ അമ്മയും കൂടെ ഇപ്പോൾ രോഗത്തിലാണ് കിടക്കുന്നതു; ഈ പുസ്തകം ആകുന്നു ഞങ്ങൾക്കുള്ള ആശ്വാസം!' എന്നു പറഞ്ഞു. ഇതിങ്കൽ കുറെ വ്യസനം തട്ടിയവനായി ഞാൻ വീട്ടിലേക്കു മടങ്ങി എത്തി; കിടപ്പാൻ പോയി; കിടക്കയിൽ വെച്ചു ആ കുട്ടീയുടെ വാക്കു എന്നിൽ ഓരോരൊ വിചാരങ്ങളെ ഉളവാക്കി. ആ പുസ്തകം, ആ കുട്ടിക്കും അതിന്റെ അമ്മെക്കും അവരുടെ ക

ഷ്ടപ്പെട്ട ദാരിദ്ര്യ സ്ഥിതിയിൽ വെച്ചു ആശ്വാസം നല്കുന്ന തെങ്ങനെ? അങ്ങനെയാണെങ്കിൽ ആ പുസ്തകത്തിൽ എന്തോ ചില സാരസംഗതികൾ അടങ്ങിയിരിക്കെണമല്ലോ എന്നിങ്ങനെ ഞാൻ എന്നിൽ തന്നേ ചിന്തിച്ചു. ഒടുവിൽ ഞാൻ ആ പുസ്തകം വായിപ്പാൻ തുടങ്ങി; ഞാൻ എന്നെത്തന്നേ അതുമൂലം കാണ്മാനിടയായി. ഞാൻ ഇത്രകാലവും എൻെറ വെറുപ്പുള്ള പാപങ്ങളോടെ ജീവിച്ചു. ഇപ്പോൾ ഞാൻ കൎത്താവിൽ ഒരു പുതിയ സൃഷ്ടിയായി തീൎന്നിരിക്കുന്നു. ദൈവത്തിന്നു സ്തോത്രം" എന്നു പറഞ്ഞു.

മ. ഹാ, അതു അതിശയം തന്നേ; വേദവായനമൂലമല്ലോ ആ കൊടിയ അവിശ്വാസി മനന്തിരിഞ്ഞതു?

പ. അതേ, വേദവായന മൂലം തന്നേ.

മ. അതു വളരെ ആശ്ചൎയ്യമേറിയ സാര സംഗതിയത്രെ, സംശയമില്ല.

പ. ഇനി നമുക്കു ഹിന്തുരാജ്യത്തിൽ ഒരിക്കൽ സംഭവിച്ച ഒരു വൃത്താന്തം നോക്കാം.

മ. നല്ല കാൎയ്യം. അതു നമ്മുടെ സ്വരാജ്യം തന്നേയാണല്ലോ.

പ. ഈ കഴിഞ്ഞ നൂററാണ്ടിൻെറ ആരംഭത്തിങ്കൽ മിസ്റ്റർ വോഡ് (Mr. Ward) എന്നയാൾ ഒരിക്കൽ കല്കത്തായിക്കു സമീപമുള്ള ഒരു ഗ്രാമത്തിൽ കൂടെ കടന്നുപോകയിൽ ബെങ്കാളി ഭാഷയിലുള്ള ഒരു പുതിയനിയമം ആ സ്ഥലത്തുള്ള നാട്ടുകാരിൽ ഒരുത്തൻെറ പീഠികയിൽ ഇഷ്ടമുള്ളവൎക്കു വായിച്ചറിവാനായി വെച്ചേച്ചു പോയി. ഒരു വൎഷം കഴിഞ്ഞ ശേഷം ആ ദിഗ്വാസികളിൽ യോഗ്യന്മാരും ആലോചനയുള്ളവരുമായ നാലുപേർ ആ പുസ്തകത്തിൽനിന്നു അവർ വായിച്ചിട്ടുള്ള ചില സംഗതികളെ കുറിച്ചു വേണ്ടുംപോലെ ആലോചിച്ചറിവാനായി സെറാംപുരിയിലേക്കു വന്നു. ചുരുക്കി പറയാം, ആ പുസ്തകം മൂലം ആറുപേർ മനന്തിരിവാൻ സംഗതി ആയിതീൎന്നു. അവരിൽ ജഗന്നാഥൻ എന്നു പേരായ ഒരു വയസ്സൻ ഉണ്ടായിരുന്നു. താൻ ഓറീസ്സായിലുള്ള ജഗന്നാഥ ക്ഷേത്രത്തിലേക്കു മിക്കപ്പോഴും തീൎത്ഥയാത്ര കഴിച്ചു ആ വിഗ്രഹത്തെ വന്ദിക്കയും, തൻെറ ബാഹ്യമായ ശുദ്ധവൃത്തിമൂലം ഓറീസ്സായിൽ ഒരു ധനവാനായ ഹിന്തു അവന്നു നിത്യം അടുത്തൂൺ കൊടുത്തു, അവനെ തൻെറ ഭവനത്തിൽ പാൎപ്പിച്ചുവരികയും ചെയ്തു. എന്നാൽ പുതിയനി

യമ വായന മൂലം അവൻ തന്റെ വിഗ്രഹസേവയുടെ മൌഢ്യത്തെ കണ്ടറിഞ്ഞു, താൻ ഉണ്ടാക്കി സേവിച്ചുവന്ന ജഗന്നാഥന്റെ വിഗ്രഹത്തെ തന്റെ തോട്ടത്തിലുള്ള ഒരു വൃക്ഷത്തിന്മേൽ തൂക്കി, പിന്നീട അതിനെ നശിപ്പിച്ചുകളഞ്ഞു. തന്റെ മനന്തിരിവിന്റെ ശേഷം എട്ട വൎഷത്തോളം താൻ ഒരു സത്യ ക്രിസ്ത്യാനി ആയി ജീവിച്ചശേഷം മരിച്ചുപോകയും ചെയ്തു.

മ. അതു ബഹു രസം തന്നേ. തന്നോട കൂടെ ക്രിസ്ത്യാനികളായി തീൎന്ന ശേഷമുള്ളവരുടെ കഥ എന്തായിരുന്നു?

പ. പറയാം. ശേഷമുള്ളവരിൽ കൃഷ്ണദാസൻ എന്നും സെബക്ക്‌രാമൻ എന്നും രണ്ടുപേർ വളരെ പ്രാപ്തന്മാരും ബുദ്ധിശാലികളുമായിരുന്നു; അവർ ധീരതയോടെ തങ്ങളുടെ സ്വരാജ്യക്കാരുടെ ഇടയിൽ ക്രിസ്തീയ ഉപദേശങ്ങളെ കുറിച്ചു പ്രസ്താവിക്കയും തങ്ങളുടെ ഉപദേശത്തിന്നു തക്കതായ ജീവിതം മൂലം എല്ലാവരാലും വളരെ ബഹുമാനിക്കപ്പെടുകയും ചെയ്തു.

മ. ഹാ, അവർ ഹൃദയത്തിലും ജീവിതത്തിലും സത്യ ക്രിസ്ത്യാനികളായിരിക്കേണം എന്നതിന്നു സന്ദേഹമില്ല.

പ. അതേ, അവരിൽ കൃഷ്ണദാസൻ തന്റെയും സൎവ്വലോകരുടെയും വീണ്ടെടുപ്പുകാരനായ ക്രിസ്തുയേശുവിലുള്ള ആശ്രയത്തോടും സന്തോഷത്തോടും കൂടെ വേഗം മരിച്ചുപോയി. എന്നാൽ സെബക്ക് രാമൻ വളരെ കാലം ഒരു സഭാംഗമായി ജീവിച്ചു, തന്റെ അടുക്കൽ വരുന്നവരോടൊക്കെയും വേദവാക്യങ്ങളെ വ്യാഖ്യാനിച്ചു തെളിയിച്ചുപോന്നു.

മ. അതേ, സത്യ ക്രിസ്ത്യാനികൾ എപ്പോഴും മറ്റുള്ള ആത്മാക്കൾക്കു ഉപകാരികളാണെന്നു ഞാൻ അറിയുന്നു.

പ. ശരി തന്നേ, എന്നാൽ നാമധേയ ക്രിസ്ത്യാനികൾ അപ്രകാരമല്ല. ഇനി നമുക്കു സുറിയാ നാട്ടിൽ നടന്ന ഒരു സംഭവത്തെ കുറിച്ചു ആലോചിക്കാം.

മ. കൊള്ളാം, അങ്ങനെയാകട്ടെ.

പ. റവറണ്ട് ജെ. എൽ. ലയൻസ് (**Rev. J. L. Lyons**) പറയുന്നതു: "ഞാൻ കുറെ മുമ്പെ ഒരു അറബിക്രിസ്ത്യാനിയെ കണ്ടെത്തി. താൻ ബൈബിൾരാജ്യമായ പലസ്തീന്റെ വടക്കുഭാഗത്തു, ലെബാനോൻ പൎവ്വതത്തിലുള്ള അറബികളുടെ ഒരു ചെറിയ ഗ്രാമത്തിൽ പാൎത്തുവന്നവനായിരുന്നു. തന്റെ അയൽവാസികളൊക്കെയും അറിവില്ലാ

ത്ത ഹീനന്മാരായിരിക്കെ, അയാൾ ക്രിസ്ത്യാനിയായി തീൎന്ന്തു എങ്ങനെയെന്നു ഞാൻ ആ മനുഷ്യനോടു ചോദിച്ചു. താൻ പറഞ്ഞതു, 'ഞാൻ തുൎക്കിസൈന്യത്തിൽ നിൎബ്ബന്ധം മൂലം ചേൎക്കപ്പെട്ട ഒരു മുസല്മാൻ പടയാളി ആയിരുന്നു. ഒരിക്കൽ ഞാൻ ചേൎന്നിരുന്ന പട്ടാളം ചില ഗ്രാമക്കാരെ കൊള്ളയിടുവാൻ സംഗതിയായി. കൊള്ളയിൽനിന്നു എനിക്കു കിട്ടിയ ഓഹരിയിൽ ഒരു മുഷിഞ്ഞ പുസ്തകം കൂടെയുണ്ടായിരുന്നു; തുറന്നു നോക്കിയപ്പോൾ അതൊരു ബൈബിളെന്നു ഞാൻ കണ്ടു. പിന്നീടു ഞാൻ അതു വീട്ടിലേക്കു കൊണ്ടുപോയി വായിപ്പാൻ തുടങ്ങി; വായനമൂലം, ഞാൻ ഒരു മഹാ പാപിയെന്നും, ക്രിസ്തുയേശു അല്ലാതെ എനിക്കു വേറൊരു സഹായം ഇല്ലെന്നും മനസ്സിലാക്കി. ആത്മിക പ്രകാശത്തിന്നും ദിവ്യ നടത്തിപ്പിന്നുമായി ഞാൻ തന്നോടു പ്രാൎത്ഥിപ്പാൻ തുടങ്ങി; താൻ എന്റെ പ്രാൎത്ഥന കേട്ടു; ഇപ്പോൾ ഞാൻ അവന്നുള്ളവൻ, അവൻ എനിക്കുള്ളവൻ', എന്നുത്തരം പറഞ്ഞു. അവന്റെ അയൽവാസികൾ, അവൻ തന്റെ പൂൎവ്വമതത്തെ ഉപേക്ഷിക്കനിമിത്തം അവനെ അത്യന്തം പീഡിപ്പിച്ചു; പകൽതോറും രാത്രിതോറും അവനെ ഉപദ്രവിച്ചു. അവർ അവന്റെ തോട്ടത്തിലുണ്ടായിരുന്ന ഫലവൃക്ഷങ്ങളെ വെട്ടിക്കളകയും, മുന്തിരിവള്ളികളെ നശിപ്പിക്കയും, അവനെ തന്റെ വീട്ടിൽനിന്നു ഭ്രഷ്ടനാക്കി ഓടിച്ചുകളകയും ചെയ്തു."

മ. അവർ മഹാ ക്രൂരന്മാരും അക്രമികളും ആയിരുന്നുവല്ലോ.

പ. അതേ; സംശയമില്ല. എന്നാലോ, കുറെ വൎഷം കഴിഞ്ഞശേഷം അവൻ വീണ്ടും തന്റെ ശത്രുക്കളുടെ അടുക്കൽ മടങ്ങിചെന്നു; അപ്പോൾ അവർ അവനിൽ കണ്ട ക്രിസ്തീയ ഗുണങ്ങൾ മൂലം അവരിൽ ഒരു വലിയ മാററം ഉണ്ടാകുവാൻ ഇടയായി തീൎന്നു. ഇന്നു നിങ്ങൾ സുറിയാ നാട്ടിലുള്ള ആ ഗ്രാമത്തിലേക്കു ചെന്നാൽ, അവിടെ ലെബാനോൻഗിരിമുകളിൽ സുവിശേഷ ക്രിസ്ത്യാനികളുടെ ഒരു പള്ളിയും, മുമ്പെ പീഡിപ്പിക്കപ്പെട്ട ആ ക്രിസ്ത്യാനി അതിന്റെ പട്ടക്കാരനായും പീഡിപ്പിച്ചവർ ആ സഭയുടെ അംഗങ്ങളായും ഇരിക്കുന്നതും കാണ്മാൻ കഴിയും. ഈ ഗുണങ്ങളൊക്കെയും ആ പാവപ്പെട്ട അറബി പടയാളിയുടെ കയ്യിൽ കിട്ടിയ ഒരു ബൈബിൾ മൂലം സിദ്ധിച്ചതാണ്.

മ. അതു വളരെ രസകരവും ഓൎക്കേണ്ടതുമായ ഒരു സം

ഗതി തന്നേയാകുന്നു. മലബാറിലുള്ള സുറിയാനിക്കാരിൽ ചിലരുടെ പൂൎവ്വികന്മാർ സുറിയായിൽനിന്നു വന്നവരല്ല യോ?

പ. അതേ, അവർ വളരെ കാലം മുമ്പെ സുറിയായിൽനിന്നു വന്നവർ തന്നേ. ഇനി നമുക്കു ചീനത്തുണ്ടായിട്ടുള്ള ചില സംഭവങ്ങളെ പററി ആലോചിക്കാം.

മ. അങ്ങനെയാകട്ടെ.

പ. റവറണ്ട് ജെ. ഹഡ്സൻ ടെയ്ലർ (**Rev. J. Hudson Taylor**) പറയുന്നതു: "൧൮൭൧-ൽ ഹോങ്കോങ്ങിൽ വിക്ടോറിയ സംസ്ഥാനത്തിന്റെ ബിഷോപ്പും ഞാനുമായി ചെയ്ത മിഷ്യനറിയാത്രയിൽ വെച്ചു, വായനെക്കായി കൊടുത്ത ചീനഭാഷയിലുള്ള ഒരു പുതിയനിയമം മൂലം വളരെ പ്രയോജനമുണ്ടായി. അതു മുഖാന്തരം ഒരു മജിസ്ത്രേട്ടു മനന്തിരിവാൻ ഇടയാകയും, ആശ്ചൎയ്യം തോന്നുമാറു, താൻ തന്റെ പരിചാരകന്മാൎക്കു ആ സുവിശേഷത്തെ വെടിപ്പായി ഉപദേശിക്കയും ചെയ്തു. അന്നുമുതൽ ഇന്നുവരെ ദൈവവചന വായന മൂലം അവിടങ്ങളിൽ അനേകം അതിശയ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നു."

മ. ആ ചീനക്കാരൻ മജിസ്ത്രേട്ടു ഒരു നല്ല മനുഷ്യനായിരിക്കേണം; അല്ലെങ്കിൽ താൻ തന്റെ ഭൃത്യന്മാൎക്കു സുവിശേഷ സത്യങ്ങളെ ഉപദേശിക്കയില്ലായിരുന്നു; എന്തു തോന്നുന്നു?

പ. അതിന്നു സംശയമില്ലല്ലോ. ഹഡ്സൻ ടെയ്ലർ പിന്നെയും പറയുന്നതു: "കഴിഞ്ഞ ചില ആഴ്ചവട്ടങ്ങൾക്കിടയിൽ ദൂരസംസ്ഥാനങ്ങളിൽനിന്നു, താഴെ പറയുന്ന ഏതാനും ചില സംഭവങ്ങളെ കേൾപ്പാൻ എനിക്കിടയായി. ഷെൻസിയിലേ ഹാൻചങ്ങിൽനിന്നു ൨൫-ൽ പരം നാഴിക ദൂരെ, പൎവ്വതങ്ങളുടെ ഇടയിലുള്ള ഒക്കൂഗൻ കുന്നിന്മേൽ ചീനക്രിസ്ത്യാനികളുടെ ഒരു ചെറിയ കൂട്ടവും; അവരുടെ പ്രധാനിയായിട്ടു സീൻ എന്നൊരു മൂപ്പനും ഉണ്ടായിരുന്നു. വിൽസൻ മിസ്സി ശരീരസുഖത്തിന്നായി അവിടെ പോയിരുന്ന സമയം, താൻ ആ മൂപ്പനെ കുറിച്ചു ഇപ്രകാരം എഴുതുകയുണ്ടായി: "ആ മൂപ്പൻ മുളകൊണ്ടുള്ള പണിസാധനങ്ങളെ ചെയ്തുകൊണ്ടിരിക്കയിൽ തന്നേ അവൻ തന്റെ ബൈബിൾ വായിച്ചു അതിനെകൊണ്ടു മററുള്ളവരോടു സംസാ

രിക്കുന്നു. അവന്നു ബുദ്ധമതത്തിന്നടുത്ത ബഹുമതികൾ ഏറെയെല്ലാം ഉണ്ടായിരുന്നു. മത്തായിസുവിശേഷം മുഴുവനും ഒരു ദിവസം താൻ തന്റെ നിദ്രെക്കു മുമ്പായിട്ടു വായന കഴിച്ചു. അതേ, ചീനക്കാർ വലിയ വായനക്കാരാണെന്നു അറിയെണം. ഒടുവിൽ ആ മൂപ്പന്റെ ഗുരുനാഥനായിരുന്ന ഹോ എന്നയാൾ അവനെയുംകൊണ്ടു ഹാൻചങ്ങിലേക്കു വന്നു. അവിടെവെച്ചു ആ മൂപ്പൻ തന്റെ ബുദ്ധമത ബഹുമതികളെ കുറിച്ചുള്ള പത്രങ്ങളെല്ലാം തീയിലിട്ടു ചുട്ടുകളകയും, പണ്ടു താൻ ബുദ്ധനെ സേവിച്ചതിൻവണ്ണം ഇപ്പോൾ ക്രിസ്തുവിനെ സേവിക്കയും ചെയ്യുന്നു" എന്നത്രെ.

മ. അതു ബഹു സാരമേറിയ സംഗതി തന്നേ. ആ ചീനക്രിസ്ത്യാനി തന്റെ ബുദ്ധമത പത്രങ്ങളെ ചുട്ടുകളഞ്ഞതു പണ്ടത്തേ എഫെസ്യർ ചെയ്തതുപോലെ അല്ലയോ? അവർ ൫൦,000 വെള്ളിക്കാശു വിലപിടിച്ച തങ്ങളുടെ ക്ഷുദ്രകൎമ്മ പുസ്തകങ്ങളെ ചുട്ടുകളഞ്ഞ സംഗതി ഞാൻ ഓൎക്കുന്നു (അപ്പൊ. പ്ര. ൧൯. ൧൯, ൧൯).

പ. ശരി തന്നേ; ൧൮൦൦ സംവത്സരം മുമ്പെ എഫെസ്യൎക്കു സുവിശേഷം എങ്ങനെ ആയിരുന്നുവോ അങ്ങനെ തന്നേ ഇന്നും അതു ശക്തിയേറിയ വചനമായിരിക്കുന്നു.

മ. എല്ലാവൎക്കും അതു ഒരുപോലെ ചേരുന്നതാണല്ലോ.

പ. ഇനി നമുക്കു ആഫ്രിക്ക വങ്കരയിലേക്കു കടന്നു, അവിടങ്ങളിൽ ക്രിസ്തുമതം സിദ്ധിച്ചിരിക്കുന്ന ചില ജയങ്ങളെ കുറിച്ചു നോക്കാം.

മ. കൊള്ളാം, അതിനെ സംബന്ധിച്ചു അറിവാൻ വളരെ വാഞ്ഛയുണ്ടു.

പ. ആഫ്രിക്കയുടെ മദ്ധ്യത്തിലുള്ള ഉഗാണ്ടായെ പററി കേട്ടിരിക്കുമല്ലോ.

മ. ഉവ്വ്; അവിടെവെച്ചല്ലയോ ഗുണവാനും നല്ലവനുമായ ഹന്നിങ്ങ്ടൻ ബിഷോപ്പ് (Bishop Hannington) കൊല്ലപ്പെട്ടതു?

പ. അതേ, അതേ; മൂന്നു വൎഷം മുമ്പെ അതു ഭൂമിയിൽ ഉള്ളതിലേക്കും ഇരുണ്ട സ്ഥലവും ക്രൂരതയുടെ മുഖ്യ ഇരിപ്പിടവും ആയിരുന്നു (സങ്കീ. ൭൪. ൨൦). അതിലേ ജനങ്ങളായ ബഗാണ്ട്യരുടെ(1) മുഖ്യ തൊഴിൽ അടിമക്കച്ചവടവും ആയിരുന്നു.

(1) ഉഗാണ്ടായിലുള്ള ജനങ്ങളെ ബഗാണ്ട്യർ എന്നു പറയുന്നു.

മ. അവരുടെ അടിമക്കച്ചവടത്തെ കുറിച്ചു അല്പം പറയാമോ?

പ. പറയാം; ക്രിസ്തുമത പ്രവേശനത്തിന്നു മുമ്പായിട്ടു അനേകായിരം അടിമകൾ ആ രാജ്യത്തുണ്ടായിരുന്നു. അവരുടെ ഉടമസ്ഥർ അവരോടു പെരുമാറി വന്നതും അതിഭയങ്കരമായിട്ടായിരുന്നു. ഇപ്പോൾ അവിടെ മിഷ്യൻ പ്രവൃത്തി നടത്തിവരുന്ന റവറണ്ടു ജി. ആർ. ബ്ലാക്ക്ലെഡ്ജ് (Rev. G. R. Blackledge) എന്നയാൾ പറയുന്നതു: "ഇപ്പോൾ എത്ര വ്യത്യാസം! 'അടിമ' എന്നൊരു ശബ്ദം ഇപ്പോൾ അവരിൽ ഒരുത്തൻ കേട്ടാൽ അവനിൽ എത്ര വളരെ കോപം ഉണ്ടാകുന്നു! ആ വാക്കു തന്നേ അവന്നു അന്യമായി തീൎന്നിരിക്കുന്നു! ഈ വലിയ മാററം അവരിൽ വരുത്തിയതു എന്താകുന്നു? ദൈവവചനം തന്നേ. അതുമൂലം അവർ ദൈവത്തിൻെറ പിതൃത്വത്തെയും മനുഷ്യൎക്കു അന്യോന്യമുള്ള സഹോദരത്വത്തെയും അറിവാൻ സംഗതിയായി തീൎന്നു. അടിമ എന്നതു കഴിഞ്ഞുപോയ ഒരു കാൎയ്യമായിരിക്കുന്നു" എന്നത്രെ.

മ. അതു ഒരു അതിശയ സംഗതി തന്നേ. അവരുടെ ഇടയിൽ നടപ്പായിരുന്ന ക്രൂരപ്രവൃത്തികളെ കുറിച്ചു അല്പം പറയാമോ?

പ. ഉവ്വു, പറയാം. ചില ചില്ലറ കുററങ്ങൾക്കായിട്ടു അവരുടെ രാജാക്കന്മാർ മാത്രമല്ല ജനങ്ങളും കൂടെ ചിലപ്പോൾ കുററക്കാരുടെ അവയവങ്ങളിൽ ചിലതു ഛേദിച്ചുകളകയും, ചിലപ്പോൾ ജീവനോടെ തൊലി ഉരിക്കയും, ചിലപ്പോൾ അഗ്നിയിൽ ദഹിപ്പിച്ചുകളകയും ചെയ്യും. ററീസാ, മവാക്കാ, മുതലായ രാജാക്കന്മാരുടെ കാലങ്ങൾ വളരെ ഭയങ്കരമേറിയതായിരുന്നു എന്നു ആ മിഷ്യനറി പറഞ്ഞിരിക്കുന്നു. ററീസാ രാജാവിന്നു താൻ ചൊരിയിച്ചിട്ടുള്ള കണ്ണുനീർ നിമിത്തം "മുക്ബെയാ" എന്നു പേരുണ്ടായി. ററീസായും മവാക്കായും ക്രിസ്ത്യാനികളെയും അത്യന്തം പീഡിപ്പിച്ചു, അവരെ ജീവനോടെ ദഹിപ്പിച്ചു. കൈ, മൂക്കു, ചെവി, അധരം, പല്ലു, കണ്ണു മുതലായ അംഗങ്ങളില്ലാത്ത അനേകരെ ഇപ്പോഴും കാണ്മാനുണ്ടു. എങ്കിലും ഈ ദോഷങ്ങളെല്ലാം ഇപ്പോൾ അശേഷം നിന്നുപോയി. ഈ വലിയ മാററം എങ്ങനെയുണ്ടായി? ദൈവവചനത്താൽ തന്നേ. ദൈവം മനുഷ്യരെ തൻെറ സാദൃശ്യത്തിൽ സൃഷ്ടിച്ചു എന്നും, അവൎക്കായിട്ടത്രെ

ക്രിസ്തു മരിച്ചതെന്നും അതു അവരെ പഠിപ്പിച്ചു. അങ്ങനെയുള്ള ക്രൂരപ്രവൃത്തികൾ അപമാനകരമെന്നു ആ രാജ്യത്തിലെ ജനങ്ങളും പ്രഭുക്കന്മാരും പഠിച്ചറിഞ്ഞു അവർ ക്രിസ്ത്യാനികളായി തീരുകയും, എല്ലാതരം ക്രൂരദോഷങ്ങളെയും ഒന്നടങ്കം നിർത്തലാക്കിക്കളകയും ചെയ്തു.

മ. ഹാ! അതിങ്കൽ എനിക്കു പരിഭ്രമം തോന്നുന്നു. ക്രൂരപ്രവൃത്തികളിൽ അവർ പിശാചുകളോടു തുല്യരായിരുന്നു വല്ലോ?

പ. അതേ, അങ്ങനെ തന്നേ.

മ. സുവിശേഷം അവിടെ എത്തുംമുമ്പെ അവർ മഹാ ദുർമ്മാൎഗ്ഗികളായിരിക്കേണമല്ലോ?

പ. അതിന്നു ആക്ഷേപമുണ്ടോ? ഇപ്പോൾ അവിടെയുള്ള ജനങ്ങൾ വ്യഭിചാരദോഷത്തെ "പാപങ്ങളുടെ രാജാവായി" എണ്ണിവരുന്നു. കുറെ മുമ്പെ വരെയും ഈ പാപത്തെ ജനങ്ങൾ അത്ര ഗണ്യമാക്കാതെ, ചില ക്രിസ്ത്യാനികൾ കൂടെയും അതിൽ വീണുപോയിരുന്നു; എന്നാലോ, ഇപ്പോൾ അങ്ങനെയല്ല എന്നു മേൽപറഞ്ഞ മിഷ്യനറി തന്നേ പറയുന്നു. ക്രിസ്തുമത പ്രവേശനത്തിന്നു മുമ്പായി സന്മാൎഗ്ഗികളായ പുരുഷന്മാരെയോ സ്ത്രീകളേയോ കണ്ടെത്തുവാൻ കഴികയില്ല; ശുചികർമായ പതിവ്രത ജീവിതം ഭവനങ്ങളിൽ അശേഷം പോലുമില്ല. എന്നാൽ ഇപ്പോൾ അവരോടുള്ള അടുത്ത പെരുമാററം മൂലം, അവരിൽ അനേകായിരം സന്മാൎഗ്ഗികളായ പുരുഷന്മാരും സ്ത്രീകളും ഉണ്ടെന്നു അറിയുന്നു. അസംഖ്യം ഭവനങ്ങൾ തിരുവചനം മൂലം ശുദ്ധീകരിക്കപ്പെട്ടും അലങ്കരിക്കപ്പെട്ടും ഇരിക്കുന്നു. "എന്നെ പിന്തുടരുന്നവൻ ഇരുളിൽ നടക്കാതെ ജീവൻെറ വെളിച്ചമുള്ളവൻ ആകും". (യോഹ. ൮. ൧൨).

മ. അതു വളരെ അതിശയം തന്നേ. ആ ഇരുണ്ട വങ്കരയിൽ ബൈബിൾ മഹാ അത്ഭുതകാൎയ്യങ്ങളെ നടത്തിയിരിക്കുന്നു എന്നും, ക്രിസ്തുമതം മനുഷ്യസ്വഭാവത്തെ അതിശയമാംവണ്ണം മാററുന്നതെന്നും ഞാൻ സ്പഷ്ടമായി കാണുന്നു.

പ. കൊള്ളാം, അതിങ്കൽ വളരെ സന്തോഷമുണ്ടു. ഇനി തെക്കേ പാസിഫിക്ക് സമുദ്ര ദ്വീപുകളിൽ വെച്ചു, രാജ്യസംബന്ധമായും കച്ചവടസംബന്ധമായും കീർത്തിപ്പെട്ട ഫിജി ദ്വീപുകളിൽ (**Fiji Islands**) ബൈബിൾ മൂലം ഉണ്ടായിട്ടുള്ള ചില അതിശയ സംഭവങ്ങളെ പറയാം.

മ. ആകട്ടെ, വളരെ സന്തോഷം.

പ. ഉദ്ദേശം നൂറു വൎഷങ്ങൾക്കു മുമ്പു ഫീജി ദ്വീപുക
ളിൽ ഉണ്ടായിരുന്ന നിവാസികൾ മഹാ കിരാതന്മാരായിരു
ന്നു; എന്നു മാത്രമല്ല, മാനുഷഭോജികളും കൂടെ ആയിരുന്നു.
എന്നാൽ സുവിശേഷം ആഫ്രിക്കയിലെന്നപോലെ അവരു
ടെ ഇടയിലും വലിയ അതിശയങ്ങളെ നടത്തി. അനേകാ
യിരങ്ങൾ ക്രിസ്ത്യാനികളായി തീരുകയും, ദൈവവചനത്തെ
ഏററവും സ്നേഹിക്കയും ചെയ്യുന്നു. തിരുവെഴുത്തുകൾ മൂലം
ഫീജി ദ്വീപുകാൎക്കുണ്ടായ ഗുണ വിശേഷതകളെ കുറിച്ചു
൧൮൮൨-ൽ റവറണ്ട് എ. ജെ. വെബ്ബ് (**Rev. A. J.
Webb**) എന്ന മിഷ്യനറി എഴുതി അയച്ച പത്രത്തിൽ ഇങ്ങ
നെ കാണുന്നു: വിദ്യയുള്ളവനായ അകചിലാ എന്നൊരു
ഫീജി നിവാസി പറഞ്ഞതു, താൻ കാടാവ്യയിൽ ഒരു പൈത
ലായിരുന്ന സമയം, പോലാവ്യു എന്നൊരു ഉപദേഷ്ടാവു
തോങ്ക്യാ ദ്വീപിൽനിന്നു ഒരു പുതിയനിയമപ്രതിയുമായി
അവിടേക്കു ചെന്നിരുന്നു. അകചിലാ, ആ പുസ്തകം വാങ്ങു
വാനായി തനിക്കുണ്ടായിരുന്ന വസ്തുക്കളിൽനിന്നു ഏററവും
വിലപിടിച്ചതായ തന്റെ തോക്കും തോണിപ്പായും അതിന്നു
ഈടായി കൊടുക്കാമെന്നു പറഞ്ഞു. എന്നാൽ ആ തോണി
പായ് മാത്രം ഉപദേഷ്ടാവു വാങ്ങീട്ടു താൻ മോഹിച്ച പുസ്തകം
അവന്നു കൊടുത്തു. അപ്പോൾ അവന്നു വായന ശീലമില്ലാ
യിരുന്നു; ശീലിപ്പിപ്പാൻ ആരും ഉണ്ടായിരുന്നതുമില്ല. എങ്കി
ലും അടുത്ത സ്ഥലങ്ങളിലേക്കു വന്നിരുന്ന ചില ക്രിസ്തീയ ഉ
പദേഷ്ടാക്കളിൽ നിന്നു താൻ വായന ക്രമേണ ശീലിച്ചു.
മിഷ്യനറിമാരുടെ കീഴിൽ കുറെ വൎഷം പരിചയിച്ചശേഷം
താൻ ദൈവവചനത്തെ പ്രസംഗിപ്പാൻ ആരംഭിക്കയും,
ഒടുവിൽ നാട്ടുകാരായ പ്രസംഗികളുടെ കൂട്ടത്തിൽ വെച്ചു താ
നൊരു മുഖ്യനും പ്രയോജനമുള്ള വേലക്കാരനുമായി തീരുക
യും ചെയ്തു.

മ. അതും വളരെ അതിശയിക്കത്തക്ക സംഗതി തന്നേ;
എന്തെന്നാൽ അവന്റെ മാതാപിതാക്കൾ ക്രൂരന്മാരായ മാ
നുഷഭോജികൾ ആയിരുന്നുവല്ലോ.

പ. അതേ; മേല്പറഞ്ഞ മിഷ്യനറി തന്നേ പറയുന്ന
തു: "ഇസിക്കിലി എന്നൊരു നാട്ടുപദേഷ്ടാവിന്റെ അഭി
പ്രായപ്രകാരം ഫീജി ദ്വീപുകാർ ക്രിസ്തുമൂലമുള്ള രക്ഷെക്കു
പാത്രങ്ങളായി തീൎന്നിരിക്കുന്നതു മുഖ്യമായി പുതിയനിയമ വാ

യനയാൽ മാത്രമാകുന്നു. എന്റെ അനുഭവവും അങ്ങനെ തന്നേ. അവർ, കേൾക്കുന്ന പ്രസംഗങ്ങളേക്കാൾ, അധികമായി വേദവാക്യങ്ങളെ ഉള്ളിൽ സംഗ്രഹിക്കുന്നു. വേദഭാഗങ്ങൾ സാധാരണ നമുക്കു തോന്നുന്നതിനേക്കാൾ അധികം സാരാൎത്ഥമായി അവൎക്കു വെളിപ്പെടുന്നു. ബൈബിൾ വായനമൂലം ഗുണപ്പെട്ടിട്ടുള്ളവരെ കുറിച്ചു ഒരിക്കൽ ഒരു ഗുരുനാഥനോടു ആലോചിച്ചപ്പോൾ, താൻ, അതുമൂലം തന്റെ കീഴിൽ ഗുണപ്പെട്ടിട്ടുള്ള നാല്പത്താറു ആളുകളുടെ പേരുകൾ എഴുതി കൊണ്ടുവന്നു.

മ. ഹാ, തെക്കേ സമുദ്ര ദ്വീപുകളിൽ കിരാതന്മാരായ നരഭോക്താക്കളുടെ ഇടയിൽ ബൈബിൾ എത്ര വലിയ മാററം ഉണ്ടാക്കിയിരിക്കുന്നു!

പ. അതേ; ബൈബിൾ മൂലം കുറെ മുമ്പെ ഇണ്ട്യയിൽ സംഭവിച്ച ഒരു കീൎത്തിപ്പെട്ട മനന്തിരിവിനെ കുറിച്ചു ഇനി പറയട്ടെ.

മ. കൊള്ളാം, കേൾപ്പാൻ വളരെ ആഗ്രഹമുണ്ടു.

പ. നാരായണ പണ്ഡിതർ നിങ്ങളെ പോലെ ഒരു ബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന്റെ കുഡുംബത്തിൽനിന്നു, ഇണ്ട്യയിൽ നാട്ടുരാജാക്കന്മാരുടെ കീഴിൽ പല സ്ഥലങ്ങളിലും ഉദ്യോഗസ്ഥന്മാരുണ്ടു. അദ്ദേഹം സംസ്കൃത വിദ്യയിൽ ഒരു വലിയ പണ്ഡിതനും നല്ല ആലോചനബുദ്ധിയുള്ളവനും മാത്രമല്ല, ചെറുപ്പം മുതൽ മതകാൎയ്യങ്ങളോടു വളരെ താല്പൎയ്യം ഉള്ളവനും ആയിരുന്നു. വളരെ കാലം ഒരു ശൈവനായിരുന്ന ശേഷം, ഹൃദയത്തിന്നു യാതൊരു ഗുണീകരണവും കാണാതെ, പിന്നീടു ഒരു വൈഷ്ണവനായി ശ്രീകൃഷ്ണനെ ഭക്തിയോടെ സേവിപ്പാൻ തുടങ്ങി. എന്നിട്ടും മനസ്സിന്നു സമാധാനമില്ലാതെ ഇരിക്കയിൽ ഒരിക്കൽ "മതപരീക്ഷ" എന്നൊരു ക്രിസ്തീയ ട്രാക്ക്ട് തന്റെ കയ്യിൽ കിട്ടുകയും, അതിന്നു ഒരു തക്ക സമാധാനം കൊടുക്കേണമെന്നു സ്വജനങ്ങൾ തന്നെ നിൎബ്ബന്ധിക്കയും ചെയ്തു. അതിലേക്കായി ബൈബിൾ പരിശോധന തുടങ്ങി, ആ ട്രാക്റ്റിന്നു എതിരായി സംസ്കൃതത്തിൽ ഒരു പുസ്തകം ചമച്ചു. തന്റെ സാമൎത്ഥ്യമേറിയ കൃതി മൂലം ക്രിസ്തുമതത്തിന്നു വീഴ്ച വന്നുപോയി എന്നു അതിനെ പാരായണം ചെയ്തു ബ്രാഹ്മണരൊക്കെയും നിരൂപിച്ചു. ക്രിസ്തുമതത്തെ ജയിച്ചുപോയി എന്നു ഹിന്തുക്കളിൽ അനേകൎക്കും തോന്നിപ്പോയി.

മ. ശരി തന്നേ; ഹിന്തുക്കളുടെ ഇടയിൽ വലിയ ഇളക്കമുണ്ടാക്കുവാൻ അതു മതിയല്ലോ.

പ. എന്നാൽ തന്റെ കൃതിമൂലം യാതൊരു ജയമെങ്കിലും സിദ്ധിക്കുമെന്നു പണ്ഡിതൎക്കു നിശ്ചയമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ മനസ്സാക്ഷി അനുദിനം തന്നെ-വ്യസനിപ്പിക്കയും, താൻ ദൈവത്തോടു നിരന്നിട്ടില്ലെന്നു തന്നെ ബോധപ്പെടുത്തുകയും ചെയ്യുതിനാൽ, താൻ പിന്നെയും ആത്മകാൎയ്യങ്ങളിൽ തിരക്കം ചെയ്യുകൊണ്ടിരുന്നു. ദൈവകൃപയാൽ, പണ്ഡിതർ ആദ്യം എതിൎത്തു നിന്ന സുവിശേഷ സത്യങ്ങളെ പിന്നീടു ഉറപ്പായി വിശ്വസിക്കുന്നതിന്നു ഇടയായി. ക്രിസ്തീയ ഉപദേശങ്ങളെ പൂൎണ്ണമായി ബോധപ്പെട്ടശേഷം, അദ്ദേഹം തന്റെ ക്രൂശിനെ വഹിച്ചുംകൊണ്ടു ക്രിസ്തുവിനെ പിന്തുടരുവാൻ നിശ്ചയിക്കയും, വളരെ പോരാട്ടങ്ങളുടെ ശേഷം ധീരതയോടെ തിരുസ്നാനം ഏല്ക്കുകയും ചെയ്തു. പിന്നീടു തന്റെ ചാൎച്ചക്കാരിൽ നിന്നും സ്നേഹിതന്മാരിൽ നിന്നും മററും തനിക്കു വളരെ ഭയങ്കര പീഡകളുണ്ടായി, എങ്കിലും പാപഭാരത്തിൻ കീഴിൽ വലയുന്ന ആത്മാക്കൾക്കു കൎത്താവു നല്കുന്ന മനഃസമാധാനം നാൾക്കുനാൾ തന്നിൽ വൎദ്ധിച്ചുകൊണ്ടിരുന്നു (റോമ. ൫. ൧, ൨). അദ്ദേഹത്തിന്നു നല്ല വിശ്വാസവും ധൈൎയ്യവും ഇല്ലായിരുന്നുവെങ്കിൽ കൎത്താവായ യേശുവിന്റെ ശിഷ്യനായി തീരുന്നതിൽ വെച്ചു നേരിടുന്ന ഉപദ്രവങ്ങളെ സഹിപ്പാൻ തനിക്കു കഴികയില്ലായിരുന്നു. അദ്ദേഹത്തെ അറിഞ്ഞിട്ടുള്ളവരൊക്കെയും തന്റെ ബുദ്ധിസാമൎത്ഥ്യത്തെയും ദൈവഭക്തിയെയും സന്മാൎഗ്ഗാചാരങ്ങളെയും കണ്ടു അതിശയിക്കത്തക്കവണ്ണം തന്റെ ജീവിതം അത്ര ശോഭിതമായിരുന്നു.

മ. ഹാ. അതു ബൈബിളിന്റെ മഹത്തായ ഒരു ജയം തന്നേ. ലോകത്തിന്റെ നാനാഭാഗങ്ങളിലും വിശുദ്ധവേദം നടത്തിവരുന്ന അത്ഭുതപ്രവൃത്തികൾ മൂലം അതിന്റെ ദിവ്യോത്ഭവം എനിക്കു നന്നായി ബോധപ്പെടുന്നു, എന്നു മാത്രമല്ല, അതു സകല ജാതികൾക്കും ചേരുന്നതായിരിക്കുന്നു എന്നു കൂടെ കാണുന്നു. അതു എല്ലാ മനുഷ്യവൎഗ്ഗത്തിന്നായിട്ടും ഈശ്വരനാൽ നല്കപ്പെട്ടതു തന്നേ സംശയമില്ല.

പ. അതേ, ആ സംഗതി നിങ്ങൾ നല്ലവണ്ണം ഗ്രഹിക്കേണമെന്നായിരുന്നു എന്റെ ആഗ്രഹം.

മ. റോമാ ക്രിസ്ത്യാനികൾ സാധാരണ ബൈബിൾ വായിക്കാതെ ഇരിക്കുന്നതു സങ്കടമല്ലയോ?

പ. അതു മഹാ വ്യസനകരമായ കാൎയ്യം തന്നേ. നിങ്ങളുടെ ആ ചോദ്യത്തിൽനിന്നു, കുറെ വൎഷം മുമ്പെ ഫ്രാൻസിന്റെ തെക്കുഭാഗത്തു നടന്ന ഒരു സംഭവം എന്റെ ഓൎമ്മയിൽ വന്നതിനെ ഞാൻ പറയാം. ഒരു റോമാ പട്ടക്കാരൻ ഒരു ഞായറാഴ്ച ദിവസം തന്റെ പ്രസംഗപീഠത്തിൽ നിന്നുകൊണ്ടു സഭക്കാരോടു ഇപ്രകാരം പ്രസ്താവിച്ചു: "പ്രിയരേ, നിങ്ങളിൽ അനേകർ ശുശ്രൂഷസമയത്തു ഉറങ്ങിപ്പോകുന്നു; എന്നാൽ ഞാൻ ഇപ്പോൾ പറവാൻ പോകുന്ന സംഗതിയിൽ നിങ്ങളുടെ ഉറക്കമെല്ലാം മണ്ടിപ്പോകുമെന്നു ആശിക്കുന്നു. ദൈവം സ്വൎഗ്ഗത്തിൽനിന്നു ഒരു ദൂതൻവശം ഒരു ലേഖനത്തെ എനിക്കു അയച്ചിരിക്കുന്നു.(1) അതിൽ പറയുന്ന കാൎയ്യങ്ങളെ കേൾപ്പാൻ നിങ്ങൾക്കു ആഗ്രഹമുണ്ടായിരിക്കാം. സ്നേഹിതരേ, സ്വൎഗ്ഗത്തിൽനിന്നു അയക്കപ്പെട്ടതും, ഒരു വഴിപോക്കൻ ഇവിടെ കൊണ്ടുവന്നതുമായ ആ സന്തോഷദൂതു് ദൈവത്തിന്റെ വചനമാകുന്നു: നമുക്കു വേണ്ടി ക്രൂശാരോഹണം ചെയ്തു ദൈവപുത്രൻ മൂലമുള്ള രക്ഷയുടെ സദ്വൎത്തമാനം തന്നേ". അതിന്റെ ശേഷം ആ നല്ല വികാരി പുതിയനിയമത്തിൽനിന്നു ഒരു അദ്ധ്യായം വായിച്ചു. അതിൽനിന്നു ഏതാനും ഭാഗം വ്യാഖ്യാനിച്ചു ശേഷം പിന്നെയും പറഞ്ഞതു: "ഈ വിശുദ്ധ പുസ്തകത്തിൽനിന്നു മേലാൽ എല്ലാ ഞായറാഴ്ച തോറും നമ്മുടെ പ്രയോജനത്തിന്നായി ഓരോ അദ്ധ്യായം വീതം വായിപ്പാൻ ഞാൻ വിചാരിച്ചിരിക്കുന്നു. നിങ്ങൾ, എന്റെ പുസ്തകശാലയിൽ ഞാൻ വാങ്ങിവെച്ചിട്ടുള്ള പുതിയനിയമ പുസ്തകങ്ങളിൽനിന്നോ അല്ലെങ്കിൽ ആ സ്വൎഗ്ഗദൂതനെ പോലെ വന്ന പുസ്തക വ്യാപാരിയിൽനിന്നോ ഓരോ പ്രതി വാങ്ങി സമ്പാദിക്കേണമെന്നു ഞാൻ നിങ്ങളോടു ഗുണദോഷിക്കുന്നു. (2)

മ. അതു ബഹു വിശേഷം തന്നേ.

പ. അതേ, ഈ മലയാള രാജ്യത്തുള്ള റോമാസഭ വികാ

(1) ഒരു വേദപുസ്തകവ്യാപാരി അല്പം മുമ്പെ വളരെ വേദപുസ്തക പ്രതികളോടു കൂടെ വികാരിയുടെ അടുക്കൽ വരികയും താൻ ആ വ്യാപാരിയിൽനിന്നു ഏതാനും പുതിയനിയമ പുസ്തകങ്ങളെ തന്റെ സഭക്കാൎക്കായി വാങ്ങുകയും ചെയ്തു.

(2) ആവ. ൬. ൬—൯. സങ്കീ. ൧൧൯. ൧൦൫. യോഹ. ൫. ൩൯. ൨ തിമൊ. ൩. ൧൫—൧൭. അപ്പൊ. പ്ര. ൧൭. ൧൧.

രികളും ആ നല്ല പട്ടക്കാരനെ അനുകരിച്ചു എങ്കിൽ എത്ര നന്നായിരുന്നു! സകല മനുഷ്യൎക്കായിട്ടും അയക്കപ്പെട്ടിരിക്കുന്ന ബൈബിൾദൂതിനെ റോമാസഭ മാത്രമല്ല, നമ്മുടെ രാജ്യത്തുള്ള അസംഖ്യം ഹിന്തുക്കളും മുസല്മാനരും വായിച്ചറിവാൻ ദൈവം കൃപ ചെയ്യട്ടെ!

മ. അങ്ങനെ തന്നേ ഭവിക്കട്ടെ എന്ന് [illegible]ൻറയും ആഗ്രഹമാകുന്നു.

Part II. രണ്ടാം ഭാഗം.

ഒന്നാമത്തെ സംഭാഷണയുടെ ശേഷം, പണ്ഡിതർ ഉദ്ദേശം രണ്ടാഴ്ചയോളം സ്ഥലത്തില്ലായിരുന്നു. മടങ്ങി വന്നപ്പോൾ മജിസ്ത്രേട്ട ആ വസ്തുത അറിഞ്ഞു വീണ്ടും പണ്ഡിതരെ കാണ്മാൻ പോകയും, അവർ തമ്മിൽ കണ്ട സമയം അന്യോന്യം കുശല വാർത്തകൾ ചൊല്ലി കുഡുംബക്ഷേമാദികളെ കുറിച്ചു അല്പനേരം സംസാരിച്ചശേഷം, സദ്വിഷയങ്ങളിൽ അതി തല്പരനായ മജിസ്ത്രേട്ട താഴെ പറയുംപ്രകാരം വീണ്ടും സംഭാഷണം ആരംഭിക്കയും ചെയ്തു:—

മ. ബൈബിളിന്റെ മാഹാത്മ്യതയെ പററിയും മററും നമ്മുടെ കഴിഞ്ഞ സംഭാഷണത്തിൽ വെച്ചു പ്രസ്താവിച്ച കാര്യങ്ങൾ എനിക്കു വളരെ സന്തോഷവും സമ്മതവുമായി തോന്നിയതിനാൽ അതിനെ കുറിച്ചു ഞാൻ എന്റെ കാരണവരോടും സ്നേഹിതന്മാരിൽ ചിലരോടും പറകയുണ്ടായി. അവർ കുയുക്തിയായ ചില ന്യായങ്ങളെല്ലാം പുറപ്പെടുവിച്ചു; എങ്കിലും നിങ്ങളിൽനിന്നു ഞാൻ കേട്ടതായ ന്യായങ്ങൾക്കു എതിർ പറവാൻ അവരാൽ സാധിച്ചില്ല താനും.

പ. അതേ, വിശു. പത്രോസ് അതിനെ കുറിച്ചു ഒരു നല്ല ഗുണദോഷം തന്നിരിക്കുന്നു. അതായതു "നിങ്ങളിലുള്ള പ്രത്യാശയെ കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ" എന്നാകുന്നു. (൧ പത്രൊ. ൩. ൧൫).

മ. അതു ഒരു വിശേഷമായ ഗുണദോഷം തന്നേ. എന്തെന്നാൽ ഇക്കാലത്തു ദൈവമില്ലെന്നു വാദിക്കുന്ന അനേകം നാസ്തികന്മാരെയും (Atheists), ദൈവം ഉണ്ടോ ഇല്ലയോ ആൎക്കറിയാം എന്നു ഭാവിക്കുന്ന സംശയാലുക്കളായ അഗ്നോസ്തികന്മാരെയും (Agnostics); അദ്വൈതികളായ തിയോസോഫിസ്റ്റന്മാരെയും (Theosophists) ധാരാളം കാണ്മാനുണ്ടല്ലോ. സൂക്ഷ്മം നോക്കിയാൽ അവരൊക്കെയും ദൈവത്തിന്റെ അസ്തിത്വം (Existence) നിഷേധിക്കുന്നവരാകുന്നു. അതുകൊണ്ടു താങ്കളിൽനിന്നു ഇപ്പോൾ കേൾപ്പാൻ ആഗ്രഹിക്കുന്ന മുഖ്യ സംഗതി, സകലത്തിന്നും ആദികാരണമായിരിക്കുന്ന ഒരു ദൈവ മൂൎത്തി ഉണ്ടെന്നും തന്റെ

അസ്തിത്വത്തെ ആൎക്കും നിഷേധിച്ചുകൂടായെന്നും ഉള്ള സംഗതിയെ സംബന്ധിച്ചു വിദ്വാന്മാരിൽ ചിലരുടെ അഭിപ്രായങ്ങളെ കുറിച്ചാകുന്നു.

പ. നല്ല കാൎയ്യം; ആ സംഗതിയെ കുറിച്ചു തന്നേ ഒന്നാമതായി അല്പം പറയാമല്ലോ. ആലോചനയും പരമാൎത്ഥവും സുബുദ്ധിയുമുള്ള ഏവരും സകലത്തിന്നും ഒരു ആദ്യകാരണം ഉണ്ടെന്നു സമ്മതിക്കാതെ ഇരിപ്പാൻ പാടില്ല. എന്തെന്നാൽ കാരണം കൂടാതെ ഒരു കാൎയ്യവും ഇല്ലല്ലോ. തീ ഇല്ലാതെ പുകയുണ്ടോ? മിന്നൽ ഇല്ലാതെ ഇടിയുമുണ്ടോ?

മ. ശരി തന്നേ, കാരണമില്ലാതെ കാൎയ്യസിദ്ധിയില്ല; അതു ഞാൻ ബോധിക്കുന്നു.

പ. കൊള്ളാം; ഡോക്ടർ ഹില്ല്യർ (**Dr. Hillier**) പറയും പ്രകാരം നാസ്തികന്മാരും അജ്ഞോനസ്തികന്മാരും 'ദൈവം ഉണ്ടോ ഞാൻ അറിയുന്നില്ല' എന്നു പ്രസ്താവിക്കുന്നതിൽ, അവർ ദൈവത്തെ കുറിച്ചു ഏറെക്കുറെ അറിയാഞ്ഞിട്ടല്ല അറിഞ്ഞുകൊണ്ടു തന്നേ മനസ്സോടെ നിഷേധിക്കുന്നവരാകുന്നു. ദൈവം ഉണ്ടോ ഞാൻ അറിയുന്നില്ല എന്നുള്ള അവരുടെ പ്രസ്താവനയുടെ താല്പൎയ്യം, ദൈവം ഉണ്ടോ എന്നു നീയും അറിയുന്നില്ല എന്നല്ലയോ?

മ. അതു അങ്ങനെ തന്നേയാണ്.

പ. സകലത്തിന്നും ഒരു ആദ്യകാരണം ഉണ്ടെന്നുള്ള വിശ്വാസം ബുദ്ധിക്കും അത്യാവശ്യമായ കാൎയ്യമത്രെ എന്നു പറയപ്പെട്ടിരിക്കുന്നു. ആലോചനയുള്ള എല്ലാ വിസ്താര മാനസ്സന്മാൎക്കും അതു സമ്മതമത്രെ.

മ. അങ്ങനെയുള്ള ചിലരുടെ പേരുകൾ പറയാമോ?

പ. സന്തോഷത്തോടെ ആകാം: ഇന്നും ജീവനോടിരിക്കുന്ന മിസ്റ്റർ ഹേർബെട്ട് സ്പെൻസർ (**Herbert Spenser**) എന്ന വിദ്വാൻ പറയുന്നതു: 'സകലത്തിന്റെയും മുഖ്യമായ ആദ്യകാരണം അനാദികാലം മുതൽ ഉള്ളതത്രെ' എന്നാകുന്നു. വിദ്വാനായ മാത്യൂ ആൎനോൾഡ് (**Matthew Arnold**) പറയുന്നതു: 'അഖിലാണ്ഡത്തിൽ ഒരു നിത്യശക്തിയുണ്ടു. നീതിയിലേക്കു നമ്മെ നടത്തുന്നതായ ആ ശക്തി നമ്മിൽനിന്നല്ല. ആ നിത്യ ശക്തി എന്താകുന്നു? ക്രിസ്ത്വാനുഗാമികൾ അറിഞ്ഞു ആരാധിച്ചുവരുന്ന സൎവ്വശക്തനായ ദൈവം അല്ലാതെ മറ്റാരുമല്ല'. വിദ്യയിൽ നൈപുണ്യനായ ററിണ്ടൽ പണ്ഡിതർ (**Professor Tyndall**) പറയുന്നതോ, 'നാം

മറെറാരുത്തനാൽ മനയപ്പെട്ടവരാകുന്നു, നമ്മാൽ തന്നേ അല്ല താനും. സകലത്തിൻെറയും സ്രഷ്ടാവു എന്നൊരാളെ കുറിച്ചല്ലയോ അതു കാട്ടുന്നതു?' കുറെ മുമ്പെ കഴിഞ്ഞുപോയ ജോൺ സ്റ്റുവാട്ട് മിൽ (**John Stuart Mill**) എന്ന മഹാനെ ഒരു നിരീശ്വരനെന്നു തെററായിട്ടു അവിശ്വാസികളും നാസ്തികന്മാരും വിചാരിക്കുന്നു. എന്നാൽ താൻ എഴുതീട്ടുള്ള ഗ്രന്ഥങ്ങളിൽ നിന്നു അദ്ദേഹത്തെ ഒരു നാസ്തികനെന്നു അവക്കു സാക്ഷിപ്പാൻ കഴിയുമോ എന്നു താൻ അവരെ വെല്ലുവിളിക്കുന്നു. സകലത്തിൻെറയും ആദ്യകാരണമായിട്ടു ദൈവം എന്ന ഒരാളിൽ വിശ്വാസമില്ലാഞ്ഞാൽ ലോകോത്ഭവത്തെ കുറിച്ചു സാക്ഷിപ്പാൻ കഴിയുന്നതല്ലല്ലോ.

മ. എൻെറ വിശ്വാസവും അങ്ങനെ തന്നേയാണ്.

പ. കീൎത്തിപ്പെട്ട വാഗ്മിയായ റോബേട്ട് ഹോൾ (**Robert Holl**) അവിശ്വാസത്തെ കുറിച്ചു പറയുന്നതു: "ദൈവത്തിൻെറ അസ്തിത്വത്തെ കുറിച്ചുള്ള നമ്മുടെ വിശ്വാസം ആഴമേറിയ ഒരു മമ്മം ആകുന്നു. സകലത്തിൻെറയും കാരണഭൂതനായിട്ടു ഒരു അകാരണൻ ഉണ്ടെന്നു നാം സമ്മതിക്കാഞ്ഞാൽ, യാതൊന്നിൻെറ ഉത്ഭവത്തെ കുറിച്ചോ അഖിലാണ്ഡ ഭരണകൎത്താവിനെ കുറിച്ചോ സാക്ഷിപ്പാൻ പ്രയാസമായി വരും" എന്നത്രെ.

മ. സത്യം തന്നേ; മിസ്റ്റർ ബ്രാഡ്ലോ (**Bradlaugh**) എന്നയാൾ കഴിഞ്ഞ നൂററാണ്ടിൽ ഉണ്ടായിട്ടുള്ള വലിയ നാസ്തികന്മാരിൽ ഒരുത്തനായിരുന്നുവല്ലോ. ദൈവത്തിൻെറ അസ്തിത്വത്തെ നിഷേധിക്കുന്ന അങ്ങനെയുള്ള നാസ്തികന്മാരോടു നിങ്ങൾക്കുള്ള സമാധാനം എന്തു?

പ. അങ്ങനെയുള്ളവരോടു ഞാൻ ചോദിക്കുന്നതു:—

അഖിലാണ്ഡവും അതിലുള്ള സകലവും എങ്ങനെയുണ്ടായി? ഒന്നുകിൽ അതു യദൃച്ഛയായിട്ടുണ്ടായി, അല്ലെങ്കിൽ നിബ്ബന്ധം മൂലമുണ്ടായി, അല്ലെങ്കിൽ വേറെ യാതൊരു ഉദ്ദേശത്തിന്മേലുണ്ടായി; ഇങ്ങനെ മൂന്നിൽ ഏതെങ്കിലും ഒരു കാരണത്തിന്മേൽ ആയിരിക്കേണം. അതു യദൃച്ഛാസംഭവം എന്നു പറയുന്നതു, ഒരു ഘടികാരമോ ഒരു ഭവനമോ ഒരു ആവിയന്ത്രമോ യദൃച്ഛയാലുണ്ടായി എന്നു പറയുമ്പോലെയാകുന്നു. കോടാകോടി യദൃച്ഛാസംഭവങ്ങളൊക്കെയും ഒന്നിലും പിഴെക്കാതെ എല്ലാററിലും അതാതിൻെറ സാദ്ധ്യത്തെ കൃത്യമായി നിവൎത്തിക്കുന്നതു എങ്ങനെ? ഒരു ഭാഷയുടെ അക്ഷരങ്ങ

ളെ എല്ലാം ഒരു സഞ്ചിയിൽ ഇട്ടു കുലുക്കി പുറത്തെക്കു ചൊരിഞ്ഞാൽ, അവ അൎത്ഥപുഷ്ടിയോടു കൂടെ ഒരു പദ്യമോ ഗദ്യമോ ആയി ഭവിക്കുമോ?

മ. ആയിരമായിരം സംവത്സരം പ്രയത്നിച്ചാലും അതു സാധിക്കയില്ലല്ലോ.

പ. സാധിക്കുമെങ്കിൽ, ഭൂമിയിലുള്ള ഗ്രന്ഥങ്ങളെയെല്ലാം യദൃച്ഛയാൽ കൃതിയാക്കാമല്ലോ? ഒരു കഷണം കടലാസിലോ ഒരു തുണ്ടു തുണിയിലോ കുറെ ചായം കോരി തളിക്കുന്നതിനാൽ ഒരു ശോഭിതമായ മനുഷ്യാകൃതിയെ യദൃച്ഛയാൽ ഉളവാക്കാമോ? ഒരു മനുഷ്യ ഛായ പോലും യദൃച്ഛയാൽ ഉണ്ടാകുന്നില്ലെങ്കിൽ ജ്ഞാനാത്മാവോടു കൂടിയ മനുഷ്യൻ യദൃച്ഛയായി ഉത്ഭവിച്ചു എന്നു എങ്ങനെ പറയാം? അതുകൊണ്ടു അഖിലാണ്ഡം ഒരു യദൃച്ഛാസംഭവമല്ല; എന്തെന്നാൽ ഒരു ഘടികാരമോ ഭവനമോ ആവിയന്ത്രമോ പുസ്തകമോ ചിത്രമോ ഇവ ഒന്നും യദൃച്ഛയാൽ ഉണ്ടാകുന്നില്ലല്ലോ.

മ. ആ സംഗതി നല്ലവണ്ണം മനസ്സിലാകുന്നു.

പ. കൊള്ളാം; രണ്ടാമതായി, ഈ ലോകം യാതൊരു നിൎബ്ബന്ധത്തിന്മേൽ അത്യാവശ്യ വിഷയമായി ഉത്ഭവിച്ചതോ എന്നു നോക്കുമ്പോൾ, ആയതും അസാദ്ധ്യമത്രെ. ഈ വിശ്വം തന്നിൽ തന്നേ ഒരു കാരണഭൂതനായി നില്ക്കാതെ ഒരു കാൎയ്യസിദ്ധിയായി മാത്രമിരിക്കുന്നു. അതു തന്നിൽ തന്നേ ഒരു ശക്തിയായിരിക്കുന്നില്ല: ഒരു മഹാശക്തിയിൽനിന്നുളവായ ഫലം മാത്രമാകുന്നു. എന്നിട്ടും, വൎണ്ണമിടുന്ന ഒരാളെ കൂടാതെ പല വൎണ്ണങ്ങളോടു കൂടിയ പുഷ്പങ്ങളും, ഒരു സ്രഷ്ടാവിനെ കൂടാതെ ജ്ഞാനാത്മ സൃഷ്ടികളായ സ്ത്രീപുരുഷന്മാരും, ഒരു ശില്പിയെ കൂടാതെ മഹിമയേറിയ ഈ അഖിലാണ്ഡവും ഉണ്ടാകുന്നു എന്നു അനേകം അവിശ്വാസികൾ പ്രസ്താവിക്കുന്നതു ആശ്ചൎയ്യമല്ലയോ?

മ. അതേ, നാസ്തികന്മാരുടെ ഭോഷത്വം ഞാൻ തെളിവായി കാണുന്നു.

പ. കൊള്ളാം; ഡോക്ടർ ചാൽമേഷ്സ് (**Dr. Chalmers**) എന്ന സ്കോച്ചുകാരനായ ദിവ്യൻ പറയുന്നതു: "ദൈവം ഉണ്ടെന്നു ബോധിപ്പാൻ സൃഷ്ടിയിൽ വിളങ്ങി കാണുന്ന ദിവ്യ ലക്ഷണങ്ങളെ ശ്രദ്ധിക്ക മാത്രം ചെയ്താൽ മതി; എന്നാൽ ഒരു ഭോഷനെ പോലെ, ദൈവമില്ലെന്നു പറയുന്ന

വൻ, താൻ അങ്ങനെ പ്രസ്താവിക്കുന്നതിന്നു മുമ്പായിട്ടു, അഖിലാണ്ഡം മുഴുവനും ചുററി സഞ്ചരിച്ചു അതിൽ ദൈവികമായ യാതൊരു ലക്ഷണവും ഇല്ലെന്നു തീച്ചപ്പെടുത്തേണ്ടിയിരിക്കുന്നു" എന്നത്രെ.(1) ദൈവത്തെ കുറിച്ചു അറിയാത്തവൻ മൃഗങ്ങളേക്കാൾ ഹീനനും മൂഢനും എന്നല്ലോ പറയേണ്ടതു. ദൈവമില്ലെന്നു വാദിപ്പാൻ തുനിയുന്നവനോ, അവൻ താൻ തന്നേ ദൈവത്തോടു സമനായിരിക്കേണ്ടതും ആവശ്യമത്രെ; എന്തെന്നാൽ ദൈവത്തിന്റെ സൎവ്വവ്യാപിതവും സൎവ്വജ്ഞതയും ഉള്ളവന്നു മാത്രമേ അങ്ങനെ ഒരു വാദം പുറപ്പെടുവിപ്പാൻ അൎഹതയുള്ളു.

മ. അതേ, നാസ്തികന്മാരുടെ അറിവുകേടു മാത്രമല്ല, അഹങ്കാരവും കൂടെ അതിൽനിന്നു വെളിപ്പെടുന്നുവല്ലോ?

പ. അതിന്നു ആക്ഷേപമില്ല. ദൈവത്തെ കുറിച്ചു അറിവാൻ ഭംഗിയും വിസ്തീൎണ്ണവുമായ ഈ അഖിലാണ്ഡത്തെ നോക്കുന്നതിനാൽ മാത്രമല്ല, മുഖ്യമായ വേറൊരു സംഗതി കൂടെ ചിന്തിപ്പാനുണ്ടു.

മ. അതെന്താണ്? കേൾക്കട്ടെ.

പ. അതു എല്ലാ മനുഷ്യവൎഗ്ഗങ്ങളിലും ഉള്ള മനസ്സാക്ഷിയുടെ ശബ്ദം തന്നേ.

മ. മനസ്സാക്ഷി എന്നതു എന്തെന്നു വൎണ്ണിക്കാമോ?

പ. "അതു മനുഷ്യാത്മാവിങ്കൽ സംസാരിക്കുന്ന ദൈവശബ്ദം അത്രെ." അതിനെ "ദൈവ കാവല്ക്കാരൻ" എന്നു കൂടെ പറയാറുണ്ടു.

മ. തെററില്ലാത്ത ഒരു ഉപദേഷ്ടാവു എന്നു കൂടെ അതിനെ പററി പറഞ്ഞുകൂടായോ?

പ. സന്ദേഹമെന്നിയേ പറയാം; തെററിയ ഉള്ളത്തോടു മാത്രമേ അതിന്നു വാദമുള്ളു. "തെററിയ ഉള്ളം തപിച്ചു തുടിക്കും" എന്നു കേട്ടിട്ടില്ലയോ?

മ. ഉവ്വു, ആ പഴമൊഴി ഞാൻ കേട്ടിട്ടുണ്ടു.

പ. നാസ്തികന്മാരും അജ്ഞേയവാദികളും അന്യോന്യം ചേച്ചയുള്ള അവിശ്വാസികളത്രെ. അവരുടെ അഭിപ്രായ

(1) വാനശാസ്ത്രികൾ പറയുന്നതു, ചില നക്ഷത്രങ്ങളുടെ രശ്മികൾ അവ നില്ക്കുന്ന സ്ഥലത്തുനിന്നു ഭൂമിയിലേക്കു വന്നെത്തുവാൻ മനുഷ്യന്റെ ആയുഷ്കാലം മുഴുവനും യാത്ര ചെയ്യേണ്ടതുണ്ടെങ്കിൽ മാത്രമേ സാധിക്കയുള്ളു എന്നാകുന്നു. പ്രകാശത്തിന്റെ ശക്തി അതിവേഗമായിരുന്നിട്ടും അതു ഭൂമിയിലേക്കു വന്നെത്തുവാൻ ഒരു മനുഷ്യായുസ്സു മുഴുവനും വേണ്ടിവരുന്നുവെങ്കിൽ, ആ നക്ഷത്രങ്ങളുടെ ദൂരസ്ഥിതിയെ ഗണിപ്പാൻ ആരാൽ കഴിയും?

പ്രകാരം, ഒരു ഘടികാരം ഒരുത്തനാൽ ഉണ്ടാക്കപ്പെട്ടതോ യദൃച്ഛയാൽ ഉണ്ടായതോ, ഞങ്ങൾ അറിയുന്നില്ല എന്നാകുന്നു.

മ. ആശ്ചൎയ്യം! അങ്ങനെയുള്ളവരെ ഭോഷന്മാരെന്നോ ഭ്രാന്തന്മാരെന്നോ അല്ലാതെ എന്താണ് പറയേണ്ടതു? ദൈവം എന്നൊരാൾ ഉള്ളപക്ഷം, താൻ ആത്മാവാകയാൽ മനുഷ്യൎക്കു അവനെ അറിവാൻ കഴികയില്ലെന്നും, അതുകൊണ്ടു ഒരു ദൈവമുണ്ടോ ഇല്ലയോ എന്നുള്ള സംഗതിയിൽ മനുഷ്യൻ അറിവില്ലാത്തവനായി ഇരിക്കയല്ലാതെ നിവൃത്തിയൊന്നും ഇല്ലെന്നും അഗ്നോസ്റ്റികന്മാർ വാദിക്കുന്നില്ലയോ?

പ. ഉവ്വ്, അവർ വാദിക്കുന്നു; എങ്കിലും അവർ സാരമേറിയ രണ്ടു മുഖ്യ സംഗതികളെ ഉദാസീനമായി വിചാരിച്ചുകളയുന്നതിനാൽ വലിയ തെററിൽ അകപ്പെട്ടു കിടക്കുന്നു എന്നു വേണം പറവാൻ.

മ. ആ തെററുകൾ എന്തെല്ലാമെന്നു കേൾക്കാമോ?

പ. പറയാം; അതു ദൈവ വെളിപാടായ ബൈബിളിനെ സംബന്ധിച്ചത്രെ. അതിൽ ഒന്നാമതു, ദൈവം എങ്ങനെ ഉള്ളവൻ എന്നും നാം എങ്ങനെയുള്ളവരെന്നും ദൈവം കൃപയായി അരുളിച്ചെയ്തിട്ടുണ്ടു. രണ്ടാമതു, എബ്രായ ലേഖനത്തിൽ, ദൈവം ഈ അവസാന നാളുകളിൽ തന്റെ പുത്രൻ മുഖാന്തരം നമ്മോടു സംസാരിച്ചു എന്നും, ആയവൻ ദൈവതേജസ്സിൻ പ്രഭയും അവന്റെ തത്വത്തിന്റെ മുദ്രയും ആകുന്നുവെന്നും ദൈവം സ്പഷ്ടമായി വെളിപ്പെടുത്തുന്നു. എന്നാൽ അവിശ്വാസികൾ അതു വിശ്വസിക്കാതെയിരിക്കുന്നതു തന്നേ അവരുടെ തെററുകൾക്കു കാരണമായി തീരുന്നു (എബ്രാ. ൧. ൩).

മ. അവ ഏററവും സാരമേറിയ സംഗതികൾ തന്നേ.

പ. അതേ, ബിഷോപ്പ് മൊവുൾ (**Bishop Moule of Durham**) അതിനെ കുറിച്ചു പറയുന്നതു: "നിത്യനായ ദൈവം അറിയപ്പെടാത്തവനായി ഇരിക്കുന്നുവെങ്കിലും, ദൈവകൃപയുടെ സുവിശേഷം ആ അറിവുകേടിനെ നീക്കിക്കളയുന്നു. ദൈവത്തെ തന്റെ ദിവ്യമായ മഹത്വ ലക്ഷണങ്ങളോടെ ഒരുത്തനും ഒരുനാളും കണ്ടിട്ടില്ല, എങ്കിലും പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ തെളിയിച്ചുവല്ലോ" (യോഹ. ൧. ൧൮).

മ. അഗ്നോസ്റ്റികന്മാർ ഈ സത്യത്തെ ഗ്രഹിച്ചിരുന്നു എങ്കിൽ അവർ അവിശ്വാസികളായിരിപ്പാൻ സംഗതിയില്ലാ

യിരുന്നു. എന്നാലോ അവർ അതിനെ വിശ്വസിക്കുന്നില്ല ല്ലോ.

പ. ഇല്ല, ദൈവ സത്യങ്ങളെ അവർ വിശ്വസിക്കായ്ക തന്നേ അവരുടെ അവിശ്വാസത്തിന്നു കാരണം. അവർ വിശ്വാസത്തിൽ സ്ഥിരതയില്ലാത്തവരാകയാൽ അവരെ ഒരു തരം ഭീരുക്കളായ നാസ്തികന്മാരെന്നു പറയാം.

മ. അതേ, അവർ ഉറച്ച നാസ്തികന്മാരല്ലെങ്കിലും ഒരു വിധം നാസ്തികന്മാർ തന്നേ.

പ. വന്ദ്യനും ഗുണവാനുമായ മേല്പറഞ്ഞ ഉപദേഷ്ടാവു ഈ സാര സംഗതിയെ കുറിച്ചു പ്രസ്താവിക്കുന്ന വാക്കുകളിൽ ഓരോന്നും നിങ്ങൾ നല്ലവണ്ണം ശ്രദ്ധിച്ചെങ്കിൽ കൊള്ളാം.

മ. ആകട്ടെ; അവ എന്താണ്?

പ. അദ്ദേഹം പറയുന്നതു: "ക്രിസ്തു, താൻ ദൈവത്തിന്റെ പ്രതിച്ഛായയും മുദ്രയുമാകുന്നു എന്നു തന്റെ സ്വഭാവത്തെ കുറിച്ചു സ്പഷ്ടമായും പൂൎണ്ണമായും തീൎച്ചയായും പറക മാത്രമല്ല തന്റെ ജീവിതത്തിൽ അതിനെ വെളിപ്പെടുത്തുകയും കൂടെ ചെയ്തിരിക്കുന്നു. തന്റെ നിത്യസ്വഭാവത്തിന്റെ മഹിമകളെ ഒക്കെയും താൻ തന്നിൽ വെളിപ്പെടുത്തി. പുത്രനിൽ വെളിപ്പെട്ടിട്ടില്ലാത്ത യാതൊരു മഹിമയും പിതാവായ ദൈവത്തിൽ ഇല്ല. പിതാവിന്റെ പൂൎണ്ണ പരിശുദ്ധി, സൎവ്വശക്തി, സൎവ്വജ്ഞാനം സമസ്തവും പുത്രനിലും അധിവസിക്കുന്നു" എന്നത്രെ. അതേ, "ക്രിസ്തുവിൽ ദൈവത്വത്തിന്റെ നിറവു എല്ലാം ദേഹരൂപമായി വസിക്കുന്നു". (കൊലൊ. ൨. ൯).

മ. ഡോക്ടർ പറയുന്ന സംഗതി വളരെ തെളിവുള്ളതും ബോധ്യം വരത്തക്കതും തന്നേ. ദൈവമുണ്ടെന്നും ഇല്ലെന്നും രണ്ടും തീൎച്ചപ്പെടുത്തികൂടായെന്നുതങ്ങളുടെ അവിശ്വാസത്തെ മറെപ്പാൻ വിചാരിക്കുന്ന കൌശലക്കാരായ അഗ്നോസ്തികന്മാരെക്കാൾ, ദൈവമില്ലെന്നു പരസ്യമായി ആക്ഷേപിക്കുന്ന നാസ്തികന്മാരത്രെ അധികം പരമാൎത്ഥികളെന്നു എന്റെ പക്ഷം.

പ. അതിന്നു സംശയമില്ല. "ഞാനും പിതാവും ഒന്നാകുന്നു" എന്നും, "എന്നെ കണ്ടവൻ പിതാവിനെ കണ്ടു" എന്നും (യോഹ. ൧൦. ൩൦; ൧൪. ൯) നമ്മുടെ വാഴ്ത്തപ്പെട്ട കൎത്താവു പറഞ്ഞിരിക്കുന്നുവല്ലോ. അതിൽ അടങ്ങിയിരിക്കുന്ന ന്യായവും സത്യവും നിങ്ങൾ നല്ലവണ്ണം ബോധിച്ചിരിക്കുമെന്നു ആശിക്കുന്നു.

മ. അതു ഞാൻ പൂൎണ്ണമായി ഗ്രഹിക്കുന്നു.

പ. കൊള്ളാം, അതിങ്കൽ എനിക്കു വളരെ സന്തോഷമുണ്ടു. എന്തെന്നാൽ അഗ്നോസ്തികന്മാരുടെ ഉപദേശം മൂലം സാത്താൻ അസംഖ്യം ആത്മാക്കളെ നശിപ്പിക്കുന്നുവല്ലോ.

മ. അതേ, വളരെ ആത്മാക്കൾ നശിക്കുന്നുണ്ടെന്നു തിരുവിതാംകോട്ടുവെച്ചും മദ്രാസിൽവെച്ചുമുള്ള എൻ്റെ പരിചയത്തിൽനിന്നു ഞാൻ അറിയുന്നു. ക്രിസ്തുമൂലം ദൈവത്തെ അറിവാൻ മനുഷ്യനു കഴിയും. അതു പ്രത്യേകം ദൃഷ്ടി വെക്കേണ്ടിയ സംഗതി തന്നേയാണ്.

പ. ശരി തന്നേ; എല്ലാ അറിവുകളിലും വെച്ചു ദൈവത്തെ കുറിച്ചുള്ള അറിവു അത്യന്തം ശ്രേഷ്ഠമെന്നു നാം മറന്നുകളയരുതു.

മ. അതേ, ഞാൻ അതു സദാ ഓൎക്കയും ചെയ്യുന്നു.

പ. ദൈവം കടാക്ഷിക്കട്ടെ.

മ. മതം എന്നാൽ എന്താണ്? അതൊന്നു വൎണ്ണിച്ചു കേട്ടാൽ കൊള്ളായിരുന്നു. എന്തെന്നാൽ ഹിന്തുക്കളിൽ അനേകർ അതിനെ കുറിച്ചു വേണ്ടുംവണ്ണം അറിയുന്നില്ല.

പ. കൊള്ളാം, ക്രിസ്ത്യാനികളുടെ അഭിപ്രായപ്രകാരം അതിനെ കുറിച്ചു ഞാൻ അല്പം പറയാം.

മ. എൻ്റെ ആവശ്യവും അതു തന്നേയാണ്.

പ. മതം എന്നതു മനുഷ്യനു ദൈവത്തോടുള്ള ഒരു സംബന്ധമാകുന്നു; അതു ദൈവ കല്പനകളോടു മനുഷ്യൻ്റെ അനുസരണത്തെ തൻ്റെ വണക്കം, വന്ദനം, ഭയം, സ്നേഹം എന്നിവ മൂലം കാട്ടുന്നതാകുന്നു.[1]

മ. തത്വജ്ഞാനമാൎഗ്ഗമാകുന്ന ഞങ്ങളുടെ അദ്വൈത മതത്തിന്നു ഒരു പ്രത്യേക ദൈവമൂൎത്തി ഇല്ലായ്കയാൽ അതിനെ ഒരു മതം എന്നു പറയാമോ?

പ. ഒരിക്കലും പാടില്ല; അങ്ങനെയുള്ള തത്വജ്ഞാനമതക്കാരുടെ കഥയെല്ലാം ബഹു കഷ്ടത്തിലാണ്; എന്തെന്നാൽ അവരുടെ മതം വെള്ളമില്ലാത്ത കിണററിന്നും, ദീപമില്ലാത്ത വെളിച്ചമാളികെക്കും സമമാകുന്നു.

മ. ഞാനും അങ്ങനെ തന്നേ വിചാരിക്കുന്നു. ഹിന്തുക്കളിൽ പ്രത്യേകം ശൂദ്രവൎഗ്ഗങ്ങൾ ഇക്കാലത്തു മുഖ്യമായി വായി

(1) മതം ഉണ്ടെങ്കിൽ അതിനെ സംബന്ധിക്കുന്ന ഒരു ദൈവമൂൎത്തിയും ഇല്ലാതെ കഴികയില്ല. മതം ഒരു ചങ്ങല എന്നപോലെ മനുഷ്യനെ ദൈവത്തോടു ബന്ധിപ്പിക്കുന്നു. മതം ആകുന്നു അവനെ ദൈവ സംസൎഗ്ഗത്തിലേക്കു പ്രാപ്തിപ്പെടുത്തുന്നതു.

ച്ചു വരുന്നതു ഭഗവൽഗീതയാകയാൽ അതിനെ കുറിച്ചു നിങ്ങളുടെ അഭിപ്രായം കുറഞ്ഞൊന്നു കേട്ടാൽ കൊള്ളായിരുന്നു.(1)

പ. കീൎത്തിമാനായ ഡോക്ടർ മൎഡോക്ക് (**Dr. Murdock**) ആ സംഗതിയിൽ എന്നേക്കാൾ അധികം അറിവുള്ളവനാകയാൽ, അതിനെ കുറിച്ചു തനിക്കുള്ള അഭിപ്രായങ്ങളിൽ ചിലതു പറയാം. എന്നാൽ അതു ഏററവും സാരമേറിയ ഒരു സംഗതിയാകയാൽ അതിനെ കുറിച്ചു പറയുന്നതിൽ അനിഷ്ടം തോന്നത്തക്കതായി വല്ലതും ഉണ്ടെങ്കിൽ വിരുദ്ധപ്പെടരുതെന്നു ആഗ്രഹിക്കുന്നു.

മ. അതിന്നെ കുറിച്ചു ശങ്കിക്കേണ്ടാ; നിങ്ങൾ എന്റെ ഒരു സത്യ സ്നേഹിതനെന്നു ഞാൻ അറിയുന്നു. "ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ടാ" എന്നൊരു ചൊല്ലുണ്ടല്ലോ.

പ. അതേ; ഡോക്ടർ മൎഡോക്ക് പറയുന്നതു: ഗീതയിൽ ശ്രേഷ്ഠമായ ചില വിചാരങ്ങൾ അടങ്ങിയിരിക്കുന്നു; എങ്കിലും അതു ദൈവനിശ്വാസത്താൽ ഉണ്ടായതല്ല എന്നതിന്നുള്ള ന്യായങ്ങളിൽ ചിലതു ഇവയാകുന്നു:—

൧. ഗീത ബഹുദേവത്വം സ്വീകരിക്കുന്നു. ത്രിമൂൎത്തികൾ തുടങ്ങി മുപ്പത്തുമുക്കോടി ദേവകൾ അതിന്നുണ്ടു. എന്നാൽ ഇക്കാലത്തു ആലോചനബുദ്ധിയുള്ളവരിൽ അതിനെ സ്വീകരിക്കുന്നവർ ദുൎല്ലഭമത്രെ.

൨. ഗീതയിൽ അദ്വൈതം അല്ലെങ്കിൽ സൎവ്വദേവത്വം ഉപദേശിച്ചിരിക്കുന്നു. സ്ഥിതിചെയ്യുന്ന സമസ്തവും ശ്രീകൃഷ്ണനാകുന്നു എന്നു താൻ പറയുന്നു. അഖിലാണ്ഡം മുഴുവനും ശ്രീകൃഷ്ണനിൽനിന്നു തന്നാൽ തന്നേ ഉത്ഭവമായി.

൩. ഗീതയിൽ ദൈവത്തെ കുറിച്ചു ഹീനമായ വിചാരമുണ്ടു. സത്വരജസ്തമൊ ഗുണങ്ങളൊക്കെയും ദൈവത്തിൽനിന്നു തന്നേ പുറപ്പെടുന്നതായി പ്രസ്താവിച്ചിരിക്കുന്നു.

൪. സത്യാസത്യങ്ങൾ തമ്മിലുള്ള നിത്യമായ വേൎതിരിവിനെ അതു നിഷേധിക്കുന്നു. ഫലകാംക്ഷയില്ലാത്ത പ്രവൃത്തികൾ മാത്രം വിശുദ്ധമായി എണ്ണപ്പെടുന്നു. അൎജ്ജുനൻ തന്റെ ബന്ധുക്കളെ എല്ലാം വധം ചെയ്യാലും, പ്രതിഫല കാംക്ഷ മാത്രം ഇല്ലാതെയിരുന്നാൽ, ആ ഹിംസ മൂലം ദോഷം ഒന്നുമില്ല. ഞാൻ തന്നേ പരബ്രഹ്മം എന്നറിയുന്നവന്നു സുകൃതദുഷ്കൃതങ്ങൾ തമ്മിൽ ഭേദം ഒന്നുമില്ല.

(1) ഭഗവൽഗീത എന്ന ഗ്രന്ഥം ദൈവസ്തുതികൾ അടങ്ങിയ ഒരു ഗീതമാകുന്നു.

൫. ഗീതയിൽ ജാതിഭേദം ദൈവസങ്കല്പമായി നില്ക്കു ന്നു. ഗീതയുടെ ദിവ്യോത്ഭവം ഇല്ലായ്മചെയ്വാൻ ഈ ഒരു സംഗതി മാത്രം മതി. ചാതുൎവ്വൎണ്യം കൃഷ്ണനാൽ തന്നേ നിൎമ്മിക്കപ്പെട്ടതായി താൻ പറയുന്നു. ഡോക്തർ ബെനൎജ്ജിയുടെ (**Dr. K. M. Banergea**) അഭിപ്രായം "എല്ലാ കളവുകളിലും വെച്ചു മഹാ അപകടമേറിയതു, അസത്യത്തെ ദൈവനാമത്തോടു ചേൎത്തു പറയുന്നതാകുന്നു" എന്നത്രെ. ഗീതയുടെ സ്വഭാവം അതല്ലയോ?

൬. രക്ഷാസംബന്ധമായ അതിന്റെ കളവായ ഉപദേശം. ഇതിനെ നിങ്ങളും മറ്റെല്ലാ ഹിന്തുക്കളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രക്ഷയെന്നതു, ഗീതയിൻപ്രകാരം, അസംഖ്യമായ ജനനമരണങ്ങളിൽ നിന്നു ആകപ്പാടെയുള്ള വിടുതലാകുന്നു. ജ്ഞാനം എന്നതു പാപത്തെ ദഹിപ്പിച്ചു കളയുന്നു എന്നുള്ള പ്രസ്താവന വാസ്തവമല്ല. മരണകാലത്തു ഒരുത്തൻ ശ്രീകൃഷ്ണനെ ഓൎക്ക മാത്രം ചെയ്താൽ അവന്നു മുക്തിയായി എന്നു പലരുടെയും അഭിപ്രായം. ഒരു മഹാ ദുഷ്ടൻ തന്റെ മരണസമയം മകനോടു "നാരായണാ, കുടിപ്പാൻ കുറെ വെള്ളം തരിക" എന്നു ചോദിച്ചതിനെ ശ്രീകൃഷ്ണൻ കേട്ടു പ്രസാദിച്ചു, "നാരായണാ" എന്നുള്ള തന്റെ നാമത്തെ അവൻ ആ സമയം ഉച്ചരിച്ചതിന്നായി അവന്നു മോക്ഷം കൊടുത്തു എന്നൊരു കഥ കൂടെ നടപ്പുണ്ടല്ലോ.

൭. അതിന്റെ യുക്തിവിരുദ്ധമായ പ്രതിവാദം. ഡോക്തർ കോൾഡ്വെൽ (**Dr. Caldwell**) പറയുന്നതു; കൃഷ്ണന്റെ യുക്തിപ്രകാരം ആത്മാവിനെ ആൎക്കും ഹനിപ്പാൻ കഴിയാത്തതിനാൽ, ഹിംസ എന്നതു അസാദ്ധ്യമായൊരു കാൎയ്യം എന്നത്രെ.

൮. യോഗത്തെ കുറിച്ചു അതിലുള്ള ഉപദേശം മുഴവനും മായാമയം എന്നേ പറയേണ്ടു. കൃഷ്ണൻ യോഗസംബന്ധമായ നിത്യോപദേശത്തെ വിവസ്വാൻ എന്ന സൂൎയ്യ ഭഗവാനെ ഉപദേശിച്ചു എന്നു പറയുന്നതു സത്യമല്ല.(1) ആ

---

(1) പുരാതന കാലങ്ങളിൽ സൂൎയ്യനെ ഒരു ദേവനായി എണ്ണിവന്നു. എന്നാലോ അതു ഏററവും രൂക്ഷതയേറിയ ഒരു അഗ്നിഗോളം മാത്രം എന്നു നാം ഇപ്പോൾ അതിനെ കുറിച്ചു അറിയുന്നു. അതുകൊണ്ടു കൃഷ്ണൻ സൂൎയ്യ ഭഗവാനെ യോഗ്യാഭ്യാസം ഉപദേശിച്ചു എന്നു പറഞ്ഞിരിക്കുന്നതു ഒരു വെറും കെട്ടുകഥയല്ലാതെ പിന്നെയെന്താണ്?

ഉപദേശം തന്നേ ആകപ്പാടെ കളവാണ്. ദൈവാത്മാവും മനുഷ്യാത്മാവും വാസ്തവത്തിൽ ഒന്നല്ല; അതുകൊണ്ടു ഹിന്തുക്കൾ വിചാരിക്കുംവണ്ണമുള്ള സായൂജ്യം അവ രണ്ടിന്നും തമ്മിൽ ഉണ്ടാകുവാനും പാടില്ല. സാലോക്യം, സാമീപ്യം, സാരൂപ്യം ഇവ മൂന്നും നമുക്കു വിശ്വസിക്കാം, എന്നാൽ ഹിന്തുക്കളുടെ വിശ്വാസപ്രകാരമുള്ള സായൂജ്യമോ വിശ്വസിപ്പാൻ പാടുള്ളതല്ല.

മ. ഇപ്പോൾ പറഞ്ഞുകേട്ട കാൎയ്യങ്ങളിന്മേൽ അത്ര ആശ്ചൎയ്യം തോന്നുന്നില്ല.

പ. അതേ, സത്യത്തെ കുറിച്ചു ബോധമുള്ളവൎക്കു സത്യത്തെ പ്രസ്താവിക്കുന്നതിൽ ആശ്ചൎയ്യപ്പെടുവാനില്ലല്ലോ. പരിശുദ്ധനായ സൃഷ്ടികൎത്താവും പാപികളായ സൃഷ്ടികളും തമ്മിൽ നിത്യം വ്യത്യാസപ്പെട്ടവർ തന്നേയെന്നു നാം ഒരിക്കലും മറന്നുകളയരുതു. എന്നാൽ നമ്മുടെ കാരുണ്യമേറിയ സ്വൎഗ്ഗസ്ഥപിതാവു, തന്റെ മഹിമാസനത്തിൻ മുമ്പാകെ നാം എന്നും എന്നേക്കും നമ്മിൽ തന്നേ അറിഞ്ഞു അനുഭവിക്കത്തക്കതായ നിത്യഭാഗ്യത്തെ നമുക്കു വാഗ്ദാനം ചെയ്തിരിക്കുന്നു.

മ. ഹാ, അതൊരു പ്രമോദകരമായ വിചാരം തന്നേ; അതിനെ കുറിച്ചു ഞാൻ ചിലപ്പോൾ ചിന്തിക്കാറുണ്ടു.

പ. വളരെ സന്തോഷം!

മ. ഭഗവൽഗീതയിൽ ഇത്ര വളരെ ന്യൂനതകൾ ഉണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല. ഇനിയും അതിനെ കുറിച്ചു വല്ലതും പറവാനുണ്ടോ?

പ. ഡോക്ടർ കോൾഡ്വെലിന്റെ അഭിപ്രായം സ്പഷ്ടമായി ഞാൻ പറഞ്ഞുവല്ലോ. മേൽ പറഞ്ഞവ കൂടാതെ, താൻ പിന്നെയും പ്രസ്താവിക്കുന്നതു: "പാപം ന്യായപ്രമാണലംഘനമെന്നും,(1) മനുഷ്യ സൃഷ്ടിയുടെ സാദ്ധ്യത്തെ നിവൃത്തിപ്പാൻ അതു അവനെ സമ്മതിക്കാതെ അവന്റെ മനസ്സാക്ഷിയെ അതു അശുദ്ധമാക്കികളഞ്ഞു എന്നും ഗീത വെളിപ്പെടുത്തുന്നില്ല. ദൈവ നീതിക്കു തൃപ്തിവരുത്തി പാപമോചന ദാനം നല്കുന്ന മാൎഗ്ഗം അതു കാട്ടുന്നില്ല. പാപമോചന വഴിയെ കുറിച്ചു അതു യാതൊന്നും ഉപദേശിക്കുന്നില്ല,

(1) പാപം ന്യായപ്രമാണ ലംഘനമത്രെ. ന്യായപ്രമാണം പത്തു കല്പനകളിൽ അടങ്ങിയിരിക്കുന്നു (൧ യോഹ. ൩.൪. പുറ. ൨൦. ൧, ൧൭).

അറിയുന്നതുമില്ല. പാപം മൂലമുള്ള ആത്മമുറിവിനെ സൌഖ്യമാക്കുന്ന ശുദ്ധീകരണ സത്യങ്ങളെ ഒന്നും അതു വെളിപ്പെടുത്തുന്നില്ല. ഇഹലോകത്തിൽവെച്ചു ആരംഭിച്ചു പരലോകത്തിൽവെച്ചു പൂൎത്തീകരിക്കുന്ന നീതിക്കായുള്ള പുതു ജനനത്തെ കുറിച്ചു അതു ഒട്ടും തന്നേ അറിയുന്നില്ല. പാപത്തിൽനിന്നുള്ള രക്ഷയെ കുറിച്ചു അതു ഉപദേശിക്കാതെ, അസംഖ്യം ജനന മരണങ്ങളിൽനിന്നുള്ള വിടുതൽ പ്രാപിക്കുന്നതു തന്നേ ആത്മാവിന്റെ നിത്യ രക്ഷയാകുന്നു എന്നു അതു ഉദ്ദേശിക്കുന്നു. പാപപരിഹാരം മൂലമുള്ള ആത്മരക്ഷയുടെ കാൎയ്യത്തിൽ ഗീത ആകപ്പാടെ ന്യൂനതയുള്ളതായിരിക്കുന്നു".

മ. ശരി തന്നേ; ഗീതയിൽ അനേകം സദുപദേശങ്ങളും ഉണ്ടെന്നിരുന്നാലും മനുഷ്യനെ രക്ഷെക്കു ജ്ഞാനിയാക്കിതീൎത്തു പാപത്തിൽനിന്നു അവനു മോചനം നല്കുന്ന മാൎഗ്ഗം ഇല്ലായ്കയാൽ, അതു പാപിയുടെ ആവശ്യങ്ങൾക്കു ചേരുന്നതല്ലെന്നു ഞാനും തെളിവായി കാണുന്നു.

പ. അതേ, താല്പൎയ്യം അതു തന്നേ. അതു കൂടാതെ ഗീതയിൽ പ്രാൎത്ഥനയെ കുറിച്ചുള്ള പ്രമാണം അത്ര മുഖ്യമായിരിക്കുന്നില്ല എന്നുകൂടെ ഓൎത്താൽ കൊള്ളാം. അതിൽ പ്രാൎത്ഥനയെ കുറിച്ചുള്ള അലക്ഷ്യ ഭാവം ബ്രാഹ്മണരുടെ പ്രാതഃസ്നാനമന്ത്രത്തോടു യോജിക്കുന്നില്ലല്ലോ.

"പാപോഹം പാപകൎമ്മാഹം
പാപാത്മ പാപസംഭവഃ
ത്രാഹിമാം പുണ്ഡരീകാക്ഷ
സൎവ്വയജ്ഞേശ്വരോഹരീഃ
മൽ സമഃ പാതകി നാസ്തി
ത്വൽ സമോ നാസ്തി പാപഹഃ
ഇതി കൃത്വാമതിം ദേവ
യഥാ യോഗ്യം തഥാ കുരു."(1)

മ. ശരി തന്നേ; ഗീതയിൽ പ്രാൎത്ഥനയോടുള്ള അലക്ഷ്യഭാവവും, പ്രാതഃസ്നാന മന്ത്രത്തിൽ പ്രാൎത്ഥനയോടുള്ള അതിഭക്തിയും തമ്മിൽ വളരെ അന്തരമുണ്ടു.

പ. സംശയമില്ല. ഗീതയിൽ യോഗാഭ്യാസം മൂലം മ

(1) പ്രാതഃസ്നാനമന്ത്രത്തിന്റെ താല്പൎയ്യം "സുവിശേഷരാജ്യം" ഉപഗ്രന്ഥം ൧൰൭-ാം പുറം നോക്കുക.

നുഷ്യൻ തന്നെത്താൻ രക്ഷിക്കേണ്ടതായി കാണുന്നു. യമം (Self-restraint), നിയമം (Necessary religious duties), ആസനം (Posture), പ്രാണായാമം (Restraint of breath) മുതലായി യോഗാഭ്യാസത്തിന്റെ അഷ്ടാംഗയോഗം അനുസരിച്ചു വേണം രക്ഷയെ സമ്പാദിപ്പാൻ. ഇവമൂലം ഹൃദയ ശുദ്ധികരണവും വിശുദ്ധ ജീവിതവും ഒരിക്കലും സാദ്ധ്യമാകയില്ല നിശ്ചയം.(1)

മ. അതു ഒട്ടും തന്നേ സാധിക്കയില്ലെന്നു ഞാനും അറിയുന്നു. ഡോക്കർ കോൾഡ്വെൽ ഗീതയെ കുറിച്ചു വേറെ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

പ. ഉവ്വ്, അദ്ദേഹം സാരമേറിയ വേറെ ചില സംഗതികൾ കൂടെ പറഞ്ഞിട്ടുണ്ടു. ദൃഷ്ടാന്തമായിട്ടു, ഗീതയുടെ വാചകരീതി വളരെ അലങ്കാരമുള്ളതെങ്കിലും, അതിലേ തത്വജ്ഞാനം സുഖകരമല്ലാത്തതും, ഉപദേശം ദൂഷ്യകരവുമത്രെ. ചുരുക്കി പറഞ്ഞാൽ, അതു തേനിൽ കലൎന്ന വിഷം പോലെ എന്നാകുന്നു ആ വിദ്വാൻ പ്രസ്താവിക്കുന്നതു.

മ. അതു ഓൎക്കേണ്ട സംഗതി തന്നേയാണ്. എന്നു മാത്രമല്ല, ഇക്കാലത്തുള്ള വിദ്വാന്മാരായ ചില ഹിന്തുക്കളുടെ അഭിപ്രായവും അങ്ങനെ തന്നേയാകുന്നു.

പ. അതു അത്ര ആശ്ചൎയ്യമല്ലല്ലോ. എന്തെന്നാൽ ഡോക്കർ മറെ മിച്ചൽ (Dr. Murray Mitchell) കീൎത്തിപ്പെട്ട ക്യൂസോൺ (M. Cousin) എന്ന ഫ്രെഞ്ച് തത്വജ്ഞാനിയുടെ അഭിപ്രായങ്ങളെ എടുത്തു പറയുന്നതു ഇപ്രകാരമത്രെ: "പെരുമയും ക്രമവിരോധവുമായ അദ്വൈതത്തിന്നു മുമ്പാകെ മാനുഷിക സ്വഭാവം ഭ്രമിക്കാതെ ഇരിക്കുന്നതു എങ്ങനെ? മനുഷ്യൻ ഏതുമില്ല, ദൈവം തന്നേ സമസ്തവും എന്നുള്ള ഭയങ്കര ഉപദേശം മൂലം, മനുഷ്യന്റെ സ്വാതന്ത്ര്യം, പ്രവൃത്തി, ആഗ്രഹം, സന്മാൎഗ്ഗം ഇത്യാദികളൊക്കെയും അവനിൽനിന്നു വിരോധിക്കപ്പെടുന്നു. മനുഷ്യൻ തന്റെ പ്രവൃത്തികളെ സംബന്ധിച്ചു വിശേഷാൽ ആലോചിക്കേണ്ടതായ ആവശ്യമൊന്നുമില്ല; എന്തെന്നാൽ സകല പ്രവൃത്തികൾക്കും കാരണഭൂതൻ ദൈവമല്ലോ. ഇങ്ങനെയുള്ള വിചാരം മൂലം ഇണ്ട്യയിൽ പണ്ടുണ്ടായിട്ടുള്ള മഹാന്മാരുടെ ചരിത്രങ്ങളോ

(1) ഗീതയിലേ അദ്വൈതപ്രകാരം ആത്മരക്ഷ അസാദ്ധ്യമെന്നു വിദ്യാഭ്യാസമുള്ള ഹിന്തുക്കൾ സമ്മതിക്കയും അതിന്റെ ദിവ്യോത്ഭവത്തെ നിഷേധിക്കയും ചെയ്യുന്നു.

പൂൎവ്വകാല ഗണനങ്ങളോ ഏററവും ചുരുക്കമെന്നു തന്നേ പറയാം.”

മ. അതു വ്യസനിക്കത്തക്ക ഒരു മുഖ്യ സംഗതി തന്നേയാണ്.

പ. അതേ, മുൻ പറഞ്ഞപ്രകാരം ജ്ഞാനമാൎഗ്ഗത്തെ കുറിച്ചാകുന്നു ഗീത അധികം പ്രസ്താവിക്കുന്നതു. ഈ സംഗതിയെ കുറിച്ചു പ്രാപ്തനായ ഒരു ഗ്രന്ഥകൎത്താവു പറയുന്നതു: “ജ്ഞാന വിഷയമായും വിശ്വാസ വിഷയമായും ഉള്ള മതഭേദങ്ങളെ കുറിച്ചു ക്രിസ്തീയ സഭ പണ്ടേ തന്നേ അറിഞ്ഞിരുന്നു. ക്രിസ്തുസഭയുടെ ശൈശവകാലത്തിൽ അതു, ഗീതയുടെ ഉപദേശത്തോടു തുല്യമായി ആസ്യയിൽ ഉത്ഭവിച്ച അനേകം തത്വജ്ഞാന മാൎഗ്ഗങ്ങളോടു പോരാടേണ്ടിവന്നു. ആ തത്വജ്ഞാന കൎത്താക്കൾ തങ്ങളെ തന്നേ ജ്ഞാനികളെന്നു നടിച്ചുകൊണ്ടു വിശ്വാസ വിഷയമായ ക്രിസ്തുമതത്തെ ഹീനമായി എണ്ണി. അവർ പദ്യങ്ങളായിട്ടും ഗദ്യങ്ങളായിട്ടും അസംഖ്യം തത്വജ്ഞാന വാക്യങ്ങളെ ചമച്ചുണ്ടാക്കി. ഗീതയെ പോലെ, ആത്മരക്ഷാൎത്ഥം കഠിനമായ ധ്യാനങ്ങളും തപസ്സുകളും വേണമെന്നു ഉപദേശിച്ചു, അവരുടെ ജ്ഞാനമാൎഗ്ഗം വൎദ്ധിപ്പിച്ചു. അനേകർ അവൎക്കു ശിഷ്യപ്പെട്ടു; എങ്കിലും കാലക്രമേണ മങ്ങി മാറിപ്പോയി; വിശ്വാസ മതം മാത്രം ഇന്നും ജീവിക്കുന്നു. അതെന്തുകൊണ്ടു? അവരുടെ വിശ്വാസ വിഷയം ബുദ്ധിയെ മാത്രം സംബന്ധിച്ചതായിരുന്നതിനാൽ; ഹൃദയത്തെ അല്ല, അറിവിനെ മാത്രം സംബന്ധിച്ചതാകയാൽ തന്നേ (൧ ശമു. ൧൬. ൭) അതിന്നു ആത്മാവിന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ കഴിയായ്കയാൽ ആ തത്വജ്ഞാന നിരൂപണങ്ങൾ ക്രമേണ മാഞ്ഞുപോകയും ചെയ്തു. മതത്തിന്മേൽ തത്വജ്ഞാന വിഷയങ്ങളെ കെട്ടുപണി ചെയ്യാതെ, തത്വജ്ഞാനത്തിന്മേൽ മതവിഷയങ്ങളെ കെട്ടുപണി ചെയ്കതിനാൽ, അവർ നിൎമ്മിച്ചുണ്ടാക്കിയ തത്വജ്ഞാന മാൎഗ്ഗങ്ങളൊക്കെയും അവരോടു കൂടെ നശിച്ചുപോയി.”(1)

മ. അതു കേട്ടതു നന്നായി. എന്റെ സ്നേഹിതന്മാരോടു ഈ മുഖ്യ സംഗതിയെ കുറിച്ചു ഏതനം കിട്ടുമ്പോൾ പറയാമല്ലോ.

(1) അറിവു ചീൎപ്പിക്കുന്നു, സ്നേഹം ഗൃഹനിൎമ്മാണം വരുത്തുന്നു (൧ കൊരി. ൮. ൧).

പ. കൊള്ളാം, അതു നല്ല കാൎയ്യം.

മ. ഗീതയുടെ മുഖ്യ ആന്തരം എന്തായിരിക്കാമെന്നു തോന്നുന്നു?

പ. ഒരു മുഖ്യ ആന്തരം, ശ്രീകൃഷ്ണനെ കുറിച്ചുള്ള ധ്യാനം മനസ്സിങ്കൽ ജ്വലിപ്പിപ്പാനത്രെ. കൃഷ്ണൻ പറയുന്നതു: "എന്നെ സേവിക്കുന്നവൻ ദുഷ്ടനായിരുന്നാലും, അവന്റെ തെരിഞ്ഞെടുപ്പു നല്ലതാകയാൽ അവൻ ശിഷ്ടനായി എണ്ണപ്പെടുന്നു." ഗീതാവസാനത്തിൽ പിന്നെയും കാണുന്നതു: "ഹാസ്യഭാവം കൂടാതെ ഗീതയെ ഭക്തിവിശ്വാസത്തോടെ ശ്രദ്ധിക്കുന്നവൻ ആരായാലും താൻ ജനനമരണങ്ങളിൽനിന്നു മുക്തനായി തീരുമ്പോൾ, സുകൃതികൾക്കുള്ള ഭാഗ്യലോകത്തെ പ്രാപിക്കുന്നു" എന്നത്രെ. എന്നാൽ വെറും കഥാപുരുഷന്മാരിലോ അഥവാ പാപിയായ ഒരു മനുഷ്യനിലോ വിശ്വാസം വെക്കുന്നതിനാൽ പ്രയോജനമെന്തുള്ളു?(1) ശ്രീകൃഷ്ണൻ പിന്നെയും പറയുന്നതു: "നീ പാപികളിൽ വെച്ചു മഹാ പാപിയായിരുന്നാലും ജ്ഞാനം എന്ന തോണിമൂലം എല്ലാ അതിക്രമങ്ങളുടെയും നിനക്കു കടന്നു പോകാം" എന്നത്രെ. താൻ പിന്നെയും പറയുന്നതു: "ഹേ, അൎജ്ജുനാ, അഗ്നി കാടിനെ ദഹിപ്പിക്കുന്നതുപോലെ, ജ്ഞാനാഗ്നിമൂലം എല്ലാ ദുഷ്കൃത്യങ്ങളും ദഹിച്ചു ചാരമായി ഭവിക്കുന്നു." എന്നാൽ ഡോക്ടർ മഡ്ഡോക്ക് ചോദിക്കുന്നതു: പാപത്തെ ദഹിപ്പിച്ചുകളയുന്ന ആ ജ്ഞാനം എന്താകുന്നു? "അഹം ബ്രഹ്മം" (ഞാൻ തന്നേ ദൈവം) എന്നതോ? അതു വെറും ഭോഷ്കല്ലയോ? സൃഷ്ടിയെല്ലാം സ്രഷ്ടാവാണെന്നു വരുമോ? തട്ടാനും അവനുണ്ടാക്കിയ മോതിരവും ഒന്നാകുമോ? എങ്കിലും പാപത്തിൽനിന്നു മനുഷ്യനെ മുക്തനാക്കി തീക്കുന്ന ഒരു ജ്ഞാനം ഇല്ലെന്നില്ല. അതിനെ കുറിച്ചു വിശു. യോഹ. ൧൭. ൩-ൽ നോക്കുക.

മ. തട്ടാനും താനുണ്ടാക്കിയ ആഭരണവും ഒന്നു തന്നേ എന്നു ആലോചനബുദ്ധിയുള്ള ആരും പറഞ്ഞുകൂടായല്ലോ.

പ. ഒരിക്കലും വഹിയാ. ദൈവം പാപത്തെ വെറുക്കുന്നു, മനുഷ്യൻ പാപത്തെ സ്നേഹിക്കുന്നു; ഇവ രണ്ടും തമ്മിൽ ചേരുന്നതെങ്ങനെ?

(1) ശ്രീകൃഷ്ണൻ ഒരു വെറും കഥാപുരുഷനല്ല സാക്ഷാൽ പുരുഷൻ തന്നേയാണെങ്കിൽ തനിക്കു ൧൬൦൦൦വു ഭാൎയ്യമാരുണ്ടായിരുന്നു എന്നുള്ള പുരാണഘോഷണവും വാസ്തവമല്ലോ.

മ. അതേ, ഞാൻ കാണുന്നു; മനുഷ്യൻ എങ്ങനെയുള്ളവനായിരുന്നാലും അവൻ പരിശുദ്ധനും സത്യവാനുമായ ദൈവത്തിൽനിന്നു വ്യത്യാസപ്പെട്ടവനത്രെ, സന്ദേഹമില്ല.

പ. അതിനാലല്ലോ ഒരുത്തൻ സന്മാൎഗ്ഗജീവിയായി തീരുവാൻ അവന്നു ഇഹലോകത്തിൽ വെച്ചു തന്നേ പുതുജനനം ആവശ്യമായിരിക്കുന്നതു (യോഹ. ൩. ൩—൭).

മ. ശരി തന്നേ. മേൽപറഞ്ഞ സംഗതികളെ കുറിച്ചു ഹിന്തുമത തത്വജ്ഞാനിയായിരുന്ന ശങ്കരാചാൎയ്യൻെറ അഭിപ്രായത്തെ കുറിച്ചു വല്ലതും പറവാനുണ്ടോ?

പ. അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം, ദൈവം അല്ലാതെ മറെറാന്നും ഇല്ല; നമുക്കു ചുററുമുള്ള വിഷയങ്ങളൊക്കെയും മായയാകുന്നു; സൃഷ്ടികളൊക്കെയും, എന്നു മാത്രമല്ല, ദൈവം തന്നേയും നമ്മെ വഞ്ചിക്കുന്നു എന്നത്രെ.

മ. ആ തത്വജ്ഞാനത്തിൻെറ ഫലം എന്തായി ഭവിക്കും?

പ. അതു മൂലം മനുഷ്യൻെറ സന്മാൎഗ്ഗ ജീവിതം ഇല്ലാതാകുന്നു; എന്തെന്നാൽ നമ്മുടെ പ്രവൃത്തികളെല്ലാം മായയല്ലോ.

മ. ഈശ്വരനും മായയെന്നു വന്നേക്കുമോ?

പ. അതേ, ആ തത്വജ്ഞാനപ്രകാരം ദൈവം യാതൊരു ഗുണമോ ശക്തിയോ ബന്ധമോ ഇല്ലാത്തവനായിരിക്കുന്നു. ലോകം തൻെറ ജ്ഞാനത്താൽ സത്യവും ജീവനുമുള്ള ദൈവത്തെ അറിഞ്ഞില്ല എന്നല്ലയോ അതിൽനിന്നു സ്പഷ്ടമാകുന്നതു? (൧ കോരി. ൧. ൨൧.)

മ. അതേ, മനുഷ്യരെ രക്ഷെക്കു ജ്ഞാനികളാക്കിത്തീൎക്കുന്ന ബൈബിൾ എന്ന ദിവ്യ വെളിപാടിന്നായി നാം ദൈവത്തെ എന്തു മാത്രം സ്തുതിക്കേണ്ടതാകുന്നു!

പ. സംശയമില്ലല്ലോ; എനിക്കിപ്പോൾ നിങ്ങളോടു സാരമേറിയ ഒരു സംഗതി ചോദിപ്പാനുണ്ടു.

മ. കൊള്ളാം, അതെന്താണ്? കേൾക്കട്ടെ.

പ. നിങ്ങൾ, വിഷ്ണുചരിതമായ വൈഷ്ണവം, ഭാഗവതം എന്നീ പുരാണങ്ങളെ പോലെ തന്നേ, ക്രിസ്തുചരിതമായ നാലു സുവിശേഷങ്ങളും നല്ലവണ്ണം വായിച്ചറിഞ്ഞിട്ടുണ്ടല്ലോ. ശ്രീകൃഷ്ണൻെറ ജീവിതത്തെ പോലെ തന്നേ ക്രിസ്തുവിൻെറ ജീവിതത്തെയും വേണ്ടുംവണ്ണം അറിഞ്ഞിരിക്കുന്നു.

മ. ഉവ്വ്, രണ്ടാളുകളുടെ ജീവചരിത്രവും അറിവുണ്ടു.

പ. കൊള്ളാം; നിങ്ങളുടെ ചെറിയ മകൻ ലക്ഷ്മണൻ

ഇവരിൽ ആരുടെ ജീവിതം അനുഗമിക്കേണം എന്നാകുന്നു നിങ്ങളുടെ ആഗ്രഹം?

മ. അതു ക്രിസ്തുവിന്റെ ജീവിതം തന്നേ, ആക്ഷേപമില്ല; എന്തെന്നാൽ ഇവിടം കഴിഞ്ഞശേഷം നിത്യസുഖം അനുഭവിക്കേണമെങ്കിൽ ക്രിസ്തുവിനെ പോലെ ജീവിച്ചേ കഴിയു. ജന്മാന്തരോപദേശം ഞാൻ അശേഷംപോലും വിശ്വസിക്കുന്നില്ല. മരണാനന്തരം നിത്യ ന്യായവിധിയല്ലൊ വരുവാനിരിക്കുന്നതു. അതുകൊണ്ടു ഇവിടത്തിൽ വെച്ചു ഈശ്വര കൃപ മൂലം സുബുദ്ധിയും ദൈവഭക്തിയുമുള്ള ജീവനം ചെയ്യേണ്ടതു എവൎക്കും കൎത്തവ്യ കൎമ്മമത്രെ.

പ. അതിനെ ഞാൻ പൂൎണ്ണമനസ്സോടെ സമ്മതിക്കുന്നു. ക്രിസ്തുവിന്റെയും മുഹമ്മദു നബിയുടെയും ജീവചരിത്രം നന്നായി അറിഞ്ഞിട്ടുള്ള ഭക്തിയുള്ള മുസല്മാനരിലും തങ്ങളുടെ മക്കൾ ആരെ പോലെ ജീവിപ്പാൻ അവർ ആഗ്രഹിക്കുമെന്നു നിങ്ങൾക്കു തോന്നുന്നു?

മ. മുഹമ്മദിന്റെ സ്വഭാവപ്രകാരം ജീവിപ്പാൻ ഇഷ്ടപ്പെടുന്ന ഭക്തിയുള്ള മുസല്മാനർ എറെ കാണുമെന്നു എനിക്കു തോന്നീട്ടില്ല. അഭക്തന്മാരെ കുറിച്ചു ആലോചിച്ചിട്ടു ആവശ്യവും ഇല്ലല്ലോ.

പ. അതേ, ആലോചനബുദ്ധിയും ഭക്തിയുമുള്ള മുസല്മാനരിൽ അനേകർ ഇക്കാലത്തു, തങ്ങളുടെ നബിയുടേതിനേക്കാൾ ക്രിസ്തുവിന്റെ സ്വഭാവത്തെ കുറിച്ചത്രെ അധികം ആശ്ചൎയ്യപ്പെടുന്നതു.

മ. അതിനെ കുറിച്ചു ഞാനും അറിയുന്നു. ക്രിസ്തു തന്റെ ഉപദേശപ്രകാരം സകലത്തിലും ജീവിച്ചതിലാകുന്നു ഹിന്തുക്കൾക്കു വളരെ ആശ്ചൎയ്യം തോന്നിയിരിക്കുന്നതു.

പ. അതേ, ഉപദേശത്തേക്കാൾ ഉദാഹരണം ഉത്തമമാണല്ലോ.

മ. ശരി തന്നേ; ആത്മാവു മരണമില്ലാത്തതാകയാൽ അതിന്റെ നിത്യ ഭാഗ്യത്തെ കുറിച്ചു വെളിപ്പെടുത്തുന്ന മതവും ബഹു സാരമേറിയതായിരിക്കേണം എന്നു എപ്പോഴും ഞാൻ ആലോചിക്കാറുണ്ടു.

പ. ശരി തന്നേ; ഈ പാപലോകത്തിൽ വെച്ചു ആത്മാവിനെ തണുപ്പിപ്പാൻ സത്യമതത്തിന്നല്ലാതെ കഴികയില്ല. മരണ സമയത്തും ആത്മാവിന്നു ആശ്വാസം നല്കുവാൻ ദൈവികമായ സത്യമതത്തിന്നു മാത്രമേ ശക്തിയുള്ളൂ. മരണശേഷ

മോ, അതിന്റെ സന്തോഷങ്ങൾ എന്നേക്കും നിലനില്ക്കുന്നവയും ആണല്ലോ.

മ. അതൊക്കെയും ഞാൻ വിശ്വസിക്കുന്നു. ദൈവത്തിന്റെ നിത്യ സുവിശേഷം ആത്മരക്ഷെക്കു മുഖ്യമായി ആവശ്യപ്പെടുന്ന കാൎയ്യങ്ങൾ ഏവ?

പ. അവ മുഖ്യമായി ദൈവത്തോടുള്ള മാനസാന്തരവും കൎത്താവായ യേശുവിലുള്ള ജീവ വിശ്വാസവും തന്നേ. (1)

മ. അതു ഞാൻ പ്രത്യേകം ഗ്രഹിച്ചിരിക്കേണ്ട സംഗതികളല്ലോ.

പ. അതേ, സംശയമില്ല. ഞാൻ ഇപ്പോൾ വിശ്വാസം എന്ന മുഖ്യ വിഷയത്തെ പററി അല്പം പറയട്ടെ. അതു നിസ്സാരമായി എണ്ണപ്പെടുവാനുള്ളതല്ല. (2)

ദൈവം സകലത്തിന്റെയും സ്രഷ്ടാവും രക്ഷിതാവും ഭരണകൎത്താവും ആകുന്നു എന്നുള്ളതു പൊതുവിലുള്ള വിശ്വാസ വിഷയമത്രെ. എന്നാൽ തത്വജ്ഞാനങ്ങളിൽ എന്നപോലെ ക്രിസ്തീയ മതത്തിലും ബുദ്ധിക്കു അപ്പുറമായ ചില സംഗതികളുണ്ടു. അവ ബുദ്ധിക്കു അപ്പുറമായവയെങ്കിലും യുക്തിക്കു വിപരീതമല്ല. വിജ്ഞാനവിഷയങ്ങളിൽ ചിലതു അറിവിന്നു അതീതമായിരിക്കുംവണ്ണം, ക്രിസ്തോപദേശങ്ങളിലും മനുഷ്യബുദ്ധിയെ കടക്കുന്ന സംഗതികളുണ്ടു. രണ്ടുതരം മൎമ്മങ്ങളും ദൈവശബ്ദം തന്നേ; ഒന്നിലുള്ള മൎമ്മങ്ങൾ മറേറതിൽ ഉള്ളവയോടു വിപരീതമല്ല. അന്യോന്യം അനുകൂലങ്ങളത്രെ. തക്കതായ സാക്ഷിമുഖേന മൎമ്മോപദേശങ്ങളെ പരിഗ്രഹിപ്പാനുള്ള വിശ്വാസ ശക്തിയെ സ്രഷ്ടാവായ ദൈവം മനുഷ്യൎക്കു നല്കീട്ടുമുണ്ടു. വിജ്ഞാനവിഷയങ്ങളിൽ വിദ്യാൎത്ഥികൾക്കു ഗ്രഹിപ്പാൻ പ്രയാസമുള്ള അനേകം കാൎയ്യങ്ങളെ അവർ വിശ്വസിപ്പാൻ മാത്രം കടമ്പെട്ടിരിക്കുന്നതു പോലെ, ക്രിസ്തീയ മതത്തിലും ആകുന്നു. വിജ്ഞാനികളുടെ കൂട്ടത്തിൽ സാധാരണ ആറോ ഏഴോ മഹാ വിദ്വാന്മാൎക്കു മാത്രമേ മററുള്ളവർ പ്രസ്താവിച്ചിട്ടുള്ള തത്വജ്ഞാനങ്ങളെ "ഞങ്ങൾ അറിയുന്നു" എന്നു പറവാൻ പ്രാപ്തിയുള്ളു എന്നും, ശേഷമുള്ളവൎക്കോ, "ഞങ്ങൾ അതിനെ വിശ്വസിക്കുന്നു" എന്നല്ലാതെ മറെറാന്നും പറവാൻ പ്രാപ്തിയില്ലെന്നും പൊതുവിൽ വിജ്ഞാനികളുടെ അഭിപ്രായം.

(1) അപ്പൊ. പ്ര. ൨൦. ൨൧; ൧൭. ൩൦, ൩൧; ൧൬. ൨൯—൩൧. മക്കൊ. ൧. ൧൫.

(2) റോമ. ൰. ൧. മക്കൊ. ൧൬. ൧൫, ൧൬. എബ്രാ. ൧൧. ൬. വെളി. ൨൧. ൮. ൧. യോഹ. ൫. ൧൦—൧൨.

മ. അതൊരു മുഖ്യ സംഗതി തന്നേ; എന്തെന്നാൽ ഗ്രഹിപ്പാൻ പ്രയാസമുള്ള വിശ്വാസ വിഷയങ്ങളെ അനേകർ വളരെ ആക്ഷേപകരമായി പ്രസ്താവിക്ക പതിവുണ്ടു.

പ. ഞാൻ അതറിയുന്നു; എന്നാൽ നിരീശ്വരന്മാർ, അവിശ്വാസികൾ, അഗ്നോസ്തികന്മാർ മുതലായവർ, വിശ്വാസം മൂലം ജീവിക്കുന്ന ക്രിസ്ത്യാനികളെ ആക്ഷേപിക്കുന്നതിൽ അവർ തങ്ങളുടെ സ്വന്ത ഭോഷത്വത്തെ തന്നെ വെളിപ്പെടുത്തുന്നു. ലൌകികവും ആത്മികവുമായ രണ്ടു ലോകങ്ങൾക്കും വിശ്വാസ ജീവിതം ആവശ്യമെന്നു അനേകർ മറന്നുകളയുന്നു. മനുഷ്യൎക്കു തങ്ങളുടെ ജീവകാലമൊക്കെയും ദൈവ കാൎയ്യങ്ങളിൽ എന്നപോലെ ലോകകാൎയ്യങ്ങളിലും വിശ്വാസം കൂടാതെ പ്രവൎത്തിപ്പാനും ജീവിപ്പാനും കഴികയില്ല. അനേകം തത്വജ്ഞാനികൾക്കു പ്രകൃതി പ്രമാണങ്ങളിലും വിജ്ഞാന വിഷയങ്ങളിലും, അവ്വണ്ണം തന്നേ ക്രിസ്തീയ മതത്തിലും, ഉണ്ടായിരുന്ന വിശ്വാസത്തെ പറ്റി ഞാൻ മുമ്പെ പറഞ്ഞുവല്ലോ. ആ മുഖ്യ സംഗതിയെ സംബന്ധിച്ചു കുറെ കൂടെ സവിസ്തരം പിന്നാലേ പറഞ്ഞുകൊള്ളുകയും ചെയ്യാം.

മ. വളരെ സന്തോഷം; എന്നാൽ നിൎവ്വിശ്വാസികളായ അനേകർ ബൈബിളിലുള്ള അത്ഭുതാതിശയങ്ങളെ ആക്രമിക്കയും, അതിനാൽ ക്രിസ്തുവിൻെറ ദൈവത്വത്തെ നിഷേധിക്കയും ചെയ്യുന്നില്ലയോ?

പ. ഉവ്വ്, അതിനെ കുറിച്ചു നമുക്കു ഒട്ടും ശങ്കിപ്പാനില്ലെന്നു ഞാൻ നിങ്ങളെ ബോധ്യപ്പെടുത്താം. ഒരു സമൎത്ഥനായ വൈദികൻ പറയുന്നതു: “നമ്മുടെ ബ്രിട്ടീഷ് കോയ്മ ഒരു സ്ഥാനാപതിയെ ഒരു അന്യ രാജാവിൻെറ കൊട്ടാരത്തിലേക്കു നിയോഗിച്ചയച്ചു എന്നിരിക്കട്ടെ. അദ്ദേഹം ബ്രിട്ടീഷ് ഗവൎമ്മെണ്ടിൻെറ മുദ്രയോടു കൂടിയ തൻെറ സ്ഥാനാപത്യം ആ രാജാവിന്നു കാട്ടി കഴിഞ്ഞാൽ, തൻെറ ഉദ്യോഗസംബന്ധമായ സംശയമെല്ലാം ഉടനെ തീൎന്നുപോകുന്നു. അപ്രകാരം തന്നേ പിതാവായ ദൈവം കൎത്താവായ ക്രിസ്തുയേശുവിനെ മനുഷ്യവൎഗ്ഗത്തിന്നു സദ്വൎത്തമാനം അറിയിക്കുന്ന ഒരു സ്ഥാനാപതിയായിട്ടു നിയമിച്ചയച്ചു. ആ ദിവ്യ സ്ഥാനാപതിയെയും തൻെറ പക്കൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദിവ്യ ദൂതിനെയും നാം കൈക്കൊള്ളുന്നതിന്നു മുമ്പായിട്ടു നമുക്കും തൻെറ സ്ഥാനാപത്യത്തെ കുറിച്ചു നിശ്ചയം കിട്ടേണ്ടതു ആവശ്യമാകുന്നു. കൎത്താവായ യേശു അതിനെ തൻെറ പ്രവൃ

ത്തികളാലത്രെ ലോകത്തിന്നു വീണ്ടും വീണ്ടും കാണിച്ചുകൊടുത്തതു. "ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നേ പിതാവു എന്നെ അയച്ചു എന്നു എന്നെ കുറിച്ചു സാക്ഷീകരിക്കുന്നു" എന്നു താൻ തന്റെ ശത്രുക്കളോടും സ്നേഹിതന്മാരോടും പലപ്പോഴും പറഞ്ഞുവല്ലോ. (1) യേശുവിന്റെ അതിശയ പ്രവൃത്തികളൊക്കെയും തന്റെ ദിവ്യ സ്ഥാനാപത്യത്തിന്നു മുദ്രകളായിരുന്നു. താൻ ഒരിക്കൽ ജനങ്ങളോടു പറഞ്ഞതു: "കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിൎക്കുന്നു" (മത്താ. ൧൧. ൫). ഇവയൊക്കെയും തന്റെ ദിവ്യ സ്ഥാനാപത്യത്തിന്നു തെററില്ലാത്ത സാക്ഷികളായിരുന്നു.

മ. അതു ഞാൻ സ്പഷ്ടമായി കാണുന്നു. ഈ മുഖ്യ സംഗതി നിങ്ങൾ ഇപ്പോൾ പറഞ്ഞതു നന്നായി.

പ. അതേ, ഇതൊരു പ്രാധാന്യ സംഗതി ആകുന്നു. യഹൂദ സന്നദ്രീം സംഘത്തിൽ ഒരു മുഖ്യനായ നിക്കൊദേമൊസിനെ ഓൎക്കുന്നുവല്ലോ. ആ യഹൂദ ശാസ്ത്രി കൎത്താവിന്റെ അതിശയ പ്രവൃത്തികളെ തന്റെ ദിവ്യ സ്ഥാനാപത്യത്തിന്നു സാക്ഷിയായി സമ്മതിച്ചു പറയുന്നതു "റബ്ബീ, നീ ദൈവത്തിൽനിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; എന്തുകൊണ്ടെന്നാൽ ഒരുത്തന്നും ദൈവം തന്നോടു കൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്വാൻ കഴികയില്ല" എന്നാകുന്നു. (യോഹ. ൩. ൧, ൨). അവൻ ഒരു ന്യായപ്രമാണ ശാസ്ത്രിയും, കൎത്താവിന്റെ അതിശയ പ്രവൃത്തികളെ സ്വന്ത കണ്ണുകളാൽ കണ്ടവനും ആയിരുന്നതിനാൽ അങ്ങനെയുള്ള സാക്ഷി ഏററവും വിലയേറിയതാണല്ലോ. അപ്പോസ്തലന്മാരും "ദൈവം യേശുവിനെ കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചുതന്ന പുരുഷൻ" എന്നു സമ്മതിച്ചു പറയുന്നു (അപ്പൊ. പ്ര. ൨. ൨൨). ക്രിസ്തു അനേകം അത്ഭുതങ്ങളെ താൻ തന്നേ ചെയ്തു മാത്രമല്ല, തന്റെ അപ്പോസ്തലന്മാൎക്കു അതിശയങ്ങളെ പ്രവൎത്തിപ്പാൻ അധികാരം നല്കിയതിൽ നിന്നും കൂടെ തന്റെ ദൈവത്വത്തെ വെളിപ്പെടുത്തുന്നുവല്ലോ. താൻ അവരെ ചെന്നായ്ക്കളുടെ ഇടയിലേക്കു ആടുകൾ കണക്കേ വി

(1) യോഹ. ൫. ൩൬; ൧൦. ൨൫; ൧൫. ൨൪.

ശുദ്ധ മത പ്രസംഗത്തിന്നായി അയച്ചപ്പോൾ അവരോടു പറഞ്ഞതു: "നിങ്ങൾ പോകുമ്പോൾ രോഗികളെ സൌഖ്യമാക്കുവിൻ, മരിച്ചവരെ ഉയിൎപ്പിപ്പിൻ, കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ, ഭൂതങ്ങളെ പുറത്താക്കുവിൻ" എന്നായിരുന്നു. (മത്താ. ൧൦. ൭, ൮). ക്രിസ്തുവിന്റെ ദിവ്യ സ്ഥാനാപത്യത്തെ കുറിച്ചു അപ്പോസ്തലന്മാർ പിന്നെയും സാക്ഷീകരിക്കുന്നതു, "ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും നാനാശക്തികളാലും പരിശുദ്ധാത്മാവിൻ വരഭാഗങ്ങളാലും കൂടി സാക്ഷിക്കുന്നു" എന്നാകുന്നു. (എബ്രാ. ൨. ൪). ഇങ്ങനെയുള്ള സാക്ഷികളെ ന്യായകരമായി നിഷേധിച്ചുകളവാൻ ആൎക്കും തന്നേ കഴികയുമില്ല.

മ. നിങ്ങൾ പറഞ്ഞതൊക്കെയും വളരെ ന്യായകരമായിരിക്കുന്നു എന്നു ഞാനും അറിയുന്നു.

പ. കൊള്ളാം, മിസ്റ്റർ വൂലസ്റ്റൻ (**Mr. Woolaston**) എന്ന അവിശ്വാസി "ക്രിസ്തുവിന്റെയും തന്റെ അപ്പോസ്തലന്മാരുടെയും അതിശയപ്രവൃത്തികളെയും അവയുടെ യുക്തിയെയും ശ്രദ്ധാപൂൎവ്വം ആലോചിച്ച ശേഷം ധീരതയോടെ പ്രസ്താവിക്കുന്നതു: "സാക്ഷാൽ മരിച്ചുപോയ ഒരുത്തനെ വീണ്ടും ജീവിപ്പിക്ക എന്നതു ഒരു അത്യത്ഭുതകരമായ പ്രവൃത്തിയെന്നു സമ്മതിക്കാത്തവർ ആരും ഉണ്ടാകയില്ലെന്നു എന്റെ വിശ്വാസം. അങ്ങനെയുള്ള രണ്ടോ മൂന്നോ അത്ഭുതങ്ങളെ യഥാൎത്ഥമായി പ്രവൎത്തിക്കുന്നവൻ, ദൈവാധികാരമുള്ള ഒരു ദിവ്യ പുരുഷൻ എന്നു സാക്ഷിപ്പാൻ ആ പ്രവൃത്തികൾ മാത്രം മതി!" എന്നത്രെ. അതുകൊണ്ടു ക്രിസ്തുവും തന്റെ അപ്പോസ്തലന്മാരും അവരുടെ ദിവ്യ ദൂതിന്നു സാക്ഷിയായിട്ടു അത്ഭുതങ്ങളെ പ്രവൎത്തിച്ചു എന്നും, പുതിയനിയമം അവരുടെ ഉപദേശം അടങ്ങിയ ഗ്രന്ഥമാകുന്നു എന്നും നമുക്കു വ്യക്തമായി സാക്ഷിക്കാമെങ്കിൽ ക്രിസ്തുമതം ദൈവത്തിൽ നിന്നു ഉത്ഭവിച്ചു എന്നതും സ്പഷ്ടമായി വരും. എന്തെന്നാൽ മിസ്റ്റർ വൂലസ്റ്റൻ പറയുന്നതു, ഒരുത്തന്റെ ദിവ്യ സ്ഥാനാപത്യത്തെ സാക്ഷീകരിപ്പാൻ മരിച്ചവരെ ഉയിൎപ്പിക്ക എന്നൊരു യഥാൎത്ഥമായ സംഗതി മാത്രം മതിയാകുമല്ലോ എന്നത്രെ.[1]

മ. മരിച്ചവരിൽനിന്നു മൂന്നുപേരെ ഉയിൎപ്പിച്ച സംഗതി സുവിശേഷം ഘോഷിക്കുന്നില്ലയോ?

(1) ഈ മുഖ്യസംഗതിയെ ക്രിസ്ത്യാനികൾ നല്ലവണ്ണം ശ്രദ്ധിക്കേണ്ടതാകുന്നു.

പ. ഉവ്വ്, മൂന്നുപേരുടെ ഉയിൎപ്പിനെ സംബന്ധിച്ചു തക്ക തെളിവുകളോടെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നു. കപ്പൎന്നഹൂമിൽ വെച്ചു ഒരു പ്രമാണിയുടെ പന്ത്രണ്ടു വയസ്സുള്ള ഒരു ബാലയെയും, നായിൻ പട്ടണത്തിൽവെച്ചു ഒരു വിധവയുടെ പുത്രനെയും, ബെതാന്യയിൽ വെച്ചു മരിച്ചു നാലു ദിവസം കഴിഞ്ഞശേഷം ലാസറിനെയും കൎത്താവു ഉയിൎപ്പിച്ചുവല്ലോ. അതിനെ കണ്ട സാക്ഷികളാലും, അപ്പോസ്തലന്മാരിൽനിന്നു കേട്ട സാക്ഷികളാലും അതിന്റെ സത്യതയെ സ്ഥിരീകരിച്ചുമിരിക്കുന്നു.

മ. ശരി തന്നേ.

പ. ഇനി നമുക്കു ഒരു സത്യ സാക്ഷിക്കാരന്നു ആവശ്യമായ ലക്ഷണങ്ങൾ എന്തെല്ലാമെന്നു നോക്കാം. സംഗതികളുടെ വാസ്തവത്വം സാക്ഷിയുടെ യഥാൎത്ഥത്തിന്മേലല്ലോ ഇരിക്കുന്നതു.

മ. അതേ, ഒരു സാക്ഷിയുടെ സത്യതയെ തെളിയിപ്പാൻ എന്തെല്ലാം കാൎയ്യങ്ങൾ ആവശ്യമെന്നു തോന്നുന്നു?

പ. പറയാം: ഒന്നാമതു, താൻ ഒരു കണ്ട സാക്ഷിക്കാരൻ ആയിരിക്കേണം, അല്ലെങ്കിൽ, താൻ അറിയിക്കുന്ന സംഗതികൾക്കു വേറെ മതിയായ തെളിവുകൾ എന്തെങ്കിലും ഉണ്ടായിരിക്കേണം. രണ്ടാമതു, സാക്ഷിക്കാരൻ നല്ല ബുദ്ധിമാനും മൂഢാഭിപ്രായങ്ങൾ ഒട്ടുമില്ലാതെ കാൎയ്യങ്ങളെ നിദാനിപ്പാൻ പ്രാപ്തനും ആയിരിക്കേണം. മൂന്നാമതു, താൻ ഒരു പരമാൎത്ഥിയെന്നു തന്റെ അയല്ക്കാരാലും സ്വരാജ്യക്കാരാലും സാക്ഷിപ്പെട്ടവനായിരിക്കേണം. നാലാമതു, അവൻ ഒരു തൻകാൎയ്യ പ്രിയനോ, പക്ഷം പറയുന്നവനോ, കക്ഷിഭേദം നോക്കുന്നവനോ ആയിരിക്കരുതു; എന്നു മാത്രമല്ല, തന്റെ സാക്ഷീകരണം മൂലം അവന്നു യാതൊരു പീഡയോ മാനഹാനിയോ ജീവഹാനിയോ എന്തു തന്നേ നേരിട്ടാലും അതിങ്കൽ ചുളുക്കമില്ലാത്തവനായും ഇരിക്കേണം. ഡോക്ടർ ഹില്ല്യർ (Dr. Hillier) പറയുംപ്രകാരം, ഇങ്ങനെയുള്ള ഒരാളുടെ സാക്ഷിയെ നിഷ്പക്ഷവാന്മാരായ അനേകർ സമ്മതിക്കുന്നപക്ഷം, അവന്റെ സാക്ഷി സത്യവും നിശ്ചയവും ഉള്ളതായിരിക്കേണം എന്നതിന്നു സന്ദേഹം ഒട്ടുമില്ല.

മ. അതു വളരെ ന്യായകരമെന്നു എനിക്കു തോന്നുന്നു.

പ. ക്രിസ്തുവിന്റെ അപ്പോസ്തലന്മാൎക്കു മേല്പറഞ്ഞ ലക്ഷണങ്ങൾ ഒക്കെയും ഉണ്ടായിരുന്നതിനാൽ ഞങ്ങൾ അവ

രുടെ സാക്ഷീകരണത്തെ പൂൎണ്ണസത്യമായിട്ട സ്വീകരിച്ചിരിക്കുന്നു. അവർ സാക്ഷാൽ കാണുകയും കേൾക്കയും ചെയ്തിട്ടുള്ള കാൎയ്യങ്ങളെയാകുന്നു എഴുതിയിരിക്കുന്നതു. വിശു. മൎക്കോസും ലൂക്കോസും പൌലൊസും പന്ത്രണ്ട അപ്പോസ്തലന്മാരിൽ ഉള്ളവരല്ലായിരുന്നു; എങ്കിലും അവർ അപ്പോസ്തലന്മാരോടും, യേശുവിന്റെ അത്ഭുതങ്ങളെയും ഉപദേശങ്ങളെയും കാണുകയും കേൾക്കയും ചെയ്തിട്ടുള്ള അനേകരോടും അടുപ്പമുള്ളവരായിരുന്നു. അങ്ങിനെയുള്ളവരുടെ സാക്ഷി പരമാൎത്ഥികൾക്കും ദൈവ സത്യങ്ങളെ അറിവാൻ ആഗ്രഹിക്കുന്നവൎക്കും മതിയായിട്ടുള്ളതും ബോധ്യം വരുത്തത്തക്കതും അല്ലയോ?

മ. അതു ഞാൻ സമ്മതിക്കുന്നു. മുഹമ്മദ്നബി അറബിയായിൽ, ഇസ്ലാംമതത്തെ സ്ഥാപിച്ചപ്പോൾ അതിശയങ്ങളെ പ്രവൎത്തിച്ചുവോ?

പ. ഒരിക്കലും ഇല്ല. അദ്ദേഹത്തിന്റെ പ്രസംഗത്തെ കേൾപ്പാൻ വന്നവരിൽ ചിലർ തന്നിൽനിന്നു ചില അതിശയ പ്രവൃത്തികളെ ആവശ്യപ്പെട്ടപ്പോൾ, താൻ ഒരു പരന്ത്യ പ്രസംഗി മാത്രം എന്നും അതിശയങ്ങളെ പ്രവൎത്തിപ്പാനുള്ള ശക്തി തനിക്കില്ലെന്നും നബി സ്പഷ്ടമായും പരമാൎത്ഥമായും അവരോട പ്രസ്താവിച്ചു. (¹)

മ. പിന്നെ മുഹമ്മദ് തന്റെ മതത്തെ എങ്ങനെ പ്രബലപ്പെടുത്തി?

പ. പന്ത്രണ്ട വൎഷത്തോളം താൻ ഇവിടങ്ങളിൽ ഉള്ള ക്രിസ്തീയ പ്രസംഗികളെ പോലെ തന്റെ നൂതന മതത്തെ വളരെ താല്പൎയ്യത്തോടും ചാതുൎയ്യത്തോടും കൂടെ പ്രസംഗിച്ചു; എങ്കിലും ചുരുക്കം പേർ മാത്രമേ തന്റെ പുതിയ മതത്തെ അവലംബിച്ചുള്ളു. എന്നാൽ ഇസ്ലാം മതം അറബികളുടെ പഴയ മതത്തേക്കാൾ വിശേഷപ്പെട്ട മതമെന്നു തനിക്കു തോന്നിയതിനാൽ, താൻ ജനങ്ങളെ വലിയ കൂട്ടങ്ങളായി അതിലേക്കു ചേൎപ്പാൻ വേണ്ടി തന്റെ ക്ഷമാഭാവമെല്ലാം വിട്ട ഒടുവിൽ വാൾ തന്നേ പ്രയോഗിപ്പാൻ നിശ്ചയിച്ചു. മുഹമ്മദ് ജാത്യാൽ ഒരു ധീരനും സമൎത്ഥനും ആയിരുന്നതിനാൽ, ഇരുപതിൽ പരം യുദ്ധങ്ങളിൽ താൻ തന്നേ സൈന്യാധിപനായിരുന്നു യുദ്ധം നടത്തുകയും, മിക്കവാറും ജയപ്രാപ്തനായി തീരുകയും ചെയ്തു.

(1) "അബ്ദുൽഖാൻ മുതലാളിയും മുൻസീപ്പും" ൮൦-ാം പുറം നോക്കുക.

മ. ഓഹോ! മനസ്സിലാകുന്നു. എന്നാൽ മതകാൎയ്യങ്ങളിൽ മനുഷ്യർ തങ്ങളുടെ മനോബോധപ്രകാരമല്ലാതെ നിൎബ്ബന്ധവശാൽ നടത്തപ്പെടുവാൻ പാടുണ്ടോ?

പ. അശേഷം പോലും പാടില്ല: "മനസ്സിന്നെതിരായ നിൎബ്ബന്ധം മനസ്സിനെ മാററുമോ?" എന്നൊരു ചൊല്ലുണ്ടല്ലോ.

മ. അതേ, മനസ്സിന്നു വിരോധമായി എത്ര തന്നേ നിൎബ്ബന്ധിച്ചാലും മനോഭാവനകൾക്കു അതുമൂലം മാററം ഉണ്ടാകയില്ല.

പ. ഇല്ല, നിശ്ചയം; മനുഷ്യൻ വിവേകാത്മാവോടു കൂടിയ സ്വതന്ത്ര സൃഷ്ടിയാകയാൽ, അവൻ തന്റെ മനസ്സ്, വാക്കു, കൎമ്മങ്ങൾ ഇവെക്കൊക്കെയും ചുമതലക്കാരനായിരിക്കുന്നു. നന്മയെ സ്വീകരിച്ചു തിന്മയെ ത്യജിപ്പാനും, സത്യത്തെ അംഗീകരിച്ചു അസത്യത്തെ തള്ളുവാനും ദൈവം എല്ലാ മനുഷ്യൎക്കും ആലോചനബുദ്ധി നല്കീട്ടുണ്ടു; അതുകൊണ്ടു മതകാൎയ്യങ്ങളിൽ മനുഷ്യൻ തന്റെ മനോബോധപ്രകാരം ജീവിപ്പാൻ സ്വാതന്ത്ര്യമുള്ളവനത്രെ. ഒരുത്തൻ, താൻ അവലംബിച്ചിരിക്കുന്ന മതം സത്യമോ അസത്യമോ, ഗുണമോ ദോഷമോ എന്നു യാതൊന്നും ചിന്തിക്കാതെ, 'പൂൎവ്വികന്മാർ പോയ വഴിക്കു തന്നേ ഞാനും' എന്നു അന്ധനായി അതിനെ പിന്തുടൎന്നുകൊണ്ടിരിക്കുന്നതു ഒരിക്കലും ക്ഷേമമല്ല, ബുദ്ധിയുമല്ല.

മ. എന്റെ അഭിപ്രായവും അങ്ങനെ തന്നേയാണ്.

പ. അതേ, എല്ലാവരും അതു ആലോചിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

മ. ആകട്ടെ; അവിശ്വാസികളിൽ അനേകർ അത്ഭുതപ്രവൃത്തികൾക്കു എതിരായി കൊണ്ടുവരുന്ന ന്യായങ്ങളെ സംബന്ധിച്ചു വല്ലതും പറവാനുണ്ടോ?

പ. ഉവ്വ്, അതു ഏററവും സാരമേറിയ ഒരു വിഷയമാകയാൽ മുഖ്യമായി ആലോചിക്കേണ്ടിയ സംഗതി തന്നേ. കാൎയ്യസംബന്ധമായ ഏതു സാക്ഷികളും മൂന്നു പ്രകാരമത്രെ. കണ്ണാൽ കണ്ട സാക്ഷി, ഗണിത നിശ്ചയപ്രകാരമുള്ള സാക്ഷി, മററുള്ളവരിൽനിന്നുള്ള സാക്ഷി; ഇങ്ങനെ ത്രിവിധം. കൎത്താവിന്റെ അപ്പോസ്തലന്മാർ തന്റെ അതിശയങ്ങളെ കണ്ട സാക്ഷികളായിരുന്നു. നമ്മിലാരും ആ തരക്കാരായ

സാക്ഷിക്കാരല്ല താനും. ക്രിസ്തുവും തന്റെ അപ്പോസ്തലന്മാരും ചെയ്തിട്ടുള്ള അതിശയങ്ങളെ ഇരുപതാം നൂററാണ്ടിലുള്ളവരായ നാം മററുള്ളവരിൽനിന്നുള്ള സാക്ഷിമൂലമത്രെ അറിയുന്നതു. ക്രിസ്തുമത വിരോധികളും അവിശ്വാസികളും, വേദപുസ്തക അതിശയങ്ങളെ കുറിച്ചു തിരുവെഴുത്തു പറയുന്ന സാക്ഷികളെ വല്ല വിധേനയും ദുർബ്ബലപ്പെടുത്താഞ്ഞാൽ, അതിനെ ദൈവ വെളിപാടായി സ്വീകരിക്കേണ്ടി വരുമെന്നു നന്നായി അറിയുന്നു. അവിശ്വാസികളുടെ പ്രബലനായ ഡേവീഡ് ഹ്യൂം (**David Hume**) എന്നയാൾ ഒരു തരം കൌശല തക്കങ്ങളെ കണ്ടുപിടിച്ചു, അതു മൂലം ക്രിസ്തുമതത്തെ മൂലനാശം ചെയ്യാമെന്നു വിചാരിച്ചുപോയി.

മ. ആ കാര്യത്തിൽ അദ്ദേഹം വളരെ തെററിപ്പോയി എന്നു തോന്നുന്നു, അല്ലയോ?

പ. അതേ; വളരെ തെററിപ്പോയി. ഹ്യൂമിന്റെ തക്കശാസ്ത്ര സാരാംശം ചുരുക്കി പറയാം: 'യാതൊരു സാക്ഷീകരണംമൂലവും ഒരു അതിശയ പ്രവൃത്തിയുടെ സത്യതയെ തെളിയിപ്പാൻ ആക്കും കഴികയില്ല. എന്തെന്നാൽ അതു സ്വാഭാവിക അനുഭവത്തിന്നു എതിരായ കാര്യമത്രെ' എന്നാകുന്നു. എന്നാൽ അതിനെ കുറിച്ചു ഒരു പ്രാപ്തനായ ഗ്രന്ഥകത്താവു പറയുന്നതോ, പുതിയ നിയമത്തിൽ അടങ്ങിയിരിക്കുന്ന ചെറു പുസ്തകങ്ങൾ ഒക്കെയും അതിൽ പറയപ്പെടുന്ന നാമധേയക്കാരാൽ തന്നേ എഴുതപ്പെട്ടിട്ടുള്ളതും അവർ ക്രിസ്തുവിന്റെ വചനങ്ങളെയും പ്രവൃത്തികളെയും കുറിച്ചു പറഞ്ഞിരിക്കുന്നവയെല്ലാം കളങ്കമററ സത്യമാകുന്നു എന്നും പരമാത്ഥികളായ ഉൽകൃഷ്ടന്മാരാൽ സാക്ഷീകരിക്കപ്പെട്ടിരിക്കകൊണ്ടു, ക്രിസ്തുവിന്റെ അതിശയ പ്രവൃത്തികളും അവ്വണ്ണം തന്നേ വാസ്തവത്തിൽ നടന്ന സംഗതികൾ എന്നതിന്നു സന്ദേഹമില്ല എന്നത്രെ.

മ. ശരി തന്നേ.

പ. അതിശയങ്ങൾ അനുഭവത്തിന്നു എതിരായ കാര്യമെന്നു ആ അവിശ്വാസി പറയുന്നതു സാധാരണ ബുദ്ധിക്കു ചേരുന്നില്ല. അതു അയാളുടെ അനുഭവത്തിന്നു എതിരാകയാൽ എല്ലാവരുടെ അനുഭവത്തിന്നും അവ്വണ്ണം തന്നേ ഇരിക്കുമെന്നു പറക വിഹിതമല്ലല്ലോ. മോശെക്കും പ്രവാചകന്മാക്കും കത്താവായ യേശുവിന്നും അപ്പോസ്തലന്മാക്കും അതിശയ പ്രവൃത്തികൾ അനുഭവസിദ്ധമായിരുന്നു;

പക്ഷെ, ഹ്യൂമിന്റെ അനുഭവത്തിന്നു ഒത്തതല്ലായിരിക്കാം
എന്നേയുള്ളു. പുറമേ രാജ്യസഞ്ചാരം ഒരിക്കലും ചെയ്തിട്ടില്ലാ
ത്ത ജപ്പാൻകാരനായ ഒരു പ്രഭു കുറെ വൎഷം മുമ്പെ പറ
ഞ്ഞു, "വെള്ളം ഉറച്ചു കട്ടയാകയും മനുഷ്യർ അതിന്മീതെ
നടക്കയും ചെയ്യു പതിവാകുന്നു എന്നുള്ള പ്രസ്താവന ഞാ
ൻ ഒരിക്കലും വിശ്വസിക്കയില്ല" എന്നത്രെ. ഹ്യൂമിന്റെ
സിദ്ധാന്തവും ഇതുപോലെ ആകുന്നു. ഉറച്ചു വെള്ളം ധാരാ
ളം കണ്ടിട്ടുള്ള യൂറോപ്യന്മാർ അതിനെ കുറിച്ചു എത്ര തന്നേ
സാക്ഷിച്ചാലും, ആ പ്രഭുവിന്റെ അനുഭവത്തിൽ അതു ഒ
രിക്കലും വന്നിട്ടില്ലായ്കയാൽ തനിക്കു അതു വിശ്വസിപ്പാൻ
പ്രയാസമായിരുന്നുവല്ലോ.

മ. അതു നല്ലൊരു ദൃഷ്ടാന്തം. ഇംഗ്ലണ്ട് രാജ്യത്തെ സ
ന്ദൎശിച്ചിട്ടുള്ള എന്റെ സ്നേഹിതന്മാരിൽ ചില മനുഷ്യൎക്കു ന
ടപ്പാൻ തക്ക ഘനത്തിൽ മാത്രമല്ല, ഭാരവണ്ടികളെ കൂടെ വ
ഹിപ്പാൻ തക്ക വിധത്തിൽ വെള്ളം കട്ടയായി കിടക്കുന്നതു
ആ രാജ്യത്തിൽ ധാരാളം കണ്ടിട്ടുണ്ടു.(1)

പ. ശരി തന്നേ. ഇപ്പോൾ അതിശയങ്ങൾ നടപ്പില്ലാ
യ്കയാൽ വേദപുസ്തക അതിശയങ്ങളെ വിശ്വസിപ്പാൻ പാ
ടില്ലെന്നും നാസ്തികന്മാർ പറയുന്നു. എന്നാൽ ഡോക്ടർ പെ
യ്‌ലി (**Dr. Paley**) പറയുംപ്രകാരം "അതിശയങ്ങൾ എ
ന്നും നടന്നുകൊണ്ടിരുന്നാൽ അവ പിന്നെ അതിശയങ്ങളു
ല്ലല്ലോ" എന്നാകുന്നു.

മ. അതേ, എന്നും നടന്നുകൊണ്ടിരിക്കുന്ന കാൎയ്യങ്ങൾ
സാധാരണ സംഭവങ്ങളെന്നല്ലാതെ അതിശയങ്ങളെന്നു വ
രുന്നില്ല. ക്രിസ്തുവിന്റെയും തന്റെ അപ്പോസ്തലന്മാരുടെ
യും അതിശയ പ്രവൃത്തികൾ ആദ്യകാലങ്ങളിൽ ക്രിസ്തുമത
സ്ഥാപിതത്തിന്നായി ചെയ്യപ്പെട്ടവ ആയിരുന്നില്ലയോ?

പ. അതേ, ക്രിസ്ത്വാബ്ദം ആരംഭ കാലങ്ങളിൽ ഫല
സ്തീനിലും അടുത്ത രാജ്യങ്ങളിലും ഉണ്ടായിരുന്ന ക്രിസ്തുമത
വിരോധികളെ ഒരുവിധം ബോധ്യപ്പെടുത്തുവാൻ വേണ്ടി
അതിശയങ്ങൾ അപ്പോൾ ചെയ്യപ്പെട്ടു. അക്കാലത്തേക്കു
അവ ആവശ്യമായിരുന്നു; എങ്കിലോ, അനാവശ്യങ്ങളൊ
ന്നും ഒരിക്കലും പ്രവൎത്തിക്കാത്തവനായ ജ്ഞാനിയും ഗുണ
വാനുമായ ദൈവം, പിൻകാലങ്ങളിൽ അവ ആവശ്യമില്ലെ

(1) ബ്രിട്ടനിൽ ചിലപ്പോൾ ഒരു ആനെക്കു നടപ്പാൻ തക്കവണ്ണം ഘനമേറിയ ഹിമകട്ടകളെ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ കാണാം.

ന്നു കണ്ടിട്ട അവയെ മിക്കവാറും നിവൃത്തികളഞ്ഞിരിക്കുന്നു.

മ. ശരി തന്നേ.

പ. അതിശയങ്ങൾ ഇപ്പോൾ നടപ്പില്ലായ്കയാൽ ഞാൻ അതിനെ വിശ്വസിക്കുന്നില്ല എന്നു പറയുന്നതു, കെട്ടുകിടക്കുന്ന അഗ്നിപൎവ്വതത്തിൽ ഇപ്പോൾ തീയും പുകയും കാണായ്കയാൽ അതു മുമ്പൊരിക്കലും ഒരു അഗ്നിപൎവ്വതമായിരുന്നില്ല എന്നു സിദ്ധാന്തിക്കുമ്പോലെ ആകുന്നു.

മ. ആ സിദ്ധാന്തം സാധുവാകുമോ? അതു അവരുടെ മനസ്സിന്റെ കൊള്ളരുതായ്കയെ അല്ലയോ കാട്ടുന്നതു?

പ. സംശയമില്ല; അവിശ്വാസികൾ, നാസ്തികന്മാർ എന്നിവൎക്കു ക്രിസ്തുമതത്തോടുള്ള വിരോധ കാരണങ്ങളിൽ ഏറെക്കുറെ അവരുടെ മനസ്സിന്റെ വികട സ്വഭാവവും കൊള്ളരുതായ്കയും തന്നേയാകുന്നു. ഫ്രെഞ്ചു നാസ്തികന്മാരിൽ പ്രബലനായ വോൽട്ടയർ (**Voltaire**) പറഞ്ഞതു, "എനിക്കു ഒരു അതിശയ സംഭവത്തെ വിശ്വസിപ്പാൻ മനസ്സില്ല" എന്നാകുന്നു.

മ. "കഴിവില്ല" എന്നല്ലല്ലോ, "മനസ്സില്ല" എന്നല്ലയോ?

പ. അതേ, കഴിവില്ലായ്കയും മനസ്സില്ലായ്കയും ഒന്നല്ല, കാൎയ്യം രണ്ടത്രെ.

മ. അതിന്നു ആക്ഷേപമില്ല.

പ. അതുകൊണ്ടു നമ്മുടെ കൎത്താവിന്റെ അതിശയ പ്രവൃത്തികളെ വിശ്വസിപ്പാൻ കഴിവില്ലായ്കമൂലമല്ല, മനസ്സില്ലായ്കമൂലം, അവൻ തന്റെ അറിവിന്നും സത്യവാന്മാരായ മനുഷ്യരുടെ സാക്ഷികരണത്തിന്നും വിരോധമായി തന്റെ ഹൃദയ വാതിലിനെ താൻ തന്നേ അടെച്ചുകളഞ്ഞു.

മ. ഹാ, ആ സംഗതി ഞാൻ അറിഞ്ഞിരുന്നില്ല.

പ. അതേ, ആഴമേറിയ ആലോചനക്കാരനായ ബിഷോപ്പു് ബട്ട്ലെർ പറയുന്നതു "അതിശയ സംഭവങ്ങൾക്കു എതിരായ ഉദ്ദേശമൊന്നും തന്റെ സംയുക്തിശോധന എന്ന ശാസ്ത്രത്തിൽ ഇല്ല" എന്നത്രെ. അജ്ഞാനസ്തികന്മാരിൽ മുഖ്യനായ ഹക്സ്ലിയും (**Huxley**) "വിദ്യയോ ജ്ഞാനമോ ഒന്നും അതിശയ സംഭവങ്ങൾക്കു എതിരായി നില്ക്കുന്നില്ല" എന്നു പറഞ്ഞിരിക്കുന്നു.

മ. അവരുടെ കൃതികൾ ഞാൻ പാരായണം ചെയ്തിട്ടില്ലെന്നിരുന്നാലും മതവിഷയമായി അവരുടെ നാമധേയം

പലപ്പോഴും കേട്ടിട്ടുണ്ടു. അങ്ങിനെയുള്ള മഹാന്മാരുടെ അഭിപ്രായം ശ്ലാഘനീയമത്രെ.

പ. അതേ, അളവററ ശക്തിയും ജ്ഞാനവുമുള്ള ഗുണവാനായ ദൈവത്തിൽ വിശ്വസിക്കുന്നവൎക്കു, എത്ര വലിയ അതിശയ സംഭവങ്ങളും വിശ്വാസയോഗ്യമല്ലെന്നു വരികയില്ല. അതു എങ്ങിനെയെന്നു പറയാം.

മ. കൊള്ളാം, കേൾക്കട്ടെ.

പ. ദൃഷ്ടാന്തരൂപേണ പറയാമല്ലോ. കുറെ ദിവസം മുമ്പെ എട്ടുവയസ്സു പ്രായമുള്ള, വികൃതിയും തന്റേടമില്ലാത്തവനുമായ, ഒരു ആൺകുട്ടി, ൧൦ മണിക്കൂറിന്നകം ൩൦ നാഴിക ദൂരത്തിൽ പട്ടിണി മൂലം വലയുന്ന ഒരു കുഡുംബക്കാൎക്കു ഉതവിയായിട്ടു ൧൦ ഉറപ്പികകൊണ്ടുള്ള ഒരു സഹായം എത്തിച്ചു കൊടുത്തു എന്നു ഒരുത്തൻ നിങ്ങളോടു പറഞ്ഞാൽ അതു നിങ്ങൾക്കു വിശ്വാസയോഗ്യമായി തോന്നുമോ?

മ. അതു വിശ്വസിപ്പാൻ പ്രയാസമുള്ള കാൎയ്യമത്രെ; എന്തെന്നാൽ അങ്ങിനെയുള്ളോരു സൽഗുണപ്രവൃത്തി ചെയ്വാൻ ആവശ്യപ്പെട്ട ശക്തിയോ അറിവോ ഗുണചിന്തയോ അവനിൽ ഇല്ലല്ലോ.

പ. എന്നാൽ അറിവിലും ശക്തിയിലും ഗുണശീലങ്ങളിലും പ്രമുഖനായ ഒരു യൌവ്വനക്കാരൻ അങ്ങിനെ ചെയ്തു എന്നു കേട്ടാലോ? അതു വിശ്വസിക്കാമോ?

മ. അതിന്നു ആക്ഷേപമെന്തുള്ളു? അവന്നു ആ പ്രവൃത്തി ചെയ്വാനുള്ള പ്രാപ്തിയും ജ്ഞാനവും ദൈന്യതയുമെല്ലാം ഉണ്ടല്ലോ. അതു വിശ്വാസയോഗ്യമത്രെ.

പ. കൊള്ളാം, വേദപുസ്തക അതിശയങ്ങളെ സംബന്ധിച്ചും അങ്ങിനെ തന്നേയാകുന്നു.

മ. അതേ, ഞാൻ കാണുന്നു; എന്നിൽ ചില സംശയസ്ഥാനങ്ങൾ മുമ്പുണ്ടായിരുന്നുവെങ്കിലും, ആലോചിച്ചു നോക്കുമ്പോൾ വേദപുസ്തക അതിശയങ്ങൾ ന്യായത്തിന്നോ യുക്തിക്കോ വിദ്യയ്ക്കോ വിരോധമല്ലെന്നു ഞാനും നല്ലവണ്ണം കാണുന്നു.

പ. ശരി തന്നേ; പ്രകൃതിയുടെ പ്രമാണ കൎത്താവിന്നു തന്റെ നിശ്ചയങ്ങളെ ക്രമപ്രകാരം നടത്തുവാനും മുടക്കി കളവാനും രണ്ടിന്നും ശക്തിയുണ്ടല്ലോ. കാററിനെയും കടലിനെയും സൃഷ്ടിച്ചവന്നു ഇഷ്ടംപോലെ അതിനെ ഭരിച്ചു നട

ത്തുവാനും കഴിവില്ലെന്നു വരുമോ? ക്ഷുത്തുള്ളവന്നു ഭക്ഷ ണം കഴിപ്പാൻ പ്രയാസമില്ലാത്തതുപോലെ, സൎവ്വശക്തനാ യ ദൈവത്തിന്നു അത്ഭുതങ്ങളെ പ്രവൎത്തിപ്പാനും പ്രയാസ മില്ലെന്നോൎക്കേണം. ദൈവം ആഗ്രഹിക്ക മാത്രം ചെയ്താൽ മ തി; "അവൻ പറഞ്ഞു, അപ്രകാരം ഉണ്ടായി; അവൻ ക ല്പിച്ചു, അപ്രകാരം സ്ഥിരമാകയും ചെയ്തു" (സങ്കീ. ൩൩. ൯). "പ്രകാശം ഉണ്ടാകട്ടെ എന്നു ദൈവം പറഞ്ഞു, പ്രകാശം ഉണ്ടായി" (൧ മോശ. ൧. ൩). "ദൈവത്തിന്നു സകലവും സാദ്ധ്യമാകുന്നുവല്ലോ" (മത്താ. ൧൯. ൨൬).

മ. കാൎയ്യം അങ്ങനെ തന്നേ, ആക്ഷേപമില്ല.

പ. വേറൊരു സംഗതി കൂടെ പറയട്ടെ: ബിഷോപ്പ് ബട്ട്ലെർ തന്റെ കൃതിയിൽ തെളിയിക്കുന്നതു, ക്രിസ്തുമതം പ്രകൃതിയുടെ പ്രമാണത്തിന്നു അനുസരണമായി നില്ക്കുന്നു എന്നും, അതു മനുഷ്യജാതിക്കു മാനസികവും സന്മാൎഗ്ഗികവും ആത്മികവും ആയ ആവശ്യങ്ങളെ എല്ലാം നല്കുന്നു എന്നും, അതു എല്ലാ ഗോത്രങ്ങളിൽനിന്നും ജാതികളിൽനിന്നും ഭാഷ ക്കാരിൽനിന്നും ഉള്ള ക്രിസ്ത്യാനികളുടെ അനുഭവത്തിന്നു ഒ ത്തതായിരിക്കുന്നു എന്നും തന്നേ.

മ. ക്രിസ്തുമതം എല്ലാ മനുഷ്യവൎഗ്ഗത്തിന്റെയും ആവ ശ്യങ്ങളെ ഒരുപോലെ നിവൃത്തിച്ചുകൊടുക്കുന്നു എന്നു ആ അഗാധ ആലോചനക്കാരനായ മഹാത്മാവു തെളിയിക്കു ന്നതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. നിങ്ങളും അ തിനെ തെളിയിപ്പാൻ ഇതുവരെ കഴിച്ച സംഭാഷണത്തി ന്നായി നിങ്ങളെയും അഭിനന്ദിക്കുന്നു.

പ. ആകട്ടെ; സൃഷ്ടിയുടെ ആന്തരം എന്താകുന്നു എന്നു ള്ള ആ മുഖ്യസംഗതിയെ കുറിച്ചു കുറെ കൂടെ പറവാനുണ്ടു.

മ. നല്ല കാൎയ്യം, കേൾപ്പാൻ സന്തോഷം തന്നേ.

പ. സൃഷ്ടിയുടെ ആന്തരം എന്നു പറയുമ്പോൾ, സൃഷ്ടി ക്കപ്പെട്ട സകലവും എന്തു സാദ്ധ്യത്തിന്നായി സ്രഷ്ടമായിരി ക്കുന്നു എന്നു താല്പൎയ്യം. ഒരു ഘടികാരത്തിൽ കാണുന്ന ഓ രോ ചില്ലറ പ്രവൃത്തിയും അതതിന്റെ ഉദ്ദേശത്തെ നിവ ൎത്തിച്ചുകൊണ്ടു, ഒടുവിൽ സമയക്ലിപ്തം കാട്ടുക എന്നതു അ തിന്റെ മുഖ്യ ആന്തരമാകുന്നുവല്ലോ. മനോഹരമായ ഒരു വ ലിയ ഭവനത്തെ നോക്കിയാലും അങ്ങനെ തന്നേ. അപ്പോ സ്തലൻ പറയുംപ്രകാരം "ഏതു ഭവനവും ഒരുത്തനാൽ പ ണി ചെയ്യപ്പെട്ടതാകുന്നു; എന്നാൽ സകലത്തെയും പണി

ചെയ്യുവൻ ദൈവമാകുന്നു." (എബ്രാ. ൩. ൪). ഒരു വലിയ ഭവനത്തെ സൂക്ഷിച്ചു നോക്കുമ്പോൾ ആ എടുപ്പിന്റെ തീൎത്ത മുഖ്യ ശില്പിയുടെ വൈഭവവും ജ്ഞാനവും എന്തുമാത്രമെന്നു അതിൽനിന്നു കാണാം. അവ്വണ്ണം തന്നേ ൦രം അതിശയകരമായ അഖിലാണ്ഡ സൃഷ്ടിയെ ആലോചിച്ചു നോക്കിയാൽ, ഒരു ദിവ്യ ശില്പിയുടെ അതിരററ ജ്ഞാനവും ശക്തിയും പ്രാപ്തിയും അതിൽനിന്നു പ്രത്യക്ഷമാകുന്നു. പുകവണ്ടിസൂത്രം എത്ര അത്ഭുതകരമായ ഒരു യന്ത്രമാകുന്നു; മനുഷ്യനോ, അതിനേക്കാൾ അത്ഭുതമേറിയ യന്ത്രമത്രെ. പുകവണ്ടി യന്ത്രങ്ങൾ വളരെ ബുദ്ധിസാമൎത്ഥ്യവും കൌശല വിദ്യയും മൂലമുണ്ടായ കണ്ടുപിടുത്തമായിരിക്കെ, അതു യദൃച്ഛാസംഭവമായിട്ടു ഉണ്ടായതെന്നു പറയുന്നവൻ ഭോഷനല്ലയോ?

മ. അതിന്നു ആക്ഷേപമുണ്ടോ? ആറും ആറും കൂടിയാൽ പന്ത്രണ്ടു എന്നതിൽ സന്ദേഹമെന്താണ്? ഭോഷന്മാരല്ലാതെ പിന്നെ ആരു അതിനെ പററി തൎക്കിക്കും?

പ. കൊള്ളാം; ഒരു പുകവണ്ടിസൂത്രത്തിൽ പലതരമായ യന്ത്രങ്ങളെല്ലാം ഒന്നോടൊന്നു ചേൎത്തു, കാൎയ്യസാദ്ധ്യത്തിലേക്കു അതിനെ കൊണ്ടുവരുവാൻ തക്കവണ്ണം അതിന്റെ കണ്ടുപിടുത്തക്കാരനായ ജോൎജ്ജ് സ്റ്റീഫൻസൻ (George Stephenson)(1) അത്ര ബുദ്ധിസാമൎത്ഥ്യവും വൈഭവശക്തിയും ഉള്ളവനായിരുന്നുവെങ്കിൽ, അവനെ ഇപ്രകാരമുള്ള കൌശല ബുദ്ധിയോടും വൈഭവ ശക്തിയോടും കൂടെ സൃഷ്ടിച്ചവനായ ദൈവം എത്രമേൽ അളവററ ജ്ഞാനിയും ശക്തനുമായിരിക്കേണം!

മ. അതു എനിക്കു ബോധമാണ്. പുകവണ്ടിസൂത്രം രാജ്യത്തിന്നു വളരെ ഗുണപ്രദമായ ഒരു കണ്ടുപിടുത്തം തന്നേ. ഇപ്പോൾ ചെറുവണ്ണൂർ മുതൽ എൎണാകുളം വരെ പുകവണ്ടിയുള്ളതിനാൽ കൊച്ചിസംസ്ഥാനത്തുള്ള ജനങ്ങളും അതുമൂലം വളരെ കൃതജ്ഞരായിരിക്കുന്നു.

പ. അതേ; വീണ്ടും പകലും രാവും വൎഷവും വേനലും ഒന്നിനെ ഒന്നു ക്രമമായി അനുകരിച്ചുകൊണ്ടിരിക്കുന്നതും ആകാശവിരിവിലേ സൂൎയ്യചന്ദ്ര നക്ഷത്രാദികൾ നിരാധാരമായി നില്ക്കുന്നതും നോക്കുമ്പോൾ എത്ര അതിശയകരമായ ശക്തിയും ജ്ഞാനവും അതിൽ പ്രത്യക്ഷമാകുന്നു! അതുകൊ

(1) മിസ്റ്റർ ജോൎജ്ജ് സ്റ്റീഫൻസൻ ക്രിസ്ത്വാബ്ദം ൧൭൮൧-ൽ ജനിച്ചു.

ണ്ടു "ഞാൻ നിൻെറ കൈവിരലുകളുടെ ക്രിയയാകുന്ന നിൻെറ ആകാശങ്ങളെയും നീ ഉണ്ടാക്കീട്ടുള്ള ചന്ദ്രനെയും നക്ഷത്രങ്ങളെയുംനോക്കുമ്പോൾ നീ മനുഷ്യനെ ഓൎപ്പാൻ അവൻ എന്തു!" എന്നു ആലോചന ബുദ്ധിയുള്ള ആ ദൈവഭൃത്യൻ ആശ്ചൎയ്യം കൂറുന്നതിൽ അതിശയിപ്പാനില്ലല്ലോ (സങ്കി. വ്യ. ൩, ൪). "ഭക്തികേടുള്ള വാനശാസ്ത്രജ്ഞൻ ഭ്രാന്തനാകുന്നു" എന്നു ദൈവഭക്തനായ ഒരു കവി ഘോഷിച്ചിരിക്കുന്നതു ശരിയല്ലയോ?

മ. ശരി തന്നേ; എന്തെന്നാൽ ആകാശവിരിവിലുള്ള അസംഖ്യമായ പ്രകാശഗോളങ്ങളൊക്കെയും, മനുഷ്യൻ അവയുടെ സൃഷ്ടികൎത്താവിനെ ഭയഭക്തിയോടെ സേവിച്ചു ആരാധിക്കേണമെന്നു പഠിപ്പിക്കുന്നു. എന്നാൽ അതിനെ ഗ്രഹിക്കാത്തവൻ ഭ്രാന്തനല്ലാതെ പിന്നെ ആരു?

പ. അതേ, അവനെ ഒരു ഭ്രാന്തനെന്നു വേണം പറവാൻ.

മ. ദൈവമുണ്ടോ ഇല്ലയോ എന്നു ഭോഷന്മാരെ പോലെ ജല്പിച്ചുകൊണ്ടു നടക്കുന്ന അഗ്നോസ്തികന്മാർ, നാസ്തികന്മാർ എന്നിവരുടെ നില എത്ര ന്യായവിരോധവും പരിതാപകരവുമെന്നു ഞാൻ കാണുന്നു.

പ. ശരി തന്നേ; അവരുടെ നിലയുടെ താല്പൎയ്യം, ദൈവവിചാരമില്ലാതെ ശീഘ്രം ഒഴിഞ്ഞു പോകുന്ന ഈ പാപലോകത്തിൻെറ ഉല്ലാസങ്ങൾക്കായി ജീവിക്കേണം എന്നത്രെ. (൧ യോഹ. ൨, ൧൫—൧൭.) "നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നതു ദൈവത്തിലാകുന്നു" എന്നു അവർ ഓൎക്കുന്നതുമില്ല.(അപ്പൊ. പ്ര. ൧൭. ൨൮.)

മ. കാൎയ്യം മനസ്സിലാകുന്നു.

പ. ദൈവത്തിൻെറ ഗുണകരമായ വിശേഷ ജ്ഞാനത്തെ സൂചിപ്പിക്കുന്ന വേറെ ചില സംഗതികൂടെ പറയാമല്ലോ.

മ. കൊള്ളാം, കേൾക്കട്ടെ.

പ. മിന്നൽ കമ്പി എത്ര അതിശയിക്കത്തക്ക ഒരു കണ്ടുപിടുത്തമായിരിക്കുന്നു. ഐൎല്ലണ്ടിൽനിന്നു മൂവായിരം നാഴിക ദൂരമുള്ള അമേറിക്കയിലേക്കു ഒരു മിനിട്ടുകൊണ്ടു ഇപ്പോൾ വൎത്തമാനം എത്തിപ്പാൻ കഴിയും. ലോകൎക്കു തങ്ങളുടെ ഞെരുക്കവും പ്രയാസവുമേറിയ സമയങ്ങളിൽ അതു എത്ര

വലിയ കാൎയ്യമാകുന്നു. ദൃഷ്ടാന്തമായിട്ടു, നിങ്ങളുടെ ഒരു സ്നേഹിതൻ ഒരു ബാറിസ്റ്ററുടെ ഉദ്യോഗം അഭ്യസിപ്പാനായി ഗ്രേട്ട്ബ്രിട്ടനിലേക്കു പോയി എന്നിരിക്കട്ടെ. കുറെ നാൾ കഴിഞ്ഞ ശേഷം, തന്റെ പ്രിയമാതാവു അത്യന്തമായ ഒരു രോഗം മൂലം കഷ്ടപ്പെടുന്നതായി തനിക്കു വീട്ടിൽനിന്നു ഒരു കത്തു കിട്ടി; അതിങ്കൽ തനിക്കു വ്യസനം വൎദ്ധിപ്പാൻ തുടങ്ങി; തന്റെ അമ്മയും ശേഷക്കാരുമെല്ലാം അനേകായിരം നാഴിക ദൂരത്തിലാണു്. ഉടനെ താൻ കമ്പിമൂലം വൎത്തമാനം അറിവാൻ ശ്രമിച്ചു; കുറഞ്ഞോരു മണിക്കൂറുകൾക്കിടയിൽ, "അമ്മെക്കു സുഖം കിട്ടിവരുന്നു" എന്നു മറുപടിയുണ്ടായി. അതിങ്കൽ തന്റെ സന്തോഷം എന്തുമാത്രമായിരിക്കാം!

മ. ഹാ, തന്റെ മനസ്സിലുണ്ടായിരുന്ന ഭാരമേറിയ വ്യാകുല ചിന്തയെല്ലാം ഉടനെ നീങ്ങിപ്പോയല്ലോ. താൻ അതിങ്കൽ എത്ര സന്തോഷവും നന്ദിയുമുള്ളവനായിരിക്കേണം.

പ. അതേ, ശരി തന്നേ; ഇത്ര വളരെ പ്രയോജനകരമായ ഒരു വിദ്യയെ കണ്ടുപിടിപ്പാൻ മനുഷ്യനു ബുദ്ധിസാമൎത്ഥ്യമുണ്ടായെങ്കിൽ, ആ ബുദ്ധി വിശേഷതയെ അവനു നല്കിയവനായ ദൈവം എത്രമേൽ അതിശയിക്കത്തക്ക ജ്ഞാനിയായിരിക്കേണം?

മ. സംശയമില്ല, അതു നല്ലോരു യുക്തി തന്നേയാണു്.

പ. അവസരമുണ്ടായിരുന്നെങ്കിൽ നമുക്കു ഇനിയും മനുഷ്യന്റെ അനേകം കണ്ടുപിടുത്തങ്ങളെ കുറിച്ചും അതിൽനിന്നു പ്രത്യക്ഷമായി വരുന്ന ദൈവജ്ഞാനത്തെ കുറിച്ചും കുറെ കൂടെ സംഭാഷിക്കാമായിരുന്നു.

മ. വേണ്ടുവതില്ല, ഈ പറഞ്ഞ സംഗതികൾ തന്നേ മതിയല്ലോ.

പ. ആകട്ടെ, ഈ വലിയ സംഗതിയെ അവസാനിപ്പിക്കും മുമ്പെ വേറൊരു കാൎയ്യം കൂടെ പറയേണമെന്നു ആഗ്രഹിക്കുന്നു.

മ. അങ്ങനെയാകട്ടെ; പറഞ്ഞാലും.

പ. മനുഷ്യന്റെ സാമൎത്ഥ്യമേറിയ കണ്ടുപിടുത്തങ്ങളെ കുറിച്ചും മറ്റും നാം ഇതുവരെ സംഭാഷിച്ചുവല്ലോ. ഇനി സ്രഷ്ടാവായ ദൈവത്തിന്റെ കൈപ്പണിയാകുന്ന മനുഷ്യ ശരീരത്തെ കുറിച്ചു തന്നേ അല്പമൊന്നു ആലോചിക്കാം. ആവിസൂത്രങ്ങൾ മനുഷ്യന്റെ അതിശയകരമായ കൈപ്പണിയായിരിക്കുംവണ്ണം, മനുഷ്യൻ ദൈവത്തിന്റെ അതിശയമേറി

യ കെപ്പണിയാകുന്നു. അതുകൊണ്ടു "ഞാൻ ഭയങ്കരമായിട്ടും അതിശയമായിട്ടും ഉണ്ടാക്കപ്പെട്ടിരിക്കുന്നു" എന്നു സങ്കീൎത്തനക്കാരൻ പറയുന്നതു എത്രമേൽ ശരിയായിട്ടുള്ളതാകുന്നു എന്നു തോന്നുന്നില്ലയോ? (സങ്കീ. ൧൩൯. ൧൪).

മ. ഉവ്വു്, ഞാൻ വായിച്ചറിഞ്ഞിട്ടുള്ള ശരീര ശാസ്ത്രപ്രകാരം മനുഷ്യൻ സൎവ്വസൃഷ്ടികളിൽ വെച്ചും അതിമഹത്തായ അത്ഭുത സൃഷ്ടിയെന്നു ഞാൻ നല്ലവണ്ണം ഗ്രഹിച്ചിരിക്കുന്നു.

പ. അതേ, ഓരോ കാൎയ്യസാദ്ധ്യത്തെ ഉന്നിക്കൊണ്ടു മനുഷ്യ ശരീരത്തിന്റെ ഓരോ ഭാഗങ്ങളെ നിൎമ്മിച്ചിരിക്കുന്നതു നോക്കിയാൽ വളരെ വിസ്മയം തോന്നും. ദൃഷ്ടാന്തമായിട്ടു, തൊണ്ടയോടു സംബന്ധിച്ചു ശ്വാസോഛ്വാസം കഴിപ്പാൻ ഒരു ദ്വാരവും, ഭക്ഷണപാനീയങ്ങളെ വിഴുങ്ങുവാനായി മറ്റൊന്നും, ഇങ്ങനെ തൊണ്ട തന്നേ രണ്ടു പ്രകാരമായിട്ടാകുന്നു. ശരീരത്തിലുള്ള അസ്ഥികളുടെ ബഹുത്വം, നാഡികൾ വഴിയായി ശരീരം ആസകലമുള്ള രക്തസഞ്ചാരം, അതു മൂലം ഹൃദയത്തിൽ സദാ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി ഇവയെല്ലാം ആലോചിച്ചു നോക്കിയാൽ എത്ര മഹാ അത്ഭുതം തോന്നത്തക്കതായിരിക്കുന്നു.

മ: അതിന്നു തൎക്കമില്ലല്ലോ. ഞാൻ അറിഞ്ഞിടത്തോളം ശരീരശാസ്ത്രം അതിശയിക്കത്തക്ക ഒരു മുഖ്യ വിഷയമത്രെ.

പ. പിന്നെയും കണ്ണു ചെവി മുതലായ മുഖ്യ അംഗങ്ങളെയും അവയുടെ ചേൎച്ചയായ നിൎമ്മാണത്തെയും മറ്റും ആലോചിക്കുമ്പോൾ, അവയെ സൃഷ്ടിച്ച മഹാ ദൈവത്തിന്റെ അളവറ്റ ജ്ഞാനത്തെ കുറിച്ചു വിസ്മയിക്കാതിരിക്കുന്നതു എങ്ങനെ?

മ. അവയെല്ലാം അത്യന്തം ആശ്ചൎയ്യപ്പെടത്തക്ക സംഗതികൾ തന്നേ.

പ. അതു കൂടാതെ, ഏഴാം വൎഷന്തോറും മനുഷ്യശരീരത്തിന്നു ഒരു വലിയ മാറ്റം ഭവിച്ചുകൊണ്ടിരിക്കുന്നു; അതിനെ കുറിച്ചു നിങ്ങൾ അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ.

മ. ഉവ്വു്, പലപ്പോഴും എനിക്കു അതിങ്കൽ വിസ്മയം തോന്നീട്ടുണ്ടു.

പ. ഇനിയും, മൃഗവൎഗ്ഗങ്ങളിലും സസ്യലോഹാദികളിലും കാണപ്പെടുന്ന അതിശയ കാൎയ്യങ്ങളെ ആലോചിച്ചു നോക്കിയാൽ, പ്രസ്താവിപ്പാൻ കഴിയുന്നതിൽ അധികമത്രെ.

ഇവയൊക്കെയും, അളവററ ശക്തിയും ജ്ഞാനവും നന്മയും നിറഞ്ഞ ഒരുവനാൽ, ചില പ്രത്യേക സാദ്ധ്യത്തിന്നായുള്ള കരുതലോടെ ഉണ്ടാക്കപ്പെട്ടിരിക്കുന്നു എന്നു കാണുന്നില്ല യോ? അതിങ്കൽ സംശയപ്പെടുന്നതു അറിവുകേടും ന്യായവിരുദ്ധവും മാത്രമല്ലോ.

മ. എന്റെ അഭിപ്രായവും അങ്ങനെ തന്നേയാണ്.

പ. പ്രാപ്തനും ആലോചനക്കാരനുമായ ഒരു ദിവ്യൻ പറയുന്നതു: "മനുഷ്യന്റെ വിശേഷ ജ്ഞാനം, ദേഹപ്രകൃതി, ആത്മസ്വഭാവം, പ്രകൃതിയോടുള്ള സംബന്ധം, സ്വഭാവഗുണം, നിനവു, മാനസികമായ സാമത്ഥ്യം മുതലായവ ആലോചിക്കുമളവിൽ അവന്റെ ഉത്ഭവവും മുറകളും ചുമതലകളും അവസാന പ്രാപ്തിയും എന്തു സാദ്ധ്യത്തിന്നായിട്ടു ആയിരിക്കേണമെന്നു അവ തന്നേ വെളിപ്പെടുത്തുന്നതു കൂടാതെ, സൎവ്വജ്ഞാനിയായ അവന്റെ സ്രഷ്ടാവിന്റെ അത്യന്ത ശക്തി, നന്മ, അറിവു ഇത്യാദി ഗുണങ്ങളെ കൂടെ അവ പ്രത്യക്ഷീകരിക്കുന്നു" എന്നാകുന്നു.

മ. ശരി തന്നേ, അവയെല്ലാം ഞാൻ കാണുന്നു.

പ. എഡിൻബറോയിലേ ഡോക്ടർ വാട്ട്സൻ (**Dr. Watson**) പറയുന്നതു: പഞ്ചേന്ദ്രിയങ്ങളാകുന്ന ശ്രോതസ്സ്, ത്വക്ക്, ചക്ഷു, ജിഹ്വ, ഘ്രാണം എന്നീ അഞ്ചും അറിവിന്റെ അഞ്ചു മാൎഗ്ഗങ്ങളാകുന്നു. ബാഹ്യമായ കാൎയ്യങ്ങളെ കുറിച്ചു ആത്മാവിങ്കൽ ഉണ്ടാകുന്ന ബോധജ്ഞാനങ്ങളൊക്കെയും ഈ പഞ്ചേന്ദ്രിയ വിഷയങ്ങളാൽ മാത്രമാകുന്നു എന്നത്രെ.

മ. ഹിന്തുക്കളുടെ തത്വജ്ഞാനവും അങ്ങനെ തന്നേയാണ്.

പ. കൊള്ളാം; നിരീശ്വരന്മാർ, അഗ്നോസ്തികന്മാർ മുതലായ അവിശ്വാസികളെ സംബന്ധിച്ചു നമ്മുടെ സംഭാഷണം അവസാനിക്കും മുമ്പെ ഡോക്ടർ ഹില്യർ (**Dr. Hillier**) പ്രസ്താവിച്ചിട്ടുള്ള ഒരു വൃത്താന്തം കൂടെ പറഞ്ഞുകൊള്ളട്ടെ.

മ. ആകട്ടെ, പറഞ്ഞാലും.

പ. ഹില്യർ പറയുന്നതു: ഒരിക്കൽ മിസ്റ്റർ ബ്രാഡ്ലൊ (**Mr. Bradlaugh**) എന്ന അവിശ്വാസി, നാസ്തികത്വത്തെ കുറിച്ചു ഒരു പാഠവം പറഞ്ഞു അവസാനിപ്പിച്ച ശേഷം, കൂടിയിരുന്ന കേൾവിക്കാരിൽ ആൎക്കെങ്കിലും താൻ കഴിച്ചപ്രസംഗത്തോടു എതിൎപ്പാൻ കഴിയുമെങ്കിൽ മറുപടി തരട്ടെ എന്നു വി

ളിച്ചുപറഞ്ഞു. കല്ക്കരിഖനികളിൽ വേല ചെയ്യുവന്ന ഒരുത്തൻ ഉടനെ എഴുനീററു നിന്നു പറഞ്ഞതു, ഞാനും എന്റെ കൂട്ടുകാരനായ ജാക്കും (യാക്കോബ്ബും) മെഥോഡിസ്റ്റ മിഷ്യൻകാരായിരുന്നു. അങ്ങനെയിരിക്കെ, ദൈവവിശ്വാസമില്ലാത്ത അവിശ്വാസികളിൽ ചിലർ ഈ വഴിക്കു കടന്നു വന്നു, എന്റെ കൂട്ടുകാരനായ ജാക്കിനെ അവരുടെ പാട്ടിലാക്കി. അവനും അവരെ പോലെ ഒരു അവിശ്വാസിയായി തീൎന്നിട്ടു, എന്നെ ശകാരിപ്പാനും ഉപദ്രവിപ്പാനും, പ്രാൎത്ഥനായോഗങ്ങളിലേക്കുള്ള എന്റെ പോക്കിനെ മുടക്കുവാനും ശ്രമിച്ചു. എന്നാൽ ഒരു ദിവസം കല്ക്കരിതുരങ്കത്തിൽ വെച്ചു ഒരു വലിയ കട്ടകല്ക്കരി ജാക്കിന്റെ തലമേൽ വീണു, മരിച്ചുപോയെക്കുമെന്നു അവൻ വിചാരിച്ചു. ദൈവം ഇല്ലെന്നു വിചാരിപ്പാൻ തുടങ്ങിയവനായ ജാക്ക്, ഉടനെ "അയ്യോ ദൈവമേ" എന്നു നിലവിളിപ്പാൻ തുടങ്ങി. ഇത്രയും പറഞ്ഞ ശേഷം ആ തുരങ്കവേലക്കാരൻ ബ്രാഡ്ലൊയെ സൂക്ഷിച്ചു നോക്കികൊണ്ടു, "ഹേ, ബാല്യക്കാരാ, ദൈവവിശ്വാസമില്ലായ്മയെ മനുഷ്യന്റെ തലയിൽനിന്നു പുറത്തിറക്കുവാൻ കല്ക്കരിക്കട്ട പോലെ ഇത്ര നല്ല സാധനം മറെറാന്നുമില്ല" എന്നു പറഞ്ഞിട്ടു താൻ ഇരിക്കയും ചെയ്തു.

മ. അതിങ്കൽ ചിരിക്കാതിരിക്കുന്നതു എങ്ങനെ? മറുപടി വളരെ ഉചിതമായി. അവിശ്വാസി തന്റെ പിന്നത്തേ അവസ്ഥ അറിയായ്കകൊണ്ടു മരണത്തിന്മേൽ നോക്കുവാൻ ഭയപ്പെടുന്നു എന്നല്ലയോ അവൻ പറഞ്ഞതിന്റെ താല്പൎയ്യം.

പ. താല്പൎയ്യം അതു തന്നേ. നമ്മുടെ സംഭാഷണം അവസാനിക്കുംമുമ്പെ നിങ്ങളെ ഗ്രഹിപ്പിപ്പാൻ ഞാൻ ആഗ്രഹിക്കുന്ന കാൎയ്യവും അതാകുന്നു.

മ. കൊള്ളാം; എന്നാൽ ബൈബിളും ക്രിസ്തുവും ക്രിസ്തീയ മതവും വളരെ മുഖ്യ വിഷയങ്ങളായി ഞാൻ വിചാരിച്ചിട്ടുള്ളതിനാൽ അതിനെ കുറിച്ചു ഇനിയും അധികമധികം കേൾപ്പാൻ ആഗ്രഹമുണ്ടു. പ്രത്യേകം വിദ്വാന്മാരും ഗുണശാലികളുമായ നല്ല മനുഷ്യരുടെ അഭിപ്രായങ്ങളെ തന്നേ.

പ. ആ സംഗതികളെ സംബന്ധിച്ചു മുമ്പിൽ പറഞ്ഞിട്ടുള്ളവ കൂടാതെ ഇനിയും വളരെ സാരമേറിയ കാൎയ്യങ്ങൾ പറവാനുണ്ടു, പറയുന്നതിലേക്കു സന്തോഷവുമുണ്ടു.

മ. എന്നാൽ കേൾപ്പാൻ ഞാനും ഒരുക്കം തന്നേയാണ്.

പ. നിങ്ങൾ പക്ഷേ ഇതിന്നു മുമ്പിൽ പലപ്പോഴും കേ

ട്ടിട്ടുള്ള റവറണ്ട് ജി. റി. മാൻലി (**Rev. G. T. Manley, M. A.**) എന്ന ദിവ്യൻ പ്രസ്താവിച്ചിട്ടുള്ള ചില ക്രിസ്തീയ വിദ്വാന്മാരുടെ അഭിപ്രായങ്ങളെ കുറിച്ചാകുന്നു ഞാൻ പറവാൻ പോകുന്നതു.

മ. ആ മഹാനായ മനുഷ്യന്റെ പേർ പലപ്പോഴും ഞാൻ കേട്ടിട്ടുണ്ടു. എന്നാൽ ഒന്നാമതായി അദ്ദേഹത്തിന്റെ പ്രാപ്തിയെയും പഠിത്വത്തെയും കൊണ്ടു തന്നേ അല്പമൊന്നു പറഞ്ഞു കേട്ടാൽ കൊള്ളാം.

പ. അദ്ദേഹം ഒരു മഹാ ഭക്തൻ എന്നു മാത്രമല്ല; വളരെ ബുദ്ധിശാലിയും കൂടെ ആകുന്നു. താൻ ഒരു വിസ്താര മാനസ്സനും, കൎത്താവായ യേശുവിനെ പരമാൎത്ഥമായി സ്നേഹിക്കുന്നവരോടൊക്കെയും പക്ഷമുള്ളവനും ആകുന്നു. താൻ കേംബ്രിഡ്ജ് കലാശാലയിൽ അക്കാലത്തു കീൎത്തി പ്രാപിച്ച വിദ്യാൎത്ഥികളിൽ വെച്ചു ഒന്നാമത്തേ വിരുതുശാലിയും ആയിരുന്നു.

മ. ഒന്നാമത്തേ വിരുതുശാലിയോ?

പ. അതേ "സീനിയർ റാങ്ക്ളർ" (**Senior Wrangler**) തന്നേ.

മ. അപ്പോൾ താനൊരു മഹാ പ്രാപ്തനായിരിക്കേണമല്ലോ. സൎവ്വകലാശാലയിലേ ഏററവും ഉപരിയായ പരീക്ഷയിൽ വെച്ചു ഒന്നാമത്തേ വിരുതുകാരൻ ആകേണമെങ്കിൽ എത്ര വളരെ ബുദ്ധിസാമൎത്ഥ്യം വേണ്ടിയിരിക്കുന്നു!

പ. ശരി തന്നേ; മഹാ വിദ്വാനായിരിക്കേണം.

മ. അങ്ങനെയുള്ളോരു മഹാൻ ക്രിസ്തുവിനെ തങ്ങളുടെ രക്ഷിതാവായിട്ടു വിശ്വസിച്ചിരുന്ന വിദ്വാന്മാരായ മനുഷ്യരുടെ മതാഭിപ്രായങ്ങളെ കുറിച്ചു പറയുമ്പോൾ അതു ഏററവും ശ്ലാഘിക്കേണ്ടു കാൎയ്യമല്ലോ.

പ. ഞാനും അങ്ങനെ തന്നേ വിചാരിക്കുന്നു.

മ. മിസ്റ്റർ മാൻലിയെ നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?

പ. ഉവ്വ്; ഒരിക്കൽ ഒരു വലിയ കൂട്ടത്തോടു താൻ കഴിച്ച ഒരു വിശേഷ പ്രസംഗവും കൂടെ ഞാൻ കേട്ടിട്ടുണ്ടു. താൻ ഇന്ത്യ നിവാസികളുടെ ആത്മിക ഗുണീകരണത്തിന്നായി അത്യന്തം വാഞ്ഛിക്കയും, ക്രിസ്തുയേശുവെയുള്ള അറിവിലേക്കു അവർ വന്നെത്തുവാൻ നോക്കിക്കാത്തിരിക്കയും ചെയ്യുന്നു. അദ്ദേഹം കല്ക്കത്തായിൽ കുറെകാലം അതിന്നായി അദ്ധ്വാനിക്കയും ചെയ്തു.

മ. അതു വളരെ സന്തോഷകാൎയ്യം തന്നേ.

പ. അദ്ദേഹം ഹിന്തുമതത്തെയും അതിൻെറ തത്വജ്ഞാനോപദേശങ്ങളെയും നല്ലവണ്ണം പഠിച്ചറിഞ്ഞവനാകയാൽ മതവിഷയങ്ങളിലുള്ള തൻെറ അഭിപ്രായങ്ങളെ വളരെ വിലമതിക്കേണ്ടിയിരിക്കുന്നു.

മ. അതിന്നു ആക്ഷേപമില്ലല്ലോ.

പ. ക്രിസ്തുമതം ഇണ്ട്യയിലുള്ള വിവിധ ജാതികളുടെ എല്ലാ ആത്മിക ആവശ്യങ്ങൾക്കും മതിയാകുന്നതായിരിക്കുന്നു എന്നു ബുദ്ധിശാലികളും ഗുണവാന്മാരുമായ അനേകം വിദ്വാന്മാരുടെ വിചാരം പോലെ തന്നേ മിസ്റ്റർ മാൻലിയുടെ അഭിപ്രായവും ആകുന്നു.

മ. അങ്ങനെയോ? മതസംബന്ധമായ തൻെറ അഭിപ്രായങ്ങളെ കേൾപ്പാൻ എനിക്കും വളരെ താല്പൎയ്യം തോന്നുന്നു.

പ. കൊള്ളാം; ആ ദിവ്യൻ നമ്മുടെ കൎത്താവിൻെറ ദൈവത്വത്തെയും, തൻെറ അതിശയപ്രവൃത്തികളെയും, ഉയിൎപ്പിനെയും, രക്ഷയുടെ സദ്വാൎത്തമാനമായ ബൈബിളിൻെറ സത്യതയെയും കുറിച്ചു പ്രത്യേകം പറഞ്ഞിരിക്കുന്നു.(1)

മ. അവ ഏററവും സാരസംഗതികളാകയാൽ എല്ലാ മനുഷ്യരും അതിനെ സൂക്ഷ്മതയോടെ ആലോചിക്കേണ്ടതാകുന്നു എന്നല്ലയോ നിങ്ങളുടെ താല്പൎയ്യം?

പ. സംശയമെന്നിയേ അതുതന്നേ എൻെറ താല്പൎയ്യം. ഇണ്ട്യയുടെ സത്യ സ്നേഹിതനാകുന്ന മിസ്റ്റർ മാൻലി തൻെറ ഒരു ചെറുഗ്രന്ഥത്തെ ഇപ്രകാരം ആരംഭിക്കുന്നു:—

"ഇന്നു ഇണ്ട്യയിലുള്ള ശ്രീമാന്മാരിൽ അനേകർ സത്യത്തെ താല്പൎയ്യ സഹിതം അന്വേഷിക്കുന്നുണ്ടു; എങ്കിലും ക്രിസ്തുമതത്തിലേ മുഖ്യനായ ശ്രീയേശു എന്നയാൾ അവതാരം ചെയ്തു ദൈവപുരുഷനാകുന്നു എന്നും,(2) താൻ നമ്മുടെ പാപത്തിന്നായി മരിച്ചു നീതിക്കായി വീണ്ടും ഉയിൎത്തു എന്നും(3) ഉള്ള ഈ സംഗതികളെ അവർ പരമാൎത്ഥമായി പരിശോധിച്ചറിയുന്നില്ല. അതിൻെറ കാരണങ്ങളിൽ ഒന്നു ഇപ്പോഴുള്ള നൂതന വിദ്യകൾ മൂലം അതിശയ സംഭവങ്ങൾ സാക്ഷാൽ ഉണ്ടാവാൻ കഴിയാത്തവ എന്നും അതുകൊണ്ടു ക്രിസ്തുവി

(1) അവശേഷം A നോക്കുക.

(2) ഇതു എല്ലാ മനുഷ്യരും മുഖ്യം ഓൎക്കേണ്ട സംഗതിയാകുന്നു.

(3) റോമ. ൪. ൨൫.

ൻെറ അതിശയങ്ങൾ കേവലം വാസ്തവമല്ല എന്നു സാക്ഷിച്ചുവരുന്നതിനാലത്രെ. ഈ വിചാരം പരമാൎത്ഥമാണെങ്കിൽ അതിനെ കുറിച്ചു ഒന്നാമതായി അറിഞ്ഞിരിക്കേണ്ടിയവർ തല്ക്കാലവിദ്യകളെ കണ്ടുപിടിച്ചിട്ടുള്ള വിദ്വാന്മാരല്ലൊ. അങ്ങിനെയുള്ള വിജ്ഞാന കൎത്താക്കൾ തങ്ങൾ കണ്ടുപിടിച്ചിട്ടുള്ള വിദ്യകൾ മൂലം ക്രിസ്തുവിനെ സംബന്ധിച്ചു അതിശയങ്ങളും തൻെറ ഉയിൎപ്പിൻ സംഗതികളും ഒക്കെയും വെറും കബന്ധമോ കെട്ടുകഥയോ മാത്രമാകുന്നു എന്നു ഒന്നാമതായി അവർ തന്നേ പ്രസ്താവിപ്പാൻ ന്യായമുണ്ടായിരുന്നു. എങ്കിലോ കാൎയ്യം അങ്ങിനെയല്ല നൂതന കാല വിദ്വാന്മാരിൽ അനേകരും, ക്രിസ്തുമത വിശ്വാസികളും അതിനെ പ്രബലപ്പെടുത്തുവാൻ പ്രയത്നിച്ചുവരുമാകയാൽ, സത്യത്തെ അറിവാൻ ആഗ്രഹിക്കുന്ന ഹിന്തുക്കളോ മുസല്മാനരോ ബൌദ്ധരോ ആരായാലും കൎത്താവായ ക്രിസ്തുയേശു ലോകരുടെ രക്ഷിതാവോ അല്ലയോ എന്നു പരിശോധിച്ചറിയേണ്ടതു അവരുടെ മുറയാകുന്നു. താൻ സാക്ഷാൽ ലോകരക്ഷിതാവാണെങ്കിൽ അതു ദൈവത്തിന്നു ലോകരോടുള്ള സ്നേഹത്തെ പ്രദൎശിപ്പിക്കുന്ന ഒരു സദ്വൎത്തമാനമത്രെ; അല്ലാത്തപക്ഷം, അതൊരു മഹാ വഞ്ചനയെന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു മഹാന്മാരായ വിദ്വാന്മാർ ഉറപ്പായി വിശ്വസിച്ചിരുന്നതും വിശ്വസിച്ചു വരുന്നതുമായ ആ കാൎയ്യം നിത്യമായ ഒരു സത്യമോ വെറും കബന്ധമോ എന്നു ആലോചിപ്പാൻ ആവശ്യമായിരിക്കുന്നു" എന്നത്രെ.

മ. ആ ഗുണവാനായ മഹാൻെറ വചനങ്ങൾ വളരെ തെളിവും ആശ്ചൎയ്യകരവും മാത്രമല്ല ന്യായവും സത്യവും കൂടെ ആണെല്ലൊ.

പ. അതേ, ആ വിദ്വാന്മാരുടെ നാമധേയങ്ങളിൽ ചിലതെല്ലാം ഇതിന്നു മുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഇവിടെ പറയുന്നതായി അവരെ സംബന്ധിച്ചു കാൎയ്യങ്ങൾ ഇതിന്നു മുമ്പിൽ പറഞ്ഞിട്ടില്ലാത്തവയത്രെ.

മ. മനസ്സിലാകുന്നു.

പ. ആലോചനയിൽ ആഴമേറിയവനായ മിസ്റ്റർ മാൻലി ഈ വലിയ സംഗതിയെ കുറിച്ചു പറയുന്നതു: "സേർ ഐസക്ക് ന്യൂട്ടൻ (Sir Isaac Newton) എന്ന വിദ്വാൻ എല്ലാ പ്രകൃതവിദ്യയുടെയും അടിസ്ഥാനം ഇട്ടവനാകുന്നു. അവനെ വിദ്യ മണ്ഡലത്തിൽ ശോഭിക്കുന്ന സൂൎയ്യനെന്നു

വേണം പറവാൻ. താൻ താഴ്മയും പരമാൎത്ഥ ഉത്സാഹവു മുള്ള ഒരു ക്രിസ്ത്യാനിയായിരുന്നു. ആ വിദ്വാൻ വളരെ സൂക്ഷ്മതയോടുകൂടി ബൈബിൾ പരിശോധിച്ച ശേഷം എഴുതുന്നതു 'ലൌകികമായ എല്ലാ ചരിത്രങ്ങൾക്കും ഉള്ള സത്യതയേക്കാൾ ബൈബിളിന്റെ സത്യതെക്കു അധികം തെളിവുകളുണ്ടു' എന്നാകുന്നു. അദ്ദേഹം തന്റെ ധനത്തെ സാധുക്കൾക്കു ബൈബിൾ ദാനം ചെയ്യുന്നതിൽ വളരെ ചിലവഴിച്ചു.

മ. അതു മരണപൎയ്യന്തം ഓൎക്കത്തക്ക ഒരു സാരസംഗതി തന്നേയാണ്.

പ. അതേ, മിസ്റ്റർ മാൻലി ന്യായകരമായി ചോദിക്കുന്നതു: "അതിശയ പ്രവൃത്തികൾ പ്രകൃതിയുടെ പ്രമാണങ്ങൾക്കു വിരുദ്ധമായി നില്ക്കുന്നുവെങ്കിൽ, ആ പ്രമാണങ്ങളെ കണ്ടുപിടിച്ചവനായ ന്യൂട്ടൻ ക്രിസ്തീയ വിശ്വാസത്തെ പൂൎണ്ണമായി പരിശോധിച്ചു അതിനെ പ്രബലപ്പെടുത്തുവാൻ ശ്രമിച്ചതെങ്ങനെ?"

മ. അതു അവിശ്വാസികൾക്കു കടിച്ചുടപ്പാൻ പ്രയാസമുള്ള ഒരു കഠിന സാധനം തന്നേ.

പ. ശരി, ശരി, മൈക്കൾ ഫറാഡെ (**Michael Faraday**) എന്ന മഹാൻ വിദ്യാവിഷയങ്ങളെ പരിശോധന സൂത്രം മൂലം നിശ്ചയം വരുത്തിയിരിക്കുന്നവരിൽ വെച്ചു (**Experimentalists**) പ്രഭുവെന്നു പറയാം. ന്യൂട്ടനെ പോലെ താനും പലതരം വിദ്യകളെ പരിശോധിച്ചറിയുന്ന സൂത്ര ക്രമങ്ങളെ സ്ഥാപിച്ചവനല്ലോ. തന്റെ ജീവചരിത്ര ലേഖകൻ പറയുന്നതു: "മനുഷ്യന്റെ ചുമതലയെ കുറിച്ചു അവനിലുണ്ടായിരുന്ന മാഹാത്മ്യവിചാരം ദിവ്യമായ ഒന്നായിരുന്നു. ആ ദിവ്യ വിചാരം ദൈവവചന വെളിപാടിന്മേൽ മാത്രം അടിസ്ഥാനപ്പെട്ടിരുന്നു. അതിലെ അക്ഷരാൎത്ഥപ്രകാരം തന്നേയും അവൻ തന്റെ ജീവിതത്തെ നടത്തുവാൻ ശ്രമിച്ചു". താൻ ഉൾപ്പെട്ടിരുന്ന സഭയിലേ മൂപ്പസ്ഥാനം തന്റെ ജീവകാലമൊക്കെയും താൻ തന്നേ നിൎവ്വഹിച്ചു നിറവേററുകയും ചെയ്തു.

മ. ആ ശ്രേഷ്ഠനായ ദൈവഭൃത്യൻ ബൈബിളിനെ തന്റെ ജീവിത പ്രമാണമാക്കിയിരിക്കുന്നതായി പ്രത്യക്ഷപ്പെടുന്നുവല്ലോ.(1)

(1) സങ്കീ. ൧൧൯. ൧൦൫.

പ. അതിന്നു ആക്ഷേപമെന്തുള്ളു? മിസ്റ്റർ മാൻലി പിന്നെയും പറയുന്നതു: “വിദ്വജ്ജനങ്ങളിൽ അനേകരുടെ വിശ്വാസവൃത്താന്തം ഇവിടെ പ്രസ്താവിപ്പാൻ സ്ഥലം പോരാ; എങ്കിലും, വിദ്യാരണ്യന്മാരിൽ ഓരോ മുഖ്യ വിദ്യെക്കു തലവന്മാരായി താഴെ പറയപ്പെടുന്നവരൊക്കെയും സത്യ ക്രിസ്ത്യാനികളായിരുന്നു. അവർ ജനനവശാൽ ക്രിസ്ത്യാനികളായിരുന്നു; എന്നു മാത്രമല്ല, തങ്ങളുടെ മനോബോധ്യവും പരിജ്ഞാനപ്രാപ്തിയും മൂലം ആ വിശ്വാസത്തെ അവലംബിച്ചവരും അതിനെ പ്രബലപ്പെടുത്തുവാൻ അത്യന്തം പ്രയത്നിച്ചവരുമായിരുന്നു എന്നു താല്പര്യം. അവരിൽ ചിലരുടെ പേരുകൾ പറയാമല്ലോ; നൂതന കെമിസ്ട്രി വിദ്യയുടെ പിതാവായ ബോയൽ (**Boyle, the father of Modern Chemistry**), വാന ശാസ്ത്രജ്ഞനായ സേർ വില്യം ഹേഷ്സ്ച്ചൽ (**Sir William Herschel, the Astronomer**), നെപ്റ്റ്യൂൻ ഗ്രഹത്തെ കണ്ടുപിടിച്ചവനായ ആഡംസ് പണ്ഡിതർ (**Professor Adams, Discoverer of the Planet Neptune**) [1], ക്ലോറോഫോറം ഔഷധിയുടെ കണ്ടുപിടുത്തക്കാരനായ സെർ ജെയിംസ് സിംസൻ (**Sir James Simpson, the discoverer of Chloroform**), ഭൂധാതു ശാസ്ത്രജ്ഞനായ ആദം സെഡ്ജ്വിക്ക് (**Adam Sedgwick, the great Geologist**), അണുശാസ്ത്രജ്ഞനായ ഡാൽട്ടൻ (**Dalton, the inventor of Atomic Theory**), പ്രകാശഗമന ശാസ്ത്രത്തെ കണ്ടുപിടിച്ചവനായ യങ്ങ് (**Young, the founder of the theory of light**), ശക്തി സംരക്ഷണയുടെ പ്രമാണ സ്ഥാപകനായ ജൌൾ (**Joule, who established the law of the Conservation of Energy**), പ്രകൃതി ശാസ്ത്രജ്ഞന്മാരിൽ വച്ചു ഇക്കാലത്തു കേൾവിപ്പെട്ടവനായ ക്ലാക്ക് മാക്സ്വെൽ (**Clerk Maxwell, the great modern physicist**) ഇവരെല്ലാം തങ്ങളുടെ അത്യുത്സാഹ പ്രയത്നം മൂലം ക്രിസ്തീയ തത്വത്തെ താങ്ങുകയും, നാസ്തികന്മാരുടെയും യൂനിട്ടേറിയന്മാരുടെയും (**Unitarians**) ആക്രമങ്ങളിൽ നിന്നു അതിനെ സംരക്ഷിപ്പാൻ അദ്ധ്വാനിക്കയും ചെയ്യുന്നവരത്രെ.”

(1) C. M. S. കോട്ടയം കോളെജിൽ കുറെ കാലം അദ്ധ്യക്ഷനായിരുന്നശേഷം പിന്നീടു മരിച്ചുപോയ മിസ്റ്റർ ആഡംസ് എന്നയാളുടെ അമ്മാവനായിരുന്നു മേൽ പറഞ്ഞ ആഡംസ് പണ്ഡിതർ.

മ. ആ മഹാന്റെ പാഠവം മൂലം കിട്ടിയിരിക്കുന്ന ഈ പുതിയ അറിവുകൾക്കായി അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു.

പ. ഞാനും മിസ്റ്റർ മാൻലിയോടു വളരെ കൃതജ്ഞനായിരിക്കുന്നു. മേല്പറഞ്ഞ മഹാന്മാരിൽ വെച്ചു ഒട്ടും താണവനല്ലാത്ത ചാറത്സ് ഡാൎവ്വിനും (Charles Darwin) ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ പററി ലേശം പോലും നിഷിദ്ധമായി വിചാരിച്ചിട്ടില്ല; എന്നു തന്നേയുമല്ല, പലതരം ജീവികളുടെ ജിനസ്സു വിടൎച്ചയെ ഉദ്ദേശിക്കുന്ന ഇവൊലൂഷന്റെ (Evolution) നിരൂപണകൾ ക്രിസ്തീയ ശാസ്ത്രത്തിന്നു ഒട്ടും വിരുദ്ധമല്ലെന്നു താൻ സദാ ഘോഷിച്ചും പോന്നു. വിദ്യനിലയിൽ അധികം ഉയൎന്നവനല്ലാത്ത ഹക്സ്‌ലി പണ്ഡിതനും (Professor Huxley) അതിശയ സംഭവങ്ങൾ വിജ്ഞാന ശാസ്ത്രങ്ങൾക്കു വിപരീതമല്ലെന്നു തീൎത്തുപറഞ്ഞിരിക്കുന്നതു കൂടാതെ, ബൈബിൾ സാധുക്കളുടെ സംരക്ഷണാപത്രവും യുവാക്കൾക്കു ഉത്തമ വിദ്യാഭ്യാസ ഗ്രന്ഥവും ആകുന്നു എന്നു സമ്മതിച്ചുമിരിക്കുന്നു.

മ. നമ്മുടെ രാജ്യത്തുള്ള വിദ്യാഭ്യാസ കൎത്താക്കന്മാരും ഈ കാൎയ്യത്തിൽ ഹക്സ്‌ലിയുടെ അഭിപ്രായത്തോടു ഏകോപിച്ചുവെങ്കിൽ നന്നായിരുന്നേനേ എന്നാണ് എന്റെ ആഗ്രഹം.

പ. എന്റെ താല്പൎയ്യവും അങ്ങിനെ തന്നേ.(1) എല്ലാവരാലും വിദ്യയിൽ പ്രമുഖന്മാരായി എണ്ണപ്പെട്ടു വരുന്ന രണ്ടു പഴമക്കാർ ഇപ്പോഴുമുണ്ടു: ലോഡ് കെൽവിനും (Lord Kelvin) സേർ ജോൎജ്ജ് സ്റ്റോവുക്സും(2) (Sir George Stokes) തന്നേ. അവരിൽ രണ്ടാമത്തവൻ രാജസമൂഹത്തിൽ (Royal Society) അഞ്ചു പ്രാവശ്യം അഗ്രാസനാധിപത്യം വഹിച്ചവനും, "നൂതനകാല ന്യൂട്ടൻ" (Modern Newton) എന്ന സ്ഥാനചിഹ്നം ലഭിച്ചവനും ആകുന്നു.

മ. ഞാൻ അതു അറിഞ്ഞിരുന്നില്ല. താൻ ബുദ്ധിസാമൎത്ഥ്യത്തിൽ ഒരു മഹാ മല്ലനായിരിക്കേണമല്ലോ; അല്ലെങ്കിൽ ഇത്ര വലിയ ഉൽകൃഷ്ട സ്ഥാനത്തിന്നു താൻ യോഗ്യനാകയില്ലായിരുന്നു; അല്ലയോ?

(1) സങ്കീ. ൧൧൯. ൯൯. സുഭാ. ൨൨. ൬.

(2) സേർ ജോൎജ്ജ് സ്റ്റോവുക്സ് ഈയിടെ മരിച്ചുപോയി.

പ. താൻ ധീശക്തിയിൽ മഹാ ആഴമേറിയവൻ തന്നേ. അദ്ദേഹത്തെ കുറിച്ചു മിസ്റ്റർ മാൻലി പറയുന്നതു: "ക്രിസ്തുമതത്തിന്റെ പ്രബലതെക്കും സംരക്ഷണെക്കുമായി അദ്ദേഹം വളരെ അദ്ധ്വാനിക്കയും, അവിശ്വാസികളുടെ മനന്തിരിവിന്നു വേണ്ടി പലപ്പോഴും ഞാൻ ആ നല്ല മനുഷ്യനോടു കൂടെ പ്രാൎത്ഥിക്കയും ചെയ്തിട്ടുണ്ടു. ആ ഗുണവാനായ മനുഷ്യൻ കുറെ മുമ്പെ അയച്ചിരുന്ന ഒരു എഴുത്തിൽ, ഇണ്ട്യയിലെ വിദ്യാൎത്ഥികൾ ക്രിസ്തുമതത്തെ പരിശോധിച്ചറിയുന്നതിൽനിന്നു ഒഴിവുള്ളവരായി ഇരിക്കുന്നില്ല എന്നും, പ്രാപ്തന്മാരായ അനേകർ അതിനെ ത്യജിച്ചിരിക്കയാൽ മററുള്ളവരും അതിനെ അത്ര ഗണ്യമാക്കുന്നില്ല എന്നുള്ള അവരുടെ ഭാവം അബദ്ധമാകുന്നു എന്നും അവരെ ബോധ്യപ്പെടുത്തുവാൻ എന്നോടു ആവശ്യപ്പെട്ടു" എന്നത്രെ.

മ. ആലോചനയിൽ ശക്തനായ ആ മഹാന്റെ അഭിപ്രായം ഞാൻ അംഗീകരിക്കുന്നു. ഹിന്തുക്കളെ സംബന്ധിച്ചിടത്തോളം താൻ പറയുന്ന സംഗതികൾ വാസ്തവമത്രെ. വിജ്ഞാനികളായ വിദ്വാന്മാർ ആരും ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നില്ല എന്നു ഹിന്തുക്കളുടെ ഇടയിൽ പൊതുവിലുള്ള വിചാരം തെററു തന്നേ എന്നു ഞാൻ കാണുന്നു; എന്തെന്നാൽ അങ്ങനെയുള്ള വിദ്വാന്മാരിൽ ചിലരുടെ നാമങ്ങളെയും അവരുടെ ക്രിസ്തീയ വിശ്വാസത്തെയും കുറിച്ചു ഇപ്പോൾ തന്നേ പ്രസ്താവിച്ചുവല്ലോ.

പ. മിസ്റ്റർ മാൻലിക്കു അങ്ങനെയുള്ള അനേകം വിദ്വാന്മാരെ കുറിച്ചു ഇനിയും പറവാനുണ്ടു. അദ്ദേഹം പറയുന്നതു, ലോഡ് കെൽവിൻ തന്റെ ഒരു ലിഖിതത്തിൽ, "ഞാൻ നാസ്തികത്വത്തോടും പ്രപഞ്ച സേവയോടും തത്വജ്ഞാനവിദ്യകൾ മൂലം തന്നേ പലപ്പോഴും തീൎച്ചയായി പ്രതിവാദം ചെയ്തിട്ടുണ്ടു" എന്നത്രെ. അദ്ദേഹം ഇംഗ്ലണ്ട് സഭയുടെ ഒരു അംഗവും ക്രിസ്തീയ വിശ്വാസത്തെ പരിരക്ഷണം ചെയ്യുന്നതിൽ സ്ഥിരോത്സാഹിയും ആകുന്നു. നാസ്തികന്മാരും അവിശ്വാസികളും ഇതു കൂടെ ഓൎത്താൽ കൊള്ളാം. വിദ്വാന്മാരുടെ കൂട്ടത്തിൽ ഒരുത്തന്നു പ്രാപിപ്പാൻ കഴിയുന്നതിൽവെച്ചു ഏററവും ഉന്നത പദവിയാകുന്നു രാജസമൂഹത്തിന്റെ (**Royal Society**) അഗ്രാസനാധിപത്യം. എന്നാൽ ആ സമൂഹത്തിന്റെ കഴിഞ്ഞ മൂന്നു അഗ്രാസനന്മാരും അത്യുത്സാഹികളായ മൂന്നു ക്രിസ്ത്യാനികളായിരുന്നു. അവർ സേർ വില്യം ഹഗ്ഗി

ൻസും (**Sir William Huggins**) ലോഡ് ലിസ്റ്റരും (**Lord Lister**) ലോഡ് കെൽവിനും (**Lord Kelvin**) തന്നേ.

മ. അതു ഓൎക്കേണ്ടതായ സാരസംഗതി തന്നേ, സംശയമില്ല.

പ. അതേ, ക്രിസ്ത്യാനികളൊക്കെയും അതിന്നായി ദൈവത്തോടു നന്ദിയുള്ളവരായിരിപ്പാൻ കടപ്പെട്ടിരിക്കുന്നു. മിസ്റ്റർ മാൻലി പിന്നെയും പറയുന്നതു: വിദ്യയിൽ ഉയൎന്നവരായ വേറെ ചിലർ അതിനെകുറിച്ചു അത്ര ശ്രദ്ധിക്കുന്നില്ല എങ്കിലും രാജസമൂഹത്തിൽ ഒരു സ്ഥാനിയായിരുന്ന ഡോക്ടർ ഗ്ലാഡ്സ്റ്റൻ (**Dr. Gladstone, F. R. S.**) താഴെ പറയും പ്രകാരം സാക്ഷിച്ചിരിക്കുന്നു: "രാജസമൂഹത്തിലേ കീൎത്തിപ്പെട്ട ൭൫ അംഗങ്ങളിൽവെച്ചു ൬൦ പേർ ക്രിസ്ത്യാനികൾ; ശേഷമുള്ള ൧൫ പേരിൽ ൬ പേർ അഗ്നോസ്തികന്മാരും ൭ പേർ നാസ്തികന്മാരും ആകുന്നു. കേംബ്രിഡ്ജ് കലാശാലയിൽ വിദ്യയിൽ പ്രമുഖന്മാരായ എട്ടു പണ്ഡിതന്മാരെ ഞാൻ അറിയുന്നു. അവരിൽ അഞ്ചു പേർ ക്രിസ്തീയ വേലയിൽ അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്നവരും, രണ്ടു പേർ ആ നിലയിൽ വന്നെത്തീട്ടില്ലാത്ത ക്രിസ്ത്യാനികളുമത്രെ" എന്നാകുന്നു.

മ. അതു വളരെ ശ്രദ്ധിക്കേണ്ട സംഗതി തന്നേയല്ലോ. വിദ്വാന്മാരായ ജനങ്ങൾ ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നില്ല എന്നു എന്റെ സ്വരാജ്യക്കാരിൽ അനേകർ അഭിപ്രായപ്പെടുന്നതു എത്ര വലിയ തെറ്റാകുന്നു എന്നു ഞാൻ സ്പഷ്ടമായി കാണുന്നു.

പ. മിസ്റ്റർ മാൻലി പിന്നെയും പറയുന്നതു: "കീൎത്തിപ്പെട്ട വിദ്വാന്മാരിൽ അനേകർ ക്രിസ്തുമതോപദേഷ്ടാക്കന്മാരും കൂടെയാകുന്നു. റവറണ്ട് ഡോക്ടർ സാല്മൻ (**Rev. Dr. Salmon, F. R. S.**), ഡബ്ലിൻ സൎവ്വകലാശാല അദ്ധ്യക്ഷൻ (**The President of Dubblin University**), റവറണ്ട് ഡോക്ടർ ട്രിസ്ട്രം (**Rev. Dr. Tristram, F. R. S., the Biologist**), റവറണ്ട് പണ്ഡിതർ ബോനി (**Rev. Professor Bonney, the Geologist**), പണ്ഡിതർ മക്കാലിസ്റ്റർ (**Professor Macalister, the Anatomist**) ഇവരെല്ലാം ലോകപ്രസിദ്ധന്മാരായ വിദ്വാന്മാരത്രെ".

മ. ആ മഹാന്മാരൊക്കെയും ക്രിസ്തുവിനെ അംഗീകരിച്ചു സുവിശേഷ ഘോഷണം ചെയ്യുന്നതിൽ ആശ്ചൎയ്യപ്പെടുവാനുണ്ടു.

പ. മിസ്റ്റർ മാൻലി പിന്നെയും പ്രസ്താവിക്കുന്നതു: “മതസംബന്ധമായ ചില സംഗതികളെ കുറിച്ചു തീൎച്ചപ്പെടുത്തുവാൻ കുറെ മുമ്പെ നടത്തിവന്ന ക്രിസ്ത്യാനികളുടെ ഒരു മഹാ യോഗത്തിൽ, താഴെ പറയുന്ന വിദ്വാന്മാരും കൂടെയുണ്ടായിരുന്നു. അതായതു: സേർ ഡബ്ല്യു ബ്രോഡ്ബെണ്ട് (Sir W. Broadbent), സേർ വില്യം ക്രൂക്സ് (Sir William Crookes, F. R. S.), സേർ ജോൺ എവാൻസ് (Sir John Evans, F. R. S.), സേർ യോസേഫ് ഫെയ്റർ (Sir Joseph Fayrer, F. R. S.), സേർ ഡബ്ല്യു ഗവേഷ്സ് (Sir W. Gowers, F. R. S.), സേർ ജെ. ഡി. ഹുക്കർ (Sir J. D. Hooker, F. R. S.), ലോഡ് ലിസ്റ്റർ (Lord Lister), സേർ ജെ. എൻ. ലോക്യർ (Sir J. N. Lockyer), ബഹുമാനപ്പെട്ട സേർ ജെ. ലബോക്ക് (The Right Honorable Sir J. Lubbock), സേർ ജി. ജി. സ്റ്റോവ്ക്സ് (Sir G. G. Stokes), ബഹുമാനപ്പെട്ട സേർ ആർ. ററമ്പിൾ (The Right Honorable Sir R. Temple), സേർ ശമുവേൽ വിൽക്സ് (Sir Samuel Wilks) മുതലായവർ തന്നേ.

മ. ഹാ! വിദ്വാന്മാരുടെ വലിയ സമൂഹം! ക്രിസ്തുമതാവലംബികളുടെ കൂട്ടത്തിൽ ഇത്ര വളരെ മഹാന്മാരുണ്ടെന്നു ഞാൻ അശേഷം പോലും നമ്മുടെ സംഭാഷണയുടെ ആരംഭത്തിൽ വിചാരിച്ചിരുന്നില്ല.

പ. ശരി തന്നേ; മിസ്റ്റർ മാൻലി തന്റെ പാഠവത്തിന്റെ അവസാനത്തിൽ പറയുന്നതു: “മേല്പറഞ്ഞ വിദ്വാന്മാരുടെ സമൂഹത്തിൽ, ഇപ്പോൾ ഭൂമിയിൽ ജീവനോടിരിക്കുന്ന വിദ്വാന്മാരിൽ മുഖ്യന്മാർ മിക്കവാറുമുണ്ടു. അവർ ക്രിസ്തുമതത്തെ കൃത്യമായി പരിശോധിച്ചു നോക്കിയാറെ, അതു തത്വജ്ഞാന വിദ്യാവിഷയങ്ങളിൽ യാതൊന്നിന്നും എതിരായി നില്ക്കുന്നില്ല എന്നു തങ്ങളുടെ മനോബോധത്തിൽ നിന്നു ഏകാഭിപ്രായമുള്ളവരായിരിക്കുന്നു. അങ്ങിനെയുള്ള വിദ്വാന്മാരുടെ ഏകാഭിപ്രായം ഏവൎക്കും സ്വീകാരയോഗ്യം തന്നെ നിശ്ചയം” എന്നാകുന്നു.

മ. ക്രിസ്തുമത സത്യതയുടെ സാക്ഷീകരണം വളരെ ശക്തിയേറിയതും വിലയേറിയതുമത്രെ; അതിനെ സംബന്ധിച്ചു മിസ്റ്റർ മാൻലിയുടെ പ്രസ്താവനയും വളരെ ന്യായകരമായിരിക്കുന്നു.

പ. അതേ, തൻെറ അവസാന വാക്കുകൾ അസത്യത്തോടും അന്ധകാരപ്രവൃത്തികളോടും യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന ക്രിസ്തുഭടന്മാരെ വളരെ ധൈൎയ്യപ്പെടുത്തുന്നവയാകുന്നു.

മ. അതെന്താണ്? കേൾപ്പാൻ ആഗ്രഹമുണ്ടു.

പ. താൻ സമാപിപ്പിക്കുന്നതു ഇപ്രകാരം: കേംബ്രിഡ്ജ് കലാശാലയിൽ ജെ. എസ്. വുഡ്ഹെഡ് (**Professor J. S. Woodhead**) എന്നു പേരായ മുഖ്യ പണ്ഡിതൻ പറയുന്നതു: "ക്രിസ്തുയേശു സത്യ ഏകദൈവമത്രെ എന്നുള്ള വിശ്വാസത്തിന്നു എതിരായി നില്ക്കുന്ന യാതൊരു കാൎയ്യവും ഞാൻ കാണുന്നില്ല; നൂതനമായി കണ്ടുപിടിച്ചിട്ടുള്ള വിദ്യകൾ ഒക്കെയും ആ വിശ്വാസത്തെ പൂൎണ്ണമായി സ്വീകരിക്കുന്നതിൽ അനുകൂലമായി മാത്രം നില്ക്കുന്നു" എന്നാകുന്നു.

മ. ഹാ! ആ മഹാനുഭാവൻ എത്ര സ്പഷ്ടമായും ധൈൎയ്യമായും ക്രിസ്തുവിൻെറ ദൈവത്വത്തെ സമ്മതിച്ചു സാക്ഷികരിക്കുന്നു. അതിനെ കുറിച്ചു സംശയപ്പെടുന്ന മുസല്മാൻ സ്നേഹിതന്മാരോടും മററും ഞാൻ അതിനെ കുറിച്ചു പറയേണ്ടതും ആവശ്യമല്ലോ.

പ. അതേ, ആവശ്യം തന്നേ. വുഡ്ഹെഡ് പണ്ഡിതൻ പിന്നെയും പറയുന്നതു: "ഞാൻ ബൈബിളിൽ വിശ്വസിക്കുന്നതിൻെറ കാരണം, എന്നിൽ നന്മയായതെല്ലാം അതു സമ്മതിക്കയും ആജ്ഞാപിക്കയും ചെയ്യുന്നു; പാപിയായ മനുഷ്യനെ ദൈവത്തോടു അതു സമീപിപ്പിക്കുന്നു; മനുഷ്യൎക്കു വേണ്ടി അൎപ്പിക്കപ്പെട്ടതായി അതിൽ പറയുന്ന ദിവ്യ ബലി എന്നെ നന്ദിയും ആശയും കൊണ്ടു നിറെക്കുന്നു; അതു രക്ഷയുടെ അച്ചാരം നല്കുന്നു; മറെറാരു പരിഹാരത്തിന്നും അതിനെ നല്കുവാൻ കഴിയുന്നതുമല്ല" എന്നാകുന്നു.

മ. അതു ഏററവും വിലയേറിയ വാക്കുകൾ തന്നേ. ആ മഹാ പണ്ഡിതൻ ലോകരക്ഷിതാവിൻെറ ദൈവത്വത്തെ മാത്രമല്ല, താൻ സകല മനുഷ്യവൎഗ്ഗത്തിന്നും കാൽവറി ക്രൂശിന്മേൽ അൎപ്പിച്ച പാപപരിഹാരബലിയെ കൂടെയും പൂൎണ്ണമായി വിശ്വസിക്കുന്നു എന്നല്ലയോ കാട്ടുന്നതു? ആ ദൈവകരുണെക്കായി താൻ കൃതജ്ഞനും, വരുവാനുള്ള ജീവനെ കുറിച്ചു ആശയുള്ളവനും കൂടെ ആയിരിക്കുന്നു എന്നു താൻ പറയുന്നുവല്ലോ.

പ. അതേ, അങ്ങനെ തന്നേ.

മ. ക്രിസ്തുമത സത്യതയെ കുറിച്ച പ്രതിവാദം ചെയ്വാൻ ധീമാന്മാരായ ഇത്ര വളരെ മഹത്തുക്കൾ അതിന്നുണ്ടെന്നു ഞാൻ ലേശംപോലും വിചാരിച്ചിരുന്നില്ല.

പ. ശരിതന്നേ; സത്യമായ കാര്യങ്ങൾക്കു ഒക്കെയും സ്ഥിരതയുണ്ടല്ലോ. വിലയേറിയ ദൈവ വചനമാകുന്ന ബൈബിൾ, ജയിക്കപ്പെടുവാൻ കഴിയാത്ത ഒരു പാറയാകുന്നു.

മ. അതു എനിക്കു ഇപ്പോൾ പൂൎണ്ണബോദ്ധ്യമായിരിക്കുന്നു.

പ. കൎത്താവായ യേശു പറയുന്നതു: "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (മത്താ. ൨൪. ൩൫). തിരുവചനമാകുന്ന ബൈബിൾ എല്ലാ മനുഷ്യൎക്കും തങ്ങളുടെ സുഖദുഃഖകാലങ്ങളിൽ ഒക്കെയും അവരുടെ ജീവിതത്തിൽ അനുഭവപ്പെടുത്തുവാൻ തക്കതായ ഒരു ഗ്രന്ഥമത്രെ എന്നു ഞാൻ നിങ്ങളെ അല്പം കാണിക്കാം.

മ. കൊള്ളാം. അങ്ങനെയാകട്ടെ.

പ. റഷ്യയും ജപ്പാനും തമ്മിൽ നടത്തിക്കൊണ്ടിരിക്കുന്ന ഈ ഘോരയുദ്ധത്തിൽവെച്ച, തിരുവെഴുത്തു സംബന്ധമായി എനിക്കൊരു വൃത്താന്തം പറവാനുണ്ടു.

മ. ബൈബിൾ സംബന്ധിച്ചാകയാൽ അതു കേൾപ്പാൻ എനിക്കും വളരെ സന്തോഷം തന്നേ.

പ. കൊള്ളാം; സൈബീറിയായിൽ ട്രെർമെൻ(**Trirmen**) എന്ന സ്ഥലത്തുണ്ടായിരുന്ന റഷ്യ പടയാളികളുടെ ഇടയിൽ, ബൈബിൾ സമൂഹത്തിന്റെ ഒരു പുസ്തക വ്യാപാരി ഒരു ദിവസം ചില സുവിശേഷപ്രതികളെ കൊടുത്തുകൊണ്ടിരിക്കയിൽ, ആ കൂട്ടത്തിൽ ഒരുത്തൻ ഒരു സുവിശേഷം വാങ്ങി തന്റെ മകന്റെ കയ്യിൽ കൊടുത്തിട്ടു "ഈ പുസ്തകത്തെ ചുംബിക്ക" എന്നു അവനോടു പറഞ്ഞു. അതിന്റെ ശേഷം താൻ അതിനെ അടുക്കൽ നിന്നിരുന്ന തന്റെ ഭാൎയ്യയുടെ കയ്യിൽ കൊടുത്തു അവളോടു ഇപ്രകാരം പറഞ്ഞു: "നമുക്കു പകരം ഈ ബൈബിൾ ഇവിടെ ഇരിക്കും. നാം ഇല്ലാതെ പോയാലും അതു ഇല്ലാതെ പോകയില്ല. അതു നിനക്കു ആശയും ആശ്വാസവും നല്കട്ടെ. ഈ പുസ്തകം നമുക്കു കിട്ടത്തക്കവണ്ണം ചട്ടം കെട്ടുകൾ നടത്തിവരുന്ന ഈ ഇംഗ്ലീഷ് സമൂഹത്തെ നീ ഓൎത്തു നന്ദിയുള്ളവളായും ഇരിക്ക".

മ. അതു ബഹു സാരമേറിയ വൃത്താന്തം തന്നേ. ബൈബിൾ മനുഷ്യൎക്കു അനുഭവമാക്കുവാൻ കഴിയത്തക്ക ഗ്രന്ഥമാകുന്നു എന്നു നാം അതിൽനിന്നു കാണുന്നുവല്ലോ.

പ. അതേ; ബൈബിളിന്റെ ആദ്യഭാഗമായ പഴയ നിയമം എന്തു സാദ്ധ്യത്തിന്നായിട്ടു എഴുതപ്പെട്ടു എന്നു നാം അറിഞ്ഞല്ലാതെ അതിനെ വേണ്ടുംവണ്ണം വിലമതിപ്പാൻ നമുക്കു കഴികയില്ല. വിശു. പൌലൊസ് റോമാ ക്രിസ്ത്യാനികളോടു പറയുന്നതു: "മുന്നെഴുതപ്പെട്ടതൊക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടല്ലോ എഴുതപ്പെട്ടതു: നമുക്കു തിരുവെഴുത്തുകളുടെ ക്ഷമയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ" (റോമ. ൧൫. ൪).

മ. അതു ഞാൻ ഓൎക്കുന്നു. തിരുവെഴുത്തുകളെ നാം വായിച്ചു ധ്യാനിക്കേണമെന്നുള്ള മുഖ്യ കാൎയ്യത്തെയല്ലയോ അതു കാട്ടുന്നതു?

പ. അതിന്നു സന്ദേഹമില്ല. "ദൈവമതം ഒന്നു മാത്രം; മനുഷ്യമതം പലതത്രെ" എന്നു ചേൎച്ചയായി പറയപ്പെട്ടിരിക്കുന്നു. ദൈവികമായ ക്രിസ്തുമതം മറ്റെല്ലാ മതങ്ങളിൽനിന്നു വേൎപെട്ടു നില്ക്കുന്നു. പൂൎവ്വന്മാരായ പരിശുദ്ധമനുഷ്യർ വിശുദ്ധാത്മാവിനാൽ നിയോഗിക്കപ്പെട്ടപ്രകാരമത്രെ മുൻ സംസാരിച്ചതു. മേലിൽ നിന്നുണ്ടായ ആ ദിവ്യവെളിപാടു സകല മനുഷ്യരുടെ സ്വഭാവത്തിന്നും അവസ്ഥഭേദങ്ങൾക്കും പ്രത്യേകം ചേൎച്ചയുള്ളതുമായിരിക്കുന്നു.

മ. കാൎയ്യം അങ്ങനെ തന്നേയെന്നു ഞാൻ ബോധിച്ചിരിക്കുന്നു.

പ. ക്രിസ്തുമതത്തിന്റെ മുഖ്യതയെ കുറിച്ചു എഡിൻബറോയിലേ ഡോക്ടർ സ്മിത്ത് (**Dr. Smith of Edinburgh**) കുറെ മുമ്പെ പറഞ്ഞതു: "ക്രിസ്തുമതം ലോകമതങ്ങളിൽ ഒന്നല്ല; പക്ഷേ അവ എല്ലാററിന്റെയും മകുടമെന്നു അതിനെ കുറിച്ചു പറയാം. അതു ദൈവത്തിൽ നിന്നു നേരിട്ടുള്ള വെളിപാടാകുന്നു. അതിൽ അടങ്ങിയിരിക്കുന്ന ദൈവ പ്രകാശത്തിലും, വരുവാനുള്ള ഭാഗ്യങ്ങളിലേക്കു അതിന്നുള്ള ആകൎഷണത്തിലും അവയുടെ ദിവ്യ നിവൃത്തിയെ സംബന്ധിച്ചു നമുക്കുള്ള ധൈൎയ്യ വിചാരങ്ങളിലും നാം സന്തോഷിക്കുന്നു. ക്രിസ്തുവിലും താൻ മൂലമുള്ള ദിവ്യ വെളിപാടിലും ദൈവം സംസാരിച്ചു. അവനിൽ രക്ഷയുടെ നിശ്ചയ

ത്തെയും നിത്യജീവനെയും നാം കണ്ടെത്തുകയും ചെയ്യു" എന്നത്രെ.

മ. അതു വളരെ സാരമേറിയ ശ്രേഷ്ഠ വചനങ്ങൾ തന്നേ.

പ. അതിന്നു സംശയമില്ലല്ലോ.

മ. മാക്സ്മുല്ലർ പണ്ഡിതൻ (**Professor Max Muller**) ഒരു വലിയ സംസ്കൃത വിദ്വാനായിരുന്നില്ലയോ?

പ. അതേ, താൻ ക്രിസ്തുമതത്തെ പോലെ ഹിന്തുമതവും നല്ലവണ്ണം ഗ്രഹിച്ചിരുന്നു.

മ. അദ്ദേഹം മററുള്ള മതങ്ങളിലും നല്ല പരിചയമുള്ളവനായിരുന്നില്ലയോ?

പ. ഉവ്വ്, ഓരോ മതങ്ങളുടെ യോഗ്യായോഗ്യതകളെ വേണ്ടുംവണ്ണം നിദാനിപ്പാൻ താൻ വളരെ സമൎത്ഥനായിരുന്നു.

മ. എന്റെ വിചാരവും അങ്ങനെ തന്നേ. ക്രിസ്തുവിനെയും ക്രിസ്തുമതത്തെയും കുറിച്ചു അദ്ദേഹത്തിന്നുണ്ടായിരുന്ന അഭിപ്രായം അറിവാൻ വളരെ ആഗ്രഹം ഉണ്ടു.

പ. പറയാമല്ലോ. ആ സംഗതിയെ സംബന്ധിച്ചു തന്നേ "ക്രിസ്ത്യൻ പാട്രിയോററ്" (**Christian Patriot**) എന്ന പത്രത്തിന്റെ ലേഖകൻ കുറെ മുമ്പെ പ്രസ്താവിച്ചതു ഇപ്രകാരമായിരുന്നു: "മാക്സ്മുല്ലർ പണ്ഡിതൻ ഈ പ്രപഞ്ചത്തിൽ കാണപ്പെടുന്ന പ്രകൃതിയുടെ പ്രമാണങ്ങളെ തന്നേ സൎവ്വലോകത്തിന്നും കടന്നുകൂടാത്ത നിത്യ പ്രമാണമായിട്ടു തെളിയിച്ചിരിക്കുന്നു. ക്രിസ്തുമതം ദൈവഹിതത്തെ നിവൃത്തിക്കുന്ന മതമായിരിക്കുന്നു; അതിനെ നിവൃത്തിക്കുന്നതിൽ അതു സൎവ്വലോക മതങ്ങളെയും കടന്നു നില്ക്കുകയും ചെയ്യുന്നു."

ലീഡ്സ് പട്ടണത്തിൽവെച്ചു (**Leeds**) വേദങ്ങളെ സംബന്ധിച്ചു താൻ പറഞ്ഞ പാഠത്തിന്റെ അവസാനഭാഗം താഴെ പറയുംവണ്ണമത്രെ: "ക്ഷമയോടും പരമാൎത്ഥതയോടും കൂടെ ലോക മതങ്ങളെ പരിശോധിച്ചറിഞ്ഞിട്ടുള്ളവൎക്കല്ലാതെ ക്രിസ്തുമതത്തിന്റെ സാക്ഷാൽ ഉൽകൃഷ്ടത എന്തെന്നു ഗ്രഹിച്ചറിവാൻ പ്രയാസമാകുന്നു.(1) അങ്ങനെയുള്ളവ

(1) ക്രിസ്തുമത വിശേഷത, മററുള്ള മതങ്ങളോടു അതിനെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ മാത്രമേ അറികയുള്ളു എന്നായിരിക്കേണം പണ്ഡിതൻ പറഞ്ഞതിന്റെ താല്പൎയ്യം.

ക്കല്ലാതെ വിശ്വ. പൌലൊസിനെ പോലെ 'ക്രിസ്തുവിന്റെ സുവിശേഷത്തെ കുറിച്ചു ഞാൻ ലജ്ജിക്കുന്നില്ല' എന്നു പരമാൎത്ഥമായി സാക്ഷിപ്പാൻ കഴികയുമില്ല".

മ. അതു വളരെ സാരാൎത്ഥം അടങ്ങിയ പാഠവം തന്നേ, സംശയമില്ല.

പ. അതേ; പത്രലേഖകൻ പിന്നെയും പറയുന്നതു: "മാക്സ്മുല്ലർ പണ്ഡിതൻ ബ്രഹ്മസമാജ അദ്ധ്യക്ഷനായ മൊസുംദാർ (**Mozoomdar**) എന്നയാൾക്കു എഴുതിയ തന്റെ അവസാന ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "എനിക്കു വഴിയും സത്യവും ദൈവപുത്രനായ മഹാമൂൎത്തിയിൽ ആകുന്നു; താൻ ഇണ്ഡ്യയിലും യൂറോപ്പിലും ഭൂഖണ്ഡത്തിന്റെ വളരെ ഭാഗങ്ങളിലും വാഴുന്നു. അവനെ നിങ്ങൾ അറികയോ സമ്മതിക്കയോ ചെയ്യുന്നില്ല എങ്കിലും ബ്രഹ്മസമാജം അവനെ സ്വീകരിച്ചിരിക്കുന്നു."

മ. പണ്ഡിതൻ ക്രിസ്തുവിനെ ലോകരക്ഷിതാവായിട്ടും ദൈവമനുഷ്യനായിട്ടും വിശ്വസിച്ചിരുന്നു എന്നു അതിൽനിന്നു കാണുന്നു. എന്നു മാത്രമല്ല, കൎത്താവായ യേശുവിന്നു ഈ മഹാരാജ്യത്തിൽ ഇനിയും സ്നാനപ്പെട്ടിട്ടില്ലാത്ത അനേകം ശിഷ്യന്മാരുണ്ടെന്നും കൂടെ താൻ വിചാരിച്ചിരുന്നുവല്ലോ.

പ. അതേ; ഇണ്ഡ്യയിൽ മാത്രമല്ല, ഭൂഖണ്ഡത്തിന്റെ അനേക ഭാഗങ്ങളിൽ ക്രിസ്തുമതം പ്രബലപ്പെട്ടിരിക്കുന്നു എന്നും കൂടെ തന്റെ പ്രസ്താവത്തിലുണ്ടു.

മ. ശരി തന്നേ.

പ. അദ്ദേഹത്തിന്റെ അന്ത്യകാലത്തിൽ തന്റെ സ്വീകാര വചനം ഇവ്വണ്ണമായിരുന്നു: "പാപത്തിലും ദുഃഖത്തിലും വേദനയിലും, കൈവിടപ്പെടുന്ന സമയങ്ങളിലും, ഏകാകിതത്തിലും അനീതിയിലും അധൈൎയ്യത്തിലും, ഞാൻ ഉൾപ്പെട്ടിരുന്ന എല്ലാ അവസ്ഥകളിലും നികരില്ലാത്ത ആശ്വാസത്തെയും ശക്തിയെയും ക്രിസ്തു എനിക്കു നല്കി.(1) ഞാൻ അറിഞ്ഞിട്ടില്ലാത്തതും മേലിൽ എനിക്കു വരുവാനിരിക്കുന്നതുമായ വലിയ നന്മകൾക്കായി, തന്റെ ആത്മനടത്തിപ്പിനാൽ അല്ലാതെ എനിക്കൊന്നും ചെയ്വാനോ സഹിപ്പാനോ കഴിയുന്നതുമല്ല."

(1) മഞ്ഞാ. ഫെ. വപ്പ. ഷിലി. രം. ഫ്മ.

മ. ആ മഹാനായ ഭക്തന്റെ വചനങ്ങളിൽനിന്നു ഞാൻ സാരമേറിയ ഒരു സംഗതി കാണുന്നു.

പ. അതെന്താണു? കേൾക്കട്ടെ.

മ. പറയാം: ക്രിസ്തു, സാക്ഷാൽ വിശ്വസ്തനെന്നു മാത്രമല്ല, തന്റെ സത്യ ഭക്തന്മാൎക്കു ചെയ്യാമെന്നു താൻ വാഗ്ദാനം ചെയ്തിട്ടുള്ളതിനെ ചെയ്വാൻ പ്രാപ്തനും കൂടെയാകുന്നു എന്നത്രെ.

പ. അതേ, കൎത്താവായ യേശു മററുള്ള എല്ലാ മനുഷ്യരിൽനിന്നും വ്യത്യാസപ്പെട്ടവനാകുന്നു. തന്നെപ്പോലെ ഈ ലോകത്തിൽ മററാരും ജീവിച്ചിട്ടില്ല. ഈ മഹാ വലിയ വീണ്ടെടുപ്പുകാരനെ കുറിച്ചു ഓക്സ്ഫോൎഡിലെ മാൎഗോലിയൗഥ് പണ്ഡിതൻ (**Professor Margoliouth**) പറയുന്നതു "ക്രിസ്തു തന്റെ മഹിമയിൽ മററുള്ള എല്ലാവരിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. അതിനെ അവൻ തന്റെ മനസ്സു, വാക്കു, ക്രിയ എന്നിവ മൂലം കാട്ടുകയും, തന്റെ സന്മാൎഗ്ഗികവും ആത്മികവുമായ ഭാവങ്ങളെ കുറിച്ചു വെളിപ്പെടുത്തുകയും ചെയ്തു. 'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും' എന്നുള്ള തന്റെ കാരുണ്യ ക്ഷണിതം എത്ര തീൎച്ചയും ശ്രേഷ്ഠവുമുള്ളതാകുന്നു. 'എന്നെ പിന്തുടരുക, എന്നാൽ നിങ്ങൾ ആശ്വാസം കണ്ടെത്തും' എന്നു മാത്രമേ ബുദ്ധമുനിക്കു തന്റെ പിൻഗാമികളോടു പറവാൻ കഴിഞ്ഞിട്ടുള്ളു. ലോകഗുരുക്കന്മാരിൽ വെച്ചു ക്രിസ്തു ഒരുവൻ മാത്രം 'ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും' എന്നു പറഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ തികവായ പൂൎണ്ണതയിലാകുന്നു തന്റെ വ്യത്യാസം ഇരിക്കുന്നതു. നിഷ്കളങ്കനായ ഒരുത്തന്നു മാത്രമേ തന്നിലുണ്ടായിരുന്ന സ്വഭാവം സാക്ഷാൽ ചേരുന്നുള്ളു" എന്നത്രെ.

മ. ഹാ, അതു ഓൎക്കേണ്ടതായ സാരസംഗതിയല്ലോ. ക്രിസ്തുവിന്റെ ദൈവത്വത്തെ അല്ലയോ അതു സൂചിപ്പിക്കുന്നതു?

പ. അതേ, അതേ; ക്രിസ്തു പാപരഹിതനായിരുന്നു എന്നു മാത്രമല്ല, "പാപികളോടു വേൎവ്വിട്ടവനും കൂടെ"യാകുന്നുവല്ലോ (എബ്രാ. ൭. ൨൬). "അവൻ സകലവും നന്നായി ചെയ്തു" എന്നു തന്റെ സ്നേഹിതന്മാരാൽ മാത്രമല്ല ശത്രുക്കളാ

ലും കൂടെ സാക്ഷിക്കപ്പെട്ടു (മക്കോ. ൭. ൩൭). ഇങ്ങനെ ആരെ കുറിച്ചു പറവാൻ കഴിയും?

മ. കൊള്ളാം; ഞങ്ങളുടെ വേദശാസ്ത്രങ്ങളിലോ ഇതിഹാസപുരാണങ്ങളിലോ അങ്ങനെ പറയപ്പെടുവാൻ തക്ക ഒരു ആളെ ഞാൻ കാണുന്നില്ല.

പ. ഹിന്തുമതത്തിൽ മാത്രമല്ല, ഇസ്ലാം മതത്തിലോ ബുദ്ധമതത്തിലോ ഒന്നിലും അങ്ങനെയുള്ള ഒരാളെ നിങ്ങൾ കണ്ടെത്തുകയില്ല നിശ്ചയം. കർത്താവായ യേശു "കൃപയും സത്യവും നിറഞ്ഞവനായിരുന്നു" (യോഹ. ൧. ൧൪). "താൻ ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചിട്ടു അവരെ അവസാനത്തോളം സ്നേഹിച്ചു" (യോഹ. ൧൩. ൧).

മ. ഹാ, അങ്ങനെയുള്ള ഒരു നല്ല രക്ഷിതാവിനെ അല്ലയോ മനുഷ്യൎക്കു ആവശ്യം!

പ. അതേ, അങ്ങനെയുള്ളോരു രക്ഷിതാവിനെ തന്നേ.

മ. ഇതുവരെ പ്രസ്താവിച്ച സംഗതികൾ കൂടാതെ ബൈബിൾ മൂലം മനുഷ്യവൎഗ്ഗത്തിന്നുണ്ടാകുന്ന പ്രയോജനത്തെ പററി ഇനിയും പറവാനുണ്ടെങ്കിൽ കേൾപ്പാൻ ഒരുക്കമത്രെ.

പ. കൊള്ളാം; വിദ്വാനും ഗുണവാനുമായ റോബേൎട്ട്സൻ സ്മിത്ത് പണ്ഡിതൻ (**Professor Robertson Smith**) ബൈബിളിനെ കുറിച്ചു പറയുന്നതു: "തിരുവെഴുത്തുകളെ ദൈവവചനമായിട്ടും വിശ്വാസ ജീവിതത്തിന്റെ നടപടിക്രമമായിട്ടും ഞാൻ അംഗീകരിച്ചിരിക്കുന്നതു എന്തുകൊണ്ടെന്നു ചോദിച്ചാൽ പ്രൊട്ടെസ്റ്റണ്ട് സഭയുടെ എല്ലാ പൂൎവ്വപിതാക്കളെ പോലെ തന്നേ എന്റെ മറുപടിയും ഇതാകുന്നു: ബൈബിൾ മാത്രമേ മനുഷ്യന്റെ വീണ്ടെടുപ്പിൻ പ്രവൃത്തിയിൽ കാണുന്ന ദൈവ സ്നേഹത്തെ പ്രദൎശിപ്പിക്കുന്നുള്ളു; ബൈബിൾ മൂലം മാത്രമേ ദൈവം ക്രിസ്തുയേശുവിൽ മനുഷ്യനോടു സമീപിച്ചു വരുന്നുള്ളു; ദൈവത്തിന്നു നമ്മുടെ രക്ഷയെ കുറിച്ചുള്ള ആഗ്രഹം ക്രിസ്തുവിൽ മാത്രമേ വെളിപ്പെട്ടു കാണുന്നുള്ളു; ബൈബിൾ വാക്യങ്ങൾ സത്യമെന്നു വിശുദ്ധാത്മ സാക്ഷിമൂലം എന്റെ ഹൃദയത്തിൽ എനിക്കു ബോധമായി വരുന്നു; എന്റെ ഹൃദയത്തിന്നു ചേരുന്നതായി അങ്ങനെയുള്ള വചനങ്ങളെ എന്നോടു സംസാരിപ്പാൻ ദൈവത്തിന്നല്ലാതെ മററാൎക്കും കഴികയില്ലെന്നു ഞാൻ പൂൎണ്ണമായി ഉറച്ചുമിരിക്കുന്നു" എന്നത്രെ.

മ. ആ ഗുണവാനും ആലോചനക്കാരനുമായ വിദ്വാൻ ബൈബിളിന്റെ സത്യതയെ തന്നിൽ തന്നേ അകമേയുള്ള സാക്ഷിമൂലം അറിഞ്ഞിരുന്നതിനാൽ താൻ അതിനോടു വളരെ ഭക്തനായിരുന്നു എന്നു ഞാൻ കാണുന്നു.

പ. അതേ; വിശ്രു. പൌലൊസ് പറയുന്നതു, "നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവുതാനും നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നു" എന്നല്ലോ (റോമ. വ്യ. ൧൬).

മ. എനിക്കു മനസ്സിലായി; കർത്താവായ യേശുവിന്റെ പിന്തുടൎച്ചക്കാൎക്കു ബൈബിളിന്റെ സത്യതയെ കുറിച്ചു ബാഹ്യസാക്ഷി മാത്രമല്ല, ഹൃദയ സംബന്ധമായ ആന്തരസാക്ഷി കൂടെയുണ്ടു.

പ. അതേ, അതു ഒരിക്കലും മറക്കരുതാത്ത സാരസംഗതിയല്ലോ. ഗുണകരമായ മററനേകം പുസ്തകങ്ങളേക്കാൾ ബൈബിളിനുള്ള ശ്രേഷ്ഠതയെ പററി ആൎച്ച്ഡീക്കൻ വിൽസൻ (**Archdeacon Wilson**) പറയുന്നതു ഇപ്രകാരമത്രെ: "മതസംബന്ധമായ മാനുഷിക ഗ്രന്ഥങ്ങളെ പാരായണം ചെയ്തശേഷം അതിൽനിന്നു ബൈബിളിലേക്കു തിരിയുന്നതു ഒരു ചെറിയ മുറിക്കകത്തുനിന്നു വിസ്തീൎണ്ണമായ ഒരു ലോകത്തിലേക്കു കടന്നു അന്തമില്ലാത്ത ആകാശവിരിവിൻ കീഴിൽ നില്ക്കുമ്പോലെയാകുന്നു; അതു മനുഷ്യനെ വിട്ടു ദൈവത്തോടു അടുത്തു ചേരുക തന്നേയാകുന്നു. ബൈബിളിന്റെ മഹത്തായ പ്രയോജനം ഈ സംഗതിയിലത്രെ; അതിനെ നിഷേധിച്ചുകളയുന്നതിനാൽ നേരിടുന്ന നഷ്ടമോ, മറെറാന്നിനാലും നികത്തുവാൻ കഴിയുന്നതുമല്ല. ബൈബിൾ ക്രിസ്തുവിനെയും രക്ഷാമാൎഗ്ഗത്തെയും നമ്മുടെ മുമ്പാകെ കൊണ്ടുവരുന്നു; അവനെ കൂടാതെ മറെറാരുത്തനിലും രക്ഷയില്ല താനും (അപ്പൊ. പ്ര. ൪. ൧൨).

മ. അതു ബൈബിളിന്റെ ശ്രേഷ്ഠതയെയും ക്രിസ്തുവിന്റെ മാഹാത്മ്യാവസ്ഥയെയും സ്പഷ്ടമായി കാട്ടുന്നു. ക്രിസ്തുവിൽ അല്ലാതെ മറെറാരുത്തനിലും രക്ഷയില്ല എന്നുള്ള കാൎയ്യം ഭക്തന്മാരായ അനേകം ഹിന്തുക്കൾ ഇപ്പോൾ ശ്രദ്ധാപൂൎവ്വം ആലോചിപ്പാൻ തുടങ്ങീട്ടുണ്ടു.

പ. ഞാനും അതു അറിയുന്നു; ഹിന്തുക്കളുടെ ഇടയിൽ മാത്രമല്ല, ഭക്തന്മാരായ മുസല്മാനരുടെ ഇടയിലും കൂടെ അതിനെ കുറിച്ചു ആലോചനയുണ്ടു.

മ. ശരി തന്നേ.

പ. ദൈവ വചനം മൂലം ഉണ്ടാകുന്ന ഒരു പ്രഭയ്ക്കു മനുഷ്യജ്ഞാനം എല്ലാം കൂടിയാലുമുണ്ടാകുന്ന വെളിച്ചത്തേക്കാൾ അധികം പ്രകാശമുണ്ടെന്നു പറയപ്പെട്ടിരിക്കുന്നുവല്ലോ.

മ. അതിന്നു സന്ദേഹമില്ല.

പ. അതേ, ഡോക്ടർ ഡെനി (**Dr. Denny**) എന്ന പ്രാപ്തനായ ഒരു ദൈവഭൃത്യൻ സാക്ഷിക്കുന്നതു: "തിരുവെഴുത്തുകൾ മൂലം ദൈവം മനുഷ്യനോടു സംസാരിക്കുന്നു എന്നതിൽ സത്യ ക്രിസ്ത്യാനികൾ ആരും തന്നേ സംശയിക്കുന്നില്ല. അതു സാക്ഷാൽ ദൈവശബ്ദം തന്നേയെന്നു അവർ അറിയുന്നു. തിരുവെഴുത്തുകൾ മൂലം അവക്കു ദൈവത്തോടു സംസർഗ്ഗമുണ്ടെന്നുള്ളതിൽ ഒട്ടും തന്നേ അവർ സംശയിക്കുന്നില്ല താനും" എന്നാകുന്നു.

മ. അതു ഞാനും സമ്മതിക്കുന്നു. എന്നാൽ ഈ മലയാളത്തുള്ള റോമാ ക്രിസ്ത്യാനികളുടെ കഥയെല്ലാം എത്ര പരിതാപകരം! വേദപുസ്തകം വായിപ്പാൻ അവക്കു അനുവാദമില്ലല്ലോ?

പ. അതേ, വളരെ പരിതാപം തന്നേ. ബഹുമാനപ്പെട്ട റവറണ്ട് ആർ. ബ്രൂസ്സ് (**Rev. Canon R. Bruce, D. D.**) എന്ന വൈദികശാസ്ത്രി പറയുന്നതു: "ബൈബിൾ തർജ്ജമയുടെ ഒന്നാമത്തേ ബഹുമാനം എഡെസ്സായിലേ സുറിയാ സഭെക്കുള്ളതാകുന്നു. എഡെസ്സാ പട്ടണത്തെ 'കിഴക്കരാജ്യത്തിൻെറ ഓക്സ്ഫോഡ്' എന്നു പറയാം. അവിടത്തേ സഭയത്രെ ബൈബിളിനെ സുറിയാഭാഷയിലേക്കു ഒന്നാമതായി തർജ്ജമ ചെയ്തു ജനങ്ങൾക്കു വായിപ്പാൻ കൊടുത്തതു.(1) എന്നാൽ സുറിയായിലേ മിഷ്യനറിമാരാൽ തന്നേ പാർസ്യയിലും ചീനത്തിലും സ്ഥാപിക്കപ്പെട്ട സഭകൾ രണ്ടും നശിച്ചുപോയി. കാരണം, അവക്കു ദൈവവചനം തങ്ങളുടെ സ്വഭാഷയിൽ കിട്ടുവാൻ ഇടയായില്ല."

മ. അതു ചിന്തിക്കേണ്ടതായ സാരസംഗതി തന്നേയാണ്. പാർസ്യ, ചീനം എന്നീ രാജ്യങ്ങളിൽ പണ്ടുണ്ടായിരുന്ന ക്രിസ്തീയ സഭകൾ സ്വഭാഷകളിൽ വേദപുസ്തകമില്ലാഞ്ഞതിനാൽ നശിച്ചുപോയതു ഓക്കുമ്പോൾ, മലയാളത്തുള്ള ക്രിസ്ത്യാനികൾക്കു സുറിയാനിഭാഷയിൽ മാത്രമല്ല മലയാളഭാഷ

(1) സുറിയാഭാഷയിലേക്കുള്ള ഈ തർജ്ജമ ൨-ാം നൂററാണ്ടിൽ ഉണ്ടായി.

യിൽ കൂടെ വേദപുസ്തകം അത്യാവശ്യമെന്നു കാണുന്നു വല്ലോ.

പ. അതിന്നു സംശയമെന്തുള്ളു? ഇനി വേറൊരു കാൎയ്യം കൂടെ പറയട്ടെ: വിദ്വാന്മാരിൽ ക്രിസ്ത്യാനികൾ അല്ലാത്ത ചിലർ കൂടെയും കൎത്താവായ യേശുവിനെയും തന്റെ വിശുദ്ധ മതത്തെയും വളരെ ശ്രേഷ്ഠമായും പുകഴ്ചയായും വിചാരിക്കുന്നുണ്ടു.

മ. അങ്ങനെയുള്ള ചിലരെ പറയാമോ?

പ. ഉവ്വ്, പറയാം. ഫ്രെഞ്ച് അഗ്നോസ്തികനായ റെയ്നോൻ (Renan) എന്ന വിദ്വാൻ ക്രിസ്തുവിനെ കുറിച്ചു ഇപ്രകാരം പറയുന്നു: "മേലാൽ എന്തെല്ലാം അതിശയകാൎയ്യങ്ങൾ സംഭവിച്ചാലും, യേശുവിനെ കടന്നു നില്ക്കുന്ന ഒരുത്തൻ ഒരിക്കലും ഉണ്ടാകയില്ല; അവനെയുള്ള ആരാധന എല്ലാ കാലത്തും യൌവ്വനം പ്രാപിച്ചുകൊണ്ടു തന്നേയിരിക്കും; അവനെ കുറിച്ചുള്ള കഥകൾ എന്നും കണ്ണുനീർ ചൊരിയിക്കുന്നതായും ഇരിക്കും; അവന്റെ കഷ്ടപ്പാടുകൾ ഏററവും പൌരുഷമുള്ള ഹൃദയങ്ങളെ കൂടെയും ഉരുക്കും; മനുഷ്യപുത്രന്മാരുടെ ഇടയിൽ എല്ലാ കാലങ്ങളിലും യേശുവിനേക്കാൾ ഒരു വലിയവൻ ഉണ്ടായിട്ടില്ല എന്നുള്ള ധ്വനി എന്നും പുറപ്പെട്ടുകൊണ്ടുമിരിക്കും" എന്നാകുന്നു.

മ. അതു വളരെ ആശ്ചൎയ്യമായ സാരമൊഴികൾ തന്നേ.

പ. അതിന്നു സംശയമില്ലല്ലോ. ഒരിക്കൽ ഒരു ഹിന്തു മഹാനും ഇതുപോലെയുള്ള ചില വാക്കുകൾ പറഞ്ഞിട്ടുള്ളതു ഞാൻ ഓൎക്കുന്നു. അതായതു: "ഇണ്ട്യയുടെ കിരീടം യേശുവിന്നു മാത്രം യോഗ്യമാകുന്നു; അതു തനിക്കാകയും ചെയ്യും" എന്നത്രെ.

മ. അതു ബ്രഹ്മസമാജ അദ്ധ്യക്ഷനായ കേശവ ചന്ദ്രസേനന്റെ വാക്കുകളല്ലയോ?

പ. അതേ, അദ്ദേഹത്തിന്റെ കീൎത്തിപ്പെട്ട പ്രസ്താവന തന്നേ. കാൽവറിയിലേ ക്രൂശിൻ ശക്തിയെ വെളിപ്പെടുത്തുന്ന വേറൊരു വൃത്താന്തം ഞാൻ ഇപ്പോൾ പറയാം.

മ. കേൾക്കട്ടെ.

പ. ഇണ്ട്യയിൽ ററാലിബ്ബദ്ദീൻ എന്നൊരു മുഹമ്മദീയ പടയാളി ഉണ്ടായിരുന്നു. അവൻ ൧൮൫൦-ൽ സുവിശേഷം പരിശോധിപ്പാൻ തുടങ്ങി. തന്റെ വായനയുടെ താല്പൎയ്യമോ, ക്രിസ്തുമതത്തിന്നെതിരായ ചില തെററുകളെ അതിൽനി

ന്നു കണ്ടുപിടിപ്പാനായിരുന്നു. ചേൎച്ചയില്ലാത്ത ചില സംഗതികളെ അവൻ ഇസ്ലാം മതത്തിൽ കണ്ടിരുന്നു; ക്രിസ്തുമതത്തിലും അതുപോലെ ചാപല്യമായ വല്ല സംഗതികളും ഉണ്ടോ എന്നു അറിവാൻ അവൻ ആഗ്രഹിച്ചു. എന്നാലോ, ക്രിസ്തുവിന്റെ ഉപദേശങ്ങൾ അവന്റെ ഹൃദയത്തെ മുഴുവനും ആകൎഷിച്ചു; അവൻ പരമാൎത്ഥവും സ്ഥിരതയുമുള്ള ഒരു ക്രിസ്ത്യാനിയായി തീരുകയും, സേർ ഹൊവുപ്പ് ഗ്രാണ്ട് (**Sir Hope Grant**) മുതലായി പട്ടാളത്തിൽ ക്രിസ്ത്യാനികളായ ചില ഉദ്യോഗസ്ഥന്മാരാൽ വളരെ ബഹുമാനിക്കപ്പെടുകയുംചെയ്തു. സുവിശേഷ ചരിത്രത്തിന്റെ ഏതു ഭാഗമായിരുന്നു അവനെ അധികം ആകൎഷിച്ചതു എന്നു ചോദിച്ചപ്പോൾ അവൻ, "ക്രൂശിന്റെ ചരിത്രം എന്റെ ഹൃദയത്തെ തകൎത്തു; എന്റെ നിഗളഭാവത്തെ എന്നേക്കുമായി എന്നിൽനിന്നു എടുത്തുകളഞ്ഞു. തന്നെത്താൻ ഏല്പിച്ചുകൊടുത്തവനായ ക്രിസ്തുവിന്റെ മരണം എന്നെ അത്ര വളരെ കീഴമൎത്തിയതിനാൽ ഞാൻ അതിനെ ഓൎത്തു മൂന്നു ദിവസത്തോളം കരഞ്ഞുകൊണ്ടുമിരുന്നു" എന്നുത്തരം പറഞ്ഞു.

മ. ഹാ, അതെത്ര ഇമ്പകരമായ വൃത്താന്തം.

പ. അതേ, സന്ദേഹമില്ല.

മ. ബൈബിളിന്റെ സത്യതയെ സാക്ഷീകരിക്കുന്നതായി എജിപ്ത്, അസ്സുറിയാ, ഫലസ്തീൻ എന്നി രാജ്യങ്ങളിൽനിന്നു കണ്ടുകിട്ടിയിരിക്കുന്ന ശൂന്യ ശിഷ്ടങ്ങളെ കുറിച്ചു ഡോക്ടർ ഡേവിഡ്സനും (**Dr. Davidson**) മറ്റു മഹാന്മാരും വളരെ വിശേഷമായി പറഞ്ഞിരിക്കുന്നു എന്നു മുമ്പൊരിക്കൽ പറഞ്ഞുവല്ലോ. മുഖ്യമായ വല്ല നൂതന കണ്ടുപിടുത്തങ്ങളും ഈയിടെ ഉണ്ടായിട്ടുണ്ടോ?

പ. ഉവ്വ്; മോശ മിദ്യാനിലെ ഒരു ആചാൎയ്യനായിരുന്നു എന്നു ബൈബിളിൽ പറയുന്നുവല്ലോ. എന്നാൽ ഈയിടെ അവിടെനിന്നു കണ്ടുകിട്ടിയിരിക്കുന്ന ശൂന്യ ശിഷ്ടങ്ങളിൽനിന്നു, സത്യ ദൈവത്തെയുള്ള ആരാധന അക്കാലത്തു മിദ്യാനിലും അതിന്നടുത്ത പ്രദേശങ്ങളിലും നടപ്പായിരുന്നു എന്നു കാണുന്നു. ഹമ്മൽ പണ്ഡിതൻ (**Professor Hommel**) പറയുന്നതു, വേദപുസ്തകത്തിൽ ദൈവത്തിന്നു "പാറ"[1] എന്നു ഉപകരിച്ചിരിക്കുന്ന പദം മിദ്യാന്യരുടെ ഇടയിൽ സാധാരണയായിരുന്നു എന്നത്രെ. പഴയനിയമത്തി

(1) ആവ. ൩൨. ൪, ൧. ശമു. ൨. ൨. സങ്കീ. ൧൮. ൨.

ന്റെ ചരിത്ര സത്യത അതിനാൽ എത്ര നല്ലവണ്ണം വെളിപ്പെടുന്നു!

മ. അതു ബഹു സാരമേറിയ സംഗതി തന്നേ.

പ. അതേ, ബൈബിളിനോടു പക്ഷമുള്ളവൎക്കൊക്കെയും അതു ഏററവും സാരസംഗതിയല്ലോ. എജിപ്തു് നാട്ടിനേക്കാൾ ഇസ്രായേൽ ജാതിയുടെ ചരിത്രത്തിന്നു അധികം അടുപ്പമുള്ളതു അസ്സൂറിയാ രാജ്യത്തോടാകുന്നു. സെയ്സ് പണ്ഡിതൻ (**Professor Sayce**) പറയുന്നതു "തിരുവെഴുത്തുകളെ വ്യാഖ്യാനിക്കയും സ്ഥീകരിക്കയും ചെയ്യുന്ന അനവധി ലക്ഷ്യങ്ങൾ സുറിയായിലെ ശൂന്യശിഷ്ടങ്ങളിൽ നിന്നും മൺകുമ്പാരങ്ങളിൽനിന്നും ഞങ്ങൾക്കു ധാരാളം വന്നുകൊണ്ടിരിക്കുന്നു" എന്നാകുന്നു.

മ. അതു എത്ര സന്തോഷമാണ്.

പ. പ്രാപ്തനായ വേറൊരു ലേഖകൻ പറയുന്നതു: ഇസ്രായേൽ ഊഴിയ വിചാരക്കാരുടെ പീഡയിൻ കീഴിൽ കല്ലുകൊണ്ടു പണിതതായ പിത്തോം എന്ന പട്ടണത്തിന്റെ ശൂന്യശിഷ്ടങ്ങൾ മണ്ണിന്നു കീഴെനിന്നു കണ്ടുകിട്ടിയിരിക്കുന്നു (പുറ. ൧. ൧൧). ഇസ്രായേലിന്റെ പുറപ്പാടു സമയം മിസ്രയീമിൽ ഉണ്ടായിരുന്ന മെനിപ്ററാ (**Meneptah**) എന്ന ഫറവോന്റെ മമ്മിയും (സുഗന്ധവൎഗ്ഗങ്ങളിട്ടു സൂക്ഷിക്കപ്പെട്ട ശവം) ഒരു മേലെഴുത്തോടു കൂടെ കണ്ടുകിട്ടീട്ടുണ്ടു. ആ മേലെഴുത്തിൽ ഇസ്രായേലിനെ കുറിച്ചു ചില കാൎയ്യങ്ങളും പറയുന്നുണ്ടു. അതിനേക്കാൾ അതിശയിക്കത്തക്ക വേറൊരു സംഗതി, മോശ അഭിമുഖമായി കണ്ടു സംസാരിച്ച രണ്ടാമനായ റമസീസ് എന്ന പറവോന്റെ യഥാൎത്ഥമായ ശരീരം ലണ്ടൻ പട്ടണത്തിലെ ബ്രിട്ടീഷ് കാഴ്ചശാലയിൽ ഇപ്പോഴും സൂക്ഷിക്കപ്പെട്ടു വരുന്നതാകുന്നു.

മ. ഹാ! അതു വളരെ അതിശയിക്കത്തക്ക സംഗതി തന്നേ.

പ. സംശയമെന്തുള്ളു? പിന്നെയും ഏശായ പ്രവാചകന്റെ ൨൦-ാം അദ്ധ്യായത്തിൽ അസ്സൂറിലെ രാജാവായ സാൎഗ്ഗോനെ കുറിച്ചു വായിക്കുന്നുവല്ലോ. ചരിത്ര ഗ്രന്ഥങ്ങൾ ഒന്നിലും സാൎഗ്ഗോന്റെ നാമധേയം കാണ്മാനില്ലാത്തതിനാൽ അവനെ കുറിച്ചുള്ള ബൈബിൾ വൎണ്ണന അസത്യമെന്നു അനേകം അവിശ്വാസികൾ ആക്ഷേപിക്കുന്നു. എന്നാൽ ഈയിടെ കണ്ടുകിട്ടിയിരിക്കുന്ന ലക്ഷ്യങ്ങളിൽ നിന്നു, സെ

നഹേറീബിന്റെ പിതാവായ സാൎഗ്ഗോൻ അസ്സറിലേ കീൎത്തിപ്പെട്ട രാജാക്കളിൽ ഒരുത്തനായിരുന്നു എന്നു സാക്ഷിച്ചിരിക്കുന്നു.

മ. കൊള്ളാം, വളരെ വിശേഷം തന്നേ.

പ. രാജാക്കന്മാരുടെ രണ്ടാം പുസ്തകം ൧൮-ം, ൧൯-ം അദ്ധ്യായങ്ങളിൽ, അസ്സറിലേ രാജാവായ സെനഹേറീബ് യഹൂദാ രാജ്യത്തെയും യെരുശലേമിനെയും ആക്രമിച്ച വിവരം പറഞ്ഞിട്ടുണ്ടല്ലോ. അതിനെ കുറിച്ച വിസ്തീൎണ്ണമായ വൎണ്ണന അടങ്ങിയിരിക്കുന്ന ചില ലക്ഷ്യങ്ങൾ ഭൂഗൎഭത്തിൽനിന്നു ഈയിടെ കണ്ടുകിട്ടിയിരിക്കുന്നു.

മ. ഹാ; അവയെല്ലാം ബൈബിളിന്റെ സത്യത്തെക്കു മറുത്തു കൂടാത്ത സാക്ഷികളല്ലയോ?

പ. സന്ദേഹമുണ്ടോ? പ്രാപ്തനും ഭക്തനുമായ വേറൊരു ലേഖകൻ പറയുന്നതു: എജിപ്തിലേ ഭൂപരിശോധന സമൂഹക്കാരിൽ ഒരു ശാഖക്കാൎക്കു (Graeco-Roman Branch) ഒരു മാതിരി ചെടിയുടെ ഇലകളിന്മേൽ (Oxyrhynchus Papyre) എഴുതപ്പെട്ടു കിട്ടിയിരിക്കുന്നതായ ചില ലക്ഷ്യങ്ങളുടെ ഭാഗങ്ങൾ താമസിയാതെ അച്ചിട്ടു പ്രസിദ്ധീകരിക്കുന്നതാകുന്നു. അതു ഗ്രെൻഫെൽ, ഹണ്ട് (Dr. Grenfell, Dr. Hunt) മുതലായ ഡോക്ടർമാരാൽ ഇതിനു മുമ്പിൽ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാററിനേക്കാൾ അധികം വിശേഷം കൂടിയതായിരിക്കുമെന്നു വിചാരിപ്പാനിടയുണ്ടു. ആ ലക്ഷ്യങ്ങളിൽ യേശുവിന്റെ ചില പുതിയ വചനങ്ങളും, നഷ്ടപ്പെട്ടുപോയ സുവിശേഷങ്ങളിൽ ഒന്നിന്റെ ഒരു ഭാഗവും അടങ്ങിയിരിക്കുന്നു. ഈ കണ്ടുപിടുത്തം ൧൮൯൭-ൽ ഉണ്ടായി. അതിലുള്ള "യേശുവിന്റെ വചനങ്ങൾ" വിശു. തോമാസിനോടു അധികം സംബന്ധമുള്ളതായി കാണുന്നു. താൻ ഈ മലയാള രാജ്യത്തിൽ വന്നു സുവിശേഷം ഘോഷിച്ചുവെന്നു ചില ചരിത്രക്കാർ പറയുന്നുണ്ടല്ലോ.

മ. അതൊരു വിശേഷ സംഗതി തന്നേ. "യേശുവിന്റെ പുതിയ വചനങ്ങളും" നഷ്ടപ്പെട്ടുപോയ സുവിശേഷഭാഗവും അച്ചിടപ്പെട്ടാൽ, അതിനെ വായിച്ചറിവാൻ ആഗ്രഹിക്കുന്നവർ അസംഖ്യമുണ്ടാകും, സംശയമില്ല.

പ. അതേ, പ്രത്യേകം തെക്കേ ഇണ്ട്യയിൽ വളരെ പേരുണ്ടാകും. കണ്ടുകിട്ടിയിരിക്കുന്ന യേശുവിന്റെ പുതിയ വചനങ്ങളിൽ ഒന്നു വിശു. പൌലൊസു പറയുന്നതും സുവി

ശേഷങ്ങൾ ഒന്നിലും കാണ്മാനില്ലാത്തതുമായ ഒരു വാക്യമത്രെ. അതായതു, "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം" എന്നു കൎത്താവായ യേശു പറഞ്ഞ വചനം തന്നേ (അപ്പൊ. പ്ര. ൨൦. ൩൫).

മ. സുവിശേഷങ്ങളിൽ ഇല്ലാത്തതായി ഇപ്പോൾ കണ്ടു കിട്ടിയിരിക്കുന്ന യേശുവിന്റെ ചില വചനങ്ങൾ, പുതിയ നിയമ ചരിത്രത്തിന്റെ സത്യതെക്കു ബലമേറിയ സാക്ഷിയാണല്ലോ?

പ. അതിന്നു സംശയമില്ല. മേല്പറഞ്ഞ ലേഖകൻ തന്നേ പിന്നെയും പറയുന്നതു: സുവിശേഷങ്ങളിൽ എഴുതികാണാത്ത യേശുവിന്റെ വേറൊരു വചനം, ഇണ്ട്യയിൽ "ഫുററിപുരം സിക്രി" (**Futteypore Sikri**) എന്ന പട്ടണത്തിന്റെ ശൂന്യശിഷ്ടങ്ങളിൽനിന്നു കണ്ടുകിട്ടീട്ടുണ്ടു. ആ പട്ടണം അക്ക്ബർ എന്ന മുഗൾ എമ്പ്രദോരിനാൽ പണിയിക്കപ്പെട്ടു. പട്ടണത്തിലേക്കുള്ള മുഖ്യമായ പ്രവേശന വാതിലിന്മേൽ അറബിഭാഷയിൽ താഴെ പറയുന്ന മേലെഴുത്തുണ്ടായിരുന്നു. അതായതു, "യേശു പറഞ്ഞു: ലോകം ഒരു പാലമാകുന്നു; അതിന്മീതേ നീ കടന്നുപോകുന്നതല്ലാതെ, അതിന്മേൽ നിന്റെ ഭവനം പണിവാൻ താമസിക്കരുതു".(1) ഇതു കണ്ടുപിടിച്ചു ൪൦ വഷം കഴിഞ്ഞ ശേഷമത്രെ ഭൂപരിശോധന സമൂഹക്കാർ "യേശുവിന്റെ പുതിയ വചനങ്ങൾ" കണ്ടുപിടിച്ചതു.

മ. നൂതനമായി കണ്ടുകിട്ടീട്ടുള്ള യേശുവിന്റെ വചനങ്ങളെ കേൾപ്പാൻ വളരെ ആഗ്രഹമുണ്ടു.

പ. പറയാം; അവ താഴെ പറയുന്ന അഞ്ചുകൂട്ടം സംഗതികളാകുന്നു. ഒടുവിലത്തേ രണ്ടിലും ചില വാക്കുകൾ വിട്ടുപോയിട്ടുള്ളതിനാൽ അവ അത്ര തെളിവായിരിക്കുന്നില്ല. യേശുവിന്റെ ഒന്നാമത്തേ വചനം ഇതാകുന്നു: "യേശു പറയുന്നു: അന്വേഷിക്കുന്നവൻ......കണ്ടെത്തുന്നതുവരെ അടങ്ങിയിരിക്കരുതു; കണ്ടെത്തുമ്പോൾ അവൻ ആശ്ചൎയ്യപ്പെടും; ആശ്ചൎയ്യപ്പെട്ടുകൊണ്ടു അവൻ രാജ്യത്തെ പ്രാപിക്കും; രാജ്യത്തെ പ്രാപിച്ചിട്ടു അവൻ ആശ്വസിക്കും". ഈ വാക്യത്തിന്റെ ഒരു ഭാഗം അലക്സന്ത്രിയായിലേ വിശു. ക്ലേമന്തു് എടുത്തു പറഞ്ഞിരിക്കുന്നു.(2)

(1) ഈ വചനം എബ്രാ. ൧൩. ൧൪-ൽ പറയുന്നതിനോടു ഒക്കുന്നു.

(൨) വിശു. ക്ലേമന്തു രണ്ടാം നൂററാണ്ടിന്റെ ഒടുവിൽ ജീവിച്ചിരുന്നു.

മ. ഹാ! അതു ഏറെറവും വിശേഷമായ വചനം തന്നേ.

പ. അതേ, വളരെ വിശേഷം തന്നേ. ഇനി രണ്ടാമത്തേ വചനം കേൾക്കാം: "യേശു പറയുന്നു: ആ രാജ്യം സ്വൎഗ്ഗത്തിൽ ആകുന്നുവെങ്കിൽ ഞങ്ങളെ ആ രാജ്യത്തിലേക്കു ആരു ആകൎഷിക്കും എന്നു നിങ്ങൾ ചോദിക്കുന്നുവോ? ആകാശത്തിലേ പക്ഷികളും ഭൂമിക്കു കീഴുള്ള എല്ലാ മൃഗങ്ങളും ഭൂമിക്കു മേലുള്ളവയും കടലിലേ മത്സ്യങ്ങളും തന്നേ. നിങ്ങളെ ആകൎഷിച്ചു കൊണ്ടുപോകുന്നവ ഇവ ആകുന്നു. സ്വൎഗ്ഗരാജ്യം നിങ്ങളിൽ തന്നേയല്ലോ; തന്നെത്താൻ അറിയുന്നവൻ അതിനെ കണ്ടെത്തും; അതുകൊണ്ടു നിങ്ങളെ തന്നേ അറിവാൻ ശ്രമിപ്പിൻ; നിങ്ങൾ സൎവ്വശക്തനായ പിതാവിൻെറ മക്കളെന്നു നിങ്ങളെ അറികയും ചെയ്യും. നിങ്ങൾ ദൈവപട്ടണത്തിൽ ആകുന്നു എന്നും നിങ്ങൾ അറിയും; ആ പട്ടണം നിങ്ങൾ തന്നേ ആകുന്നുവല്ലോ". ലേഖകൻ പറയും പ്രകാരം യേശുവിൻെറ പുതിയ വചനങ്ങളിൽ ഏറെറവും സാരവും ദീൎഘവുമേറിയ ഈ ഭാഗത്തിൽ ചിലെടത്തു അൎത്ഥം വേണ്ടുംവണ്ണം തെളിവായിരിക്കുന്നില്ല.

മ. എനിക്കും അങ്ങനെ തന്നേ തോന്നുന്നു.

പ. യേശുവിൻെറ മൂന്നാമത്തേ വചനം ഇതത്രെ: "യേശു പറയുന്നു: രാജ്യത്തിൽ, ഒരുത്തൻ തൻെറ സ്ഥലത്തെ സംബന്ധിച്ചു......ചോദിച്ചറിവാൻ.........സംശയപ്പെടുകയില്ല. മുമ്പന്മാരിൽ പലർ പിമ്പന്മാരും, പിമ്പന്മാർ മുമ്പന്മാരും ആകും എന്നു നിങ്ങൾ അറിയും; അവൎക്കു നിത്യജീവൻ ഉണ്ടാകയും ചെയ്യും."(1)

മ. അതു മിക്കവാറും തെളിവും സുവിശേഷ വാക്യത്തോടു ഒത്തതുമായിരിക്കുന്നു.

പ. അതേ; ഇനി നാലാമത്തേ വചനം പറയട്ടെ: "യേശു പറയുന്നു: നിൻെറ മുഖത്തിന്നു മുമ്പാകെ കാണാത്തതും നിന്നിൽനിന്നു മറെക്കപ്പെട്ടതുമായ എല്ലാ കാൎയ്യങ്ങളും നിനക്കു വെളിപ്പെട്ടു വരും. എന്തെന്നാൽ വെളിപ്പെടാതെ മറെഞ്ഞിരിക്കുന്നതു ഒന്നുമില്ല; എഴുന്നില്പിക്കപ്പെടാതെ മൂടിക്കളയപ്പെട്ടതുമില്ല". (2)

മ. അതും വളരെ തെളിവു തന്നേ; സുവിശേഷവാക്യത്തോടു ശരിയായുമിരിക്കുന്നു.

(1) മത്താ. ൨൦. ൧൬. (2) മത്താ. ൧൦. ൨൬.

പ. അഞ്ചാമത്തേ വചനത്തിൽ ചില വാക്കുകൾ വിട്ടുപോയിട്ടുള്ളതിനാൽ കാൎയ്യം മനസ്സിലാക്കുവാൻ പ്രയാസമുണ്ടു അതായതു, "അവന്റെ ശിഷ്യന്മാർ അവനോടു, ഞങ്ങൾ ഉപവസിക്കുന്നതു എങ്ങനെ? പ്രാൎത്ഥിക്കേണ്ടതു എങ്ങനെ?.........ഞങ്ങൾ കാക്കേണ്ടുന്ന കല്പനയും ഏതു എന്നു ചോദിക്കുന്നു. യേശു പറയുന്നു......അരുതു...... സത്യത്തിൽനിന്നു ....അവൻ അനുഗ്രഹിക്കപ്പെട്ടവനാകുന്നു".(1)

മ. അതിൽ യേശുവിന്റെ ഉത്തരം തെളിവില്ലാതെ വിട്ടുപോയിരിക്കുന്നു. ഇവയെല്ലാം ഈയിടെ കണ്ടുപിടിച്ച വചനങ്ങൾ തന്നേയോ?

പ. അതേ, ഈയിടെ കണ്ടുപിടിക്കപ്പെട്ടവ തന്നേ എന്നാകുന്നു എന്റെ അറിവു.

മ. അതു കേട്ടതിൽ വെച്ചു വളരെ സന്തോഷമുണ്ടു. എന്തെന്നാൽ ക്രിസ്തുവിനെയും തിരുവെഴുത്തുകളെയും സ്നേഹിക്കുന്നവൎക്കു അതു ഏററവും സാരമേറിയ സംഗതിയത്രെ.

പ. അതിങ്കൽ സംശയിപ്പാനില്ലല്ലോ. ഡോക്ടർ ജെ. മറൈ മൂർ (**Dr. J. Murray Moore,** F. R. G. S.) ഈ മുഖ്യ കണ്ടുപിടുത്തങ്ങളെ കുറിച്ചു പറയുന്നതു: ഞങ്ങളുടെ പൂൎവ്വിക പുരോഹിതന്മാരായിരുന്ന ദ്രൂയിഡരുടെ വിഗ്രഹാരാധനയെ സംബന്ധിച്ചു ഞങ്ങൾ അറിയുന്നതിനേക്കാൾ അധികമായി, ആവൎത്തന പുസ്തകത്തിൽ കുററം ചുമത്തപ്പെട്ടിരിക്കുന്ന കനാന്യരുടെ വിഗ്രഹസേവയെ കുറിച്ചു ഇപ്പോൾ ഫലസ്തീനിൽ നിന്നു കണ്ടുകിട്ടീട്ടുള്ള ശിലാലക്ഷ്യങ്ങൾ മൂലം ഞങ്ങൾ അറിയുന്നു. കനാന്യൎക്കു കല്ലു, മരം, പിച്ചള, വെള്ളി, പൊന്നു, കളിമണ്ണു ഇവകൊണ്ടുള്ള വിഗ്രഹങ്ങളെല്ലാം ഉണ്ടായിരുന്നു. അവരുടെ മുഖ്യ കാവുകളിൽ അസ്തരോത്ത് എന്ന ദേവി കയ്യിൽ ഒരു കുട്ടിയെ ഏന്തിക്കൊണ്ടു നില്ക്കുന്ന പ്രതിഷ്ഠകളും അവൎക്കുണ്ടായിരുന്നു.

മ. അതു ആലോചിക്കേണ്ടതായ ഒരു വിഷയമത്രെ. വിഗ്രഹസേവ, രണ്ടാം കല്പനയിൽ വിലക്കീട്ടുള്ള കാൎയ്യമാകയാൽ ദൈവം അതിനെ വെറുക്കയും അതിന്നായി മനുഷ്യരെ ശിക്ഷിക്കയും ചെയ്യുന്നതിൽ അതിശയിപ്പാനില്ലല്ലോ. കനാന്യരുടെ അസ്തരോത്തും ഹിന്തുക്കളുടെ ലക്ഷ്മിയും ഭഗവതിയുമെല്ലാം കാൎയ്യത്തിൽ ഒന്നു തന്നേ.

പ. അതേ, സാക്ഷാൽ ഭേദമൊന്നുമില്ല. യഹൂദജനം

(1) മത്താ. ൬. ൧൬—൨൪. ലൂക്കോ. ൧൧. ൧.

കനാന്യദേവന്മാരെ സേവിക്കയോ അവെക്കു കീഴ്പ്പെട്ടിരിക്കയോ ചെയ്യരുതെന്നു കൎശനമായി കല്പിക്കപ്പെട്ടിരുന്നു.

മ. ശരി തന്നേ; അന്നത്തേ കനാന്യസേവ പോലെ തന്നേ ഇന്നത്തെ ഹിന്തുമത സേവയും എന്നു ഞാൻ തെളിവായി കാണുന്നു.

പ. അതേ, ഈ വിഷയം അവസാനിപ്പിക്കുംമുമ്പെ, മുഖ്യമായ ഒന്നോ രണ്ടോ സംഗതി കൂടെ പറഞ്ഞുകൊള്ളട്ടെ.

മ. വളരെ സന്തോഷം; പറയാമല്ലോ.

പ. ശ്രേഷ്ഠനായ ഒരു ദൈവഭൃത്യൻ ഇപ്പോഴുള്ള കണ്ടുപിടുത്തങ്ങളിൽ താഴെ പറയുന്നതിനെ കുറിച്ചു ഇപ്രകാരം പ്രസ്താവിക്കുന്നു. ആദ്യപുസ്തകം ൧൧-ാം അദ്ധ്യായത്തിൽ ബാബേൽ കോട്ടയെയും ഭാഷയുടെ കുഴപ്പത്തെയും കുറിച്ചു നാം വായിക്കുന്നുവല്ലോ. അവിടെവെച്ചുണ്ടായ ഭാഷാകുഴപ്പം മൂലമത്രെ പലതരം ഭാഷകളും ഭാഷാഭേദങ്ങളും ഉത്ഭവിപ്പാനിടയായതു. "ആ ബാബേൽകോട്ട ഇപ്പോഴും വിസ്തീൎണ്ണമായ ഒരു മണൽകൂമ്പാരത്തിന്നു മദ്ധ്യേ മൂടപ്പെട്ടു നില്ക്കുന്നു" എന്നാകുന്നു.

മ. എന്താണ്! നാലായിരത്തിൽ പരം വൎഷം മുമ്പെ, ജലപ്രളയശേഷം പണിയപ്പെട്ട ആ ബാബേൽഗോപുരം ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു എന്നോ?

പ. അതേ, അതേ; ൪൨൦൦ം വൎഷങ്ങൾക്കു മുമ്പെ പണിയപ്പെട്ട ആ ബാബേൽകോട്ട തന്നേ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. അതിന്റെ പണ്ടത്തേ പേർ "ബൊർസിപ്പാ" (Barsippa) അല്ലെങ്കിൽ "ഭാഷകളുടെ ഗോപുരം" എന്നാകുന്നു.

മ. അതു ബഹു രസം തന്നേ. പഴയനിയമ ചരിത്രം വെറും കബന്ധമല്ല പരമ സത്യമത്രെ എന്നതിന്നു ഇതിൽ പരം സാക്ഷി ഇനിയും എന്തു വേണം!

പ. അതേ, "നിന്റെ വചനത്തിന്റെ മൂലം സത്യമാകുന്നു" എന്നല്ലോ വേദവാക്യം പറയുന്നതു (സങ്കീ. ൧൧൯. ൧൬൦). ദൈവവചനം ആരംഭം മുതൽ അവസാനം വരെ സത്യമാകുന്നു എന്നു നാം മനസ്സിലാക്കണം.

മ. അതു അങ്ങനെ തന്നേയാകുന്നു, സംശയമില്ല.

പ. അതു കൂടാതെ, ഈയിടെ ഒരു ഫ്രെഞ്ചുകാരൻ അബിസ്സീനിയായിൽ ഒരു പുരാതന ക്ഷേത്രത്തിന്റെ ശൂന്യശിഷ്ടങ്ങളിൽനിന്നു, ശെബാരാജ്ഞി ശലോമോൻ രാജാവി

നെ സന്ദൎശിച്ചസംഗതികൾ അടങ്ങിയ ഒരു ലക്ഷ്യം കണ്ടെത്തിയിരിക്കുന്നു(1) (ലൂക്കോ. ൧൧. ൩൧).

മ. ഹാ! അതും വിശുദ്ധവേദത്തിൻെറ ചരിത്ര സത്യതെക്കു വേറൊരു വലിയ സാക്ഷിയല്ലയോ?

പ. സംശയമുണ്ടോ? നമ്മുടെ കാരുണ്യവാനായ ദൈവം തൻെറ തിരുവചന സത്യങ്ങളെ കല്ലുകളെക്കൊണ്ടു കൂടെ വിളിച്ചു പറയിക്കുന്നു. ബൈബിൾ സംബന്ധമായ രാജ്യങ്ങളിൽ ഇതുവരെ മറഞ്ഞുകിടന്നിരുന്ന അനേകം ലക്ഷ്യങ്ങൾ, ഇപ്പോൾ ഭൂഗൎഭത്തിൽനിന്നു കരേറി വന്നിട്ടു, വേദചരിത്രങ്ങളുടെ സത്യതയെ സാക്ഷിക്കയും, അവിശ്വാസികളുടെ അധരങ്ങളെ അടെച്ചുകളകയും ചെയ്യുന്നു.

മ. അതു വളരെ ആശ്ചൎയ്യം തന്നേ.

പ. ഇനി വേറൊരു മുഖ്യ സംഗതി കൂടെ പറയട്ടെ: പാപപരിഹാരം എന്ന മുഖ്യ സംഗതി എല്ലാ ജാതികൾക്കും ഒരു പ്രാധാന്യ വിഷയമത്രെ. എന്തെന്നാൽ മനുഷ്യൎക്കു പാപക്ഷമയും ദൈവത്തോടു സമാധാനവും അതുമൂലമല്ലോ ഉണ്ടാകുന്നതു. പണ്ടു മതഭക്തന്മാരായിരുന്ന പൂൎവ്വികന്മാർ ൧൫൦൦-ൽ പരം വൎഷങ്ങളോളം പാപപരിഹാരാൎത്ഥം നടത്തിവന്ന ബലികൎമ്മങ്ങളെ കുറിച്ചു നിങ്ങൾ ഒരു ബ്രാഹ്മണനാകയാൽ അറിയാതിരിപ്പാൻ ന്യായമില്ലല്ലോ.

മ. ഉവ്വ്, വേദാദ്ധ്യയനം മൂലം അതിനെ സംബന്ധിച്ചു ഏറെക്കുറെ ഞാൻ അറിഞ്ഞിരിക്കുന്നു.

പ. കൊള്ളാം; ഈ സാരസംഗതിയെ കുറിച്ചു റവറണ്ട് ഡോക്ടർ മോഹൻ ബനൎജ്ജി (**Rev. Dr. Mohan Banerjea**) തൻെറ വിശേഷമായ ഒരു പാഠപുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്ന കാൎയ്യം ഞാൻ അറിയുന്നു. അതു ഞാൻ നിങ്ങളെ കേൾപ്പിക്കാം.

മ. വളരെ സന്തോഷം. ബലികൎമ്മാദികളുടെ നിബന്ധാവു ആരെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം?

പ. ഡോക്ടർ ബനൎജ്ജി പറയുന്നതു: ബലികൎമ്മങ്ങളെ ഒന്നാമതായി ഏൎപ്പാടു ചെയ്തതു സൃഷ്ടികൎത്താവു തന്നേയാണെന്നും, അതു സൃഷ്ടിപ്പിൻെറ ആരംഭത്തിൽ തന്നേ നിയമിക്കപ്പെട്ടു എന്നും, സൃഷ്ടികൎത്താവു ബലികൎമ്മങ്ങളുടെ പ്ര

(1) ശേബാരാജ്ഞി, അബിസ്സീനിയായിൽ ഇപ്പോഴത്തെ മെനിലെക് എന്ന്രാജാവിൻെറ (Menelik) വംശത്തിൽ പണ്ടുണ്ടായിരുന്ന ഒരു രാജ്ഞിയായിരുന്നു എന്നു വിചാരിച്ചുവരുന്നു.

മാണെരീതിയെ ഉച്ചരിച്ച ശേഷമത്രെ സകലത്തെയും സൃഷ്ടിപ്പാൻ ആരംഭിച്ചതു എന്നും ഐത്തിയ്യ ബ്രാഹ്മണയിൽ പറയുന്നു. ജലപ്രളയ ശേഷം ആ പ്രളയനാശത്തിൽനിന്നു രക്ഷപ്പെട്ട പൂൎവ്വപിതാവു ഒന്നാമതായി ചെയ്യ കൎമ്മവും ഒരു യാഗാനുഷ്ഠാനം ആയിരുന്നു. പണ്ടത്തേ ആൎയ്യന്മാർ ആ പൂൎവ്വപിതാവിനെ മനു എന്നു പറയുന്നു. ആ ചരിത്രം മിക്കവാറും ബൈബിൾവൃത്താന്തത്തോടു ഒക്കുന്നു; എന്നു മാത്രമല്ല, സുറിയാനാട്ടുകളിൽനിന്നു കണ്ടുകിട്ടിയിരിക്കുന്ന ചില ലക്ഷ്യങ്ങളാൽ അതു ഇപ്പോൾ സ്ഥിരീകരിക്കപ്പെട്ടുമിരിക്കുന്നു.(1) ഋഗേ്വദത്തിലേ ഐത്തിയ്യ ബ്രാഹ്മണ പറയുന്നതു:

"യജ്ഞോവൈസുതമാം നൌഃ......
വാക്‌വൈസുതമാം നൌഃ
വാചമേവ തദാരുഹ്യ
തയാ സ്വൎഗ്ഗലോകം അഭിസന്തരതി"

അൎത്ഥംകൊണ്ടു: യാഗം നല്ല തോണി; വചനം നല്ല തോണി; വചനം എന്ന തോണിയിൽ കരേറീട്ടു സ്വൎഗ്ഗലോകത്തെ പ്രാപിക്കുന്നു.(2) യാഗകൎമ്മി മൃഗത്തെ കൊന്നു അതിന്റെ അംഗങ്ങളെ ഓരോന്നായി അഗ്നിയിൽ ഹോമിക്കുമ്പോൾ ഉച്ചരിക്കുന്നതു ഇപ്രകാരമത്രെ: "ദേവകളുടെ പാപങ്ങളെ ഇല്ലായ്മ ചെയ്യുന്നവൻ നീ ആകുന്നു; മരിച്ചുപോയ പിതൃക്കളുടെ പാപങ്ങളെ ഇല്ലായ്മ ചെയ്യുന്നവൻ നീ ആകുന്നു; മനുഷ്യ പാപങ്ങളെ ഇല്ലായ്മ ചെയ്യുന്നവൻ നീ ആകുന്നു; ഞങ്ങളുടെ പാപങ്ങളെ ഇല്ലായ്മ ചെയ്യുന്നവൻ നീ ആകുന്നു; ഞങ്ങൾ പകലും രാവും ചെയ്തിട്ടുള്ള ഏതു തരം പാപങ്ങളെയും ഇല്ലായ്മ ചെയ്യുന്നവൻ നീ ആകുന്നു; അതേ, എല്ലാ പാപങ്ങളെയും ഇല്ലായ്മ ചെയ്യുന്നവൻ നീ ആകുന്നു."

മ. അതേ, ഞങ്ങളുടെ പൂൎവ്വപിതാക്കൾക്കു പാപപരിഹാരത്തിന്നായി ബലികൎമ്മങ്ങളിൽ നല്ല വിശ്വാസമുണ്ടായിരുന്നുവല്ലോ.

പ. ഉവ്വ്; ഡോക്ടർ ബനൎജ്ജി പിന്നെയും പ്രസ്താവിക്കുന്നതു: "ഋക്, യജുസ്സ്, സാമം എന്ന വേദനിശ്ചയപ്രകാരം, ബലികൎമ്മങ്ങൾ പാപസാഗരത്തിൽനിന്നു നമ്മെ ര

(1) ബൈബിളിൽ കാണുന്ന നോഹയെ ആകുന്നു ആൎയ്യന്മാർ "മനു" എന്നു പറഞ്ഞുവന്നതു (൧ മോശ വ്വ. ൨൦). (2) ഇവിടെ "വചനം" എന്നതു ബലികൎമ്മങ്ങളെ കുറിച്ചു പറയുന്ന വാക്യങ്ങളെ സൂചിപ്പിക്കുന്നു.

ക്ഷിക്കുന്ന കടത്തുതോണി ആകുന്നു എന്നും, യാഗങ്ങൾ പാപപരിഹാരത്തിന്നുള്ള മുഖ്യ കൎമ്മമായി നിയമിക്കപ്പെട്ടു എന്നും, അഗ്നിയിൽ ഹോമിക്കപ്പെടുന്ന ബലിമൃഗം നമ്മുടെ വീണ്ടെടുപ്പൎത്ഥം അത്രെ എന്നും പറയുന്നു. യാഗാദികൎമ്മങ്ങളൊക്കെയും സാക്ഷാൽ പ്രജാപതിയാഗത്തിന്റെ നിഴലുകളും അടയാളങ്ങളും മാത്രമായിരുന്നു. പ്രജാപതിയെ സൎവ്വജഗത്തിന്നും മുമ്പു ജനിക്കപ്പെട്ട "പുരുഷോത്തമൻ" എന്നും പ്രപഞ്ച കൎത്താവായ "വിശ്വകൎമ്മാവു" എന്നും വിളിച്ചിരിക്കുന്നു. താൻ സമസ്ത പാപനിവാരണത്തിന്നായി തന്നെത്താൻ സ്വയ യാഗം ചെയ്തു എന്നു ഋഗ്യജുസ്സാമങ്ങളിലും, തൽസംബന്ധമായ സംഹിതകൾ, ബ്രാഹ്മണകൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിവയിലും പറയപ്പെടുന്നു."

മ. ചതുൎവ്വേദ ബലികൎമ്മങ്ങളെ ഇത്ര സ്പഷ്ടമായി ഞാൻ ഗ്രഹിച്ചിരുന്നില്ല. ഞങ്ങളുടെ മതഗ്രന്ഥങ്ങളിലുള്ള യാഗകൎമ്മങ്ങൾ ക്രിസ്തുമതത്തിലേ ബലികൎമ്മങ്ങളോടു വളരെ ചേൎച്ചയായിരിക്കുന്നു എന്നും കാണുന്നു.

പ. അതേ, ആ കീൎത്തിമാനായ ഡോക്ടർ തന്റെ പാഠവത്തിൽ ബലികൎമ്മങ്ങളെ കുറിച്ചു വേറൊരു മുഖ്യ സംഗതി പറയുന്നുണ്ടു. പ്രജാപതി സ്വയ യാഗം ചെയ്വാൻ ഒരുമ്പെട്ടപ്പോൾ താൻ പകുതി മൎത്ത്യവും പകുതി അമൎത്ത്യവുമായ ഒരു സ്വരൂപമായി ഭവിച്ചു.(1) "പ്രജാപതി" എന്നു പറയുമ്പോൾ, സൃഷ്ടികൎത്താവെന്നു മാത്രമല്ല, സൃഷ്ടികളുടെ പരിപാലകനും സംരക്ഷകനും വീണ്ടെടുപ്പുകാരനും എന്നുകൂടെ താല്പൎയ്യം. "യേശു" എന്ന നാമത്തിന്നും എബ്രായഭാഷയിൽ അതു തന്നേ താല്പൎയ്യം. "അവൻ തന്റെ ജനങ്ങളെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പതാകകൊണ്ടു" അവന്നു "യേശു" എന്നു നാമം നല്കപ്പെട്ടു.

മ. ഹിന്തുമതത്തിന്നും ക്രിസ്തുമതത്തിന്നും പാപപരിഹാര മാൎഗ്ഗമായ ബലികൎമ്മാദികളിൽ ഇത്ര വളരെ ചേൎച്ചയുണ്ടെന്നു ഞാൻ വേണ്ടുംവണ്ണം അറിഞ്ഞിരുന്നില്ല.

പ. അതെ, ഹിന്തുക്കളിൽ അനേകരും ഈ വിശിഷ്ട സാഹിത്യത്തെ കുറിച്ചു അത്ര ആലോചിക്കുന്നില്ല.

(1) ഇതു ക്രിസ്തുവിന്റെ മനുഷ്യത്വം, ദൈവത്വം എന്നീ രണ്ടു സ്വഭാവങ്ങളെ കുറിക്കുന്നു.

മ. ഡോക്ടർ ബെനർജ്ജി ക്രിസ്തുമതത്തെ സ്വരാജ്യക്കാരുടെ ഇടയിൽ തീക്ഷ്ണതയോടെ പ്രബലപ്പെടുത്തി വന്നുവോ?

പ. ഉവ്വ്; താൻ പറയുന്നതു: "നിങ്ങളുടെ പൂർവ്വികന്മാരായ ഋഷികൾ ഇക്കാലത്തു ഭൂമിയിൽ ഉണ്ടായിരുന്നുവെങ്കിൽ ക്രിസ്തു മൂലമുള്ള ഈ വലിയ രക്ഷയെ ഉദാസീനമാക്കിക്കളയാതിരിപ്പാൻ അവർ നിങ്ങളെ ഉണർത്തി ദോഷിക്കയും, ആക്ഷേപിക്കയും, മാത്രമല്ല, നിർബ്ബന്ധിക്കയും കൂടെ ചെയ്യുമായിരുന്നു. നിങ്ങൾക്കു വേണ്ടി മരിക്കയും, തന്റെ മരണം മൂലം മൃത്യുവിനെ ജയിക്കയും, ജീവനെയും അക്ഷയതയെയും സുവിശേഷംകൊണ്ടു വെളിപ്പെടുത്തുകയും ചെയ്തവനായ സത്യ പ്രജാപതിയെ നിങ്ങൾ സ്വീകരിച്ചു അംഗീകരിക്കുന്നതിൽനിന്നു തെററിപ്പോകാതിരിപ്പാൻ അവർ നിങ്ങളെ അത്യന്തം ഉത്സാഹിപ്പിക്കുമായിരുന്നു......ക്രിസ്തുവിനെ തള്ളുന്നവൻ സകല നന്മയെയും തള്ളിക്കളയുന്നു; ക്രിസ്തുവിനെ സ്വീകരിക്കുന്നവനോ, ആത്മശക്തിയും ആശ്വാസവും കണ്ടെത്തുന്നു. നിങ്ങളുടെ പണ്ടത്തെ ഋഷികൾ ഇന്നുണ്ടായിരുന്നുവെങ്കിൽ അവർ ഈ സത്യ പ്രജാപതിയെ ഏററവും വിലയേറിയ നിക്ഷേപമായിട്ടു കരുതുമായിരുന്നുവല്ലോ."

മ. അതു മരണപൎയ്യന്തം ഓർക്കേണ്ടതായ സാരമൊഴികൾ തന്നേ. നിങ്ങൾ പറയും പ്രകാരം ക്രിസ്തുവിന്റെ പ്രജാപതി യാഗം വളരെ ആലോചിക്കേണ്ട വിഷയമായിരിക്കുന്നു.

പ. ഡോക്ടർ ബെനർജ്ജി ഹിന്തുമതത്തെയും ക്രിസ്തുമതത്തെയും ഒരുപോലെ നല്ലവണ്ണം ഗ്രഹിച്ചിരുന്ന ഒരാളായിരുന്നു, എന്നു മാത്രമല്ല, തന്റെ ഉപദേശപ്രകാരം ജീവിച്ചിരുന്നവനും കൂടെ ആയിരുന്നു.

മ. കൊള്ളാം; പണ്ടത്തെ ആചാൎയ്യന്മാരും യഹൂദന്മാരും ദീൎഘകാലം കഴിച്ചുവന്ന ബലികൎമ്മങ്ങളൊക്കെയും, സൎവ്വലോകത്തിന്നും വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ക്രിസ്തുവിന്റെ ബലിസാദൃശ്യങ്ങളായിരുന്നു എന്നല്ലയോ പറഞ്ഞതു?

പ. അതേ, അങ്ങനെ തന്നേ; ക്രിസ്തു, പാപങ്ങളെ നീക്കിക്കളയുന്ന കളങ്കമററ ദൈവകുഞ്ഞാടാകുന്നു. മനുഷ്യവൎഗ്ഗത്തോടു തനിക്കുള്ള അമിതമായ സ്നേഹം മൂലം അവരുടെ പാപങ്ങളെ നീക്കിക്കളവാൻ താൻ പ്രത്യക്ഷനായി, തന്നെത്താൻ സ്വയ യാഗം ചെയ്തു. പാപമില്ലാത്ത നരൻ ഭൂമിയിൽ

ഇല്ലായ്കയാൽ ആൎയ്യന്മാരുടെ നരബലികളൊക്കെയും പ്രയോജനമില്ലാത്തവയായിരുന്നു. ക്രിസ്തു നിത്യനായ പൂൎണ്ണ ദൈവവും പാപമില്ലാത്ത പൂൎണ്ണ മനുഷ്യനുമായിരുന്നതിനാൽ, തന്റെ പ്രജാപതിയാഗം പുണ്യമേറിയതും, സൎവ്വലോകപാപങ്ങളെ പരിഹരിപ്പാൻ മതിയായതും ആകുന്നു. (എബ്രാ. ൯. ൨൬. ൧ യോഹ. ൧. ൭).

മ. അതു ഒരു പരമ സത്യം തന്നേ എന്നു ഞാനും ബോധിക്കുന്നു. ഡോക്ടർ ബനൎജ്ജി ഒരു കീൎത്തിമാനാകയാൽ, തന്നെ കുറിച്ചു കുറെ കൂടെ അറിവാൻ എനിക്കു ആഗ്രഹമുണ്ടു. അദ്ദേഹം എപ്പോൾ, എവിടെ ജനിച്ചു?

പ. പറയാം; താൻ ൧൮൧൩-ൽ കല്കത്തായ്ക്കു വടക്കു തൊന്തോന്യയിൽ (**Tonthonia**) ജനിച്ചു. ചെറുപ്പത്തിൽ തന്നേ, തന്റെ പിതാവു മരിച്ചുപോയതിനാൽ, ചില ദുൎമ്മാൎഗ്ഗികളോടുള്ള സഹവാസം മൂലം താനും അവരെ പോലെ ഒരു നിരീശ്വരനായി തീൎന്നു. പിന്നീടു ഈ നാസ്തികൻ, ആൎച്ച് ഡീക്കൻ ഡെൽട്രി (**Archdeacon Dealtry**), റവറണ്ട് മിസ്റ്റർ ഹിൽ (**Rev. Mr. Hill**), ഡോക്ടർ ഡഫ് (**Dr. Duff**) മുതലായ ചില മഹാന്മാരുടെ പാഠവങ്ങൾ കേൾക്കുന്നതിന്നും, അവമൂലം ക്രിസ്തുമത സത്യങ്ങളെ പരിശോധിക്കുന്നതിന്നും ഇടയായി തീൎന്നു. കീൎത്തിപ്പെട്ട ഡോക്ടർ ഡഫിനോടുള്ള തന്റെ സംഭാഷണകളും തൎക്കങ്ങളും നിമിത്തം ഒടുവിൽ തന്റെ ജീവിതത്തിൽ ഒരു വലിയ മാററം ഉണ്ടാവാനിടയായി. ക്രമേണ താൻ ക്രിസ്തുമത സത്യങ്ങളെ ഗ്രഹിച്ചു ബോധ്യപ്പെടുകയും, പിന്നീടു ധൈൎയ്യം പൂണ്ടു, ഡോക്ടർ ഡഫിനാൽ ൧൮൩൨-ൽ തിരുസ്നാനമേററു ക്രിസ്ത്യാനിയായി തീരുകയും ചെയ്തു.

മ. അക്കാലത്തു ബ്രാഹ്മണരിൽനിന്നു മനന്തിരിഞ്ഞ ക്രിസ്ത്യാനികൾ വളരെ ദുൎല്ലഭമായിരിക്കേണം; അല്ലയോ?

പ. അതേ; എന്നാൽ അങ്ങനെയുള്ള കാലത്തു താൻ ഒരു ക്രിസ്ത്യാനിയായി തീൎന്നതിൽനിന്നു സത്യത്തോടുള്ള തന്റെ ധീരതയും ചുളുക്കമില്ലായ്മയും എത്ര അധികം നന്നായി കാണുന്നു. ൧൮൩൯-ൽ ദാനിയേൽ വിത്സൻ ബിഷോപ്പ് (**Bishop Daniel Wilson**) ബനൎജ്ജിയെ ഒരു ഉപദേഷ്ടാവായി പ്രതിഷ്ഠിച്ചു; ൧൮൫൨-ൽ ബിഷോപ്പിന്റെ കീഴുണ്ടായിരുന്ന ഒരു കോളെജിൽ താൻ ഒരു പണ്ഡിതനായി തീൎന്നു. ഡോക്ടർ ബനൎജ്ജി ബുദ്ധിസാമൎത്ഥ്യത്തിൽ വളരെ കടന്ന

വനായിരുന്നു; താൻ സംസ്കൃതം, ഗ്രേക്ക്, ലത്തിൻ, എബ്രായ മുതലായ മററും ചില ഭാഷകളിൽ നല്ല വിദ്വാനായിരുന്നു.

മ. അപ്പോൾ, താൻ ഭാഷാനൈപുണ്യം പെരുത്ത ഒരു സമൎത്ഥനായിരിക്കേണമല്ലോ?

പ. അതിന്നു സംശയമില്ല; എന്തെന്നാൽ ൧൮൭൬-ൽ താൻ കല്ക്കത്താ സൎവ്വകലാശാലയിൽ നിന്നു 'വിദ്യയിൽ ശാസ്ത്രി' എന്നൎത്ഥപ്പെടുന്ന ഡി. എൽ. (D. L.) സ്ഥാനം പ്രാപിച്ചു. അദ്ദേഹം കല്ക്കത്താ ബിഷോപ്പിൻെറ ചാപ്ലേനായും, ഏഷ്യാററിക്ക് സമൂഹത്തിൻെറ ഒരു അംഗമായും, കല്ക്കത്താ മുൻസിപ്പാലിററിയുടെ ഒരു അംഗമായും ഇരുന്നു. സെറാംപുരിയിൽ ഉണ്ടായിരുന്ന മൂന്നു മുഖ്യന്മാരായ ബപ്റ്റിസ്റ്റ് മിഷ്യനറിമാർ([1]) കഴിഞ്ഞാൽ ഇദ്ദേഹത്തെ വേണം ബങ്കാളിഭാഷയിൽ ക്രിസ്തീയ വിദ്യയുടെ പിതാവെന്നു പറവാൻ. താൻ അനവധി ട്രാക്ടുകളും പ്രസംഗങ്ങളും പാഠവങ്ങളും മററും പലവിധത്തിൽ പ്രസിദ്ധീകരിച്ചു. ഇങ്ങനെ തൻെറ സ്വരാജ്യക്കാരുടെ നന്മെക്കായി താൻ ക്രിസ്തുസേവയിൽ അതിതല്പരനായി ജീവിച്ച ശേഷം, ൧൮൮൫ മെയ് ൧൧-ാംനു-, ആ ശ്രേഷ്ഠനായ ദൈവഭൃത്യൻ തൻെറ ൭൨-ാം വയസ്സിൽ പരമ സ്വസ്ഥതയിലേക്കു പ്രവേശിക്കയും ചെയ്തു.

മ. ബ്രാഹ്മണരിൽനിന്നു ക്രിസ്തുമതം അവലംബിച്ചിട്ടുള്ളവരിൽ ഡോക്ടർ ബനൎജ്ജിയെ പോലെ അത്ര ശ്രേഷ്ഠനായ ഒരാളെ ഞാൻ ഇതുവരെ അറിഞ്ഞിരുന്നില്ല. തൻെറ നല്ല ദൃഷ്ടാന്തം മൂലം ഇനിയും വളരെ ഗുണമുണ്ടാകും എന്നു ഞാൻ ആശിക്കുന്നു.

പ. എൻെറയും വിശ്വാസം അങ്ങനെ തന്നേ. ഞാൻ ഇനി കൎത്താവായ യേശുവിൻെറ മഹത്തായ പുനരുത്ഥാനത്തെയും ജയഘോഷമായ സ്വൎഗ്ഗാരോഹണത്തെയും കുറിച്ചു അല്പം പറയട്ടെ.

മ. കൊള്ളാം, സന്തോഷം തന്നേ. ഹിന്തുക്കളുടെ ഇടയിൽ ക്രിസ്തുയേശുവിനോടുള്ള അഭിമാനം നാൾക്കുനാൾ കൂടി കൂടി വരിക തന്നേയാണ്. രോഗിക്കു വൈദ്യനെക്കൊണ്ടുള്ള ആവശ്യം പോലെ, പാപിക്കു ഒരു രക്ഷിതാവിനെക്കൊണ്ടു

(1) ഡോക്ടർ കേറി (Dr. Carey), ഡോക്ടർ മാഷ്മെൻ (Dr. Marshman), ഡോക്ടർ വോഡ് (Dr. Ward).

ആവശ്യം ഉണ്ടെന്നുള്ള അഭിപ്രായം ഞങ്ങളുടെ ഇടയിൽ മുതിൎന്നു തുടങ്ങിയിരിക്കുന്നു.

പ. നല്ല കാൎയ്യം; നിങ്ങൾ ഇപ്പോൾ പറഞ്ഞതിൽനിന്നു ബ്രഹ്മസമാജത്തിലേ അംഗങ്ങളിൽ ആലോചനക്കാരനായ ഒരു വിദ്വാൻ കുറെ മുമ്പെ പ്രസ്താവിച്ച ഒരു സംഗതി എന്റെ ഓൎമ്മയിൽ വന്നു. താൻ പറഞ്ഞതു: "ആയിരത്തിഎണ്ണൂറു സംവത്സരം മുമ്പെ യേശു യഹൂദീയ നാട്ടിന്നു ആവശ്യപ്പെട്ടിരുന്ന പ്രകാരം തന്നേ ഇക്കാലത്തു ഇണ്ഡ്യയിലും തന്നെക്കൊണ്ടു ആവശ്യം ഉണ്ടു. ജീവനുള്ള ദൈവപുത്രനെ കൊണ്ടു അന്നു യഹൂദീയ ജനങ്ങൾക്കു ആവശ്യമുണ്ടായ പ്രകാരം പാപമുള്ള ഇണ്ഡ്യാനിവാസികളായ ഞങ്ങൾക്കും അവനെക്കൊണ്ടു ആവശ്യമായിരിക്കുന്നു" എന്നത്രെ.

മ. ഹാ, ഞങ്ങളിൽ അനേകൎക്കു ആ അഭിപ്രായമുണ്ടു; എങ്കിലും അതു പരസ്യമായി പ്രസ്താവിപ്പാൻ ധൈൎയ്യം പോരാ.

പ. നിങ്ങൾ പറഞ്ഞതു ശരി; എങ്കിലും ആ അഭിപ്രായം ഇനിയും അധികം നാൾ മറഞ്ഞിരിക്കുമെന്നു തോന്നുന്നില്ല. വിശുദ്ധ വേദത്തിന്റെ പഴയതും പുതിയതുമായ ഭാഗങ്ങൾ മുഴുവനും ക്രിസ്തുവിനെക്കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നും, താൻ അതിൽ ആദ്യനും അന്ത്യനും ആകുന്നു എന്നും, താൻ എല്ലാവരിലും എല്ലാം ആകുന്നു എന്നും നിങ്ങൾ മറന്നു കളയരുതു. (വെളി. ൧. ൧൭. കൊലൊ. ൩. ൧൧).

മ. ഇല്ല; സാരസംഗതികളെല്ലാം മനസ്സിൽ സംഗ്രഹിക്കുന്നതിന്നു ദൈവം കൃപ ചെയ്യട്ടെ.

പ. യേശുവിന്റെ പുനരുത്ഥാനം ക്രിസ്തുമതത്തിന്റെ ഒരു മുഖ്യ അടിസ്ഥാന തൂണാകയാൽ അതിനെ കളവാക്കുവാനും ആക്ഷേപിപ്പാനും ക്രിസ്തുമത ത്യാഗികളായ അവിശ്വാസികൾ അത്യന്തം പ്രയത്നിക്കുന്നു. എന്നാൽ ഒരു പ്രാപ്തനായ വേദശാസ്ത്രി കുറെ മുമ്പെ പ്രസ്താവിച്ച തന്റെ വിശേഷമായ ഒരു പാഠവത്തിൽ അതിനെ താങ്ങി പറയുന്നതു ഇപ്രകാരമത്രെ: "കൎത്താവായ യേശു മരണത്തിൽനിന്നു ഉയിൎത്തില്ലെങ്കിൽ പാപിക്കു രക്ഷയില്ലല്ലോ; അതുകൊണ്ടു ക്രിസ്തുമതം അതിന്റെ കൎത്താവും യജമാനനുമായവന്റെ പുനരുത്ഥാനത്തിന്നു സാക്ഷി കൊടുപ്പാൻ ചുമതലപ്പെട്ടിരിക്കുന്നു. ഈ സാരസംഗതിയെ സംബന്ധിച്ചു വിശ്വാസയോഗ്യമായ വല്ല ചരിത്ര സാക്ഷിയുമുണ്ടോ എന്നു അവിശ്വാസികൾ നോ

ക്കി കാണേണ്ടതു ആവശ്യമത്രെ. ക്രിസ്തു മരിച്ചടക്കപ്പെട്ട ശേഷം, പിന്നീടു തന്റെ ശിഷ്യന്മാൎക്കു കാണപ്പെടുകയുണ്ടായി എന്നുള്ള അവരുടെ ഉറപ്പേറിയ വിശ്വാസം ക്രിസ്തുമത ആക്ഷേപികൾ ഒക്കെയും പൊതുവിൽ സമ്മതിക്കുന്ന കാൎയ്യമാകുന്നു; അതു തടുത്തുകൂടാത്ത സാക്ഷികളിന്മേൽ സ്ഥിരപ്പെട്ടുമിരിക്കുന്നു".

മ. ഓഹോ, അങ്ങനെയോ? ക്രിസ്തുവിന്റെ പുനരുത്ഥാനം അതിൽനിന്നു തന്നേ വെളിപ്പെടുന്നുവല്ലോ.

പ. അതേ, ആ സത്യ വേദശാസ്ത്രി പിന്നെയും ചോദിക്കുന്നതു: "എമ്മയുസിലേക്കു പോയ ശിഷ്യന്മാർ രണ്ടുപേരും ഏഴോ എട്ടോ നാഴിക ദൂരത്തോളം ഒരു ദൎശനത്തിൽ വേറൊരാളുമായി സംസാരിച്ചുകൊണ്ടു നടന്നുപോയി എന്നോ അവിശ്വാസികൾ പറയുന്നതു? അതും, ആ മൂന്നാമത്തെ ആൾ അവരോടു വഴിനീളെ സംസാരിച്ചു എന്നു അവരിരുവരും ഒരുപോലെ ദൎശനം കണ്ടുവോ? ഇതെത്ര അസംബന്ധം! മാത്രമല്ല, ആ ദൎശനം മൂലം അവരുടെ ഹൃദയം അത്യന്തം ചഞ്ചലപ്പെട്ടിരുന്നപ്പോൾ പെട്ടെന്നു ആ ദൎശനം ഇരുവൎക്കും ഒരുപോലെ നിന്നുപോയതു എന്തുകൊണ്ടു? അപ്പോൾ തന്നേ അവർ അപ്പോസ്തലന്മാരുടെ അടുക്കൽ മടങ്ങി വന്നറിയിച്ചതും, അപ്പോസ്തലന്മാർ അതിങ്കൽ ആശ്ചൎയ്യപ്പെട്ടതും എല്ലാം ദൎശനം തന്നേ ആയിരുന്നുവോ? പെന്തക്കോസ്തിന്റെ ശേഷം ഇങ്ങനെയുള്ള ദൎശനം പിന്നെയൊരിക്കലും ഇല്ലാതെപോയതു എന്തുകൊണ്ടു?" അവിശ്വാസികളിൽനിന്നു ഇതിന്നു ഒരു സമാധാനം ഇതുവരെ ഉണ്ടായിട്ടില്ല; ഇനിമേലാൽ ഉണ്ടാകെണ്ണം. ([1])

മ. ശരി തന്നേ; അദ്ദേഹത്തിന്റെ സംവാദം വളരെ ന്യായമായിട്ടുള്ളതത്രെ.

പ. അതേ, ആ പാഠകൻ പിന്നെയും പറയുന്നതു: ക്രിസ്തുവിന്റെ ജീവിതം ഒരു അതിശയിക്കത്തക്ക ജീവിതമായിരുന്നു. തന്നിൽ പാപത്തെ കുറിച്ചുള്ള മനോബോധം ഒട്ടും തന്നേ ഇല്ലാഞ്ഞു. താൻ ഒരിക്കലെങ്കിലും പാപത്തെ ഏററുപറകയോ പാപക്ഷമെക്കായി പ്രാൎത്ഥിക്കയോ ചെയ്തിട്ടില്ല; എങ്കിലും മററുള്ളവരിൽ താൻ കണ്ട സ്വയ നീതിയെ കൎശനമായി

(1) ഇക്കാലത്തുള്ള അവിശ്വാസികളിൽ ചിലരുടെ വാദം, അപ്പോസ്തലന്മാൎക്കു തങ്ങളുടെ ഉള്ളകത്തിൽ വെച്ചു ഇങ്ങനെ ഒരു വിവശതയുണ്ടായി എന്നത്രെ. ഒരു ഭോഷനല്ലാതെ ഇതിനെ ആരു വിശ്വസിക്കും?

ശാസിച്ചു. തന്നെക്കുറിച്ചോ, "നിങ്ങളിൽ ആർ എന്നെ പാപത്തെ കുറിച്ചു ബോധം വരുത്തുന്നു?" എന്നു വെല്ലുവിളിച്ചു. അതിന്റെ താല്പൎയ്യം എന്തായിരിക്കാം! സാധാരണക്കാരനായ ഒരു മനുഷ്യന്നു തന്നിൽ പാപത്തെ കുറിച്ചുള്ള ബോധം ഇല്ലെങ്കിൽ നാം അവനെ നല്ലവരുടെ കൂട്ടത്തിൽ എണ്ണുന്നില്ലല്ലോ. മനുഷ്യൻ നല്ലവനാകുന്തോറും പാപബോധം അവനിൽ അധികമധികം ഉണ്ടാകും. പാപത്തെ കുറിച്ചുള്ള ബോധമില്ലാത്തവൻ തന്നെത്താൻ അറിയാത്ത അധൎമ്മിയല്ലയോ? അതുകൊണ്ടു ഒരുത്തനിൽ പാപബോധമില്ലെങ്കിൽ, അവൻ ഒന്നുകിൽ ഒരു നിഷ്പാപി എന്നോ, അല്ലെങ്കിൽ അവൻ കൊള്ളരുതാത്ത ഒരു അധമനെന്നോ രണ്ടിൽ ഒന്നു തീൎച്ചയത്രെ. എന്നാൽ ക്രിസ്തുവിനെ ഒരു അധമനെന്നു ആൎക്കു പറവാൻ സാധിക്കും? അതിന്നു ആരും തുനിയുകയില്ലല്ലോ. അതുകൊണ്ടു താൻ ഒരു നിഷ്പാപി എന്നു സ്പഷ്ടം. ക്രിസ്തു തന്റെ നിഷ്പാപ സ്വഭാവത്തിൽ മററുള്ള മനുഷ്യരിൽനിന്നു വ്യത്യാസപ്പെട്ടവനെങ്കിൽ, താൻ തന്റെ മരണത്തിലും മററുള്ളവരിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നതിൽ അതിശയിപ്പാനുണ്ടോ? മരണമൂൎച്ചയാകുന്ന പാപത്തെ ജയിപ്പാൻ താൻ പ്രാപ്തനെങ്കിൽ, മരണരാജ്യമായ ശവക്കുഴിയെ ജയിച്ചു അതിൽനിന്നു ഉയിൎപ്പാനും തനിക്കു കഴിവില്ലെന്നു വരുമോ?

മ. അതു യുക്തിക്കും ന്യായത്തിന്നും വളരെ ചേൎച്ചയായിരിക്കുന്നു.

പ. അതേ, ആ വിദ്വാൻ പിന്നെയും പറയുന്നതു: "ക്രിസ്തുവിന്റെ പുനരുത്ഥാനം മൂലം സഭെക്കുണ്ടായ ആത്മജീവനെ പററി അല്പം ആലോചിക്കാം: യേശുവിന്റെ മരണത്തിങ്കൽ ശിഷ്യന്മാർ ഭയംകൊണ്ടും വ്യസനംകൊണ്ടും ആശയററവരായി തീൎന്നു. തന്റെ മരണത്തോടെ കാൎയ്യമെല്ലാം തീൎന്നുപോയി എന്നുള്ള വിചാരത്താൽ സുഗന്ധവൎഗ്ഗങ്ങൾകൊണ്ടു ശവത്തെ അഭിഷേകിപ്പാൻ കൂടെ അവരിൽ ചിലർ വിചാരിച്ചു. കൎത്താവു ഉയിൎത്തെഴുനീററു എന്നു മൂന്നാം ദിവസം അവൎക്കുണ്ടായ വൎത്തമാനം വെറും കബന്ധം മാത്രമെന്നു അവർ നിരൂപിച്ചു. എന്നാൽ അമ്പതു ദിവസങ്ങളുടെ ശേഷം, ആ നിരാശ്രിതന്മാരായ ഭീരുക്കൾ തന്നേ മഹാധീരതയോടെ യരുശലേമിൽ പരസ്യമായി യേശുവിനെയും പുനരുത്ഥാനത്തെയും പ്രസംഗിക്കുന്നു. അവർ അതി തീക്ഷ്ണതയോടെ രാജ്യം മുഴുവനും തങ്ങളുടെ ഉപദേശംകൊണ്ടു നിറെ

ക്കുന്നു. തങ്ങളിൽ ഉണ്ടായിരുന്ന ആത്മജീവനെ ജനങ്ങളുടെ ഇടയിൽ എല്ലായിടവും പരത്തുന്നു. അവരിലുണ്ടായിരുന്ന എരിവു അതോടെ നിന്നുപോയോ? ഇല്ല, അതു നാൾക്കുനാൾ വൎദ്ധിച്ചു റോമാ സാമ്രാജ്യത്തെ കീഴ്മേൽ മറിച്ചു; അടിമകൾക്കു വിടുതലും, സ്ത്രീജനങ്ങൾക്കു ഉയൎച്ചയും, കുഡുംബങ്ങൾക്കു ശ്രേയസ്സും, ലോകത്തിന്നു പുതുക്കവും വരുത്തുകയും ചെയ്തു."

മ. അതു ഏററവും ആശ്ചൎയ്യപ്പെടത്തക്ക പ്രവൃത്തി തന്നേ.

പ. സംശയമെന്നിയെ വളരെ ഉന്മേഷവും പ്രസാദവും സാരാൎത്ഥവുമായ പ്രവൃത്തിയാകുന്നു. ക്രിസ്തു മരണത്തിൽനിന്നു ഉയിൎത്തിരിക്കയാൽ അവനിൽ വിശ്വസിക്കുന്നവൎക്കു തങ്ങളുടെ മാതാപിതാക്കളുടെയോ സഹോദരസഹോദരികളുടെയോ ഭാൎയ്യാഭൎത്താക്കന്മാരുടെയോ പുത്രപുത്രികളുടെയോ കല്ലറെക്കൽ നിന്നുകൊണ്ടു, പുറജാതിറോമയെ പോലെ മഹാ കൈകെപ്പോടെ, മരിച്ചവരോടു യാത്ര പറവാൻ ആവശ്യമില്ല. എന്തെന്നാൽ അവൎക്കു ശവക്കുഴിക്കപ്പുറം ആശയില്ലല്ലോ (൧ തെസ്സ. ൪. ൧൩, ൧൪). എന്നാൽ യേശു മരിച്ചവരിൽനിന്നു ഉയിൎത്തിരിക്കയാൽ, തന്നിൽ വിശ്വസിക്കുന്ന ഞങ്ങളെയും ഞങ്ങൾക്കുള്ളവരെയും താൻ ഉയിൎപ്പിക്കുമെന്നു ഞങ്ങൾ അറിയുന്നതുകൊണ്ടു ഞങ്ങൾ വെറും ദേവതാഭക്തിയുള്ള മതവൈരാഗികളെ പോലെ അല്ല, സുബുദ്ധിയുള്ള മനുഷ്യരെ പോലെ അപ്പോസ്തലനോടു കൂടെ "ഹേ, മരണമേ, നിന്റെ ജയം എവിടെ? ഹേ, മരണമേ, നിന്റെ വിഷമുള്ളു് എവിടെ? മരണത്തിന്റെ വിഷമുള്ളു് പാപം; പാപത്തിന്റെ ശക്തിയോ, ന്യായപ്രമാണം; എന്നാൽ നമ്മുടെ കൎത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിന്നു സ്തോത്രം" എന്നു ധൈൎയ്യത്തോടെ പറവാൻ കഴിയും (൧ കോരി. ൧൫. ൫൫—൫൭).

മ. ഹാ, അതെത്രയും ശ്രേഷ്ഠമായ കാൎയ്യം; എന്തെന്നാൽ അതു മരണത്തോടു അഭിമുഖമായി നിന്നുകൊണ്ടുള്ള വെല്ലുവിളി അല്ലയോ?

പ. അതേ, അങ്ങനെ തന്നേ. ക്രിസ്തുവിന്റെ ക്രൂശിന്റെ ജയം പുനരുത്ഥാനത്തിലും, പുനരുത്ഥാന ജയം തന്റെ സ്വൎഗ്ഗാരോഹണത്തിലും ആകുന്നു എന്നു ചേൎച്ചയായി പറഞ്ഞിരിക്കുന്നു. സ്വൎഗ്ഗാരോഹണം നമ്മുടെ കൎത്താവി

ൻെറ അവസാന ജയമായിരുന്നു. പാപത്തിന്മേലുള്ള ജയം തൻെറ ക്രൂശിനാലും, മരണത്തിന്മേലുള്ള ജയം തൻെറ ഉയിൎപ്പിനാലും, ലോകത്തിന്മേലുള്ള തൻെറ പൂൎണ്ണ ജയം തൻെറ ആരോഹണത്താലും ഉണ്ടായി. നമ്മുടെ വീണ്ടെടുപ്പുകാരൻെറ ആരോഹണം, താൻ മരണത്തെയും പാതാളത്തെയും ജയിച്ചടക്കിയ ശേഷം, ജയഘോഷത്തോടെ തൻെറ സ്വഭവനത്തിലേക്കുള്ള യാത്രയായിരുന്നു. മരണ പാതാളങ്ങളുടെ താക്കോലുകളിന്മേൽ കൎത്തവ്യം നടത്തിപ്പോകുന്ന സ്നേഹമുള്ള കൎത്താവായിട്ടത്രെ ശിഷ്യന്മാർ തങ്ങളുടെ യജമാനനെ അവസാനമായി കണ്ടതു. അതുകൊണ്ടു തൻെറ ആരോഹണശേഷം ശിഷ്യന്മാർ തങ്ങളുടെ യജമാനനെ വന്ദിച്ചുകൊണ്ടു സങ്കടത്തോടെ അല്ല "സന്തോഷത്തോടെ" യരുശലേമിലേക്കു മടങ്ങിവന്നു, ദൈവത്തെ സ്തുതിച്ചും വാഴ്ത്തിയുംകൊണ്ടു ദൈവാലയത്തിൽ ഇരുന്നതു ആശ്ചൎയ്യമല്ലല്ലോ.

മ. അതു വളരെ സാരമേറിയ സംഗതി തന്നേ; എന്തെന്നാൽ ദുഃഖത്തിന്നു പകരം ശിഷ്യന്മാരിലുണ്ടായ "സന്തോഷം" പ്രകൃതിവിരുദ്ധമാകയാൽ അതു ആലോചിക്കേണ്ടിയ വിഷയമത്രെ.

പ. അതേ, സംശയമില്ല. ക്രിസ്തുവിൻെറ ആരോഹണശേഷം ശിഷ്യന്മാരിലുണ്ടായ വലിയ സന്തോഷം, തൻെറ ആരോഹണത്തിൻെറ വാസ്തവത്വത്തെയും, അതുമൂലമുണ്ടാകുവാനിരുന്ന വലിയ നന്മകളെയും ഓൎത്തിട്ടല്ലാതെ പിന്നെ എങ്ങനെ ഉണ്ടാകും?

മ. അതു ക്രിസ്തുവിൻെറ ജയകരമായ ആരോഹണത്തെ അവർ കണ്ടതിനാലായിരുന്നു എന്നു ഞാൻ നല്ലവണ്ണം കാണുന്നു.

പ. അതു വളരെ നന്നായി. ഡോക്ടർ പീയൎഷ്സൻ (Dr. Pierson) ക്രിസ്തുവിൻെറ സ്വഭാവ ശൃംഗാരത്തെയെ കുറിച്ചു ഇങ്ങനെ പറയുന്നു: "സാത്താൻ യോബിനെ കുറിച്ചു 'ഒരു മനുഷ്യൻ തൻെറ ജീവന്നു വേണ്ടി തനിക്കുള്ള സകലത്തെയും കൊടുത്തുകളയും' എന്നു ദൈവത്തോടു പറയുന്നു. അതായതു, മനുഷ്യൻ തനിക്കുള്ള സകലത്തെയും നഷ്ടപ്പെടുത്തിട്ടെങ്കിലും തൻെറ ജീവനെ രക്ഷിപ്പാൻ ശ്രമിക്കും" എന്നത്രെ. എന്നാൽ ക്രിസ്തുവോ, തൻെറ ശത്രുക്കൾക്കു വേണ്ടി എത്ര കഠിനവും ലജ്ജാകരവുമായ മരണം സന്തോഷത്തോടെ സഹിച്ചു! താൻ മരണ കഷ്ടതകളെ സഹി

ക്കയിൽ തന്നേ 'പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതെന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ' എന്നു പ്രാൎത്ഥിക്കുന്നു. ഇതിങ്കൽ ലോകർ ഭ്രമിക്കാതിരിക്കുന്നതെങ്ങനെ? ഈ സ്വയത്യാഗം തന്നിൽ എങ്ങനെ ഉണ്ടായി? കൎത്താവായ യേശുവിന്നു തന്റെ ജീവൻ വിലയേറിയതായിരുന്നില്ലയോ? ഉവ്വ്; എന്നാൽ മനുഷ്യവൎഗ്ഗത്തിന്റെ രക്ഷ തനിക്കു തന്റെ സ്വന്ത ജീവനേക്കാൾ വിലയേറിയതായിരുന്നു! തന്റെ കഷ്ടാനുഭവത്തിങ്കൽ വിളങ്ങിവന്ന അതിശയം മറ്റെല്ലാ അതിശയ ശക്തികളെയും മങ്ങിച്ചു കളയുന്നതായിരുന്നു. ഗത്സമനെയിൽ വെച്ചുണ്ടായ തന്റെ മനോവ്യഥയിലും രക്തവിയൎപ്പിലും, ഗോൽഗോഥായിലെ വ്യാകുലമേറിയ തന്റെ മരണ ഭയങ്കരങ്ങളിലും തന്റെ ശക്തിയേറിയ മറ്റെല്ലാ പ്രവൃത്തികളെയും കടന്നു നില്ക്കുന്ന ഗോപ്യമായ വേറൊരു ശക്തി ഉണ്ടായിരുന്നു: താൻ ഉയൎത്തപ്പെട്ടതിൽ വെച്ചു എല്ലാവരെയും തങ്കലേക്കു ആകൎഷിക്കുന്നതായ മഹാ ശക്തി തന്നേ. തന്റെ പ്രവൃത്തികൾ മാത്രമല്ല, താൻ തന്നിൽ തന്നേ വെളിപ്പെടുത്തിയ കഷ്ടാനുഭവ അതിശയമായിരുന്നു എല്ലാററിനേക്കാൾ വിസ്മയിക്കത്തക്ക അതിശയം.

മ. ശരി തന്നേ; അതു ഞാൻ സമ്മതിക്കുന്നു.

പ. ആ ദിവ്യൻ ക്രിസ്തുവിനെ കുറിച്ചു പിന്നെയും പറയുന്നതു: "ഹാ, തന്റെ ഹൃദയം! എത്ര വിശുദ്ധവും വിശിഷ്ടവുമായതു! തന്റെ സ്നേഹം എത്ര ഇമ്പകരവും തിക്ഷ്ണതയും പരമാൎത്ഥവും ഉള്ളതു! അതെത്ര സ്ഥിരതയും ഔദാൎയ്യതയും സ്വയത്യാഗവും ഉള്ളതു! ആണയോടു കൂടെ തന്നെ തള്ളിപ്പറഞ്ഞ ശിഷ്യന്റെ നേരെ സൌമ്യ ശാസനയോടു കൂടിയ ഒരു ദൃഷ്ടിയല്ലാതെ തന്നിൽനിന്നു വേറെ വല്ലതും പുറപ്പെട്ടുവോ? അരുണോദയത്തിങ്കൽ നക്ഷത്രങ്ങൾ മങ്ങിപ്പോകുന്നതുപോലെ യേശുവിന്റെ തിരുസന്നിധിയിൽ എല്ലാ മഹാത്മാക്കളും മങ്ങി മറയുന്നു".

മ. അതു ഒരു വാസ്തവമായ സംഗതിയെന്നു, ഞാനും അറിയുന്നു.

പ. കൊള്ളാം, ക്രിസ്തു ഭൂമിയിൽ ഇരുന്നപ്പോൾ മാത്രമല്ല, താൻ ആരോഹണം ചെയ്തു ഇത്ര വളരെ കാലമായിട്ടും തനിക്കു വിശ്വാസികളുടെ മേലുള്ള തന്റെ ആകൎഷണ ബോധവും എത്ര അതിശയിക്കത്തക്ക സംഗതി ആകുന്നു. പതിനെട്ടു നൂററാണ്ടുകളിൽ പരം കഴിഞ്ഞശേഷവും മനുഷ്യരിൽ

ബോധജ്ഞാനവും ശ്രേഷ്ഠതയും ഉള്ള വലിയോരു കൂട്ടക്കാക്കു; "അവനെ ഞങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു" എന്നു പറവാൻ കഴിയും (൧ പത്രൊ. ൧. ൮). ക്രിസ്തുവിന്റെ ഇഹലോക ജീവിതം വളരെ കാലം മുമ്പെ കഴിഞ്ഞുപോയി, എങ്കിലും ലക്ഷോപിലക്ഷം പേർ ഇന്നും തന്റെ പേൎക്കു വേണ്ടി ജീവിപ്പാനും മരിപ്പാനും തയ്യാറുണ്ടു. ഇതിന്നു തുല്യമായ ഒരു സംഭവം ഭൂമിയിൽ മറ്റൊന്നുമില്ല താനും. അതുകൊണ്ടത്രെ ഈ ശോപ്യവാനായ അതിശയ പുരുഷനെ കുറിച്ചു മഹാനായ നെപ്പോല്യൻ വളരെ ആശ്ചൎയ്യപ്പെട്ടതു. താൻ ഒരിക്കൽ പറഞ്ഞതു ഇപ്രകാരമായിരുന്നു: "എത്രയും വളരെ പുരുഷാരങ്ങൾ എനിക്കു വേണ്ടി മരിപ്പാൻ തക്കവണ്ണം ഞാൻ അവരെ എങ്കലേക്കു ആകൎഷിച്ചു; എങ്കിലും അതിന്നായി ഞാനും എന്റെ ദേഹംകൊണ്ടു അവരോടു കൂടെ ഇരുന്നു, അവരെ ഉത്സാഹിപ്പിക്കേണ്ടതു ആവശ്യമായിരുന്നു. മിന്നലൊളി പോലെയുള്ള എന്റെ ദൃഷ്ടിയും, എന്റെ ശബ്ദവും, എന്റെ വാക്കുകളും അവരോടു കൂടെ ഇരുന്നപ്പോഴൊക്കെയും അവരുടെ ഉള്ളം എനിക്കു വേണ്ടി ജ്വലിച്ചു. എന്നാൽ ഇപ്പോൾ ഞാൻ സെന്റ ഹെലിനയിൽ (**St. Helena**) ഒരു തടവുകാരനെ പോലെ ബദ്ധനായിരിക്കുന്നു. എനിക്കു വേണ്ടിയും എന്റെ സാമ്രാജ്യത്തിന്നു വേണ്ടിയും യുദ്ധം ചെയ്യാൻ ഇപ്പോൾ ആരുള്ളു? ഹാ, എന്റെ നികൃഷ്ടമായ അരിഷ്ടതെക്കും, ക്രിസ്തുവിന്റെ ശാശ്വതമായ ഭരണത്തിന്നും തമ്മിലുള്ള അന്തരം എത്ര അഗാധമുള്ളതു! അവനെ എല്ലായിടവും ഘോഷിക്കുന്നു, സ്നേഹിക്കുന്നു, വാഴ്ത്തുന്നു! തന്റെ ഭരണം ഭൂസീമപൎയ്യന്തം എത്തിയുമിരിക്കുന്നു!"

മ. ഹാ, ആ മഹാന്റെ വാക്കുകൾ എത്ര കാൎയ്യമേറിയതാകുന്നു! ക്രിസ്തുവിനെയുള്ള അദ്ദേഹത്തിന്റെ വിചാരം അതിൽനിന്നു തെളിയുന്നുവല്ലോ.

പ. ഉവ്വ്; കൎത്താവായ യേശു, ഒരു ഉപദേഷ്ടാവു എന്ന മുറെക്കും വളരെ കീൎത്തിപ്പെട്ടവനാകുന്നു. തന്റെ ഉപദേശഗൌരവം എന്തുമാത്രമെന്നു ഹിന്തുക്കളും മുസല്മാനരും മററും ആലോചിക്കേണ്ടതായിരിക്കുന്നു. അതിനെ കുറിച്ചു ഒരു വേദശാസ്ത്രി പറയുന്നതു: ക്രിസ്തുവിന്റെ ഉപദേശം ആത്മസംബന്ധമായ അനേകം ശുദ്ധോപദേശങ്ങളെ തെളിവാക്കിയിരിക്കുന്നു. ദൈവമെന്നാൽ ആരു? മനുഷ്യൻ ആരു? അവൻ എവിടെനിന്നുണ്ടായി? എവിടേക്കു പോകുന്നു? പാ

പം എങ്ങനെ ഉത്ഭവിച്ചു? അതിനെ പരിഹരിക്കേണ്ടതെങ്ങനെ? അഖിലാണ്ഡം എങ്ങനെയുണ്ടായി? മരണമെന്നാലെന്തു? മരണശേഷമെന്തു? ഇത്യാദി ചോദ്യങ്ങൾക്കു തക്കതായ ഉത്തരം ആവശ്യമല്ലോ.

മ. അതേ, അവയെല്ലാം സാരമേറിയ ചോദ്യങ്ങൾ തന്നേ, സംശയമില്ല.

പ. എന്നാൽ അവയെ സംബന്ധിച്ച മനുഷ്യവിചാരത്തിൽ നിന്നു ഉളവായിട്ടുള്ള മഹാ വിദ്വാന്മാരുടെ ഉപദേശങ്ങൾ പോലും എന്താകുന്നു? അതൃപ്തികരവും അബദ്ധവും എന്നേ പറവാനുള്ളു. എന്നാൽ ക്രിസ്തുവിങ്കലേക്കു തിരിയാം. താൻ ആ ഇരുണ്ട ചോദ്യങ്ങളിന്മേൽ സ്വൎഗ്ഗീയ പ്രഭയെ പ്രദൎശിപ്പിച്ചിരിക്കുന്നു. ലോക വീണ്ടെടുപ്പിനെ കുറിച്ചു ആലോചിച്ചു നോക്കുക: കാൽവറി ക്രൂശിന്മേൽ ദൈവകുഞ്ഞാടു, വാക്കുകൾ കൂടാതെ, മൌനതയിൽ തന്നേ ആ ചോദ്യങ്ങൾക്കെല്ലാം തീൎച്ചയായി മറുപടി നല്കുന്നുവല്ലോ. "ദൈവം എന്നാൽ ആരാകുന്നു?" എന്ന ചോദ്യത്തിന്നു, "ദൈവം സ്നേഹം തന്നേ ആകുന്നു" എന്നു അവിടെ നാം കാണുന്നില്ലയോ? വീണ്ടെടുപ്പുത്ഥം കൂടാതെ പാപിയെ ഉദ്ധരിക്കുന്നതു തന്റെ നീതിക്കു പോരാ എന്നു കാണുന്നില്ലയോ? ശുദ്ധീകരണം കൂടാതെ പാപിയെ സ്വൎഗ്ഗം കൈക്കൊള്ളുകയില്ല എന്നു വിളങ്ങുന്നില്ലയോ? പാപിയെ നിത്യനാശത്തിലേക്കു വിട്ടുകളയുന്നതു ദൈവത്തിന്റെ നന്മയുള്ള സ്വഭാവത്തിന്നു ചേരുന്നില്ല എന്നു തെളിയുന്നില്ലയോ?

മ. ഹാ, അവയെല്ലാം പരമ സത്യങ്ങൾ തന്നേയാണെന്നു എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു.

പ. കൊള്ളാം; "മനുഷ്യൻ ആരാകുന്നു" എന്നു ചോദിക്കുന്നുവോ? വീണ്ടും കാൽവറിയിലേക്കു നോക്കാം. മനുഷ്യൻ പാപിയായിരിക്കുന്നു, അല്ലെങ്കിൽ പാപമില്ലാത്തവൻ അവന്റെ പേൎക്കായി കഷ്ടമനുഭവിക്കേണമോ? മനുഷ്യൻ മരണമില്ലാത്തവനായിരിക്കുന്നു, അല്ലെങ്കിൽ അവന്റെ തല്ക്കാല അരിഷ്ടതകൾക്കായി ഇങ്ങനെ ഒരു മരണ ബലി ആവശ്യപ്പെടുമോ? മനുഷ്യൻ സ്വാതന്ത്ര്യനും ഉത്തരവാദത്വമുള്ളവനും ആകുന്നു, അല്ലെങ്കിൽ പാപദ്വേഷത്തിന്നും വിശ്വാസ ജീവിതത്തിന്നും അവൻ കടംപെട്ടവനായി വരുമോ? "പാപം എങ്ങനെയുണ്ടായി" എന്നു ചോദിക്കുന്നുവോ? ക്രൂശിന്റെ നിഴലിൽ കൂടെ നോക്കുക. എന്തെന്നാൽ പാപം മനുഷ്യനാൽ ഉ

ണ്ടായതല്ലെങ്കിൽ അതിനെ പരിഹരിപ്പാൻ ദൈവം മനുഷ്യനായി തീരേണമോ? "മനുഷ്യൻ ദൈവത്തോടു സമാധാനപ്പെടുന്നതു എങ്ങനെ" എന്നു ചോദിക്കുന്നുവോ? ക്രൂശിങ്കൽ തന്നേ അതിന്നുള്ള ഉത്തരമുണ്ടു. ദിവ്യമനുഷ്യനായ ക്രിസ്തു നമുക്കു വേണ്ടി സമാധാന ബലിയും നല്ല ദൃഷ്ടാന്തക്കാരനും ആകുന്നു. നാം വിശ്വാസം മൂലം തന്റെ മരണ പുണ്യങ്ങളെയും, അനുസരണം മൂലം തന്റെ വിശുദ്ധ ജീവിത പുണ്യങ്ങളെയും അനുഭവമാക്കുന്നുവെങ്കിൽ പാപക്ഷമയും വിശുദ്ധതയും നമുക്കു എന്നും അവകാശമായി തീരും.

മ. ഹാ, ആ വിശേഷമായ വാക്കുകൾ സദാ ഓൎക്കേണ്ടതു തന്നേയാണ്.

പ. ശരി തന്നേ; അതിന്നു ആക്ഷേപമില്ലല്ലോ.

Part III. മൂന്നാം ഭാഗം.

പ. ഞാൻ ഇപ്പോൾ ക്രിസ്തുമത സ്ഥാപകനും ഇസ്ലാം മത സ്ഥാപകനും തമ്മിലുള്ള ഒരു മുഖ്യ വ്യത്യാസത്തെ കുറിച്ചു അല്പം പറയട്ടെ. നിങ്ങൾ അറിയുന്നപ്രകാരം, ഇസ്ലാം മത സ്ഥാപകനായ മുഹമ്മദ്, സാധാരണ മറെറല്ലാ മനുഷ്യരെ പോലെ ജനിച്ചു ജീവിച്ചു മരിച്ചവനാകുന്നു. തൻെറ കല്ലറ ഇന്നുവരെ മെദീനത്തുണ്ടു. എന്നാൽ ക്രിസ്തുവിൻെറ ജനനവും(1) ജീവിതവും(2) മരണവും(3) മറെറല്ലാ മനുഷ്യരുടേതിൽനിന്നു വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. കൎത്താവായ യേശു തൻെറ മരണം മൂലം മരണത്തെ ഇല്ലായ്മ ചെയ്തു. എന്തെന്നാൽ താൻ മരണത്തിൽനിന്നു ഉയിൎക്കയും ജയ ആഘോഷത്തോടെ ആരോഹണപ്പെടുകയും ചെയ്തു എന്നു നിങ്ങൾ കേട്ടുവല്ലോ. താൻ എല്ലാ ഗോത്രങ്ങളിൽനിന്നും ജാതികളിൽനിന്നും തന്നിൽ വിശ്വസിക്കുന്നവൎക്കു വേണ്ടി മദ്ധ്യസ്ഥത ചെയ്വാൻ ഇന്നും എന്നും സ്വൎഗ്ഗത്തിൽ ജീവിക്കുന്നു; താൻ ഭൂമിയിൽ വെച്ചു ഉയിൎപ്പിച്ചവരായ ചിലരെ പോലെ രണ്ടാമതും ഒന്നു കൂടെ മരിക്കയില്ല. സ്വൎഗ്ഗത്തിൽനിന്നു തന്നേ താൻ ഉച്ചരിച്ചിരിക്കുന്ന ആ വാഴ്ത്തപ്പെട്ട വചനത്തെ കേൾക്കാം: "ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ എന്നേക്കും ജീവിച്ചിരിക്കുന്നവനും ആകുന്നു" (വെളി. ൧. ൧൮).

മ. അതേ, പാപത്തെയും പിശാചിനെയും മരണത്തെയും ജയിച്ച കൎത്താവായ യേശുവിന്നും ഇസ്ലാം നബിയായ മുഹമ്മദിന്നും തമ്മിലുള്ള ഒരു വലിയ വ്യത്യാസം ഞാൻ നല്ലവണ്ണം കാണുന്നു. മുസല്മാനരോടു ഞാൻ അതിനെ കുറിച്ചു പറകയും ചെയ്യും.

പ. കൊള്ളാം; നിങ്ങളോടു പറവാൻ ഞാൻ ആഗ്രഹിക്കുന്ന വേറൊരു കാൎയ്യം വിശു. പൌലൊസിൻെറ മനന്തിരിവിനെ കുറിച്ചാകുന്നു. ഡോക്ടർ ബോയൽ കാൎപ്പെൻറർ (**Dr. Boyal Carpenter**) ക്രിസ്തുവിൻെറ അതിശ്രേഷ്ഠതയെ വൎണ്ണിക്കുന്നതിൽ വിശു. പൌലൊസിൻെറ മനന്തിരിവിൻെറ വസ്തുതയും അതിശയിക്കത്തക്കതായി പറയുന്നു.

മ. അതു കേട്ടാൽ കൊള്ളായിരുന്നു.

പ. കൊള്ളാം; അദ്ദേഹം പറയുന്നതു: "വിശു. പൌ

---

(1) മത്താ. ൧. ൧൮—൨൩. (2) യോഹ. ൮. ൪൬. (3) മത്താ. ൨൭. ൫൦—൫൪.

ലൊസ് തന്റെ യജമാനനോടുള്ള ഭക്തിവിശ്വാസത്തിൽ അതിതീക്ഷ്ണതയുള്ളവനായിരുന്നു എന്നു എവരും സമ്മതിക്കുന്ന കാൎയ്യമത്രെ. തന്റെ എല്ലാ ലേഖനങ്ങളിലും ആ ഭക്തി വൈരാഗ്യമുള്ള വിചാരം ഇടെക്കിടെ പൊട്ടി പുറപ്പെടുന്നതായി കാണാം. തന്റെ യജമാനനോടുള്ള സ്നേഹ ബന്ധവം ലൌകികമായ എല്ലാ സ്നേഹ പാശങ്ങളെക്കാളും നിത്യത്വം പോലെ ശക്തിയുള്ളതായിരുന്നു. മുമ്പിൽ തന്നിലുണ്ടായിരുന്ന മുൻവിധിയുടെ പാശങ്ങൾ, പാപ കെട്ടുകൾ, തന്റെ മനസ്സിനെ മങ്ങലാക്കിയിരുന്ന മൂടലുകൾ, തന്റെ ആത്മാവിലുണ്ടായിരുന്ന അരിഷ്ടതകൾ ഇവയെല്ലാം ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ ശക്തിമൂലം അശേഷം തകൎന്നുപോയി. ക്രിസ്തു മാത്രം തന്റെ ജീവിതത്തിൽ എക വിഷയമായിരുന്നു എന്നു അവന്റെ മഹത്തായ ചാതുൎയ്യ വചനങ്ങളിൽനിന്നു വെളിപ്പെടുന്നുവല്ലോ. അവൻ സേവിച്ചുവന്ന കൎത്താവും അനുസരിച്ചു വന്ന യജമാനനുമായവൻ എല്ലാവൎക്കും മീതേ അതിശ്രേഷ്ഠനും അത്യുത്തമനും അതിസത്യവാനും ആകുന്നു എന്നു അറിയിക്കേണ്ടതു തന്റെ മുഖ്യ ആവശ്യമായിരുന്നു. ചിത്തമാഹാത്മ്യം, വിശേഷ ജ്ഞാനം, സൽഗുണം എന്നിവ മൂലമല്ലോ മനുഷ്യർ ഓരോരുത്തരെ അളന്നു നോക്കുന്നതു. പൌലൊസ് പറയുന്നതോ, ഞാൻ സേവിച്ചു വരുന്ന കൎത്താവു, ലോകത്തിൽ ഉണ്ടായിട്ടുള്ള അത്യുത്തമന്മാർ, അതിശ്രേഷ്ഠന്മാർ, ആഴമേറിയ ജ്ഞാനികൾ ഇവരെല്ലാവരേക്കാളും കടന്നു നില്ക്കുന്ന ഒരാൾ ആകുന്നു എന്നത്രെ."

മ. അവ വളരെ സാരമായ വചനങ്ങൾ തന്നേ.

പ. ആ വിദ്വാനായ വാഗ്മി പിന്നെയും പറയുന്നതു: "അപ്പോസ്തൊലൻ സേവിച്ചു വന്ന യജമാനൻ യുഗാരംഭത്തിന്നു മുമ്പുള്ളവനായിരുന്നു എന്നു മനുഷ്യൎക്കു ബോധിക്കത്തക്ക ന്യായങ്ങൾ തന്റെ വചനങ്ങളിൽ അടങ്ങീട്ടുണ്ടു. എന്റെ ആവശ്യങ്ങൾ എന്താകുന്നു എന്നു എന്റെ ഹൃദയം ഉണരുന്നതിന്നു മുമ്പായിട്ടും, എന്റെ വ്യസനങ്ങൾ എന്നെ വ്യസനിപ്പിക്കുന്നതിന്നു മുമ്പായിട്ടും, മനുഷ്യർ തങ്ങളുടെ വീഴ്ചക്കായി ഒരു തുള്ളി കണ്ണുനീരോ ദീൎഘശ്വാസമോ പുറപ്പെടുവിക്കുന്നതിന്നു മുമ്പായിട്ടും, അതേ, മനുഷ്യവൎഗ്ഗത്തിന്റെ കൎത്താവും യജമാനനുമായവന്റെ വൃത്താന്തം ലോകർ അറിഞ്ഞു ഗുണപ്പെടുവാനുള്ള പോരാട്ടം അവരിൽ ഉത്ഭവിക്കുന്നതിന്നു മുമ്പായിട്ടു തന്നെ കൎത്താവായ യേശു ഒരു രാജകി

രിടം തന്റെ ശിരസ്സിന്മേൽ വഹിച്ചിരുന്നു. ഈ ഒരു വിചാരമായിരുന്നു ക്രിസ്തുസഭയെ അനേകം നൂററാണ്ടുകളായിട്ടു അതിന്റെ എല്ലാ പോരാട്ടങ്ങളിൽ കൂടെയും താങ്ങിപ്പോന്നതു. അതു ആശ്രയിച്ചിരുന്നതു നിസ്സാരനായ ഒരുത്തനിൽ അല്ല, മഹാ ശക്തനും നിത്യനുമായ ഒരുത്തനിൽ ആയിരുന്നു. നശിച്ചുപോകുന്നവരുടെ മദ്ധ്യേ നാശമില്ലാത്തവൻ നില്ക്കുന്നു എന്നും, മരണമുള്ളവരുടെ മദ്ധ്യേ അമർത്യനായവൻ നില്ക്കുന്നു എന്നും, മനുഷ്യവർഗ്ഗത്തിൻ മദ്ധ്യേ ദൈവപുരുഷൻ നില്ക്കുന്നു എന്നും, അനിത്യന്മാരുടെ മദ്ധ്യേ നിത്യനായവൻ നില്ക്കുന്നു എന്നും ഉള്ള വിചാരമത്രെ ക്രിസ്തുസഭയെ ഇതുവരെ താങ്ങിപ്പോരുന്നതു."

മ. ഹാ, ആ ഡോക്ടർ പറയുന്ന വാക്കുകൾ ബഹു സാരമുള്ളതും ഓൎക്കേണ്ടതും തന്നേ. എന്തെന്നാൽ വിശു. പൌലൊസ് ഒരു ക്രിസ്ത്യാനിയായി തീൎന്നശേഷം, താൻ ക്രിസ്തുവിന്റെ ദൈവത്വത്തിൽ പൂൎണ്ണമായി വിശ്വസിക്കയും അവനെ അത്യന്തം സേവിക്കയും ചെയ്തുവല്ലോ.

പ. ഉവ്വ്; ഹിന്തുക്കളും മുസല്മാനരും ആ അതിശയകരമായ മനന്തിരിവിനെ കുറിച്ചു പുതിയനിയമത്തിൽനിന്നു വായിച്ചറിഞ്ഞുവെങ്കിൽ കൊള്ളായിരുന്നു (അപ്പൊ. പ്ര. ൯. ൧—൩൧; ൨൨ൻ). ഇഹത്തിന്നും പരത്തിന്നും അടുത്തതായ എല്ലാ നന്മകളും ക്രിസ്തുമൂലം പ്രാപിക്കാമെന്നു താൻ അറിഞ്ഞിരുന്നു. അതേ, ക്രിസ്തുയേശുവിൽ നമുക്കു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പും മററെല്ലാ നന്മകളും ഉണ്ടല്ലോ; (൧ കോരി. ൧. ൩൦). വിശു. പൌലൊസിന്റെ മനന്തിരിവിനെയും ക്രിസ്തുവിന്റെ പുനരുത്ഥാനത്തെയും കുറിച്ചു ഒരു വിശേഷമായ വൃത്താന്തം ഇനിയും പറവാനുണ്ടു.

മ. അതെന്താണ്? കേൾപ്പാൻ ആഗ്രഹമുണ്ടു.

പ. പറയാം; അമേറിക്കക്കാരനായ കീൎത്തിപ്പെട്ട ഡോക്ടർ ററോറി (**Dr. Torrey**) എന്ന ഏവൻഗേലിസ്തൻ ന്യൂസിലാണ്ടിൽ ഈയിടെ ഉണ്ടായിരുന്ന ഒരു ഉണൎവ്വ് യോഗത്തിൽവെച്ചു താഴെ പറയുംപ്രകാരം പ്രസ്താവിക്കയുണ്ടായി: "വെസ്റ്റ് (**West**) എന്നും ലിററിൽട്ടൻ (**Lyttleton**) എന്നും രണ്ടു ശാസ്ത്രജ്ഞന്മാരുണ്ടായിരുന്നു. അവർ ഇരുവരും ക്രിസ്തുമത വിശ്വാസം ഇല്ലാത്ത അവിശ്വാസികളും ആയിരുന്നു. അവർ, ഒരു ദൈവം ഉണ്ടെന്നു വിശ്വസിച്ചിരുന്നു എങ്കിലും വിശുദ്ധ വേദത്തെയോ; ക്രിസ്തുവിന്റെ ദൈവത്വം, പുനരു

ത്ഥാനം എന്നീ സംഗതികളെയോ വിശ്വസിച്ചിരുന്നില്ല. വെസ്റ്റ ഒരിക്കൽ ലിററിൾട്ടനോടു, യേശുവിന്റെ പുനരുത്ഥാനത്തെയും തൎസ്സൂസുകാരനായ ശൌലിന്റെ മനന്തിരിവിനെയും ഇല്ലായ്മ ചെയ്യാതെകണ്ടു നാം നമ്മുടെ ഉപദേശങ്ങളെ ഘോഷിച്ചുകൊണ്ടു നടക്കുന്നതിൽ യാതൊരു കാൎയ്യവുമില്ലെന്നു എനിക്കു തോന്നുന്നു എന്നു പറഞ്ഞു. ലിററിൾട്ടൻ ഉത്തരമായിട്ടു, തൎസ്സൂസുകാരനായ ശൌലിന്റെ മനന്തിരിവു ഒരു വെറും കബന്ധം മാത്രമാണെന്നു സാക്ഷിപ്പാൻ ഒരു പ്രബന്ധം ഞാൻ എഴുതാം എന്നു പറഞ്ഞു ഇരുവരും തമ്മിൽ പിരികയും ചെയ്തു. കുറെ നാൾ കഴിഞ്ഞശേഷം രണ്ടു പേരും വീണ്ടും തമ്മിൽ എതിരേററപ്പോൾ, നിങ്ങൾ ആ പുസ്തകം എഴുതിയോ എന്നു വെസ്റ്റ എന്നയാൾ ലിററിൾട്ടനോടു ചോദിച്ചു. അവൻ ഉത്തരമായിട്ടു 'ഉവ്വ്', ഞാൻ എഴുതി; എന്നാൽ തൎസ്സൂസുകാരനായ ശൌലിന്റെ മനന്തിരിവു, വേദപുസ്തകം പറയുംപ്രകാരം, ഉയിൎത്ത കൎത്താവായ യേശുവിന്റെ മഹത്വത്തെ അവൻ സാക്ഷാൽ കണ്ടതിനാൽ തന്നേയായിരുന്നു എന്നു ഞാൻ ബോധപ്പെട്ടിരിക്കയാൽ, എന്റെ പ്രബന്ധം ക്രിസ്തുമതത്തിന്നു പ്രതികൂലമായിട്ടല്ല, അനുകൂലമായിട്ടു തന്നേ തീൎന്നിരിക്കുന്നു' എന്നു പറഞ്ഞു. അതിങ്കൽ വെസ്റ്റ എന്നവൻ, 'ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്നെതിരായി ഒരു പ്രബന്ധം എഴുതുവാൻ ഞാനും തുടങ്ങി; എന്നാൽ ഒരു ന്യായാധിപൻ എന്ന മുറെക്കു, ഞാൻ അതു സംബന്ധമായി, സാക്ഷികളെ എല്ലാം കൃത്യമായും പരമാൎത്ഥമായും പരിശോധിച്ചതിൽ, തിരുവെഴുത്തുകൾ പറയുംപ്രകാരം ക്രിസ്തു മരിച്ചവരിൽനിന്നു ഉയിൎത്തു എന്നു ഞാൻ ബോധിച്ചിരിക്കയാൽ, എന്റെ കൃതി ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സാക്ഷിക്കുന്ന ഒരു ഗ്രന്ഥമായി തീൎന്നിരിക്കുന്നു' എന്നു പറഞ്ഞു.

മ. ബഹു രസകരമായ വൃത്താന്തം! ഇങ്ങനെയൊരു സംഗതി ഞാൻ ഇതുവരെ കേട്ടിട്ടില്ല.

പ. അതേ, പരമാൎത്ഥവും കാൎയ്യബോധവും ഉള്ളവൎക്കു ബൈബിളിൽ പറയുന്ന സംഗതികളെ മനസ്സിലാക്കുവാൻ ബൈബിളിന്റെ സാക്ഷികൾ മാത്രം മതി, അന്യ സാക്ഷികൾ വേണമെന്നില്ല.

മ. അതു എനിക്കു മനസ്സിലായി. ബൈബിൾ ദിവ്യവെളിപാടിനാൽ മാത്രം ഉണ്ടായതെന്നും, ലോകരക്ഷിതാവാ

യ ക്രിസ്തു ദൈവവും മനുഷ്യനുമാകുന്നു എന്നും, ക്രിസ്തുമതം ദിവ്യോത്ഭവം ഉള്ളതെന്നും ഞാൻ പൂർണ്ണമായി ബോധപ്പെട്ടിരിക്കുന്നു.

പ. വളരെ സന്തോഷം. ബൈബിളിന്റെയും ക്രിസ്തുമതത്തിന്റെയും ഉത്ഭവം ദൈവത്തിൽനിന്നാകയാൽ അതിനെ ഇല്ലായ്മചെയ്വാൻ ശ്രമിക്കുന്ന നാസ്തികന്മാരും അവിശ്വാസികളും മററും, ആകാശവിരിവിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്ന സൂൎയ്യനെ അന്ധകാരപ്പെടുത്തുവാൻ ശ്രമിക്കുന്നവരെ പോലെ മാത്രമിരിക്കുന്നു.

മ. അതു അസാദ്ധ്യമായ കാൎയ്യമല്ലോ.

പ. അതേ, ജൎമ്മാന്യയിലെ ഹെൻസ്റ്റെൻബൎഗ്ഗ് എന്ന വൈദികൻ (**Dr. Henstenburg**) ഈ സംഗതിയെ കുറിച്ചു പറയുന്നതു: "ലൂഥറിന്റെ രാജ്യത്തുള്ള ജൎമ്മാന്യ അവിശ്വാസികൾക്കു ക്രിസ്തുമതം നിൎമ്മൂലമാക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, അവരുടെ പ്രതിധ്വനി മാത്രം കേട്ടിട്ടുള്ള ഇംഗ്ലണ്ടിലുള്ള മതാക്ഷേപികൾക്കു വെസ്ലിയുടെയും വിററ്ഫീൽഡിന്റെയും (**Wesley and Whitfield**) രാജ്യത്തിലും അതിനെ ഇല്ലായ്മ ചെയ്വാൻ കഴികയില്ല. ഗിബ്ബൻ (**Gibbon**), വോൾട്ടയർ (**Voltaire**), ചെസ്റ്റർഫീൽഡ് (**Chesterfield**), ഹ്യൂം (**Hume**), പെയിൻ (**Paine**) മുതലായവർ ക്രിസ്തുമതത്തിന്നു അധഃപതനം വരുത്തുവാൻ അത്യന്തം ശ്രമിച്ചുവല്ലോ. ഫലമെന്തായിരുന്നു? ഉന്നതനായ ദൈവം അവരുടെ അഭിലാഷങ്ങളെ എല്ലാം അബദ്ധമാക്കി; അവരുടെ ശ്രമങ്ങളെ ഒക്കെയും അതിശയമാംവണ്ണം നന്മെക്കായിട്ടു ആക്കിതീൎത്തു. ലീമൻതടാക സമീപമുള്ള ഗിബ്ബന്റെ പാൎപ്പിടം, ബൈബിൾ വില്പനയുടെ ഒരു ശാലയായി തീൎന്നു. വോൾട്ടയറിന്റെ മതദൂഷണങ്ങളെ പ്രസിദ്ധം ചെയ്തുവന്ന അച്ചടിസൂത്രം, ദൈവവചനത്തെ അച്ചിട്ടു പ്രസിദ്ധീകരിക്കുന്ന യന്ത്രമായി തീൎന്നു. അവിശ്വാസികളുടെ സമൂഹം ഒരിക്കൽകൂടി വന്നിരുന്ന ചെസ്റ്റർഫീൽഡിന്റെ അഗ്രശാല ഇപ്പോൾ ക്രിസ്ത്യാനികളുടെ പ്രാൎത്ഥനശാലയായി തീൎന്നു; ഇരുപതു വൎഷത്തിന്നകം ക്രിസ്ത്യാനിമതം അന്തരിച്ചുപോകുമെന്നും ഹ്യൂം(1) പ്രവചിച്ചു. എന്നാലോ, അവൻ അന്തരിച്ചുപോകയും ശവക്കുഴിക്കു ഇരയാകയും ചെയ്തു. അവിശ്വാസികളുടെ പ്രഭുവായ താൻ അന്തരിച്ചു പോയ ആ മുറിയിൽ തന്നേ,

(1) ഡേവിഡ് ഹ്യൂം ക്രിസ്താബ്ദം ൧൭൧൧-ൽ എഡിൻബറോയിൽ ജനിച്ചു.

എഡിൻബെറോയിലുള്ള ബൈബിൾ സമൂഹത്തിന്റെ ഒന്നാമത്തെ യോഗം നടത്തപ്പെട്ടു. പെയിൻ എന്നവൻ അമേറിക്കയിലെ ന്യൂയോൿ പട്ടണത്തിൽ ചെന്നിറങ്ങിയപ്പോൾ, 'ഇനി അഞ്ചു വൎഷത്തിന്നകം ഐക്യസംസ്ഥാനത്തിൽ ഒരു ബൈബിൾ പോലും ശേഷിക്കയില്ല' എന്നു അഹങ്കാരമായി പ്രവചിച്ചു. സൂക്ഷ്മം നോക്കിയാൽ ഇപ്പോൾ എല്ലാ രാജ്യങ്ങളിലും വെച്ചു അധികം ബൈബിൾ സമൂഹങ്ങൾ ഉള്ളതു അമേറിക്കയിലാകുന്നു.

മ. ഹാ, എത്ര ആശ്ചൎയ്യമായ സംഭവങ്ങൾ? അതിന്നായി നാം ദൈവത്തെ സ്തുതിച്ചു ധൈൎയ്യപ്പെടാം.

പ. അതേ, അങ്ങനെ തന്നേ. ഇനി നമുക്കു കൎത്താവായ യേശുവിന്റെ മതം എന്നു മുതൽ ഉള്ളതെന്നു അതിന്റെ ചരിത്രത്തെ കുറിച്ചു അല്പം ആലോചിക്കാം. എന്തെന്നാൽ ഈ സംഗതിയിൽ ഹിന്തുക്കളും മററും വളരെ തെററിപോകുന്നു.

മ. കൊള്ളാം; അതും ഒരു സാരസംഗതിയല്ലോ. അതിനെ കുറിച്ചു അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

പ. ക്രിസ്തുമതം മനുഷ്യജാതിയുടെ ആരംഭം മുതല്ക്കു തന്നേ ഉണ്ടായിരുന്നു എന്നു പറയാം; എങ്കിലും അതിന്റെ ഇപ്പോഴത്തേ പൂൎണ്ണമായ വികാസ സ്ഥിതിയിൽ അല്ലായിരുന്നു താനും.

മ. അതു എങ്ങനെയെന്നു മനസ്സിലാകുന്നില്ല. ക്രിസ്തു യേശു അവതരിച്ചിട്ടു ൧൮൦൦ വൎഷമല്ലേ ആയിട്ടുള്ളു? അതു മാനുഷവൎഗ്ഗത്തിന്റെ ആരംഭം മുതല്ക്കേ ഉണ്ടായിരുന്നു എന്നു എങ്ങനെ പറയാം?

പ. ക്രിസ്തു ഈ പാപലോകത്തിൽ വന്നു അവതരിച്ചിട്ടു ൧൮൦൦ വൎഷം മാത്രമേ ആയിട്ടുള്ളു; എങ്കിലും, ത്രിത്വത്തിൽ രണ്ടാമനായ താൻ അതിന്നു മുമ്പും ഉണ്ടായിരുന്നുവല്ലോ. താൻ പൂൎണ്ണ ദൈവമാകയാൽ അനാദികാലം മുതൽ ഉള്ളവനാകുന്നു.

മ. ക്രിസ്തുവിന്റെ ദൈവത്വം ഓൎത്താൽ, താൻ അപ്രകാരമുള്ളവൻ എന്നല്ലയോ പറഞ്ഞതിന്റെ താല്പൎയ്യം?

പ. അതേ; അതു മുഖാന്തരമാണ് ക്രിസ്തു യഹൂദന്മാരോടു, "അബ്രഹാം ഉണ്ടായതിന്നു മുമ്പെ ഞാൻ ഉണ്ടു" എന്നു ധൈൎയ്യത്തോടെ പറഞ്ഞതു (യോഹ. ൮. ൫൮). തന്റെ

ദൈവ തത്വപ്രകാരം അബ്രഹാമിന്നു മുമ്പെ ഞാൻ ഉണ്ടായിരുന്നു.

മ. കൊള്ളാം; "ക്രിസ്തു" എന്ന വാക്കിന്നു താല്പൎയ്യം എന്തു?

പ. "അഭിഷിക്തൻ" എന്നു താല്പൎയ്യം; "മശിഹാ" എന്ന വാക്കിന്നും അൎത്ഥം അതു തന്നേ. ആ നാമധേയത്തിൽ, മനുഷ്യരുടെ മേലുള്ള തന്റെ ജ്ഞാനം, സ്നേഹം, അധികാരം ഇവ സൂചിപ്പിക്കുന്ന തന്റെ പ്രവാചക സ്ഥാനവും പുരോഹിത സ്ഥാനവും രാജ സ്ഥാനവും അടങ്ങുന്നു. വിശു. യോഹന്നാൻ പറയുംപ്രകാരം, ആദിയിൽ വചനമാകുന്ന ക്രിസ്തു ഉണ്ടായിരുന്നു. അവൻ മൂലം ദൈവം, കാണപ്പെട്ടതും കാണപ്പെടാത്തതുമായ സകലവും ഉണ്ടാക്കി; സൎവ്വവും അവനിൽ സംസ്ഥിതി ചെയ്യുന്നു. (യോഹ. ൧. ൧—൩. കൊലൊ. ൧.൧൭). പറദീസയിൽ നമ്മുടെ ആദ്യമാതാപിതാക്കന്മാർ പാപത്തിൽ വീണുപോയ ഉടനെ, "സ്ത്രീസന്തതിയായ ക്രിസ്തു സൎപ്പതലയെ ചതെക്കും" എന്നു സ്രഷ്ടാവായ ദൈവം കൃപയോടെ വാഗ്ദത്തം ചെയ്തു.(1) ഇതായിരുന്നു ഒന്നാമത്തേ ഇമ്പകരമായ സുവിശേഷ ശബ്ദം. ക്രിസ്തുമതത്തിന്റെ അങ്കുരം അല്ലെങ്കിൽ കൂമ്പു അന്നുമുതല്ക്കാകുന്നു ഉള്ളതു. പിതാവായ ദൈവം, മനുഷ്യനായി തീൎന്ന ലോക വീണ്ടെടുപ്പുകാരനിൽ കൂടെ, മനുഷ്യൎക്കു വഹിപ്പാൻ കഴിയുംവണ്ണം, തന്നെത്തന്നേ ലോകത്തിന്നു വെളിപ്പെടുത്തിവന്നു.

മ. ഉവ്വ്, അതു മനസ്സിലാകുന്നു.

പ. കൊള്ളാം; ഒരുത്തൻ വളരെ ചേൎച്ചയായി പറയുന്നതു: "എക്കാലത്തും പൂൎവ്വികന്മാർ അറിഞ്ഞിരുന്ന ദിവ്യ സത്യങ്ങളൊക്കെയും ഈ മദ്ധ്യസ്ഥൻ മൂലമത്രെ അവൎക്കു ലഭിച്ചതു; ആയവൻ തന്റെ അവതാരത്തിങ്കൽ ക്രിസ്തു എന്ന തന്റെ മഹത്തായ നാമം എടുക്കയും ചെയ്തു. താൻ, ലോകത്തിലേക്കു വരുന്ന എല്ലാ മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യ വെളിച്ചമായിരുന്നു. പണ്ടത്തേ കാലത്തിൽ ക്രിസ്ത്യാനികൾ എന്നുള്ള നാമം പ്രത്യക്ഷമായി ഇല്ലായിരുന്നുവെങ്കിലും, ആ സത്യ വെളിച്ചത്തോടുള്ള അനുസരണത്തിന്നും നിഷേധത്തിന്നും തക്കവണ്ണം മനുഷ്യരൊക്കെയും വിശ്വസ്തതയുള്ളവരോ ഇല്ലാത്തവരോ ആയ ക്രിസ്ത്യാനികൾ തന്നേയായിരുന്നു. അക്കാലങ്ങളിൽ അവൎക്കുണ്ടായ വെളിപാടുകളൊക്കെയും അംശ

(1) ൧ മോശ. ൩. ൧൫. ഈ വാഗ്ദത്തം ക്രിസ്തുഅവതാരത്തിന്നു ൪൦൦൦ വൎഷത്തിന്നു മുമ്പെ അരുളപ്പെട്ടു. ഗലാ. ൪. ൪൫.

മായും അപൂൎണ്ണമായും മാത്രമിരുന്നു; കാലങ്ങൾ കഴിയുന്തോറും അവ വൎദ്ധിച്ചുകൊണ്ടുമിരുന്നു. ഇങ്ങനെ ദൈവം പല ഭാഗമായിട്ടും പല വിധമായിട്ടും തന്റെ തിരുവിഷ്ടം വെളിപ്പെടുത്തിയ ശേഷം, ഒടുവിൽ അവൻ അവതാര പുരുഷനായ തന്റെ പ്രിയപുത്രൻ മൂലം ലോകത്തോടു സംസാരിക്കയും ചെയ്തു". (എബ്രാ. ൧. ൧, ൨).

മ. ഹാ, ഈ സംഗതി ഞാൻ ഇതിന്നു മുമ്പിൽ ഇത്ര സ്പഷ്ടമായി അറിഞ്ഞിരുന്നില്ല.

പ. ശരി തന്നേ; കൎത്താവായ യേശു പറയുന്നതു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു"എന്നാകുന്നു (യോഹ. ൮. ൧൨). ഡറാമിലേ വെസ്റ്റ്കോട്ട് എന്ന വേദശാസ്ത്രി **(Dr. Westcott of Durham)** ദിവ്യവെളിപാടുകളെ സംബന്ധിച്ചു പറയുന്നതു: "ഇരുളും മഞ്ഞലും മാറിപ്പോകുന്ന അരുണോദയ കാലത്തിങ്കൽ സൂൎയ്യൻ തന്റെ പ്രഭാവശോഭയോടും ജീവശക്തിയോടും കൂടെ ഗിരിശിഖരങ്ങൾക്കു മീതേ പൊങ്ങിവരുന്നതായ കാഴ്ച എവൎക്കും കണ്ടറിയാകുന്ന ഒരു കാൎയ്യമല്ലോ. ആദ്യമേ, ശോഭിതമായ ആകാശത്തിന്നു നേരെ ഉയൎന്ന ദൂരമായ ഗിരികളുടെ ഇരുണ്ട മേൽഭാഗം മാത്രം കാണപ്പെടുന്നു; പിന്നീടു ഓരോ ഗിരിശിഖരങ്ങൾ ക്രമേണ ശോഭിക്കുന്നു. ആ പ്രഭാകരൻ, സാവധാനത്തിൽ ഉയൎന്നു വരുന്തോറും, മലഞ്ചെരിവിലുള്ള പാറകൾ, മരക്കൂട്ടങ്ങൾ, ഒഴുക്കുകൾ, പുൽമാലികൾ, കുടിലുകൾ എന്നിവകളിന്മേൽ എല്ലാം തീജ്വാലപോലെ പടരുന്നു. ഇതു നീതിയിൻ സൂൎയ്യനാകുന്ന[1] ക്രിസ്തുവിന്റെ പ്രഭമൂലം ലോകത്തിന്നു ഉളവാകുന്ന അനുഗ്രഹങ്ങളെ സൂചിപ്പിക്കുന്ന ഒരു ദൃഷ്ടാന്തമല്ലോ."

മ. അതു വളരെ സാരോപദേശം അടങ്ങിയ ഒരു ദൃഷ്ടാന്തം തന്നേ.

പ. ഒരു മതത്തെ അസത്യ മതം എന്നു പറയുമ്പോൾ അതിന്റെ താല്പൎയ്യം, അതിൽ പറയുന്ന സംഗതികൾ ഒക്കെയും അസത്യം എന്നല്ല, അതിൽ പറയുന്ന സത്യങ്ങളെ മാനുഷിക സങ്കല്പങ്ങളാലും ഹീനമായ മൂഢാചാരങ്ങളാലും മാലിന്യമാക്കിക്കളഞ്ഞു എന്നത്രെ. അതിൽ കാണുന്ന സത്യങ്ങളൊക്കെയും സത്യവെളിച്ചത്തിൽനിന്നു പുറപ്പെട്ടിട്ടുള്ള രശ്മികൾ തന്നേയാകുന്നു: കാലസംപൂൎണ്ണതയിങ്കൽ വെളിപ്പെടുവാനിരുന്ന പൂൎണ്ണവെളിച്ചത്തിങ്കലേക്കായി മനുഷ്യരെ ഒരു

(1) മലാ. ൪. ൨.

ക്കം ചെയ്വാൻ മുൻകൂട്ടി നല്കപ്പെട്ട ആത്മപ്രകാശം തന്നേ (ഗലാ. ൪. ൪).

മ. അതു എനിക്കു മനസ്സിലാകുന്നു.

പ. ഒരു പ്രാപ്തനായ ഗ്രന്ഥകൎത്താവു നമ്മുടെ വാഴ്ത്തപ്പെട്ട കൎത്താവിന്റെ അവതാരത്തെ സംബന്ധിച്ചു പറയുന്നതു: "പാപപ്രവേശനം മൂലം ഉണ്ടായ വീഴ്ചയിൽനിന്നു മനുഷ്യനെ ഉദ്ധരിപ്പാൻ സൎവ്വശക്തനായ ദൈവം തന്നെത്താൻ താഴ്ത്തിയതു ആലോചിച്ചു നോക്കിയാൽ, പാപിയോടുള്ള തന്റെ അളവററ സ്നേഹം എന്നല്ലാതെ എന്തു പറയാം! മനുഷ്യന്റെ വീഴ്ചയായിരുന്നു മഹത്വത്തിന്റെ കൎത്താവിനെ ഭൂമിയിൽ ഹീന കഷ്ടങ്ങളെ സഹിപ്പാൻ സംഗതിയാക്കിയതു. ക്രിസ്തുയേശുവിന്റെ അവതാര ജീവിതം, കൌശല ബുദ്ധിയുള്ള മനുഷ്യരാൽ ചമെക്കപ്പെട്ട ഒരു കൃതിയല്ല. യേശുവിന്റെ ജീവിതത്തെ കൃതിയാക്കുവാൻ യേശുവിനാൽ മാത്രമേ സാധിക്കയുള്ളൂ. ദൈവം മനുഷ്യനായി തീൎന്നതിൽ വെച്ചു തനിക്കുണ്ടായ ബെതലഹേം പശുത്തൊട്ടിയും ക്രൂശിലേ കഷ്ടാനുഭവ വിഷയങ്ങളുമെല്ലാം ദൈവത്താലല്ലാതെ മററാരുത്തനാൽ കൃതിയാക്കുവാൻ കഴികയില്ല എന്നതു സത്യമത്രെ. അങ്ങനെയുള്ള ഒരു ജീവചരിത്രം ചമെച്ചുണ്ടാക്കുവാൻ മനുഷ്യൻ പ്രയത്നിക്കുന്നതായാൽ, പക്ഷേ ഹിന്തുക്കളുടെ വിഷ്ണു പുരാണത്തിലും മററു ശാസ്ത്രങ്ങളിലും കാണുന്നതിൽനിന്നു വളരെ വ്യത്യാസപ്പെടുന്നതായ ഒരു ജീവിതം നിൎമ്മിച്ചുണ്ടാക്കുവാൻ അവനാൽ സാധിച്ചേക്കാം. തള്ളപ്പെട്ടആഗമങ്ങളിൽ ചിലതു ക്രിസ്തുവിന്റെ ജീവചരിത്രം വളരെ അതിശയമാംവണ്ണം വൎണ്ണിച്ചു കാണുന്നുണ്ടല്ലോ. എന്നാൽ നാലു സുവിശേഷങ്ങളിലും പറഞ്ഞിരിക്കുന്ന ക്രിസ്തുചരിത്രം നോക്കിയാൽ അവയിൽനിന്നെല്ലാം എത്ര വ്യത്യാസപ്പെട്ടതു!"

മ. സുവിശേഷങ്ങളിൽ നിന്നു അതിന്റെ പരമാൎത്ഥിക സ്വഭാവം ഞാൻ നല്ലവണ്ണം അറിയുന്നു.

പ. കൊള്ളാം; അതുകൊണ്ടു ക്രിസ്തുവിന്റെ അവതാരത്തിന്നു മുമ്പും ക്രിസ്തുഭക്തന്മാർ ലോകത്തിൽ ഉണ്ടായിരുന്നു. ഭൂലോകത്തിന്റെ സത്യ വെളിച്ചമാകുന്ന ക്രിസ്തുവിൽ നിന്നു ആദ്യകാലം മുതൽ മങ്ങലായിട്ടെങ്കിലും കിട്ടിവന്നിരുന്ന വെളിച്ചത്തെ അനുസരിച്ചു അതിനെ അനുകരിച്ചു പോന്നവർ ഒക്കെയും ക്രിസ്ത്യാനികൾ തന്നേ എന്നു പറയാമല്ലോ. നിങ്ങൾ എബ്രായലേഖനം ൧൧-ാം അദ്ധ്യായം വായിച്ചു നോക്കി

യാൽ, ദൈവം മനുഷ്യാവതാരം എടുക്കുന്നതിന്നു മുമ്പായിട്ടു തന്നേ അവനിലുള്ള ആശ്രയം മൂലം ജീവിച്ചു വന്ന വിശ്വാസികളുടെ ഒരു ചെറിയ സമൂഹത്തെ അവിടെ കാണാം. അവർ, തങ്ങൾക്കു ലഭിച്ചിട്ടുള്ള സുവിശേഷ വെളിച്ചത്തിന്നു തക്കവണ്ണം, ആദ്യകാലം മുതൽ ഭൂമിയിൽ ഉണ്ടായിട്ടുള്ള എല്ലാ ഗോത്രങ്ങളിൽനിന്നും ജാതികളിൽനിന്നും രക്ഷപ്പെട്ടിട്ടുള്ള മഹാ പുരുഷാരത്തിന്റെ ഒരു ചെറിയ കൂട്ടം മാത്രമാകുന്നു. അവർ ഇപ്പോൾ മഹത്തായ സുവിശേഷ വെളിച്ചത്തിന്റെ പൂൎണ്ണമായ അറിവിലേക്കു വന്നെത്തി, കൎത്താവായ യേശുവിനെ തങ്ങളുടെ മദ്ധ്യസ്ഥനും വീണ്ടെടുപ്പുകാരനുമായിട്ടു കൈക്കൊണ്ടിരിക്കുന്നവരുമാകുന്നു.

മ. കാൎയ്യത്തിന്റെ സ്വഭാവം ഇപ്പോൾ മനസ്സിലാകുന്നു; ഈ അറിവു എനിക്കു മുമ്പുണ്ടായിരുന്നില്ല. ദൈവം മനുഷ്യനായി തീൎന്നതിൽ താൻ കാണിച്ച മഹാ സ്നേഹം എത്ര വലിയതെന്നു ഞാൻ വേണ്ടുംവണ്ണം അറിഞ്ഞിരുന്നില്ല.

പ. ദൈവം നമ്മെ സ്നേഹിച്ച തന്റെ അളവററ സ്നേഹത്തെ നാം അറിഞ്ഞിട്ടും അവനെ നാം സ്നേഹിക്കാഞ്ഞാൽ അതു എത്ര വലിയ നന്ദികേടാകുന്നു.

മ. അതിന്നു ആക്ഷേപമില്ലല്ലോ.

പ. ക്രിസ്തുമത അംഗീകാരത്തിന്നുള്ള വിശേഷ ന്യായങ്ങളെ നിങ്ങൾ അധികമധികം ഗ്രഹിച്ചിരുന്നാൽ കൊള്ളായിരുന്നു.

മ. അതു ഒരു സാരസംഗതി തന്നേയാണ്. വിശേഷാൽ എല്ലാ മതങ്ങളെയും ന്യായസഹിതം ആലോചിച്ചു വരുന്ന ഇക്കാലത്തു അതു പ്രത്യേകം ആവശ്യമുള്ള കാൎയ്യം തന്നേ.

പ. അതേ; ഞാൻ ഇപ്പോൾ, ആശ്ചൎയ്യപ്പെടത്തക്ക ഒരു സത്യ വൃത്താന്തം നിങ്ങളോടു പറയാം; അതിൽനിന്നു മേൽ പറഞ്ഞ സംഗതിയെ തെളിയിക്കുന്ന ചില കാൎയ്യങ്ങൾ, എന്നും ഓൎക്കത്തക്കവണ്ണം നിങ്ങൾക്കു മനസ്സിലാക്കാം.

മ. കൊള്ളാം; അതെന്താണ്?

പ. പറയാം; ഹെൻറി ടൌൺബി (**Henry Tounby**) എന്നയാൾ തന്റെ ൨൩-ാം വയസ്സുവരെ ഒരു നല്ല മൎയ്യാദക്കാരനെങ്കിലും വലിയ ഒരു അവിശ്വാസിയായിരുന്നു. അവന്റെ മൂത്ത സഹോദരൻ ക്ഷയരോഗം മൂലം അല്പം മുമ്പെ മരിച്ചുപോയതിനാൽ അവൻ ഭയപരവശനായി ക്രിസ്തുമത സാക്ഷികളെ പരിശോധിച്ചറിവാൻ മനസ്സു വെച്ചു. ക്രിസ്തു

മതത്തൊടുള്ള അറിവുകേടാകുന്നു തന്റെ അവിശ്വാസത്തിന്നു കാരണം എന്നു അവൻ ബോധ്യപ്പെട്ടിട്ടു, താൻ ഒടുവിൽ ക്രിസ്തുവിനെ രക്ഷിതാവായി കൈക്കൊള്ളുകയും, ഭക്തിയും സ്ഥിരതയുമുള്ള ക്രിസ്തീയ ജീവിതം ആരംഭിക്കയും ചെയ്തു. പിന്നീടു അവൻ, അവിശ്വാസത്തിൽ തന്നോടു സമനും,തന്നെപോലെ ഒരു വക്കീൽ ഉദ്യോഗം നടത്തിവന്നവനുമായ തന്റെ സഹോദരൻ ചാറത്സിനെ കണ്ടിട്ടു അവനോടു, "നിങ്ങൾ ശാന്തതയും ജാഗ്രതയും ഒരു ന്യായാധിപന്നു ചേൎച്ചയുമുള്ള മനസ്സോടെ ക്രിസ്തുമത ന്യായങ്ങളെ പരിശോധിച്ചു, തൽസംബന്ധമായ ചില പുസ്തകങ്ങളെ വായിച്ചു നോക്കുമോ?" എന്നു ചോദിച്ചു. ചാറത്സ് അതു സമ്മതിച്ചു, വായിപ്പാൻ തുടങ്ങി; ഒടുവിൽ അവൻ തന്റെ സഹോദരനോടു, ക്രിസ്തുമത ന്യായങ്ങൾ വളരെ ശക്തിയും തീൎച്ചയും ഉള്ളതായിരിക്കുന്നു, എങ്കിലും അതിന്നു എതിരേ നില്ക്കുന്ന ചില ന്യായങ്ങളെ കൂടെ നോക്കേണ്ടതു ആവശ്യമാകുന്നു എന്നു പറഞ്ഞു. അതിന്റെശേഷം അവൻ ക്രിസ്തുമത ന്യായങ്ങൾക്കു എതിരായ ഒരു പുസ്തകം (**Paine's Age of Reason**) വായിപ്പാൻ തുടങ്ങി. തന്റെ വായനയുടെ ശേഷം അവൻ പറഞ്ഞതു "എനിക്കുണ്ടായിരുന്ന സംശയങ്ങളെല്ലാം നീങ്ങിപ്പോയിരിക്കുന്നു. ക്രിസ്തുമതത്തിന്നു എതിരായി നില്ക്കുന്ന ന്യായങ്ങളൊക്കെയും എത്ര നിസ്സാരവും ലഘുവുമെന്നു ഞാൻ കണ്ടു ആശ്ചയ്യപ്പെട്ടുന്നു. ഞാൻ ക്രിസ്തുമതത്തെ അംഗീകരിക്കയും, വാഴ്ത്തപ്പെട്ട രക്ഷകൻ മൂലം എന്നെ തന്നേ മുഴുവനും ദൈവവകെക്കായി പ്രതിഷ്ഠിക്കയും ചെയ്യുന്നു". അന്ത്രയോസു, പത്രോസു, എന്നീ രണ്ടു സഹോദരന്മാരുടെ അപ്പോസ്തല പ്രവൃത്തിപോലെ, ആ രണ്ടു സഹോദരന്മാരുടെ ക്രിസ്തീയ അദ്ധ്വാനം ദീൎഘകാലം നിലനിന്നു.

മ. അതു വളരെ സന്തോഷവും മനസ്സിന്നു ധൈൎയ്യം നല്കുന്നതുമായ പ്രവൃത്തി തന്നേ. ഒരു ലോയർ ആയിരുന്ന ചാറത്സ്, പരമാൎത്ഥവും ആലോചനയുമുള്ള ഒരുത്തനെ പോലെ, ക്രിസ്തുമതത്തിന്റെ അനുകൂലവും പ്രതികൂലവുമായ രണ്ടു ഭാഗങ്ങളെയും നല്ലവണ്ണം പരിശോധിച്ചതിനാലായിരുന്നു താൻ ക്രിസ്തുവിന്റെ ഒരു ഉറച്ച ശിഷ്യനായി തീൎന്നതു. ക്രിസ്തുമത സത്യങ്ങളെ കുറിച്ചു എനിക്കും സംശയമൊന്നുമില്ല.

പ. അതു അത്യന്തം സന്തോഷം തന്നേ.

മ. ക്രിസ്തീയ വേലക്കാൎക്കു ആത്മാക്കളോടുള്ള പരിതാപവും സ്നേഹവും അധികമധികം ഉണ്ടെങ്കിൽ ക്രിസ്തുവിന്റെ രാജ്യം ഹിന്തുക്കളുടെയും മുസല്മാനരുടെയും ഇടയിൽ ശീഘ്രം വൎദ്ധിക്കുമെന്നു എന്റെ അഭിപ്രായം.

പ. അതിന്നു ആക്ഷേപം ഒട്ടുമില്ല. സ്നേഹവും ദയാശീലവും വളരെ ശക്തിയുള്ളതാകുന്നു. അതിന്നു ഒരു ദൃഷ്ടാന്തം പറയാമല്ലോ.

മ. കേൾക്കട്ടെ; വളരെ സന്തോഷം.

പ. ലണ്ടൻ പട്ടണത്തിന്റെ ഒരു ഭാഗത്തു ഫെബ്രുവരി-ൽ നടത്തിയ ഒരു യോഗത്തിൽ വെച്ചു, മാന്യനായ ഒരാൾ തന്റെ ഒരു വൃത്താന്തം ഇങ്ങനെ പറകയുണ്ടായി: "ഞാൻ ഒരിക്കൽ മദ്യപാന ദോഷം മൂലം ഒട്ടും സുബുദ്ധിയില്ലാത്ത ഒരുത്തനായിരുന്നു. എനിക്കു കിട്ടിയിരുന്ന എല്ലാ നല്ല ഉദ്യോഗങ്ങളെയും ഓരോന്നായി ഞാൻ നഷ്ടപ്പെടുത്തി. ക്രമേണ എന്റെ കാൎയ്യമെല്ലാം മഹാ പരിതാപവും ഭയങ്കരവുമായി തീൎന്നു. ഒടുവിൽ ഞാൻ ആത്മഹത്യ ചെയ്വാൻ നിശ്ചയിച്ചു. ഒരു ദിവസം ഒരു തെരുവീഥിയിൽ കൂടെ മഹാ അരിഷ്ടനായി ഉഴന്നു നടക്കുമ്പോൾ അതിന്നു സമീപം ഒരു കുളം കണ്ടു; ആ കുളത്തിൽ, ഞാൻ ആലോചിച്ചിരുന്നപ്രകാരം, സ്വയഹത്യ ചെയ്യേണമെന്നും നിശ്ചയിച്ചു. ഞാൻ ആരായിരുന്നു എന്നു മററുള്ളവർ എന്നെ അറിയാതകണ്ടു അടക്കം ചെയ്യുന്നതിന്നു എനിക്കു ഇഷ്ടമില്ലാഞ്ഞതിനാൽ, എന്റെ പേരു വിവരങ്ങളും മററും എഴുതി വെപ്പാൻ ചട്ടയുടെ കീശയിൽനിന്നു ഒരു തുണ്ടം കടലാസും, വെച്ചെഴുതുവാൻ ഒരു ട്രാക്ടും ഞാൻ വലിച്ചെടുത്തു. ആ ട്രാക്ട് അതിന്നു കുറെ മുമ്പെ ഒരുത്തൻ എനിക്കു തന്നതായിരുന്നു. ചന്ദ്രപ്രകാശം നല്ലപോലെ ഉണ്ടായിരുന്നതിനാൽ ആ ട്രാക്ടിന്റെ പുറത്തുണ്ടായിരുന്ന എഴുത്തു എനിക്കു നല്ലവണ്ണം വായിക്കാമായിരുന്നു. ആ എഴുത്തു ഇതായിരുന്നു: 'നിത്യത്വം ഞാൻ എവിടെ കഴിക്കും?' ആ ഭയങ്കരവും ഭക്തികരവുമായ ചോദ്യം, ഞാൻ ആലോചിച്ചിരുന്ന ഘാതക പ്രവൃത്തിയിൽനിന്നു പെട്ടെന്നു എന്റെ മനസ്സിനെ തിരിച്ചു. അടുത്ത ദിവസവും ഞാൻ അങ്ങുമിങ്ങും ഉഴന്നശേഷം, തെരുവീഥിയിൽ ജനങ്ങൾ പരസ്യമായി വന്നു കൂടുന്ന ഒരു സ്ഥലത്തു ചെന്നിരുന്നു. അവിടെ ഇരിക്കുമ്പോൾ സ്ട്രാററ്ഫോൎഡ് മിസ്പാ ബാണ്ട് (**Stratford Mizpah Band**) എന്നൊരു മതസമൂഹക്കാരിൽ ഒരാ

ൾ ആ വഴിയായി പോകയിൽ എന്നെയും കൂടെ ആ യോഗത്തിലേക്കു ക്ഷണിച്ചു. ഞാൻ പോയി, ആ സുവിശേഷയോഗത്തിൽ പറഞ്ഞ കാൎയ്യങ്ങളെല്ലാം കേട്ടു. ഒടുവിൽ ഒരു സുവിശേഷവേലക്കാരൻ എന്റെ അടുക്കൽ വന്നു സ്നേഹത്തോടെ തന്റെ കൈ എന്റെ തോളിന്മേൽ വെച്ചു 'സഹോദരാ, നിന്റെ ആത്മക്ഷേമം എങ്ങനെ?' എന്നു എന്നോടു ചോദിച്ചു. 'സഹോദരാ' എന്ന ആ സ്നേഹകരമായ വാക്കു എന്നെ തട്ടി; ഇങ്ങനെ ഏറെ കാലമായി ആരും തന്നേ എന്നെ വിളിച്ചിട്ടില്ല. അവിടെ വെച്ചു എന്റെ ഹൃദയം തകൎന്നു. ഞാൻ എന്റെ പാപങ്ങളെയെല്ലാം ഏറ്റുപറഞ്ഞു, ക്ഷമ പ്രാപിച്ചു; എന്നു മാത്രമല്ല, മദ്യപാന പാശത്തിൽനിന്നു അന്നുമുതൽ ഞാൻ അശേഷം വിടുതൽ പ്രാപിക്കയും ചെയ്തു."

മ. ഹാ, അതു എത്ര അതിശയമുള്ള മനന്തിരിവു! സുവിശേഷപ്രകാരമുള്ള സഹതാപ ശക്തിയെ ഞാൻ തെളിവായി കാണുന്നു.

പ. അതേ, ആ ട്രാക്കിന്റെ തലവരി മാത്രമാകുന്നു ആ മനുഷ്യന്റെ വിലയേറിയ ആത്മാവിനെ നരക ദുരിതങ്ങളിൽനിന്നു രക്ഷിച്ചതു. അതിൽനിന്നു ദൈവത്തിന്റെ സ്നേഹകാരുണ്യ വിചാരണയെ കൂടെ കാണുന്നില്ലയോ?

മ. ഉവ്വു, സംശയമെന്നിയേ കാണുന്നു. ബൈബിളിനെ കുറിച്ചു ഇനിയും വല്ലതും പറവാനുണ്ടോ?

പ. ഉണ്ടു; ആ മഹത്തായ പുസ്തകത്തെ കുറിച്ചു ഒരു പ്രാപ്തനായ ഗ്രന്ഥകൎത്താവു പറയുന്നതു: വരുവാനുള്ള കാൎയ്യങ്ങളെ കുറിച്ചുള്ള എല്ലാ വാഗ്ദത്തങ്ങളും പ്രവചനങ്ങളും ബൈബിളിൽ അടങ്ങീട്ടുണ്ടു. പ്രകൃതി ഒരു മഹാ ദൈവത്തെ വെളിപ്പെടുത്തുന്നു, എങ്കിലും താൻ എങ്ങനെയുള്ള ആൾ എന്നു അതു നമ്മോടു പറയുന്നില്ല. ബൈബിൾവെളിപ്പാടു മാത്രം അതിനെ നമുക്കു വൎണ്ണിച്ചു കാണിക്കുന്നു. നമ്മുടെ വഴിയെ പ്രകാശിപ്പിക്കുന്ന സത്യ വെളിച്ചത്തിന്റെ ശുഭകരമായ പുറപ്പാടെല്ലാം ബൈബിളിൽനിന്നു മാത്രമാകുന്നു. അതു മാത്രം ശാശ്വതമായ ഗ്രന്ഥം.[1] മററുള്ള ഗ്രന്ഥങ്ങളെല്ലാം, കുറെ വായനയുടെ ശേഷം, പഴമയായ പുസ്തകങ്ങളെന്നു വന്നേക്കാം. എന്നാലോ, ബൈബിൾ ഒന്നുമാത്രം എല്ലായ്പോഴും ഒരു പുതിയ പുസ്തകം! നാം അതിനെ വായിക്കുന്തോറും, അതു വീണ്ടും വീണ്ടും നമുക്കു പുതിയ കാൎയ്യങ്ങളെ കാണിച്ചു

(1) അവശേഷം D നോക്കുക.

തരുന്നു. ബൈബിൾ സംബന്ധമായി എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ പോലെ അത്ര അധികം പുസ്തകങ്ങൾ ഭൂമിയിൽ മറ്റൊരു വിഷയത്തെ കുറിച്ചും എഴുതപ്പെട്ടിട്ടില്ല. സൂക്ഷ്മം നോക്കിയാൽ ബൈബിളിനെ കൂടാതെയുള്ള വിദ്യ ഭൂമിയിൽ ദുല്ലഭമെന്നു പറയാം. ഷെയ്ക്സ്പീയർ (**Shakespeare**), മില്ടൻ (**Milton**), ബന്യൻ (**Bunyan**), ഏർവിങ്ങ് (**Irving**), മക്കോളി (**Macaulay**), കാർലൈൽ (**Carlyle**), ജോൺ സ്ടുവാട്ട്മിൽ (**John Stuart Mill**), ജോൎജ്ജ് എലിയോട്ട് (**George Elliot**), റെയിഫ് വോൽഡൊ (**Raeph Waldo**), എമേഴ്സൻ (**Emerson**), ബ്രെയാൻറ് (**Bryant**), ലോങ്ങ്ഫെലൊ (**Longfellow**) ഇത്യാദി വിദ്വാന്മാരുടെ കൂട്ടത്തിൽ വെച്ചു ഒരു മഹാ ഗണം ബൈബിളിനെ മുഖ്യം ആശ്രയിച്ചുകൊണ്ടു തങ്ങളുടെ കൃതികളെ ചമെച്ചിരിക്കുന്നു. അവിശ്വാസിയായ ലോൎഡ് ബൈറൻ (**Lord Byron**) കൂടെയും ഒരു ബൈബിൾപ്രതിയെ എപ്പോഴും തന്റെ മേശമേൽ സൂക്ഷിച്ചിരുന്നുവല്ലോ.

മ. ബൈറൻ അത്ര വലിയ ഒരു അവിശ്വാസിയായിരുന്നിട്ടും തിരുവെഴുത്തുകളെ കൈവശം വെച്ചു സൂക്ഷിച്ചതു ആശ്ചൎയ്യം തന്നേ.

പ. അതേ, ആ പ്രാപ്തനായ ഗ്രന്ഥകൎത്താവു പിന്നെയും പറയുന്നതു: ഭൂലോകത്തിൽ സമൎത്ഥന്മാരായ വാഗീശന്മാരെയും രാജ്യ ഉദ്യോഗസ്ഥന്മാരെയും അധികമായി പുറപ്പെടുവിച്ചിരിക്കുന്നതു ബൈബിൾ അല്ലാതെ മറ്റൊരു പുസ്തകവുമല്ല. ജോൎജ്ജ് വോഷിങ്ങ്ടൻ (**George Washington**) ബൈബിളിനോടു വളരെ അടുപ്പമുള്ള ഒരു വിദ്യാൎത്ഥിയായിരുന്നു. ജോൺ ആഡംസ് (**John Adams**) എന്നയാൾ ദിവസംപ്രതി നാലോ അഞ്ചോ അദ്ധ്യായം വീതം വായിച്ചു വന്നു. പാട്രിക്ക് ഹെൻറി (**Patrick Henry**) എന്ന ഭക്തനെ യഹൂദ പ്രവാചകന്മാരോടു തുല്യനാക്കി പറഞ്ഞിരിക്കുന്നു. ദാനിയേൽ വെബ്സ്ടറിനെ (**Daniel Webster**) ഐക്യസംസ്ഥാന ആലോചനസഭയുടെ “ബൈബിൾ ഒത്തുവാക്യം” എന്നു വിളിച്ചുവന്നു. അദ്ദേഹം ഒരിക്കൽ പറഞ്ഞതു “ഇംഗ്ലീഷ് ഭാഷയിൽ എനിക്കു സാമൎത്ഥ്യം ഉണ്ടായിട്ടുണ്ടെങ്കിൽ അതു ബൈബിൾ മൂലം മാത്രമാകുന്നു” എന്നത്രെ. സേർ വോൽട്ടർ സ്കോട്ടിന്നു (**Sir Walter Scott**) യോഹന്നാന്റെ സുവിശേഷം ൧൪-ാം അദ്ധ്യായം പുതിയ

നിയമത്തിൽ വെച്ചു ഏററവും മനോഹരമേറിയ ഭാഗമായിരുന്നു.

മ. ഭൂലോകത്തിൽ വിദ്യാഭ്യാസമുള്ള രാജ്യങ്ങളിൽ ജീവിച്ചിരുന്ന വിദ്വാന്മാരും ഭക്തന്മാരുമായ മിക്കവാറും ആളുകൾ ബൈബിളിനെ അത്യന്തം വിലമതിക്കയും അതിനെ തിരുഅരുളപ്പാടെന്നു ഉറപ്പായി വിശ്വസിക്കയും ചെയ്യുവരായിരുന്നു എന്നു ഞാൻ നല്ലവണ്ണം കാണുന്നു.

പ. അതു നിങ്ങൾ മനസ്സിലാക്കേണം എന്നാകുന്നു എന്റെ ആഗ്രഹം. ഡറാമിലെ വേദശാസ്ത്രിയായ മൊവുൾ (**Dr. Moule of Durham**) എന്നയാൾ വേദവാക്യ മാഹാത്മ്യത്തെ കുറിച്ചു പറയുന്നതു: "എന്റെ ഒരു പഴയ സ്നേഹിതൻ, തന്റെ സഹോദരൻ ഇളപ്രായത്തിൽ മരിച്ചുപോയതിനെ കുറിച്ചു ഒരിക്കൽ എന്നോടു പറകയുണ്ടായി. അവൻ തന്റെ മരണക്കിടക്കയിൽ വെച്ചു തന്നെ ചുററി നിന്നിരുന്ന ബാല്യക്കാരായ സ്നേഹിതന്മാരോടു 'ബൈബിൾ വായിച്ചാൽ പോരാ, അതിനെ പഠിപ്പിൻ' എന്നു പറഞ്ഞു. ഞാൻ ചെറുപ്പം മുതൽ വളരെ വേദഭാഗങ്ങളും അദ്ധ്യായങ്ങളും മാത്രമല്ല ചില ലേഖനങ്ങൾ മുഴുവനായും മനഃപാഠം ചെയ്തിരിക്കയാൽ ഞാൻ എന്റെ ദൈവത്തെ സ്തുതിക്കുന്നു. എനിക്കു ഇപ്പോൾ അറുപതിൽ പരം വയസ്സായി; എങ്കിലും, ഞാൻ ആ തിരുവെഴുത്തുകളെ എന്റെ ഹൃദയത്തിൽ ശേഖരിച്ചിരിക്കുന്നു; അവമൂലമുണ്ടാകുന്ന പ്രയോജനവും ഏററവും മാധുയ്യമുള്ളതാകുന്നു."

മ. അതു സാരമേറിയ ഒരു സംഗതി തന്നേ, ആ നല്ല മനുഷ്യന്റെ ദൃഷ്ടാന്തം പിന്തുടരുവാൻ എനിക്കും ആഗ്രഹമുണ്ടു.

പ. കൊള്ളാം; നിങ്ങൾ ക്രിസ്ത്യാനിമതത്തിന്റെ ശക്തിയെ കുറിച്ചു ഇപ്പോൾ കുറെ അറിഞ്ഞുവല്ലോ.

മ. ഉവ്വ്; ഇനിയും കുറെ കൂടെ അറിഞ്ഞുവെങ്കിൽ കൊള്ളായിരുന്നു എന്നാണ് എന്റെ ആഗ്രഹം.

പ. നല്ലതു. ചീനരാജ്യത്തിൽ കുറെ മുമ്പെ ബോക്സേഴ്സ് (**Boxers**) എന്ന ലഹളക്കാർ ക്രിസ്ത്യാനികളെ പീഡിപ്പിച്ചു, അവരിൽ അനേകം പുരുഷന്മാരെയും സ്ത്രീകളെയും പൈതങ്ങളെയും ഹിംസിച്ചുകളഞ്ഞതു ഒരു പ്രസിദ്ധ കായ്യമാണല്ലോ.

മ. അതു എല്ലാടവും അറിഞ്ഞിരിക്കുന്ന കായ്യം തന്നേ.

പ. അതേ, വ്യസനകരമായ ആ സംഗതിയെ കുറിച്ച എനിക്കു അല്പം പറവാനുണ്ടു. ആ ഭയങ്കര പീഡയുടെ ശേഷം ഒരു ബോക്കർ, വേദശാസ്ത്രിയായ മാക്ക്ഫാർലനെൻറ (**Dr. Mac Farlaine**) അടുക്കൽ വന്നു പറഞ്ഞതു: "ക്രിസ്ത്യാനികളെ കുല ചെയ്യ മിക്ക സ്ഥലങ്ങളിലും ഞാൻ കൂടെ ഉണ്ടായിരുന്നു. എനിക്കു രണ്ടു കാൎയ്യം നിങ്ങളോടു ചോദിപ്പാനുണ്ടു: (൧) ക്രിസ്ത്യാനികളിൽ അനേകർ തങ്ങളുടെ മരണസമയം മുട്ടുകുത്തി: ഞങ്ങൾക്കു മരിപ്പാൻ ഭയമില്ല, ഞങ്ങൾ ഞങ്ങളുടെ ഭവനത്തിലേക്കു പോകുന്നു എന്നു പറഞ്ഞുകൊണ്ടു മരിച്ചു. അതു ഏതു ഭവനം? (൨) ക്രിസ്ത്യാനികൾ തങ്ങളെ കുലചെയ്വാൻ പോകുന്നവൎക്കു വേണ്ടി മുഖ്യമായി പ്രാൎത്ഥിച്ചു; അതെങ്ങനെ? അങ്ങനെയുള്ള ഒരു മതത്തിൽ ഏതോ ചില സാരസംഗതികൾ അടങ്ങിയിരിക്കേണമല്ലോ. ആ രഹസ്യം എന്തെന്നു എന്നോടു പറയേണം". ആ വേദശാസ്ത്രി കൎത്താവായ യേശുവിൻെറ ഉപദേശപ്രകാരം ആ സംഗതികളെ കുറിച്ച അവനോടു പറഞ്ഞു. പിന്നീടു ആ ബോക്കറിനെ കാണ്മാൻ സംഗതിയായിട്ടില്ല എങ്കിലും ആ ധീരന്മാരായ ചീന ക്രിസ്ത്യാനികളിൽനിന്നു അവരുടെ ശത്രുക്കൾ കണ്ടതും കേട്ടതുമായ കാൎയ്യങ്ങൾ ഇപ്രകാരമുള്ളവ ആയിരുന്നു.

മ. ഹാ, അതു ക്രിസ്തുമത ശക്തിയെയും വിശേഷതയെയും എത്ര തെളിവായി കാട്ടുന്നു!

പ. അതേ; ഇനി ഞാൻ ജപ്പാൻകാരനായ ഒരു ക്രിസ്ത്യാനി പടയാളിയെ കുറിച്ച അല്പം പറയട്ടെ: കുറെ മാസം മുമ്പെ, റഷ്യാ പടയാളികൾ ഒരു ജപ്പാൻകാരനായ പടയാളിയെ ഒരു സ്ഥലത്തു കണ്ടെത്തി, അവൻ ഒരു ഒററുകാരൻ എന്നു ഊഹിച്ച അവനെ വെടിവെച്ച മുറിവേല്പിച്ച ശേഷം, അവർ അവനെ മുറിവേററവർ കിടക്കുന്ന ഒരു ശാലയിൽ ആക്കി. എന്നാൽ അവൻ മുറിവേററവരെ ശുശ്രൂഷിക്കുന്ന ആളുകളുടെ അടുക്കൽ തൻെറ കൈവശമുണ്ടായിരുന്ന പണമെല്ലാം കൊണ്ടു വെച്ച അവരോടു "ശത്രുക്കളെ സ്നേഹിപ്പിൻ" എന്നുള്ള കല്പന ഞാൻ അനുസരിക്കേണ്ടതാകുന്നു എന്നു പറഞ്ഞു (മത്താ. ൫. ൪൪, ൪൫).

മ. ഹാ, എത്ര നല്ല സ്വഭാവം! സത്യക്രിസ്ത്യാനികളുടെ ഹൃദയത്തിൽ ദൈവസ്നേഹം മരണത്തേക്കാളും നരകത്തേക്കാളും ശക്തിയേറിയതു എന്നു ഞാൻ അതിശയമായി കാണുന്നു. എന്നു മാത്രമല്ല, ക്രിസ്തുവിൻെറ സത്യ ശിഷ്യന്മാരിൽ, കു

ലപാതകന്മാൎക്കു വേണ്ടി പ്രാൎത്ഥിക്കുന്ന തങ്ങളുടെ യജമാനൻെറ ആത്മാവുകൂടെ ഉണ്ടെന്നു ഞാൻ നല്ലവണ്ണം ബോധിക്കുന്നു.

പ. അതേ, കൎത്താവായ യേശു തന്നെ കുലചെയ്യു ദ്രോഹികൾക്കായി പ്രാൎത്ഥിച്ചുവല്ലോ (ലൂക്കോ. ൨൩. ൩൪).

മ. ഉവ്വ് ഞാൻ അതു അറിയുന്നു. മരണാനന്തരം ഉടനെ ഒരു സത്യക്രിസ്ത്യാനിയുടെ അവസ്ഥയെയും തനിക്കു ലഭിപ്പാനിരിക്കുന്ന ഭവനത്തെയും കുറിച്ചു കുറെ കൂടെ കേട്ടാൽ കൊള്ളാം. ഡോക്ടർ മാക്ക്ഫാർലനോടു ആ ബൊക്ലർ അതിനെ കുറിച്ചു ചോദിച്ചുവല്ലോ?

പ. ഹാ, ആ സംഗതി മനുഷ്യൎക്കു ഭൂമിയിൽവെച്ചു ചിന്തിപ്പാൻ കഴിയാകുന്നതിൽ ഏററവും മനോഹര വിഷയമാകയാൽ, അതിനെ കുറിച്ചു സന്തോഷത്തോടെ പറയാം. സത്യക്രിസ്ത്യാനികളുടെ വരുവാനുള്ള ഭവനം സ്വൎഗ്ഗമാകുന്നു. അതിൻെറ വിശേഷതയെ കുറിച്ചു അറിയെണമെങ്കിൽ തിരുവചനത്തിൽ അതിനു പറഞ്ഞിരിക്കുന്ന ചില നാമങ്ങളെ അല്പം ആലോചിക്കേണ്ടിയിരിക്കുന്നു. സ്വൎഗ്ഗത്തെ "അധികം നല്ല രാജ്യം" എന്നും, "പറുദീസ" എന്നും, "പിതാവിൻെറ ഭവനം" എന്നും മററും പറഞ്ഞിരിക്കുന്നു. മരണശേഷം ഉടൻ തന്നേ ഒരു ക്രിസ്ത്യാനിയുടെ അവസ്ഥ വളരെ സന്തോഷവും ഭാഗ്യവും ഉള്ളതാകുന്നു. വിശു. യോഹന്നാൻ പറയുന്നതു: കൎത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവൃത്തികൾ അവരെ പിന്തുടരുന്നു നിശ്ചയം എന്നു ആത്മാവു പറയുന്നു" (വെളി. ൧൪. ൧൩). കൎത്താവായ യേശുവിനെ ഏററുപറഞ്ഞു മാനസാന്തരപ്പെട്ട കള്ളൻ തൻെറ ക്രൂശാരോഹണ ദിവസം തന്നേ ക്രിസ്തുവിനോടു കൂടെ പറുദീസയിലേക്കു പ്രവേശിച്ചു (ലൂക്കോ. ൨൩. ൪൩). വിശു. പൌലൊസു പറയുന്നതു, ശരീരത്തിൽനിന്നു നിവ്വാസമാകുന്നതു കൎത്താവിനോടു കൂടെ വസിപ്പാനാകുന്നു എന്നത്രെ (൨ കോരി. ൫. ൮).

മ. ആ മഹത്തായ സംഗതിക്കായി ഞാൻ സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു.

പ. കൊള്ളാം; സ്വൎഗ്ഗം അധികം നല്ല രാജ്യം എന്നു മുമ്പെ ഞാൻ പറഞ്ഞുവല്ലോ (എബ്രാ. ൧൧. ൧൬). ഭൌമ്യ ക

നാൻ സ്വൎഗ്ഗീയ കനാന്റെ മങ്ങലായ ഒരു മുൻകുറി മാത്രം ആയിരുന്നു. ഒരു പ്രാപ്തനായ ദിവ്യൻ പറയുന്നതു: "സ്വൎഗ്ഗം ഏററവും ഇമ്പകരമായ രാജ്യം; പ്രശോഭിതമായ ഒരു അവകാശം; ദൈവം ഉണ്ടാക്കീട്ടുള്ള വയിൽവെച്ചു പ്രമോദകരമായ സ്ഥലം; അവിടെ അവൻ തന്റെ കൊട്ടാരത്തെ പണിതിരിക്കുന്നു. അതു ഒരു സുഭിക്ഷമായ രാജ്യം; നന്മയായ യാതൊന്നിന്നും അവിടെ കുറവില്ല. ജയിക്കുന്നവൻ ഇവയെ എല്ലാം അവകാശമായി പ്രാപിക്കും" (വെളി. ൨൧. ൭). വാഴ്ത്തപ്പെട്ട ആ രാജ്യവാസികൾക്കു "വിശക്കുകയില്ല, ദാഹിക്കയുമില്ല; വെയിലും യാതൊരു ചൂട്ടും അവരുടെ മേൽ തട്ടുകയുമില്ല"! (വെളി. ൭. ൧൬). ദാരിദ്ര്യവും ക്ഷാമവും അവിടെ അറിയപ്പെടുന്നില്ല! സാധുക്കൾക്കും അരിഷ്ടന്മാൎക്കും ഇതെത്ര മധുരമായ സംഗതി! അതു പൂൎണ്ണ സൌഖ്യകരമായ രാജ്യം! "ഞാൻ രോഗപ്പെട്ടിരിക്കുന്നു" എന്നു അതിലെ കുടിയാന്മാർ പറകയില്ല (എശാ. ൩൩. ൨൪). രോഗവും നാശവും ഒരിക്കലും അവിടെ ഇല്ലല്ലോ; എന്തെന്നാൽ "യാതൊരു ശാപവും" ഒരിക്കലും അവിടെ ഉണ്ടാകയില്ല (വെളി. ൨൨. ൩). ഹാ, പീഡിതന്മാൎക്കു ഇതു എത്ര ആശ്വാസമായിരിക്കുന്നു! അതു ഒരു ഭാഗ്യമുള്ള രാജ്യം. ദൈവം തന്നേ അവരുടെ കണ്ണുകളിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും (വെളി. ൨൧. ൪). അവിടെ ദുഃഖമോ കരച്ചിലോ വേദനയോ ഉണ്ടാകയില്ല. യുദ്ധം, ക്ഷാമം, ബാധ എന്നിങ്ങനെയുള്ള ഭയങ്കരങ്ങളുടെ രാജാവായ മരണം ആ ഭാഗ്യരാജ്യത്തിൽ ഒരിക്കലും പ്രവേശിക്കയില്ലല്ലോ. പാവപ്പെട്ട വിധവകളോ, അനാഥപൈതങ്ങളോ ഇനി തങ്ങൾക്കുള്ളവർ അവരെ വിട്ടുപോയെന്നു ചൊല്ലി ഒരിക്കലും വിലാപിക്കയുമില്ല. അതു യാതൊരു മാററവുമില്ലാത്ത നിത്യ രാജ്യമാകുന്നു. ഈ പാപലോകത്തിൽ മാററവും അഴിവും എല്ലായിടവും നാം കാണുന്നു. ഇന്നു ധനവും സുഖവുമുള്ളവർ നാളെ ദാരിദ്ര്യവും രോഗവും ഉള്ളവരായി തീൎന്നേക്കാം. ആ ഭാഗ്യലോകത്തിൽ അപ്രകാരമല്ല; കൎത്താവായ യേശുവിനെ പോലെ ആ ലോകവാസികൾ എന്നും മാററമില്ലാത്തവരായിരിക്കും. വിശു. പത്രോസു പറയുംപ്രകാരം, "അതു ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്ത ഒരു അവകാശമായിരിക്കുന്നു" (൧ പത്രോ. ൧. ൪).

മ. ഹാ, എത്ര മനോഹരം! സ്വൎഗ്ഗീയ കനാൻ ഇത്ര മഹിമയേറിയ രാജ്യമെന്നു ഞാൻ അറിഞ്ഞിരുന്നില്ല. അതി

നെ കുറിച്ചുള്ള ധ്യാനം തന്നേ സത്യ വിശ്വാസിയെ ഭാഗ്യവാനാക്കി തീക്കുന്നുവല്ലോ.

പ. അതേ, അങ്ങനെ തന്നേ. സ്വൎഗ്ഗം ഒരു പറുദീസയാകുന്നു എന്നും കൂടെ പറഞ്ഞിരിക്കുന്നു. ഒരു പാപിയും നശിച്ചുപോവാൻ ഇഷ്ടമില്ലാത്തവനായ യേശു, അനുതാപപ്പെട്ട കള്ളനോടു, "ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും" എന്നു പറഞ്ഞുവല്ലോ (ലൂക്കോ. ൨൩. ൪൩). ഈ മാധുൎയ്യ വചനത്തെ കുറിച്ചു ഡറാമിലേ ഡോക്ടർ മൊവ്ൾ (Dr. H. C. G. Moule of Durham) പറയുന്നതു: "പറുദീസ" എന്ന പദം ഒരു കിഴക്കൻ ഭാഷയാകുന്നു. അതിന്നു ഉദ്യാനം അല്ലെങ്കിൽ രാജതോട്ടം എന്നൎത്ഥം. അങ്ങനെയുള്ളൊരു സ്ഥലം എത്ര സൌന്ദൎയ്യമേറിയ സുഗന്ധപുഷ്പങ്ങളാലും മനോഹരമായ പൂങ്കാവനങ്ങളാലും അലങ്കാരമായിരിക്കും എന്നു ഉദ്ദേശിക്കാമല്ലോ. അതിലേ വിവിധമായ വൃക്ഷതോപ്പുകളും, പൂന്തോട്ടങ്ങളും, പച്ചപ്പുല്ലുകൾകൊണ്ടു നിറഞ്ഞ മൈതാനങ്ങളും, ധാന്യസസ്യാദികളും, ഉറവുകളും, വെള്ളച്ചാലുകളും, അവയുടെ ഇടയിൽ ഉല്ലസിച്ചുകൊണ്ടിരിക്കുന്ന രാജകുഡുംബക്കാരുടെ സമൂഹങ്ങളും ഇവയെല്ലാം മനസ്സിന്നു എത്ര ആനന്ദവും ആശ്വാസവുമായിരിക്കുന്നു! ആ രാജകുഡുംബത്തിൽ ചിലർ യുദ്ധക്കളത്തിൽ നിന്നോ, ചിലർ ആലോചന സഭകളിൽനിന്നോ, ചിലർ വഴിയാത്രകളിൽ നിന്നോ, മററും പല സ്ഥലങ്ങളിൽ നിന്നോ ആ ഉദ്യാന വീഥികളിൽ നടന്നുല്ലസിപ്പാനും സല്ലാപിപ്പാനും സന്തോഷിപ്പാനുമായിട്ടു വന്നിരിക്കുന്നവർ ആയിരിക്കാം. വിശ്വാസികൾക്കു മരണശേഷം ലഭിപ്പാനിരിക്കുന്ന സ്വൎഗ്ഗഭാഗ്യത്തെ, കൎത്താവായ യേശു ലൌകികമായ മേല്പറഞ്ഞ അവസ്ഥയോടു സാദൃശ്യപ്പെടുത്തി അതിനെ 'പറുദീസ' എന്നു പറഞ്ഞിരിക്കുന്നു. സ്വൎഗ്ഗത്തെ കാണ്മാൻ മാത്രമേ സംഗതിയുള്ളു എന്നിരുന്നാലും അതിന്നുവേണ്ടി ഭക്തികരമായ ഒരു ജീവിതം ഒട്ടും തന്നേ നഷ്ടമെന്നു വരികയില്ല."

മ. ഇല്ല, ഒരിക്കലും നഷ്ടമെന്നു വരികയില്ല. ഹാ, ആ വാഴ്ത്തപ്പെട്ട മനോഹര രാജ്യത്തിൽ എന്നും വസിപ്പാൻ സംഗതിയായാൽ എത്ര ഭാഗ്യം!

പ. അതേ, ഭാഗ്യം! ഭാഗ്യം!! നമ്മുടെ വാഴ്ത്തപ്പെട്ട കൎത്താവു സ്വൎഗ്ഗത്തെ കുറിച്ചു തന്റെ സ്വൎഗ്ഗാരോഹണത്തിന്നു അല്പം മുമ്പെ ദുഃഖിതന്മാരായിരുന്ന ശിഷ്യന്മാരോടു പറ

ഞ്ഞതു: "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ പല വാസസ്ഥലങ്ങൾ ഉണ്ടു; അല്ലാഞ്ഞാൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു ഒരു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേൎത്തുകൊള്ളും" (യോഹ. ൧൪. ൧—൩). യേശു സ്വൎഗ്ഗീയ മണവാളനും, തന്റെ ജനങ്ങൾ അവന്റെ മണവാട്ടിയുമത്രെ. അവർ എന്നും തന്നോടു കൂടെയും തന്റെ ദൂതന്മാരോടു കൂടെയും ആ ഭാഗ്യ രാജ്യത്തിൽ വസിപ്പാൻ താൻ ആഗ്രഹിക്കുന്നു. സ്വൎഗ്ഗത്തിൽ വിശ്വാസികൾ ദൂതതുല്യരായിരിക്കും: വിശുദ്ധതയിലും മഹിമയിലും മാത്രമല്ല, ജ്ഞാനം, ശക്തി, ഭക്തി എന്നിവയിലും കൂടെ (ലൂക്കോ. ൨൦. ൩൬). നാം ക്രിസ്തുവിനോടു തന്നേ സദൃശന്മാരായി ഭവിക്കും; എന്തെന്നാൽ നാം അവനെ താൻ ഇരിക്കുംപ്രകാരം കാണുകയും ചെയ്യും (൧ യോഹ. ൩. ൨). ഇപ്പോൾ മങ്ങലായി മാത്രം കാണപ്പെടുന്ന ദൈവവിചാരണയുടെ പുസ്തകം അന്നു തെളിവായി നാം ഗ്രഹിക്കും. ഇവിടെ വെച്ചു നമുക്കു സംഭവിച്ചവ ഒക്കെയും നമ്മുടെ വലിയ നന്മെക്കായിട്ടുള്ള കാൎയ്യങ്ങളായിരുന്നു എന്നു അറിവാൻ സംഗതിയാകയും ചെയ്യും (യോഹ. ൧൩. ൭. റോമ. ൮. ൨൮).

മ. ഹാ, അതു എത്ര ഇമ്പകരമായ ധ്യാനം!

പ. അതിന്നു സംശയമില്ലല്ലോ. ഇങ്ങനെയുള്ള സ്വൎഗ്ഗഭവനത്തിൽ എപ്പോൾ ചെന്നെത്താമെന്നാകുന്നു ക്ഷീണനായ ക്രിസ്ത്യാനിസഞ്ചാരിയുടെ മുഖ്യ വിചാരം. മരണത്തിന്നപ്പുറമുള്ള സ്വൎഗ്ഗമാകുന്നു അവന്റെ ഭവനം. അതു അവന്റെ വിശ്രമസ്ഥലവും സങ്കേതവും മാത്രമല്ല, പ്രേമകരമായ ഭവനം കൂടെയാകുന്നു. ഇവിടെയുള്ള നമ്മുടെ ഭവനം നമുക്കു ആശ്വാസത്തിന്റെയും രക്ഷയുടെയും സ്ഥലമായിട്ടു മാത്രമല്ലല്ലോ ഇരിക്കുന്നതു. നമ്മുടെ ഭവനകാൎയ്യങ്ങൾ ഒക്കെയും നമ്മുടെ മനസ്സിന്നു ചേൎച്ചയും ഇമ്പവുമായിട്ടല്ലോ കാണപ്പെടുന്നതു. അതിലുള്ള ഓരോരുത്തരും, ഓരോ കാൎയ്യവും, എല്ലാം മനസ്സിന്നു ഇപ്രകാരമായിട്ടു അത്രെ ഇരിക്കുന്നതു. സ്നേഹവും സഹതാപവും ഉള്ള കരങ്ങളാൽ അവിടെ നാം തഴുകപ്പെടുകയും, നമുക്കു ചെയ്വാനുള്ള പ്രവൃത്തികൾക്കായി അ

വ നമ്മെ ഒരുക്കി ബലപ്പെടുത്തുകയും ചെയ്യുന്നവല്ലോ. അതുകൊണ്ടു യേശുവിന്റെ സത്യ ശിഷ്യന്നു മരണം എന്നതു പ്രമോദകരമായ അവന്റെ ഭവനപ്രവേശനം മാത്രമാകുന്നു.

മ. അതു എത്ര സന്തോഷവും ഭാഗ്യവും നല്കുന്നതായ പരമ സത്യമാകുന്നു!

പ. അതേ; വിശു. പത്രോസു നമ്മുടെ വീണ്ടെടുപ്പുകാരനെ പററി പറയുന്നതു, "വിശ്വസിക്കുന്നവരായ നിങ്ങൾക്കോ അവൻ വിലയേറിയവനാകുന്നു" (൧ പത്രോ. ൨. ൭). അതേ, താൻ നമ്മെ പാപ മരണ നരകങ്ങളിൽനിന്നെല്ലാം വീണ്ടെടുത്തതിനാൽ നമുക്കു വിലയേറിയ രക്ഷിതാവു തന്നേ. 'അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം അവനെ സ്നേഹിക്കുന്നു' (൧ യോഹ. ൪. ൧൯). അതുകൊണ്ടു "യേശു" എന്നുള്ള നാമം ഒരു സത്യ വിശ്വാസിയുടെ കണ്ണുകളിൽ മറെറല്ലാററിനേക്കാൾ അധികം ഇമ്പകരമായ നാമമാകുന്നു. കൎത്താവായ യേശു, താൻ തന്നേ തന്റെ വീണ്ടെടുക്കപ്പെട്ടവരോടു കൂടെ എണ്ണിക്കൂടാത്ത നിത്യകാലം വസിക്കുമെന്നും നാം അറിയുന്നു. നാം അവന്റെ മുഖത്തെ കാണുകയും തന്റെ നാമം നമ്മുടെ നെററികളിൽ ഇരിക്കയും ചെയ്യും (വെളി. ൨൨. ൪). വാട്ടമില്ലാത്ത സ്വൎഗ്ഗീയ പൂന്തോട്ടങ്ങളുടെ മഹത്വം യേശു തന്നേയാകുന്നു. ക്രിസ്ത്യാനിയുടെ നിത്യഭവനത്തിന്റെ സൗഖ്യവും ഭാഗ്യങ്ങളുടെ ഉറവും യേശു തന്നേയല്ലോ. ഒരുത്തൻ പറയുംപ്രകാരം, സ്വൎഗ്ഗഭാഗ്യം എന്നതു ഉയിൎപ്പിന്നു മുമ്പും പിമ്പും യേശുവിന്റെ തിരുസന്നിധി തന്നേയാകുന്നു. യേശു മഹത്വത്തിന്റെ രാജാവു; തന്റെ തിരുസന്നിധിയത്രെ നമ്മുടെ പറുദീസ; താൻ ഇരിക്കുന്ന സ്ഥലം തന്നേ നമ്മുടെ സ്വൎഗ്ഗം. മിസ്റ്റർ മൂഡിയുടെ ഒരു സ്നേഹിതൻ ഈ മനോഹര സംഗതിയെ കുറിച്ചു പറയുന്നതു: "സ്വൎഗ്ഗത്തിന്റെ സന്തോഷം യേശുവിന്റെ തിരുസന്നിധിയാകുന്നു; സ്വൎഗ്ഗത്തിന്റെ സംഗീതം യേശുവിന്റെ തിരുനാമമാകുന്നു; സ്വൎഗ്ഗത്തിന്റെ മേളനം യേശുവിന്റെ സ്തുതിയാകുന്നു; സ്വൎഗ്ഗത്തിന്റെ വിഷയം യേശുവിന്റെ പ്രവൃത്തിയാകുന്നു; സ്വൎഗ്ഗത്തിന്റെ വേല യേശുവിന്റെ സേവയാകുന്നു; സ്വൎഗ്ഗത്തിന്റെ നിറവു യേശു താൻ തന്നേയാകുന്നു; സ്വൎഗ്ഗത്തിന്റെ ആയുസ്സു യേശുവിന്റെ നിത്യത്വമാകുന്നു."

മ. ഹാ, യേശു എത്ര വിലയേറിയ രക്ഷിതാവു!

പ. അതേ, യേശുവിന്റെ തിരുസന്നിധിയുടെ ഭാഗ്യം അറിയുന്നവൎക്ക മാത്രമേ സ്വൎഗ്ഗം സ്വൎഗ്ഗമായിരിക്കയുള്ളൂ. അവൎക്ക മാത്രമേ അതു ഏററവും മനോഹരമായി തോന്നുകയുള്ളൂ. പറദീസ എന്നതു, ആശ്വാസ സന്തോഷങ്ങളുടെ മധുരമേറിയ ഒരു പുതിയ ലോകം എന്നു മാത്രമല്ല, അതു നിത്യമായ പ്രമോദങ്ങളുടെ വാസസ്ഥലമെന്നു മാത്രമല്ല, അതു ഭാഗ്യവാന്മാരായ വിശുദ്ധന്മാരോടു കൂടെ സംസൎഗ്ഗം ചെയ്യുന്ന സ്ഥലമെന്നു മാത്രമല്ല, അതു നമുക്ക ഇവിടെ വെച്ചു നിരൂപിപ്പാനോ ആഗ്രഹിപ്പാനോ കഴിയുന്നതിൽ ഏററവും അധികമായ ഒരു സ്ഥലം കൂടെയാകുന്നു. "നീ എന്നോടു കൂടെ ഇരിക്കും" എന്നത്രെ രക്ഷിതാവു പറയുന്നതു. സ്വൎഗ്ഗ നിവാസികൾക്ക അതു വിശുദ്ധിയുടെയും സ്നേഹസന്തോഷങ്ങളുടെയും ഭാഗ്യമേറിയ സംസൎഗ്ഗസ്ഥലമത്രെ. നാം ഈ ലോകത്തിന്റെ തിരമാലകളെയും കാൎമ്മേഘങ്ങളെയും കൊടുങ്കാററുകളെയും എല്ലാം കടന്നു കൎത്താവായ യേശുവിനോടു കൂടെ ആ ഭാഗ്യ ഭവനത്തിൽ ചെന്നെത്തുവാൻ സംഗതിയായാൽ അതു തന്നേ അതിശയങ്ങളിൽ വെച്ചു ഒരു മഹാ വലിയ അതിശയമായി നമുക്ക തോന്നുകയും ചെയ്യും.

മ. ഹാ, സത്യ ക്രിസ്ത്യാനികൾ മരണത്തോടു അണയുമ്പോൾ മഹാ ശാന്തന്മാരായും ഭാഗ്യവാന്മാരായും ഇരിക്കുന്നതിന്റെ കാരണം എന്തെന്നു ഇപ്പോൾ ഞാൻ കാണുന്നു.

പ. അതേ, ആ ഭാഗ്യ ഭവനത്തിൽ അവൎക്ക വേഗം ചെന്നെത്താമെന്നുള്ള വിചാരംകൊണ്ടു തന്നേ അവർ ഭാഗ്യവാന്മാരായി മരിക്കുന്നതു. ആ വിചാരമത്രെ വിശു. പൌലൊസിനെ തന്റെ സുവിശേഷ വേലയിൽ വെച്ചു നേരിട്ട എല്ലാ ഉപദ്രവങ്ങളിൽ കൂടെയും ധൈൎയ്യത്തോടെ താങ്ങിപ്പോന്നതു. അവൻ പറയുന്നതു, "ഈ കാലത്തിലേ കഷ്ടങ്ങൾ നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സോടു തുല്യഘനമുള്ളതല്ല എന്നു ഞാൻ മതിക്കുന്നു" എന്നത്രെ (റോമ. ൮. ൧൮). കൎത്താവായ യേശുവിനോടും തന്റെ വീണ്ടെടുക്കപ്പെട്ടവരോടും കൂടെ സ്വൎഗ്ഗത്തിൽ കഴിക്കുന്ന അല്പമായ സമയം, ഇവിടെ നാം സഹിക്കുന്ന എല്ലാ കഷ്ടങ്ങളേക്കാളും നമുക്ക അധികം പ്രതിഫലം നല്കുന്നതായിരിക്കും. അപ്പോസ്തലൻ പിന്നെയും പറയുന്നതു, "കൂടാരമാകുന്ന നമ്മുടെ ഭൌമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യ ഭവനമായി,

ദൈവത്തിങ്കൽനിന്നു ഒരു കെട്ടിടം ഞങ്ങൾക്കു സ്വൎഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു" (൨ കോരി. ൫. ൧). ഈ പാപാരിഷ്ട ലോകത്തിൽ ദുഃഖവും വ്യാകുലവും ഇല്ലാത്തവൻ ആരുള്ളു? അവ എല്ലാ സമുദായങ്ങളിലും ഉണ്ടല്ലോ; എന്തെന്നാൽ "മനുഷ്യൻ കഷ്ടത്തിന്നായിട്ടത്രെ ജനിച്ചിരിക്കുന്നതു" (യോബ്യ ൫. ൭). എന്നാൽ സ്വൎഗ്ഗ കനാനിൽ കഴിഞ്ഞ കാലത്തെ കൊണ്ടോ വരുവാനുള്ള നിത്യ കാലത്തെക്കൊണ്ടോ ക്ലേശപ്പെടുവാൻ യാതൊരു സംഗതിയും ഉണ്ടാകയില്ല എന്നുള്ളതു എത്ര ഇമ്പമായ ധ്യാനമാകുന്നു.

മ. സ്വൎഗ്ഗത്തെ കുറിച്ചുള്ള ധ്യാനം ഇത്ര മാധുൎയ്യമെങ്കിൽ അതിന്റെ അനുഭവം എന്തായിരിക്കും!

പ. ഒരു നാവിന്നും വൎണ്ണിച്ചുകൂടാത്തതാകുന്നു. ആ ഭാഗ്യരാജ്യത്തിൽ കാഴ്ചമൂലം വിശ്വാസവും, സ്തുതി മൂലം പ്രാൎത്ഥനയും നിന്നുപോകുന്നു. ശരീരത്തിന്നും ആത്മാവിന്നും അടുത്ത എല്ലാ വേദനകളിൽനിന്നും വീണ്ടെടുക്കപ്പെട്ടവർ വിടുതൽ പ്രാപിക്കുന്നതിനാൽ അവർ ദൈവ സിംഹാസനത്തെ ചുററിനില്ക്കുന്ന ദൂതന്മാരോടു തുല്യരായിരിക്കയും, തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂൎയ്യനെ പോലെ ശോഭിക്കയും ചെയ്യും. വീണ്ടെടുക്കപ്പെട്ട മഹാ പുരുഷാരം, കൎത്താവായ യേശു തങ്ങൾക്കു വേണ്ടി ചെയ്തിട്ടുള്ള കാൎയ്യങ്ങൾക്കായി നന്ദികൊണ്ടും സ്നേഹംകൊണ്ടും നിറഞ്ഞവരായിരിക്കും. അവരുടെ സന്തോഷ സംഗീതത്തിന്റെ ഒരു ഭാഗം അല്പം ശ്രദ്ധിച്ചാലും: "നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കി തീൎത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും ആമെൻ" (വെളി. ൧. ൬). ആ ചാതുൎയ്യ സംഗീതം സകല ജാതികളിൽനിന്നുമുള്ള മഹാ പുരുഷാരം ഒക്കെയും പാടുകയും ചെയ്യും. വിശു. യോഹന്നാൻ വീണ്ടെടുക്കപ്പെട്ടവരെ കുറിച്ചു പറയുന്നതു: "ഇതിന്റെ ശേഷം ഞാൻ കണ്ടതു: ഇതാ സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നുള്ളതായി ആൎക്കും എണ്ണിക്കൂടാത്ത ഒരു മഹാ പുരുഷാരം വെള്ളനിലയങ്കികൾ ധരിച്ചു കൈകളിൽ കുരുത്തോലകളുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നിന്നു" (വെളി. ൭. ൯, ൧൦). തെക്കേ ഇണ്ട്യയിൽ നിന്നു

ള്ളവർ മാത്രമല്ല, മലയാള രാജ്യത്തിൽ നിന്നുള്ള വീണ്ടെടുക്ക പ്പെട്ടവരും കൂടെ അവിടെ അന്നുണ്ടാകും.

മ. ഹാ, എത്ര മനോഹരമായ ധ്യാനം! നാമും കൂടെ ആ കൂട്ടത്തിൽ ഉണ്ടാവാൻ ഈശ്വരൻ കൃപ ചെയ്യട്ടെ.

പ. അങ്ങനെ തന്നേ ഭവിക്കട്ടെ. ആ ഭാഗ്യലോകത്തെ കുറിച്ചു ഗീത പുസ്തകത്തിൽ നിന്നു ഒരു വാക്യം ഞാൻ നിങ്ങളെ കേൾപ്പിക്കട്ടെ:

"ദൈവദൂതരോ ടൊ-രുമിച്ചു സംഗീതം
പാടുന്നതെത്ര മോദം-അല്ലേലൂയ്യാ
പാടുന്നതെത്ര മോദം-ഹോശന്നാ
പാടുന്നതെത്ര മോദം-ഒരുമിച്ചു
കൂടുന്നതെത്ര മോദം
നിർമ്മലനായക-ഞ്ഞാട്ടിൻെറ രക്തത്തിൽ
മുക്കിയവസ്ത്രമിതോ-നമുക്ക
കിട്ടിയവസ്ത്രവിതോ-ശിരസ്സിൽ
വച്ചകിരീടമിതോ-
വച്ചകിരീടമിതോ-ലഭിച്ച
സ്വർഗ്ഗസൌഭാഗ്യമിതോ—ആനന്ദപുരം(൧൭. ൨).

മ. ബഹു മനോഹരമായ ഗീതം തന്നേ.

പ. അതിന്നു സംശയമില്ല. ഒരു സത്യക്രിസ്ത്യാനിക്കു മരണശേഷം ഭയപ്പെടുവാൻ ഒന്നുമില്ലെന്നു ഇപ്പോൾ കാണുന്നുവല്ലോ?

മ. ഉവ്വ്, തെളിവായി കാണുന്നു. എന്നാൽ ഹിന്തുമതത്തിലോ ബുദ്ധമതത്തിലോ അങ്ങനെയില്ല; അവയിലുള്ള ജന്മാന്തരോപദേശപ്രകാരം ഒരുത്തൻ ഇനിയത്തെ ജന്മത്തിൽ ഒരു പോത്തോ, നായോ, നരിയോ, വേറെ എന്തായിട്ടോ ജനിപ്പാനിരിക്കുന്നു എന്നും, അപ്പോൾ മററുള്ളവരിൽനിന്നു താൻ എന്തെല്ലാം കഷ്ടങ്ങൾ സഹിക്കേണ്ടി വരുമോ എന്നും മററും ഓർത്തു വ്യസനിപ്പാൻ മാത്രമേ സംഗതിയുള്ളൂ.

പ. മുസല്മാനക്കും ഭാഗ്യമരണം മരിപ്പാൻ എങ്ങനെ കഴിയും! എന്തെന്നാൽ കുറാൻപ്രകാരം, ശുദ്ധീകരണ നരകമാകുന്ന ജീഹന്നത്തിൽ പോകാത്തവനായി ഒരുത്തൻ പോലും ഉണ്ടാകയില്ലെന്നും, അതിനെ ദൈവം തീൎച്ചയാക്കിയിരിക്കുന്നു എന്നും പറയുന്നു (൧൯-ാം സൂറത്ത്. ൭൨). ജീഹന്നത്തിൽനിന്നുള്ള ഉദ്ധാരണവും ദൈവത്തിൻെറ ഇഷ്ടം പോ

ലെ മാത്രമാകുന്നു. ഈ വിചാരമത്രെ ഡോക്ടർ ഇമ്മാദ് ഉദ്ദീന്നു ഇസ്ലാം മതത്തോടു വിരക്തി തോന്നിപ്പിച്ചതു. (1)

മ. ആ വിചാരം മരണസമയം മനുഷ്യനെ ഭ്രമിപ്പിക്കാതെയിരിക്കയില്ല നിശ്ചയം.

പ. സംശയമുണ്ടോ! ഇനി പ്രാൎത്ഥനയെ കുറിച്ചു അല്പം ഞാൻ പറയട്ടെ. എബ്രായ ലേഖനത്തിൽ പറയുന്നതു "ദൈവത്തിൻെറ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും, തന്നെ അന്വേഷിക്കുന്നവൎക്കു പ്രതിഫലം കൊടുക്കുന്നവൻ എന്നും വിശ്വസിക്കേണ്ടതല്ലോ" (എബ്രാ. ൧൧. ൬).

മ. അതു ന്യായകരമായ സംഗതി തന്നേ.

പ. അതേ, സൎവ്വശക്തനായ ദൈവത്തോടു എല്ലായ്പോഴും എല്ലായിടവും ദേഹദേഹികൾക്കു ആവശ്യമായ എല്ലാററിന്നായും പ്രാൎത്ഥിക്കുന്നതു ക്രിസ്ത്യാനിയുടെ ഒരു വലിയ പദവി ആകുന്നു. പുറജാതികളുടെ വലിയ അപ്പോസ്തലൻ പറയുന്നതു: "ഒന്നിനെ കുറിച്ചും വിചാരപ്പെടരുതു; എല്ലാററിലും പ്രാൎത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ യാചനകൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രെ വേണ്ടതു" എന്നാകുന്നു (ഫിലി. ൪. ൬).

മ. അതേ, അതു ഏററവും സന്തോഷസംഗതിയാണല്ലോ.

പ. സംശയമില്ല. ലോഡ് ററെനിസ്സൻ (**Lord Tennyson**) പറയുന്നതു: "ഈ ലോകർ സ്വപ്നത്തിൽപോലും വിചാരിച്ചിട്ടില്ലാത്ത അനേകം വലിയ കാൎയ്യങ്ങൾ പ്രാൎത്ഥനയാൽ നിവൃത്തിക്കപ്പെടുന്നു." ഇതിനെ പറയുന്നതിൽ എൻെറ മുഖ്യ ആന്തരം, നമ്മുടെ കാരുണ്യവാനായ ദൈവം തൻെറ ജനങ്ങളുടെ പ്രാൎത്ഥനകൾക്കു വാസ്തവമായ മറുപടി നല്കുവാൻ എപ്പോഴും ഇഷ്ടപ്പെടുന്നു എന്നാകുന്നു. ൧൮൭൪-ൽ ഡണ്ടിയിൽ വെച്ചു (**Dundee**) മിസ്റ്റർ ഡി. എൽ. മൂഡി നടത്തി വന്ന ഒരു യോഗത്തിൽ, ഒരു വിധവ, ജൎമ്മനിയിൽ ഒരു സ്കൂളിൽ പഠിച്ചുവന്നിരുന്ന തൻെറ മകളുടെ മനന്തിരിവിന്നായി പ്രാൎത്ഥിപ്പാൻ ഒരു അപേക്ഷ കഴിച്ചു. ഒരാഴ്ച കഴിഞ്ഞശേഷം ആ മകളുടെ മനന്തിരിവിനെ കുറിച്ചു അവളിൽ നിന്നു ഒരെഴുത്തു അവളുടെ അമ്മെക്കു കിട്ടി. സ്കോത്ത്ലണ്ടിൽ അവൾക്കു വേണ്ടി കഴിച്ച പ്രാൎത്ഥനയെ കുറിച്ചു അവൾ യാതൊന്നും അറിഞ്ഞിരുന്നില്ല; എങ്കിലും ദൈവം ആ പ്രാൎത്ഥ

(1) "ഉത്തമസാക്ഷികൾ" ൧൮൩-ാം പുറം നോക്കുക.

നെക്ക ഉടനെ മറുപടി അയച്ചു. "എന്തെന്നാൽ അവർ വിളിക്കുന്നതിന്നു മുമ്പെ ഞാൻ ഉത്തരം പറയും; അവർ ഇനിയും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ കേൾക്കും" എന്നാകുന്നു ദൈവത്തിന്റെ വാഗ്ദത്തം (എശാ. ൬൫. ൨൪). സ്കോത്ത്ലണ്ടിൽ പ്രാൎത്ഥന കരേറിക്കൊണ്ടിരിക്കുമ്പോൾ തന്നേ ജൎമ്മനിയിൽ മറുപടി ഇറങ്ങി; ആത്മവിചാരം ഇല്ലാതിരുന്ന പെൺകുട്ടി ഉണൎന്നു മനന്തിരിവാൻ സംഗതിയായി. അതിങ്കൽ അവളുടെ അമ്മ നന്ദികൊണ്ടും സന്തോഷംകൊണ്ടും നിറഞ്ഞവളായി, ശേഷം തന്റെ രണ്ടു കുട്ടികൾക്കായി കൂടെ പ്രാൎത്ഥിപ്പാൻ അപേക്ഷിച്ചു. അവരും മനന്തിരിഞ്ഞു പുതിയ സൃഷ്ടികളായി തീൎന്നു. ദൈവം അവൾക്കും അവളുടെ മക്കൾക്കും നല്കിയ കൃപെക്കായി അവൾ ആ പട്ടണത്തിൽ നശിച്ചുപോകുന്ന ആത്മാക്കളുടെ ഇടയിൽ രക്ഷയുടെ സദ്വൎത്തമാനം അറിയിപ്പാൻ തന്നെത്താൻ ഏല്പിച്ചുകൊടുക്കയും ചെയ്തു.

മ. ഹാ, അതു എത്ര ആശ്ചൎയ്യകരമായ വൃത്താന്തം.

പ. അതിന്നു സന്ദേഹമില്ലല്ലോ. ബ്രിസ്റ്റൽകാരനായ മിസ്റ്റർ ജോൎജ്ജ് മുല്ലർ (**Mr. George Muller of Bristol**) പ്രാൎത്ഥനാഫലത്തെ കുറിച്ചു അനുഭവത്തിൽനിന്നു പറയുന്നതു: "പത്തു ആളുകൾക്കുവേണ്ടി ഞാൻ മുപ്പതു വൎഷം ദിനംപ്രതി പ്രാൎത്ഥിച്ചു. അവരിൽ എട്ടുപേർ മനന്തിരിഞ്ഞു ഗുണപ്പെട്ടു. വേറെ പതിനെട്ടു പേൎക്കു വേണ്ടി ഞാൻ ഇരുപതു വൎഷം പ്രാൎത്ഥിക്കയും അവരിൽ പതിനാലു പേർ ഗുണപ്പെടുകയും ചെയ്തു." ദൈവം ചിലപ്പോൾ തന്റെ ഗുണകരമായ ചില ആലോചനകൾ മുഖാന്തിരം എല്ലാ പ്രാൎത്ഥനകൾക്കും ഉടനടി മറുപടി നല്കുന്നില്ല എന്നു കൂടെ നാം ഓൎക്കേണ്ടതാകുന്നു.

മ. മിസ്റ്റർ മുല്ലർ ആ ആളുകൾക്കു വേണ്ടി ഇത്ര വളരെ കാലം പ്രാൎത്ഥിച്ചതിൽ, തന്റെ വിശ്വാസവും തീക്ഷ്ണതയും എന്തു മാത്രം ആയിരിക്കണം.

പ. അതേ, താൻ അതിശയിക്കത്തക്ക ഒരു മനുഷ്യൻ തന്നേ. ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ ദൃഷ്ടാന്തം പിന്തുടരുന്നു എങ്കിൽ എത്ര നന്നായിരുന്നു! ഒരിക്കൽ രണ്ടു ഭക്തിയുള്ള സ്ത്രീകൾ തങ്ങളുടെ ഉപദേഷ്ടാവിനോടു, ആത്മാക്കളെ ആദായപ്പെടുത്തുവാൻ തക്കവണ്ണം ആശയോടെ പ്രവൎത്തിക്കേണ്ട മാൎഗ്ഗം എങ്ങനെ എന്നു ചോദിച്ചു. അദ്ദേഹം അവൎക്കു

മത്താ. ൧൮. ൧൯-ൽ പറയുന്ന വിലയേറിയ വാഗ്ദത്തം എടുത്തു കാണിച്ചു: "ഭൂമിയിൽ വെച്ചു നിങ്ങളിൽ രണ്ടു പേർ യാചിക്കുന്ന ഏതു കാൎയ്യത്തെ കുറിച്ചും ഐകമത്യപ്പെട്ടാൽ, അതു സ്വൎഗ്ഗസ്ഥനായ എൻ പിതാവിൽ നിന്നു അവൎക്കു ലഭിക്കും". അവർ വിചാരിച്ചിരിക്കുന്ന ആളുകളുടെ മനന്തിരിവിന്നായി അവർ ഇരുവരും ഒന്നിച്ചു താല്പൎയ്യത്തോടെ പ്രാൎത്ഥിപ്പാൻ താൻ അവൎക്കു ഗുണദോഷിച്ചു. അവരുടെ സ്നേഹിതരിൽ ഏഴാളുകളുടെ പേർ എഴുതി ഉപദേഷ്ടാവു അവൎക്കു കൊടുത്തു. അവൎക്കു വേണ്ടി ഞങ്ങൾ പ്രാൎത്ഥിക്കയും പ്രവൎത്തിക്കയും ചെയ്യുമെന്നു പറഞ്ഞു ഇരുവരും പോകയും ചെയ്തു. അവർ ചില ആഴ്ചവട്ടം പ്രാൎത്ഥിച്ചശേഷവും പ്രത്യക്ഷ ഫലമൊന്നും കാണാതെ നിരാശപ്പെട്ടു തുടങ്ങിയപ്പോൾ, ആ ഏഴാളുകളിൽ ഒരാൾക്കു അവർ സ്നേഹകരമായ ഒരു കത്തു അയച്ചു. അതിന്നു മറുപടിയായിട്ടു അവളും അവളുടെ സഹോദരിയും കുറെ നാളായി തങ്ങൾക്കു വേണ്ടി അന്യോന്യം പ്രാൎത്ഥിച്ചു വരുന്നു എന്നു അറിവാൻ സംഗതിയായി. ആ രണ്ടു സഹോദരിമാരും താമസിയാതെ മനന്തിരിഞ്ഞു; അവർ മൂലം ആ സഭയിലുള്ള മുപ്പതിൽ പരം ആളുകൾ കുറഞ്ഞോരു സമയത്തിന്നകം ഗുണപ്പെടുകയും ചെയ്തു. ഏഴ ആളുകളിൽ അഞ്ചുപേർ ആ കൂട്ടത്തിൽ ഉണ്ടായിരുന്നു; ശേഷം രണ്ടു പേരും ആ വൎഷം കഴിയും മുമ്പെ തന്നേ രക്ഷിതാവിങ്കലേക്കു ആദായപ്പെട്ടു.

മ. ഹാ, ഈ സംഗതി മുമ്പിലത്തേതിലും ആശ്ചൎയ്യമത്രെ, ദൈവം അതിശയമാംവണ്ണം ഇപ്പോഴും പ്രാൎത്ഥനെക്കു മറുപടി നല്കുന്നു എന്നല്ലയോ അതിൽ നിന്നു കാണുന്നതു?

പ. അതേ, ചിലപ്പോൾ സ്നേഹകരമായ എഴുത്തുകൾ കൂടെ ആത്മാക്കൾക്കു വളരെ ഗുണം ചെയ്യുന്നതായി കാണുന്നുവല്ലോ.

മ. ഉവ്വ്, അതും ഞാൻ മേല്പറഞ്ഞ സംഗതിയിൽ നിന്നു കാണുന്നു.

പ. ചൊട്ടാനാഗപുരത്തിൽ മിഷ്യൻ വേല ആരംഭിച്ച ഗോസ്സേനർ ഉപദേഷ്ടാവു (Pastor Gossener) ൧൪൪-ൽ പരം മിഷ്യനറിമാരെ അന്യരാജ്യങ്ങളിലേക്കു അയക്കയുണ്ടായി. ഈ വലിയ പ്രവൃത്തിയെ ആ ദൈവമനുഷ്യൻ നടത്തിയതു മുഖ്യമായി തന്റെ വിശ്വാസത്തോടു കൂടിയ താല്പൎയ്യപ്രാൎത്ഥന മൂലമായിരുന്നു. അദ്ദേഹത്തിന്റെ ശവക്കല്ലറമേലുള്ള എഴുത്തു ഇപ്രകാരമത്രെ: "പ്രാൎത്ഥന മൂലം അവൻ മിഷ്യ

ൻ ആസ്പത്രി പണിയിച്ചു; പ്രാൎത്ഥന മൂലം അവൻ മിഷ്യ
ൻ സ്ഥലങ്ങളെ സ്ഥാപിച്ചു; പ്രാൎത്ഥനമൂലം അവൻ മിഷ്യന
റിമാരെ തങ്ങളുടെ വേലയിൽ ഉറപ്പിച്ചു; പ്രാൎത്ഥനമൂലം അ
വൻ ധനവാന്മാരുടെ ഭണ്ഡാരപ്പുരകളെ തുറന്നു".

മ. അതു വളരെ ധൈൎയ്യവും ഉപദേശവും നല്കുന്ന വാ
ക്കുകൾ തന്നേ.

പ. അതിന്നു സംശയമില്ലല്ലോ. വേറൊരു ശ്രേഷ്ഠനാ
യ ദൈവഭൃത്യൻ പറയുന്നതു: "പ്രാൎത്ഥന പ്രവൃത്തിയാകു
ന്നു, പ്രാൎത്ഥന യുദ്ധമാകുന്നു, പ്രാൎത്ഥന ജീവനാകുന്നു, പ്രാ
ൎത്ഥന അഭിവൃദ്ധിയാകുന്നു, പ്രാൎത്ഥനയാകുന്നു; പ്രാൎത്ഥ
ന കലൎന്ന കൌശലപ്രവൃത്തി ജയത്തെ ആകൎഷിക്കുന്നു; കൃ
പാസനത്തിങ്കൽ ജയം കിട്ടുന്നതു, പ്രവൃത്തിസ്ഥലത്തിൽ ജ
യം പ്രാപിക്കയാകുന്നു".

മ. ഹാ, അതും വളരെ ഫലനവും ഗൌരവവുമുള്ള വചന
ങ്ങളല്ലോ.

പ. അതേ, അതിൽ വളരെ സത്യം അടങ്ങിയിരിക്കുന്നു.
വിശ്വാസികളായ സ്ത്രീപുരുഷന്മാർ ഒക്കെയും, പ്രാൎത്ഥനയെ
സംബന്ധിച്ചു കൎത്താവു നമ്മെ ധൈൎയ്യപ്പെടുത്തിയിരിക്കുന്ന
വാഗ്ദത്തം എല്ലാപ്പോഴും ഓൎക്കേണ്ടതാകുന്നു. "യാചിപ്പിൻ,
എന്നാൽ നിങ്ങൾക്കു തരപ്പെടും; അന്വേഷിപ്പിൻ, എന്നാൽ
നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്ക
പ്പെടും" (മത്താ. ൭. ൭).

മ ഹാ, അതെത്ര ധൈൎയ്യം നല്കുന്ന വാഗ്ദത്തം!

പ. സംശയമുണ്ടോ? അതു തന്റെ പിന്തുടൎച്ചക്കാരെ ഒ
രിക്കലും മടുത്തുപോകാതെ പ്രാൎത്ഥിപ്പാൻ ഉത്സാഹിപ്പിക്കുന്ന
വാഗ്ദത്തമല്ലോ (ലൂക്കോ. ൧൮. ൧). അനേകം ഭക്തിയുള്ള അ
മ്മമാർ ഈ വാഗ്ദത്തം വേണ്ടുംവണ്ണം ആലോചിച്ചു തങ്ങളു
ടെ മക്കൾക്കു വേണ്ടി പ്രാൎത്ഥിക്കാതെ ഇരിക്കുന്നതു വ്യസന
കരമല്ലയോ?

മ. അതേ, അതു വ്യസനം തന്നേ.

പ. എല്ലാ ക്രിസ്ത്യാനികളും തങ്ങളാൽ കഴിയുമ്പോലെ
ആത്മാക്കളെ യേശുവിന്റെ അടുക്കലേക്കു കൊണ്ടുവരുവാ
ൻ ശ്രമിക്കേണ്ടതു അവരുടെ ചുമതലയാകുന്നു. സ്വൎഗ്ഗത്തി
ൽ ഉള്ള ഒരു വലിയ സന്തോഷം, നാം മൂലം കൎത്താവായ
യേശുവിങ്കലേക്കു കൊണ്ടുവരപ്പെട്ടവരെ നാം അവിടെ കാ
ണുന്നതു തന്നേയാകുന്നു.

മ. ശരി തന്നേ. അങ്ങനെ വിചാരിപ്പാൻ ന്യായമുണ്ടല്ലോ.

പ. കീൎത്തിപ്പെട്ട മിസ്റ്റർ ഡി. എൽ. മൂഡി എന്ന അമേറിക്കക്കാരനായ ഏവൻഗേലീസ്തൻ ബൈബിളിനെ കുറിച്ചു പ്രസ്താവിച്ചിരിക്കുന്ന ചില സംഗതികളെ പറയാമല്ലോ.

മ. കൊള്ളാം; മഹാന്മാരുടെ സാക്ഷി പ്രത്യേകം അറിഞ്ഞിരിക്കേണ്ടതു ആവശ്യമത്രെ.

പ. അതേ, ആ ദൈവഭൃത്യൻ പറയുന്നതു: ബൈബിളിനെ ദൈവ വെളിപാടായി വിശ്വസിക്ക. അതിൽ ഗ്രഹിപ്പാൻ പ്രയാസമേറിയ ദിവ്യ സംഗതികൾ ഉള്ളതിനാൽ അതിനെ ത്യജിച്ചുകളയാതിരിപ്പാൻ നോക്കുക. തിരുവെഴുത്തുകളെ ദൈവം ബഹുമാനിക്കുംവണ്ണം നീയും അതിനെ ബഹുമാനിക്ക. "നിന്റെ സകല നാമത്തിന്നും മേലായി നിന്റെ വചനത്തെ നീ മഹത്വപ്പെടുത്തിയിരിക്കുന്നു" (സങ്കീ. ൧൩൮. ൨) എന്നാകുന്നു ദൈവത്തിനു തന്റെ വചനത്തോടുള്ള ബഹുമാനം. ബൈബിളിലുള്ള ഓരോ പുസ്തകവും ആൎക്കായിട്ടും എന്തു സാദ്ധ്യത്തിനായിട്ടും എഴുതി എന്നു അദ്ധ്യയനം ചെയ്ക. പുതിയതും പഴയതും തമ്മിൽ ഒത്തുനോക്കുക. "പഴയനിയമത്തിൽ പുതിയതു മറഞ്ഞിരിക്കുന്നു എന്നും, പുതിയ നിയമത്തിൽ പഴയതു സ്പഷ്ടമായിരിക്കുന്നു എന്നും അറിക". പഴയനിയമം പൂട്ടുപോലെയും പുതിയനിയമം താക്കോൽ പോലെയും ഇരിക്കുന്നു.

മ. ഹാ, അതു വളരെ സാരം അടങ്ങിയ ഗുണദോഷമാകുന്നു.

പ. അദ്ദേഹം പിന്നെയും പറയുന്നതു: "ലേവ്യാ പുസ്തകവും എബ്രായ ലേഖനവും, അപ്പോസ്തല പ്രവൃത്തിയും ലേഖനങ്ങളും, പ്രവചനങ്ങളും ചരിത്ര പുസ്തകങ്ങളും അന്യോന്യം ചേൎത്തു വായിക്ക. ദൈവസംസൎഗ്ഗത്തിൽ അടുത്തു നടപ്പാനും മററുള്ളവരെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരുവാനുമുള്ള അറിവു കിട്ടത്തക്കവണ്ണം തിരുവെഴുത്തുകളെ വായിച്ചു പഠിക്ക. ദിനമ്പ്രതി ഓരോ അദ്ധ്യായം വായിച്ചു തൃപ്തിപ്പെട്ടിരുന്നാൽ പോരാ; കുറഞ്ഞപക്ഷം ഒരു വാക്യത്തിന്റെ എങ്കിലും സാരാംശം എന്തെന്നു ഗ്രഹിക്ക. പ്രകൃതിയിൽ ഉള്ളതു പോലെ ബൈബിളിലും പ്രയാസമുള്ള സംഗതികൾ ഉണ്ടു. പുല്ലിന്റെ ഇലയോ താളോ എങ്ങനെ വളരുന്നു എന്നു നാം

അറിയുന്നില്ലല്ലോ. ജീവൻ എന്താകുന്നു എന്നു ആരെങ്കിലും അറിയുന്നുണ്ടോ? ഗണിതശാസ്ത്രം ഞാൻ അറിയുന്നില്ല, എങ്കിലും ഞാൻ അതിനെ വിശ്വസിക്കുന്നു. ബുദ്ധി എന്നതു മനുഷ്യനിൽ ഉണ്ടെന്നു നാം വിശ്വസിക്കുന്നു; എങ്കിലും അതിനെ കണ്ടിട്ടുള്ളവരുണ്ടോ? ഇല്ലല്ലോ."(1)

മ. ശരി, ശരി; അതെല്ലാം കളങ്കമററ സത്യങ്ങളാകുന്നു.

പ. അതേ, ആ വലിയ എവൻഗേലീസ്റ്റൻ പിന്നെയും പറയുന്നതു: "ബൈബിളിനെ പഠിച്ചു ഹൃദസ്ഥമാക്കുക. അതുമൂലം പോഷിക്കപ്പെട്ട ശേഷം, പുറമേ പോയി രക്ഷിതാവിന്നായി പ്രവൎത്തിക്ക. ക്രിസ്തുമതത്തിൽ വളരുവാൻ ആഗ്രഹിക്കുന്നവനെങ്കിൽ വേദപുസ്തക പഠിതവും പ്രവൃത്തിയും രണ്ടും ഒന്നിച്ചു നടത്തിക്കൊണ്ടിരിക്ക. ഇക്കാലത്തു ബൈബിളിനെ ആക്രമിക്കുന്നവർ അനേകരുണ്ടു: അവിശ്വാസികൾ അതിനെ ആഴങ്ങളിലേക്കു എറിഞ്ഞുകളയുന്നു; എങ്കിലും അതു നീന്തി കരെക്കെത്തുന്നു. അതിലേ ഉപദേശങ്ങൾ, വാഗ്ദാനങ്ങൾ, സ്നേഹദൂതുകൾ ഇവ എല്ലാം അതു നല്കപ്പെട്ട കാലത്തു ഇരുന്നതുപോലെ തന്നേ ഇന്നും ഇരിക്കുന്നു. അതിലുള്ള ദൂതുകളെ അറിയിച്ചുകൊണ്ടിരിക്ക; കല്പനകൾക്കു അനുസരണം കാട്ടുക; തക്ക കാൎയ്യങ്ങളിൽ അനാവശ്യമായി സമയം ചിലവുചെയ്യാതിരിക്ക; യജമാനന്റെ പേൎക്കായി ചെറിയ കാൎയ്യങ്ങളെ ചെയ്വാൻ മനസ്സുള്ളവനായിരിക്ക".

മ. കൊള്ളാം; മിസ്റ്റർ മൂഡിയുടെ ഗുണദോഷം വളരെ ന്യായകരം എന്നു മാത്രമല്ല, ജീവിതത്തിൽ ഏവൎക്കും സാധിക്കാകുന്ന കാൎയ്യം കൂടെ ആണല്ലോ.

പ. എന്റെ അഭിപ്രായവും അങ്ങനെ തന്നേ. ഇടെക്കു വേറൊരു കാൎയ്യം കൂടെ പറഞ്ഞുകൊള്ളട്ടെ: "ഫ്രെഞ്ച് അസ്സിറിയോലോജിസ്റ്റ് (**Assyriologist**)(2) ആയ ഷെൽ എന്ന പിതാവു ഒരു മുഖ്യ കല്പലകാലിഖിതം കണ്ടുപിടിച്ചിരിക്കുന്നു. ആ കല്പലക അബ്രഹാമിന്നു മുമ്പുള്ളതത്രെ. അതിൽ ജലപ്രളയത്തെ കുറിച്ചു വൎണ്ണിച്ചിരിക്കുന്നു. അതു എഴുതപ്പെട്ടതു ക്രിസ്തുവിന്നു മുമ്പു ൨൧൪൦-ൽ ബാബിലോൻ രാജാവായ ഓസ്സിസ്സി സദൎഗ്ഗായുടെ (**Aussissi Zadarga**) കാലത്താകുന്നു. ആ എഴുത്തു ഗദ്യരീതിയിൽ അല്ല, സാക്ഷാൽ പദ്യരൂപ

(1) അവശേഷം K നോക്കുക.

(2) അസ്സിറിയോലോജിസ്റ്റ് എന്ന പദത്തിന്നു, സുറിയാ, എജിപ്ത് എന്നി രാജ്യങ്ങളിലെ പുരാതന ഭാഷയെ അഭ്യസിച്ചറിഞ്ഞിട്ടുള്ളവൻ എന്നു താല്പൎയ്യം.

ത്തിൽ തന്നെ എഴുതിയിരിക്കുന്നതാകുന്നു. ആ ലിഖിതത്തിന്റെ ഒരു പ്രത്യേക വിശേഷത—അതിൽ നിന്നു തെളിയുന്നതു, എഴുത്തുവിദ്യ അക്കാലത്തു ഉണ്ടായിരുന്നില്ല എന്നുള്ള അവിശ്വാസികളുടെ വാദം തകൎന്നുപോകുന്നു എന്നു മാത്രമല്ല, അന്നുള്ള ജനങ്ങൾ കവിതകളെ കൂടെയും രചിക്കുന്നതിൽ സമൎത്ഥന്മാരായിരുന്നു എന്നല്ലയോ?"

മ. അതു ബഹു വിശേഷം തന്നേ; എന്തെന്നാൽ അതു ബൈബിളിന്റെ സത്യതയെ അല്ലയോ മുഖ്യമായി കാട്ടുന്നതു? കഴിഞ്ഞ ൧൦൦ സംവത്സരങ്ങൾക്കിടയിൽ ഭൂലോകമെങ്ങും ക്രിസ്തുമതത്തിന്നു ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെ കുറിച്ചു അല്പം കേട്ടാൽ കൊള്ളായിരുന്നു.

പ. ആകട്ടെ പറയാം. ൧൮൦൦-ൽ ഭൂലോകത്തിൽ ഉണ്ടായിരുന്ന ജനസംഖ്യയിൽ അഞ്ചിൽ ഒരു ഭാഗം ക്രിസ്ത്യാനികളായിരുന്നു. എന്നാലോ, ഇപ്പോൾ, അതായതു ൧൮൯൦-ൽ, ഭൂലോകത്തിൽ ആകപ്പാടെ നൂററമ്പത്തുനാലുകോടി നാല്പതുലക്ഷം ജനങ്ങളുള്ളതിൽ മൂന്നിൽ ഒരു ഭാഗവും ക്രിസ്ത്യാനികളത്രെ. അതിൽ അല്പം കൂടുതൽ അല്ലാതെ കുറവു ഒട്ടുംതന്നേയില്ല. ഈ വൎദ്ധനവു ലോകത്തിന്റെ എല്ലാഭാഗങ്ങളിലേക്കും കടന്നുകൂടിയിരിക്കുന്നതിനാൽ, ക്രിസ്ത്യാനിമതം ഭൂലോകത്തിലുള്ള എല്ലാ രാജ്യങ്ങൾക്കും ജാതികൾക്കും ചേരുന്നതായിരിക്കുന്നു എന്നു അതുതന്നേ സാക്ഷിക്കുന്നുവല്ലോ.

മ. ഹാ ഈ കഴിഞ്ഞ ൧൦൦ സംവത്സരങ്ങൾക്കിടയിൽ ഇത്ര വലിയ വൎദ്ധനവു ഉണ്ടായിട്ടുണ്ടെന്നു ഞാൻ ലേശം പോലും വിചാരിച്ചിരുന്നില്ല.

പ. അതേ, ക്രിസ്തുമതം, സൎവ്വ ഭൂമിക്കുമായി നിയമിക്കപ്പെട്ട മാൎഗ്ഗമെന്നു നിങ്ങൾ അറിയാതിരിക്കരുതു.

മ. ഉവ്വ്, നിങ്ങൾ പറഞ്ഞിട്ടുള്ള കാൎയ്യങ്ങളിൽ നിന്നു അതു ഞാൻ നല്ലപോലെ കാണുന്നു.

പ. ൧൮൭൨-ലെ കാനീഷ്മാരി കണക്കിൻപ്രകാരം, ഇണ്ട്യയിൽ പന്ത്രണ്ടുലക്ഷത്തി അമ്പതിനായിരം ക്രിസ്ത്യാനികളുണ്ടായിരുന്നു; എന്നാൽ ൧൮൯൧-ൽ ഇരുപത്താറുലക്ഷത്തിൽ പരം ($2\frac{2}{3}$ **Millions**) ക്രിസ്ത്യാനികൾ ഉണ്ടു.

മ. കൊള്ളാം, ഉദ്ദേശം ൨൦ വൎഷം കൊണ്ടു ക്രിസ്ത്യാനികളുടെ സംഖ്യ ഇണ്ട്യയിൽ ഇരട്ടിച്ചുവല്ലോ.

പ. അതേ, സുവിശേഷ പ്രവാചകനായ യെശയ്യാ, സുവിശേഷത്തിന്റെ പ്രബലതയെ കുറിച്ചു പറയുന്നതു:

"അവൻ (ക്രിസ്തു) തന്റെ ആത്മാവിന്റെ വ്യസനത്തെ (അദ്ധ്വാനഫലം) കണ്ടു തൃപ്തിപ്പെടും" എന്നാകുന്നു (ഏശാ. ൫൩. ൧൧). നാം ഇപ്പോൾ ഇവിടെ ഇരിക്കുന്ന കാൎയ്യം ഏതു പ്രകാരം നിശ്ചയമായിരിക്കുന്നുവോ അപ്രകാരം തന്നേ ആ പ്രവചനവും നിശ്ചയമായിട്ടു നിവൎത്തിക്കപ്പെടും.

മ. എന്നാൽ ക്രിസ്തുമതം ഇത്ര അതിശയമാംവണ്ണം ശീഘ്രം വൎദ്ധിക്കുന്നതിന്റെ പുറമേയുള്ള കാരണം എന്താകുന്നു?

പ. പറയാം. ഒന്നാമതു, മുന്നൂററിൽ പരം മിഷ്യൻ സമൂഹങ്ങൾ, താല്പൎയ്യമുള്ള പ്രാൎത്ഥനയോടെ ക്രിസ്തുവിന്റെ രാജ്യവൎദ്ധനവിന്നായി ഭൂലോകമെങ്ങും തങ്ങളാൽ കഴിയുംവണ്ണം അദ്ധ്വാനിച്ചുവരുന്നു.(1) രണ്ടാമതു, വിശുദ്ധവേദം ഇപ്പോൾ ഭൂമിയിലുള്ള എല്ലാ മുഖ്യ ഭാഷകളിലും അച്ചിടപ്പെട്ടിരിക്കുന്നു.(2) മൂന്നാമതു, സുവിശേഷം ഭൂലോകത്തിലുള്ള സകല ജാതികളുടെ ഇടയിലും പ്രസംഗിക്കപ്പെടുന്നു.

മ. കൊള്ളാം; ഇപ്പോൾ കാൎയ്യം മനസ്സിലാകുന്നു.

പ. അതേ, കൎത്താവായ യേശു പറയുന്നതു: "രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും" (മത്താ. ൨൪. ൧൪).

മ. ഉവ്വ, ആ ഭാഗം ഞാൻ ഓൎക്കുന്നു. ഹിന്തുക്കളുടെ ഇടയിൽ ഇപ്പോൾ ഒരു വലിയ മാററം കാണ്മാനുണ്ടു. ക്രിസ്ത്യാനികൾ തങ്ങളുടെ മതത്തിന്നൊത്തവണ്ണം ജീവിക്കയും, ക്രിസ്തുവിനെ കുറിച്ചു സ്നേഹമായി മററുള്ളവരോടു സംസാരിക്കയും ചെയ്താൽ, ക്രിസ്തുമതം ഭൂമിയിൽ എല്ലാടവും അതിശയമാംവണ്ണം ശീഘ്രം പ്രബലപ്പെടുമെന്നാണ് എന്റെ പക്ഷം.

പ. അതിന്നു സംശയമില്ല. നിങ്ങൾ ഇപ്പോൾ പറഞ്ഞതിൽ നിന്നു വിശു. ക്രിസൊസ്റ്റൊമിന്റെ (St. Chrysostom) വാക്കുകൾ ഓൎമ്മയിൽ വരുന്നു. അതായതു "ക്രിസ്ത്യാനികൾ സാക്ഷാൽ ക്രിസ്ത്യാനികൾ ആയിരുന്നാൽ പുറജാതികൾ ഉണ്ടാകയില്ല" എന്നത്രെ.

---

(1) ആ സമൂഹങ്ങളിൽ വലിയ സമൂഹങ്ങളും ചെറിയ സമൂഹങ്ങളും ഉണ്ടു. വലിയ സമൂഹങ്ങളിൽ ഒന്നിന്റെ പ്രയത്നം മൂലം മാത്രം നിരന്തരം ൩൦ സ്ത്രീപുരുഷന്മാർ ദിനമ്പ്രതി ക്രിസ്ത്യാനികളായി തീൎന്നുകൊണ്ടിരിക്കുന്നു.

(2) കൎത്താവിന്റെ പ്രാൎത്ഥന (മത്താ. ൬. ൯-൧൩) ഇപ്പോൾ അഞ്ഞൂറു ഭാഷകളിലും ഭാഷാഭേദങ്ങളിലുമായി അച്ചടിട്ടിരിക്കുന്നു.

മ. അതിന്നു ആക്ഷേപമില്ല. മുസല്മാനരുടെ ഇടയിൽ ഇപ്പോൾ "പുതിയ ഇസ്ലാം" എന്നൊരു വകുപ്പുകാരില്ലയോ?

പ. ഉവ്വ്, അങ്ങനെ ഒരു കൂട്ടക്കാർ ഇപ്പോൾ പുറപ്പെട്ടിട്ടുണ്ടു.

മ. അവരുടെ മതോപദേശം എന്താണ്?

പ. അതു, "ഏക കളത്രത്വം മാത്രമേ പാടുള്ളു എന്നും, സ്ത്രീകൾക്കു സാമൂഹ്യ ജീവിതം ആകാമെന്നും, വ്യാപാര വിഷയങ്ങളിൽ പലിശ വാങ്ങാമെന്നും, അടിമപ്പാടു പാടില്ല എന്നും, കുറാൻ വായനയും പ്രാൎത്ഥനയും അവരവരുടെ സ്വഭാഷകളിൽ തന്നേ വേണമെന്നും, ഇക്കാലത്തുള്ള മനുഷ്യരുടെ അറിവിന്നു തക്കവണ്ണം കുറാനെ തൎജ്ജമപ്പെടുത്തേണം എന്നും" ആകുന്നു.

മ. കൊള്ളാം, അതു വളരെ സാരമേറിയ സംഗതി തന്നേയാണ്.

പ. അതിന്നു സംശയമില്ലല്ലോ. കുറാൻെറ വായനയും പ്രാൎത്ഥനയും സ്വഭാഷകളിൽ തന്നേ വേണമെന്നുള്ളതിൻെറ താല്പൎയ്യം മനസ്സിലായിരിക്കുമല്ലോ.

മ. ഉവ്വ്; മുസല്മാൻ പുരോഹിതന്മാർ വായിക്കയും പ്രാൎത്ഥിക്കയും ചെയ്യുന്ന കാൎയ്യങ്ങൾ ഒക്കെയും ജനങ്ങൾക്കു മനസ്സിലാകേണം എന്നുള്ള മുഖ്യ സംഗതി മുസല്മാനർ ഇപ്പോൾ സ്പഷ്ടമായി കാണ്മാനും അറിവാനും തുടങ്ങിയിരിക്കുന്നു എന്നല്ലയോ?

പ. അതേ, അങ്ങനെ തന്നേ. അതുകൊണ്ടു വിശു. ഫീലിപ്പോസ് ഐത്ത്യോപ്യാ മന്ത്രിയോടു: "നീ വായിക്കുന്നതു തിരിച്ചറിയുന്നുവോ" എന്നു ചോദിച്ച ചോദ്യം (അപ്പൊ. പ്ര. വൃ. ൩൦) ഹിന്തുക്കൾ, മുസല്മാനർ, ക്രിസ്ത്യാനികൾ എന്നിവർ ഏവൎക്കും സാരമേറിയതാകുന്നു. സംസ്കൃതം, സുറിയാനി, ലത്തീൻ, അറബി മുതലായ ഭാഷകൾ എത്ര നന്നായിരുന്നാലും അതിൽ വായനയോ പ്രാൎത്ഥനയോ കഴിക്കുന്നവർ ഒക്കെയും ആ സാരമേറിയ ചോദ്യം ഓൎക്കേണ്ടതാണ്.

മ. അതു എനിക്കു പൂൎണ്ണ സമ്മതമാണ്. താണ ജാതികളിൽനിന്നു പലരും ക്രിസ്തുമതത്തിലേക്കു കൂടിവരുന്നുണ്ടല്ലോ; മേൽജാതികളെ സംബന്ധിച്ചു എന്താണ്?

പ. മേൽജാതികളിൽനിന്നും അനേകർ ക്രിസ്തുമതത്തിലേക്കു ചേൎന്നു വരുന്നുണ്ടു.

മ. കഴിഞ്ഞ രണ്ടു മൂന്നു വൎഷങ്ങൾക്കിടയിൽ ചേൎന്നിട്ടുള്ള ചിലരെ പറയാമോ?

പ. പറയാം: ൧൯൦൭ എപ്രിൽ ൧൯-ാംനു- കഷ്കറീഷ് ചന്ദ്രൻചക്രവൎത്തി എന്ന, ഉദ്ദേശം ൨൭ വയസ്സു പ്രായമുള്ള, ഒരു ബ്രാഹ്മണൻ, ശനിരാജപുരത്തിൽ ഇരിക്കുന്ന മിസ്റ്റർ ഡൌൺ എന്ന മിഷ്യനറിയുടെ അടുക്കൽ തിരുസ്നാനത്തിന്നായി വന്നു. ആ ബ്രാഹ്മണൻ, ഡാക്കായിൽ ഇപ്പോൾ വേലയിൽനിന്നു ഒഴിഞ്ഞിരിക്കുന്ന ഒരു ജഡ്ജിയുടെ മകനാകുന്നു. അദ്ദേഹം മുമ്പെ ആനിബെസന്റ് മദാമ്മയുടെ (**Mrs. Annie Beasant**) ഹിന്തുകോളെജിൽ പഠിച്ചു വന്നവനും, വളരെ കാലം മതവിഷയങ്ങളിൽ ഒരു തിരക്കക്കാരനും ആയിരുന്നു. ബ്രാഹ്മണർ മിക്ക സ്ഥലങ്ങളിലും ഇപ്പോൾ ക്രിസ്ത്യാനികളായി തിരുന്നതു സാധാരണയാകയാൽ, മേല്പറഞ്ഞ ബ്രാഹ്മണന്റെ സ്നാനസമയം വല്ല ഇളക്കമോ ലഹളയോ ഒന്നും തന്നേ ഉണ്ടായില്ല. തിരുസ്നാനം കഴിഞ്ഞശേഷം അദ്ദേഹം തന്റെ ഹിന്തു സ്നേഹിതന്മാരോടു കൂടെ കുറെ കാലം ഡാക്കായിൽ തന്നേ പാൎത്തു. പിന്നീടു അതു പ്രയാസമായി കണ്ടിട്ടു താൻ ഷിക്കാർപുരത്തേക്കു വാങ്ങിപ്പോകയും ചെയ്തു.

മ. അതു ബഹു രസം തന്നേ.

പ. അതേ; ൧൯൦൭ ജൂലായി ൨൭-ാംനു- കല്ക്കത്തായിൽ വെച്ചു രണ്ടു ബ്രാഹ്മണരുടെ ജ്ഞാനസ്നാനം ഉണ്ടായി. അവരിൽ ഒരാൾ കല്ക്കത്താ പോലീസ് പട്ടാളത്തിൽ ഒരു അംഗമായിരുന്നു. ൧൯൦൭ ഒക്ടോബർ ൩൦-ാംനു- പാളയംകോട്ടു ഒരു ബ്രാഹ്മണനും, തന്റെ ഭാൎയ്യയും, അഞ്ചു വയസ്സുള്ള തന്റെ മകനും ഇങ്ങനെ മൂന്നു പേർ ക്രിസ്ത്യാനികളായി തീൎന്നു. ആ ബ്രാഹ്മണൻ ആ സ്ഥലത്തു തന്നേ ഉള്ള ഒരു നിവാസിയും, മട്രിക്കുലേഷൻ പരിക്ഷയും ട്രെയിനിങ്ങും കഴിഞ്ഞ ശേഷം തിരുനൽവേലിയിൽ ഗവൎമ്മെണ്ട് ട്രെയിനിങ്ങ്സ്കൂളിൽ ഒരു വാദ്ധ്യാരും ആയിരുന്നു. താൻ ക്രിസ്തുമതത്തിൽ അതിതീക്ഷ്ണതയുള്ളവനായി, വിശുദ്ധ തിരുവെഴുത്തുകളെയും അതിനെ സംബന്ധിച്ച പുസ്തകങ്ങളെയും പത്തു വൎഷത്തോളം പരിശോധന കഴിച്ചു. (1)

(1) കഴിഞ്ഞ പത്തു വൎഷങ്ങൾക്കിടയിൽ ആറുലക്ഷം ഹിന്തുക്കൾ ക്രിസ്ത്യാനികളായി തീൎന്നിട്ടുള്ളതു കൂടാതെ വളരെ മുസല്മാനരും ബുദ്ധമതക്കാരും കൂടെ ക്രിസ്തുമതം അംഗീകരിച്ചിരിക്കുന്നു.

മ. അതു ഒരു കീൎത്തിപ്പെട്ട മനന്തിരിവു തന്നേ, സംശയമില്ല. മുസല്മാനരിൽ മുഖ്യന്മാരെ സംബന്ധിച്ചു എങ്ങനെ? ഇപ്പോൾ ആരെങ്കിലും വടക്കേ ഇണ്ഡ്യയിൽ അവരിൽനിന്നു ക്രിസ്ത്യാനികളായി തീരുന്നുണ്ടോ?

പ. ഉണ്ടു.

മ. അവരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഒന്നോ രണ്ടോ മനന്തിരിവുകളെ കുറിച്ചു പറയാമോ?

പ. സന്തോഷത്തോടെ പറയാം: ൧൮൦൬-ാമാണ്ടവസാനത്തിൽ ഒരു യൌവ്വനപ്രായക്കാരനായ മൌൽവി, പെഷാവറിൽ ഡോക്ടർ എ. സി. ലാങ്കസ്റ്റർ (**Dr. A. C. Lankester**) എന്ന വൈദ്യന്റെ അടുക്കൽ വന്നു. ആ മൌൽവി കീൎത്തിപ്പെട്ട ഒരു മുസല്മാൻ പണ്ഡിതന്റെ കീഴിൽ അഭ്യസിച്ചു വന്നവനായിരുന്നു. താൻ ആ വൈദ്യന്റെ അടുക്കൽ ആദ്യം വന്നപ്പോൾ ബൈബിൾ ഒട്ടും തന്നേ താൻ ഒരിക്കലും വായിച്ചിട്ടില്ലായിരുന്നു. വൈദ്യൻ അദ്ദേഹത്തോടു പറഞ്ഞ സുവിശേഷ സത്യങ്ങളൊക്കെയും താൻ നല്ലവണ്ണം ഗ്രഹിക്കയും അതു മൂലം തന്റെ ഹൃദയത്തിന്നു ഒരു മാററം ഉണ്ടായിട്ടുണ്ടെന്നു അയാൾ തന്നിൽ തന്നേ പൂൎണ്ണമായി അറികയും ചെയ്കതിനാൽ, ൧൮൦൬ ഡിസംബർ ഒന്നാം ഞായറാഴ്ച താൻ തിരുസ്നാനമേററു ക്രിസ്ത്യാനിയായി തീൎന്നു; ക്രിസ്തുയേശുവിൽ പുതിയ സൃഷ്ടിയായും തീൎന്നു. ആ മൌൽവി ആ സമയം ൨൨ വയസ്സു പ്രായമുള്ളവനായിരുന്നതിനാൽ, തന്നിലുണ്ടായ വലിയ മാററത്തെ കുറിച്ചു ധൈൎയ്യത്തോടെ തനിക്കുള്ള എല്ലാവരോടും അറിയിച്ചു. അദ്ദേഹം ഒരു മാന്യനായ മൌൽവി എങ്കിലും തനിക്കും മററുള്ളവരിൽനിന്നു സാമാന്യമായ പീഡകൾ ഉണ്ടായി. തന്റെ സ്വന്തക്കാരിൽ ചിലരെ എങ്കിലും ക്രിസ്തുവിന്റെ ശിഷ്യരാക്കിതീൎപ്പാൻ താൻ ആശിക്കയും, സ്വരാജ്യക്കാരുടെ ഇടയിൽ തന്നേ ഒരു ഏവൻഗേലിസ്തന്റെ വേല ചെയ്വാൻ താൻ അത്യന്തം ആഗ്രഹിക്കയും ചെയ്യുന്നു.

മ. കീൎത്തിപ്പെട്ട മനന്തിരിവു തന്നേ. അദ്ദേഹം ഒരു മൌൽവിയും ഒരു മുസല്മാൻ പണ്ഡിതന്റെ കീഴിൽ അഭ്യസിച്ചവനും ആയിരുന്നുവല്ലോ.

പ. അതേ; മേല്പറഞ്ഞ സംഭവം കഴിഞ്ഞു രണ്ടാഴ്ചകഴിഞ്ഞതിന്റെ ശേഷം കാണ്ടഹാറിൽനിന്നു ദീൎഘകായകനായ ഒരു പട്ടാണി ക്രിസ്ത്യാനിയായി തീൎന്നു. ആ മനുഷ്യൻ വളരെ നാൾ റവറണ്ട് അസസ്സ്-ഉദ്ദീൻഖാൻ എന്ന ഉപദേഷ്ടാവിന്റെ

കീഴിൽ ക്രിസ്തോപദേശങ്ങളെ പഠിച്ചഭ്യസിച്ചു. അദ്ദേഹം ക്രിസ്ത്യാനി ആകുംമുമ്പെ പുഷ്ടുഭാഷയിൽ ഒരു സുവിശേഷം വായിപ്പാൻ വളരെ ഇഷ്ടപ്പെടുകയും അതിനെ വായിക്കുന്നതിൽ വെച്ചു ഇടെക്കിടെ ഉപദ്രവങ്ങൾ സഹിക്കയും ചെയ്തു. ക്രിസ്തുവിശ്വാസം മൂലം അയാൾ എല്ലാ കാൎയ്യങ്ങളിലും ഒരു പുതിയ മനുഷ്യനായി തീൎന്നു. "അവൻ മുഖത്തിലും വാക്കിലും സ്വഭാവ ഗുണങ്ങളിലും സാക്ഷാൽ മാററം വന്ന മനുഷ്യനാകുന്നു" എന്നത്രെ ആ പുതുക്രിസ്ത്യാനിയെ കുറിച്ചു അദ്ദേഹത്തിന്റെ ഉപദേഷ്ടാവു പറയുന്നതു.

മ. പട്ടാണികൾ കൂടെ ക്രിസ്ത്യാനികളായിട്ടുണ്ടെന്നു ഞാൻ ഇതുവരെയും അറിഞ്ഞിരുന്നില്ല.

പ. അങ്ങനെയോ?—കൊള്ളാം; റവറണ്ട് ഇ. എഫ്. സാണ്ടിസ് (**Rev. E. F. Sandys**) പറയുന്നതു, ബാൎന്നഗരിയിലെ മുഹമ്മദീയ പള്ളിയിൽ ഉണ്ടായിരുന്ന വസുദിൻ എന്നയാളും തന്റെ ഭാൎയ്യയും ൧൮൭൭ ഏപ്രിൽ ൧൦-ാംനു- ഞായറാഴ്ച കല്ക്കത്തായിൽ വെച്ചു തിരുസ്നാനമേററു ക്രിസ്ത്യാനികളായി തീൎന്നു എന്നത്രെ. നാലോ അഞ്ചോ വൎഷം മുമ്പെ തുടങ്ങി ക്രിസ്ത്യാനിമതം അംഗീകരിപ്പാനുള്ള വാഞ്ഛ ആ മനുഷ്യനിൽ ഉളവായി, എങ്കിലും അതിലേക്കു ധൈൎയ്യമുണ്ടായില്ല. ഒടുവിൽ കാൎയ്യം തീൎച്ചപ്പെടുത്തിയപ്പോൾ അവർ ഇരുവരും തങ്ങളുടെ ജീവരക്ഷെക്കായി അവിടം വിട്ടു ഓടിപ്പോകേണ്ടിവന്നു. അവരുടെ ചാൎച്ചക്കാരിൽ മത വൈരാഗിയായ ഒരുത്തൻ ഒരു വലിയ കത്തിയുമായി അവരുടെ നേരെ പാഞ്ഞു ചെന്നു അവരെ മുറിവേല്പിച്ചു. അവർ മിഷ്യൻ സ്ഥലത്തിലേക്കു ഓടിപ്പോകയും, അവിടെ വെച്ചു മുറിവുകൾ കഴുകി കെട്ടിയ ശേഷം, രാത്രി അവിടെ തന്നേ ക്ഷേമത്തോടെ പാൎക്കയും ചെയ്തു.(1)

മ. യാതൊരു കഠിനമായ പീഡകൾക്കും, മുസല്മാനരെയോ ഹിന്തുക്കളെയോ ക്രിസ്ത്യാനികളായി തീരുന്നതിൽനിന്നു തടുപ്പാൻ കഴിയുന്നില്ലല്ലോ എന്നുള്ളതിൽ ഞാൻ ആശ്ചൎയ്യപ്പെടുന്നു.

പ. അതേ, സാക്ഷാൽ സത്യ മനന്തിരിവുള്ളവരെ തടുപ്പാൻ ഒന്നിനാലും സാധിക്കയില്ല. പിന്നെയും ൧൮൭൭-ൽ, ജോഹ്ന അബ്ദൂൾ സുബ്ഹാൻ എന്ന മൌൽവി, ഏഴ വൎഷം ക്രി

(1) ൨ തിമൊ. ൩. ൧൨.

സ്തുമത പരിശോധന കഴിച്ചശേഷം, ഒടുവിൽ ലക്നോയിൽ വെച്ചു ക്രിസ്ത്യാനിയായി തീൎന്നു. അദ്ദേഹം ഒരു നല്ല കുഡുംബക്കാരനും, അറബി, പാൎസി മുതലായ ഭാഷകളിൽ ഒന്നാന്തരം വിദ്വാനുമത്രെ. ഇപ്പോൾ അദ്ദേഹം ആ സ്ഥലത്തുള്ള മിഷ്യൻ ഹൈസ്കൂളിൽ മുൻഷിയായിരിക്കുന്നു.

മ. അതു ഒരു അത്ഭുതകരമായ മനന്തിരിവു തന്നേ എന്നു എന്റെ പക്ഷം.

പ. സംശയമില്ലല്ലോ. വടക്കേ ഇണ്ട്യയിലുള്ള മുസല്മാനർ സാധാരണ ഈ ഭാഗങ്ങളിൽ ഉള്ളവരേക്കാൾ വളരെ അറിവുള്ളവരും പരിഷ്കാരമുള്ളവരും അത്രെ. എന്നു തന്നേയുമല്ല, ഡോക്ടർ ഇമ്മാദ്-ഉദ്ദീൻ എന്ന ആ മഹാൻ തന്റെ സ്വരാജ്യക്കാരുടെ നന്മെക്കായി മുഹമ്മദീയ കുറാനെ ഉൎദ്ദു ഭാഷയിലേക്കു മുഴുവനുമായി തൎജ്ജമ ചെയ്തിട്ടുമുണ്ടു. അതുകൊണ്ടു ആ ഭാഗങ്ങളിൽ ഉള്ള മുസല്മാനൎക്കു പുതിയനിയമവും കുറാനും തമ്മിലും, കൎത്താവായ ക്രിസ്തുയേശുവും മുഹമ്മദുനബിയും തമ്മിലും ഉള്ള വ്യത്യാസത്തെ തങ്ങളുടെ സ്വഭാഷകളിൽ തന്നേ വായിച്ചറിവാൻ കഴിയും.

മ. ശരി തന്നേ; അതുകൊണ്ടായിരിക്കും അവിടങ്ങളിൽ മുസല്മാനരുടെ ഇടയിൽ മനന്തിരിവു അധികമുള്ളതു.

പ. അതേ, അങ്ങനെ തന്നേ. ഇനി മിസ്റ്റർ ററി. കതിൎവ്വേൽ നായനാർ കുറെ മുമ്പെ മദ്രാസിൽ വെച്ചു വിദ്യാൎത്ഥികളായ ഹിന്തുക്കളുടെ ഒരു സമൂഹ മുമ്പാകെ പ്രസ്താവിച്ച തന്റെ കീൎത്തിപ്പെട്ട സാക്ഷീകരണത്തെ കുറിച്ചു അല്പം പറയട്ടെ.

മ. കൊള്ളാം; അദ്ദേഹം ആരാകുന്നു?

പ. ആ മനുഷ്യൻ ഇപ്പോൾ ക്രിസ്തുവിന്റെ ഒരു ശിഷ്യനാകുന്നു; എങ്കിലും താൻ തിരുസ്നാനം ഏല്ക്കുന്നതിന്നു മുമ്പായി ഉദ്ദേശം ൨൦ വൎഷത്തോളം, പുറമേ ഒരു ഹിന്തുവെങ്കിലും ഹൃദയംകൊണ്ടു ഒരു ക്രിസ്ത്യാനിയായിരുന്നു. അതു നിങ്ങൾ നല്ലവണ്ണം ധരിച്ചിരിക്കേണ്ടതായ ഒരു സംഗതിയാണ്.(1) അദ്ദേഹം ഒരു അറിവുള്ളവൻ എന്നു മാത്രമല്ല, ഒരു ഉയൎന്ന കുഡുംബക്കാരൻ കൂടെയാകുന്നു.

മ. അങ്ങനെയുള്ളൊരു മനുഷ്യന്റെ അനുഭവസാക്ഷി കേൾക്കേണ്ടതു ആവശ്യമാണല്ലോ.

(1) മിസ്റ്റർ കതിൎവ്വേൽ നായനാരെ കുറിച്ചും മററും "ഉത്തമസാക്ഷികൾ" അവശേഷം A നോക്കുക.

പ. അതേ; തിരുവെഴുത്തുകളെ കുറിച്ചും, ക്രിസ്തുവിനെ കുറിച്ചും, ക്രിസ്തുമതത്തെ കുറിച്ചും ആ പുതുക്രിസ്ത്യാനി പ്രസ്താവിച്ചിരിക്കുന്ന ഓരോ സംഗതിയും വളരെ സാരമേറിയതാകുന്നു. അദ്ദേഹം ഇങ്ങനെ ആരംഭിക്കുന്നു: "എന്റെ പ്രിയ സഹോദരന്മാരും സ്വരാജ്യക്കാരുമായുള്ളോരേ, ഞങ്ങൾ ക്രിസ്തുമതത്തെ അംഗീകരിച്ചിട്ടു ഇപ്പോൾ മൂന്നു വൎഷമായിരിക്കുന്നു.(1) ൧൮൦൧ നവംബർ ഇരുപത്തുനാലാം തിയ്യതി, ഞങ്ങളുടെ കാലത്തിൽ, ഞങ്ങൾക്കു ഏറ്റവും മുഖ്യപ്പെട്ട ഒരു ദിവസമായിരുന്നു. അതു ഞങ്ങളെ ഹിന്തുദേവന്മാരിൽനിന്നു വേർപെടുത്തി നമ്മുടെ കൎത്താവും രക്ഷിതാവുമായ ക്രിസ്തുയേശുവിനോടു കൂടെ കൂട്ടിച്ചേൎത്ത ദിവസം തന്നേ. അതു പാപത്തിന്മേലും പിശാചിന്മേലും മരണത്തിന്മേലും ജയം പ്രാപിച്ച ദിവസമായിരുന്നു. ഹാ, അതു, മഹിമയും ഭാഗ്യവുമേറിയ ഒരു പുതിയ ജീവിതത്തെ ഞങ്ങൾ ആരംഭിച്ച കൃപയുടെ ശുഭദിനം തന്നേയായിരുന്നു. ഭൂമിയിൽ ഉള്ളതിലേക്കും ഏറ്റവും വിശിഷ്ടവും ശുഭകരവുമായ മതത്തെയാകുന്നു ഞങ്ങൾ തെരിഞ്ഞെടുത്തിരിക്കുന്നതു എന്നു ആകുന്നു ഞങ്ങളുടെ വിശ്വാസം; ആ തെരിഞ്ഞെടുപ്പിനെ കുറിച്ചു ഞങ്ങൾ വളരെ സന്തോഷിക്കയും ചെയ്യുന്നു. ക്രിസ്തുമത സ്വീകാരം മൂലം ഞങ്ങൾക്കു ലേശംപോലും വ്യസനിപ്പാൻ സംഗതി വന്നിട്ടില്ല എന്നു ഞങ്ങളുടെ സ്വരാജ്യക്കാരായ നിങ്ങളോടു അറിയിപ്പാൻ ഞങ്ങൾ വാഞ്ഛിക്കുന്നു. ഈ സംഗതിയെ കുറിച്ചുള്ള ഞങ്ങളുടെ പ്രസ്താവനയെല്ലാം വെറും അധരവാക്കുകളല്ല, ഞങ്ങളുടെ ഹൃദയത്തിന്റെ അഗാധത്തിൽനിന്നു വരുന്നവയാകുന്നു എന്നു ഞങ്ങൾ നിശ്ചയപ്പെടുത്തി പറയുന്നു. ഞങ്ങൾ ക്രിസ്തുമതത്തെ അംഗീകരിച്ചതിന്നു പല കാരണങ്ങളുമുണ്ടു. എങ്കിലും ആ മതം എനിക്കും, എന്റെ കുഡുംബത്തിന്നും, കൎത്താവായ യേശുവിനെ പരമാൎത്ഥ ഹൃദയത്തോടെ കൈക്കൊണ്ടിട്ടുള്ള എല്ലാവൎക്കും ചെയ്തിട്ടുള്ള കാൎയ്യം മാത്രം ഇവിടെ ചുരുക്കി പറഞ്ഞുകൊള്ളട്ടെ."

മ. കൊള്ളാം, അതു ബഹു വിശേഷമായ പ്രസ്താവന തന്നേ.

പ. അതേ; അദ്ദേഹം തന്റെ പാപാവസ്ഥയെയും, ദൈവത്തിന്റെ പരിശുദ്ധാവസ്ഥയെയും വൎണ്ണിച്ച ശേഷം പറയുന്നതു: "ക്രിസ്തുമതം എന്റെ മാനസാന്തരത്തിന്നും

(1) "ഞങ്ങൾ" എന്നതു താനും തന്റെ ഭാൎയ്യയും തന്റെ രണ്ടു പെൺമക്കളും

പാപക്ഷമെക്കും പരിശുദ്ധ ദൈവത്തോടു ഞാൻ നിരന്നുകൊള്ളുന്നതിന്നും ഒരു വഴിയെ തുറന്നു കാട്ടുന്നു. അതു, ഏററവും ഉയൎന്ന ആത്മികവും സന്മാൎഗ്ഗികവുമായ ഒരു അടിസ്ഥാനത്തിന്മേൽ എന്നെ ശ്രേഷ്ഠമായി നിറുത്തുന്നു. അതു, ഈ ലോകത്തിന്നു തരുവാൻ കഴിയാത്ത ആശ്വാസ സമാധാനങ്ങളെയും ഹൃദയസന്തോഷങ്ങളെയും നല്കുന്നു. അതു രക്ഷാനിൎണ്ണയത്തെ തരുന്നു. ബൈബിളിൽ കാണുന്ന ദിവ്യ വാഗ്ദത്തങ്ങൾ ഒക്കെയും നിശ്ചയമായി നിവൃത്തിക്കപ്പെടുമെന്നും, കൎത്താവും രക്ഷിതാവുമായ യേശുവിന്റെ കൃപ മൂലം മററുള്ള ദൈവമക്കളോടു കൂടെ ഞാനും ദൈവരാജ്യത്തിലേക്കു പ്രവേശിക്കുമെന്നും ഞാൻ അറിയുന്നു. ഇതു ദുരഭിമാനമായ ഒരു ഉദ്ദേശം മാത്രം എന്നു ഹിന്തുജനങ്ങൾക്കു തോന്നിപ്പോയേക്കാം. എന്നാൽ അങ്ങനെയല്ല; ദൈവവചനം അപ്രകാരം പറയുന്നു, അതു ഞാൻ വിശ്വസിക്കയും ചെയ്യുന്നു. എന്നെ പോലെ തന്നേ എന്റെ ഭാൎയ്യയും മക്കളും ഭാഗ്യശാലികളായും ക്രിസ്തുമത സ്വീകാരം മൂലം ലേശംപോലും ക്ലേശമില്ലാത്തവരായും ഇരിക്കുന്നു എന്നു ഞാൻ സന്തോഷത്തോടെ അറിയിക്കുന്നു. വൎഷന്തോറും ഞങ്ങൾ കൎത്താവായ യേശുവിനോടു അധികമധികം അടുക്കുന്നു. ഞങ്ങളിൽ ഒരു യോഗ്യതയുമില്ല; എന്നാൽ ഉള്ളതൊക്കെയും തന്റെ വിശുദ്ധാത്മ കടാക്ഷം മൂലം മാത്രമുള്ളതാകുന്നു. ക്രിസ്തുമതത്തിന്റെ രക്ഷാശക്തി മൂലം ഞാൻ എന്റെ വിചാരങ്ങളെയും പ്രവൃത്തികളെയും പരീക്ഷകളെയും കീഴമൎത്തി ജയിപ്പാൻ പ്രാപ്തനായി തീരുന്നു. ക്രിസ്തുമത ശക്തിയെ എന്റെ രഹസ്യവും പരസ്യവുമായ ജീവിതത്തിലും മററുള്ളവരോടുള്ള എന്റെ പെരുമാററങ്ങളിലും ഞാൻ അറികയും ചെയ്യുന്നു."

മ. ഹാ, ക്രിസ്തുമതം ഇത്ര വിലയേറിയതും വാഴ്ത്തപ്പെട്ടതും ആണെല്ലോ! അതിന്റെ രക്ഷാശക്തി എത്ര ആശ്ചൎയ്യമുള്ളതു!

പ. അതേ, ആ ഭക്തനായ ക്രിസ്ത്യാനിയുടെ സാക്ഷീകരണം അതിനെ തെളിയിക്കുന്നുവല്ലോ.

മ. സംശയമില്ല.

പ. മിസ്റ്റർ കതിൎവ്വേൽ നായനാർ പിന്നെയും പറയുന്നതു: "ക്രിസ്തുമതത്തിലേ മുഖ്യ വിഷയങ്ങളായ ദൈവഭയം, ദൈവസ്നേഹം, ഭയങ്കരമായ പാപശിക്ഷ, മാനസാന്തരത്തിന്നും പാപക്ഷമെക്കുമുള്ള മാൎഗ്ഗം, സൌജന്യമായ ര

ക്ഷ, നിത്യജീവ ദാനം ഇവയെല്ലാം മനുഷ്യൻെറ ഹൃദയത്തെ പുതുക്കി അവൻെറ ജീവിതത്തെ നവീകരിക്കുന്നതിലേക്കു സാധാരണ ചായ്വുള്ളതായിരിക്കും. ഒരു സത്യ ക്രിസ്ത്യാനി എപ്പോഴും നല്ലവനായിരിക്കയല്ലാതെ മറിച്ചാവാൻ പാടില്ല. ക്രിസ്ത്യാനികളുടെ ആലയങ്ങളിലും ഹിന്തുക്ഷേത്രങ്ങളിലും നടത്തി വരുന്ന ആരാധനക്രമങ്ങളെ കൂടെ അല്പം ആലോചിച്ചു സുകൃത ജീവിതത്തിന്നു അധികം ഉപയോഗമായിരിക്കുന്നതു ഏതെന്നു നിങ്ങൾ തന്നേ വിധിപ്പിൻ. ക്രിസ്തുമതം, എൻെറ രാജ്യത്തിൻെറയും അതിലേ നിവാസികളുടെയും സാക്ഷാൽ നന്മെക്കായി ഞാൻ കരുതലോടും അതിശ്രദ്ധാന്തിയോടും കൂടെ പ്രയത്നിപ്പാൻ എന്നെ ഉത്സാഹിപ്പിക്കുന്നതായും ഇരിക്കുന്നു. ഞാൻ പലപ്പോഴും നമ്മുടെ ഇടയിലുള്ള അനേകം വിധവമാരുടെ ജീവകാല ദുരിതങ്ങളെയും, നിന്ദ്യന്മാരായി വിചാരിച്ചു വരുന്ന താണ ജാതികളുടെ നിർഭാഗ്യാവസ്ഥയെയും, ഹിന്തുമതത്തിന്നു നമ്മുടെ പാപസ്വഭാവത്തെ മാററുവാനുള്ള ശക്തിയില്ലായ്മയെയും, ജാതിഭേദംകൊണ്ടും ബ്രാഹ്മണാചാരങ്ങൾകൊണ്ടും ജാതികളുടെ ഇടയിൽ ഉണ്ടായിരിക്കുന്ന അസംഖ്യമായ ദോഷങ്ങളെയും, ഹിന്തുആലയങ്ങളിൽ ദാസിയാട്ടം മൂലം ഉണ്ടാകുന്ന മഹാ വെറുപ്പുകളെയും, ഈ വക കായ്യാദികളിൽ പൊതുജനങ്ങളുടെ ബുദ്ധിക്കുള്ള ഉന്മേഷക്കുറവിനെയും മററും ഓൎത്തോൎത്തു വ്യസനിക്കുന്നു."

മ. മിസ്റ്റർ കതിരേച്ചൽ നായനാർ നല്ല ആലോചനബുദ്ധിയുള്ള മനുഷ്യനാണെന്നു ഞാൻ നന്നായി കാണുന്നു.

പ. അതേ; അദ്ദേഹം ഇനി ക്രിസ്തുവിൻെറ മതത്തെ കുറിച്ചു പറവാൻ പോകുന്ന കായ്യങ്ങളെ ഉററു ശ്രദ്ധിച്ചാലും.

മ. കൊള്ളാം, അങ്ങനെയാകട്ടെ.

പ. അദ്ദേഹം പറയുന്നതു: "ക്രിസ്തീയ ഉപദേശങ്ങൾ ഒക്കെയും നമ്മുടെ ആവശ്യത്തിന്നു ഒത്തവണ്ണമുള്ളതാകുന്നു. സത്യത്തെ അറിവാൻ ആഗ്രഹിക്കുന്ന തിരക്കക്കാരൻെറ ആവശ്യങ്ങളെ എല്ലാം അതു സാധിച്ചു കൊടുക്കുന്നു. സവ്വശക്തനും സവ്വജ്ഞനും ജീവനുള്ളവനുമായ ഒരു ദൈവമൂൎത്തി ഉണ്ടെന്നും, ഈ ലോകം വാസ്തവമായി സ്ഥിതിചെയ്യുന്നു എന്നും, മനുഷ്യൻ സ്വതന്ത്രചിത്തനാകുന്നു എന്നും, മനുഷ്യനിൽ ആത്മാവും മനസ്സാക്ഷിയും ഉണ്ടെന്നും, പാപം ദുഷ്ട

ൎമമത്രെ എന്നും, അതിൽനിന്നു വിടുതൽ കിട്ടേണ്ടതു മനുഷ്യ ന്റെ ആവശ്യമാകുന്നു എന്നും, ഈ അല്പായുസ്സു ഒരു ഒരുക്ക സമയം മാത്രമാകുന്നു എന്നും, മരണം നിശ്ചയ കാൎയ്യമെന്നും, മനുഷ്യന്റെ അറിവു തികവുള്ളതല്ലെന്നും ഇങ്ങനെയുള്ള കാ ൎയ്യങ്ങൾ ഞാൻ അവലംബിച്ചിരിക്കുന്ന മതത്തിൽ സ്പഷ്ടമാ യി പറയുന്ന ചില സത്യങ്ങളാകുന്നു; ആ സത്യങ്ങളെ നി സ്സാരമാക്കുവാൻ ഞാൻ വിചാരിക്കുന്നതുമില്ല. അവയെല്ലാം എനിക്കു തെളിവും തൃപ്തികരവുമായ സംഗതികളത്രെ. ക്രി സ്തുമതം, എന്റെ അഭിപ്രായപ്രകാരം, ഇങ്ങനെയുള്ള തെ ളിവായ സംഗതികളിന്മേൽ അത്രെ നില്ക്കുന്നതു. മേല്പറഞ്ഞ സത്യങ്ങളെ സമ്മതിക്കുന്ന പക്ഷം, കൎത്താവായ യേശുവി ന്റെ അവതാരത്തിന്റെ ആവശ്യം, അവന്റെ ജീവിതം, ഉപദേശം, മരണബലി, പുനരുത്ഥാനം, താൻ മൂലമുള്ള ര ക്ഷയുടെ സ്വഭാവം, തന്റെ ശിഷ്യന്മാരിൽ ഉണ്ടായിരുന്ന വിശുദ്ധാത്മ ശക്തി, വിശ്വാസം, പ്രവൃത്തി, സഭാസ്ഥാപ നം ഇത്യാദി വിഷയങ്ങൾ ഒന്നും ഗ്രഹിപ്പാൻ പ്രയാസമി ല്ല. ക്രിസ്തുവിനെ പരമാൎത്ഥമായി അനുഗമിക്കുന്ന ഒരാളി ന്റെയോ ജാതിയുടെയോ സന്മാൎഗ്ഗികവും ആത്മികവുമായ സ്വഭാവങ്ങളെ ക്രിസ്തുമതം ഉയൎത്തുന്നതു നമ്മുടെ സ്വന്ത ക ണ്ണുകൾകൊണ്ടു നാം കാണുന്നുവല്ലോ. ക്രിസ്തുമതം എല്ലാ പ രിഷ്കാര ജാതികളുടെയും തണ്ടെല്ലാകുന്നു എന്നു പറയാം. അ തു മനുഷ്യവൎഗ്ഗത്തിന്റെ നന്മെക്കായുള്ള പരോപകാര പ്രവൃ ത്തിയിലേക്കു നമ്മുടെ മനസ്സിനെ ഉയൎത്തി കൊണ്ടുവരുന്നു. ബൈബിളിൽ അടങ്ങിയിരിക്കുന്ന ഉപഗ്രന്ഥങ്ങൾ വെറും കെട്ടുകഥകളോ, അവയിൽ പറയുന്ന ചരിത്രങ്ങൾ കബന്ധ ങ്ങളോ അല്ല: അതിലുള്ള സംഗതികൾ ഒക്കെയും പരമാൎത്ഥി കളായ മനുഷ്യരാൽ എഴുതപ്പെട്ടിരിക്കുന്ന നിഷ്കപട സത്യ ങ്ങൾ മാത്രമാകുന്നു."

മ. മിസ്റ്റർ കതിവ്വേൽ തന്റെ പൂൎണ്ണ മനോബോധപ്ര കാരം പറയുന്ന ആ കാൎയ്യങ്ങളെല്ലാം ഞാൻ സംശയമെന്നി യേ വിശ്വസിക്കുന്നു.

പ. അതേ, ഞാനും അങ്ങനെ തന്നേ വിചാരിക്കു ന്നു. പിന്നെയും താൻ പറയുന്നതു: "എന്റെ പ്രിയ സ്വ ദേശികളേ, നാം അനേകം ക്രിസ്തീയ ഉദ്യോഗസ്ഥന്മാരോടു അടുത്തു പെരുമാറുകയും അവരുടെ അഭിപ്രായങ്ങളെയും പ്രവൃത്തികളെയും സൂക്ഷിച്ചു നോക്കുകയും ചെയ്യുന്നുവ

ല്ലോ. അവരുടെ അഭിപ്രായങ്ങളിൽ ചിലതു നാം മനസ്സിലാക്കിക്കൊണ്ടു നമ്മുടെ പഴയ മൂഢാചാരങ്ങളിൽ ചിലതിനെ നാം വിട്ടുകളയുന്നു. ഈ കഴിഞ്ഞ നൂററാണ്ടിൽ വിദ്യാഭ്യാസമുള്ള ഹിന്തുക്കളുടെ ഇടയിൽ എത്ര വലിയ മാററങ്ങൾ സംഭവിച്ചിരിക്കുന്നു! നമ്മുടെ പൂൎവ്വികന്മാർ വിശ്വസിച്ചിരുന്നവ എല്ലാം അവർ വിശ്വസിക്കുന്നുണ്ടോ? നമ്മുടെ ഇടയിൽ ഉള്ള സമൂഹ സംഘങ്ങളുടെയും, ആൎയ്യസമാജം, ബ്രഹ്മസമാജം എന്നിവയുടെയും, തിയോസോഫി സമൂഹങ്ങളുടെയും, എല്ലാ ജാതികൾക്കും കൂടിവരാകുന്ന പൊതുയോഗങ്ങളുടെയും, വിധവശാലകളുടെയും ആന്തരികമായ അപ്രത്യക്ഷ കാരണം എന്തായിരിക്കാം? ഹിന്തുമത നവീകരണത്തിന്റെയും സാമൂഹ്യ സംസ്കാരങ്ങളുടെയും ആവശ്യം എന്താണ്? ഈ രാജ്യനിവാസികൾക്കു തങ്ങളുടെ പൂൎവ്വികന്മാരുടെ ഹിന്തുമതത്തിൽ തൃപ്തിയില്ല എന്നല്ലയോ ഈ മാററങ്ങളുടെ താല്പൎയ്യം? ഇങ്ങനെയുള്ള മാററങ്ങൾക്കു ഹേതുഭൂതമായിരിക്കുന്ന കാൎയ്യവും എന്താണ്? അതു ക്രിസ്തുമതം എന്നല്ലാതെ വെറും വിദ്യാഭ്യാസമോ പരിഷ്കാരമോ ഒന്നുമല്ല താനും.”

മ. മിസ്റ്റർ കതിവേൽ നായനാർ പറഞ്ഞ ആ കാൎയ്യമെല്ലാം പൂൎണ്ണ സത്യമത്രെ. സത്യത്തെ വെളിപ്പെടുത്തുന്നതിൽ താല്പൎയ്യ സഹിതമായ തന്റെ പരമാൎത്ഥ ശീലത്തെ ഞാൻ അത്യന്തം ശ്ലാഘിക്കുന്നു.

പ. അതേ, അദ്ദേഹം പിന്നെയും പ്രസ്താവിക്കുന്നതു: എന്റെ പ്രിയ സ്വരാജ്യനിവാസികളേ, ഈ സാരമേറിയ മാററങ്ങളെ കുറിച്ചു, പൊതുവിൽ നമ്മുടെ ജാതിയുടെ ആകപ്പാടെയുള്ള ആലോചനെക്കു സമയം മിക്കവാറും കടന്നുപോയിരിക്കുന്നില്ലയോ? നിങ്ങൾക്കു നിങ്ങളുടെ സ്വന്ത നാട്ടുകാരോടുള്ള ചുമതലയെ മറന്നുകളയരുതേ. മതവിഷയങ്ങളിന്മേൽ അവൎക്കുണ്ടായിരിക്കുന്ന അമ്പരപ്പിനെ തീൎപ്പാൻ നോക്കുവിൻ. നമ്മിൽ ഓരോരുത്തൎക്കും ഓരോപ്രകാരമുള്ള പ്രവൃത്തിയുള്ളതിനാൽ ഈ വക കാൎയ്യങ്ങളിലേക്കു ക്രമവും കൃത്യവുമായ അന്വേഷണത്തിന്നു മതിയായ സമയം ഇല്ലാതിരിക്കാം. അതുകൊണ്ടു നമ്മുടെ ഇടയിൽ മുഖ്യന്മാരായവർ ഏതാനും ദൈവഭക്തന്മാരായ ആളുകളെ തിരഞ്ഞെടുത്തു അവരെക്കൊണ്ടു മതസംബന്ധമായ കാൎയ്യങ്ങളിലേക്കു അന്വേഷണം ചെയ്യിക്കട്ടെ. അവർ ബൈബിളിനെ നല്ലവണ്ണം പരിശോധിച്ചു, അതിൽ സിദ്ധാന്തിക്കുന്ന സംഗതികൾ ആവശ്യമു

ള്ളതോ എന്നു പൊതുജനങ്ങളുടെ മുമ്പാകെ വെക്കയും, അതിനെ കുറിച്ചു അവർ തങ്ങളുടെ നിഷ്പക്ഷമായ അഭിപ്രായങ്ങൾ പ്രസ്താവിക്കയും ചെയ്യട്ടെ.

മ. ഹാ, മിസ്റ്റർ കതിർവ്വേലിനെ പോലെ ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ പകുതി പേരെങ്കിലും ക്രിസ്തുവിന്റെ പേൎക്കായി എരിവും സ്നേഹവും ഉണ്ടായിരുന്നെങ്കിൽ ലോകം എത്ര ക്ഷണംകൊണ്ടു സുവിശേഷീക്കപ്പെടാമായിരുന്നു!

പ. അതിന്നു സംശയമില്ല. മിസ്റ്റർ കതിർവ്വേൽ നായനാരും മിസ്റ്റർ ആദിനാരായണയ്യരും തങ്ങളുടെ സ്വരാജ്യക്കാരുടെ ഇടയിൽ ശോഭയേറിയ വെളിച്ചങ്ങളായി വിളങ്ങിവരുന്നു എന്നു വിശ്വസിക്കത്തക്ക പലരിൽ നിന്നും ഞാൻ കേട്ടിരിക്കുന്നു.

മ. അതു ഞാൻ വിശ്വസിക്കുന്നു. മിസ്റ്റർ കതിർവ്വേൽ തന്റെ സാക്ഷീകരണത്തിൽ, പിന്നെ എന്തെങ്കിലും പ്രസ്താവിച്ചുവോ?

പ. ഉവ്വ്, ബൈബിളിനെ പരിശോധിച്ചറിയേണ്ടുന്ന മുഖ്യ ആവശ്യത്തെ സംബന്ധിച്ചു താൻ പറഞ്ഞതു: "നാഷ്യനൽ കൊൺഗ്രസ്സിലേയും (**National Congress**) സോഷ്യൽ കൊൻഫെറൻസിലേയും (**Social Conference**) അംഗങ്ങൾ ഈ കാൎയ്യത്തിൽ അതിതാല്പൎയ്യം ചെയ്തു ആലോചനയോടെ പ്രവൎത്തിപ്പാൻ അപേക്ഷിക്കുന്നു. സത്യത്തിന്നായി താല്പൎയ്യത്തോടെ അന്വേഷണം ചെയ്വിൻ; എരിവോടും ഉത്സാഹത്തോടും കൂടെ പ്രവൎത്തിപ്പിൻ. ദൈവസഹായംകൊണ്ടു അവൻ നിങ്ങൾക്കു സത്യമതത്തെ കാട്ടിത്തരും(1) എന്നു എനിക്കു നിശ്ചയമുണ്ടു. ക്രിസ്തുമതം ദൈവത്തിൽനിന്നാകുന്നുവെങ്കിൽ അതിനോടു എതിൎപ്പാൻ ആൎക്കും കഴികയില്ല.(2) അതു ദൈവത്തിൽ നിന്നു അല്ലായിരുന്നുവെങ്കിൽ, അഥവാ, ബൈബിൾ ഒരു വെറും കബന്ധം മാത്രം ആയിരുന്നുവെങ്കിൽ അതു ഇതിന്നു പണ്ടേ തന്നേ പുകഞ്ഞു പോകുമായിരുന്നു. എന്നാലോ ക്രിസ്തുമതം ദൈവത്തിൽനിന്നു ഉളവായി എന്നു എനിക്കു പൂൎണ്ണമായി ബോധപ്പെട്ടിരിക്കുന്നു; നിങ്ങൾ അതിലേക്കു ഗൌരവമായി ശ്രദ്ധ വെക്കേണമെന്നു യാചിക്കയും ചെയ്യുന്നു."

(1) ലോകത്തിൽ ഉള്ള നാലു മുഖ്യ മതങ്ങൾ ക്രിസ്തുമതം, ഹിന്തുമതം, ബുദ്ധമതം, മുഹമ്മദു മതം ഇവയാകുന്നു. "സൽഗുരുലാഭം" എന്ന പുസ്തകം വായിച്ചു നോക്കുക.

(2) അപ്പൊ. പ്ര. ൫. ൩൯.

മ. കൊള്ളാം, മിസ്റ്റർ കതിവേച്ചൽ നായന്മാരുടെ സാക്ഷീകരണം ഹിന്തുക്കൾക്കും മുസല്മാനക്കും വളരെ വിലയേറിയതായിരിക്കുന്നു. മനുഷ്യൎക്കു ഇഹലോകത്തിന്നും പരലോകത്തിന്നും ക്രിസ്തുമതം തന്നേ ആവശ്യമെന്നു ഞാനും തെളിവായി കാണുന്നു.

പ. ശരി തന്നേ; ഭക്തനായ ആ ക്രിസ്തുദാസന്റെ എരിവേറിയ വചനങ്ങളിൽ നിന്നു വേറെ വല്ലതും കാണുന്നുവോ?

മ. ഉവ്വു; ഹിന്തുക്കൾക്കോ മുസല്മാനൎക്കോ ക്രിസ്തുമതത്തെ അംഗീകരിക്കുന്നതിൽ ഭയപ്പെട്ടുവാൻ ആവശ്യമില്ല. എന്തെന്നാൽ ഈ പാപലോകത്തിൽ വെച്ചു അനേകം പരീക്ഷകളും പ്രയാസങ്ങളും ഒരു സത്യ ക്രിസ്ത്യാനിക്കു നേരിട്ടാലും അവൻ സാക്ഷാൽ ഭാഗ്യവാനായിരിക്കുന്നുവല്ലോ.

പ. നിങ്ങൾ അതു മനസ്സിലാക്കിയതിൽ വെച്ചു ഞാൻ സന്തോഷിക്കുന്നു; എന്തെന്നാൽ വിശു. പത്രോസു സത്യവിശ്വാസികളെ കുറിച്ചു പറയുന്നതു, “ആത്മാക്കളുടെ രക്ഷയാകുന്ന നിങ്ങളുടെ വിശ്വാസത്തിന്റെ അന്തത്തെ പ്രാപിക്കുന്നവരായി, പറഞ്ഞു തീരാത്തതും മഹിമപ്പെട്ടതുമായ സന്തോഷത്തോടെ നിങ്ങൾ ആനന്ദിക്കുന്നു” എന്നല്ലോ (൧ പത്രോ. ൧. ൮, ൯). (1)

മ. ഉവ്വു, ആ വിലയേറിയ വചനം ഞാൻ ഓൎക്കുന്നു.

പ. കൊള്ളാം; ഒരു സത്യ ക്രിസ്ത്യാനിയായി ജീവിക്കുന്നതിനാൽ ഉണ്ടാകുന്ന വൎണ്ണിപ്പാൻ കഴിയാത്ത ഭാഗ്യത്തെ കുറിച്ചു ഞാൻ അല്പം പറയുന്നതു ശ്രദ്ധിച്ചു കേൾക്കുമല്ലോ.

മ. ഉവ്വു; അതിന്നുള്ള കാരണങ്ങളിൽ ചിലതു പറയാമോ?

പ. പറയാം: ഒരു സത്യ ക്രിസ്ത്യാനിക്കു ദൈവം അവന്റെ പിതാവും വഴികാട്ടിയും പരിപാലകനും ആയിട്ടു ഉണ്ടു (യോഹ. ൨൦. ൧൭); കൎത്താവായ യേശു അവന്റെ മൂത്ത സഹോദരനും വീണ്ടെടുപ്പുകാരനും മദ്ധ്യസ്ഥനും ആയിട്ടു ഉണ്ടു (എബ്രാ. ൭. ൨൫); വിശുദ്ധാത്മാവു അവനെ ശുദ്ധീകരിക്കുന്നവനും സഹായിക്കുന്നവനും ആശ്വസിപ്പിക്കുന്നവനും,

(1) താഴെ പറയുന്ന ഭാഗങ്ങൾ വായിച്ചു നോക്കുക: മത്താ. ൨൫ അ.; ൧ കോരി. ൧൫ അ.; വെളി. ൨൨ അ.; മത്താ. ൫ മുതൽ ൭ വരെയുള്ള അദ്ധ്യായങ്ങൾ.

ആയിട്ടും ഉണ്ടു (യോഹ. ൧൪. ൩); സ്വൎഗ്ഗം അവൻെറ ഭവനം, അവിടെ സന്തോഷ പരിപൂൎണ്ണതയും എന്നേക്കുമുള്ള പ്രമോദങ്ങളും ഉണ്ടു (സങ്കീ. ൧൬. ൧൧). എന്നു മാത്രമല്ല, പലതരം പരിക്ഷകളും ഉപദ്രവങ്ങളുമുള്ള ഈ പാപലോകത്തിൽ വെച്ചു തന്നേ ദൈവം തൻെറ വിചാരണമൂലം സകല കാൎയ്യങ്ങളെയും അവൻെറ വലിയ നന്മെക്കായിട്ടു നടത്തുമെന്നു അവൻ അറിയുന്നു (റോമ. ൮. ൨൮). അവൻെറ ജീവൻ ഇവിടെ അവസാനിക്കുമ്പോൾ, അവൻെറ രക്ഷിതാവു മരണ താഴ്വരയിൽ അവനോടു കൂടെ ഇരിക്കുമെന്നും (സങ്കീ. ൨൩. ൪), വിശുദ്ധ ദൂതന്മാർ അവൻെറ ആനന്ദമുള്ള ആത്മാവിനെ തങ്ങളുടെ കൈകളിൽ ഏന്തി പറദീസയിലേക്കു കൊണ്ടു പോകുമെന്നും (ലൂക്കോ. ൧൬. ൪൨), അവിടെ അവൻ സന്തോഷ ഭാഗ്യങ്ങൾ അനുഭവിക്കുമെന്നും അവൻ അറിയുന്നു.

മ. ഹാ, എത്ര ആനന്ദകരമായ സംഗതി! ഒരു ക്രിസ്ത്യാനിയല്ലാതെ ലോകത്തിൽവെച്ചു മഹാ ഭാഗ്യവാൻ വേറെ ആരു?

പ. അതേ, സാക്ഷാൽ ഭാഗ്യവാൻ അവൻ തന്നേ. എന്തെന്നാൽ അവൻ ജീവിക്കുന്നതു തൻെറ സ്വൎഗ്ഗസ്ഥ പിതാവിൻെറ പ്രസാദകരമായ മുഖ ദൎശനത്തിൻ കീഴാകുന്നുവല്ലോ. അവന്നു ഇവിടെ എങ്കിലും ഇനിമേലാൽ എങ്കിലും ഭയപ്പെടുവാൻ ഒന്നുമില്ല.

മ. അതു ഏററവും മഹത്തായ കാൎയ്യം തന്നേ. അതിനെ അനുഭവമാക്കുവാൻ മിസ്ററർ കതിർവേലിനെ പോലെ ഞാനും ശ്രമിക്കേണ്ടതു ആവശ്യമല്ലോ.

പ. അതേ, നിങ്ങൾ മാത്രമല്ല, നിങ്ങളുടെ സ്വരാജ്യക്കാരായ അനേകം ഹിന്തുക്കളും മുസല്മാനരും കൂടെ എന്നു എൻെറ ആഗ്രഹം.

മ. എൻെറ താല്പൎയ്യവും അതു തന്നേയാകുന്നു.

പ. കൊള്ളാം, നാം ഇപ്പോൾ നിരീശ്വരത്വം, സത്യവിശ്വാസ നിഷേധം, ക്രിസ്തുമത വിശ്വാസം എന്നീ സംഗതികളെകുറിച്ചു ചുരുക്കത്തിൽ സംഭാഷിച്ചുവല്ലോ. അവസാനമായി, അവയുടെ സ്വഭാവം നമുക്കു ഇപ്പോൾ സംക്ഷേപിച്ചു നോക്കാം. "അവസാനം നന്നായാൽ എല്ലാം നന്നായി" എന്നൊരു ചൊല്ലുണ്ടല്ലോ.

മ. ഉവ്വ്, അതു എനിക്കും ബോധമുണ്ടു. മതവിഷയ

ങ്ങുടെ അവസാനം പ്രത്യേകിച്ചു നന്നായിരിക്കെണം; അതു മുഖ്യമായ കാൎയ്യമാണ്.

പ. അതേ, സംശയമില്ല. അതുകൊണ്ടു നമുക്കു ഒരു നാസ്തികന്റെ അല്ലെങ്കിൽ ഒരു നിൎവ്വിശ്വാസിയുടെ മരണവും ഒരു സത്യക്രിസ്ത്യാനിയുടെ മരണവും തമ്മിലുള്ള വ്യത്യാസം എന്തെന്നു നോക്കാം.

മ. കൊള്ളാം; അതാകുന്നു ഞാനും അറിവാൻ ആഗ്രഹിക്കുന്ന കാൎയ്യം. ജന്മാന്തരോപദേശത്തെ കുറിച്ചു എനിക്കു വിശ്വാസമില്ലായ്കയാൽ മരണാനന്തരം സംഭവിപ്പാനിരിക്കുന്ന കാൎയ്യങ്ങളെ ഓൎക്കുമ്പോൾ, മനുഷ്യന്റെ മരണം ഏററവും സാരമേറിയ കാൎയ്യമായിട്ടു ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ മരണദൂതന്റെ വരവിങ്കൽ ലയിച്ചുപോകുന്ന മതവിഷയങ്ങൾ ഒന്നും മനുഷ്യാത്മാവിന്റെ ആവശ്യങ്ങൾക്കു ഉതകുന്നവയല്ലല്ലോ. മരണകാലവും എപ്പോഴെന്നു അറിയായ്കയാൽ സത്യവിശ്വാസത്തിലേക്കു വന്നെത്തുവാൻ ബദ്ധപ്പെടേണ്ടതും അത്യാവശ്യമത്രെ.

പ. ശരി, ശരി; ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരമില്ലല്ലോ. അതുകൊണ്ടു ഓരോരുത്തൻ, "ഈ അല്പായുസ്സിന്റെ ശേഷം എനിക്കു സംഭവിപ്പാൻ പോകുന്നതെന്തു?" എന്നു ഭയഭക്തിയോടെ തന്നോടു തന്നേ ചോദിക്കേണ്ടതു ആവശ്യമാകുന്നു. "മരണശേഷം എന്തു?" ഇതു ഏവരും ഭയഭക്തിയോടെ ചോദിക്കേണ്ടുന്ന ചോദ്യമാകുന്നു· എന്തെന്നാൽ സൎവ്വശക്തനായ ദൈവം പറയുന്നതു, "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യൎക്കു വെച്ചിരിക്കുന്നു" എന്നത്രെ (എബ്രാ. ൯. ൨൭).

മ. ക്രിസ്തുയേശുവിന്റെ ന്യായാസനത്തിന്നു മുമ്പാകെ സകല ജാതികളും നില്ക്കേണ്ടുന്നതായ ആ മഹാ ദിവസത്തെ കുറിച്ചല്ലയോ അവിടെ പറയുന്നതു?

പ. അതേ, പുസ്തകങ്ങൾ തുറക്കപ്പെടുന്നതായ ആ ഭയങ്കര നാളിനെ കുറിച്ചു തന്നേ; അന്നു ഓരോരുത്തൻ അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പ്രാപിക്കയും ചെയ്യും.

മ. ഹാ;· എത്ര വലിയ ഭയങ്കര നാൾ! ആ മഹാ ദിവസത്തെ കുറിച്ചു തിരുവെഴുത്തുകളിൽനിന്നു ഞാൻ വായിച്ചറിഞ്ഞിരിക്കുന്നു.

പ. കൊള്ളാം; നാം ആലോചിപ്പാൻ തുടങ്ങിയ സംഗതിയെ കുറിച്ചു നോക്കാം. വാക്കുകൾ മനസ്സിന്റെ വിചാര

ങ്ങളെ കാട്ടുന്ന അടയാളങ്ങൾ ആകുന്നുവല്ലോ. സംസാരിക്കുന്ന ആളിന്റെ ഹൃദയം എങ്ങനെയുള്ളതാകുന്നു എന്നല്ലയോ അവ കാണിക്കുന്നതു?

മ. അതേ, അങ്ങിനെ തന്നേ.

പ. ആകട്ടെ; വോൽട്ടയർ, നിൎവ്വിശ്വാസികളുടെ രാജാവു എന്നു പറയപ്പെടുന്നു. മതവിഷയങ്ങളിൽ അവന്റെ പ്രബന്ധങ്ങൾ മൂലം ഉണ്ടായിട്ടുള്ള ദോഷം പോലെ വേറെ ആരുടേതു മൂലവും ഉണ്ടായിട്ടില്ല. ബൈബിളിനെയും ക്രിസ്തുമതത്തെയും നശിപ്പിക്കേണമെന്നായിരുന്നു അവന്റെ മുഖ്യ ആഗ്രഹം. ഒരു പ്രാപ്തനായ ഗ്രന്ഥകൎത്താവു പറയുന്നതു: തന്റെ സ്വജാതികളുടെ ഇടയിൽ വന്ദിതനും, ആലോചനയിലും കൌശലബുദ്ധിയിലും മുഖ്യനുമായിരുന്ന വോൽട്ടയർ അവന്റെ മരണക്കിടക്കയിൽ വെച്ചു പറഞ്ഞതു, 'എല്ലാ ജന്തുക്കളിലുമുള്ള അരിഷ്ടതകൾ ഒന്നായി കൂട്ടിച്ചേൎത്താലും, മനുഷ്യാരിഷ്ടത അതിനേക്കാൾ ഒക്കെയും അധികം കടന്നു നില്ക്കുന്നു' എന്നത്രെ.

മ. അതു ബഹു സാരമേറിയതും ക്ലേശിക്കത്തക്കതുമായ വാക്കുകളാകയാൽ ഓൎമ്മയിൽ വെക്കേണ്ടതു തന്നേയാണ്.

പ. അതേ, അവന്റെ മരണ വൃത്താന്തം കേട്ടാൽ കല്ലും കൂടെ ഉരുകുമെന്നു തോന്നിപ്പോകും. മരണക്കിടക്കയിൽ വെച്ചു അവന്റെ നിൎവ്വിശ്വാസമെല്ലാം ആകപ്പാടെ ഇളകിപ്പോയി എന്നു അവന്റെ സ്വന്ത വാക്കുകളിൽനിന്നു തന്നേ കാണാം. മരണ ഭയങ്കരങ്ങൾ അവനെ പിടികൂടിയതിനാൽ അവൻ തന്റെ മുറിയിൽ ഒരു നിമിഷമെങ്കിലും ഏകനായി കിടപ്പാൻ ഭയപ്പെട്ടു. താൻ മരിക്കുംമുമ്പെ തന്നേ പിശാചു അവനെ എടുത്തുകൊണ്ടു പൊയ്ക്കളയും എന്നു അവൻ പരിഭ്രമിച്ചു. അവൻ ക്രിസ്തുമത ത്യാഗികളുടെയും പരിഹാസികളുടെയും പ്രഭുവായിരുന്നിട്ടും താൻ ഒരിക്കൽ പോലും പുതിയനിയമ പുസ്തകത്തെ നല്ലവണ്ണം വായിച്ചുനോക്കീട്ടില്ലെന്നു ഡോക്ടർ ബി. ജോൺസനോടു (**Dr. B. Johnson**) പറകയുണ്ടായി. കൎത്താവായ യേശുവിനെയും തന്റെ വിശുദ്ധമതത്തെയും വോൽട്ടയറിനെ പോലെ പകെക്കയും നിന്ദിക്കയും ചെയ്തിട്ടുള്ള ഒരു നിൎവ്വിശ്വാസി വേറെ ഉണ്ടായിട്ടില്ല. ഡോക്ടർ പീയൎസൻ (**Dr. Pierson**) പറയുന്നതു, കൎത്താവായ യേശുവിനെ കുറിച്ചു സദാ അവനുള്ള അടയാളവാക്കു, "ആ

ഹീനനെ ഒട്ടക്കുക" എന്നായിരുന്നു. എന്നിട്ടും തൻെറ മരണ സമയം അവൻ ക്രിസ്തുവിൻെറ നാമത്തിൽ സഹായത്തിന്നായി നിലവിളിച്ചു; എന്നാലോ, ആ നിലവിളി വെറും നിരാശയോടു കൂടിയതായിരുന്നു. സൎവ്വവിശ്വാസികളുടെയും, ക്രിസ്തുമത ത്യാഗികളുടെയും, മതാക്ഷേപികളുടെയും കൂട്ടത്തിന്മേൽ താൻ ഒരു മുഖ്യനും ധീരനുമായ ദൂഷണക്കാരനായി ൬൦ വൎഷം ജീവിച്ചിരുന്ന ശേഷം, ഒടുവിൽ, അവൻെറ മരണവ്യഥകളും മനഃക്ലേശങ്ങളും ആൎക്കും കണ്ടു സഹിപ്പാൻ കഴിയാത്തവണ്ണമായിരുന്നു. അവ അത്ര ഭയങ്കരമായിരുന്നതിനാൽ മാൎഷൽ(1) ഡി റിഷെലൊ (**Marshal de Richeliew**) എന്ന പ്രാൻസിലേ പട്ടാള സൈന്യാധിപന്മാരുടെ തലവൻ, അത്ര ഭയങ്കരമായ കാഴ്ചയെ തനിക്കു കണ്ടു സഹിച്ചു കൂടായെന്നു പറഞ്ഞുകൊണ്ടു വോൽട്ടയറിൻെറ മരണക്കിടക്കയുടെ അരികെനിന്നു ഓടി പൊയ്ക്കളഞ്ഞു. എം. ട്രോൺഷിൻ (**M. Tronchin**) എന്ന മഹാനും ആ ഭയങ്കര മരണത്തെ കുറിച്ചു സാക്ഷിച്ചിരിക്കുന്നു. മരണ ഭയങ്കരങ്ങളാൽ വിഴുങ്ങപ്പെട്ടു, വരുവാനുള്ള രക്ഷാശിക്ഷകളെ കുറിച്ചുള്ള ഭീതിമൂലം അവൻ തൻെറ വൈദ്യനോടു, "വൈദ്യരേ, നിങ്ങൾ എനിക്കു ആറുമാസത്തേ ആയുസ്സു കൂടെ നീട്ടി തന്നാൽ ഞാൻ നിങ്ങൾക്കു എൻെറ ധനത്തിൽ പകുതിവരെയും തരാം" എന്നു പറഞ്ഞു. വൈദ്യൻ ഉത്തരമായിട്ടു, "അങ്ങുന്നേ, ആറു ആഴ്ച പോലും നിങ്ങൾക്കു ജീവിപ്പാൻ കഴികയില്ലല്ലോ" എന്നു പറഞ്ഞു. വോൽട്ടയർ അതിങ്കൽ, "എന്നാൽ ഞാൻ നരകത്തിലേക്കു പോകുന്നു, നിങ്ങളും എന്നോടു കൂടെ വരികയും ചെയ്യും" എന്നു അലറി നിലവിളിച്ചുംകൊണ്ടു അല്പം സമയത്തിന്നകം പ്രാണനെ വിടുകയും ചെയ്തു.

മ. അയ്യോ, എത്ര ഭയങ്കര മരണം! ഭയങ്കര മരണം!!

പ. അതേ, ഭയങ്കരങ്ങളുടെ രാജാവു അവനെ വിഴുങ്ങിക്കളഞ്ഞു! വോൽട്ടയർ മതവിഷയങ്ങളെ അശേഷം നിന്ദിച്ചു, ദൈവകൃപയുടെ സുവിശേഷത്തെ സാമനസ്സോടെ നിഷേധിച്ചുകളഞ്ഞതിനാൽ അവൻെറ മരണം വളരെ നിരാശയോടു കൂടിയതായിരുന്നു. അവൻ പ്രശംസിച്ചു വന്ന അവൻെറ അവിശ്വാസ ജീവിതം, അവസാന ശത്രുവും ഭ

(1) മാൎഷൽ എന്നതു പ്രാൻസു രാജ്യത്തിൽ ഏററവും ഉയൎന്ന സൈന്യാധിപന്നുള്ള സ്ഥാനപ്പേർ.

യങ്കരങ്ങളുടെ രാജാവുമായ മരണത്തിൻെറ പരിശോധനെ ക്ക നിലനിന്നതുമില്ല. (1)

മ. അതേ, ഞാൻ കാണുന്നു; മരണ സമയം മനുഷ്യ ൻെറ പരീക്ഷാസമയം തന്നേ. അതിനെ കുറിച്ചു എല്ലാ നി രിശ്വരന്മാരും നിർവ്വിശ്വാസികളും അജ്ഞാനസ്തികന്മാരും ഭയ ഭക്തിയോടെ ചിന്തിച്ചുവെങ്കിൽ കൊള്ളായിരുന്നു.

പ. ഹാ, അങ്ങനെ അവർ ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. ഇനി നമുക്ക തോമാസ് പെയിൻ (Tom Paine) എന്ന നിർവ്വിശ്വാസിയുടെ അവസാനം ഒന്നു ചി ന്തിക്കാം. അവനെ കുറിച്ചു നിങ്ങളും അറിയുന്നുണ്ടല്ലോ.

മ. ഉവ്വ്; "യുക്തിയുഗം" (The Age of Reason) എന്നു പേരായ നിർവ്വിശ്വാസ ഗ്രന്ഥം ചമെച്ചവൻ അവന ല്ലയോ?

പ. അതേ, ക്രിസ്തുമതത്തിന്നു എതിരായി അവൻ എഴു തിയ ആ ഗ്രന്ഥം മൂലം വളരെ ദോഷം സംഭവിച്ചു. കുറെ കാലത്തേക്ക ആ പുസ്തകം അച്ചടിക്കപ്പെട്ടിരുന്നില്ല; എന്നാ ൽ ഇപ്പോൾ അതു വീണ്ടും പ്രസിദ്ധം ചെയ്യുവരുന്നു. ലോ കമെങ്ങും നിർവ്വിശ്വാസികൾ അവനെ വലിയ കാൎയ്യമായി എണ്ണിവരുന്നതിനാൽ, അവൻെറ അവസാന സമയവും മ രണവും എങ്ങനെയുള്ളതായിരുന്നു എന്നു എല്ലാവരും അറി ഞ്ഞിരുന്നാൽ നന്നു.

മ. കൊള്ളാം, അവൻെറ അവസാനം എങ്ങനെയായി രുന്നു?

പ. പറയാം: അവൻെറ മരണത്തിന്നു ഏതാനും ദിവ സം മുമ്പെ മരണഭീതികൾ അവനെ വളഞ്ഞു; പകൽസമ യങ്ങളിൽ കൂടെയും തനിച്ചു കിടപ്പാൻ അവന്നു ഭയമായി തീ ൎന്നു. അവൻെറ കട്ടിലിന്മേലുള്ള കൊതുകുവല പോലും നി വിൎത്തു വിരിപ്പാൻ അവൻ അനുവദിച്ചില്ല. തനിക്ക ശുശ്രൂ ഷിച്ചുകൊണ്ടിരുന്ന ആൾ ഒരു മാത്രനേരമെങ്കിലും അവ ൻെറ അടുക്കൽ ഇല്ലാതെപോയെങ്കിൽ അവൻ പരിഭ്രമിച്ചു

(1) വോൾട്ടയർ ഒരു കവിയും ചരിത്രമെഴുത്തുകാരനും തത്വജ്ഞാനിയും ആ യിരുന്നു. അവൻ ക്രിസ്ത്വാബ്ദം ൧൬൯൪-ൽ ഫ്രാൻസിൽ ചെററ്നെ (Chatenay) എന്ന സ്ഥലത്തു ജനിച്ചു. ജെസ്യൂറ്റന്മാരുടെ കീഴിൽ അഭ്യസിച്ചു, വളരെ പ്രബ ന്ധങ്ങൾ എഴുതി. ക്രിസ്ത്വാബ്ദം ൧൭൭൮-ൽ മരിച്ചു; രാത്രിസമയം അടക്കപ്പെട്ടു. മത വിഷയങ്ങളിൽ വലിയ നിർവ്വിശ്വാസിയായിരുന്നതിനാൽ സഭാചട്ടപ്രകാരമുള്ള സം സ്കാരം ഉണ്ടായില്ല.

നടുങ്ങുകയും അലറിക്കരകയും ചെയ്യും. തന്റെ അത്യാസന്ന സമയങ്ങളിൽ "കൎത്താവേ, സഹായിക്ക; ദൈവമേ, സഹായിക്ക; യേശുവേ, സഹായിക്ക" എന്നിങ്ങനെ നിലവിളിക്കയും, ചിലപ്പോൾ ഭവനം മുഴങ്ങത്തക്കവണ്ണം അതിനെ ആവൎത്തിച്ചുകൊണ്ടിരിക്കയും ചെയ്യും. ഡോക്ടർ മാൻലി (Dr. Manly) എന്ന വൈദികൻ ഒരിക്കൽ അവന്റെ നിലവിളി കേട്ടിട്ടു അവനോടു, "പെയിൻ സായ്പേ, ഇപ്പോഴത്തേ നിങ്ങളുടെ അവസ്ഥയെ കുറിച്ചു ഞങ്ങൾ എന്തു ചെയ്യേണ്ടു? സഹായത്തിന്നായി ഇപ്പോൾ ക്രിസ്തുയേശുവിനെ വിളിക്കുന്നതു എന്തു? സഹായിപ്പാൻ അവന്നു കഴിയുമെന്നു നിങ്ങൾ ഇപ്പോൾ വിശ്വസിക്കുന്നുവോ? യേശുക്രിസ്തുവിന്റെ ദൈവത്വത്തിൽ നിങ്ങൾക്കു വിശ്വാസമുണ്ടോ?" എന്നിങ്ങനെ ചോദിച്ചു. പെയിൻ അതിങ്കൽ അല്പനേരം മൌനമായി കിടന്നശേഷം, "എനിക്കു ആ സംഗതി വിശ്വസിപ്പാൻ മനസ്സില്ല" എന്നു ഉത്തരം പറഞ്ഞു മഹാ അരിഷ്ടനായി മരിക്കയും ചെയ്തു.(1)

മ. അയ്യോ, കഷ്ടം! നിൎവ്വിശ്വാസികളുടെ അവസാനം എത്ര ഭയങ്കരം!

പ. അതേ, ഭയങ്കരമെന്നു പറഞ്ഞാൽ മതിയോ! പെയിന്റെ അവസാന രോഗക്കിടക്കയിൽ വെച്ചു, മേറി റോസ്കോ (**Mary Roscoe**) എന്നു പേരായി മിസ്റ്റർ സ്റ്റേഫാൻ ഗ്രില്ലേററിന്റെ (**Mr. Stephen Grellet**) ഒരു വേലക്കാരി അവനെ കാണ്മാൻ വന്നു. അവൻ ഉടനെ അവളോടു, "നീ എന്റെ പുസ്തകങ്ങളിൽ ഏതെങ്കിലും വായിച്ചിട്ടുണ്ടോ?" എന്നു ചോദിച്ചു. അവൾ അവനോടു, "ഞാൻ ചെറുപ്പമായിരിക്കുമ്പോൾ നിങ്ങളുടെ 'യുക്തിയുഗം' (**The Age of Reason**) എന്ന പുസ്തകം വായിച്ചു നോക്കി. എന്നാൽ അതു വായിക്കുന്തോറും മനസ്സിന്നു വളരെ മുടലും അരിഷ്ടതയും തോന്നിയതിനാൽ ഞാൻ അതു ചുട്ടുകളഞ്ഞു" എന്നു പറഞ്ഞു. പെയിൻ മറുപടിയായിട്ടു "നീ ചെയ്തതുപോലെ എല്ലാവരും ചെയ്തിരു

(1) തോമാസ് പെയിൻ ക്രിസ്ത്വാബ്ദം ൧൭൩൭-ൽ നോർഫോക്കിലെ തെററ്ഫോൎഡിൽ (Thetford in Norfolk) ജനിച്ചു. അവൻ ഒരു താണ കുഡുംബക്കാരനായിരുന്നുവെങ്കിലും രാജ്യസംബന്ധമായും പലവക സംബന്ധമായും അനേകം കൃതികളുടെ ഒരു ഗ്രന്ഥകൎത്താവായി ചമഞ്ഞു. അവൻ ൧൮൦൯-ൽ മരിച്ചു, തന്റെ സ്വന്ത സ്ഥലത്തു അടക്കപ്പെട്ടു. ഒരു വലിയ നിൎവ്വിശ്വാസിയായിരുന്നതിനാൽ, ശവക്കോട്ടെക്കകത്തു സത്യവിശ്വാസികളുടെ കൂട്ടത്തിൽ സംസ്കാരം ചെയ്വാൻ ജനങ്ങൾ അനുവദിച്ചതുമില്ല.

ന്നുവെങ്കിൽ നന്നായിരുന്നു; എന്തെന്നാൽ ഏതു പുസ്തകമെഴുത്തിൽ എങ്കിലും പിശാചിന്റെ കൈകാൎയ്യം ഉണ്ടായിട്ടുണ്ടെങ്കിൽ, അതു ആ പുസ്തകത്തിലാണ് ഉള്ളതു" എന്നു പറഞ്ഞു.

മ. അയ്യോ, മരണക്കിടക്കയിൽ വെച്ചു അവന്റെ നിൎവ്വിശ്വാസ കൃതികൾ കൂടെയും അവനെ വേദനപ്പെടുത്തിയല്ലോ! ആ വലിയ നിൎവ്വിശ്വാസിയുടെ മരണം ഇക്കാലത്തുള്ള എല്ലാ നിൎവ്വിശ്വാസികൾക്കും ഒരു പാഠമായി ഭവിച്ചുവെങ്കിൽ എത്ര നന്നായിരുന്നു!

പ. അതിന്നു ദൈവം കൃപ ചെയ്യട്ടെ. തോമാസ് പെയിൻ തന്റെ മരണസമയം വോൽട്ടയറിനേക്കാൾ നിൎവ്വിശ്വാസത്തിൽ കാഠിന്യപ്പെട്ടിരുന്നു; എങ്കിലും അവന്റെ നിൎവ്വിശ്വാസമെല്ലാം മരണദൂതന്റെ കാഴ്ചയിൽ വീണുപോയി!

മ. ഉവ്വ്, അതു ഞാൻ തെളിവായി കാണുന്നു.

പ. അവൎക്കു രണ്ടു പേൎക്കും മരണസമയം വരെ ഓൎമ്മക്കേടൊന്നും ഇല്ലാഞ്ഞതിനാൽ അവർ മരണക്കിടക്കയിൽ വെച്ചു പറഞ്ഞിട്ടുള്ളവയെല്ലാം അറിവോടു കൂടെ പറഞ്ഞവയായിരുന്നു.

മ. അതൊരു മുഖ്യ സംഗതി തന്നേയാണ്; ഓൎമ്മപ്പെടുത്തിയതു നന്നായി.

പ. കൎണ്ണൽ ഇങ്കർസോലിനെ (**Colonel Ingersole**) കുറിച്ചു കേട്ടിട്ടുണ്ടല്ലോ.

മ. ഉവ്വ്; അവന്റെ നിൎവ്വിശ്വാസ കൃതികളെ സൎവ്വാവിശ്വാസത്തിലേക്കു ചായ്വുള്ള അനേകം വിദ്വാന്മാരായ ഹിന്തുക്കൾ വായിച്ചു വരുന്നു.

പ. അവന്റെ കൃതികൾ വളരെ ദോഷം ചെയ്യത്തക്കവയാകുന്നു എന്നതിന്നു സംശയമില്ല. അവൻ മേല്പറഞ്ഞ രണ്ടു നിൎവ്വിശ്വാസികളെ പോലെ അത്ര കീൎത്തിപ്പെട്ടവൻ അല്ലായിരുന്നു; എങ്കിലും, അവനെ കുറിച്ചും ഇവിടെ അല്പം പ്രസ്താവിക്കേണ്ടതു ആവശ്യമെന്നു തോന്നുന്നു. കീൎത്തിപ്പെട്ട ഡി. എൽ. മൂഡി എന്ന ഏവൻഗേലിസ്തൻ അവനെ നന്നായി അറിഞ്ഞിരുന്നു, അവന്റെ മരണത്തെ കുറിച്ചു അദ്ദേഹം പറഞ്ഞുമിരിക്കുന്നു.

മ. ആ സംഗതി ഇതുവരെ ഞാൻ അറിഞ്ഞിട്ടില്ല; പറഞ്ഞു കേട്ടാൽ കൊള്ളായിരുന്നു.

പ. കൎണ്ണൽ ഇങ്കർസോൽ ൧൮൯൯-ൽ മരിച്ചു. അവന്റെ മരണം മുൻ പറഞ്ഞ രണ്ടു നിൎവ്വിശ്വാസികളുടെ മര

ണംപോലെ അത്ര ഭയങ്കരമല്ലായിരുന്നു എങ്കിലും വളരെ വ്യസനമുള്ളതു തന്നേ. മിസ്റ്റർ മൂഡി പറയുന്നതു: "അവനെ പററിയുള്ള എന്റെ വിചാരങ്ങൾ എല്ലായ്പോഴും വളരെ പരിതപിക്കത്തക്കതത്രെ. എന്റെ താണ അവസ്ഥയിൽ എന്റെ ജീവൻ എനിക്കു സന്തോഷവും ഭാഗ്യവും ഉള്ളതായി തീൎന്നുവെങ്കിൽ, അവന്റെ ഉയൎന്ന നിലയിൽ ഉള്ള ജീവൻ ഇത്ര തരിശായി ഭവിച്ചുപോയതു ഓൎക്കുമ്പോൾ സങ്കടമല്ലയോ? രണ്ടു കുന്നുകളുടെ ഇടയിൽ കൂടെയുള്ള ഇടുങ്ങിയ താഴ്വരപോലെ അവന്റെ ജീവൻ ഇത്ര മന്താരമായി ഭവിച്ചുപോയി എന്നു അവൻ തന്നെത്താൻ ഏററുപറയുന്നു. ഉച്ചത്തിൽ നിലവിളിച്ചാറെയും പ്രതിധ്വനി അല്ലാതെ ദൈവത്തിൽനിന്നു ഒരു മറുപടിയും ഇല്ല.(1) അവൻ ആശ കൂടാതെ മരിച്ചു; അവന്റെ മരണം അന്ധതമസ്സിലേക്കുള്ള ഒരു കുതിപ്പു തന്നേയായിരുന്നു."

മ. അയ്യോ, എത്ര ആശ്ചൎയ്യകരവും വ്യസനിക്കത്തക്കതുമായ ചരിത്രം!

പ. അതേ, മിസ്റ്റർ മൂഡി പിന്നെയും പറയുന്നതു, "ഒരു ക്രിസ്തുവിശ്വാസിയുടെ അവസ്ഥയോ എത്ര വ്യത്യാസം! അവന്റെ തല്ക്കാല ജീവൻ ദൈവ സമാധാനംകൊണ്ടും, വരുവാനുള്ള ജീവൻ ശോഭിതമായ പ്രത്യാശകൊണ്ടും നിറഞ്ഞിരിക്കുന്നു. അവന്റെ മരണം ഈ ഭൌമ കൂടാരത്തെ വിട്ടു നിത്യവാസ സ്ഥലങ്ങളിലേക്കുള്ള ഒരു മാററം മാത്രമാകുന്നു എന്നു അവൻ നല്ലവണ്ണം അറിയുന്നു".

മ. ഹാ, ഒരു സത്യ ക്രിസ്ത്യാനിയുടെയും ഒരു നിൎവ്വിശ്വാസിയുടെയും മരണം തമ്മിൽ എത്ര വ്യത്യാസം!

പ. അതേ, ആ വലിയ വ്യത്യാസം ഞാൻ നിങ്ങൾക്കു ഇപ്പോൾ തന്നേ സ്പഷ്ടമായി കാണിച്ചുതരാം.

മ. അങ്ങനെയാകട്ടെ; സന്തോഷം.

പ. നിങ്ങൾ ആ കീൎത്തിപ്പെട്ട എ. ജഡ്സൻ (A. Judson) എന്ന മിഷ്യനറിയെ കുറിച്ചു കേട്ടിട്ടുണ്ടോ?

മ. കേട്ടിട്ടുണ്ടെന്നു തോന്നുന്നു.

പ. ജഡ്സൻ, കോളെജിൽ ആയിരിക്കുമ്പോൾ തന്റെ ഒരു സഹപാഠകനിൽനിന്നു ഫ്രെഞ്ചുകാരുടെ നിൎവ്വിശ്വാസ വിഷയങ്ങളിൽ ചിലതെല്ലാം മനസ്സിലാക്കി. കോടതി സംബന്ധമായ വ്യവഹാര വിഷയങ്ങളിലോ, രംഗ

(1) എബ്രാ. ഫ. നൂ. സുഭാ. ഫ. വരു—വൻ.

സ്ഥലങ്ങളിലെ നാടക കൃതികളിലോ താൻ ഏൎപ്പെട്ടാൽ അവന്നു നല്ല ഉദ്യോഗം കൊടുക്കാമെന്നു ചിലർ വാഗ്ദത്തം ചെയ്തു. ഒരിക്കൽ ഒരു യാത്രയിൽ വെച്ചു അവനും നിൎവ്വിശ്വാസിയായ തന്റെ കൂട്ടുകാരനും കൂടെ ഒരു സത്രത്തിൽ രാത്രി താമസിപ്പാൻ ഇടയായി. രാത്രിസമയം തന്റെ കിടക്കമുറിയുടെ അടുത്ത മുറിയിൽനിന്നു മരണവേദനയോടു കൂടിയ ചില ഞരക്കങ്ങളെല്ലാം ഇടെക്കിടെ കേട്ടതിനാൽ, ജഡ്സന്നു അന്നു രാത്രി ഉറക്കത്തിന്നു സുഖമുണ്ടായില്ല. പുലൎച്ചെക്കു ആ രോഗിയെ കുറിച്ചു താൻ അന്വേഷിച്ചപ്പോൾ, അവൻ മരിച്ചുപോയി എന്നു കേട്ടു. അവന്റെ പേർ എന്താണെന്നു ചോദിച്ചതിന്നു, അവൻ തലേ ദിവസം വൈകുന്നേരം ജഡ്സനോടു കൂടെ സംസാരിച്ചുകൊണ്ടിരുന്ന ചെറുപ്പക്കാരനായ നിൎവ്വിശ്വാസിയായിരുന്നു എന്നു കേൾക്കയും, അതിങ്കൽ അവൻ പെട്ടെന്നു നടുങ്ങി മരവിച്ചുപോകയും ചെയ്തു. (1)

മ. ആ ദുരിത മരണം മൂലം ജഡ്സന്നു എന്തു ഫലമുണ്ടായി?

പ. പറയാം: ആ ഭയങ്കര സംഗതി അവന്റെ മനസ്സാക്ഷിയെ ഭ്രമിപ്പിക്കയും അവന്റെ സൎവ്വാവിശ്വാസങ്ങളും തൽക്ഷണം പറന്നുപോകയും ചെയ്തു. വരുവാനുള്ള ഒരു നിത്യലോകമുണ്ടെന്നും, അതിന്നായിട്ടു താൻ ഒരുങ്ങീട്ടില്ലെന്നും അവന്നു ഓൎമ്മ വന്നു. അവൻ ഉടനെ തന്റെ ഭവനത്തിലേക്കു മടങ്ങി; ഉപേക്ഷയായി താൻ വിചാരിച്ചിരുന്ന ബൈബിൾ വായിപ്പാൻ തുടങ്ങി. അവൻ മനന്തിരിഞ്ഞു ഭക്തിയുള്ള ഒരു മിഷ്യനറിയായി തീരുകയും, ബൎമ്മായിലേക്കു പോയി അവിടെയുള്ള നിവാസികളിൽ വളരെ പേരെ കൎത്താവിങ്കലേക്കു തിരിക്കയും ചെയ്തു.

മ. ഹാ, അതു ബഹു രസകരമായ സംഗതി തന്നേ. മിസ്റ്റർ ജഡ്സൻ ആ നിൎവ്വിശ്വാസിയുടെ മരണത്തിൽ നിന്നു നല്ല പാഠം പഠിച്ചു; മരണദൂതന്റെ മുമ്പിൽ നിൎവ്വിശ്വാസമെല്ലാം തകൎന്നുപോകുമെന്നു അവന്നു നല്ല ബോധവുമായി.

പ. അതേ, സംശയമില്ല. ഹോബ്സ് എന്ന നിൎവ്വിശ്വാസി (**Hobbes**) മരണക്കിടക്കയിൽവെച്ചു തന്റെ ചുറവും

(1) യാക്കോ. ൧. ൧൩—൧൫. ആ ബാല്യക്കാരനായ നിൎവ്വിശ്വാസി ദുഷ്ടതയിൽ ജീവിച്ചതിനാൽ ദുരിത മരണം മരിച്ചു.

നിന്നവരോട്ട ഇപ്രകാരം പറഞ്ഞു: “ഇതാ, ഞാൻ അന്ധകാരത്തിലേക്ക ഭയങ്കരമായി കുതിപ്പാൻ പോകുന്നു”.

മ. അയ്യോ, ആ ചുരുങ്ങിയ വാക്കുകളിൽ എത്ര വലിയ ഭയങ്കരത്വം അടങ്ങിയിരിക്കുന്നു!

പ. അതേ; നിരീശ്വരത്വം, നിൎവ്വിശ്വാസം എന്നിവയിലേക്ക പാഞ്ഞോടുന്നവർ ഒക്കെയും തങ്ങളോട്ട തന്നേ “എന്റെ അവസാനം എന്തായി തീരും! മരണം എനിക്ക എങ്ങനെയായി ഭവിക്കും!” എന്നു ചോദിക്കേണ്ടതല്ലയോ?

മ. അതിന്നു ആക്ഷേപമുണ്ടോ?

പ. ബ്രാഡ്ലൊയും (**Bradlaugh**) തന്റെ മരണത്തിൽ ഒട്ടും ആശ്വാസമില്ലാത്തവൻ ആയിരുന്നു എന്നു വൎത്തമാന പത്രക്കാർ പറയുന്നു. അഗ്നോസ്റ്റികനായിരുന്ന ഹക്സ്ലിക്കും (**Huxley**) തന്റെ സൎവ്വാവിശ്വാസം മൂലം മരണത്തിൽ സമാധാനമുണ്ടായില്ല. ഇപ്പോൾ നാം സംഭാഷിച്ചു വരുന്ന സംഗതിയുടെ ശോഭിതമായ ഭാഗത്തേക്ക തിരിയുംമുമ്പെ ഒരു കാൎയ്യം കൂടെ പറഞ്ഞുകൊള്ളട്ടെ. എല്ലാ വിശ്വാസികളും തങ്ങളുടെ മരണസമയം ഒരേ പ്രകാരമുള്ള രക്ഷാനിൎണ്ണയവും ജയസന്തോഷവും അനുഭവിക്കുന്നില്ല; എങ്കിലും “സമാധാന മരണം” എന്നതു പൊതുവിൽ എല്ലാ സത്യ ക്രിസ്ത്യാനികൾക്കും തങ്ങളുടെ വീണ്ടെടുപ്പുകാരനിൽനിന്നു നല്കപ്പെട്ടിരിക്കുന്ന വിലയേറിയ സമ്പത്താകുന്നു.

മ. കാൎയ്യം ശരി തന്നേയാണ്.

പ. “ദുഷ്ടൻ തന്റെ ദുഷ്ടതയിൽ തള്ളിക്കളയപ്പെടുന്നു; എന്നാൽ നീതിമാന്നു തന്റെ മരണത്തിൽ ആശയുണ്ടു” (സുഭാ. ൧൪. ൩൨). ആ ഭാഗ്യവും നിശ്ചയവുമേറിയ പ്രത്യാശ മരണത്തിന്റെ വിഷമുള്ളിനെ സത്യ വിശ്വാസികളിൽനിന്നു നീക്കിക്കളയുന്നതു എങ്ങനെ എന്നു നിങ്ങളെ ഇപ്പോൾ കാണിക്കാം (൧കോരി. ൧൫. ൫൫—൫൭).

മ. ഹാ, മരണത്തിന്റെ വിഷമുള്ള് നീങ്ങിക്കിട്ടുന്ന മതം തന്നേയാകുന്നു എനിക്കും ആവശ്യം!

പ. കൊള്ളാം; ക്രിസ്തുമതം ആ വലിയ അവസാന ശത്രുവിന്റെ പരിശോധനയിൽ ജയം പ്രാപിച്ചു നില്ക്കുമോ എന്നു നമുക്കൊന്നു നോക്കാം.

മ. അതേ, എനിക്ക അറിവാനുള്ള കാൎയ്യവും അതു തന്നേയാകുന്നു.

പ. കൊള്ളാം; ഞാൻ ഇപ്പോൾ പറവാൻ ആഗ്രഹി

ക്കുന്ന ആളുകൾ സാക്ഷാൽ സത്യ ക്രിസ്ത്യാനികളും, തങ്ങളു
ടെ രോഗക്കിടക്കയിൽ വെച്ചു അവർ പറഞ്ഞിട്ടുള്ള കാൎയ്യങ്ങൾ
സുബുദ്ധിയോടു കൂടിയ വചനങ്ങളും ആയിരുന്നു. മിസ്റ്റർ
ബെഞ്ചമിൻ പാൎസ്സൻസ് (**Mr. Benjamin Parsons**)
അതിതീക്ഷ്ണതയുള്ള സുവിശേഷ പ്രസംഗികളിൽ ഒരുത്തനാ
യിരുന്നു. മരണക്കിടക്കയിൽ വെച്ചു തന്നെ കാണ്മാൻ വന്ന
സ്നേഹിതന്മാരിൽ ഒരുത്തൻ അദ്ദേഹത്തോടു, "താങ്കൾക്കു ഇ
പ്പോൾ എങ്ങനെ ഇരിക്കുന്നു?" എന്നു ചോദിച്ചു. സമാധാ
ന നിറവോടും സന്തോഷ പുഞ്ചിരിയോടും കൂടെ താൻ പറ
ഞ്ഞതു, "ഞാൻ മനോഹരമായ മൂന്നു തലയിണകളിന്മേൽ
ആശ്വാസപ്പെടുന്നു: അളവററ ശക്തിയുടെയും, അളവററ
സ്നേഹത്തിന്റെയും, അളവററ കൃപയുടെയും തലയിണകളി
ന്മേൽ തന്നേ."

മ. ഹാ, മരണസമയം അങ്ങനെ പറവാനുള്ള പ്രാ
പ്തി ലഭിക്കുന്നതു എത്ര ഇമ്പവും പ്രസാദകരവും ആകുന്നു.

പ. അതേ, ഒരു ക്രിസ്ത്യാനിയുടെയും ഒരു നിൎവ്വിശ്വാ
സിയുടെയും മരണം തമ്മിൽ രാപ്പകൽ ഭേദമുണ്ടല്ലോ.

മ. അതു അങ്ങനെ തന്നേയാകുന്നു, ആക്ഷേപമില്ല.

പ. കൊള്ളാം; പ്രവാചകനായ ഏശായ പറയുന്നതു,
"ദുഷ്ടന്മാൎക്കു സമാധാനമില്ല" എന്നാകുന്നു (ഏശാ. ൫൭.
൨൦, ൨൧). എന്നാൽ കൎത്താവായ യേശുവോ, തന്റെ എല്ലാ
ശിഷ്യന്മാരോടും, "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു
പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു;
ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്ന
തു" എന്നു പറയുന്നു (യോഹ. ൧൪. ൨൭). അവൻ തന്റെ
വാഗ്ദത്തത്തിൽ വിശ്വസ്തനാകുന്നു എന്നു ഞാൻ ഇപ്പോൾ
നിങ്ങളെ കാണിക്കാം.

മ. അങ്ങനെയാകട്ടെ; കേൾപ്പാൻ വളരെ ആനന്ദമു
ള്ള സംഗതി!

പ. അതേ, ആനന്ദകരം എന്നു പറഞ്ഞാൽ മതിയോ?
കേംബ്രിഡ്ജിലേ റവറണ്ട് സി. ശിമയോൻ (**Rev. C.
Simeon**) എന്നയാൾ ആ സ്ഥലത്തേ കോളെജിൽ ഒരു സ്ഥാ
നിയും, എരിഞ്ഞു ശോഭിക്കുന്ന ഒരു പ്രകാശവും ആയിരുന്നു.
മരണസമയം താൻ പറഞ്ഞതു, "എനിക്കു ഇപ്പോൾ ഒ
രുങ്ങി കാത്തിരിക്കയെന്നല്ലാതെ മറെറാന്നും ചെയ്യാനില്ല.
എനിക്കു ഇപ്പോൾ സമാധാനം! മനോഹരമായ സമാധാ

നം!" വേറൊരു സമയം, അദ്ദേഹം തന്റെ മുഖം കഴുകിയ ശേഷം, തന്റെ കണ്ണുകളെ മേലോട്ടുയൎത്തി ഇപ്രകാരം പറഞ്ഞു: "എന്റെ കണ്ണുകൾ വേഗം എന്റെ ദൈവവും രക്ഷിതാവുമായവന്റെ സിംഹാസനത്തെ ചുററി നില്ക്കുന്ന മഹത്വ ദൂതന്മാരെയും വിശുദ്ധന്മാരെയും കാണും! എന്റെ രക്ഷിതാവു മരണത്തോളം എന്നെ സ്നേഹിച്ചു! എനിക്കു വേണ്ടി തന്നെത്താൻ നല്കി! ഞാൻ അവനെ അപ്പോൾ കാണും! അതു നിശ്ചയമായി ഞാൻ അറിയുന്നു! ആ നിശ്ചയം, ഞാൻ ഈ നിമിഷം അവിടെ ഇരുന്നിരുന്നു എങ്കിൽ എന്നിലുണ്ടാകുന്ന നിശ്ചയം പോലെ തന്നേ." കുറെ കഴിഞ്ഞശേഷം പിന്നെയും താൻ പറഞ്ഞതു: "മരണമേ, നിന്റെ വിഷമുള്ളു് എവിടെ?" പിന്നെ അവൻ തന്റെ ചുററും നിന്നവരെ നോക്കി അവരോടു, "ഇവിടെ വല്ല വിഷമുള്ളും നിങ്ങൾ കാണുന്നുവോ? ഞാൻ പറയുന്ന സംഗതികൾ വെറും ഊഹമല്ല, എരിവുമല്ല; അവ വാസ്തവങ്ങളാകുന്നു; മരണത്തിൽ എന്നെ താങ്ങുന്നതിന്നു മതിയായിട്ടുള്ളവയും ആകുന്നു." കുറെ കഴിഞ്ഞശേഷം അദ്ദേഹം യേശുവിന്റെ തൃക്കരങ്ങളിൽ നിദ്ര പ്രാപിക്കയും ചെയ്തു.

മ. ഹാ, അതു വളരെ ശോഭനവും മഹത്വവുമായ മരണം തന്നേ!

പ. അതേ, ഭൂമിയിൽ വെച്ചു ഏററവും മഹത്തായ കാൎയ്യം ഒരു സത്യ ക്രിസ്ത്യാനിയുടെ മരണം ആകുന്നു എന്നു പറയപ്പെടുന്നു.

മ. ഞാനും അതു പൂൎണ്ണമായി സമ്മതിക്കുന്നു.

പ. കൊള്ളാം; റദർഫോൎഡ് (**Rutherford**) എന്ന ഭക്തന്റെ അവസാന മൊഴികൾ ഇപ്രകാരമായിരുന്നു: "ഞാൻ ജയം പ്രാപിച്ചു! ക്രിസ്തു എന്നെ ആലിംഗനം ചെയ്വാൻ തൃക്കരങ്ങളെ ഏന്തിക്കൊണ്ടു നില്ക്കുന്നു! ഇപ്പോൾ ഞാൻ അറിയുന്നു! അനുഭവിക്കുന്നു! ആനന്ദിക്കുന്നു! ഞാൻ മന്നായെ ഭുജിക്കുന്നു! എനിക്കു ദൈവദൂതന്മാരുടെ ഭക്ഷണമുണ്ടു! എന്റെ കണ്ണുകൾ എന്റെ രക്ഷിതാവിനെ കാണുകയും ചെയ്യും! ഇമ്മാനുവേലിന്റെ രാജ്യത്തിൽ മഹത്വം അധിവസിക്കുന്നു! അതേ, മഹത്വം അധിവസിക്കുന്നു!"

മ. എത്ര മനോഹരം! അദ്ദേഹം ഭൂമിയിൽ വെച്ചു തന്നേ സ്വൎഗ്ഗം അനുഭവിക്കുന്നുവല്ലോ.

പ. ശരി, ശരി; ഒരു സത്യ ക്രിസ്ത്യാനി തന്റെ മരണ

സമയം സമാധാനമുള്ളവൻ മാത്രമല്ല, സന്തോഷമുള്ളവനും കൂടെ ആകുന്നു. മിസ്റ്റർ ജെയിൻവെ (**Mr. Janeway**) എന്ന ഭക്തൻ തന്റെ മരണസമയം പറഞ്ഞതു: "കൃപമൂലം ഞാൻ മരണ ഭയത്തിൽനിന്നു കടന്നിരിക്കുന്നു. എന്റെ ജീവനേക്കാൾ അധികമായി ഞാൻ സ്നേഹിക്കുന്നവങ്കലേക്കു ഞാൻ പോകുന്നു. ഹാ, ഇപ്പോഴുള്ള വിചാരങ്ങളെ നിങ്ങളോടു അറിയിപ്പാൻ എനിക്കു കഴിഞ്ഞുവെങ്കിൽ, ഇപ്പോൾ ഞാൻ കാണുന്നവ നിങ്ങളെ കാട്ടുവാൻ എനിക്കു കഴിഞ്ഞുവെങ്കിൽ, ഹാ, ഇപ്പോൾ ഞാൻ ക്രിസ്തുവിൽ കാണുന്ന കാൎയ്യങ്ങളുടെ ആയിരത്തിൽ ഒരു അംശമെങ്കിലും നിങ്ങളെ കേൾപ്പിപ്പാൻ എനിക്കു കഴിഞ്ഞുവെങ്കിൽ! മരണക്കിടക്കയിൽ ക്രിസ്തുവിന്റെ അരുമയെ നിങ്ങൾ അറിയുന്നില്ല! ഹാ, ഇപ്പോൾ ഞാൻ കാണുന്ന മഹത്വം, പറയാവതല്ലാത്ത മഹത്വം! എന്റെ ഉള്ളം നിറഞ്ഞു കവിയുന്നു! ക്രിസ്തു പുഞ്ചിരി കൊള്ളുന്നു! എന്റെ കിരീടം എന്നിൽനിന്നു നിങ്ങൾ നീക്കിക്കളയുമോ? എന്റെ വാഴ്ത്തപ്പെട്ട രക്ഷകന്റെ തൃക്കരങ്ങൾ എന്നെ ആലിംഗനം ചെയ്വാൻ തുറന്നിരിക്കുന്നു! തന്റെ മടിയിലേക്കു എന്റെ ആത്മാവിനെ കൊണ്ടുപോകുവാൻ ദൈവദൂതന്മാർ ഒരുങ്ങി നില്ക്കുന്നു! ഞാൻ കാണുന്നതു നിങ്ങൾ കണ്ടിരുന്നുവെങ്കിൽ എന്നെ താമസപ്പെടുത്തുവാൻ നിങ്ങൾക്കു മനസ്സു വരികയില്ലായിരുന്നു!"

മ. ഹാ, എന്തു പറയേണ്ടു! മിസ്റ്റർ ജെയിൻവെയുടെ മരണസമയമുള്ള സന്തോഷവും പരമാനന്ദവും പോലെ ഭൂമിയിൽ ഒരുത്തനു സന്തോഷിക്കാമോ! അതിനെ കുറിച്ചു എന്നോടു പറയാതിരുന്നെങ്കിൽ ഞാൻ ഒരിക്കലും അതിനെ വിശ്വസിക്കയില്ലായിരുന്നു.

പ. അതേ, ശരി തന്നേ. നല്ല ഇടയനാകുന്ന യേശു എല്ലാ സത്യ വിശ്വാസികളോടും കൂടെ, അവരുടെ ജീവകാലത്തിൽ മാത്രമല്ല, മരണസമയത്തിലും ഇരിക്കുന്നതിനാൽ, അവൎക്കു സങ്കീൎത്തനക്കാരനെ പോലെ, "ഞാൻ മരണനിഴലിൻ താഴ്വരയിൽ നടന്നാലും ഞാൻ ഒരു ദോഷത്തെയും ഭയപ്പെടുകയില്ല; എന്തെന്നാൽ നീ എന്നോടു കൂടെയുണ്ടു; നിന്റെ കോലും നിന്റെ വടിയും, ഇവ തന്നേ എന്നെ ആശ്വസിപ്പിക്കുന്നു" എന്നു ധൈൎയ്യത്തോടെ പറവാൻ കഴിയും (സങ്കീ. ൨൩. ൪). "മരണനിഴലിൻ താഴ്വരയിൽ വെച്ചു യേശുവിന്റെ തിരുസന്നിധിയുടെ കൂട്ടായ്മയെ മാത്രം ഓൎത്താ

ൽ തന്നേയും മരണം എത്ര അരുമയേറിയതു" എന്നു പറയ പ്പെട്ടിരിക്കുന്നു.

മ. അതേ, ആ തിരുസന്നിധിയുടെ അനുഭവം തന്നേ മരണത്തെ വിലയേറിയതാക്കി തീക്കുന്നുവല്ലോ.

പ. സംശയമില്ല; ഇനി ഒരു സംഗതി കൂടെ പറഞ്ഞു അവസാനിപ്പിക്കട്ടെ: മിസ്റ്റർ വെൻ (**Mr. Venn**) എന്ന യാൾ വില്യം ഗ്രിംഷോയുടെ (**William Grimshaw**) മര ണക്കിടക്കയിൽ വെച്ചു അദ്ദേഹത്തോടു, "നിങ്ങൾക്കു ഇ പ്പോൾ എങ്ങനെ ഇരിക്കുന്നു?" എന്നു ചോദിച്ചു. ഗ്രിംഷോ ഉത്തരമായിട്ടു, "എനിക്കു എത്രത്തോളം ഇവിടെ ഭാഗ്യവാനാ യിരിക്കാമോ അത്രത്തോളം ഞാൻ ഭാഗ്യവാനായിരിക്കുന്നു! സ്വൎഗ്ഗത്തിൽ ഇരിക്കുന്നവനെ പോലെ ഞാൻ ഇരിക്കുന്നു! അതിന്റെ മഹിമയെ കുറിച്ചു നിശ്ചയമുള്ളവനായിരിക്കുന്നു! എനിക്കു ഒന്നും പ്രവൎത്തിപ്പാനില്ല! ഈ കിടക്കമേൽനിന്നു ഒരു അടി വെച്ചാൽ ഞാൻ സ്വൎഗ്ഗത്തിൽ ആയി!" എന്നു പറഞ്ഞു.

മ. ഹാ, എത്ര ഇമ്പകരമായ അവസാനം! വൎണ്ണിച്ചുകൂ ടാത്ത മഹിമ തന്നേ!

പ. അതേ, അതേ; ഇപ്പോൾ നിങ്ങൾ, ഭീരുക്കളായ നി രീശ്വരവിശ്വാസികളുടെ ആശയില്ലാത്ത അവസാനവും, ക്രിസ്തു യേശുവിൽ സത്യ വിശ്വാസികളുടെ ധൈൎയ്യവും ഭാഗ്യവുമേ റിയ അവസാനവും തമ്മിലുള്ള വ്യത്യാസം കാണുന്നുവല്ലോ?

മ. ഉവ്വ്, ഞാൻ തെളിവായി കാണുന്നു. ഞാൻ ഒരു സ ത്യ ക്രിസ്ത്യാനിയുടെ മരണം മരിക്കട്ടെ; എന്റെ അവസാന വും അവന്റേതു പോലെ ആകട്ടെ. അതേ, എന്റെ ഹൃദയ ത്തിന്റെ വിചാരം മുഴുവനും അതാകുന്നു.

പ. ദൈവം കടാക്ഷിച്ചു നിങ്ങളുടെ ആഗ്രഹം സാധി പ്പിക്കട്ടെ. ആമെൻ.

APPENDIX.

അവശേഷം A.

അത്ഭുതം, പ്രവചനം എന്നിവയുടെ മുഖ്യാവസ്ഥ.

"അത്ഭുത പ്രവൃത്തികൾ കൂടാതെ ഒരു ദിവ്യ വെളിപാടു ഉണ്ടാകുന്നതെങ്ങനെ?" എന്നു ഡോക്ടർ പെയ്ലി (Dr. Paley) ചോദിക്കുന്നു. അതിന്നു താൻ തന്നേ പറയുന്ന സാരാൎത്ഥമായ മറുപടിയും ഇതത്രെ: "നമുക്കു നിരൂപിക്കാകുന്ന വേറൊരു വിധത്തിലും അതു സാധിക്കുന്നതല്ല." അതുകൊണ്ടു ഒരു ദിവ്യ വെളിപാടിനെ സാക്ഷിപ്പാൻ അത്ഭുത പ്രവൃത്തികൾ അത്യാവശ്യമല്ലോ. നമ്മുടെ വാഴ്ത്തപ്പെട്ട കൎത്താവു അത്ഭുതങ്ങളെ പ്രവൎത്തിക്കാതെ ഇരുന്നുവെങ്കിൽ, താൻ ദൈവത്തിൽനിന്നു വന്നു എന്നോ, ക്രിസ്തുമതം ദിവ്യോത്ഭവമുള്ളതെന്നോ സാക്ഷിപ്പാൻ കഴികയില്ലായിരുന്നു.

ഡോക്ടർ പിയൎസ്സൻ (Dr. Fierson) എന്ന വൈദികൻ പറയുന്നതു, ക്രിസ്ത്യാനിമാൎഗ്ഗം ഒന്നു മാത്രമേ അത്ഭുതങ്ങളെക്കൊണ്ടോ പ്രവചനങ്ങളെക്കൊണ്ടോ തന്റെ സത്യതയെ സാക്ഷിപ്പാൻ എപ്പോഴെങ്കിലും തുനിഞ്ഞിട്ടുള്ളു. ഇതു നല്ലപോലെ ആലോചിക്കേണ്ട കാൎയ്യമാണ്. അങ്ങനെയുള്ള ദിവ്യമായ സാക്ഷികൾ, മതസത്യതയെ സ്ഥാപിക്കുന്നതിൽ വളരെ ഉറപ്പും പ്രാഗത്ഭ്യവും ഉള്ളവയാകുന്നു. ബൈബിളിൽ നെടുനീളെ കിടക്കുന്ന പ്രവചന നിവൃത്തികളെക്കൊണ്ടു ദൈവം അതിന്റെ സത്യ സ്ഥിതിയെ സാക്ഷിക്കുന്നുവല്ലോ. താഴെ പറയുന്ന സാക്ഷികൾ നോക്കുക: ആവ. ൧൮. ൨൧, ൨൨. യെശാ. ൪൧. ൨൧—൨൩. യറ. ൨൮. ൯. ൨ പത്രൊ. ൧. ൧൯—൨൧. നമ്മുടെ കൎത്താവിന്റെ അത്ഭുത പ്രവൃത്തികളെ കുറിച്ചു അപ്പൊ. പ്ര. ൨. ൨൨ നോക്കുക.

അവശേഷം B.

വിജ്ഞാന പരിശോധനയുടെ ആത്മികമായ അനുമാനം.

അമേരിക്കയിലേ പ്രാപ്തനായ ഒരു ഗ്രന്ഥകൎത്താവു കുറെ മുമ്പെ പ്രസ്താവിച്ചതു, "മതസംബന്ധമായ കാൎയ്യങ്ങൾ മാത്രമേ മൎമ്മവും ശ്രദ്ധാൎഹവുമായി ഇരിക്കുന്നുള്ളു എന്നും, വസ്തുരൂപമായ, കാണത്തക്കവ ഒക്കെയും തെളിവും നിശ്ചയവുമുള്ള കാൎയ്യങ്ങളായി ഇരിക്കുന്നു എന്നും സാധാരണ പറഞ്ഞു വന്നിരുന്നു. എന്നാൽ അതൊരു മഹാ അബദ്ധമത്രെ. മാനുഷബുദ്ധിക്കു ചിന്തിക്കാകുന്ന ഏതു കാൎയ്യത്തിലും മറവായ രഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു. വിശ്വാസ യോഗ്യമായി നാം വിചാരിച്ചു വരുന്ന വിജ്ഞാന വിദ്യകൾ തന്നേയും ബുദ്ധിക്കു എത്തിക്കൂടാത്ത ചില പ്രമാണങ്ങളിൽ നിന്നല്ലോ അനുമാനിക്കപ്പെട്ടിരിക്കുന്നതു.

വിജ്ഞാന വിദ്യകൾ ഒന്നും തിരുവെഴുത്തുകൾക്കു വിപരീതമായി നില്ക്കുന്നില്ല. യൂനിട്ടേറിയനായ (ഏകദൈവാച്ഛനക്കാരൻ) ഡോക്ടർ സ്റ്റെബ്ബിൻസ് (Dr. Stebbins) പറയുന്നതു: "ഞാൻ വിജ്ഞാന ശാസ്ത്രങ്ങളെയും വൈദിക ശാസ്ത്രങ്ങളെയും താല്പൎയ്യസഹിതം അദ്ധ്യയനം ചെയ്വാൻ തുടങ്ങീട്ടു ഇപ്പോൾ അമ്പതു വൎഷമായിരിക്കുന്നു; എന്നാൽ വിജ്ഞാന ശാസ്ത്രങ്ങളുടെ പ്രമാണങ്ങളിൽ ഒന്നെങ്കി

ല്യം സുവിശേഷങ്ങളിൽ കാണുന്ന ക്രിസ്തീയ ഉപദേശങ്ങൾക്കു വിപരീതമായി ഞാൻ കണ്ടെത്തിട്ടില്ല എന്നു വളരെ ആലോചനയോടെ പ്രസ്താവിക്കുന്നു.”

അവശേഷം C.

മദ്യപാന ദോഷം.

മദ്യപാനം മൂലം സ്വന്ത കുടുംബത്തോടുള്ള സ്നേഹക്കുറവും, പ്രവൃത്തിയിൽ വിരക്തിയും, ഓർമ്മകേടും, പലതരമായ അരിഷ്ടതകളും, അപഹാരങ്ങളും, അപരാധങ്ങളും മറ്റും ഉണ്ടാകുന്നതു കൂടാതെ, പക്ഷവാതം, ബുദ്ധിഭ്രമം, സന്മാർഗ്ഗനാശം, അകാല മരണം മുതലായ ദോഷങ്ങളെല്ലാം വന്നുകൂടുന്നു. ചെറു പൈതങ്ങൾക്കു നേരിടുന്ന നിർദ്ദയതമായ സംഭവങ്ങളിൽ പകുതിയിൽ അധികവും മറ്റുള്ളവരുടെ മദ്യപാന ദോഷം മുഖാന്തരം ഉണ്ടാകുന്നവയത്രെ. ഇന്ത്യയുടെ വൈസറോയി ആയിരുന്ന ലോഡ് കഴ്സൻ (Lord Curzon) പറയുന്നതു: “മദ്യപാനം എന്നതു നമ്മുടെ ജാതിയുടെ ബഹിർഭാഗത്തിന്മേലുള്ള കുഷ്ഠ ലക്ഷണവും, ജനങ്ങളുടെ സന്മാർഗ്ഗ ജീവശക്തിയെ തിന്നിരിക്കുന്ന അർബ്ബുദ വ്യാധിയും, അതുമൂലം ഉളവാകുന്ന ഭവിഷ്യഫലം ഒരിക്കലും നശിക്കാത്തതും, അതിൻെറ നേട്ടമായ ദാരിദ്ര്യം, അരിഷ്ടത, അപരാധം എന്നീ സമ്പത്തുകൾ തലമുറ തോറും വീണ്ടും വീണ്ടും ഉത്ഭവിച്ചുകൊണ്ടിരിക്കുന്നതുമാകുന്നു.” ഒരു ലേഖകൻ പറയുന്നതു: “മനുഷ്യൻ മദ്യത്തെ വിഴുങ്ങുന്നു, മദ്യം മനുഷ്യനെ വിഴുങ്ങുന്നു. മദ്യപാനം എന്നതു എല്ലാ തരം ദുഷ്ടതകളെയും കൊത്തി വിരിക്കുന്ന ഒരു മുട്ടയാകുന്നു. അതിൽനിന്നു ദോഷന്മാരും ഭ്രാന്തന്മാരും മൂഢ മൃഗങ്ങളും പിശാചുകളും മറ്റും പുറപ്പെടുന്നു.”

യൂറോപ്പിൽ ആബാലവൃദ്ധം നാലുകോടി ഇരുപതു ലക്ഷം ജനങ്ങൾ ഉള്ളതിൽ ഒരു ലക്ഷത്തിഇരുപതിനായിരം ജനം മദ്യപാനത്തിൻെറ പ്രത്യക്ഷ ഫലം മൂലം ആണ്ടുതോറും മരിക്കുന്നു; അപ്രത്യക്ഷമായ ഫലമോ ആർക്കറിയാം! എന്നാൽ ഗ്രേറ്റ്ബ്രിട്ടനിൽ ഒരു താവരണ പോലും ഇല്ലാത്ത ആയിരത്തോളം ഇടവകകൾ ഉണ്ടു.

“പൈതങ്ങളുടെ ആശാസമൂഹം” (Band of Hope) എന്ന യോഗത്തിൽ മുപ്പതു ലക്ഷം കുട്ടികളോളം ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട്, ഐർല്ലണ്ട്, വെയിത്സ് എന്നീ രാജ്യങ്ങളിൽനിന്നു മധുവർജ്ജന സമൂഹക്കാരായിട്ടു ഉണ്ടു. ജർമ്മനിയിലെ എമ്പ്രദോർ തൻെറ പ്രജകളുടെ ഗുണത്തിന്നും ദൃഷ്ടാന്തത്തിന്നുമായി താൻ തന്നേ ഒരു മധുവർജ്ജനക്കാരനായി തീർന്നിരിക്കുന്നു.

അവശേഷം D.

ദിവ്യ വെളിപാടും ഭൂശാസ്ത്രവും.

മിസ്റ്റർ ററുലിഡ്ജ് (Mr. Tullidge) എന്ന ബോധജ്ഞൻ ഈ വിഷയത്തെ സംബന്ധിച്ചു പറയുന്നതു: “കണ്ടുപിടുത്തങ്ങൾ വർദ്ധിക്കുന്തോറും ദിവ്യ വെളിപാടിന്നും ഭൂശാസ്ത്രത്തിന്നും തമ്മിൽ വിരുദ്ധമുണ്ടെന്നുള്ള സങ്കല്പനം ഇല്ലാതാകുന്നു. ൧൮൦൬-ൽ ഫ്രെഞ്ചുകാരുടെ പ്രമാണ നിശ്ചയപ്രകാരം, ബൈബിളിന്നു വിരോധമായി അവർ എണ്ണി ഗണിച്ചിരുന്ന എണ്പതു കൂട്ടം ശാസ്ത്രവിരുദ്ധമായ കാര്യങ്ങളിൽ ഒന്നുപോലും ഇപ്പോൾ കാണ്മാനില്ല.” ഇതു മുഖ്യമായി ഓർക്കേണ്ടുന്ന സം

ഗതിയാണ്. എന്നു തന്നേയുമല്ല, വിശുദ്ധ തിരുവെഴുത്തുകളുടെ സത്യതയെ കുറിച്ച വാദിച്ചുകൊണ്ടിരിക്കുന്ന മഹാ പരാക്രമികളിൽ വളരെ പേർ ദൈവ പ്രവൃത്തികളെ ആഴമായി പരിശോധിച്ചു അറിഞ്ഞിട്ടുള്ളവരാകുന്നു. അവരുടെ ഏകാഭിപ്രായം, "വിജ്ഞാന വിദ്യകൾ ബൈബിളിന്നു എതിരാകുന്നു എന്നൊരു കഉവായ അഭിപ്രായമുണ്ടെങ്കിലും, ബൈബിളിനെ കുറിച്ചു അശേഷം ഭയപ്പെടുവാനില്ല" എന്നാകുന്നു.

അവശേഷം E.

മുഖ്യമായ ഒരു പുതിയ കണ്ടുപിടുത്തം.

ചിററാസ്യയിൽ ഹെഡ്ജാസ് തീവണ്ടി പാതെക്കായുള്ള (Hedjaz Railway) മാൎഗ്ഗം വെട്ടി താഴ്ത്തി തെളിയിച്ചു വരുമ്പോൾ, "മോശെയുടെ താഴ്വര" എന്ന സ്ഥലത്തിന്നു സമീപം, ഇസ്രയേൽ ഗോത്രക്കാരിൽ ഒരു കൂട്ടക്കാർ പണ്ടു പാൎത്തിരുന്ന ഒരു പുരാതന പട്ടണത്തിൻെറ ചില ലക്ഷ്യങ്ങൾ കാണായ്വന്നു. ആ പട്ടണത്തിൻെറ പുരാതനമയേറിയ ശൂന്യശിഷ്ടങ്ങളുടെ ഇടയിൽ വളരെ ഭംഗിയും സാമൎത്ഥ്യവുമുള്ള തച്ചപണികളോടു കൂടിയ ഒരു വലിയ കെട്ടിടവും കണ്ടെത്തി. എല്ലാവരും വളരെ ആശ്ചൎയ്യപ്പെട്ടു. അതിന്നു പടിഞ്ഞാറുവശം ഒരു കുന്നിന്മേൽ ഒരു ശവക്കല്ലറ നില്ക്കുന്നു; അതു യഹൂദജാതിയുടെ മഹാപുരോഹിതനായ അഹറോൻെറ കല്ലറ എന്നു ലക്ഷ്യപ്പെടുത്തിയുമിരിക്കുന്നു.

അവശേഷം F.

മതഭിന്നതെക്കും വേദവിപരീതത്തിന്നും കാരണം.

കീൎത്തിപ്പെട്ട റസ്കിൻ (Ruskin) എന്ന ലേഖകൻ പറയുന്നതു: "ക്രിസ്തീയ സഭകളിൽ എപ്പോഴെങ്കിലും ഉണ്ടായിട്ടുള്ള മതഭിന്നതകൾക്കും വേദവിപരീതങ്ങൾക്കും കാരണം, മനുഷ്യർ രക്ഷയെ ദാനമായി സ്വീകരിക്കുന്നതിന്നു പകരം പ്രവൃത്തിമൂലം സമ്പാദിപ്പാൻ ഉദ്യമിക്കുന്നതുകൊണ്ടാകുന്നു".

അവശേഷം G.

Theosophy.

തിയോസോഫി.

തിയോസോഫിക്കാർ താഴെ പറയുന്ന മുഖ്യ കുറിപ്പുകളെ വായിച്ചു ചിന്തിക്കേണമെന്നു താല്പൎയ്യസഹിതം അപേക്ഷിക്കുന്നു. ആനിബെസൻറ് മദാമ്മ (Mrs. Annie Beasant) ൧൮൯൪-ൽ ലണ്ടൻ പട്ടണത്തിലുള്ള സെൻറ് ജെയിംസ് ശാലയിൽവെച്ചു (St. James' Hall) പറഞ്ഞ ഒരു പാഠവത്തെ സംബന്ധിച്ചു, ഇംഗ്ലണ്ടിലുള്ള മഹാ സമൎത്ഥന്മാരിൽ ഒരുത്തനായ "ലണ്ടൻടൈംസിൻെറ" (London Times) പത്രാധിപൻ പറയുന്നതു: തിയോസോഫി എന്നതു മനുഷ്യബുദ്ധിക്കു എത്തുവാൻ കഴിയാത്ത കാൎയ്യങ്ങളെ അൎത്ഥമില്ലാത്ത വിധത്തിൽ പ്രസ്താവിക്കുന്ന ഒരു വിധം സംസാരസൂത്രം ആകുന്നു".

കല്ക്കത്തായിൽ ന്യായനിൎമ്മാണ സഭയിലേ ഒരംഗവും ഇണ്ഡ്യയിലേ മഹാ വിദ്വാന്മാരിൽ ഒരുത്തനുമായ ഡോക്ടർ ബണ്ടക്കർ (Dr. Bhandarkar) തിയോസോ

ഫിയെ കുറിച്ചു കുറെ മുമ്പെ പ്രസ്താവിച്ചതു, "എനിക്കു അതു ഒട്ടും മനസ്സിലാകുന്നില്ല; അതു പുകയായി അവസാനിക്കും" എന്നത്രെ.

ഒരു പ്രാപ്തനായ ലേഖകൻ പറയുന്നതു: "തിബെത്ത് മിഷ്യൻെറ നായകനായിരുന്ന കൎണ്ണൽ യങ്ങ് ഹസ്ബണ്ട് (Colonel Young Husband), രാജകീയ ഭൂശാസ്ത്ര സമൂഹ മുമ്പാകെ (Royal Geographical Society), തിബെത്തിലേക്കുള്ള ബ്രിട്ടിഷ് സൈന്യങ്ങളുടെ യാത്രയെ കുറിച്ചു വിവരിക്കുമ്പോൾ, തിയോസോഫിക്കാർ "മഹാത്മാക്കളുടെ" അതിശയ ശക്തികളെ കുറിച്ചു ആ പ്രദേശങ്ങളിൽ പരത്തിയിരിക്കുന്ന ആശ്ചൎയ്യമായ കഥകളെ പ്രസ്താവിച്ചുകൊണ്ടു അവസാനിപ്പിക്കുന്നു".

വേറൊരു ലേഖകൻ പറയുന്നതു: കൎണ്ണൽ യങ്ങ് ഹസ്ബണ്ട് പ്രസ്താവിക്കുന്നപ്രകാരം, തിബെത്തിന്മേൽ കിടന്നിരുന്ന മൂടുപടം ഇപ്പോൾ നീങ്ങിയിരിക്കുന്നു എന്നും, "മഹാത്മാക്കൾ" ഇപ്പോൾ ഇവിടങ്ങളിൽ ഇല്ലെന്നും, അവിടെയുള്ള ബുദ്ധമതത്തിൻെറ ഹീനത്വം മുഖാന്തരം ശ്രേഷ്ഠാത്മാക്കളെ അവിടങ്ങളിൽ കണ്ടെത്തുവാൻ പ്രയാസമെന്നും, പിശാചുസേവയും മത്സരമായ ആരാധനകളും സാധാരണ നടപ്പായിരിക്കുന്നു എന്നും ആകുന്നു. യാതൊരുത്തരുടെയും ഉദ്യോഗിപ്പില്ലാതെ കൎണ്ണൽ ഇങ്ങനെ സാക്ഷീകരിക്കുന്നതിനാൽ അതു മറുത്തുപറവാൻ പാടില്ലാത്തതാകുന്നു.

ആനി ബെസൻറ് മദാമ്മ, ഇണ്ട്യയിൻ സ്ത്രീ വിദ്യാഭ്യാസത്തെ കുറിച്ചും മറ്റും ചില നല്ല അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടു. എങ്കിലും, മതസംബന്ധകാൎയ്യങ്ങളിൽ അവർ വളരെ തെറ്റിപ്പോയിരിക്കുന്നു. ഒരു ഹിന്തു പത്രാധിപൻ പറയുന്നതു: "ഹിന്തുക്കൾ തങ്ങളുടെ മൂഢാചാരങ്ങളെയും ദുൎന്നിൎണ്ണയങ്ങളെയും വിട്ടുകളയാതെ ഇനിയും പരിപാലിച്ചുകൊള്ളുവാൻ അവർ മിക്കവാറും അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്നു. അവരിൽനിന്നു നീങ്ങിവരുന്നതായ അവരുടെ പഴയ വിൺഭക്തികളും ആചാരങ്ങളും വീണ്ടും സംസ്ഥാപിപ്പാൻ ഈ മദാമ്മ പ്രയത്നിക്കുന്നതിനാൽ ഇന്നു ഇണ്ട്യെക്കു താൻ ചെയ്തുവരുന്നതായ ദോഷം, നിൎണ്ണയിപ്പാൻ കഴിയുന്നതിൽ അധികമാകുന്നു". ഹിന്തുക്കൾ തങ്ങളുടെ സ്വരാജ്യക്കാരനായ ആ വിദ്വാൻെറ ഘനമേറിയ വാക്കുകളെ നല്ലവണ്ണം ആലോചിക്കേണ്ടതു ആവശ്യമല്ലോ.

അവശേഷം H.

ക്രിസ്തുമതവും ബുദ്ധമതവും.

സേർ മോനിയർ വില്ല്യംസ് (Sir Monier Williams) പറയുന്നതു: "തന്നിഷ്ടത്തെ കീഴമൎത്തുക എന്നു ക്രിസ്തുമതവും, തന്നെത്താൻ കീഴമൎത്തുക എന്നു ബുദ്ധമതവും ആവശ്യപ്പെടുന്നു". "ഒന്നാമത്തേതു, അഹം എന്നതിനെ അതിൻെറ സാക്ഷാല്യുള്ള ജ്ഞാനാൎത്ഥപ്രകാരം ഉയൎത്തേണം എന്നും, രണ്ടാമത്തേതു, അതിനെ ഇല്ലായ്മ ചെയ്യേണം എന്നും ആകുന്നു".

പ്രാപ്തനായ വേറൊരു ഗ്രന്ഥകൎത്താവു പറയുന്നതു: "ഗൌതമൻെറ ഉപദേശം തൻെറ ശിഷ്യന്മാരോടുള്ള അവൻെറ അവസാന മൊഴികളിൽനിന്നു സംക്ഷേപിക്കാം. അതായതു, ഇനിമേൽ നിങ്ങൾ തന്നേ നിങ്ങൾക്കു വെളിച്ചവും, നിങ്ങൾ തന്നേ നിങ്ങൾക്കു സങ്കേതവും ആയിരിപ്പിൻ. മറ്റൊരു സങ്കേതവും തേടേണ്ടാ. രക്ഷാസ്ഥലത്തിന്നായി മറ്റൊരുത്തനിലേക്കും നോക്കേണ്ടാ. നിങ്ങളുടെ പൂൎണ്ണതയെ നിങ്ങൾ തന്നേ താല്പൎയ്യത്തോടെ പ്രവൎത്തിച്ചു പൂൎത്തീകരിപ്പിൻ". ഇതിൽനിന്നു, ബുദ്ധമതം ഒരു മതമല്ലെന്നും, അതു ഒരു തത്വജ്ഞാനമാൎഗ്ഗം

മാത്രമെന്നും കാണുന്നു. അതു സഹായമററ ഒരു പാപാത്മാവിന്റെ ആവശ്യത്തിലേക്കു ഉതകുന്നതല്ലെന്നു തെളിയുകയും ചെയ്യുന്നു.

അവശേഷം I.

ബ്രഹ്മസമാജവും ക്രിസ്തുമതവും.

൧൯൦൦ ഫെബ്രുവരിമാസത്തിൽ, ബ്രഹ്മസമാജത്തിലെ അംഗങ്ങൾ എല്ലാ ക്രിസ്തീയ സഭകളുടെ തലവന്മാരെയും താഴെ പറയുംപ്രകാരം വണക്കത്തോടെ അറിയിക്കുന്നു:—

"ഞങ്ങളുടെ സ്വരാജ്യക്കാർ നിങ്ങളോടു കൃതജ്ഞത കാട്ടുവാൻ എത്രമേൽ കടംപെട്ടിരിക്കുന്നു എന്നു വേണ്ടുംവണ്ണം അറിയുന്നില്ല, എങ്കിലും ഇണ്ട്യയുടെ പുനർജ്ജനനമാർഗ്ഗം നിങ്ങൾ ഞങ്ങൾക്കു തുറന്നു തന്നു എന്നുള്ള സംഗതി വാസ്തവമായിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ രാജ്യത്തിലേക്കു കൊണ്ടുവന്നിരിക്കുന്ന ബൈബിൾ, വിലമതിപ്പാൻ പാടില്ലാത്ത ഒരു സൌജന്യദാനമത്രെ. ഇപ്പോൾ തന്നേ ഭൂലോകത്തെ മുഴുവനും കീഴ്മേൽ മറിച്ചിരിക്കുന്ന നിങ്ങളുടെ പ്രിയപ്പെട്ട യജമാനന്റെ ഇമ്പകരമായ വിശുദ്ധനാമം ഞങ്ങൾക്കും പ്രയോജനമായിരിക്കുന്നു; അതിന്റെ സാക്ഷാലുള്ള വിലയെ ഇനിയും ശരിയാംവണ്ണം ഗ്രഹിപ്പാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല. ക്രിസ്തുവിനെ കൂടാതെ ഞങ്ങളുടെ രാജ്യം ശുഭപ്പെടുകയില്ല; അവൻ ഞങ്ങൾക്കു ഒരു അത്യാവശ്യ കാര്യമായി തീൎന്നിരിക്കുന്നു; അന്നവസ്ത്രാദികളേക്കാൾ അധികം ആവശ്യകരം തന്നേ. ഇപ്പോൾ തന്നേ ക്രിസ്തുയേശുവിന്നു ഞങ്ങളുടെ രാജ്യത്തിന്മേൽ പിടുത്തം കിട്ടിയിരിക്കുന്നു; തന്റെ വിശുദ്ധ പിടുത്തത്തിൽനിന്നു അതിനെ പറിച്ചെടുപ്പാൻ ഒരു ശക്തിക്കും കഴികയുമില്ല. ഇണ്ട്യ ഇപ്പോൾ ക്രിസ്തുവിന്നും, ക്രിസ്തു ഇണ്ട്യെക്കും ഉള്ളതാകുന്നു; അവൻ അതിന്റെ ജീവനാഡിയിലേക്കു ആഴമായി ഇറങ്ങിയുമിരിക്കുന്നു".

അവശേഷം J.

പാപ്പായും തിരുവെഴുത്തുകളും.

൧൯൦൭-ൽ, പത്താമനായ പീയൂസ് പാപ്പായുടെ അനുവാദത്തോടു കൂടെ, ഭക്തന്മാരായ സെൻറ് ജെറോം സമൂഹക്കാർ (Society of St. Jerome) ഇത്താല്യ ഭാഷയിൽ, അപ്പോസ്തല പ്രവൃത്തികൾ സഹിതം നാലു സുവിശേഷങ്ങളുടെ മൂന്നുലക്ഷത്തിഇരുപതിനായിരം പ്രതികൾ അച്ചിട്ടു പ്രസിദ്ധീകരിച്ചുവരുന്നു. പാപ്പാ അവരുടെ പ്രവൃത്തിയെ കുറിച്ചു പറയുന്നതു: "നിങ്ങളുടെ സുവിശേഷ പ്രസിദ്ധിക്കായുള്ള ശ്രമം വളരെ നന്നായി! അതു, എഴുതപ്പെട്ട ഒരു പ്രസംഗ പുസ്തകമാകുന്നു; അതിനെ പ്രയോജനപ്പെടുത്തുവാൻ എല്ലാവൎക്കും കഴിയും" എന്നത്രെ. ഇണ്ട്യയിലും റോമാസഭ അപ്രകാരം ചെയ്യുന്ന സമയം എപ്പോൾ വരും?

അവശേഷം K.

പണ്ഡിതനായ ഹക്സ്ലി (Professor Huxely) മതങ്ങളെ കുറിച്ചു പറയുന്നതു.

മിടുക്കനായ ആ പണ്ഡിതന്റെ എഴുത്തുകൾ അറിവുള്ള ഹിന്തുക്കളുടെ ഇ

ടയിലും മററും ശ്രേഷ്ഠമായി വിചാരിച്ചു വരുന്നു. അദ്ദേഹം തൻെറ മരണത്തിന്നു അല്പം മുമ്പെ ബമ്മിംഗ്ഹോമിലെ ഡോക്ടർ ഗോറിന്നു (Dr. Gore) അയച്ച ഒരു ലേഖനത്തിൽ മേല്പറഞ്ഞ വലിയ സംഗതിയെ കുറിച്ചു ഇപ്രകാരം പറയുന്നു:—

"പ്രകൃതിയിൽ അടങ്ങിയിരിക്കുന്ന മറവായ രഹസ്യങ്ങളെ കുറിച്ചു അറിഞ്ഞിരിക്കുന്നവക്ക് ഒക്കെയും, വേദശാസ്ത്രത്തിലുള്ള മമ്മങ്ങൾ കുട്ടികളുടെ വിളയാട്ടുകൾ പോലെ മാത്രമിരിക്കുന്നു" എന്നത്രെ. പ്രകൃതിയിൽ ഉള്ള മമ്മങ്ങൾ ദൈവവെളിപ്പാടിൽ ഉള്ളതിനേക്കാൾ അധികം കടന്നവയാകുന്നു എന്നു താല്പയ്യം. പ്രകൃതിയിലുള്ള ഗോപ്യങ്ങളെ ആരാഞ്ഞറിവാൻ ശ്രമിക്കുന്നപക്ഷം തിരുവെഴുത്തുകളിൽ ഉള്ളവയെ വായിച്ചറിവാൻ എത്ര അധികമായി ഉത്സാഹിക്കേണ്ടതാകുന്നു; എന്തെന്നാൽ അവ മനുഷ്യൻെറ ആത്മക്ഷേമത്തിങ്കലേക്കുതകുന്ന വിലമതിച്ചുകൂടാത്ത കാൎയ്യങ്ങളല്ലോ.

അവശേഷം L.

സമയങ്ങളുടെ അടയാളങ്ങൾ.

കൎത്താവായ യേശുവിൻെറ രണ്ടാമത്തേ വരവു സമീപിച്ചിരിക്കുന്നു എന്നു സൂചിപ്പിക്കുന്ന നാലു മുഖ്യ അടയാളങ്ങൾ യുദ്ധങ്ങൾ, ഭൂകമ്പങ്ങൾ, ക്ഷാമങ്ങൾ, പകരുന്ന വ്യാധികൾ ഇവയാകുന്നു (ലൂക്കോ. ൨൧. ൧൦, ൧൧).

റഷ്യയും ജപ്പാനും തമ്മിലുണ്ടായ യുദ്ധം ഇതുവരെ സംഭവിച്ചിട്ടുള്ള യുദ്ധങ്ങളിൽവെച്ചു മഹായുദ്ധം എന്നു പറയപ്പെടുന്നു. കുറെ മുമ്പെ വടക്കേ ഇണ്ട്യയിൽ ഉണ്ടായ ഭൂകമ്പത്തിൽവെച്ചു പതിനയ്യായിരം (൧൫,൦൦൦) ആത്മാക്കൾ പെട്ടെന്നു മരിച്ചു. മുറിവേററവരുടെ സംഖ്യ ദൈവം അറിയാം? ക്ഷാമം മൂലം ഈ രാജ്യത്തിൽ മരിച്ചുപോയവരുടെ അസംഖ്യമായ എണ്ണം എത്രയെന്നു കൃത്യമായി ഗണിപ്പാൻ ആക്കും കഴികയില്ലല്ലോ. പ്ലേഗ് മഹാമാരി മൂലം ൧൯൦൪-ൽ മാത്രം പത്തുലക്ഷത്തിഇരുപത്തിരായിരത്തിഇരുനൂററിതൊണ്ണൂററൊമ്പതു ആളുകൾ മരിച്ചിരിക്കുന്നു. ഇങ്ങനെ ദൈവം ഇണ്ട്യാ നിവാസികളോടും മററു രാജ്യങ്ങളോടും യേശുവിൻെറ രണ്ടാമത്തേ വരവിനെ കുറിച്ചു സംസാരിക്കുന്നു. "നിങ്ങൾ നിങ്ങളുടെ ദുൎമ്മാൎഗ്ഗങ്ങളെ വിട്ടുതിരിവിൻ, തിരിവിൻ; എന്തെന്നാൽ നിങ്ങൾ എന്തിന്നു മരിക്കുന്നു?" എന്നു നമ്മുടെ കാരുണ്യ ദൈവം പറയുന്നു (ഹെസ. ൩൩. ൧൧).

അവശേഷം M.

വിജ്ഞാനശാസ്ത്രജ്ഞന്മാർ തെററില്ലാത്തവരല്ല.

വിജ്ഞാന ശാസ്ത്രജ്ഞന്മാരും തത്വജ്ഞാനികളും അന്യോന്യം യോജിക്കുന്നില്ല. ജമ്മനിയിൽ പണ്ഡിതൻ ഹൈക്കൽ (Professor Hakel) എന്ന വിജ്ഞാനശാസ്ത്രി (Rationalistic Scientist) വാസ്മൻെറ (Wassman) നൂതന ഗ്രന്ഥമായ ജീവ തത്വശാസ്ത്രത്തെ (Modern Biology and the Science of Evolution) ഈയിടെ ഏററുപറഞ്ഞു സമ്മതിച്ചിരിക്കുന്നു. അദ്ദേഹം ബേർലിൻ പട്ടണത്തിൽവെച്ചു പറഞ്ഞ ഒരു പാഠവത്തിൽ ഡാൎവ്വിൻെറ ജീവ തത്വശാസ്ത്രത്തെ (Darwinian Theory of Evolution) നിഷേധിക്കയും, മനുഷ്യൻ മുഖ്യമായി തൻെറ ശരീരാകൃതിയിലും ആത്മപ്രകൃതിയിലും മൃഗജീവങ്ങളിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു എന്നുള്ള വാസ്മൻെറ നിരൂപണങ്ങളെ തള്ളി പറകയും, വാസ്മൻെറ

പുസ്തകം ഡാൎവ്വിന്റെ ഉപദേശത്തിന്മേലും ഇക്കാലത്തുള്ള ജീവതത്വശാസ്ത്രജ്ഞന്മാരുടെ നിശ്ചയങ്ങളിന്മേലും വലിയ ഒരു ജയം പ്രാപിച്ചിരിക്കുന്നു എന്നു പ്രസ്താവിക്കയും ചെയ്തു. "വിജ്ഞാനശാസ്ത്രജ്ഞന്മാർ തെററില്ലാത്തവർ അല്ലെന്നു അവർ തങ്ങളുടെ നിശ്ചയങ്ങളെ തീൎച്ചപ്പെടുത്തുന്നതിന്നു മുമ്പായിട്ടു ഓൎക്കേണ്ടതാകുന്നു".

അവശേഷം N.

ബൈബിളിനെ കുററപ്പെടുത്തുവാൻ ശ്രമിക്കുന്ന വിദ്വാന്മാരുടെ കൊട്ടതായ ആക്ഷേപങ്ങളെ കുറിച്ചു റവറണ്ട് ഡോക്ടർ എച്ച്. വെയ്സ് (Rev. Dr. H. Wace) എന്ന മഹാ വേദശാസ്ത്രജ്ഞൻ പറയുന്ന ഒരു മുഖ്യ സംഗതി (On Higher Criticism):—

"ബൈബിളിനെ കുററപ്പെടുത്തുവാൻ ശ്രമിക്കുന്ന ഇക്കാലത്തുള്ള വിദ്വാന്മാരുടെ അന്വേഷണം മൂലം, ബൈബിളിന്റെ ചരിത്ര സത്യത, ദൈവ നിശ്വാസം എന്നിവയിൽ യഹൂദ സഭകൾക്കോ ക്രിസ്തീയ സഭകൾക്കോ മുമ്പിനാലെയുള്ള തങ്ങളുടെ പൂൎവ്വിക വിശ്വാസത്തിന്നു ഇളക്കം തട്ടത്തക്ക യാതൊരു സംഗതിയും പ്രത്യക്ഷീകരിച്ചിട്ടില്ലെന്നു ഞങ്ങൾ കൃതജ്ഞതാപൂൎവ്വം ബോധ്യപ്പെട്ടിരിക്കുന്നു.

കാനോൻ സംബന്ധിച്ച പഴയതും പുതിയതുമായ എല്ലാ തിരുവെഴുത്തുകളിലും ഞങ്ങൾക്കുള്ള സത്യ വിശ്വാസത്തെ വീണ്ടും ഞങ്ങൾ സ്ഥിരതയോടും പ്രാഗത്ഭ്യത്തോടും കൂടെ അറിയിക്കയും ചെയ്യുന്നു."

(1) See "The Bible and Modern Investigation" by. H. Wace D. D. 1904.

(2) നാസ്തികത്വം. (by Dr. Hillier. Part 1).
"മനുഷ്യനിൽ ആകപ്പാടെ ൨൪൬ അസ്ഥികളിൽ ഒട്ടും കുറവല്ല; ഹൃദയം മണിക്കൂറുതോറും ൪൨൦൦ പ്രാവശ്യം അടിച്ചുകൊണ്ടിരിക്കുന്നു. എത്ര അതിശയമായ യന്ത്രം! ഇതിന്നു ഒരു നിൎമ്മിതാവില്ലയോ?" (സങ്കീ. ൧൩൯. ൧൪).

അവശേഷം O.

From Islam to Christ.

ഇസ്ലാമിൽനിന്നു ക്രിസ്തുവിലേക്കു.

എജിപ്തിലെ പ്രധാന നഗരിയായ കെയിറൊ പട്ടണത്തിൽ ഉള്ള "എൽ-അസാർ" എന്ന വലിയ മുഹമ്മദീയ കോളെജിൽ ആയിരമായിരം വിദ്യാൎത്ഥികൾ ഇസ്ലാം മത പ്രസംഗികളായി അഭ്യസിച്ചുവരുന്നു. അവരിൽ വളരെ ബുദ്ധിസാമൎത്ഥ്യവും യൌവ്വനപ്രായവുമുള്ള ഒരു മുസല്മാൻ വിദ്യാൎത്ഥി, ൧൯൦൩ മാൎച്ച് മാസത്തിൽ, പരസ്യമായി ക്രിസ്തുവിലുള്ള തന്റെ വിശ്വാസത്തെ ഏററു പറഞ്ഞിരിക്കുന്നു. അവിടെയുള്ള ബ്രിട്ടിഷ് ഏജണ്ട് ലോഡ് ക്രോമറിന്റെയും (Lord Cromer), വേറൊരു മുസല്മാൻ ഉദ്യോഗസ്ഥന്റെയും, പരദേശ രാജ്യകാൎയ്യാദികളിൽ ഇടപെട്ട വേറൊരു ഉദ്യോഗസ്ഥന്റെയും മുമ്പാകെ ഈ യൌവ്വനക്കാരനെ എതിർചോദ്യം ചെയ്കയും, താൻ തന്റെ സ്വന്ത മനസ്സോടെ ക്രിസ്ത്യാനിയായി തീൎന്നിരിക്കുന്നു എന്നു അവൻ എഴുതി കയ്യൊപ്പിട്ടു കൊടുക്കയും ചെയ്തു. അങ്ങനെ അവൻ തന്റെ മാതാപിതാക്കൾ, ചാൎച്ചക്കാർ, ധനം, കുലം മുതലായവ ഒക്കെയും ഉപേക്ഷിക്കേണ്ടി വന്നു. ഈ സംഭവം അവിടെയുള്ള മുസല്മാന്മാരുടെ ഇടയിൽ വലിയ ഒരു ഇളക്കത്തിന്നു കാരണമായി തീൎന്നിരിക്കുന്നു.

അവശേഷം P.

Senior Wranglers and Christianity.

"റെക്കോഡ്", എന്ന ഇംഗ്ലീഷ് പത്രത്തിന്റെ കേംബ്രിഡ്ജ് ലേഖകൻ ൧൯൦൩ ജൂൺമാസം ൧൨-ാം തിയ്യതി എഴുതുന്നതു:—

"ഗണിതശാസ്ത്ര വിജയികളായ വിദ്വാന്മാരുടെ പരീക്ഷാഫല പട്ടിക (Tripos list) പതിവിൻപ്രകാരം വളരെ ആഹ്ലാദ സഹിതം ഇന്നു രാവിലെ ഞങ്ങൾ വായിച്ചു കേട്ടു. വിദ്യാശാഖകളിൽ പ്രമുഖന്മാരായ സീനിയർ റാംഗ്ലന്മാരിൽ വളരെ പേർ, അനേകം കോളെജുകാർ അന്യോന്യം ചേൎന്നു നടത്തി വരുന്ന ക്രിസ്തീയ സംഘത്തെ (Inter-Collegiate Christian Union) താങ്ങി സഹായിച്ചുവരുന്ന കാൎയ്യത്തിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. ഇവർ സാക്ഷാൽ സത്യ ക്രിസ്ത്യാനികളും ക്രിസ്തുവിലുള്ള തങ്ങളുടെ വിശ്വാസത്തെ പ്രവൃത്തിമൂലം കാട്ടുന്നവരുമാകുന്നു".—നിരീശ്വാസികളും മററും ഈ മുഖ്യ സംഗതി നല്ലവണ്ണം ശ്രദ്ധിക്കേണ്ടതല്ലോ.

അവശേഷം Q.

A Japanese Chief Justice and Christianity.

ജപ്പാൻകാരനായ ഒരു പ്രധാന ന്യായാധിപനും ക്രിസ്തുമതവും.

ജപ്പാൻ രാജ്യത്തിലേ പ്രധാന ന്യായാധിപനായിരുന്ന ബഹുമാനപ്പെട്ട തൈസൊ മിയോഷി എന്ന മഹാൻ (Taizo Miyoshi) കുറെ മുമ്പെ പ്രസ്താവിച്ചതു:—

ഞാൻ പടിഞ്ഞാറേ രാജ്യങ്ങളെ സന്ദൎശിക്കുമ്മുമ്പെ, മതം എന്നതു അറിവിൽ ക്ഷീണന്മാരായ സ്ത്രീപുമാന്മാൎക്കു മാത്രം പററിയ ഒരു വിഷയമെന്നു വിചാരിച്ചുപോയി; എന്നാൽ യുറോപ്പിലുള്ള വസ്തുതകളെ ആരാഞ്ഞു നോക്കിയപ്പോൾ, കാൎയ്യം അങ്ങനെ അല്ല എന്നു കണ്ടു. അതിനെ സംബന്ധിച്ചു വിദ്യയിലും ആലോചനശക്തിയിലും പ്രമുഖന്മാരായ ചിലരുമായി സല്ലാപിക്കേണമെന്നു ഞാൻ ആഗ്രഹിച്ചു; ഡോക്ടർ നീസ്റ്റ് (Dr. Gneist) എന്ന വിദ്വാനോടു തന്നേ മതത്തെ കുറിച്ചു ഒന്നാമതായി സംസാരിച്ചു. അദ്ദേഹത്തിന്റെ മറുപടിയോ, "ക്രിസ്തുമതം തന്നിൽ തന്നേ പരിപൂൎണ്ണമായുള്ള എന്നുള്ള അതിന്റെ നിലെക്കു കുലുക്കം തട്ടുവാൻ കഴികയില്ല" എന്നായിരുന്നു.

അവശേഷം R.

The remarkable progress of Christianity.

ക്രിസ്തുമതത്തിന്റെ അതിശയകരമായ വൎദ്ധനവു.

ക്രിസ്താബ്ദം ൩൦൦-ൽ, ക്രിസ്ത്യാനികളുടെ എണ്ണം ൫൦ ലക്ഷവും, ക്രിസ്ത്യാനികൾ അല്ലാത്തവരുടെ എണ്ണം ൩൫ കോടിയും ആയിരുന്നു. എന്നാൽ ൧൯൦൦-ൽ, ക്രിസ്ത്യാനികളുടെ എണ്ണം ൪൯ കോടിയും, ക്രിസ്ത്യാനികൾ അല്ലാത്തവരുടെ എണ്ണം ൧൨൫ കോടിയും അത്രെ. അതായതു, ക്രിസ്താബ്ദം ൩൦൦-ൽ, ൫൦ ആളിൽ ഒരാൾ വീതം ക്രിസ്ത്യാനി; ൧൯൦൦-ൽ, ൩½ ആളിന്നു ഒരാൾ വീതം ക്രിസ്ത്യാനി ഉണ്ടു. ഈ കണക്കു വളരെ കൃത്യമാകയാൽ വിശ്വാസയോഗ്യമത്രെ. ദൈവരാജ്യം ഒരു കടുകിന്മണിപോലെ ആകുന്നു.

അവശേഷം S.

The sweetest thing in the world.

ഭൂലോകത്തിൽ ഏററവും അതിമാധുൎയ്യമായ കാൎയ്യം.

ഭൂമിയിൽ തേനിനെക്കാൾ ഏററവും മധുരമേറിയ്യ ഒന്നുണ്ടു, അതു വിലയേറിയ ദൈവവചനം തന്നേ. സങ്കീൎത്തനക്കാരൻ അതിനെക്കൊണ്ടു ഉപജീവിച്ചു, അതു അപ്രകാരം തന്നേയെന്നു കണ്ടു. (സങ്കീ. ൧൯. ൧൦).

മഹാനായ കാറൽ ഫിലിപ്പ് സ്പിട്ടാ (Karl Philip Spitta) എന്ന ജൎമ്മകാരനായ സംഗീത എഴുത്തുകാരൻ പറയുന്നതു:—"ഞാൻ ബൈബിളിനെ മുമ്പാകെ ഇരുന്നുകൊണ്ടു ജീവപാറയാകുന്ന യേശുവിൽനിന്നു വെള്ളം കോരുവാനുള്ള ഉഷ്ണകാലം ദീൎഘമായിരിക്കുന്നതിൽനിന്നു രാത്രികാലം വേഗം ഖണ്ഡിച്ചുകളയുന്നു" എന്നാകുന്നു (൧ കൊരി. ൧൦. ൪).

അവശേഷം T.

Power of the Bible in Ireland.

ഐൎല്ലണ്ടിൽ ബൈബിളിന്റെ ശക്തി.

ബൈബിൾ ഐറിഷ് ഭാഷയിലേക്കു തൎജ്ജമ ചെയ്യാൻ ബീഡൽ ബിഷോപ്പ് (Bishop Bedell) മിസ്റ്റർ മുട്ടാഗ് കിങ്ങിനെയും മിസ്റ്റർ ജെയിംസ് നോഗളിനെയും (Mr. Murtagh King and Mr. James Naugle) ഏല്പെടുത്തി. അവർ ഇരുവരും ആ പ്രവൃത്തി ആരംഭിച്ച സമയം റോമാകഥോലിക്ക് വിശ്വാസികളായിരുന്നു. എന്നാൽ തങ്ങളുടെ പ്രവൃത്തിയുടെ അവസാനകാലത്തിൽ രണ്ടുപേരും നവീകരണ വിശ്വാസമുള്ള പ്രോട്ടെസ്റ്റാണ്ട് മതക്കാരായി തീൎന്നു. അവർ പ്രോട്ടെസ്റ്റാണ്ട് മതോപദേശം ബൈബിളിൽ കണ്ടെത്തി. ലൂഥരിന്നു മുമ്പു പ്രോട്ടെസ്റ്റാണ്ട് മതം എവിടെയായിരുന്നു എന്നുള്ള ചോദ്യത്തിന്നു, അതു ബൈബിളിൽ തന്നേ ആയിരുന്നു എന്നും, അതു ഇപ്പോഴും അവിടെ തന്നേ ഉണ്ടു എന്നും മറുപടിയാകുന്നു. സ്നേഹിതന്മാരായ റോമാ ക്രിസ്ത്യാനികൾ ഇതു ശ്രദ്ധാപൂൎവ്വം ആലോചിക്കേണ്ട സംഗതിയല്ലോ.

അവശേഷം U.

The sufficiency of Christ for all believers.

ക്രിസ്തു എല്ലാ വിശ്വാസികൾക്കും മതിയായിട്ടുള്ളവൻ.

ക്രിസ്തുവിനെ കുറിച്ചു ഒരു പ്രാചീനനായ ദിവ്യൻ പറയുന്നതു:—"അവനിൽ എല്ലാ നിറവും അധിവസിക്കുന്നു. അവൻ എല്ലാ കാലങ്ങളിലും എല്ലാ അവസ്ഥകളിലും നമുക്കു സഹായിപ്പാൻ കഴിയുന്നവൻ. അവൻ സൌഖ്യം നല്കുന്ന വൈദ്യൻ, ഗുണദോഷം നല്കുന്ന ആലോചനക്കാരൻ, ഭരണം ചെയ്യുന്ന രാജാവു, സഹതപിക്കുന്ന സ്നേഹിതൻ, ആശ്വാസം നല്കുന്ന ഉറവ, ഉഷ്ണത്തിൽനിന്നുള്ള തണൽ, ജീവ അപ്പം, ഉദയ നക്ഷത്രം, നീതിയുടെ സൂൎയ്യൻ, എല്ലാവരിലും എല്ലാം" എന്നാകുന്നു. (൧ കൊരി. ൧. ൩൦, ൩൧; കൊലോ. ൩. ൧൧).

അവശേഷം V.

The Bible.
ബൈബിൾ.

മഹാ ദരിദ്രനായ ഒരു ഭിക്ഷുവായാലും മഹാ ധനികനായ ഒരു ചക്രവൎത്തിയായാലും, ഭൂമിയിൽ വെച്ചു ഒരുത്തന്നു കിട്ടാകുന്നതിലേക്കും ഏറ്റവും വില ഉയൎന്ന സാധനം ബൈബിൾ ആകുന്നു. അതു അവനെ രക്ഷെക്കു ജ്ഞാനിയാക്കിതീൎക്കുന്നു എന്നു തന്നേയുമല്ല, നിത്യമായ സത്യ ധന സമ്പാദ്യത്തെ കുറിച്ചു കൂടെ അവനോടു ഉപദേശിക്കുന്നു. (൨ തിമൊ. ൩. ൧൫—൧൭). നിൎവ്വിശ്വാസികൾക്കും മറ്റും തങ്ങളുടെ ആക്ഷേപം മൂലമോ, കുറ്റാരോപണം മൂലമോ ബൈബിളിനെ നിൎമ്മൂലമാക്കുവാൻ കഴികയില്ല. അവരുടെ പ്രയത്നങ്ങളൊക്കെയും കുട്ടികൾ പൊട്ടതോക്കുകൊണ്ടു ഒരു വലിയ കരിങ്കൽ പാറയെ വെടിവെച്ചു തകൎത്തുകളവാനുള്ള ശ്രമംപോലെ മാത്രം! ബൈബിളിനോടു അവൎക്കു എന്തു ചെയ്വാൻ കഴിയും! അതു മഹത്തായ ഹിമവാൻഗിരിയെക്കാളും സ്ഥിരമായിരിക്കുന്നു! അവരാൽ എന്തു സാധിക്കും! (മത്താ. ൨൪. ൩൫).

The Bible and Its Worth.

"This Holy Book, I'd rather own
Than all the gold and gems,
That e'er in Monarch's coffers shone,
Than all their diadems.

Nay, were the sea one chrysolite,
The earth one golden ball,
And diamonds all the stars of night,
This Book is worth them all."

സമാപ്തി.

PUBLICATIONS OF THE

MALAYALAM RELIGIOUS TRACT SOCIETY.

BOOKS.

		As.	P.
Abraham	അബ്രഹാം	6	0
Abdulkhan and the Munsiff	അബ്ദുൽക്കാൻ മുതലാളിയും മുൻസിപ്പും	4	0
Ajnanacudarum	അജ്ഞാനകുഠാരം	3	0
Ayah and Lady	ആയയും മദാമ്മയും	0	6
At Church	പള്ളി ആരാധന	1	6
Baptism with the Holy Spirit	പരിശുദ്ധാത്മസ്നാനം	1	3
Beauty of Jesus	ആത്മപ്രിയന്റെ അംഗസൌന്ദൎയ്യം	4	0
Christian Lyrics	ക്രിസ്തീയ ഗീതങ്ങൾ (കടലാസ്സു ബയണ്ടു)	6	0
Do. Cloth	ടി (തുണി ,,)	8	0
Daily Meditation	സുവിശേഷ ധ്യാനമാല	9	0
Dawn of true Wisdom	സത്യജ്ഞാനോദയം	3	0
Debt and the Right use of Money	കടവും പണം ന്യായമായി ചിലവു ചെയ്യുന്നതും	1	6
Devotional Study	വേദ അദ്ധ്യയനം	0	6
Dialogue on Hinduism	ഒരു സംവാദം	1	6
Elijah and the Secret of his Power	ഏലിയായും അവന്റെ ശക്തിയുടെ രഹസ്യവും	5	0
Family Worship	കുടുംബപ്രാൎത്ഥന	0	6
Female Education	സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചു	1	1
Garland of Miracles	അത്ഭുതമാലിക	0	3
Gospel Kingdom	സുവിശേഷ രാജ്യം	9	0
Good Instructor	സൽഗുരുലാഭം	2	0
Holy War	തിരുപ്പോരാട്ടം	6	0
Holy Women	സ്ത്രീരത്നങ്ങൾ	2	0
Holy Ghost	പരിശുദ്ധാത്മാവിനെക്കുറിച്ചു	0	7
Introduction to the Scriptures	വേദാദ്ധ്യായനപ്രദീപം	5	7
Introduction to the Old Testament	പഴയനിയമപ്രവേശകം	2	0
Introduction to New Testament Part I	പുതിയനിയമ പ്രവേശകം ഒന്നാം ഭാഗം	1	0
Do Part II	ടി ടി രണ്ടാം ഭാഗം	2	3
Juvenile Instructor	ബാലബോധിനി	0	6
Life of Christ	ശ്രീയേശുവിന്റെ അവതാര മാഹാത്മ്യം	0	6
Meditations on the Passion	കഷ്ടാനുഭവ ധ്യാനമാല	5	0
My Grand Father	എന്റെ അപ്പൂപ്പൻ	2	0
Morning Star	ഉദയനക്ഷത്രം	4	0
Noble Women	ഉത്തമസ്ത്രീകളുടെ കഥകൾ	3	0
Noble Witness	ഉത്തമസാക്ഷികൾ	4	0
One hundred Lyrics	സംഗീതശതകം	1	0
Overcoming Life	ജയജീവിതം	3	0
Peep of Day	അരുണോദയം	3	0
Phulmoni and Caruna	പത്മിനിയും കരുണയും	3	0
Pilgrim's Progress Part I	പരദേശിമോക്ഷയാത്ര ൧ാം ഭാഗം	4	0
Pilgrim's Progress Part II	പരദേശിമോക്ഷയാത്ര ൨ാം ഭാഗം	4	0

		As.	P.
Pilgrim's Progress *Complete*	പരദേശിമോക്ഷയാത്ര ൧ാം ഭാഗവും ൨ാം ഭാഗവും കൂടി ചേൎത്തു	8	0
Pulleli Kungu	പുല്ലേലിക്കുഞ്ചു	2	0
Relation between Christianity and Hinduism	ക്രിസ്ത്യാനിമാൎഗ്ഗവും ഹിന്തുമാൎഗ്ഗവും തമ്മിലുള്ള സംബന്ധം	1	0
Secret of a Happy Life	ക്രിസ്തീയസൌഭാഗ്യജീവിതം	6	0
Spirit-filled Life	ആത്മനിറവിൻ ജീവിതം	4	0
Sermons by Rev. I. Eapen	ഇരുപത്തഞ്ചു പ്രസംഗങ്ങൾ (ഈപ്പൻ പാദ്രിയാൽ)	6	0
Sketches of Sermons by Rev. S. Mateer	അൻപത്തിരണ്ടു പ്രസംഗക്കുറിമാനങ്ങൾ (മററീയർ സായ്പിനാൽ)	8	0
True Light	സൽപ്രകാശം	4	0
True Christian Life	സത്യക്രിസ്തീയ ജീവിതം	3	0
Verses from Holy Scripture	വിശുദ്ധവേദവാക്യങ്ങൾ	0	3
Vedamani	വേദമണി, ഒരു കഥ	2	0
Virtuous Woman	സുകൃതമുള്ള സ്ത്രീ	0	3

No. ____________

SHARE CERTIFICATE

THE TROPICAL PLANTATIONS LTD.
KOTTAYAM

Capital Rs. 20 Lakhs Divided into 80,000 Shares of Rs. 25 each.

For ____________ *Shares of Rs. 25 each*

Numbered ________ *to* ________ *inclusive*

Name of share holder ________________________

____